# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### 2017 മേയ് 9, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 - നമ്പർ 9

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 9, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി . ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

286/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 30
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 70

**II അടിയന്തരപ്രമേയ നോട്ടീസ്**

– പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) 350

**III ശ്രദ്ധ ക്ഷണിക്കൽ**

(1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
– ശ്രീ. ആർ. രാജേഷ് 353

(2) അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ
– ശ്രീ. വി. പി. സജീന്ദ്രൻ 357

**IV സബ്മിഷൻ**

(1) അവാസ്തവ പ്രസ്താവന
– ശ്രീ. വി. ഡി. സതീശൻ 360

(2) വിദ്യാർത്ഥികളെ വിവസ്ത്രരാക്കിയുള്ള പരിശോധന
– പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) 371

(3) അസ്വാഭാവിക മരണം
– ശ്രീ. പി. വി. അൻവർ 377

(4) അക്കാദമികേതര സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ
– ശ്രീ. ടി. വി. ഇബ്രാഹിം 378

(5) ബയോഡൈവേഴ്സിറ്റി ബൊട്ടാണിക്കൽ ഗാർഡൻ
– ശ്രീ. എസ്. രാജേന്ദ്രൻ 379

*പേജ്*

(6) കുടിവെള്ളക്ഷാമം

– ശ്രീ. കെ. ഡി. പ്രസേനൻ 380

(7) അടിസ്ഥാന സൗകര്യ വികസനം

– ശ്രീമതി പി. അയിഷാ പോറ്റി 381

(8) സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ ആനുകൂല്യങ്ങൾ

– ശ്രീ. എം. സ്വരാജ് 383

(9) ചികിത്സ വൈകിയതുമൂലമുണ്ടായ മരണം

– ശ്രീ. അൻവർ സാദത്ത് 384

(10) കിടത്തി ചികിത്സ

– ശ്രീ. ആർ. രാമചന്ദ്രൻ 387

(11) പാലം പുതുക്കൽ

– ശ്രീ. സി. കൃഷ്ണൻ 389

**V ധനകാര്യം**

2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും 390

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2017 മേയ് 9, ചൊവ്വ*

വാല്യം 166] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2017 മേയ് മാസം 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ................ഓർഡർ......... ചോദ്യം നമ്പർ *271

### പാർട്ണർ കേരള മിഷന്റെ പ്രവർത്തനം

1(*271) ശ്രീ. എം. നൗഷാദ് :
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിനായി രൂപീകരിച്ച പാർട്ണർ കേരള മിഷന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) മിഷൻ വഴി ഇതുവരെ ആരംഭം കുറിക്കാൻ കഴിഞ്ഞ പദ്ധതികൾ ഏതെല്ലാമാണ്;

(ഡി) കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി.)-ക്കായി നീക്കിവച്ചിട്ടുള്ള തുക സ്ഥാപനത്തിന് കൈമാറിയിട്ടുണ്ടോ; സ്ഥാപനത്തിന്റെ സാധുതയ്ക്ക് നിയമനിർമ്മാണം വഴി പ്രാബല്യം നൽകിയിട്ടുണ്ടോ?

286/2020.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ,

(എ) ഉണ്ട്. പൊതുസേവനത്തിനുവേണ്ടി സ്വകാര്യ മൂലധനത്തിൽ പൊതു നിർമ്മിതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ഒരു നോഡൽ ഏജൻസിയായിട്ടാണ് 29-9-2014-ന് പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുള്ളത്.

പാർട്ണർ കേരള മിഷന്റെ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11-1-2017-ൽ ചേർന്ന ആദ്യത്തെ ജനറൽ ബോഡി യോഗം വിശദമായി അവലോകനം ചെയ്യുകയുണ്ടായി. പാർട്ണർ കേരള മീറ്റിൽനിന്നും പാർട്ണർ കേരള മിഷന് 106 പദ്ധതികൾ റെഫർ ചെയ്യുകയുണ്ടായി. പ്രാദേശിക സർക്കാരുകളുടെ താൽപ്പര്യപ്രകാരം, ട്രാൻസാക്ഷൻ അഡ്വൈസർ (KITCO) 60 പദ്ധതികളുടെ സാദ്ധ്യതാപഠനം നടത്തുകയുണ്ടായി. ഇതിൽ 38 പദ്ധതികൾ ഫീസിബിൾ ആണെന്ന് കണ്ടെത്തിയിരുന്നു. ആയതിൽ 17 പദ്ധതികൾ ആർ.എഫ്.ക്യൂ. സ്റ്റേജിലാണ്. 7 പദ്ധതികൾ ആർ.എഫ്.പി. സ്റ്റേജിലുമാണ്.

കൂടുതൽ സംരംഭകരെ ഇതിലേയ്ക്ക് ആകർഷിക്കാൻ പി.പി.പി. പദ്ധതികളുടെ ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിനുള്ള അർഹത 50%-ൽ താഴെ മാത്രം കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റേയോ ഓഹരി മൂലധനമുള്ള കമ്പനികൾക്കും കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും കൂടി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി)

1. വ്യാപ്തി

പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കാൻ എല്ലാ നഗരസഭകൾക്കും വികസന അതോറിറ്റികൾക്കും അനുവാദം നൽകിയിട്ടുണ്ട്.

2. ഭൂമിയുടെ ഉടമസ്ഥാവകാശം

ഭൂമിയുടെ ഉടമസ്ഥാവകാശം എന്നും പ്രാദേശിക സർക്കാരുകളിൽ നിക്ഷിപ്തമായിരിക്കും.

3. ഭൂമിയുടെ ഉപയോഗം

അനുവദിച്ചിട്ടുള്ള ഉദ്ദേശ്യത്തിനല്ലാതെ മറ്റൊരാവശ്യത്തിനും ഭൂമി ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. കാലാവധി

കൺസെഷൻ കാലാവധി പരമാവധി 30 വർഷമായിരിക്കും.

5. ഗ്യാരന്റി

പി.പി.പി. പദ്ധതികൾക്ക് സർക്കാർ ഗ്യാരന്റി ഉണ്ടായിരിക്കുന്നതല്ല.

6. മറ്റു വ്യവസ്ഥകൾ

രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചായിരിക്കണം പദ്ധതികൾ നടപ്പിലാക്കേണ്ടത്.

(സി) പ്രാദേശിക സർക്കാരുകളുടെ താൽപ്പര്യപ്രകാരം ട്രാൻസാക്ഷൻ അഡ്വൈസർ 60 പദ്ധതികളുടെ സാധ്യതാപഠനം നടത്തുകയുണ്ടായി. ഇതിൽ 38 പദ്ധതികൾ ഫീസിബിൾ ആണെന്ന് കണ്ടെത്തിയിരുന്നു. ആയതിൽ 17 പദ്ധതികൾ ആർ.എഫ്.ക്യൂ. (റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ) സ്റ്റേജിലും (ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു.*), 7 പദ്ധതികൾ ആർ.എഫ്.പി. (റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ) സ്റ്റേജിലുമാണ് (ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു.)* എന്നാൽ പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല.

(ഡി) കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി)-ക്കായി നീക്കിവച്ചിട്ടുള്ള തുകയിൽനിന്നും പാർട്ണർ കേരള മിഷന് തുകയൊന്നും നൽകിയിട്ടില്ല. എന്നാൽ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിക്കായി ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുകയിൽനിന്നും 5 കോടി രൂപ നഗരസഭകൾക്ക് ആവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ആവിഷ്ക്കരിച്ച് അർബൻ 20-20 പദ്ധതിക്കുവേണ്ടി ചെലവഴിക്കാൻ അനുവാദം നൽകിയിരുന്നു. ടി തുകയിൽനിന്നും രണ്ട് കോടി രൂപ സർക്കാർ ഉത്തരവ് പ്രകാരം പാർട്ണർ കേരള മിഷന് നൽകിയിട്ടുണ്ട്.

പാർട്ണർ കേരള മിഷന്റെ രൂപീകരണവും പ്രവർത്തനവും സംബന്ധിച്ച് നിയമനിർമ്മാണം നടത്തിയിട്ടില്ല. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പാർട്ണർ കേരള മിഷന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ശ്രീ. എം. നൗഷാദ് : സർ, പാർട്ണർ കേരള മിഷന്റെ കൺസൾട്ടന്റായി KITCO-യെ മാത്രമാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. ഒരുപാട് പദ്ധതികൾ വരുമ്പോൾ വളരെയധികം ജോലിഭാരം കൂടുമ്പോൾ ആ ഒരു ഏജൻസിയെക്കൊണ്ട് മാത്രം ഇത് നടപ്പിലാക്കാനും അതിന്റെ പ്രവർത്തനം ഭംഗിയായി പൂർത്തിയാക്കാനും കഴിയില്ല. ആയതിനാൽ മറ്റ് ഏജൻസികളെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഡോ. കെ. ടി. ജലീൽ : സർ, സർക്കാരിന്റെ പല പദ്ധതികളുടെയും ഡി.പി.ആർ. തയ്യാറാക്കുന്നതും ആവശ്യത്തിനുള്ള മറ്റ് വ്യവസ്ഥകളൊക്കെ തീരുമാനിക്കുന്നതും നിലവിൽ KITCO ആണ്. KITCO അല്ലാതെ മറ്റേതെങ്കിലും ഏജൻസികൾക്ക് കൊടുക്കണമോ വേണ്ടയോ എന്ന് പാർട്ണർ കേരള മിഷന്റെ ജനറൽ ബോഡി യോഗമാണ് തീരുമാനിക്കേണ്ടത്.

ശ്രീ. എം. നൗഷാദ് : സർ, ഇത് ടെണ്ടർ ചെയ്ത് ബിഡ് ഇവാല്യൂവേഷൻ കമ്മിറ്റി മുഖേന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളാണ് പദ്ധതി നടപ്പിലാക്കുന്നത്. പക്ഷേ ഇവാല്യൂവേഷൻ കമ്മിറ്റിയിൽ നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളില്ല. ഈ കമ്മിറ്റിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്താമോ?

ഡോ. കെ. ടി. ജലീൽ : സർ, അത് ആലോചിക്കാവുന്നതാണ്. പക്ഷേ അന്തിമ തീരുമാനമെടുക്കേണ്ടത് ജനറൽ ബോഡി യോഗമാണ്. ഇപ്പോൾതന്നെ മൂന്ന് പ്രോസസിലൂടെയാണ് ഡെവലപ്പറെ തെരഞ്ഞെടുക്കുന്നത്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും ഡ്രാഫ്റ്റ് കൺസെഷൻ എഗ്രിമെന്റും. ഈ മൂന്ന് പ്രോസസ്സിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഡെവലപ്പറാണ് ബന്ധപ്പെട്ട സ്ഥലത്ത് എൽ.എസ്.ജി.-കളുടെ താൽപ്പര്യപ്രകാരമുള്ള പബ്ലിക് സർവ്വീസ് നൽകുന്നത്.

ശ്രീ. ഇ. പി. ജയരാജനുവേണ്ടി ശ്രീ. എം. രാജഗോപാലൻ : സർ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മുമ്പ് കേരള സുസ്ഥിര നഗര വികസന പദ്ധതി നടന്നുവന്നിരുന്നത്. 27-9-2014-ലെ ഉത്തരവ് പ്രകാരമാണ് ആ പദ്ധതി സംവിധാനം മാറ്റി സ്വകാര്യമേഖലയ്ക്ക് തീറെഴുതാനും അഴിമതിക്ക് വഴിവെയ്ക്കുന്ന രീതിയിലേയ്ക്ക് പാർട്ണർ കേരള മിഷൻ ഇവിടെ നടപ്പിലാക്കാനും ശ്രമിച്ചത്. അങ്ങനെ മാറ്റേണ്ട ഒരു സാഹചര്യമുണ്ടായിരുന്നോ? പഴയ പദ്ധതി പുനഃസ്ഥാപിക്കാനും ഇതിന്റെ പ്രവർത്തനം അഴിമതിരഹിതവും പ്രവർത്തന നിരതവുമാക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, 2014 ഫെബ്രുവരിയിൽ എറണാകുളത്ത് നടന്ന പാർട്ണർ കേരള മീറ്റിന്റെ അടിസ്ഥാനത്തിലാണ് പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുള്ളത്. എൽ.എസ്.ജി.-കളിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി പ്രയോജനപ്പെടുത്തി എങ്ങനെ ജനങ്ങൾക്ക് പബ്ലിക് സർവ്വീസ് നൽകാമെന്നും പബ്ലിക് സർവ്വീസിന് നീക്കിവയ്ക്കുന്ന സൗകര്യങ്ങൾക്കപ്പുറം നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി എങ്ങനെ ഡെവലപ്പർക്ക് അതിൽനിന്നും ഇൻകമുണ്ടാക്കാം എന്നുമാണ് ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇതിൽ സ്വകാര്യ മേഖലയ്ക്ക് തീറെഴുതിക്കൊടുക്കുന്ന തരത്തിലുള്ള ഒരു പ്രശ്നവും ഉദിക്കുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കയ്യിൽ പണമില്ലെങ്കിൽ അവരുടെ സ്ഥലം തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്താനുള്ള സാഹചര്യമൊരുക്കുകയാണ് ഇതിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീമതി യു. പ്രതിഭ ഹരി : സർ, ഈ പദ്ധതിയിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് പരിഹരിച്ച് മുന്നോട്ടുപോകാൻ ശ്രമിക്കുമോ; ഇതിന്റെ ലാസ്റ്റ് സ്റ്റേജിലുള്ള പദ്ധതികൾ ഏതൊക്കെയാണ്; അതിന്റെ പ്രോസസ്സ് ഏതുവരെയായി എന്ന് വിശദമാക്കാമോ?

ഡോ. കെ. ടി. ജലീൽ : സർ, ഇതിന്റെ ലാസ്റ്റ് സ്റ്റേജ് എന്നു പറയുന്നത് റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ സ്റ്റേജാണ്, ആറ് പദ്ധതികൾ, അവ താഴെപ്പറയുന്നവയാണ്:

1. മൊബിലിറ്റി ഹബ്, മീഞ്ചന്ത, കാലിക്കട്ട് - 122 കോടി രൂപ
2. പബ്ലിക് പാർക്കിംഗ് ആന്റ് മൾട്ടി ഫങ്ഷണൽ കോംപ്ലക്സ്, ഇടപ്പള്ളി - 50 കോടി രൂപ,
3. മോഡേൺ സ്ലോട്ടർ ഹൗസ്, കൊല്ലം - 24 കോടി രൂപ
4. മോഡേൺ സ്ലോട്ടർ ഹൗസ്, തൃശ്ശൂർ - 20 കോടി രൂപ
5. മോഡേൺ സ്ലോട്ടർ ഹൗസ്, പാലക്കാട് - 24 കോടി രൂപ
6. പബ്ലിക് പാർക്കിംഗ് ആന്റ് കൊമേഴ്സ്യൽ കോംപ്ലക്സ്, കൊല്ലം.

ശ്രീ. കെ. ജെ. മാക്സി : സർ, കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ മറികടന്ന് ഗ്രാമസഭകൾ വിളിച്ചുചേർക്കാൻ നിർദ്ദേശിക്കുന്നതുപോലെ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് തങ്ങളുടെ വരുതിയിലല്ലാത്ത തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ വരുതിയിലാക്കാൻ വേണ്ടിയാണോ പാർട്ണർ കേരള പദ്ധതിക്ക് രൂപം നൽകിയത്?

ഡോ. കെ. ടി. ജലീൽ : സർ, അങ്ങനെയാണെന്ന് പറയാൻ കഴിയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെവലപ്മെന്റ് ലക്ഷ്യം വച്ചുകൊണ്ടു തന്നെയാണ് ഇത്തരത്തിലൊരു പദ്ധതിക്ക് തുടക്കം കുറിച്ചത്. അത് അതിന്റെ സ്പിരിറ്റിൽ തന്നെ മുന്നോട്ടുകൊണ്ടുപോകണമെന്നതാണ് സർക്കാരിന്റെ നിലപാട്.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ആർ.എഫ്.പി. സ്റ്റേജിൽ ഏഴ് പദ്ധതികളുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഈ ഏഴ് പദ്ധതികളും ഏകദേശം ഒരു വർഷംമുമ്പും ആർ.എഫ്.പി. സ്റ്റേജിലായിരുന്നു. എന്തുകൊണ്ടാണ് ഒരുവർഷം കഴിഞ്ഞിട്ടും ഒരു പദ്ധതിയും മുന്നോട്ട് പോകാത്തത്? ഈ പദ്ധതികൾ വളരെ താൽപ്പര്യത്തോടും പ്രതീക്ഷയോടുംകൂടി ആരംഭിച്ചതാണ്. ജനവരിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു അവലോകന യോഗം നടത്തിയിട്ടുണ്ടായിരുന്നുവെന്ന് അങ്ങ് ഇവിടെ പറഞ്ഞു. പക്ഷേ അതിനുശേഷവും ഈ പദ്ധതികൾ ഒന്നുംതന്നെ ഒരിഞ്ചുപോലും മുന്നോട്ട് പോയിട്ടില്ല. എന്താണ് അതിന്റെ കാരണമെന്ന് വിശദീകരിക്കാമോ?

ഡോ. കെ. ടി. ജലീൽ : സർ, ഇത് ബിഡ് ചെയ്ത സമയത്ത് ആവശ്യത്തിനുള്ള സിംഗിൾ ടെണ്ടർ ആയിട്ടുണ്ട്. അതുപോലെതന്നെ നേരത്തെ ആർ.എഫ്.പി.-യിൽ വന്നിട്ടുള്ള പലരും പിന്നീട് അതിന് താൽപ്പര്യം കാണിക്കാതെ മാറിനിൽക്കുകയുണ്ടായി. അത്തരം ഒരു സാഹചര്യത്തിലാണ് ഇത് ഇങ്ങനെ നീണ്ടുപോയത്. ഏറ്റവും അവസാനം, ആർ.എഫ്.പി.-യിൽ മൂന്ന് ഡെവലപ്പേഴ്സ് വന്നിരുന്നു. സിംഗിൾ ടെണ്ടർ എന്ന നിലയിൽ അത് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. കാരണം ഒരാൾ മാത്രമാണ് ആ കാര്യത്തിൽ താൽപ്പര്യം പ്രകടിപ്പിച്ച് മുന്നോട്ടുവന്നത്. അത്തരമൊരു സാഹചര്യത്തിൽ അത് സിംഗിൾ ടെണ്ടറായി കാണേണ്ടതില്ലെന്ന് ജനറൽ ബോഡി തീരുമാനിച്ചതനുസരിച്ച് മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ് : സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണെങ്കിലും കേരളത്തിന്റെ വികസന പദ്ധതികളാണെങ്കിലും സ്വകാര്യ പങ്കാളിത്തം വേണ്ട എന്ന സമീപനം സംസ്ഥാന ഗവൺമെന്റിനുണ്ടോ; അതല്ല സ്വകാര്യ മേഖലയുടെ കൂടി സഹകരണം തേടി മുമ്പോട്ട് പോകാനാണോ ഉദ്ദേശിക്കുന്നത്?

ഡോ. കെ. ടി. ജലീൽ : സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പി.പി.പി. പ്രോജക്ടുകൾ നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് പാർട്ണർ കേരള മിഷൻ രൂപീകരിച്ചത്. അതുമായി മുന്നോട്ട്പോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

**കാർഷിക വിളകൾക്ക് ഇൻഷ്വറൻസ്**

2 (*272) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കൃഷിനാശത്തിന് ലഭിക്കുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇപ്പോഴത്തെ കടുത്ത വേനലിൽ വൻകൃഷിനാശം ഉണ്ടായ കർഷകർക്ക് വർദ്ധിപ്പിച്ച നഷ്ടപരിഹാരത്തിന് അർഹതയുണ്ടോ; ഇല്ലെങ്കിൽ അവർക്കുകൂടി അത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കൃഷിനാശത്തിന് നഷ്ടപരിഹാരത്തുക ലഭിക്കുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഇതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) ഇല്ല. എന്നാൽ കാലാവസ്ഥയിലുണ്ടാകുന്ന അനിശ്ചിതാവസ്ഥ പരിഗണിച്ച് പരമാവധി കർഷകരെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാക്കാനുള്ള നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്.

(ബി) സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1995-നുശേഷം ആദ്യമായാണ് സംസ്ഥാന വിള ഇൻഷ്വറൻസ് നഷ്ടപരിഹാര തുക സമഗ്രമായി വർദ്ധിപ്പിക്കുന്നത്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 22-3-2017-ലെ പുതുക്കിയ ഉത്തരവ് പ്രകാരം പുനരാവിഷ്കരിച്ച നിരക്കിൽ, നിബന്ധനകൾക്ക് വിധേയമായി, നഷ്ടപരിഹാരത്തുക നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ലഘുവായ നടപടിക്രമങ്ങൾ മാത്രമേ നിലവിലുള്ളൂ. നഷ്ടപരിഹാര തുക നേരിട്ട് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്ന ഡി.ബി.റ്റി. സംവിധാനമാണ് ആവിഷ്കരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ മുഴുവൻ കർഷകരേയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാക്കുന്നതിനായി കൃഷിഭവൻ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, സംസ്ഥാനത്തിന്റെ ചരിത്രമെടുത്തു പരിശോധിച്ചാൽ രൂക്ഷമായ വരൾച്ചമൂലം വമ്പിച്ച കൃഷിനാശം ഉണ്ടായ ഒരു വർഷമാണിത്. ഇതുവരെ ഉണ്ടായിരുന്ന കാർഷിക വിള ഇൻഷ്വറൻസ് സംവിധാനം പുനരാവിഷ്കരിക്കാൻ എടുത്ത തീരുമാനത്തെ അഭിനന്ദിക്കുന്നു. അതോടൊപ്പം ഭൂരിപക്ഷം കർഷകർക്കും വിള ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്ന രീതിയിൽ നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിനുള്ള നിബന്ധനകളിൽ ഇളവ് വരുത്താൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, അങ്ങ് ഉദ്ദേശിക്കുന്നത് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയെപ്പറ്റിയാണോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. കാരണം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾ വളരെ ലളിതമാണ്. അതിൽ പറഞ്ഞിരിക്കുന്ന കണ്ടീഷൻ കാലാവസ്ഥാധിഷ്ഠിതമായിട്ടുള്ള കാര്യങ്ങളാണ്. അതായത് വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങളും വന്യമൃഗ ആക്രമണം കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും പദ്ധതിയുടെ സംരക്ഷണം ലഭിക്കുന്നതാണ്. അതേസമയം നെൽവിളയുടെ കാര്യത്തിൽ രോഗ കീടബാധകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള തീരുമാനം എടുത്തിട്ടുണ്ട്. മറ്റ് വിളകൾക്കുകൂടി രോഗ കീടബാധ ബാധകമാക്കുന്ന രീതിയിലുള്ള നിബന്ധന കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസിന്റെ കാര്യത്തിൽ വളരെ ലളിതമായ നിബന്ധനകൾ ഉള്ളതു കൊണ്ടാണ് 89,000-ത്തിലധികം കർഷകരെ അതിൽ എൻറോൾ ചെയ്തിരിക്കുന്നത്. കാലാവസ്ഥാധിഷ്ഠിതമായതും വിള അധിഷ്ഠിതവുമായിട്ടുള്ള രണ്ട് ഇൻഷ്വറൻസ് സ്കീമുകളാണ് കേന്ദ്ര ഗവൺമെന്റിനുള്ളത്. ഒന്ന് ലോണിനെ അടിസ്ഥാന പ്പെടുത്തിയതും മറ്റേത് ലോണിനെ അടിസ്ഥാനപ്പെടുത്താത്തതുമാണ്. സങ്കീർണ്ണമായ ചില നടപടിക്രമങ്ങൾ പൂർത്തീകരിച്ചശേഷം മാത്രമേ ഇൻഷ്വറൻസ് അടിസ്ഥാന പ്പെടുത്തിയുള്ള പണം കിട്ടുകയുള്ളൂ. അത് കേന്ദ്രഗവൺമെന്റ് നിശ്ചയിക്കുന്ന മാനദണ്ഡങ്ങളാണ്. അതിൽ മാറ്റം വരുത്താൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. അതുകൊണ്ട് ഞങ്ങൾ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ലോൺ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് മാത്രം എന്ന നിബന്ധന മാറ്റി ലോൺ അടിസ്ഥാനപ്പെടുത്താത്ത ആൾക്കാർക്കുകൂടി ഈ ഇൻഷ്വറൻസ് പദ്ധതി ലഭ്യമാക്കാനുള്ള അവസരം കൊണ്ടുവരണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, കേന്ദ്ര പദ്ധതി വളരെ കർശനമായ നിബന്ധനകൾ ഉള്ളതാണ്. പുനരാവിഷ്കരിച്ച കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നിബന്ധനകൾ കുറച്ചുകൂടി ലഘൂകരിക്കാൻ തയ്യാറാകുമോ; ഈ പ്രാവശ്യം ഏറ്റവും കൂടുതൽ വിളനാശം ഉണ്ടായത് നദികളിൽ ഓരുവെള്ളം കയറിയതുകൊണ്ടാണ്. കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട നദികളുടേയും റിവർബെഡ് സീ ബെഡിനെക്കാൾ താഴെയാണ്. എല്ലാ നദികളിലും ഓരുവെള്ളം കയറിക്കൊണ്ടിരിക്കുന്നതിനാൽ സ്ഥിരമായി ഓരുബണ്ട് കെട്ടിക്കൊണ്ടിരിക്കുകയാണ്. ഇപ്രാവശ്യം തുലാവർഷം കഴിയുന്നതിനു മുമ്പ് ഓരുമുട്ടുകൾ ഇടുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥമൂലം കുട്ടനാട് ഉൾപ്പെടെയുള്ള കേരളത്തിലെ പ്രധാനപ്പെട്ട നെൽകൃഷി മേഖലകളിലെല്ലാം ഓരുവെള്ളം കയറി കൃഷി മുഴുവൻ നശിച്ചു. അവരൊന്നും വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ വരില്ല. വമ്പിച്ച കൃഷിനാശം ഉണ്ടായിരിക്കുന്ന ഈ വർഷം കർഷകരെ സഹായിക്കാൻ വേണ്ടി വിള ഇൻഷ്വറൻസ് പദ്ധതി അടിസ്ഥാനമാക്കി ഒരു പ്രത്യേക പദ്ധതിക്ക് രൂപം കൊടുക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഓരുവെള്ളം കയറുന്നതിനുള്ള ബണ്ടുകൾ സ്ഥാപിക്കുന്ന കാര്യത്തിലും ഓരുമുട്ട് സ്ഥാപിക്കുന്ന കാര്യത്തിലും കഴിഞ്ഞ വർഷത്തേയും അതിന് മുമ്പത്തെ വർഷത്തേയും അപേക്ഷിച്ച് ഓരുമുട്ടുകൾ ഈ വർഷം കുറച്ച് നേരത്തേയാണ് ഇട്ടിരിക്കുന്നത്. പക്ഷേ ഒരു വർഷവും ഇല്ലാത്ത വിധത്തിൽ രൂക്ഷമായ വരൾച്ചമൂലം ഉപ്പുവെള്ളം കയറി എന്നുള്ളത് സത്യമാണ്. ഡിസംബർ മാസത്തിനു മുമ്പായി ഓരുമുട്ടുകൾ സ്ഥാപിക്കണമെന്നുള്ള നിബന്ധന പലയിടത്തും പാലിക്കപ്പെടാതെ പോകുന്നു എന്നുള്ളത് സത്യമാണ്. പാലിക്കപ്പെടാത്തതു കൊണ്ടുള്ള നഷ്ടം രൂക്ഷമായ വരൾച്ച ഉണ്ടായപ്പോഴാണ് നമുക്ക് ബോദ്ധ്യമായത്. ഇറിഗേഷൻ, കൃഷി ഡിപ്പാർട്ട്മെന്റുകൾ മന്ത്രിതലത്തിൽ യോഗം ചേർന്ന് ഓരോ ജില്ലയിലും കളക്ടർ ചെയർമാനായി കമ്മിറ്റി രൂപീകരിക്കുകയും ആ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഓരുമുട്ടുകൾ കൃത്യസമയത്തുതന്നെ കെട്ടുമെന്ന് ഉറപ്പാക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട മുരളി പെരുനെല്ലി ഇവിടെ ഉന്നയിച്ച ഒരു സബ്മിഷന് മറുപടിയായി ഇക്കാര്യം പറയുകയുണ്ടായി. മറ്റൊന്ന്, കേന്ദ്രഗവൺമെന്റ് നെൽ കൃഷിക്കാർക്ക് നൽകുന്ന 13,500 രൂപ വീതമുള്ള നഷ്ടപരിഹാരം ഉപ്പുവെള്ളം കയറി നഷ്ടം സംഭവിച്ച സ്ഥലത്തുള്ളവർക്കുകൂടി കൊടുക്കാൻ തീരുമാനിക്കുകയും തൃശ്ശൂർ ജില്ല ഉൾപ്പെടെയുള്ള ജില്ലകളിൽ അത് പൂർണ്ണമായി കൊടുത്ത് തീർക്കുകയും ചെയ്തിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കഴിഞ്ഞ വർഷം ഇട്ടതിനേക്കാൾ വളരെ നേരത്തെയാണ് ഈ വർഷം ഓരുമുട്ട് ഇട്ടതെങ്കിലും ഇത്തവണത്തെ വരൾച്ച രൂക്ഷമായിരുന്നതിനാൽ പ്രശ്നങ്ങളുണ്ടായി. ഓരുമുട്ട് ഇട്ടിട്ടുപോലും അതിനടിയിലൂടെ സ്വീപ്പേജുണ്ടായി. കാരണം ഉപ്പുവെള്ളത്തിന്റെ ലെവൽ ശുദ്ധജലത്തേക്കാൾ ഉയർന്നിരുന്നാൽ അടിയിലൂടെത്തന്നെ സ്വീപ്പേജ് ഉണ്ടാകുന്നുവെന്നതാണ് പ്രായോഗികമായി കണ്ട പ്രശ്നം. അതൊരു പ്രശ്നമായി ത്തന്നെ നിലനിൽക്കുകയാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, വിളകൾക്ക് 100% നാശമുണ്ടായാൽ മാത്രമേ നഷ്ടപരിഹാരം നൽകൂ എന്നതിനുപകരം നഷ്ടത്തിന്റെ ശതമാനത്തിനനുസരിച്ച് ഇൻഷ്വറൻസ് തുക നൽകുമെന്ന വ്യവസ്ഥ ഭേദഗതി ചെയ്ത് ഉൾപ്പെടുത്തണം. കർഷകരെ സംബന്ധിക്കുന്ന മറ്റൊരു പ്രശ്നം വിലത്തകർച്ചയാണ്. വിലത്തകർച്ച കൂടി ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തി വിളയും വിലയും എൻഷ്വർ ചെയ്യുന്ന നടപടി കൂടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് അവസാനം പറഞ്ഞ ഒരു പ്രധാന നിർദ്ദേശം ഗവൺമെന്റ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ്. വിലയിലുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം ഒരു ഇൻഷ്വറൻസ് പദ്ധതിയിലും പരിഗണിച്ചിട്ടില്ല. സ്റ്റേറ്റോ, കേന്ദ്രമോ ഇന്ത്യയിൽത്തന്നെ ഒരു ഇൻഷ്വറൻസ് പദ്ധതിയും അങ്ങനെ നടപ്പാക്കുന്നില്ല. കേരളത്തിൽ അത്തരമൊരു ഇൻഷ്വറൻസ് ഡിസൈൻ ചെയ്യാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. വിലയിലുണ്ടാകുന്ന തകർച്ച കൂടി ഇതിനകത്ത് ഉൾപ്പെടുത്താൻ കഴിയുന്ന രീതിയിലുള്ള നിബന്ധനകൾ വയ്ക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. പൂർണ്ണമായ വിളനാശം എന്നു പറഞ്ഞാൽ, നെൽകൃഷിയുടെ കാര്യത്തിൽ 40 ശതമാനത്തിലധികം നഷ്ടം വന്നുകഴിഞ്ഞാൽ പൂർണ്ണമായും നഷ്ടമായാണ് പരിഗണിക്കുന്നത്. അതുപോലെ പൂർണ്ണനാശം എന്നുപറഞ്ഞാൽ ഒരു വാഴത്തോട്ടം മുഴുവൻ നശിക്കണമെന്ന് നിർബന്ധമില്ല. ഒരു വാഴ പൂർണ്ണമായി നശിച്ചാൽ ആ വാഴയ്ക്കുള്ള വില എത്രയാണോ അതു കിട്ടും എന്നുള്ളതാണ്. അതുകൊണ്ട് പൂർണ്ണമായ നാശം എന്നു പറയുമ്പോൾ ഓരോ ക്രോപ്പിന്റെയും ഓരോ എണ്ണത്തിനാണ് ഇൻഷ്വർ ചെയ്യുന്നത്. അപ്പോൾ ആ ക്രോപ്പ് പൂർണ്ണമായി നശിച്ചാൽ പൂർണ്ണമായ തുക കൊടുക്കുകയാണ്. ആ വാഴത്തോട്ടത്തിൽ വേറെ വാഴകൾ നശിക്കാത്തതുണ്ടെങ്കിൽ അതിന് കൊടുക്കേണ്ട കാര്യമില്ല. അപ്പോൾ കൃത്യമായി അങ്ങ് പറയുന്ന രീതിയിൽത്തന്നെയാണ് നഷ്ടപരിഹാരത്തുക കൃഷിക്കാർക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, കാലാവസ്ഥാ വ്യതിയാനങ്ങൾ മുൻകൂട്ടി അറിയാനും കൃഷിനാശത്തിന്റെ വ്യാപ്തി നിർണ്ണയിക്കാനും സഹായിക്കുന്നത് വെതർ സ്റ്റേഷനുകളാണ്. വെതർ സ്റ്റേഷനുകൾ കുറവായതുകൊണ്ട് കർഷകരെ കാര്യങ്ങൾ ധരിപ്പിക്കാൻ പലപ്പോഴും കാലതാമസം ഉണ്ടാകുന്നുണ്ട്. കേരളത്തിൽ എത്ര വെതർ സ്റ്റേഷനുകളുണ്ട്; പഞ്ചായത്ത്-ബ്ലോക്ക് തലങ്ങളിൽ വെതർ സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് പറഞ്ഞത് വസ്തുതാപരമായ കാര്യമാണ്. കൃഷി വകുപ്പിന് കീഴിൽ 134 വെതർ സ്റ്റേഷനുകളാണ് ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് ഇപ്പോൾ സംസ്ഥാനത്തുള്ളത്. എല്ലാ പഞ്ചായത്തുകളേയും കേന്ദ്രീകരിച്ചുകൊണ്ട് വെതർ സ്റ്റേഷനുകൾ സ്ഥാപിക്കാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ ടെണ്ടർ നടപടികളിലേയ്ക്ക് ഗവൺമെന്റ് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇൻഷ്വറൻസ് കമ്പനികൾ തന്നെ ഡാറ്റാസ് avail ചെയ്യുന്ന രീതിയിലുള്ള നടപടിക്രമങ്ങളാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, 134 വെതർ സ്റ്റേഷനുകളാണ് സംസ്ഥാനത്തുള്ളതെന്ന് അങ്ങ് പറഞ്ഞു. മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് എന്ന പ്രദേശത്ത് വെതർ സ്റ്റേഷൻ പ്രവർത്തിക്കാത്തതിനാൽ അവിടെയുള്ള കർഷകർക്ക് ഇൻഷ്വറൻസ് നിഷേധിക്കുന്ന ഒരു സാഹചര്യമുണ്ടായി. അവർ കേരള സ്റ്റേറ്റ് കൺസ്യൂമർ ഡിസ്പ്യൂട്ട്സ് റിഡ്രസൽ കമ്മീഷൻ മുമ്പാകെ ഈ വിഷയം കൊണ്ടുവന്ന് കർഷകർക്ക് അനുകൂലമായ വിധിയും നേടി. അവർക്ക് ഇൻഷ്വറൻസ് ലഭ്യമാക്കണം എന്ന വിധി വന്നതിനുശേഷം, കർഷകർക്ക് പരമാവധി ഇൻഷ്വറൻസ് നൽകാൻ ശ്രമിക്കുന്നു എന്ന് അവകാശപ്പെടുന്ന ഈ സർക്കാർ തന്നെ ആ കർഷകർക്ക് ലഭിച്ച അനുകൂല വിധിക്കെതിരെ അപ്പീൽ പോയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അങ്ങയുടെ അറിവോടെയല്ലെങ്കിൽ അത്തരം പ്രവൃത്തികൾ ചെയ്ത ആളുകൾക്കെതിരെ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കാലാവസ്ഥാധിഷ്ഠിതമായ ഇൻഷ്വറൻസ് സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ വരുന്നതല്ല. ഗവൺമെന്റിന്റെ അനുമതിയോടെ കൃഷിക്കാർക്ക് ലഭ്യമായ ആനുകൂല്യത്തിനെതിരായി ആരും കോടതിയിൽ പോയിട്ടില്ല. അങ്ങനെ ആരെങ്കിലും പോയിട്ടുണ്ടെങ്കിൽ ആ അപ്പീൽ പിൻവലിക്കുന്നതായിരിക്കും. കൃഷിക്കാരെ ദ്രോഹിക്കുന്ന രീതിയിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ ഉദ്യോഗസ്ഥനെതിരെയും നടപടിയുണ്ടാകും.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, വിളനാശം സംഭവിച്ചവർക്ക് ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ, ആർ.കെ.വി.വൈ. പ്രകാരം രാസവള സബ്സിഡികൾ, നെൽകൃഷിക്കാർക്കുള്ള ഉൽപ്പാദന ബോണസ്, കർഷക പെൻഷൻ ഈ വക ആനുകൂല്യങ്ങൾ ഒന്നും കർഷകരുടെ കൈകളിൽ എത്തുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണ്; ആ തടസ്സങ്ങൾ നീക്കം ചെയ്ത് കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തരം തടസ്സങ്ങളൊന്നും ഉണ്ടായിട്ടില്ല. മുൻകാലങ്ങളിലെ കണക്കുവച്ചാണ് സംസാരിക്കുന്നതെങ്കിൽ അതിന് മറുപടി രേഖാമൂലം അറിയിക്കുന്നതായിരിക്കും. തടസ്സങ്ങളൊന്നും ഇല്ലാത്ത രീതിയിൽ കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പാലക്കാട് ജില്ലയിലെ ഏതെങ്കിലും കാര്യം സ്പെസിഫിക്കായി അംഗം ഉന്നയിക്കുക യാണെങ്കിൽ അതിന് മറുപടി നൽകുന്നതായിരിക്കും.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, സംസ്ഥാനത്ത് കൊയ്തുകൂട്ടിയ നെല്ല് യഥാസമയം സംഭരിക്കാൻ പല സ്ഥലത്തും ചുമതലപ്പെട്ട മില്ലുകാർ തയ്യാറാകുന്നില്ല. നിലവാരം കുറഞ്ഞ നെല്ലിൽ നിന്ന് നിശ്ചിത തോതിൽ അരി ലഭിക്കില്ല എന്നതാണ് അവരുടെ നിലപാട്. ഇതുകാരണം പലയിടത്തും കൊയ്ത നെല്ല് പാടവരമ്പുകളിൽത്തന്നെ കിടന്നു നശിക്കുന്ന അവസ്ഥയുണ്ടായി. നെല്ലിന് നിലവാരം കുറവാണെങ്കിൽപ്പോലും ആധുനിക സംസ്കരണ മാർഗ്ഗങ്ങളിലൂടെ, വ്യത്യസ്ത സംസ്കരണ രീതികളിൽക്കൂടി അരി അനുബന്ധ ഉൽപ്പന്നങ്ങളാക്കി മാറ്റാവുന്നതേയുള്ളൂ. അതിന് സർക്കാരും മിൽ ഉടമകളും തമ്മിൽ നീക്കുപോക്ക് ഉണ്ടാക്കുന്നതിനു പകരം നെല്ല് പാടത്തു കിടന്ന് നശിക്കാൻ ഇടയാക്കുന്നത് സംഭരണ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. മാത്രവുമല്ല പാവപ്പെട്ട കർഷകരെ അപമാനിക്കുന്നതിന് തുല്യവുമാണ്. ആയതിനാൽ നേരത്തെ പറഞ്ഞ രീതിയിലുള്ള ആധുനിക സംസ്കരണ രീതികൾ അവലംബിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇതുമായി ബന്ധപ്പെട്ട ചോദ്യമല്ല, നെല്ല് സംഭരിക്കുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. നെല്ല് സംഭരിക്കുന്നതിനുവേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷൻ നോട്ടിഫൈ ചെയ്ത മില്ലുകളെ നോഡൽ ഏജൻസികളായി ചുമതലപ്പെടുത്തിയിരിക്കുകയാണ്. ആ മില്ലുകൾ സാധാരണ നിലയിൽ ഒരു ക്വിന്റൽ നെല്ല് എടുത്തുകഴിഞ്ഞാൽ 68 കിലോ അരി കൊടുക്കണമെന്നാണ് നിബന്ധന. ഇന്നത്തെ സാഹചര്യത്തിൽ അപ്രകാരം കൊടുക്കാൻ സാധിക്കുകയില്ലെന്നുള്ള പരാതി നിരന്തരമായി മില്ല് ഉടമകൾ ഉന്നയിക്കുന്നുണ്ട്. എന്നാൽ മില്ല് ഉടമകൾ ഇതിന്റെ ഹാൻഡ്ലിംഗ് ചാർജ്ജുമായി

ബന്ധപ്പെട്ട കാര്യങ്ങളിൽ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നതുകൊണ്ട് ഈ കാര്യങ്ങൾ പഠിക്കാൻ വേണ്ടി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്, കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. കേന്ദ്രഗവൺമെന്റിന്റെ കൂടി നിബന്ധനയാണ് 68 കിലോ അരി കൊടുക്കണമെന്നുള്ളത്, ആ നിബന്ധനയിൽ മാറ്റം വരുത്താൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. എങ്കിൽപ്പോലും ഇതുമായി ബന്ധപ്പെട്ട് എന്തു ചെയ്യാൻ കഴിയുമെന്നതിനെ സംബന്ധിച്ച് പഠിക്കുന്നതിനായി ഗവൺമെന്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ കൃഷിക്കാർ അടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. നെല്ല് എടുക്കുന്ന കാര്യത്തിൽ പലപ്പോഴും മിൽ ഉടമകൾ നെല്ലിന്റെ ക്വാളിറ്റി, ഈർപ്പം തുടങ്ങി നഷ്ടത്തിന്റെ കണക്ക് പറഞ്ഞ് കൂടുതലായി വാങ്ങുന്ന സ്ഥിതിവിശേഷം പലയിടത്തും ശ്രദ്ധയിൽപ്പെടുകയുണ്ടായി. കാലാവസ്ഥാ വ്യതിയാനംമൂലം നെല്ലിന് ഉണ്ടായിരിക്കുന്ന ഗുണനിലവാര കുറവുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നതെങ്കിൽ, അതുസംബന്ധിച്ച് പഠിച്ച് ഒരു അസസ്മെന്റ് നടത്താൻ ജില്ലാ കളക്ടറും, പി.ഒ.-യും അംഗങ്ങളായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം നെല്ലിന്റെ ഗുണനിലവാരത്തിൽ കുറവുണ്ടാവുകയാണെങ്കിൽ, അതിന്റെ നഷ്ടം കൃഷി വകുപ്പിൽ നിന്ന് കൊടുക്കാൻ തീരുമാനമെടുത്തതിനെത്തുടർന്ന് ആലപ്പുഴ ഉൾപ്പെടെയുള്ള പല ജില്ലകളിലും ആ പ്രശ്നത്തിന് പരിഹാരമുണ്ടായിട്ടുണ്ട്. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിന്നും അത്തരം പരാതികൾ ഇതുവരെ വന്നിട്ടില്ല, അവിടെയും അങ്ങനെയുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ, ഈ രീതിയിൽ കമ്മിറ്റിയെ നിയോഗിച്ച് നെല്ലിനുണ്ടായ നഷ്ടം നികത്താനാവശ്യമായ നടപടി കൃഷി വകുപ്പ് സ്വീകരിക്കുന്നതായിരിക്കും.

ശ്രീമതി സി. കെ. ആശ: സർ, ഭൂരിപക്ഷം കർഷകരും പാട്ടത്തിനെടുത്ത് തലമുറകളായി കൈമാറി വരുന്ന ഭൂമിയിലോ തരിശുഭൂമിയിലോ, ഭൂ മാഫിയയുടെ കയ്യിൽ നിന്നും പിടിച്ചെടുത്ത ഭൂമിയിലോ ആയിരിക്കും കൃഷി ചെയ്യുന്നത്. ആയതിനാൽ അവർക്ക് കരം തീർത്ത രസീതോ മറ്റ് കൈവശ രേഖകളോ ഇല്ലാത്ത സ്ഥിതിയുണ്ട്. അത്തരം സന്ദർഭത്തിൽ ഇൻഷ്വറൻസ് തുക ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇൻഷ്വറൻസ് തുക ലഭിക്കണമെങ്കിൽ നിശ്ചിത മാനദണ്ഡങ്ങളും രേഖകളും സമർപ്പിക്കുക തന്നെ വേണം. രേഖകളില്ലാതെ ഇൻഷ്വറൻസ് കൊടുക്കാൻ നിബന്ധനകൾ അനുസരിച്ച് കഴിയുന്നതല്ല. ഇൻഷ്വറൻസ് എടുക്കുന്ന കമ്പനികൾ വയ്ക്കുന്ന നിബന്ധനകളുണ്ട്. സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട ഇൻഷ്വറൻസ് സ്കീമുകളിലെല്ലാം 5 ഏക്കർ വരെയുള്ള പാട്ടകൃഷിക്കാരെക്കൂടി ഉൾപ്പെടുത്തുന്നുണ്ട്. അവർ ഏതെങ്കിലും രീതിയിലുള്ള രേഖകൾ സമർപ്പിക്കേണ്ടതുണ്ട്. ഒരു രേഖയുമില്ലാത്ത കൃഷിക്കാർക്ക് ഇൻഷ്വറൻസ് തുക കൊടുക്കുന്നതിന് ചില പരിമിതികളുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഓരുമുട്ടിനെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഇപ്രാവശ്യം പ്രശ്നം വളരെ രൂക്ഷമായിരുന്നു. ഇതിന് ഒരു ടൈംഷെഡ്യൂളുണ്ട്. ആ ഷെഡ്യൂൾ അനുസരിച്ച് ഇടണം. കുട്ടനാടൻ പാടശേഖരം മുഴുവൻ ഓരിന് വിധേയമായിപ്പോകുകയാണ്. ഇപ്രാവശ്യം അതാണുണ്ടായത്. അതിന് ചില നിർദ്ദേശങ്ങൾ കൊടുത്തിരുന്നു എന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി പറയുകയുണ്ടായി. നിർദ്ദേശം വന്നു എങ്കിലും അവിടെ നിർദ്ദേശമൊന്നും നടപ്പിലാക്കിയിട്ടില്ല. നിർദ്ദേശം എന്താണെന്ന് ജനങ്ങൾക്കുമറിയില്ല. നിർദ്ദേശം നടപ്പിലാക്കാത്തതിന്റെ വിഷമങ്ങളാണ് ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അടുത്ത വർഷമെങ്കിലും ഓരിൽ നിന്ന് കൃഷിക്കാരെയും കുടിവെള്ള സ്രോതസ്സിനേയും രക്ഷിക്കുന്നതിനുള്ള നടപടി രണ്ട് വകുപ്പുകൾ കൂടിയാലോചിച്ച് തീരുമാനിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ ചോദ്യത്തിനുള്ള മറുപടി നേരത്തെ പറഞ്ഞതാണ്. ഒരു കോ-ഓർഡിനേഷന്റെ പ്രശ്നമുണ്ടായിരുന്നു എന്നത് സത്യമാണ്. ഡിസംബർ മാസത്തിനുമുമ്പായി ഓരുമുട്ട് ഇടണമെന്നാണ് നിബന്ധന. ആ നിബന്ധന കൃത്യമായി പാലിക്കാനുള്ള കോ-ഓർഡിനേഷൻ എല്ലാ ജില്ലകളിലും ഉണ്ടാക്കിയിട്ടുണ്ട്. ഇത് ഗുരുതരമായ പ്രശ്നമായി മാറിയപ്പോൾ ഇറിഗേഷൻ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും ചേർന്ന് യോഗം കൂടിയതിന്റെയടിസ്ഥാനത്തിൽ താഴേയ്ക്ക് ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. വരുന്ന സീസണിൽ ഈ കുറവ് പരിഹരിക്കപ്പെടുന്ന രീതിയിൽ കർശനമായ നടപടിയുണ്ടാകും.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കൃഷിക്കാർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അവരുടെ ഉൽപ്പന്നങ്ങൾക്ക് സ്ഥിരമായ വരുമാനമില്ല എന്നുള്ളതാണ്. സുസ്ഥിര വരുമാനമില്ലാത്തതുകൊണ്ട് കാർഷികവൃത്തിയിൽ നിന്നും കർഷകർ പിന്മാറുകയാണ്. കർഷകർക്ക് സുസ്ഥിര വരുമാനം ഉറപ്പുവരുത്തുന്ന വിധത്തിലുള്ള ഏതെങ്കിലും പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അങ്ങനെ ആലോചിച്ചുകൊണ്ട് കർഷകരെ രക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സാധാരണരീതിയിൽ സുസ്ഥിരമായ വില നൽകുന്നത് നെല്ല്, നാളികേരം തുടങ്ങിയ ഉൽപ്പന്നങ്ങൾക്ക് മാത്രമാണ്. അത്തരം കൃഷിക്കാർക്കെല്ലാം താങ്ങുവില നൽകി അവരുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നുണ്ട്. റബ്ബറിന്റെ കാര്യത്തിലും അതുപോലെ ചെയ്യുന്നുണ്ട്. ബാക്കി വിളകളുടെ കാര്യത്തിൽ വില പലപ്പോഴും പല രീതിയിൽ ഫ്ലക്ച്യുവേറ്റ് ചെയ്തു കൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ വരുന്ന ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് മാർക്കറ്റിംഗ് മേഖലയിൽ കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് സുസ്ഥിരമായ വില ലഭിക്കത്തക്കനിലയിലുള്ള

മാർക്കറ്റിംഗ് ഷെഡ്യൂൾ ഗവൺമെന്റ് തയ്യാറാക്കി അതനുസരിച്ച് കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിനുപുറമേ അവരുടെ വിളകൾക്ക് വിലയുടെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രൊപ്പോസൽ ഉണ്ടാക്കാൻ ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. വാഴയുടേയും, പച്ചക്കറിയുടേയും, നെല്ലിന്റേയും പ്രീമിയം തുക വർദ്ധിപ്പിക്കാതെ നഷ്ടപരിഹാരത്തുക രണ്ടിരട്ടി മുതൽ 13 ഇരട്ടി വരെ വർദ്ധിപ്പിച്ചുകൊണ്ട് തീരുമാനമെടുത്തിരിക്കുന്നത് കൃഷിക്കാരെ സുസ്ഥിരമായി ഈ രംഗത്ത് നിലനിർത്താൻ വേണ്ടിത്തന്നെയാണ്. ആ നിലയിലുള്ള പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ട്പോകുകയാണ്.

## തുറമുഖ മണൽ ഖനനം

3(*273) ശ്രീ. പി. ടി. തോമസ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തുറമുഖ മണൽ ഖനനത്തിന് പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ നയം നടപ്പാക്കുന്നതുവഴി എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനാകുന്നതെന്ന് വിശദമാക്കാമോ;

(സി) പുതിയ നയമനുസരിച്ച് മണൽ ഖനനത്തിനും വിപണനത്തിനും ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ,

(എ) തുറമുഖങ്ങളിലെ മാന്വൽ ഡ്രഡ്ജിംഗിനായി പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 9-2-2017-ലെ സ.ഉ.(കൈ) നമ്പർ 2/2017/മതുവ ഉത്തരവിലൂടെ പ്രഖ്യാപിച്ച പുതിയ നയപ്രകാരം സഹകരണ സംഘങ്ങൾക്കുപകരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് മാന്വൽ ഡ്രഡ്ജിംഗിനുള്ള അധികാരം നൽകിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതല നൽകുക വഴി ഈ പ്രവൃത്തി കൂടുതൽ സുതാര്യമായും കാര്യക്ഷമമായും ഉത്തരവാദിത്വത്തോടെയും ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) മാന്വൽ ഡ്രഡ്ജിംഗിൽ മുൻപരിചയമുള്ള തദ്ദേശവാസികളായ മണൽ വാരൽ തൊഴിലാളികളെ ഓരോ പ്രദേശത്തെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നു. ഈ തൊഴിലാളികൾ മുഖാന്തരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാന്വൽ ഡ്രഡ്ജിംഗ് നിർവ്വഹിക്കുന്നു.

ഡ്രഡ്ജ് ചെയ്ത് മാറ്റേണ്ടുന്ന പദാർത്ഥങ്ങളുടെ അളവ് അതത് പോർട്ട് കൺസർവേറ്റർമാർ നിശ്ചയിക്കുകയും ഇത്തരത്തിൽ ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന മണൽ സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുള്ള വില അടിസ്ഥാനമാക്കി തുറമുഖ വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലൂടെ വിപണനം നടത്തുന്നതുമാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരിക്കുകയാണ്. ഉദാഹരണത്തിന്, ഒരു പഞ്ചായത്തിന്റെ അതിർത്തിയിൽ ബ്ലോക്ക് പഞ്ചായത്ത് വരുന്നുണ്ട്, ജില്ലാ പഞ്ചായത്ത് വരുന്നുണ്ട്. ഈ വരുമാനം ഏതു തരത്തിലാണ് വിഭജിക്കുന്നത്; എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അതിന്റെ വിഹിതം ലഭിക്കുമോ; അതോ ഗ്രാമപഞ്ചായത്തിന് മാത്രമാണോ; ഇതിനെ സംബന്ധിച്ച് ഗവൺമെന്റ് നിലപാട് എടുത്തിട്ടുണ്ടോ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ഇതുസംബന്ധിച്ച വിലനിലവാരം നിശ്ചയിച്ചുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് തുറമുഖ വകുപ്പിന്റെ കീഴിലുള്ള കാസർഗോഡ്, മഞ്ചേശ്വരം, നീലേശ്വരം, വടകര, ബേപ്പൂർ, പൊന്നാനി, അഴീക്കൽ, കൊടുങ്ങല്ലൂർ, തലശ്ശേരി എന്നീ 9 തുറമുഖങ്ങളിലാണ് മാന്വൽ ഡ്രഡ്ജിംഗ് നടത്തിവരുന്നത്. കാസർഗോഡ്, അഴീക്കൽ, തലശ്ശേരി, വടകര, ബേപ്പൂർ, കൊടുങ്ങല്ലൂർ എന്നീ പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സർക്കാർ വിഹിതം, ജിയോളജി വകുപ്പിന്റെ വിഹിതം, തൊഴിലാളികളുടെ കൂലി എന്നിവ നിശ്ചയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം 100 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. ആ നിലയിൽ തൊഴിലാളികളുടെ വിഹിതവും നിശ്ചയിച്ചിട്ടുണ്ട്. വ്യത്യസ്ത സ്ഥലങ്ങളിൽ അതാത് പ്രദേശങ്ങളിലെ സാഹചര്യങ്ങളും മറ്റും കണക്കിലെടുത്തുകൊണ്ടാണ് വില നിശ്ചയിച്ചിട്ടുള്ളത്. വില നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ നേരത്തെ നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞ വിലയടിസ്ഥാനത്തിലാണ് മണൽ ലഭിക്കുക.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഈ ചോദ്യത്തിന്റെ 'സി' ഉത്തരത്തിൽ ഒരു അവ്യക്തതയുണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഇക്കാര്യം ചുമതലപ്പെടുത്തി എന്നുപറഞ്ഞെങ്കിലും ഡ്രഡ്ജിംഗ് ചെയ്ത് മാറ്റേണ്ട പദാർത്ഥങ്ങളുടെ അളവ് അതാത് പോർട്ട് കൺസർവേറ്റർമാർ നിശ്ചയിക്കുകയും, ഇത്തരത്തിൽ ഡ്രഡ്ജിംഗ് ചെയ്ത് ലഭിക്കുന്ന മണൽ സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള വില അടിസ്ഥാനമാക്കി തുറമുഖ വകുപ്പിന് ഓൺലൈൻ സംവിധാനത്തിലൂടെ വിപണനം ചെയ്യുകയും ചെയ്യാം.

ചോദ്യത്തിലെ 'എ', 'ബി' പിരിവിന് ബഹുമാനപ്പെട്ട മന്ത്രി തന്നിരിക്കുന്ന മറുപടി ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പരിപൂർണ്ണമായി ഏൽപ്പിച്ചു എന്നാണ്. എന്നാൽ 'സി' പിരിവിന് തന്നിരിക്കുന്ന മറുപടി ഇത് പോർട്ട് കൺസർവേറ്റർമാർ നിശ്ചയിക്കുകയും, അത്തരത്തിൽ ഡ്രഡ്ജിംഗ് ചെയ്ത് ലഭിക്കുന്ന മണൽ സർക്കാർ നിശ്ചയിച്ച് നല്കിയിരിക്കുന്ന വില അടിസ്ഥാനമാക്കി വിൽക്കാം എന്നുമാണ്. ഇത് തമ്മിൽ ഒരു കോൺട്രഡിക്ഷൻ ഉണ്ട്, അത് ക്ലാരിഫൈ ചെയ്യാൻ സാധിക്കുമോ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ഇവർക്കാണ് വിഹിതം നല്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടായിരുന്ന തൊഴിലാളികളുടെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ചില സ്ഥലങ്ങളിൽ മണലിനോടനുബന്ധിച്ച് ചെളി, മറ്റ് പദാർത്ഥങ്ങൾ തുടങ്ങിയവ ഉണ്ടാകും. അത് ഏതെല്ലാം നിലയിൽ വിഭജിക്കണമെന്നതിനെക്കുറിച്ചുള്ള സാങ്കേതിക നിർദ്ദേശം നൽകുന്നതിനാണ് കൺസർവേറ്റർമാർ ഇടപെടുന്നത്.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, നിലവിൽ ഖനനത്തിന് അനുമതി നല്കിയിട്ടുള്ള കമ്പനികളും സ്ഥാപനങ്ങളും യഥാർത്ഥത്തിലുള്ള ക്വാണ്ടിറ്റിയാണോ കൊണ്ടുപോകുന്നതെന്ന് കണ്ടുപിടിക്കാൻ സർക്കാരിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; അനുമതി കൊടുത്തതിനേക്കാൾ പത്തിരട്ടിയും പതിനഞ്ചിരട്ടിയും കൂടുതലായി ഖനനം നടത്തിക്കൊണ്ട് പോകുന്നുണ്ട്. അത് നിയന്ത്രിക്കുന്നതിനാവശ്യമായ എന്തെങ്കിലും മെക്കാനിസം ഇപ്പോൾ നിലവിലുണ്ടോ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ നേരത്തെ സഹകരണ സംഘം മുഖേന ഇക്കാര്യങ്ങൾ ചെയ്തപ്പോഴുണ്ടായ അഴിമതി കണക്കിലെടുത്തും പരാതികളുടെ അടിസ്ഥാനത്തിലുമാണ് ഇത്തരമൊരു നയരൂപീകരണത്തിന് ഗവൺമെന്റ് സന്നദ്ധമായത്. ഗവൺമെന്റിന്റെ സുതാര്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകളുടെ സമന്വയം ഇക്കാര്യത്തിലുണ്ടാകും. മണലിന്റെ വിപണനം ഉൾപ്പെടെ വളരെ സത്യസന്ധവും വസ്തുതാപരവുമായി നിർവ്വഹിക്കുന്നതിനുള്ള ക്രമീകരണം നടത്തുന്നതിനാണ് പുതിയ നയം രൂപീകരിച്ചിട്ടുള്ളത്. പൊന്നാനി മോഡൽ എന്ന ഈ നയത്തിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ , ബഹുമാനപ്പെട്ട സ്പീക്കർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഇന്നലെ നിർവ്വഹിക്കുകയുണ്ടായി. ശുദ്ധീകരിച്ച മണൽ കെട്ടിടങ്ങളുടെ സുരക്ഷയ്ക്ക് ആവശ്യമാണ്. അതുകൊണ്ട് ശുദ്ധീകരിച്ച നിലവാരമുള്ള മണൽ നല്കുന്നതിനുള്ള പ്രവർത്തന പരിപാടികളാണ് ഈ സംവിധാനത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അഴിമുഖത്ത് കപ്പൽ യാത്രയ്ക്ക് തടസ്സമുണ്ടാക്കുന്ന ചെളി നീക്കുന്ന പ്രവൃത്തി ചെയ്യുന്നത് പോർട്ട് അധികൃതരാണ്. ചെളി ശുദ്ധീകരിച്ചാണ് മണൽ ഉണ്ടാക്കുന്നത്. അത് എത്രത്തോളം നീക്കം ചെയ്യണമെന്നതിനെക്കുറിച്ചുള്ള കാര്യങ്ങൾ അവർ തന്നെയാണ് തീരുമാനിക്കുന്നത്. ചെളി ശുദ്ധീകരിച്ച് മണലാക്കി മാറ്റി വിൽപ്പന നടത്തുന്നത് കേരളത്തിൽ പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ സ്ഥലത്തും എടുക്കേണ്ട മണലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകപക്ഷീയമായി തീരുമാനിക്കാൻ കഴിയില്ല. ഇക്കാര്യം സംബന്ധിച്ച് സാങ്കേതിക വൈദഗ്ദ്ധ്യത്തോടെ തീരുമാനങ്ങളെടുക്കണം. ഈ പദ്ധതി പൊതുമേഖലയിൽ നല്ല രീതിയിൽ തുടർന്നും നടത്താൻ കഴിയുന്നതാണ്. പൊന്നാനിയിൽ നല്ലൊരു തുടക്കമാണ് ഇതിന്റെ ഭാഗമായി ഉണ്ടായിട്ടുള്ളത്, ഇത് മാതൃകയാക്കാവുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇക്കാര്യത്തിൽ എൻവയോൺമെന്റൽ ഇംപാക്ട് സ്റ്റഡി നടത്തിയായിരിക്കും അധികൃതർ തീരുമാനങ്ങളെടുക്കുന്നത്.

ശ്രീ. അൻവർ സാദത്തിനുവേണ്ടി ശ്രീ. കെ. എം. ഷാജി: സർ, സൊസൈറ്റികളുടെ ക്രമക്കേടുകൾ ഉണ്ടായിരുന്നു എന്നുള്ളത് ശരിയാണ്. അത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചതും നല്ല കാര്യമാണ്. അഴീക്കൽ പോർട്ടുമായി ബന്ധപ്പെട്ട് നേരത്തെ 26 കടവുകൾ ഉണ്ടായിരുന്നത് ഇപ്പോൾ 10 ആയി ചുരുക്കിയിരിക്കുകയാണ്. അവിടെ ഇപ്പോൾ സമരം നടക്കുകയാണ്. ശ്രദ്ധക്കുറവ് എവിടെയോ സംഭവിക്കുന്നുണ്ട് എന്നുള്ളത് ഉറപ്പാണ്. പ്രാദേശിക തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്ന കാര്യത്തിൽ വലിയ രീതിയിലുള്ള ക്രമക്കേട് സംഭവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ താങ്കളുടെ അടിയന്തര ശ്രദ്ധ ഉണ്ടാകുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, തീർച്ചയായും ഉണ്ടാകുന്നതാണ്. മണൽ വാരൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കാൻ സുതാര്യമായ സംവിധാനം ഉണ്ടാക്കുന്നതാണ്. അക്കാര്യങ്ങളിൽ പരാതി ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതിന് പ്രാദേശികമായി കമ്മിറ്റികൾ നിശ്ചയിച്ചിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന വിഴിഞ്ഞം തുറമുഖത്ത് ഒരു വർഷമായി ഡ്രഡ്ജിംഗ് നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടെ കുന്നുകൂട്ടിയിട്ടിരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇപ്പോൾ നിലവിലുള്ള തുറമുഖങ്ങളിൽ എത്രമാത്രം മണലിന്റെ അളവുണ്ട് എന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, എത്രമാത്രം മണൽ നിക്ഷേപമുണ്ട് എന്നത് അതത് സന്ദർഭത്തിൽ മാത്രമേ പരിശോധിച്ച് നിർവ്വചിക്കാൻ സാധിക്കു. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ വിഴിഞ്ഞത്തോ മറ്റേതെങ്കിലും തുറമുഖ കേന്ദ്രങ്ങളിലോ നിക്ഷേപിതമായ മണൽ ഉണ്ടെങ്കിൽ അത് പ്രയോജന പ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, മാന്വൽ ഡ്രഡ്ജിംഗുമായി ബന്ധപ്പെട്ട ചുമതല സഹകരണ സംഘങ്ങളെയായിരുന്നു നേരത്തേ ഏൽപ്പിച്ചിരുന്നത്. കണ്ണൂർ അഴീക്കലിൽ 49-ഓളം തട്ടിക്കൂട്ടി ഉണ്ടാക്കിയ കടലാസ് സംഘങ്ങൾ കോടിക്കണക്കിന് രൂപയുടെ ക്രമക്കേടുകൾ നടത്തിയിട്ടുണ്ട്. ഈ കടലാസ് സംഘങ്ങളെ സംബന്ധിച്ച അന്വേഷണം എവിടംവരെയെത്തി, ക്രമക്കേടുകൾ നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടി ക്കാണിച്ചതുപോലെ സഹകരണ സംഘങ്ങളെ ചുമതലപ്പെടുത്തിയപ്പോൾ നിരവധി ആക്ഷേപങ്ങളും പരാതികളും ഉണ്ടായിരുന്നു. അവയെല്ലാം കണക്കിലെടുത്തുകൊണ്ടാണ് പുതിയ ഒരു നയത്തിന് രൂപം കൊടുക്കാൻ സർക്കാർ സന്നദ്ധമായത്. അതിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകളുടെ ഗൗരവം കണക്കിലെടുത്തുകൊണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കൊച്ചി തുറമുഖം ഒരു വർഷം ഡ്രഡ്ജിംഗിന് വേണ്ടി ഉപയോഗിക്കുന്നത് 135 മുതൽ 160 കോടി രൂപവരെയാണ്. അത് സ്വകാര്യ ഏജൻസികളാണ് ചെയ്യുന്നത്. അഴിമുഖത്തുനിന്നടക്കം വാരുന്ന എക്കലും മറ്റും പുറംകടലിൽ കൊണ്ടുപോയി തള്ളുകയാണ് ചെയ്യുന്നത്. ആറ്റിൽ കളഞ്ഞാലും അളന്നുകളയണമെന്നൊരു ചൊല്ലുണ്ട്. ഇതുസംബന്ധിച്ച് ഒരളവുമില്ല. അതുകൊണ്ട് ഡ്രഡ്ജ് ചെയ്യുന്ന എക്കൽ കരയിൽ കൊണ്ടുവന്ന് ആവശ്യമായ രീതിയിൽ സംസ്കരിച്ചെടുത്ത് ഗാർഹിക വസ്തുക്കളും മറ്റും ഉണ്ടാക്കുന്നതിനായി ഉപയോഗപ്പെടുത്തണ മെന്ന ഒരു നിർദ്ദേശം കൊച്ചി തുറമുഖത്തിന് കൊടുക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന പുതിയ നയം സർക്കാർ നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ട്. അതുപോലെ സാധാരണക്കാരായ ജനങ്ങൾക്ക് അവരുടെ കെട്ടിടനിർമ്മാണത്തിനാവശ്യമായ ശുദ്ധീകരിച്ച മണൽ മിതമായ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് ഒരു ഘടകം. ഈ നയത്തിന്റെ ഭാഗമായി തദ്ദേശീയരായ മണൽ തൊഴിലാളികളുടെ ജീവനോപാധി സംരക്ഷിക്കുകയും അവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തുമാണ് മാന്വൽ ഡ്രഡ്ജിംഗ് നടത്തുക. തുറമുഖ വകുപ്പ് നേരിട്ടാണ് മണൽ വിൽപ്പന നടത്തുന്നത്. ആയതിനാൽ കൂടുതൽ സുതാര്യത ഉണ്ടാവും. മലിനീകരണം ഒഴിവാക്കിയുള്ള മാർഗ്ഗങ്ങളാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്. പി.പി.പി. രീതിയിൽ നടപ്പിലാക്കിയിരിക്കുന്ന ഈ പദ്ധതിയുടെ മുഴുവൻ മുതൽമുടക്ക് സംരംഭകർ വഹിക്കുന്നതാണ്. തൊഴിലാളികളുടെ കൂലി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് സംരംഭകർ നല്കുന്നത്. വില്പന വിലയുടെ 35% സർക്കാരിന് ലഭിക്കുന്നു. ഈ നയവുമായി ബന്ധപ്പെട്ട് ഓരോ തുറമുഖങ്ങളിലും നടപ്പിലാക്കേണ്ട ക്രമീകരണങ്ങളെപ്പറ്റിയുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. തുറമുഖ വകുപ്പ് ഇക്കാര്യങ്ങളെല്ലാം അടിയന്തരമായി ചെയ്യുന്നതാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ചരിത്ര പ്രധാനമായ കൊടുങ്ങല്ലൂർ - അഴീക്കോട് തുറമുഖ വികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് തുറമുഖ വകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്നത്?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഇവിടെ സൂചിപ്പിച്ചിരിക്കുന്ന തുറമുഖങ്ങളുടെ പരമ്പരകളിൽ അത് രേഖപ്പെടുത്തിയിട്ടുണ്ട്. തീർച്ചയായും ആ തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും, തുറമുഖ ശൃംഖലയുടെ പൊതുവായ വികസനത്തിനായുള്ള പരിപാടികൾ അതിൽ ഉൾപ്പെടുത്തുന്നതുമാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, കേന്ദ്ര പരിസ്ഥിതി നിയമങ്ങളുടെ അടിസ്ഥാനത്തിൽ തുറമുഖ മണൽ ഖനനം വളരെയേറെ പ്രാധാന്യം അർഹിക്കുന്നുണ്ട്. പുഴയോരത്ത് നിന്നും മണൽ ഖനനം ചെയ്യണമെങ്കിൽ വെള്ളത്തിന് മുകളിലുള്ള മണൽ മാത്രമേ വാരാൻ പാടുള്ളൂ എന്നാണ് കേന്ദ്ര പരിസ്ഥിതി വകുപ്പ് നിലവിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വീതിയേറിയ നദികളിൽ വേനൽക്കാലത്ത് പുഴ വറ്റുന്ന സമയത്ത് പുഴയിലെ വെള്ളത്തിന് മുകളിൽ ധാരാളം മണൽ ഉണ്ടാകും. കേരളത്തിലെ 44 നദികളിൽ ഒരിടത്തുപോലും അത്തരം മണൽ വാരാൻ പാകമായ ഒരു സാഹചര്യമില്ല. നിയമത്തിൽ മാറ്റം വരുത്താതെ സംസ്ഥാനത്തെ പുഴയോര മണൽ ഖനനത്തിന് ഒരു സാധ്യതയുമില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് നിയമ ഭേദഗതിക്കുവേണ്ടി സുപ്രീംകോടതിയെ സമീപിക്കാൻ തയ്യാറാകണം. അങ്ങനെ സമീപിച്ചാൽ മാത്രമേ സംസ്ഥാനത്തിന്റെ സാഹചര്യത്തിനനുസരിച്ച് ഒരു മാറ്റം ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ, അതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ തുറമുഖങ്ങളിലുള്ള മണൽ വാരലുമായി ബന്ധപ്പെട്ട് നയം രൂപീകരിക്കുകയും നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് കാര്യങ്ങൾ ബന്ധപ്പെട്ട തലങ്ങളിൽ ആലോചിക്കാവുന്നതേയുള്ളൂ. ഇപ്പോൾ തുറമുഖങ്ങളിലുള്ള മണൽ ഖനനമാണ് നടക്കുന്നത്. അതുസംബന്ധിച്ചുള്ള നടപടി ക്രമങ്ങളാണ് ഇവിടെ വിശദീകരിച്ചത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സാന്റ് ഓഡിറ്റ് നടത്തുന്നതിനുള്ള നിർദ്ദേശമാണ് ഇതുസംബന്ധിച്ച് നിലവിലുള്ളത്. സാധാരണഗതിയിൽ വെള്ളത്തിനു താഴെയുള്ള മണൽ വാരുന്നതുസംബന്ധിച്ച അഭിപ്രായങ്ങളാണ് ഇവിടെ ഉയർന്നുവന്നിട്ടുള്ളത്. അത് പരിശോധിക്കേണ്ട കാര്യമാണ്.

## ലൈഫ് മിഷൻ

4(* 274) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. എം. മുകേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ലൈഫ് മിഷന്റെ ഭാഗമായി ഈ വർഷം ഒരു ലക്ഷം ഭവനരഹിതർക്ക് വീട് നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ നിശ്ചയിക്കുന്ന പ്രക്രിയ ഏതു ഘട്ടത്തിലാണ്;

(സി) ഈ പദ്ധതിക്കുവേണ്ട വിഭവ സമാഹരണത്തിനായുള്ള മാർഗ്ഗങ്ങൾ അറിയിക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) 2022-ൽ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായിട്ടാണ് ലൈഫ് മിഷൻ രൂപീകരിച്ചിട്ടുള്ളത്. ഭവനം നൽകുന്നതോടൊപ്പം ജീവനോപാധി എന്ന ഉദ്ദേശം കൂടി ഇതിൽപ്പെടുന്നുണ്ട്. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ഫെബ്രുവരി 18, 19 തീയതികളിൽ സംസ്ഥാനത്ത് കുടുംബശ്രീ മുഖേന സർവ്വേ പൂർത്തീകരിക്കുകയും പ്രസ്തുത സർവ്വേയുടെ വെരിഫിക്കേഷൻ നടപടികൾ തുടർന്നുവരികയുമാണ്. ലൈഫ് മിഷൻ 3 തരം ആനുകൂല്യങ്ങളുടെ ഘടനയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

1. ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവന നിർമ്മാണത്തിന് ആനുകൂല്യം.

2. ഭൂരഹിതരായുള്ള ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയത്തിലൂടെ പുനരധിവാസം.

3. വിവിധ പദ്ധതികളിലൂടെ സർക്കാർ ധനസഹായം ലഭ്യമായെങ്കിലും ഭവനം പൂർത്തീകരിക്കാൻ സാധിക്കാത്തവർക്ക് പൂർത്തീകരണത്തിന് സഹായം.

വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി ആയത് ഡാറ്റാ എൻട്രി നടത്തിക്കഴിഞ്ഞതിനുശേഷം ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണം ലഭ്യമാകുന്നതാണ്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടുകയും, പൊതുജനങ്ങളുടെ അറിവിലേയ്ക്കായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.

ഭൂരഹിത ഭവന രഹിതർക്കായി ആദ്യ ഘട്ടത്തിൽ 14 ജില്ലകളിൽ ഓരോ ഭവന സമുച്ചയങ്ങളുടേയും നിർമ്മാണത്തിന്റെ ആരംഭം ഈ മാസം അവസാനത്തോടെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ നടത്തി സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരുന്നു. വെരിഫിക്കേഷൻ പൂർത്തീകരിച്ചശേഷം കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതുമാണ്.

(സി) പദ്ധതിക്ക് ആവശ്യമായ തുക സംസ്ഥാന സർക്കാർ ഒന്നിച്ച് വായ്പയെടുത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ നിലവിലുള്ള വിവിധ വകുപ്പുകളുടെ ഭവന പദ്ധതികൾ, കേന്ദ്രാവിഷ്കൃത ഭവന പദ്ധതികൾ എന്നിവയുമായി സംയോജിപ്പിച്ചാണ് ലൈഫ് പദ്ധതിയുടെ ധനസമാഹരണം നടത്തുക.

ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്കായി പ്രാദേശികമായ സംഭാവനകളും മറ്റ് സി.എസ്.ആർ. ഫണ്ടുകളും സ്വീകരിക്കുന്നതിന് കുടുംബശ്രീയെ ചുമതല പ്പെടുത്താനും വിദേശത്തുനിന്നും സംഭാവനകൾ സ്വീകരിക്കുന്നതിനുവേണ്ടി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിൽ നിലവിലുള്ള അക്കൗണ്ട് ഉപയോഗിക്കാനും ലൈഫ് മിഷൻ യോഗത്തിൽ തീരുമാനമായിട്ടുണ്ട്. ജനകീയ പങ്കാളിത്തത്തോടെ പ്രാദേശികമായ സാമ്പത്തിക സഹായങ്ങൾ സ്വീകരിച്ച് വീടുകൾ പൂർത്തീകരിക്കുന്നതിന് ഒരു ജനകീയ മുന്നേറ്റം ഉണ്ടാകണമെന്നും അതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. വി. അബ്ദുറഹിമാൻ : സർ, ആയിരക്കണക്കിന് ജനങ്ങൾ വളരെ പ്രതീക്ഷയോടെ കാത്തുനിൽക്കുന്ന ഒരു പദ്ധതിയാണ് സമ്പൂർണ്ണ ഭവന പദ്ധതി. സ്വന്തമായി സ്ഥലമില്ലാത്ത നിരവധി പഞ്ചായത്തുകൾ ഇന്നുണ്ട്. പൊതു സമൂഹത്തിന്റെ സഹായത്തോടുകൂടി സ്ഥലം കണ്ടെത്തണം. ഈ പദ്ധതിക്കായി പൊതുസമൂഹം ആവശ്യമായ സ്ഥലം സംഭാവന നൽകിയാൽ എം.എൽ.എ.-മാരുടെ ഫണ്ട് ഇതിനുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയുമോ; അതോടൊപ്പം എത്ര വീടുകൾ ഓരോ നിയോജകമണ്ഡലത്തിനും അനുവദിക്കാൻ കഴിയും?

ഡോ. കെ. ടി. ജലീൽ : സർ, ഓരോ പഞ്ചായത്തിലും/നിയോജക മണ്ഡലത്തിലും എത്ര വീടുകൾ കൊടുക്കാൻ കഴിയുമെന്ന് സർവ്വേയുടെ അടിസ്ഥാനത്തിൽ മാത്രമാണ് പറയാൻ സാധിക്കുക. ഭൂരഹിതരും ഭവന രഹിതരുമായിട്ടുള്ള ആളുകളുടെ എണ്ണം അങ്ങയുടെ നിയോജക മണ്ഡലത്തിലുണ്ടെങ്കിൽ അവർക്കായി ഏത് സംവിധാനം ഉപയോഗിച്ച് ഭൂമി സംഘടിപ്പിച്ച് തന്നാലും ആ ഭൂമി പ്രയോജനപ്പെടുത്തി ഭവന സമുച്ചയം പണിയുന്നതിന് സർക്കാർ മുൻഗണന നൽകുന്നതാണ്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഭവനസമുച്ചയത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നത്?

ഡോ. കെ. ടി. ജലീൽ: സർ, ഭവനസമുച്ചയത്തിൽ അംഗൻവാടികൾ, പ്രാഥമികമായിട്ടുള്ള ഒരു ക്ലിനിക്, കളിക്കാനുള്ള ഗ്രൗണ്ട് തുടങ്ങി 300-ഓളം കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്ന ഒരു പ്രദേശത്ത് എന്തൊക്കെ സൗകര്യങ്ങളാണോ വേണ്ടത് അത്തരം സൗകര്യങ്ങളൊക്കെ ഒരുക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

ശ്രീ. കെ. ദാസൻ: സർ, എല്ലാവർക്കും ഭവന പദ്ധതി എന്ന സ്കീമിൽ നേരത്തെതന്നെ എ, ബി രീതിയിലുള്ള സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ കുടുംബശ്രീ മുഖേന സി, ഡി രീതിയിലുള്ള സർവ്വേകളാണ് പൂർത്തീകരിക്കുന്നത്. കേന്ദ്രഗവൺമെന്റ് തറയുടെ വിസ്തീർണ്ണം നേരത്തെ നിശ്ചയിച്ചത് 30 $M^2$ ആണ്. എന്നാൽ സംസ്ഥാന ഗവൺമെന്റ് അത് 60 $M^2$ ആയി ഉയർത്തിയിട്ടുണ്ട്. അങ്ങനെ വരുമ്പോൾ ഏതെങ്കിലുമൊരാൾ സന്നദ്ധ സംഘടനയുടെ സഹായം സ്വീകരിച്ച് കുറച്ചുകൂടി പണം ഈ പദ്ധതിയിൽ ഉപയോഗിക്കാൻ തയ്യാറായാൽ തറ വിസ്തീർണ്ണത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; CRZ-ഉം നഞ്ചയ്ക്കും പെർമിറ്റ് കിട്ടുന്നതിന് തടസ്സമുണ്ട്. പാവപ്പെട്ട ജനങ്ങൾക്ക് ഇതിൽ എന്തെങ്കിലും ഇളവ് അനുവദിക്കുമോ ?

ഡോ. കെ. ടി. ജലീൽ: സർ, കുടുംബശ്രീ നടത്തിയിട്ടുള്ള സർവ്വേ പൂർത്തിയായി വരികയാണ്. CRZ-ന്റെ പ്രയാസങ്ങളും നഞ്ചയുമായി ബന്ധപ്പെട്ട വിഷയങ്ങളും, ലൈഫ് പദ്ധതിയിൽ വീടുകൾ ഉണ്ടാക്കുന്നതിന് എങ്ങനെയാണ് അതിനെ മറികടക്കാൻ കഴിയുക എന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവപൂർവ്വം ആലോചിക്കുന്നതാണ്. അതോടൊപ്പം തന്നെ 600 സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടായാലുള്ള ബുദ്ധിമുട്ട് ഈ പണം കൊണ്ട് ഒരിക്കലും ആ വീട് നിർമ്മിക്കാൻ കഴിയില്ല എന്നുള്ളതാണ്. കൂടുതൽ സ്ക്വയർ ഫീറ്റിൽ വീടുകൾ ഉണ്ടാക്കിയതുകൊണ്ടാണ് നമ്മുടെ പല ഭവന പദ്ധതികളും വഴിക്കുവച്ച്

നിന്നുപോയതും താമസയോഗ്യമല്ലാതെ ഇപ്പോഴും നിലനിൽക്കുന്നതും. നിശ്ചിത സ്ക്വയർ ഫീറ്റിൽ വീടുകൾ ഉണ്ടാക്കണമെന്ന് നമ്മൾ നിഷ്കർഷ പുലർത്തിയില്ലെങ്കിൽ ഉണ്ടാക്കുന്ന വീട് പ്രയോജനപ്പെടുത്താൻ ബന്ധപ്പെട്ട ഗുണഭോക്താവിന് സാധിക്കാത്ത സാഹചര്യം ഉണ്ടാകും. സദുദ്ദേശപരമായി സർക്കാർ എടുത്തിട്ടുള്ള ഈ നടപടി അംഗീകരിക്കാനാണ് എല്ലാ ഗുണഭോക്താക്കളും ശ്രമിക്കേണ്ടത്.

ശ്രീ. എം. മുകേഷ്: സർ, സംസ്ഥാന സർക്കാരോ സന്നദ്ധ സംഘടനകളോ നിർമ്മിച്ച് നൽകിയിരുന്നതും കാലപ്പഴക്കംകൊണ്ട് അപകടാവസ്ഥയിലായി വാസയോഗ്യമല്ലാതായിത്തീർന്നിട്ടുള്ളതുമായ കെട്ടിട സമുച്ചയങ്ങൾ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിനോ, നവീകരിക്കാൻ കഴിയാത്തത് പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനോ ഇതിലൂടെ കഴിയുമോ?

ഡോ. കെ. ടി. ജലീൽ: സർ, അതേക്കുറിച്ച് ആലോചിച്ച് തീരുമാന മെടുക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നേരത്തെ വീടുകൾ നൽകിയിട്ടുണ്ടെങ്കിൽ, അത് കേടുപാടുള്ളതും വാസയോഗ്യമല്ലാത്തതുമാണെങ്കിൽ അത്തരം ആളുകൾ വീടില്ലാത്തവരുടെ കൂട്ടത്തിൽത്തന്നെ പരിഗണിക്കപ്പെടും. അതിന്റെ ഭാഗമായി വീടുകൾ നൽകുന്ന നടപടി ഉണ്ടാകും.

ശ്രീ. അനിൽ അക്കര: സർ, എല്ലാ പൗരന്മാർക്കും ഓരോ വീട് എന്നുള്ളത് നമ്മുടെ വലിയ ഒരു സ്വപ്നമാണ്. അതിനുവേണ്ടി ഇന്ദിരാ ആവാസ് യോജനയും എം.എൻ. ലക്ഷം വീട് പദ്ധതിയും ഇ.എം.എസ്. പാർപ്പിട പദ്ധതിയുമൊക്കെ നടപ്പിലാക്കി. ഇന്നത്തെ പ്രധാനപ്പെട്ട വിഷയം കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ ബ്ലോക്കിലും നേരത്തെ ഐ.എ.വൈ.-യ്ക്ക് കിട്ടിയിരുന്നത് 300 വീടുകളാണ്. എന്നാൽ ഇപ്പോഴത് 30 വീടിനുതാഴെയായി ചുരുങ്ങിയിരിക്കുകയാണ്. 4 ലക്ഷത്തോളം വീടുകൾക്ക് സബ്സിഡി കൊടുക്കണമെങ്കിൽ എണ്ണായിരം കോടി രൂപ വേണം. ഫ്ലാറ്റിലേയ്ക്ക് പോകണമെങ്കിൽ പതിനാറായിരം കോടി രൂപ വേണം. പഞ്ചായത്തുകൾ എടുത്ത ലോൺ തിരിച്ചടയ്ക്കണമെങ്കിൽ ഇന്നത്തെ അവസ്ഥയിൽ 2018 വരെ കാത്തുനിൽക്കണം. കേരള ബാങ്കിൽ നിന്ന് വായ്പ കിട്ടണമെങ്കിൽ 2019 വരെ കാത്തുനിൽക്കണം. ഇപ്പോഴത്തെ അവസ്ഥയിൽ നമുക്ക് വേണ്ടിവരുന്ന എണ്ണായിരം കോടി രൂപയിൽ ഗവൺമെന്റ് ഇതിലേയ്ക്ക് എത്ര തുക മാറ്റിവച്ചിട്ടുണ്ട്; ഇതിലേയ്ക്കാവശ്യമായ എത്ര തുക നമുക്ക് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ലൈഫ് മിഷൻ പദ്ധതിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭവനങ്ങൾക്കുള്ള വായ്പ സംസ്ഥാന സർക്കാർ മൊത്തമായെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന സംഖ്യയുടെ പലിശ ഗവൺമെന്റ് അടയ്ക്കുന്നതാണ്. ക്യാപ്പിറ്റൽ എമൗണ്ടിലേയ്ക്ക് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും 25 ശതമാനത്തിൽ കൂടാത്ത പ്ലാൻ ഫണ്ടിന്റെ വിഹിതം പ്രതിവർഷം തിരിച്ചടയ്ക്കേണ്ടതാണ്. ഇതാണ് ഇതിന്റെ ധനസമാഹരണവുമായി ബന്ധപ്പെട്ട കാര്യം.

ശ്രീ. എ. എം. ആരിഫ്: സർ, കുടുംബശ്രീയുടെ സർവ്വേ ഫെബ്രുവരി 18, 19 തീയതികളിൽ നടത്തുകയുണ്ടായി. അതിനുശേഷം ചില സ്ഥലങ്ങളിൽ ഗ്രാമസഭകൾ കൂടുകയും ചിലസ്ഥലങ്ങളിൽ കൂടാതിരിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭകൾ കൂടാത്ത സ്ഥലങ്ങളിൽ അർഹതപ്പെട്ട പലരും ഇതിൽ പരിഗണിക്കപ്പെടാതെ പോയിട്ടുണ്ട്. എന്നാൽ ഇത് അറിഞ്ഞുകേട്ട് സർവ്വേയിൽ അല്ലെങ്കിൽ ഗ്രാമസഭകളിൽ പങ്കെടുത്തിട്ടുമുണ്ട്. അത്തരത്തിൽ വിട്ടുപോയിട്ടുള്ളവരെ പഞ്ചായത്ത് കമ്മിറ്റിക്ക് സർവ്വേയിൽ ഉൾപ്പെടുത്താനുള്ള അധികാരമുണ്ടോ; അവിടെ ഇതിനുള്ള അപ്പീൽ സംവിധാനങ്ങളുണ്ടോ; അത് എവിടെവരെയായി; സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, വെളിയിട വിസർജ്ജനമുക്ത പദ്ധതി തുടങ്ങിയവയ്ക്ക് എം.എൽ.എ.-മാരുടെ മേൽനോട്ടത്തിൽ ഒരു സംവിധാനമുണ്ടായിരുന്നു. മണ്ഡലാടിസ്ഥാനത്തിൽ ഇത്തരമൊരു സംവിധാനം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, കുടുംബശ്രീയുടെ സർവ്വേയിൽ വിട്ടുപോയിട്ടുള്ള ആളുകളെ ഇതിലേയ്ക്ക് കൊണ്ടുവരുന്നതിന് രണ്ട് അപ്പീൽ സംവിധാനങ്ങളുണ്ട്. പഞ്ചായത്ത് സെക്രട്ടറിക്ക് നേരിട്ട് ബന്ധപ്പെട്ട് ഗുണഭോക്താവിന് അപ്പീൽ നൽകാം. പ്രസ്തുത അപ്പീലിന്റെ സമയത്ത് അത് ശ്രദ്ധയിൽപ്പെട്ടില്ലെങ്കിൽ പിന്നീട് ജില്ലാതലത്തിൽ അപ്പീൽ കമ്മിറ്റിയുണ്ട്. കളക്ടർക്ക് നേരിട്ട് അപ്പീൽ നൽകാവുന്നതാണ്. അതിനുള്ള സാധ്യത വളരെ അപൂർവ്വമായിരിക്കുമെന്നാണ് കരുതുന്നത്. കാരണം 129,910 പേരെയാണ് കുടുംബശ്രീ സർവ്വേ ചെയ്തത്. ഡാറ്റാ എൻട്രി 632,000 നടത്തിയപ്പോൾ 281,592 പേരാണ് എലിജിബിളായി കണ്ടെത്തിയിരിക്കുന്നത്. അഥവാ നടത്തിയതിന്റെ 45 ശതമാനമാണ് എലിജിബിളായിട്ട് ഇപ്പോൾ ലിസ്റ്റിൽ വന്നിരിക്കുന്നത്. ഏതെങ്കിലും കേസുകൾ അങ്ങനെ വിട്ടുപോയിട്ടുണ്ടെങ്കിൽ അപ്പീൽ മുഖാന്തരം അവർക്ക് ഈ ലിസ്റ്റിൽ ഉൾപ്പെടാൻ രണ്ട് അവസരങ്ങളാണ് നൽകിയിരിക്കുന്നത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പഴയ കാലത്ത് വീട് ഇല്ലാത്തവരുടെ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ലക്ഷം വീട് കോളനി, നാലുസെന്റ് കോളനി തുടങ്ങിയ വീടുകൾ നൽകിയിട്ടുണ്ട്. ഇപ്പോൾ ഇവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള പണം പഞ്ചായത്തിന്റെ കൈവശമില്ല. ചില വീടുകളിൽ രണ്ട് കുടുംബങ്ങളാണ് താമസിക്കുന്നത്; എന്റെ നിയോജകമണ്ഡലത്തിൽ ഇങ്ങനെയുള്ള എട്ടോളം കോളനികളുണ്ട്. പഞ്ചായത്തിന് പണം വകയിരുത്താൻ നിവൃത്തിയില്ല. ഈ വീടുകളൊക്കെ 1960-70 വർഷങ്ങളിൽ കൊടുത്തവയാണ്. ലൈഫ് മിഷന്റെ ഭാഗമായി ഇത്തരം വീടുകൾ നവീകരിക്കാൻ അല്ലെങ്കിൽ പുതിയത് നിർമ്മിക്കാൻ സാധിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, വാസയോഗ്യമല്ലാത്ത വീടുകളാണെങ്കിൽ തീർച്ചയായും ലൈഫ് മിഷനിൽ ഉൾപ്പെടുത്തുന്നതായിരിക്കും.

<u>ശ്രീ. കെ. ബാബു</u>: സർ, കേന്ദ്രാവിഷ്കൃത ഭവന പദ്ധതിയായ പി.എം.എ.വൈ. ഇനത്തിൽ ഈ സാമ്പത്തിക വർഷത്തിൽ എത്ര വീടുകൾക്കുള്ള ധനസഹായമാണ് ലഭിച്ചിട്ടുള്ളത്?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, പി.എം.എ.വൈ. പദ്ധതി പ്രകാരം അർബൻ, റൂറൽ എന്നിവയാണ് ഉൾപ്പെടുന്നത്. കേന്ദ്രസർക്കാരിന്റെ പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 32,559 പേർക്കുള്ള ഭവനസഹായമാണ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിട്ടുള്ളത്. അതിൽ 12,000 അപേക്ഷകർ മാത്രമേ ഇപ്പോഴുള്ളൂ. അതിന്റെ കാരണമെന്താണെന്നുള്ളത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന് പഠിക്കേണ്ടതായുണ്ട്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ലൈഫ് മിഷനിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് എന്റെ നിയോജകമണ്ഡലത്തിൽ പുത്തൂർ റോട്ടറി ക്ലബ്ബ് ഇപ്പോൾ ഒരേക്കറിലധികം സ്ഥലം വാങ്ങി കുറച്ച് ആൾക്കാർക്ക് വീടുനിർമ്മിച്ച് നൽകാനുള്ള സംരംഭം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഒരു തൊഴിൽ യൂണിറ്റും ഇതിൽ ഉൾപ്പെടുന്നുണ്ട്. പൂർത്തിയാകാത്ത വീടുകൾ പൂർത്തീകരിച്ച് കൊടുത്തിട്ടുണ്ട്. ഇത്തരം ആൾക്കാരെ ലൈഫ് മിഷന്റെ ഭാഗമായി കൊണ്ടുവരികയും കൂടുതൽ ആൾക്കാരെ ഇതിലേയ്ക്ക് ആകർഷിക്കുകയും അവർക്ക് ഇതുവഴി എന്തെങ്കിലും പ്രോത്സാഹനമോ അംഗീകാരമോ നൽകാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ലൈഫ് മിഷൻ പദ്ധതിയുമായി സഹകരിക്കാൻ താൽപ്പര്യമുള്ള മുഴുവൻ ആളുകളുടെയും എല്ലാ തരത്തിലുള്ള സഹായങ്ങളും പ്രയോജനപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, എന്റെ നിയോജകമണ്ഡലമായ മുട്ടത്തറയിൽ രണ്ടേക്കർ സ്ഥലത്ത് വികലാംഗ കോളനിയിൽ താമസിക്കുന്ന ആളുകൾക്കുവേണ്ടി 95 വീടുകൾ നിർമ്മിക്കാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നഗരസഭയ്ക്ക് സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; ഈ വിഷയം സംബന്ധിച്ച് ഞാൻ അങ്ങേയ്ക്ക് കത്ത് നൽകുകയുണ്ടായി. കൂടാതെ, ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുത്ത് നൽകുന്നത് ആരാണ്; പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും ഗവൺമെന്റ് നേരിട്ട് സ്ഥലം ഏറ്റെടുത്ത് ഗവൺമെന്റ് തന്നെ അവർക്ക് വീട് നിർമ്മിച്ച് നൽകുമോ; ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്?

ഡോ. കെ. ടി. ജലീൽ: സർ, ഗവൺമെന്റിന്റെ കൈവശം സ്ഥലമുണ്ടെങ്കിൽ തീർച്ചയായും ആ സ്ഥലം പ്രയോജനപ്പെടുത്തും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശം സ്ഥലമുണ്ടെങ്കിൽ അവരത് ഭവന നിർമ്മാണത്തിനായി തരാൻ തയ്യാറാണെങ്കിൽ അവിടെ ഭവന സമുച്ചയങ്ങൾ പണിയുന്നതിന് പ്രയോജനപ്പെടുത്തും. അങ്ങ് പറഞ്ഞ കാര്യം തീർച്ചയായും പരിഗണിക്കുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ലൈഫ് മിഷൻ പദ്ധതി ഈ ഗവൺമെന്റിന്റെ മുഖമുദ്രയാണ്. വീട് ഇല്ലാത്തവർക്കും ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെടുന്ന വാസയോഗ്യമായ വീടില്ലാത്തവർക്കും പ്രസ്തുത പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇതുവരെ വീടില്ലാത്തവർക്ക് സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് നൽകുക എന്നുള്ളതാണ് ലൈഫ് മിഷൻ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിച്ചതുപോലെ, സർക്കാരിന്റെ പല ലക്ഷം വീട് കോളനികളും 50-60 വർഷങ്ങൾ പഴക്കമുള്ള താമസയോഗ്യമല്ലാത്ത അവസ്ഥയിലാണുള്ളത്. പ്രസ്തുത പദ്ധതിയിൽ വീടില്ലാത്തവർക്ക് വീടും പഞ്ചായത്ത് കേന്ദ്രീകരിച്ച് ഫ്ലാറ്റും നിർമ്മിച്ച് നൽകുന്നതോടോപ്പം ഇത്തരം കേന്ദ്രങ്ങളിൽ കൂടി വീട് നിർമ്മിച്ച് നൽകിയില്ലെങ്കിൽ സ്വാഭാവികമായും വലിയ ബുദ്ധിമുട്ടുകൾ നേരിടും. ഇപ്പോൾ വീട് നിർമ്മിച്ച് നൽകുന്ന സ്ഥലങ്ങളിൽ ഇവരെ കൊണ്ടുവന്ന് താമസിപ്പിക്കാൻ സാധിക്കില്ല. ആയതിനാൽ അതുസംബന്ധിച്ച് ഒരു വ്യക്തതയുണ്ടാകണം.

ഡോ. കെ. ടി. ജലീൽ: സർ, വീടുകൾ വാസയോഗ്യമല്ലെങ്കിൽ തീർച്ചയായും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുന്നതായിരിക്കും.

ശ്രീ. പി. സി. ജോർജ്: സർ, പഞ്ചായത്ത് മുഖാന്തരം നിർമ്മിച്ച ലക്ഷം വീട് കോളനികളിൽ യഥാർത്ഥ ഉടമസ്ഥരല്ലാതെ മറ്റ് ആളുകൾ വർഷങ്ങളായി താമസിക്കുന്നുണ്ട്. എല്ലാ കോളനികളിലും ഇതുപോലെ സംഭവിക്കുന്നുണ്ട്. അവർക്ക് വീട് നിർമ്മിച്ച് നൽകാൻ സാധിക്കുന്നില്ല. ഇതുസംബന്ധിച്ച് എന്തെങ്കിലും ക്രിയേറ്റീവായ ഒരു തീരുമാനമെടുക്കാൻ സാധിക്കുമോ; പ്രത്യേകിച്ച്, 12-16 കൊല്ലം കഴിഞ്ഞവരാണ് ആ കോളനികളിൽ താമസിക്കുന്നത്. ഇപ്പോൾ താമസിക്കുന്നവർക്ക് വീടിന്റെ അവകാശം നൽകാനുള്ള സംവിധാനത്തെപ്പറ്റി ആലോചിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു ഭവനം, അതാണ് ഈ ഭവനപദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, ശ്രീ. പി. സി. ജോർജ് ചോദിച്ച ചോദ്യത്തിന് കൃത്യമായ മറുപടിയല്ല ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതെന്നാണ് എനിക്ക് തോന്നുന്നത്. പഴയ ലക്ഷം വീട് കോളനികളിൽ ഇപ്പോൾ വാസയോഗ്യമല്ലാത്ത ധാരാളം വീടുകളുണ്ട്. എന്നാൽ ആ സ്ഥലം അവരുടെ പേരിലല്ലാത്തതിനാൽ അവർക്ക് ധനസഹായം കൊടുക്കാൻ സാധിക്കില്ല. അതുകൊണ്ട് താമസിക്കുന്ന ആളുകൾക്ക് തന്നെ ആ സ്ഥലം കൊടുക്കാൻ ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു ഭവനം എന്നാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്.

ശ്രീ. പി. ടി. എ. റഹീം: സർ, സ്ഥലം അവരുടെ പേരിലല്ല, അത് കൈമാറിപ്പോയി.

ഡോ. കെ. ടി. ജലീൽ: സർ, ഇക്കാര്യം പ്രത്യേകമായി പരിശോധിച്ച് അർഹരാണെങ്കിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അതിനാവശ്യമായ സൗകര്യം ഒരുക്കിക്കൊടുക്കുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, വളരെ ദയനീയമായ അവസ്ഥയാണ് ഒരു ചുമരിന്റെ മറയിൽ രണ്ട് കുടുംബങ്ങൾ അപ്പുറവും ഇപ്പുറവും താമസിക്കുന്നത്. അത് ഒറ്റ വീടാക്കി കൊടുക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുമെന്ന് സൂചിപ്പിച്ചെങ്കിലും ഇതുവരെ നടന്നിട്ടില്ല. കഴിഞ്ഞ പ്രാവശ്യം ഒരു പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തും എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടും സംയോജിപ്പിച്ചുകൊണ്ട് ഒറ്റ വീടാക്കി കൊടുക്കാനുള്ള സംവിധാനമുണ്ടായിരുന്നു. ചില പഞ്ചായത്തുകളിൽ വളരെ ദയനീയമായ സ്ഥിതി നിലനിൽക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് അനുകൂല നിലപാട് സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ലൈഫ് മിഷൻ പദ്ധതിയെക്കുറിച്ച് ധാരാളം ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി പ്രകാരം മൂന്നുനാല് തരക്കാർക്കാണ് ഇതിൽ ഉൾപ്പെടാൻ സാധിക്കുക. ഒന്ന് ഇവിടെ സൂചിപ്പിച്ചതുപോലെ, സ്ഥലമുണ്ട് വീട് ഇല്ലാത്തവരാണ്. അങ്ങനെയുള്ളവർക്ക് പ്രസ്തുത പദ്ധതിയിൽ അപേക്ഷിക്കാം. മറ്റൊന്ന്, വീട് ഉണ്ട്, എന്നാൽ വാസയോഗ്യമായ വീടല്ല. അങ്ങനെയുള്ളവർക്ക് പ്രസ്തുത പദ്ധതി പ്രകാരം അത് പുതുക്കി പണിയുന്നതിനുള്ള അപേക്ഷ നൽകാം. അതോടൊപ്പം നേരത്തെ ചില പദ്ധതികളുടെ ഭാഗമായി വീട് അനുവദിച്ചിരുന്നു. അനുവദിച്ച വീട് ഇപ്പോൾ താമസയോഗ്യമല്ല. അവർക്ക് വീട് പുതുക്കിപണിയേണ്ടതായുണ്ട്. എന്നാൽ ഇവിടെ പറഞ്ഞത് പ്രത്യേക പ്രശ്നമാണ്. ലക്ഷം വീട് പദ്ധതിയുടെ ഭാഗമായി ഇരട്ട വീട് ഒന്നാക്കുക എന്നത് നേരത്ത അംഗീകരിച്ച ഒരു കാര്യമാണ്. അത് നടപ്പായില്ലെങ്കിൽ അതുംകൂടി ഇതിന്റെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്. അങ്ങനെയുള്ള വീടുകൾ വളരെ കുറച്ച് മാത്രമേയുള്ളൂ. പിന്നീടുള്ളത് ഭൂമിയും വീടും ഇല്ലാത്തവരാണ്. അവിടെയാണ് ഭവന സമുച്ചയത്തിന്റെ പ്രശ്നം വരുന്നത്. അവരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ തുടങ്ങിയവർക്കെല്ലാം പ്രത്യേകം പരിഗണന നൽകിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കപ്പെടുന്നത്. ഇത് സമഗ്രമായ ഭവന നിർമ്മാണ പദ്ധതിയായിരിക്കും.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ ഫണ്ട്

5 (*275) ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ ഫണ്ട് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് പ്രൊഫ.സുശീൽ ഖന്ന എന്തെങ്കിലും ശിപാർശ നൽകിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തു തീരുമാനം എടുത്തുവെന്ന് വ്യക്തമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) കെ.എസ്.ആർ.ടി.സി.-യിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരുന്ന പ്രൊഫ. സുശീൽ ഖന്നയുടെ പൂർണ്ണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് 1-4-2017-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ ചർച്ച ചെയ്യതിൽ, പെൻഷൻ പ്രായം 58 ആയി ഉയർത്തുന്നതുവഴി അടിയന്തരമായി ഉണ്ടാകുന്ന ചെലവ് കുറയ്ക്കുവാൻ കഴിയുമെന്നും ഒരു പുതിയ പെൻഷൻ ഫണ്ട് രൂപീകരിക്കണമെന്നും പരാമർശിച്ചിട്ടുണ്ട്.

(സി) ഈ വിഷയം പരിശോധിച്ചുവരുന്നു.

### സ്റ്റേജ് ക്യാരേജുകൾക്ക് ജി.പി.എസ്.

6(*276) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിലേതുൾപ്പെടെയുള്ള സ്റ്റേജ് ക്യാരേജുകൾക്ക് ജി.പി.എസ്. സംവിധാനത്തിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വാഹനങ്ങളുടെ അമിതവേഗം, റൂട്ട് മാറിയുള്ള യാത്ര തുടങ്ങിയവ നിരീക്ഷിക്കാനും നിയന്ത്രിക്കാനും പ്രസ്തുത സംവിധാനം ഉപയുക്തമാവുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന്റെകൂടി ഭാഗമായി ഇതുസംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ&ബി) ഉണ്ട്. ജി.പി.എസ്. അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ രൂപവത്ക്കരിച്ച കമ്മിറ്റിയുടെ തീരുമാനപ്രകാരം കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC-നെ Consultant-cum-Service Provider ആയി നിയമിച്ചു. പദ്ധതിയുടെ മൊത്തം അടങ്കൽ തുക 6.41 കോടി രൂപയാണ്. തിരുവനന്തപുരത്ത് ഒരു മാസ്റ്റർ കൺട്രോൾ റൂം, 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഓരോ മിനി കൺട്രോൾ റൂം, State Date Centre-ൽ സെർവർ എന്നിവ പദ്ധതിയുടെ ഭാഗമായി സജ്ജീകരിക്കുന്നുണ്ട്. ഇതിനായുള്ള ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. പ്രാരംഭ ഘട്ടത്തിൽ 16000 സ്റ്റേജ് ക്യാരേജുകളാണ് നിരീക്ഷണ വിധേയമാക്കുക. റൂട്ട് മാറിയോടൽ, യാത്ര പാതി വഴി അവസാനിപ്പിക്കൽ, അമിത വേഗത മുതലായ നിയമ ലംഘനങ്ങൾ തടയുവാൻ ഇതിനാൽ സാധിക്കും. എല്ലാ നിയമ ലംഘനങ്ങൾക്കും കൺട്രോൾ റൂമിൽ അറിയിപ്പ് ലഭിക്കുന്നതാണ്.

(സി) ഉണ്ട്. ഒരു വാഹനം അമിത വേഗതയിലോ, റൂട്ട് മാറിയോ, സമയക്രമം തെറ്റിച്ചോ സർവ്വീസ് നടത്തിയാൽ ഇത്തരം സർവ്വീസ് നടത്തിയ വാഹനങ്ങളുടെ സർവ്വീസ് വിവരങ്ങൾ പരിശോധിച്ച് കണ്ടുപിടിക്കാൻ ഈ സംവിധാനം ഉപയുക്തമാവും. അതോടൊപ്പം അപകടകരമായ ഡ്രൈവിംഗ് കുറയ്ക്കുകയും ചെയ്യും. ഇതിനായുള്ള നടപടികൾ പ്രതീക്ഷിത വേഗതയിൽ മുന്നോട്ടുപോകുന്നുണ്ട്.

## നെൽകൃഷിയിലെ ഉല്പാദന വർദ്ധനവിന് സ്വീകരിക്കുന്ന നടപടികൾ

7(*277) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയിലെ ഉല്പാദനവർദ്ധനവിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) നെൽകൃഷിക്ക് അനുയോജ്യമായ വിത്തുകളും ആവശ്യത്തിന് വളവും ലഭ്യമാക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്താമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സഹകരണ സംഘങ്ങൾക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകാൻ സാധിക്കുമോ; എങ്കിൽ എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട്; വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി 2017-18 വർഷം 7000 ലക്ഷം രൂപയുടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:-

1. സുസ്ഥിര നെൽകൃഷി വികസനം
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം
4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി
5. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ഡാറ്റാ ബാങ്ക് വാലിഡേഷൻ
6. കരനെൽകൃഷി വികസനം
7. തരിശുനിലങ്ങളിൽ നെൽകൃഷി
8. തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് തല അവാർഡ്
9. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കായുള്ള ധനസഹായം
10. നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടി-സ്ഥാനത്തിലുള്ള നെൽകൃഷി വികസനത്തിനുള്ള ധനസഹായം
11. നെൽവർഷത്തോടനുബന്ധിച്ച് നെൽകൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം

12. പദ്ധതി പ്രവർത്തനത്തിനായുള്ള ധനസഹായം

13. രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി

14. ബ്ലോക്ക് തലത്തിലുള്ള സംയോജനത്തിനായി പദ്ധതി അധിഷ്ഠിത സഹായം

15. നെല്ല് പ്രാദേശികമായി സംസ്കരണം നടത്തുന്നതിന് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി.

(ബി) നെൽകൃഷിക്ക് അനുയോജ്യമായ വിത്തുകൾ രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി പ്രകാരം, സർട്ടിഫൈഡ് വിത്തുകൾ കേരളാ സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന കർഷകർക്ക് ലഭ്യമാക്കി വരുന്നു.

നെൽകൃഷിക്ക് ആവശ്യമായ വളം സംസ്ഥാനത്തുള്ള വളം ഡീലർമാർ വഴി സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നു. സംസ്ഥാനത്ത് 90% മണ്ണും അമ്ലത്വമുള്ള താണെന്ന് മണ്ണ് പരിശോധനയിലൂടെ കണ്ടെത്തിയിട്ടുണ്ട്. ആയതിൽ നെൽ കൃഷിക്ക് കുമ്മായ വസ്തുക്കൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. 'സോയിൽ അമിലിയറൻസ് ഇൻ സെലക്റ്റഡ് ഡിസ്ട്രിക്റ്റ്സ് എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് 5,400 രൂപ 75% സബ്സിഡി നിരക്കിൽ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ കുമ്മായം സർവ്വീസ് സഹകരണ ബാങ്കുകൾ വഴി പെർമിറ്റ് പ്രകാരം കൃഷിക്കാർക്ക് ലഭ്യമാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ കൃഷി ആഫീസർമാർക്ക് നൽകിയിട്ടുണ്ട്.

(സി) സവിശേഷ നെൽ ഇനങ്ങൾ ഉൾപ്പെടെയുള്ള അരിയുടെ പ്രാദേശിക സംസ്കരണത്തിനായി മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപയുടെ പദ്ധതി ഉൾപ്പെടുന്ന റൈസ് ഡെവലപ്മെന്റ് പ്രോഗ്രാം 2017-18 എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി ഗുണഭോക്താക്കളായി സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ, രജിസ്റ്റേർഡ് സംഘങ്ങൾ, പാടശേഖര സമിതികൾ ശിപാർശ ചെയ്യുന്ന വ്യക്തികളെയും ഉൾപ്പെടുത്തുന്നതാണ്. പ്രോജക്ടടിസ്ഥാനത്തിൽ നഗരാതിർത്തിയിലും ഗ്രാമതലത്തിലും ഇത്തരം റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

## നെൽകൃഷി ലാഭകരമാക്കാൻ നടപടി

8(*278) ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. ആർ. രാജേഷ് :

ശ്രീ. ഡി. കെ. മുരളി :

ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി ലാഭകരമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനും എന്തെല്ലാം മാർഗ്ഗങ്ങളാണുള്ളത് ;

(സി) കൃഷിഭവനുകൾ മുഖേന യന്ത്രവൽക്കരണവും അവയുടെ കാര്യക്ഷമമായുള്ള പരിപാലനവും ഉപയോഗവും നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ഡി) യഥാസമയം തൊഴിലാളികളുടെ സേവനം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ പദ്ധതിയുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി 2017-18 വർഷം 7000 ലക്ഷം രൂപയുടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:-

1. സുസ്ഥിര നെൽകൃഷി വികസനം :-

   ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1,500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേയ്ക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

2. വികസന ഏജൻസികൾക്കുള്ള ഫണ്ട് :-

   നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം :-

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, മറ്റിനങ്ങൾ) വികസനത്തിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി:-

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ (പരമാവധി 50,000 രൂപ ഒരു പാടശേഖരത്തിന്) 300 ലക്ഷം രൂപ 83333.3 ഹെക്ടർ പ്രദേശത്തേയ്ക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

5. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2008:-

ഡാറ്റാ ബാങ്ക് വാലിഡേഷൻ കെ.എസ്.ആർ.ഇ.സി.-യുടെ സഹകരണത്തോടെ പഞ്ചായത്തുകളിൽ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ വാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 2017-18 വർഷം ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. കരനെൽകൃഷി വികസനം:-

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13,600 രൂപ സബ്സിഡി) 350 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

7. തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് ഈ വർഷം ഒരു ഹെക്ടറിന് 30,000 രൂപ നിരക്കിൽ പുതുതായി 2957 ഹെക്ടറിന് (25,000 രൂപ കർഷകനും 5,000 രൂപ ഭൂ ഉടമയ്ക്കുമായി) 887 ലക്ഷം രൂപയും 2016-17 വർഷം നടപ്പിലാക്കിയ തരിശുനില നെൽകൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ ധനസഹായം (2900 ഹെക്ടർ) ഹെക്ടറിന് 7,000 രൂപ (5,800 രൂപ കർഷകനും 1,200 രൂപ ഭൂ ഉടമയ്ക്കും) നിരക്കിൽ നൽകുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1090 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് തല അവാർഡ്:-

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഏറ്റവും നല്ല പ്രോജക്ടടിസ്ഥാന നഗരപ്രദേശ നെൽകൃഷി എന്നിവയ്ക്കായി അവാർഡ് നൽകുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കായുള്ള ധനസഹായം:-

ഹെക്ടറിന് 10,000 രൂപ ധനസഹായ നിരക്കിൽ 1500 ഹെക്ടറിന് 150 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

10. നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിലുള്ള നെൽകൃഷി വികസനത്തിനുള്ള ധനസഹായം:-

ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

11. നെൽവർഷത്തോടനുബന്ധിച്ച് നെൽകൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം:-

ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 262 ലക്ഷം രൂപ വകയിരുത്തയിട്ടുണ്ട്.

12. പദ്ധതി പ്രവർത്തനത്തിനായുള്ള ധനസഹായം:-

ഇതിലേയ്ക്കായി 58 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

13. രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി:-

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

14. ബ്ലോക്ക് തലത്തിലുള്ള സംയോജനത്തിനായി പദ്ധതി അധിഷ്ഠിത സഹായം- 1200 ലക്ഷം രൂപ

15. റൈസ് മില്ല് (300 ലക്ഷം രൂപ).

(ബി) നിലവിലെ സമഗ്ര നെൽകൃഷി വികസന പദ്ധതി ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനാൽ 20-40% വരെ ചെലവുകൾ കുറയ്ക്കുവാൻ കഴിയുന്നു. കൂടാതെ കാർഷിക യന്ത്രവൽക്കരണം പാടശേഖരാടിസ്ഥാനത്തിൽ നടപ്പിലാക്കുകവഴി ഉല്പാദന ചെലവ് വീണ്ടും കുറയ്ക്കുവാൻ കഴിയുന്നതാണ്. പാടശേഖരാടിസ്ഥാനത്തിൽ കൃത്യസമയത്തുള്ള ജലസേചനം, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കൽ എന്നിവ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായകരമായ മാർഗ്ഗങ്ങളാണ്.

(സി) പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിൽ നെൽകൃഷി മേഖലയിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ SMAM, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾ, ജില്ലാ കാർഷിക എഞ്ചിനീയറിംഗ് കാര്യാലയത്തോടനുബന്ധിച്ച് കസ്റ്റം ഹയറിംഗ് സെന്റർ തുടങ്ങിയ സ്കീമുകളിൽ യന്ത്രവൽക്കരണം നടപ്പിലാക്കി വരുന്നു. കൂടാതെ

കോൾനില വികസന പദ്ധതിയുടെ ഭാഗമായി രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) ധനസഹായത്തോടെ 27.45 കോടി രൂപയുടെ കാർഷിക യന്ത്രവൽക്കരണ പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ കാർഷിക യന്ത്രവൽക്കരണം ശക്തിപ്പെടുത്താൻ 3 മേഖലകളാക്കി തിരിച്ച് 3 ഫാം ഫെസിലിറ്റേഷൻ സെന്റർ കണ്ണൂർ, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

പാടശേഖര സമിതികൾക്ക് നൽകുന്ന കാർഷിക യന്ത്രങ്ങൾ മറ്റ് പാടശേഖരങ്ങളുടെ ആവശ്യത്തിനായി ഉപയോഗിക്കുന്നത് കാരണം നെൽ കർഷകർക്ക് അധിക വരുമാനവും ലഭ്യമാകുന്നു. കൂടാതെ സംസ്ഥാനത്ത് 200 കാർഷിക കർമ്മസേനകൾ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ 2015-16 വർഷം രൂപീകരിക്കുകയും ഇതിൽ 100 പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വീതം ധനസഹായത്തോടുകൂടി യന്ത്രസാമഗ്രികൾ നൽകുകയുമുണ്ടായി. 2016-17 വർഷം കാർഷിക കർമ്മസേനകളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി പ്രോജക്റ്റ് അടിസ്ഥാനത്തിൽ 10 ലക്ഷം രൂപ വീതം 30 മികച്ച കൃഷിഭവനുകൾക്ക് നൽകാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഈ വർഷം 20 മികച്ച കർമ്മസേനകൾക്ക് പ്രോജക്ടടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 10 ലക്ഷം രൂപ വീതം 200 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇവയ്ക്ക് പുറമേ സംസ്ഥാനത്ത് തെരഞ്ഞെടുത്ത 64 ബ്ലോക്കുകളിൽ അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുകവഴി കാർഷിക മേഖലകളിൽ യന്ത്രവൽക്കരണത്തിലൂടെ കൃഷിച്ചെലവ് ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചു. നിലമൊരുക്കൽ മുതൽ വിളവെടുപ്പ് വരെയുള്ള കാർഷിക പ്രവൃത്തികൾ അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ, കസ്റ്റം ഹയറിംഗ് സെന്റർ എന്നിവയുടെ ഇടപെടൽവഴി യന്ത്രവൽക്കരണത്തിലൂടെ നെൽകൃഷിയുടെ ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുള്ള സേവനങ്ങൾ നൽകുന്നു.

(ഡി) കാർഷിക മേഖലയിൽ തൊഴിലാളികളുടെ സേവനം കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനത്തിലൂടെ ഉറപ്പുവരുത്താൻ കഴിഞ്ഞു. കൂടാതെ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന് [നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ (NIC)] സഹായത്തോടെ ASHA SOFTWARE വികസിപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ മാസ്റ്റർ ട്രെയിനേഴ്സിന് പരിശീലനം നൽകിക്കഴിഞ്ഞു. മാസ്റ്റർ ട്രെയിനേഴ്സ് വഴി എല്ലാ കാർഷിക കർമ്മസേനകൾക്കും അഗ്രോ സർവ്വീസ് സെന്ററുകൾക്കും പരിശീലനം നൽകി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി നടപ്പിൽവരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. യഥാസമയം തൊഴിലാളികളുടെ സേവനം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ ഈ നടപടികൾ ഫലപ്രാപ്തിയിലെത്തുന്നതോടുകൂടി സാധിക്കുന്നതാണ്.

## കൃഷിഫാമുകളുടെ നവീകരണം

9(*279) ശ്രീ. കെ. ബാബു :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ, വിത്തുകൾ തുടങ്ങിയവയുടെ അപര്യാപ്തത ഉല്പാദനക്ഷമതയ്ക്ക് വെല്ലുവിളി ഉയർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത വിപണിയിൽ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്തെ കൃഷി ഫാമുകൾ നവീകരിച്ച് ഗുണമേന്മയുള്ള വിത്ത് ഉല്പാദന കേന്ദ്രങ്ങളായും ഹൈടെക് ഫാമിംഗിനായുള്ള നൂതന കാർഷിക സാങ്കേതികവിദ്യയുടെ പ്രചരണ കേന്ദ്രങ്ങളായും മാറ്റുവാൻ നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ&ബി) ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ സർക്കാർ അധികാരമേറ്റശേഷം ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുവാനായി ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൃഷി ഫാമുകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അതിൻപ്രകാരം കൃഷി വകുപ്പിന്റെ 8 കോക്കനട്ട് നഴ്സറികളിൽ കൂടി ഗുണമേന്മയുള്ള നെടിയ ഇനം തെങ്ങിൻതൈകൾ, റ്റി x ഡി, ഡി x റ്റി ഉൾപ്പെടെ സങ്കരയിനം തെങ്ങിൻതൈകൾ, CGD, COD, MYD ഉൾപ്പെടെ കുറിയയിനം തെങ്ങിൻതൈകൾ എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കർഷകർക്കാവശ്യമായ വിവിധയിനം നെൽ വിത്തുകൾ (എഫ്.എസ്. II) 33 സംസ്ഥാന വിത്തുല്പാദക കേന്ദ്രങ്ങൾ വഴിയും, കൃഷി വകുപ്പിന്റെ കീഴിലുള്ള 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ മുഖേന വേരുപിടിപ്പിച്ച കുരുമുളക് തൈകൾ, വിവിധയിനം മാവ്, പ്ലാവ്, സപ്പോട്ട എന്നിവയുടെ ഗ്രാഫ്റ്റുകൾ, ജാമ്പ, പപ്പായ, പേര, മുരിങ്ങ എന്നിവയുടെ തൈകൾ, അലങ്കാരച്ചെടികൾ, പച്ചക്കറി തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം മോഡൽ ഫ്ലോറികൾച്ചർ & ബയോടെക്നോളജി ലാബ് മുഖേന ടിഷ്യൂകൾച്ചർ വാഴത്തൈകളും ഓർക്കിഡും കണ്ണൂർ തളിപ്പറമ്പ് ജില്ലാകൃഷിത്തോട്ടം, അഞ്ചൽ ജില്ലാകൃഷിത്തോട്ടം എന്നിവയിലൂടെ ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ വാഴത്തൈകളും ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

ഈ ഉല്പന്നങ്ങൾ പ്രധാനമായും കൃഷി ഭവൻ വഴിയും ഫാമിൽനിന്ന് നേരിട്ടും കൃഷി വകുപ്പിന്റെ സെയിൽസ് കൗണ്ടർ വഴിയും കൃഷിക്കാർക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ കേരള കാർഷിക സർവ്വകലാശാല, CPCRI, CTCRI, VFPCK എന്നീ സ്ഥാപനങ്ങൾ വഴിയും ഗുണമേന്മയുള്ള മേൽത്തരം നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

(സി) സംസ്ഥാനത്തെ കൃഷി ഫാമുകൾ നവീകരിച്ച് മാതൃകാ വിത്തുല്പാദന തോട്ടങ്ങളാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സംയോജിതകൃഷി, മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം, കണിക ജലസേചനം പോലുള്ള ആധുനിക ജലസേചന മാർഗ്ഗങ്ങൾ ഇവ സമന്വയിപ്പിച്ച് സുസ്ഥിരമായ കൃഷിക്കുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. തെരഞ്ഞെടുത്ത ഫാമുകളിൽ നൂതന കാർഷിക സാങ്കേതികവിദ്യ ഉൾപ്പെടെ ഹൈടെക് ഫാമിംഗ്, ടിഷ്യൂകൾച്ചർ ലാബുകൾ, ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾ (ശാസ്ത്രീയമായ രീതിയിൽ കുറിയ ഇനം തെങ്ങുകൃഷി, വിദേശീയ പഴവർഗ്ഗങ്ങളെ ഉൾപ്പെടുത്തിയ പ്രദർശനത്തോട്ടം, പ്രോജനി ഓർച്ചാഡുകളുടെ പ്രദർശനത്തോട്ടം, ആധുനിക ജലസേചന മാർഗ്ഗങ്ങളും പ്രദർശനം എന്നിവ ഉൾപ്പെടുന്നു) എന്നീ പദ്ധതികൾ ഈ വർഷം നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെയുള്ള ഹൈടെക് വിത്തുല്പാദന പദ്ധതികളും കൃഷി ഫാമുകളിലൂടെ നടപ്പിലാക്കി വരുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകൾ**

10 (*280) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള 1500 കി.മി. റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാര യോഗ്യമാക്കുവാൻ എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിനുള്ള തുക എവിടെ നിന്നും കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തുകയുടെ ഭൂരിഭാഗവും റോഡുകളുടെ അറ്റകുറ്റപ്പണിക്കായി ചെലവഴിക്കേണ്ടിവരുന്നതുമൂലം തദ്ദേശ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട പ്രാഥമിക ചുമതലകൾപോലും നിർവ്വഹിക്കുവാൻ കഴിയുന്നില്ലായെന്നത് വസ്തുതയാണോ; എങ്കിൽ റോഡ് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള എല്ലാ റോഡുകളും പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് തീരുമാനം എടുത്തിട്ടില്ല. ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ അധീനതയിലുള്ള ചില റോഡുകൾ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ 22 റോഡുകൾ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്.

(ബി) കണക്കാക്കിയിട്ടില്ല.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന തുകയുടെ ഭൂരിഭാഗവും റോഡുകളുടെ അറ്റകുറ്റപ്പണിക്കായി ചെലവഴിക്കുന്നില്ല. ഒരു നിശ്ചിത ശതമാനം തുകയാണ് പശ്ചാത്തല മേഖലയ്ക്ക് വേണ്ടി വികസന ഫണ്ടിൽനിന്നും ചെലവഴിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം ഇത് 30% ആണ്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ് വിഹിതവും റോഡുകളുടെ പുനഃരുദ്ധാരണത്തിനായി ഉപയോഗിക്കുന്നു.

**കൃഷിയെ ബാധിക്കുന്ന അന്താരാഷ്ട്ര കരാറുകൾ സംബന്ധിച്ച ആശങ്കകൾ**

11(*281) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയെ ബാധിക്കുന്ന അന്താരാഷ്ട്ര കരാറുകളെപ്പറ്റി പഠിക്കാൻ സർക്കാർ സ്ഥാപിച്ച ഡബ്ല്യു.റ്റി.ഒ സെല്ലിന്റെ പ്രവർത്തനം കേരളത്തെ ബാധിക്കുന്ന വിവിധ അന്താരാഷ്ട്ര കരാറുകളെപ്പറ്റി പഠിക്കാനും സർക്കാരിന് നിർദ്ദേശങ്ങൾ നൽകാനും പര്യാപ്തമാണോ; ഈ സർക്കാർ വന്നതിനുശേഷം ഈ സെൽ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; ആർ.സി.ഇ.പി കരാറുകൾ കേരളത്തിനുണ്ടാക്കുന്ന ദോഷങ്ങളെപ്പറ്റി ഈ വിഭാഗം എന്തൊക്കെ പഠനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ;

(ബി) ആർ.സി.ഇ.പി കരാറുകൾ കേരളത്തിലെ വിളകളായ തെങ്ങ്, റബ്ബർ, കുരുമുളക്, ഏലം, കശുവണ്ടി, തേയില, കാപ്പി, മറ്റു സുഗന്ധ വ്യഞ്ജനങ്ങൾ ഇവയെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ കേരളത്തിന്റെ ആശങ്കകൾ കേന്ദ്രത്തെ അറിയിക്കാൻ എന്ത് നടപടികൾ സ്വീകരിച്ചു ;

(സി) 2017 ജൂലൈ മാസത്തിൽ ഹൈദരാബാദിൽ നടക്കുന്ന ആർ.സി.ഇ.പി മീറ്റിംഗിൽ കേരളത്തിന്റെ ആശങ്കകൾ കേന്ദ്രത്തെ അറിയിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) പര്യാപ്തമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇന്ത്യ അംഗമായ ഒരു പുതിയ സ്വതന്ത്രവ്യാപാര കരാറും നിലവിൽ വന്നിട്ടില്ല. എന്നാൽ ആർ.സി.ഇ.പി., ഇ.എ.ഇ.യു (യൂറേഷ്യൻ ഇക്കണോമിക് യൂണിയൻ) എന്നീ കരാറുകളിൽ കേന്ദ്ര സർക്കാർ താല്പര്യം കാണിക്കുന്ന വിവരം അറിഞ്ഞ ഉടൻതന്നെ കേരളത്തിന്റെ ആശങ്കകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്. ആർ.സി.ഇ.പി. കരാറിനെപ്പറ്റി ഡബ്ല്യൂ.റ്റി.ഒ. സെൽ പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല. ഏതൊക്കെ മേഖലയിൽ എന്തൊക്കെ ഇളവുകളാണ് നൽകുവാൻ പോകുന്നത് എന്ന് ഇപ്പോഴും കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടില്ല. അതുകാരണമാണ് പഠനം സാധ്യമാകാതെ പോകുന്നത്. എന്നാൽ ഇന്ത്യ ആസിയാൻ കരാർ വരുത്തിവച്ച ദോഷങ്ങളുടെ അടിസ്ഥാനത്തിൽ ആർ.സി.ഇ.പി. കരാർ നിലവിൽവന്നാൽ സംഭവിക്കാവുന്ന ചില നിഗമനങ്ങളിൽ എത്തിചേരുകയും അവ ആശങ്കയായി കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന കൃഷി മന്ത്രി കേന്ദ്ര സർക്കാരിനെ പ്രസ്തുത ആശങ്കകളും കേരളത്തിലെ കാർഷികോല്പന്നങ്ങളെ സംരക്ഷിക്കണമെന്ന നിർദ്ദേശവും നിവേദനമായി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്ത് അയച്ചിരുന്നു. കൂടാതെ കൃഷി വകുപ്പുമന്ത്രി ഒന്നിൽ കൂടുതൽ പ്രാവശ്യം ഈ വിഷയം കേന്ദ്ര വാണിജ്യ മന്ത്രിയുമായി നേരിട്ട് ചർച്ച ചെയ്തിട്ടുമുണ്ട്. ഡബ്ല്യൂ.റ്റി.ഒ. സെൽ എത്തിച്ചേർന്ന നിഗമനങ്ങൾ ഇപ്രകാരമാണ്. ആർ.സി.ഇ.പി.-യിൽ ഉൾപ്പെടുന്ന ആസിയാൻ രാജ്യങ്ങളിൽ കേരളത്തിന്റെ സമാനമായ ഭൂപ്രകൃതിയും കാലാവസ്ഥയും കൃഷിരീതികളും ഉള്ളതിനാൽ അവിടെ നിന്നുള്ള കാർഷിക ഉല്പന്നങ്ങളുടെ ഇറക്കുമതി സംസ്ഥാനത്തിന്റെ കാർഷിക മേഖലയെ പ്രത്യേകിച്ചും റബ്ബർ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയെ ബാധിക്കും. ആസിയാൻ രാജ്യങ്ങളുമായുള്ള കരാറിനുശേഷം പ്രസ്തുത രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ വ്യാപാരകമ്മി

വർദ്ധിച്ചിട്ടുണ്ട്. ആർ.സി.ഇ.പി. കരാർ നിലവിൽ വന്നാൽ വ്യാപാരകമ്മി വീണ്ടും കൂടുമോ എന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. ആർ.സി.ഇ.പി. കരാറിൽ ഇറക്കുമതി തീരുവ പൂജ്യം ആക്കണമെന്നാണ് പല രാജ്യങ്ങളുടേയും ആവശ്യം. ഇറക്കുമതി തീരുവയുടെ ഉദ്ദേശ്യം തന്നെ രാജ്യത്തിന്റെ ഉല്പാദന മേഖലയെ സംരക്ഷിക്കുവാനാണ്. പൂജ്യം ശതമാനം അംഗീകരിച്ചില്ലെങ്കിൽ പോലും മറ്റു രാജ്യങ്ങളുടെ നിർബന്ധത്തിനു വഴങ്ങി ഇറക്കുമതി തീരുവകൾ ഇപ്പോഴുള്ള നിരക്കിൽ നിന്നും വീണ്ടും കുറയുന്നത് അംഗീകരിക്കുവാനുള്ള സാധ്യതകൾ മുന്നിൽ കണ്ട് തീരുവകൾ കുറയ്ക്കരുത് എന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ചൈനയുമായി ഇന്ന് ഇന്ത്യയ്ക്ക് ഒരു സ്വതന്ത്ര വ്യാപാര കരാറും നിലവിലില്ല. ആർ.സി.ഇ.പി.-യിൽ ചൈനയും അംഗമായ സ്ഥിതിക്ക് ചൈനയ്ക്ക് ഇന്ത്യയുമായി ഒരു സ്വതന്ത്ര വ്യാപാര കരാർ സാധ്യമായാൽ അത് രാജ്യത്തെ വിവിധ മേഖലകളിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നും കരുതുന്നു.

(ബി&സി) ആർ.സി.ഇ.പി. കരാർ നിലവിൽ വന്നാൽ ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള സ്വാഭാവിക റബ്ബർ, നാളികേര ഉല്പന്നങ്ങൾ, തേയില, കാപ്പി, കുരുമുളക് ഉൾപ്പെടെയുള്ള സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവ നമുക്ക് കൂടുതൽ ഭീഷണിയാകും എന്ന് കരുതുന്നു. അതുപോലെ കശുവണ്ടിയുടെയും ഏലത്തിന്റെയും മൂല്യവർദ്ധിത ഉല്പന്നങ്ങളും യഥേഷ്ടം ഇന്ത്യൻ മാർക്കറ്റിൽ എത്തിചേരുവാൻ സാധ്യതയുണ്ട്. ചൈനയിൽനിന്നും വിയറ്റ്നാമിൽനിന്നുമുള്ള കാർഷിക ഉല്പന്നങ്ങൾക്ക് പുറമെ അവരുടെ മത്സ്യം, പൗൾട്രി പാൽ ഉല്പന്നങ്ങളും തദ്ദേശീയ ഉല്പന്നങ്ങൾക്ക് വൻ ഭീഷണിയാകും.

മേൽപ്പറഞ്ഞ വിഷയങ്ങളിലുള്ള സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. 2017 ജൂലൈ 18 മുതൽ 28 വരെ ഹൈദരാബാദിൽ വച്ച് നടന്നത് ആർ.സി.ഇ.പി. കരാറിൽ താല്പര്യമുള്ള രാജ്യങ്ങളുടെ ഉന്നതയോഗമാണ്. പ്രസ്തുത ചർച്ചയുടെ വിശദാംശങ്ങൾ സംസ്ഥാന സർക്കാരിന് മുൻകൂറായി ലഭ്യമാക്കിയിട്ടില്ല. കൃഷി വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം WTO Cell-ഉം യൂണിവേഴ്സിറ്റിയിലെ വിദഗ്ദ്ധരും ആർ.സി.ഇ.പി. കരാർ സംബന്ധിച്ച് പഠനം നടത്തുകയും ഇതിനെതിരെ ശക്തമായ പ്രതിഷേധം ശാസ്ത്രീയമായ തെളിവുകൾ സഹിതം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ജനിതകമാറ്റം വരുത്തിയ വിത്തുകളുടെ വ്യാപനം തടയുന്നതിനായി കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർ.സി.ഇ.പി. കരാർ സംസ്ഥാന മന്ത്രിസഭാ യോഗം ചർച്ച ചെയ്യുകയും സംസ്ഥാനത്തിന്റെ പ്രതിഷേധം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

## പെർഫോമൻസ് ആഡിറ്റ് വിഭാഗം

12 (*282) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം ഉറപ്പുവരുത്തേണ്ട ചുമതല പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിന് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇത്തരമൊരു തീരുമാനം എടുക്കുവാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(സി) ഗുണഭോക്തൃ പട്ടിക നീതിയുക്തമാണോയെന്ന് പരിശോധിക്കുവാനുള്ള ചുമതല പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിന് നൽകിയിട്ടുണ്ടോ എന്ന് പറയാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) ഉണ്ട്.

(ബി) ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായ വികസനപരവും ജനക്ഷേമകരവുമായ ചുമതലകളും ആ സ്ഥാപനത്തെ ഭാരമേല്പിച്ച സാമ്പത്തികവും നിയന്ത്രണപരവുമായ അധികാരങ്ങളും നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനും പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ യഥാസമയം നിർദ്ദേശങ്ങൾ നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഭരണ നിർവ്വഹണ പരിശോധനാ സംവിധാനമാണ് പെർഫോമൻസ് ഓഡിറ്റ്. അധികാര വികേന്ദ്രീകരണത്തെത്തുടർന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും പതിൻമടങ്ങ് വർദ്ധിച്ചു. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് പഞ്ചവത്സര വാർഷിക പദ്ധതികളുടെ രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റ് എന്നിവ.

നിലവിലുള്ള പെർഫോമൻസ് പരിശോധനാ നടപടിക്രമമനുസരിച്ച് പദ്ധതി രൂപീകരണ നിർവ്വഹണ നടപടികൾ ആരംഭിച്ച ശേഷമോ പൂർത്തീകരിച്ച ശേഷമോ മാത്രമാണ് പെർഫോമൻസ് ഓഡിറ്റ് പരിശോധനയും വിലയിരുത്തലും നടക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചശേഷം പരിശോധനയും വിലയിരുത്തലും നടത്തുന്നതുകൊണ്ട് പ്രവർത്തന ഘട്ടങ്ങളിലുണ്ടാകുന്ന പോരായ്മകളും വീഴ്ചകളും അപരിഹാര്യമായി തുടരുകയും ആവർത്തിക്കപ്പെടുകയും ചെയ്യുന്നു. മാത്രമല്ല പ്രസ്തുത പ്രവർത്തനങ്ങളിൽ സ്വാഭാവികമായുണ്ടാകുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും യഥാസമയം പരിശോധിച്ച് പരിഹാരം കാണുന്നതിന് ഇതുമൂലം കഴിയുന്നില്ല.

സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ നിർവ്വഹണം ആരംഭിക്കുന്നതിന് പര്യാപ്തമാകുംവിധം വാർഷിക പദ്ധതിയും പ്രോജക്ടുകളും മുൻകൂട്ടി തയ്യാറാക്കുന്ന സമ്പ്രദായം പ്രാവർത്തികമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പദ്ധതി രൂപീകരണ നിർവ്വഹണ ഘട്ടങ്ങളിൽത്തന്നെ അവയുടെ കാര്യക്ഷമതയും സമയബന്ധിതമായ പ്രവർത്തനങ്ങളും വിലയിരുത്തി നിർവ്വഹണ കലണ്ടർ പ്രകാരം പ്രസ്തുത പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പാക്കുകയും പ്രശ്നങ്ങളും പോരായ്മകളും കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പരിഹരിക്കാവുന്നവ പരിഹരിച്ചും സർക്കാർ തലത്തിൽ പരിഹാരം കാണേണ്ടവ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്ത് സമയബന്ധിതമായി പരിഹാര നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും പെർഫോമൻസ് ഓഡിറ്റ് സംവിധാനത്തിന്റെ സക്രിയ ഇടപെടൽ ആവശ്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയുടെ പുരോഗതി സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണേണ്ട വിഷയങ്ങളുടെ അടിസ്ഥാനതല റിപ്പോർട്ടിംഗ് യൂണിറ്റുകളായി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകളെ ചുമതലപ്പെടുത്തുകയും ഇവയുടെ കാര്യക്ഷമതയും ഗുണപരതയും ഉറപ്പുവരുത്തുന്നതിനും പെർഫോമൻസ് ആഡിറ്റ് പരിശോധനയിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ സംബന്ധിച്ച് അധിക നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) വ്യക്തിഗത ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ സമയബന്ധിതമായും നീതിയുക്തമായും നടക്കുന്നുവെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കേണ്ട മുകൾതട്ട് തദ്ദേശസ്ഥാപനങ്ങൾക്ക് യഥാസമയം ലഭ്യമാക്കിയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുവാൻ പെർഫോമൻസ് ആഡിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## വാഹനപ്പെരുപ്പംമൂലമുള്ള പ്രശ്നങ്ങൾ

13 (*283) ശ്രീ. ബി. സത്യൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ കാരണങ്ങൾ അറിയിക്കുമോ;

(ബി) പ്രതിവർഷം പന്ത്രണ്ട് ശതമാനത്തിലധികം വാഹനപ്പെരുപ്പം ഉണ്ടാകുന്നത് കണക്കിലെടുത്ത് പൊതുഗതാഗത സൗകര്യം കാര്യക്ഷമവും ആകർഷകവുമാക്കി സ്വകാര്യ വാഹനപ്പെരുപ്പം നിയന്ത്രിക്കാൻ പദ്ധതിയുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) നഗരങ്ങളിൽ വാഹനപ്പെരുപ്പത്തിനനുസൃതമായ പാർക്കിംഗ് സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഉണ്ടാകുന്ന അലക്ഷ്യമായ പാർക്കിംഗ് ഗതാഗത തടസ്സത്തിനും അപകടത്തിനും കാരണമാകുന്നതുകൊണ്ട് വിവിധ തട്ടുകളായുള്ള യന്ത്രവൽകൃത പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാധ്യതകളെകുറിച്ച് പരിശോധന നടത്തുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) മോട്ടോർ വാഹന നിയമം ലംഘിച്ച് അമിതവേഗതയിലും അശ്രദ്ധമായും വാഹനങ്ങൾ ഓടിക്കുന്ന പ്രവണത, വാഹനപ്പെരുപ്പം, റോഡുകളുടെ മോശമായ അവസ്ഥ, അപകടസാധ്യതയുള്ള മേഖലകളെപ്പറ്റിയുള്ള ധാരണയില്ലായ്മ, ഡ്രൈവർമാരുടെയും കാൽനടക്കാരുടെയും കാഴ്ചയെ മറയ്ക്കുന്ന വിധത്തിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യങ്ങൾ തുടങ്ങിയവയാണ് വർദ്ധിച്ചു വരുന്ന റോഡപകടങ്ങളുടെ മുഖ്യ കാരണങ്ങൾ.

2017 വർഷത്തിലെ ആദ്യത്തെ മൂന്ന് മാസങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് വാഹന അപകടങ്ങളുടെ എണ്ണത്തിലും മരണപ്പെട്ടവരുടെ എണ്ണത്തിലും കുറവുണ്ടായിട്ടുണ്ട്. 2016 ജനുവരി 1 മുതൽ മാർച്ച് വരെ 10393 അപകടങ്ങളിലായി 1188 പേർക്ക് ജീവഹാനിയും 11380 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. എന്നാൽ 2017 - ഈ കാലയളവിൽ 9761 അപകടങ്ങളിലായി 960 പേർക്ക് ജീവഹാനിയും 10673 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. അമിതവേഗതയും അശ്രദ്ധമായ ഡ്രൈവിംഗുമാണ് റോഡപകടങ്ങളുടെ മുഖ്യ കാരണങ്ങൾ.

(ബി) പഞ്ചായത്ത് പ്രദേശങ്ങളിൽ ഗതാഗത സൗകര്യങ്ങൾ സുഗമമാക്കുന്നതിന് പുതിയ റോഡുകളുടെ നിർമ്മാണങ്ങളും നിലവിലുള്ള റോഡുകളുടെ നവീകരണവും ത്രിതല ഗ്രാമ പഞ്ചായത്തുകൾ നടത്തുന്നു. പൊതുഗതാഗതം പ്രോത്സാഹിപ്പിക്കുക എന്നതാണ് സർക്കാർ നയം.

(സി) വിവിധ തട്ടുകളായുള്ള യന്ത്രവൽകൃത പാർക്കിംഗ് സംവിധാനത്തിന്റെ സാധ്യതകൾ വിശദമായി പരിശോധിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ SIEGER SPINTECH EQUIPMENTS PVT. LTD. എന്ന കമ്പനിയുമായി ചർച്ച നടത്തുകയും പ്രാഥമിക ഘട്ടം എന്ന നിലയിൽ ഇതിന്റെ പ്രായോഗികത പരിശോധിക്കുന്നതിന് സംസ്ഥാന പോലീസ് ആസ്ഥാനത്തും ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലും ടി പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഐ.ജി. ട്രാഫിക്കിന്റെ ശിപാർശ പോലീസ് ആസ്ഥാനത്ത് പരിശോധിച്ചുവരുന്നു. കൂടാതെ നാറ്റ്പാക് വഴി ഒരു സമഗ്ര പാർക്കിംഗ് നയം (Comprehensive parking policy) തയ്യാറാക്കുന്നതാണ്.

**നീര ഉല്പാദനരംഗം നേരിടുന്ന പ്രതിസന്ധി**

14 (*284) ശ്രീ. റോജി എം. ജോൺ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അനിൽ അക്കര :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നീര ഉല്പാദന കമ്പനികൾ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) സംസ്ഥാനത്തെ നീര ഉല്പാദന സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്;

(ഡി) തമിഴ്നാട്ടിൽ നിന്നും കുറഞ്ഞവിലയ്ക്ക് നീര എത്തിക്കുന്നതിനുള്ള നീക്കം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഉല്പാദനച്ചെലവ് വളരെ കുറവുള്ളതും തമിഴ്നാട്ടിൽ നിന്നെത്തുന്നതുമായ നീരക്കെതിരെ മത്സരിക്കുവാൻ സംസ്ഥാനത്തെ നീര കർഷകരെ പ്രാപ്തരാക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് കൈക്കൊള്ളുകയെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ചില നീര ഉല്പാദക കമ്പനികൾ പ്രാരംഭകാല ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നീര ടാപ്പിംഗിന് വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം, പരിശീലനം ലഭിച്ച നീര ടെക്നീഷ്യൻമാർ തൊഴിൽ ഉപേക്ഷിച്ചു പോകുന്നത്, ഇടത്തരം പൊക്കമുള്ള ആരോഗ്യമുള്ള തെങ്ങുകളുടെ അഭാവം, കടുത്ത വേനൽമൂലം നീര ഉത്പാദനത്തിലുണ്ടാകുന്ന കുറവ്, നീര ഉത്പാദനത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ കുറവുമൂലം ഉൽപ്പാദന ചെലവ് കുറയുന്നവിധത്തിൽ പ്ലാന്റുകളുടെ ശേഷി പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്തത് എന്നിവയാണ് പ്രധാന കാരണങ്ങൾ.

(സി) നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നാളികേര ഉല്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾക്ക് കെട്ടിടയന്ത്ര സാമഗ്രികൾക്ക് ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. അതുപ്രകാരം 2015-16-ൽ കൈപ്പുഴ നാളികേര ഉല്പാദക കമ്പനിക്കും കുറ്റിയാടി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കും കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിക്കും 50 ലക്ഷം രൂപ വീതം സബ്സിഡിയായി നാളികേര വികസന ബോർഡ് മുഖേന കൃഷി വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്. 2016-17-ൽ വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് നീര ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 44.16 ലക്ഷം രൂപ കൃഷി വകുപ്പിൽനിന്നും നാളികേര വികസന ബോർഡിന് അനുവദിച്ചുനൽകിയിട്ടുണ്ട്. നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നീര ടെക്നീഷ്യൻ പരിശീലന പരിപാടി നടത്തുന്നതിന് കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൃഷി വകുപ്പിന്റെ നീര ടെക്നീഷ്യൻ പരിശീലന പദ്ധതി പ്രകാരം 2016-17-ൽ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 75 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

"ടെക്നോളജി മിഷൻ ഓൺ കോക്കനട്ട്" എന്ന പദ്ധതിയുടെ കീഴിൽ പദ്ധതി ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ സബ്സിഡിയായി നാളികേര വികസന ബോർഡ് നാളികേര ഉല്പാദക കമ്പനികൾക്ക് നൽകി വരുന്നുണ്ട്.

നാളികേര വികസന ബോർഡ് നീര ഉല്പാദനത്തിനുള്ള ടെക്നോളജി സൗജന്യമായി നാളികേര ഉല്പാദ കമ്പനികൾക്ക് നൽകി വരുന്നു. വെന്റിംഗ് മെഷീനുകൾ/വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നാളികേര ഉല്പാദക ഫെഡറേഷനുകൾക്കും നാളികേര ഉല്പാദക സൊസൈറ്റികൾക്കും നാളികേര വികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

(ഡി) തമിഴ്നാട്ടിൽനിന്നും കുറഞ്ഞ വിലയ്ക്ക് നീര എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

**ശുചിത്വ മിഷൻ വഴി മാലിന്യ സംസ്കരണം**

15 (*285) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യസംസ്കരണ രംഗത്ത് ശുചിത്വ മിഷൻ വഴി നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(ബി) ജൈവ മാലിന്യ സംസ്കരണത്തിന് അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; നഗരങ്ങളിൽ, വിശേഷിച്ച് ആളുകൾ കോളനിയായി താമസിക്കുന്ന ഇടങ്ങളിൽ, ജൈവ മാലിന്യ സംസ്കരണവും ബയോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റ് തുടങ്ങിയവയിൽ നിന്നുള്ള സ്ലറി, വളം എന്നിവയുടെ ഉപയോഗവും ഏതു വിധത്തിൽ സാധ്യമാകുന്നുവെന്നറിയിക്കാമോ;

(സി) വിവിധ തരത്തിലുള്ള അജൈവമാലിന്യ സംസ്കരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) (1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകുന്നു.

(2) സാങ്കേതിക അനുമതി നൽകുന്ന പദ്ധതികൾക്ക് സർക്കാർ വിഹിതമായ സാമ്പത്തിക സഹായം നൽകുന്നു.

(3) മാലിന്യ സംസ്കരണ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള ഏജൻസികൾക്ക് സേവന ദാതാക്കളായി അംഗീകാരം നൽകുന്നു.

(4) മാലിന്യ സംസ്കരണോപാധികളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് ഉത്തരവാക്കുന്നു.

(5) ഇന്നവേറ്റീവ് പ്രോജക്ടുകളെ പ്രോത്സാഹിപ്പിക്കുന്നു.

(6) സുരക്ഷിത മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിനായി കാലോചിതമായി മാലിന്യ പരിപാലന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(7) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും ഫെസിലിറ്റേഷനും നൽകുന്നു.

(8) പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള ക്യാമ്പയിൻ, ബദൽ ഉല്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉല്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്കുള്ള നടപടികൾ.

(9) പുനഃചംക്രമണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.

(10) മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സംരംഭകർക്ക് പ്രോത്സാഹനം നൽകൽ.

(11) പ്ലാസ്റ്റിക്, ഇ-വേസ്റ്റ് മാലിന്യ പരിപാലനത്തിന് എക്സ്റ്റന്റഡ് പ്രൊഡ്യൂസേഴ്സ് റെസ്പോൺസിബിലിറ്റി നിർബന്ധമാക്കുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിക്കുക.

(12) ശേഷിവികസന പരിപാടികൾ സംഘടിപ്പിക്കുക.

(13) മാലിന്യ സംസ്കരണ രംഗത്ത് പൊതുജനങ്ങളിൽ ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനായി വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുക.

(14) ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള നയം, തന്ത്രം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുക.

(ബി) ജൈവമാലിന്യ സംസ്കരണത്തിന് നിലവിൽ കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ എന്നീ സാങ്കേതികവിദ്യകളെ അടിസ്ഥാനപ്പെടുത്തിയ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് ശുചിത്വ മിഷൻ പ്രോത്സാഹിപ്പിക്കുന്നത്. നിലവിലുള്ള ജൈവമാലിന്യ സംസ്കരണ പ്ലാന്റുകളുടെ അപ്ഗ്രഡേഷനും നടത്തിവരുന്നു. നഗരങ്ങളിൽ ആളുകൾ കോളനിയായി താമസിക്കുന്ന ഇടങ്ങളിൽ ഗാർഹിക കമ്പോസ്റ്റിംഗിന് തീരെ സൗകര്യമില്ലാത്തപക്ഷം കോളനികൾ കൂട്ടത്തായി ബയോബിന്നുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നു. വളം കാർഷികാവശ്യത്തിനായി കൈമാറുന്നു. സ്ലറി ചെടികൾക്ക് വളമായും പ്ലാന്റിലെ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി വീണ്ടും ഉപയോഗിക്കപ്പെടുന്നു.

(സി) കഴുകി വൃത്തിയാക്കിയ അജൈവമാലിന്യം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ നേരിട്ടോ ഏജൻസികൾ മുഖേനയോ ഉറവിടത്തിൽത്തന്നെ വേർതിരിച്ച് ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിന് കൈമാറുന്ന സംവിധാനം ചിട്ടപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. പുനഃചംക്രമണം ചെയ്യാൻ കഴിയാത്ത പ്ലാസ്റ്റിക്, റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നതിനാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിക്കുന്നത്. തരംതിരിക്കപ്പെട്ട അജൈവ മാലിന്യം മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിൽ ശേഖരിച്ച് രണ്ടാം തരംതിരിവ് നടത്തി പുനഃചംക്രമണത്തിന് കൈമാറാവുന്നതാണ്. ഈ കാഴ്ചപ്പാടോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ രൂപപ്പെടുത്തി നിർവ്വഹണം തുടങ്ങിയിട്ടുണ്ട്. ഇവ പൂർണ്ണമായും ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് പറയാവുന്ന ഘട്ടമെത്തിയിട്ടില്ല.

## കെ.എസ്.ആർ.ടി.സി.ബസ്സുകൾക്ക് അപകട ഇൻഷ്വറൻസ്

16 (*286) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എ. എൻ. ഷംസീർ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളും മോട്ടോർ വാഹന നിയമം 146-ാം വകുപ്പു പ്രകാരം നിർബന്ധമാക്കിയിട്ടുള്ള അപകട ഇൻഷ്വറൻസ് (തേർഡ് പാർട്ടി ഇൻഷ്വറൻസ്) ഉള്ളവയാണോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ബി) ഇൻഷ്വർ ചെയ്യാത്ത കെ.എസ്.ആർ.ടി.സി. ബസ്സുകൾ അപകടത്തിൽ പെടുമ്പോൾ അതിനിരയാകുന്നവർക്ക് കോടതിവിധിയനുസരിച്ചുള്ള നഷ്ടപരിഹാരം യഥാസമയം നൽകുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) 2014-ലെ സംസ്ഥാന നിയമപ്രകാരമുള്ള 'യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷുറൻസ് പദ്ധതി'-യുടെ വിശദാംശം അറിയിക്കുമോ; ഈ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടോ എന്നറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) 1988-ലെ മോട്ടോർ വാഹന നിയമം 146-ാം വകുപ്പ് പ്രകാരം എല്ലാ വാഹനങ്ങൾക്കും അപകട ഇൻഷ്വറൻസ് നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ അതേ സെക്ഷനിൽ സബ് സെക്ഷൻ (3) പ്രകാരം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ് വാഹനങ്ങൾക്ക് അപകട ഇൻഷ്വറൻസ് എടുക്കുന്നതിൽനിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നിരുന്നാലും കെ.എസ്.ആർ.ടി.സി.യുടെ 5947 വാഹനങ്ങളിൽ 5540 വാഹനങ്ങൾക്കും (കോംപ്രിഹെൻസീവ് ഇൻഷ്വറൻസ് - 1517, തേർഡ് പാർട്ടി ഇൻഷ്വറൻസ് - 4023) കെ.യു.ആർ.ടി.സി.യുടെ എല്ലാ വാഹനങ്ങൾക്കും (കോംപ്രിഹെൻസീവ് ഇൻഷ്വറൻസ് - 439, തേർഡ് പാർട്ടി ഇൻഷ്വറൻസ് - 240) ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി ഉള്ളതിനാൽ കെ.എസ്.ആർ.ടി.സി.-ക്ക് കോടതിവിധി അനുസരിച്ചുള്ള നഷ്ടപരിഹാര തുക യഥാസമയം നൽകുവാൻ കഴിയാറില്ലെങ്കിലും തുക സമയബന്ധിതമായി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) യാത്രക്കാർക്കുള്ള അപകട സമൂഹ ഇൻഷ്വറൻസ് പദ്ധതി 1-4-2015 മുതൽ നടപ്പിലാക്കി വരുന്നു. യാത്രക്കാർക്കുള്ള അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ എന്നിവ ലക്ഷ്യമാക്കിയാണ് യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 8,24,655 രൂപയുടെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

**തീരക്കടലിലൂടെ ചരക്ക് ഗതാഗതം**

17 (*287) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചരക്ക് ഗതാഗതത്തിന്റെ നിശ്ചിത ശതമാനം തീരക്കടലിലൂടെയും കനാലുകളിലൂടെയും ആക്കി മാറ്റുവാൻ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് തുറമുഖങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്;

(സി) ചരക്ക് ഗതാഗതം കൈകാര്യം ചെയ്യുവാൻ തുറമുഖങ്ങളിലും കനാലുകളിലും എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) നിലവിൽ റോഡ്/റെയിൽ മാർഗ്ഗങ്ങളിലൂടെ കൈകാര്യം ചെയ്യുന്ന ചരക്ക് നീക്കത്തിന്റെ ഒരു നിശ്ചിത ശതമാനം കേരളത്തിലെ ചെറുകിട തുറമുഖങ്ങളിലൂടെ തിരിച്ചുവിടുക എന്ന ലക്ഷ്യത്തോടെ തീരദേശ കപ്പൽ ഗതാഗത പദ്ധതി ആരംഭിച്ചിട്ടുണ്ട്. 2020-ഓടെ നിലവിൽ റോഡ്/റെയിൽ മാർഗ്ഗം കൈകാര്യം ചെയ്യപ്പെടുന്ന ചരക്ക് നീക്കത്തിന്റെ 40%-ഉം, 2030-ഓടെ 50%-ഉം ചെറുകിട തുറമുഖം വഴി കൈകാര്യം ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ നടത്തിപ്പിനായി മെസ്സേഴ്സ് ഡെലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുകയും പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം തുറമുഖത്തുവച്ച് 9-11-2013-ന് നടത്തുകയും ചെയ്തു. ആദ്യഘട്ടത്തിൽ കൊല്ലം, അഴീക്കൽ, വിഴിഞ്ഞം, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേയ്ക്ക് വ്യാപിക്കുന്നതിന്റെ

ഭാഗമായി 30-10-2014-ന് അഴീക്കൽ തുറമുഖത്ത് കണ്ടെയ്നർ ചരക്ക് നീക്കം ആരംഭിച്ചിട്ടുണ്ട്.

(ബി) ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ചരക്കുനീക്കം സുഗമമാക്കുന്നതിലേയ്ക്കായി റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, വെയിംഗ് മെഷീൻ, 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, വി.ടി.എം.എസ്. സംവിധാനങ്ങൾ തുറമുഖങ്ങളിൽ ലഭ്യമാക്കി വരുന്നു. കപ്പലുകളെ തുറമുഖത്തേയ്ക്ക് അടുപ്പിക്കുന്നതിനായി എം.ടി. കേരളം, എം.ടി. മലബാർ, എം.ടി. അഴീക്കൽ, എം.ടി. ചാലിയാർ, എം.ടി. സാമൂതിരി തുടങ്ങിയ ടഗ്ഗുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ചരക്കുഗതാഗതം കൈകാര്യം ചെയ്യുന്നതിലേയ്ക്ക് അടിസ്ഥാന സൗകര്യ വികസനമുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വിഴിഞ്ഞം തുറമുഖത്തെ സീവേർഡ് വാർഫിന്റെ നീളം, കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടത്തിലാണ്. മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 763 കോടി രൂപ ചെലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ പരിസ്ഥിതി ആഘാതപഠനം നടത്തിവരുന്നു. അഴീക്കൽ തുറമുഖ വികസനം കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു മെട്രിക് ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ചുവരുന്നുണ്ട്. തീരദേശ കപ്പൽ ഗതാഗതത്തിന് സഹായകമാകുന്ന രീതിയിൽ കപ്പൽ നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യവും പരിഗണനയിലുണ്ട്.

## പ്ലാസ്റ്റിക് നിരോധനം

18 (*288) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗംകൊണ്ടുള്ള ദൂഷ്യഫലങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 50 മൈക്രോൺ വരെയുള്ള പ്ലാസ്റ്റിക് ഉല്പന്നങ്ങൾ കേന്ദ്ര സർക്കാർ 2016 ഏപ്രിൽ മാസത്തിൽ നിരോധിച്ചിട്ടും സംസ്ഥാനത്ത് പ്രസ്തുത നിരോധനം നടപ്പിലാക്കാത്തത് എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനമൊട്ടാകെ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കർശനമായി നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) ഉണ്ട്.

(ബി) 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗ നിയന്ത്രണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 24-6-2016-ലെ 576/ഡിസി.1/16/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

## കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി

19 (*289) ശ്രീ. പി. കെ. അബ്ദു റബ്ബ് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; ഇതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഏതെങ്കിലും സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റി ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) ഉണ്ട്. ഇതിനായി പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങൾക്കും മുനിസിപ്പൽ പ്രദേശങ്ങൾക്കും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങൾക്കുംവേണ്ടി അതിനായി നിയോഗിക്കപ്പെട്ട കമ്മിറ്റികൾ തയ്യാറാക്കിയ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ കരട് (മൂന്നെണ്ണം) സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്. മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് പ്രത്യേകമായി ചട്ടങ്ങൾ ഉണ്ടാക്കുന്ന വിഷയവും ഇതോടൊപ്പം പരിശോധിച്ചുവരുന്നു.

**ജൈവപച്ചക്കറി ഉൽപ്പാദനവും വിപണനവും**

20(*290) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ വർഷം എത്ര ഹെക്ടറിൽ ജൈവപച്ചക്കറി കൃഷി ഇറക്കുന്നകാര്യം പരിഗണനയിലുണ്ട്; അഞ്ച് വർഷംകൊണ്ട് എത്ര ഹെക്ടർ ഭൂമിയിൽ ജൈവപച്ചക്കറി കൃഷി നടത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ജൈവ ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്; ഇതിന്റെ എണ്ണം വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഈ പദ്ധതിയിലൂടെ ലക്ഷ്യംവയ്ക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന കാര്യം ഘട്ടംഘട്ടമായി നടപ്പിലാക്കി വരികയാണ്. കേരളത്തിലെ 14 ജില്ലകളിൽ നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് 10000 ഹെക്ടർ സ്ഥലത്ത് 407 ക്ലസ്റ്ററുകളിൽ നിന്നും ഉല്പാദിപ്പിച്ച വിഷരഹിത പച്ചക്കറികൾ "കേരള ഓർഗാനിക് " എന്ന ലേബലിൽ ഈ കഴിഞ്ഞ വിഷുവിന് വിപണനം നടത്തി. അടുത്ത 5 വർഷത്തിനുള്ളിൽ 50000 ഹെക്ടർ സ്ഥലത്തേയ്ക്ക് ജൈവ പച്ചക്കറി വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. നടപ്പ് സാമ്പത്തിക വർഷം ഇതിനായി 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) അടുത്ത 5 വർഷം കൊണ്ട് 50000 ഹെക്ടറിൽ ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി 2016-17-ൽ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയിൽ 12500 ഹെക്ടറിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 3,000 രൂപ വീതം ധനസഹായം നൽകുന്നതിനായി 375 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നിലവിൽ 66 ജൈവ ഇക്കോഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ 100 ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനായി 200 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(ഡി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പ് വരുത്തുക, ഉപഭോക്താക്കളുടെ ആരോഗ്യം മെച്ചപ്പെടുത്തുക, ജൈവ ഉല്പാദനോപാധികളുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുക, പരിസ്ഥിതിക്ക് കോട്ടം വരാതെ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുക, ജൈവ ഉല്പന്നങ്ങൾക്ക് അധിക മൂല്യം ലഭിക്കുക, കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭ്യമാക്കുക, ജൈവ വൈവിധ്യവും ഭക്ഷ്യ സുരക്ഷയും ഉറപ്പാക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്.

**നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി**

21(*291) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(ബി) ആറന്മുളയിലും മെത്രാൻകായലിലും റാണിക്കായലിലും നെൽകൃഷി ഇറക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും 'കരനെൽകൃഷി വികസന പദ്ധതി' നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കൃഷിഭവൻ തലത്തിൽ കരനെൽകൃഷി നടപ്പിലാക്കുന്നതിനായുള്ള കർഷകരെ തെരഞ്ഞെടുത്ത് അവർക്ക് സമയബന്ധിതമായി പരിശീലനം നൽകി കീടനാശിനി, കളനാശിനി എന്നിവയുടെ ഉപയോഗം പരമാവധി കുറച്ച് മറ്റ് ജൈവമാർഗ്ഗങ്ങളും അവലംബിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരമേറ്റയുടനെതന്നെ 2743.2237 ഹെക്ടർ കരപ്രദേശത്ത് കരനെൽകൃഷി നടപ്പിലാക്കുകയുണ്ടായി. 2017-18 വർഷം സംസ്ഥാനത്ത് 2500 ഹെക്ടറിൽക്കൂടി കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറൊന്നിന് 13,600 രൂപ സബ്സിഡി നിരക്കിൽ ആകെ 350 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. വിത്തിന് 3,600 രൂപയും മറ്റ് ഉല്പാദനോപാധികളുടെ ചെലവ്, ഉഴവ്കൂലി എന്നിവയ്ക്കായി ഹെക്ടറിന് 10,000 രൂപയും ഉൾപ്പെടെ ആകെ 13,600 രൂപയാണ് ഒരു ഹെക്ടർ കരനെൽകൃഷിക്ക് ധനസഹായമായി നൽകിവരുന്നത്. പദ്ധതി സംബന്ധിച്ചുള്ള ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ആറന്മുള നെൽകൃഷി :- ആറന്മുള പാടശേഖരങ്ങളിൽ 101.02 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും കൃഷി ചെയ്യുന്നതിനുമായി 2016-17 വർഷം 153.76 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. 2016-17 വർഷം 101.02 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതിലേയ്ക്കായി 87.22851 ലക്ഷം രൂപയാണ് ചെലവായത്. വിളവെടുത്ത നെല്ല് 'ആറന്മുള' ബ്രാൻഡ് നാമത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള അരിക്കടകൾ വഴി വിപണിയിലെത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മെത്രാൻകായൽ നെൽകൃഷി :- കോട്ടയം ജില്ലയിലെ കുമരകം മെത്രാൻ കായൽ പാടശേഖരത്തിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനായി പാടശേഖരത്തിലെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 80 ലക്ഷം രൂപയുടെ ആർ.കെ.വി.വൈ. പദ്ധതിക്കാണ് 2016-17 വർഷം സർക്കാർ അനുമതി നൽകിയത്. കർഷകരുടെ ഉടമസ്ഥതയിലുള്ള 10 ഹെക്ടർ ഉൾപ്പെടെയുള്ള 120 ഹെക്ടർ പ്രദേശത്ത് നെൽകൃഷി എട്ട് കൊല്ലത്തിനുശേഷം പുനരാരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്. വിളവെടുത്ത നെല്ല് 'മെത്രാൻകായൽ അരി' എന്ന ബ്രാൻഡ് നാമത്തിൽ വിപണിയിലെത്തിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റാണിക്കായൽ നെൽകൃഷി:- ആലപ്പുഴ ജില്ലയിൽ കൈനകരി പഞ്ചായത്തിൽപ്പെട്ട 220.2619 ഹെക്ടറുള്ള റാണിക്കായലിൽ 2016-17 പുഞ്ചസീസണിൽ കൃഷി പുനരാരംഭിച്ചു. 189.12 ഹെക്ടർ സ്ഥലത്ത് കാൽനൂറ്റാണ്ടിനുശേഷം കൃഷി ഇറക്കി വിളവെടുത്തു. 785.847 മെട്രിക് ടൺ നെല്ല് ഉല്പാദിപ്പിച്ച് സപ്ലൈകോ മുഖേന സംഭരിച്ചു.

ഇതിലേയ്ക്കായി സർക്കാർ നൽകിയ ധനസഹായങ്ങൾ, അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ച വിവരം എന്നിവ ചുവടെ ചേർക്കുന്നു :

1. കൃഷി വകുപ്പ് മുഖേന 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന ഘടകങ്ങൾക്കായി 55.21862 ലക്ഷം രൂപ ചെലവഴിച്ചു.

| | | |
|---|---|---|
| (a) | പ്രധാന വാച്ചാലുകൾ ആഴം കൂട്ടൽ | 39.07776 ലക്ഷം രൂപ |
| (b) | ളമ്പ് പൈപ്പ് സ്ഥാപനം | 1.92611 ലക്ഷം രൂപ |
| (c) | ഡീ വാട്ടറിംഗ് | 14.21475 ലക്ഷം രൂപ |
| | ആകെ | 55.21862 ലക്ഷം രൂപ |

2. മൈനർ ഇറിഗേഷൻ, ആലപ്പുഴ മുഖേന കുട്ടനാട് പാക്കേജിൽ പൈൽ & സ്ലാബ് സംവിധാനത്തിൽ റാണിക്കായലിന്റെ പുറംബണ്ട് നിർമ്മിച്ച് നൽകി.

3. കെ.എസ്.ഇ.ബി. പള്ളം മുഖേന 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് റാണി ചിത്തിര കായലിൽ പുനരുദ്ധരിക്കുന്ന പാക്കേജിൽ ഉൾപ്പെടുത്തി വൈദ്യുതീകരണം നടത്തി.

**പ്രധാനമന്ത്രി സഡക് യോജന**

22(*292) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പെട്ടുകിടക്കുന്ന ഗ്രാമപ്രദേശങ്ങളിൽ റോഡുകൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി സഡക് യോജന പ്രകാരം 2016-17 വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ പദ്ധതി പ്രകാരം എത്ര പ്രൊപ്പോസലുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്;

(സി) ഈ പദ്ധതി പ്രകാരം റോഡുകൾ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് അനുസരിച്ചുള്ള യഥാർത്ഥ നിർമ്മാണച്ചെലവ് മാത്രമേ കേന്ദ്രഫണ്ടിൽ നിന്നും ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ മറ്റു ചെലവുകൾക്ക് ആവശ്യമായി വരുന്ന തുക സംസ്ഥാന വിഹിതമായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ ഗ്രാമപ്രദേശങ്ങളെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) പി.എം.ജി.എസ്.വൈ.-II-ൽ ഉൾപ്പെടുത്തി 2016-17 വർഷം 319.948 കിലോമീറ്റർ ദൈർഘ്യവും 274.20 കോടി രൂപ അടങ്കൽ തുകയും വരുന്ന 84 റോഡുകൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.)*. അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയപ്പോൾ 302.03 കിലോമീറ്റർ ദൈർഘ്യം വരുന്ന 79 റോഡുകൾക്ക് കരാർ ഉറപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കരാർ ഉറപ്പിക്കാൻ കഴിയാത്ത 17.92 കിലോമീറ്റർ ദൈർഘ്യം വരുന്ന 5 റോഡ് പ്രവൃത്തികൾ വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 319.948 കിലോമീറ്റർ ദൈർഘ്യവും 274.20 കോടി രൂപ അടങ്കൽ തുകയും വരുന്ന 84 റോഡുകൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയിട്ടുണ്ട്. ഇതുകൂടാതെ 264.78 കിലോമീറ്റർ ദൈർഘ്യം വരുന്ന 68 റോഡുകളുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ 2016-17 സാമ്പത്തിക വർഷം 100 കോടി രൂപ വകയിരുത്തുകയും അതിൽ 90 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ഗ്രാമീണ മേഖലയെ പൂർണ്ണമായും ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പിങ്ക് ബസ് പദ്ധതി

23 (*293) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി തിരുവനന്തപുരത്ത് ആരംഭിച്ച പിങ്ക് ബസ് പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ;

(ബി പ്രസ്തുത പദ്ധതി ലാഭകരമാണോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ എന്നറിയിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി) :

(എ) ഉണ്ട്. സംസ്ഥാന സർക്കാരിന്റെ സ്ത്രീ സുരക്ഷാ പദ്ധതിയുടെ ഭാഗമായി യാത്രക്കാരായ സ്ത്രീകൾക്ക് കൂടുതൽ സുരക്ഷിതമായ യാത്ര പ്രദാനം ചെയ്യുന്നതിനായി കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ച പ്രത്യേക സർവ്വീസാണ് പിങ്ക് ബസ് പദ്ധതി.

(ബി) പ്രസ്തുത പദ്ധതി പ്രകാരം നടത്തുന്ന സർവ്വീസ് സാമ്പത്തിക അടിസ്ഥാനത്തിൽ ലാഭകരമല്ല.

(സി) പ്രസ്തുത പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടില്ല.

## പ്രധാനമന്ത്രി ആവാസ് യോജന

24(*294) ശ്രീ. അൻവർ സാദത്ത് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന 'പ്രധാനമന്ത്രി ആവാസ് യോജന എല്ലാ പേർക്കും ഭവനം 2022' പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) എത്രപേർക്കാണ് പ്രസ്തുത ഭവനനിർമ്മാണ പദ്ധതിപ്രകാരം ലോൺ അനുവദിക്കുന്നത്;

(സി) ഈ ലോൺ ലഭിക്കുന്നവർക്ക് എപ്രകാരമാണ് പലിശ സബ്സിഡി അനുവദിക്കുന്നത്;

(ഡി) ലോൺ മുഴുവനും അടച്ചുതീർത്തശേഷം മാത്രമേ സബ്സിഡി അനുവദിക്കുകയുള്ളോ, അതോ വർഷാവർഷം പലിശ സബ്സിഡി അനുവദിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.). നഗരപ്രദേശത്ത് താമസിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി പാർപ്പിടം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന ഈ പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കുടുംബശ്രീയാണ്.

ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണം, ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം, അഫോർഡബിൾ ഹൗസിംഗ് സ്കീം, ചേരിവികസനം എന്നീ 4 ഘടകങ്ങളി ലൂടെയാണ് എല്ലാവർക്കും ഭവനമെന്ന ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) നഗരസഭ പരിധിയിൽ താമസിക്കുന്ന എന്നാൽ സ്വന്തമായി ഭവനമില്ലാത്ത എല്ലാവരും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളിൽ ബാങ്ക് നിഷ്കർഷിക്കുന്ന രേഖകൾ ഹാജരാക്കാൻ കഴിയുന്ന എല്ലാവർക്കും, കുറഞ്ഞ പലിശനിരക്കിൽ ഭവനം നിർമ്മിക്കുന്നതിനും വാങ്ങുന്നതിനും ബാങ്കിൽനിന്നും വായ്പ ലഭിക്കുന്നതാണ്.

വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങൾക്ക് പരമാവധി 20 വർഷ തിരിച്ചടവ് കാലയളവിലേയ്ക്ക് 6 ലക്ഷം രൂപ വരെ 6.5% പലിശ ഇളവിൽ ലോൺ ലഭിക്കുന്നു.

6 മുതൽ 12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് 9 ലക്ഷം രൂപ വരെ 4% പലിശയിളവിൽ ലോൺ ലഭിക്കുന്നു.

12 മുതൽ 18 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് 12 ലക്ഷം രൂപ വരെ 3% പലിശയിളവിൽ ലോൺ ലഭിക്കുന്നു.

ഇന്ത്യയിൽ ഒരിടത്തും സ്വന്തമായി വീടില്ലാത്തവർക്ക് മാത്രമേ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ കഴിയൂ.

(സി) അർഹരായ ഗുണഭോക്താക്കൾക്ക് പലിശയിളവിന്റെ ആനുകൂല്യം ലഭിക്കുന്നതിനായി 2.30 ലക്ഷം രൂപ മുതൽ 2.67 ലക്ഷം രൂപ വരെ, ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് മുൻകൂറായി നൽകിവരുന്നു.

(ഡി) ലോൺ അനുവദിക്കുന്ന സമയത്തുതന്നെ സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ലഭ്യമാക്കുക (Upfront Subsidy) യാണ് ചെയ്യുന്നത്.

## പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങളെപ്പറ്റി ബോധവത്ക്കരണം

25 (*295) ശ്രീ. എം. മുകേഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മാലിന്യങ്ങളുടെ തോത് കുറയ്ക്കുന്നതിനായി ഒരു പ്രത്യേക കർമ്മപദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ശരിയായ രീതിയിലുള്ള അവബോധം നൽകുന്നതിന് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ;

(സി) ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) പ്രത്യേക കർമ്മപദ്ധതി നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബോധവത്ക്കരണ പരിപാടികൾ നിലവിൽ സംഘടിപ്പിച്ചുവരുന്നുണ്ട്.

(സി) കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് തരംതിരിച്ച് പുനഃചംക്രമണ വ്യവസായങ്ങൾക്ക് കൈമാറുവാൻ കഴിയും. പ്ലാസ്റ്റിക് പുനഃചംക്രമണം ചെയ്യുന്നതിനുള്ള പശ്ചാത്തല സൗകര്യം സംസ്ഥാനത്തിനകത്ത് തന്നെ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും വലിയ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും അവയുടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതിക സഹായവും മേൽനോട്ടവും നൽകുവാൻ ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് ആവശ്യമായ പ്രോജക്ട് പ്രൊപ്പോസൽ ക്ലീൻ കേരള കമ്പനി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിൽ ബിറ്റുമിനോടൊപ്പം പ്ലാസ്റ്റിക് കൂടി ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീനുകൾ ഉപയോഗിച്ച് ഷ്രെഡ് ചെയ്താണ് റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗിക്കുന്ന ടാറിൽ ചേർക്കുന്നത്. ഇവയുടെ വിപണനത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനി ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് ഷ്രെഡ്ഡ് ചെയ്ത് നൽകുന്ന ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് കിലോയ്ക്ക് 15 രൂപ വില നൽകിയാണ് ക്ലീൻ കേരള കമ്പനി വാങ്ങുന്നത്. ഇപ്രകാരം ലഭിക്കുന്ന ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റോഡ് നിർമ്മാണത്തിനായി ലഭ്യമാക്കുന്നു. ഈ ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തുക അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാസ്റ്റിക് പ്രോസ്സസിംഗ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്ന് കരകയറ്റാൻ നടപടി**

26 (*296) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വെട്ടിക്കുറയ്ക്കാതെ തന്നെ കോർപ്പറേഷനെ നഷ്ടത്തിൽനിന്ന് കരകയറ്റുന്നതിന് വിഭാവനം ചെയ്യുന്ന കർമ്മപദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നടപ്പുസാമ്പത്തിക വർഷം ചെയ്യാനുദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ&ബി) കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കാനായി പരിസ്ഥിതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസ്സുകളും സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ഇതുസംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) KIIFB മുമ്പാകെ സമർപ്പിച്ചു കഴിഞ്ഞു. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ അസിസ്റ്റന്റ് വർക്സ് മാനേജർ (മെയിന്റനൻസ്) മാരുടെയും കീഴിൽ ഫ്യൂവൽസെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസിസ്റ്റന്റ് വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തു. കെ.എസ്.ആർ.ടി.സി.-യുടെ വസ്തുവകകളിൽ ഫ്യൂവൽ കോംപ്ലക്സുകൾ സജ്ജീകരിച്ച് ഇന്ധന വിതരണം (CNG Diesel) നടത്തുന്നതിന് ഓയിൽ കമ്പനികളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മെക്കാനിക്കൽ വിഭാഗത്തിൽ Work-norms പരിഷ്കരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനും നടപടികൾ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനോടൊപ്പം കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റ് വരുമാനത്തിനു പുറമേ, ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും കെ.എസ്.ആർ.ടി.സി. ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയത് വഴിയും കോഫീവെൻഡിംഗ് മെഷീൻ, എ.ടി.എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവീസ് നടത്തിയും കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റിതര വരുമാനം ലഭിച്ചു വരികയാണ്.

## മൈനർ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും യാത്രായാനങ്ങളുടെ സുരക്ഷയും

27 (*297) ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൈനർ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) കടലിൽ പോകുന്നവരുടെയും കായലിലൂടെയും കനാലിലൂടെയുമുള്ള യാത്രാ ബോട്ടുകളിലെ യാത്രക്കാരുടെയും സുരക്ഷയ്ക്കായി തുറമുഖ വകുപ്പ് ഏതൊക്കെ തരത്തിൽ ഇടപെടുന്നുവെന്ന് അറിയിക്കാമോ;

(സി) ഇൻലാന്റ് വെസൽ റൂൾ പ്രകാരം യാത്രായാനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ സാധ്യമായിട്ടുണ്ടോ എന്നും ടൂറിസം കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന ബോട്ട് അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട ഇടപെടൽ സാധ്യമായിട്ടുണ്ടോ എന്നും വിശദീകരിക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) തീരദേശകപ്പൽ ഗതാഗതപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. മറ്റ് തുറമുഖങ്ങളിലെ ചാനലിന്റേയും ബേസിന്റേയും ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽമുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ചരക്കുനീക്കം സുഗമമാക്കുന്നതിലേയ്ക്കായി റീച്ച് സ്റ്റാക്കർ, ക്രെയിൻ, വെയിംഗ് മെഷീൻ, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം, വി.ടി.എം.എസ്. തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കടലിൽ പോകുന്നവരുടെ സുരക്ഷ നിലവിൽ തുറമുഖ വകുപ്പിൽ നിക്ഷിപ്തമല്ല. ഐ.എസ്.പി.എസ്. കോഡ് അനുസരിച്ചുള്ള തുറമുഖങ്ങളുടെ സുരക്ഷയാണ് തുറമുഖ വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളത്. എന്നാൽ കേരള ഇൻലാൻഡ് വെസ്സൽ നിയമപ്രകാരം ജലയാനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനു മുൻപായി ചീഫ് സർവ്വേയർ അവയുടെ ഹൾ, സ്റ്റെബിലിറ്റി, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയും അതിലെ ജീവനക്കാരുടെ സ്രാങ്ക് ലൈസൻസ്, ലാസ്കർ ലൈസൻസ് എന്നിവയും പരിശോധിക്കുകയും സുരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ, ഫയർ എക്സ്റ്റിംഗ്യൂഷർ എന്നിവ ശരിയാംവിധം പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം മാത്രമാണ് രജിസ്ട്രേഷൻ അനുവദിക്കുന്നത്. ഇങ്ങനെ രജിസ്റ്റർ ചെയ്ത ജലയാനങ്ങൾ എല്ലാ വർഷവും സർവ്വേ ചെയ്ത് മേൽപ്പറഞ്ഞവ എല്ലാം ശരിയാംവിധം പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് സുരക്ഷ ഉറപ്പ് വരുത്തിയിട്ടാണ് സർവ്വേ സർട്ടിഫിക്കറ്റ് നൽകുന്നത്.

(സി) കേരള ഇൻലാൻഡ് വെസ്സൽ നിയമപ്രകാരം ജലയാനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുമുൻപായി ചീഫ് സർവ്വേയർ ജലയാനങ്ങൾ പരിശോധിച്ച് ആയതിന്റെ ഹൾ, സ്റ്റെബിലിറ്റി, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയും കൂടാതെ അതിലെ ജീവനക്കാരുടെ സ്രാങ്ക് ലൈസൻസ്, ലാസ്കർ ലൈസൻസ് എന്നിവ പരിശോധിക്കുകയും സുരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ, ഫയർ എക്സ്റ്റിംഗ്യൂഷർ എന്നിവ ശരിയാംവിധം പ്രവർത്തിക്കുന്നുണ്ടോ എന്നിവ പരിശോധിച്ചശേഷം മാത്രമേ രജിസ്ട്രേഷൻ അനുവദിക്കുകയുള്ളൂ. ഇങ്ങനെ രജിസ്റ്റർ ചെയ്ത ജലയാനങ്ങൾ എല്ലാ വർഷവും സർവ്വേ ചെയ്ത് മേൽപ്പറഞ്ഞവ എല്ലാം ശരിയാംവിധം പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് സുരക്ഷ ഉറപ്പ് വരുത്തിയിട്ടേ സർവ്വേ സർട്ടിഫിക്കറ്റ് നൽകാറുള്ളൂ. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷാ ഓഡിറ്റ് നടത്തുന്നതിന് പോലീസ്, ഫയർ ഫോഴ്സ്, റവന്യൂ എന്നീ വകുപ്പുകളിൽനിന്നും മതിയായ ജീവനക്കാരെ ഉൾപ്പെടുത്തി ഇൻസെപ്ക്ഷൻ വിംഗ് രൂപീകരിക്കേണ്ടതുണ്ട്.

**സാഗരമാല പദ്ധതി**

28 (*298) ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളുടെ വികസനത്തിനായി 'സാഗരമാല' എന്ന പേരിൽ പദ്ധതി നിലവിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നുള്ള അനുമതിയും ധനസഹായവും ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) രാജ്യത്തെ തുറമുഖങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'സാഗരമാല'.

(ബി) രാജ്യത്തെ നിലവിലുള്ള തുറമുഖങ്ങളുടെ ആധുനികവത്കരണം, അടിസ്ഥാന സൗകര്യ വികസനം, പുതിയ തുറമുഖങ്ങളുടെ നിർമ്മാണം, തുറമുഖങ്ങളിലേയ്ക്കുള്ള റോഡ്/റെയിൽ ബന്ധം സ്ഥാപിക്കൽ, തുറമുഖാധിഷ്ഠിത വ്യവസായവൽക്കരണം, തീരദേശ ജനവിഭാഗങ്ങളുടെ സമഗ്ര വികസനം എന്നിവയാണ് സാഗർമാല പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) അഴീക്കൽ തുറമുഖ വികസനം, കൊല്ലം തുറമുഖത്തെ പാസഞ്ചർ ടെർമിനൽ നിർമ്മാണം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലേയ്ക്കുള്ള റോഡ് കണക്റ്റിവിറ്റി, പൊന്നാനി തുറമുഖത്തേയ്ക്കുള്ള റെയിൽ കണക്റ്റിവിറ്റി എന്നീ പ്രൊപ്പോസലുകൾ സാഗരമാല പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനം പദ്ധതി

29(*299) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനം എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്നു വ്യക്തമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) എല്ലാ ഗ്രാമപഞ്ചായത്തിലും പൊതുശ്മശാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് 406 ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം ഉണ്ട്.

(ബി) പൊതുശ്മശാനം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതും ലഭ്യമാകുന്ന സ്ഥലത്ത് പരിസരവാസികളുടെ എതിർപ്പും പദ്ധതി നടപ്പിലാക്കുന്നതിന് പ്രധാന തടസ്സങ്ങളാണ്.

(സി) സ്ഥലം ലഭ്യമായ പഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**സമാന്തര സർവ്വീസ് വാഹനങ്ങൾ**

30(*300) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക പ്രതിസന്ധിയിലാക്കുന്നതിന് കാരണമായ സമാന്തര സർവ്വീസ് വാഹനങ്ങൾക്ക് തടയിടുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സമാന്തര സർവ്വീസ് വാഹനങ്ങളെ പിടികൂടുവാൻ പ്രത്യേക സ്ക്വാഡിനെ നിയോഗിച്ചിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ അടുത്ത ബന്ധുക്കളുടെ പേരിലുള്ള സ്വകാര്യ ബസ്സുകളുടെയും, ക്യാരേജിന്റെയും വിശദാംശം വെളിപ്പെടുത്തണമെന്ന നിർദ്ദേശത്തിന്മേൽ ലഭിച്ച പ്രതികരണം എന്തായിരുന്നു; എത്ര ജീവനക്കാർ വിശദാംശം വെളിപ്പെടുത്തി;

(ഡി) സംസ്ഥാന ദേശീയ പാതകളിലും, ദേശസാത്കൃത റൂട്ടിലും അനധികൃതമായി സർവ്വീസ് നടത്തുന്ന സമാന്തര സർവ്വീസുകൾ കർശനമായി തടയുന്നതിന് നിർദ്ദേശം നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) ഇത്തരം സർവ്വീസുകൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. അടുത്തകാലത്ത് ഇത്തരം വാഹനങ്ങൾക്കെതിരായി വലിയ തോതിൽ കെ.എസ്.ആർ.ടി.സി. അധികാരികളിൽനിന്നും പരാതി ലഭിച്ചതിനെത്തുടർന്ന് തിരുവനന്തപുരത്തും പരിസരപ്രദേശങ്ങളിലും ശക്തമായ പരിശോധനകൾ നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി എ.എം.വി.ഐ.-മാരുടെ സേവനം കെ.എസ്.ആർ.ടി.സി. രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്.

2017-ൽ തിരുവനന്തപുരത്ത് നടത്തിയ പരിശോധനയിൽ സമാന്തര സർവ്വീസ് നടത്തിയ 146 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 46 വാഹനങ്ങൾ പിടിച്ചെടുക്കുകയും 73,000 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 14-2-2017-ന് രാത്രിയിൽ തിരുവനന്തപുരം സിറ്റിയിൽ നിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, ചെന്നൈ, വയനാട് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് അനധികൃത സർവ്വീസ് നടത്തിയ 9 വാഹനങ്ങൾക്കെതിരെ നടപടി എടുക്കുകയും 41,200 രൂപ പിഴയായി ഈടാക്കുകയും 98,700 രൂപ ടാക്സ് ഇനത്തിൽ പിരിച്ചെടുക്കുകയും ചെയ്തു.

പാരലൽ സർവ്വീസ് ചെക്കിംഗ് ആവശ്യത്തിനായി സമീപ ജില്ലകളിൽ നിന്നും വകുപ്പിലെ ഉദ്യോഗസ്ഥരെ പ്രത്യേകം നിയോഗിക്കുകയും സേനാബലത്തിനായി പോലീസ് സഹായത്താൽ ചെക്കിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ സമാന്തര സർവ്വീസ് കൂടുതലായുള്ള പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടുമുണ്ട്.

(ബി) ഉണ്ട്. കെ.എസ്.ആർ.ടി.സി. അധികാരികളുടെ ആവശ്യപ്രകാരം കെ.എസ്.ആർ.ടി.സി. പ്രത്യേകം രൂപീകരിച്ച സ്ക്വാഡിലേയ്ക്ക് വകുപ്പിലെ ഫീൽഡ് ജീവനക്കാരുടെ സേവനം വിട്ടുനൽകിയിട്ടുണ്ട്. ഈ സ്ക്വാഡിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതും പരിശോധനാ മേഖലകൾ നിശ്ചയിക്കുന്നതും കെ.എസ്.ആർ.ടി.സി. അധികാരികളാണ്.

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ അടുത്ത ബന്ധുക്കളുടെ പേരിലുള്ള സ്വകാര്യ ബസ്സുകളുടെയും ക്യാരേജിന്റെയും വിശദാംശം കെ.എസ്.ആർ.ടി.സി. അധികാരികൾ ശേഖരിച്ചുവരികയാണ്.

(ഡി) ഇത്തരം അനധികൃത സർവ്വീസുകൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആറന്മുളയിലെ പുഞ്ചകൃഷിയും റബ്ബർ നാളികേര കർഷകരുടെ ക്ഷേമവും

1(2558) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുളയിൽ പുഞ്ചകൃഷി ഇറക്കിയതിലൂടെ സർക്കാരിന് എത്ര രൂപയുടെ സാമ്പത്തിക ലാഭം ഉണ്ടായിട്ടുണ്ട്;

(ബി) റബ്ബർ കർഷകരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) നാളികേര കർഷകരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറന്മുള പുഞ്ചയിൽ അവിടത്തെ കൃഷിക്കാരാണ് പാടശേഖര സമിതികളിലൂടെ കൃഷിയിറക്കിയിട്ടുള്ളത്. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യവും മറ്റു സഹായങ്ങളും കൃഷി വകുപ്പ് നേരിട്ട് ചെയ്തുകൊടുക്കുകയാണുണ്ടായത്. ആയതിനാൽ ഇവിടെ കൃഷി നടത്തിയതിന്റെ സാമ്പത്തികലാഭം സർക്കാരിന് നേരിട്ട് ലഭിക്കുകയില്ല. കൃഷി ചെയ്ത കൃഷിക്കാർക്കാണ് ലാഭം ലഭിച്ചിട്ടുള്ളത്. ആറന്മുള നെൽകൃഷി പുനരുജ്ജീവന പദ്ധതിയിൽ 2016-17 വർഷം 101.02 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയിട്ടുണ്ട്. ടി പദ്ധതിയിൽ നാളിതുവരെ നിലമൊരുക്കൽ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 87.22851 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 34.75 ഹെക്ടർ സ്ഥലത്ത് കൊയ്ത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ നെല്ല്, വൈക്കോൽ എന്നിവയുടെ ഉത്പാദനത്തിൽ നിന്നും 40.04 ലക്ഷം രൂപ കർഷകർക്ക് ലഭിച്ചിട്ടുണ്ട്. (നെല്ലിന്റെ ഉത്പാദനത്തിൽ നിന്നും 32.79 ലക്ഷം രൂപ, വൈക്കോലിന്റെ ഉത്പാദനത്തിൽനിന്നും 7.25 ലക്ഷം രൂപ). ബാക്കിയുള്ള 66.27 ഹെക്ടറിൽ കൊയ്ത്ത് പുരോഗമിച്ചുവരികയാണ്.

(ബി) റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് 2015-16-ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി" 3-7-2015-ലെ സർക്കാർ ഉത്തരവ് സ.ഉ.(പി)നമ്പർ 269/2015/ഫിൻ പ്രകാരം നടപ്പിലാക്കി വരികയാണ്. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ്

കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത് കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകുന്നു. പദ്ധതിയിൽ കിലോയ്ക്ക് 150.00 രൂപയാണ് ഇപ്പോൾ റബ്ബറിന്റെ താങ്ങുവിലയായി കണക്കാക്കുന്നത്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിക്ക് സബ്സിഡി ലഭിക്കും. റബ്ബർ കർഷകർക്ക് അർഹമായ സബ്സിഡി തുക അതത് അക്കൗണ്ടുകളിലേയ്ക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന വിതരണം നടത്തി വരികയും ചെയ്യുന്നു. 2015-16 പദ്ധതി പ്രകാരം 300.00 കോടി രൂപ സബ്സിഡിയായി വിതരണം നടത്തിയിട്ടുണ്ട്. 2016-17-ൽ അനുവദിച്ച 500.00 കോടി രൂപ കൃഷി വകുപ്പിൽനിന്നും ബന്ധപ്പെട്ട അക്കൗണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 382.93 കോടി രൂപ വിനിയോഗിച്ചുകഴിഞ്ഞു.

(സി) 2017-18 വർഷം നാളികേര കൃഷിയുടെ വികസനത്തിന് ആകെ 45 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 3332.50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. സമഗ്ര നാളികേര വികസനത്തിനായുള്ള ഘടകങ്ങൾ എല്ലാംതന്നെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അത്യുൽപ്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികൾ രൂപപ്പെടുത്തി വരുന്നു. ആയതിനായി 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ തെങ്ങുകളെ ബാധിക്കുന്ന കീടരോഗബാധകൾക്കെതിരെ പ്രതിരോധമാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കുന്നതിനായി പദ്ധതികൾ പ്രോജക്ട് അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്നതിന് 300 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലയിലെ അഗ്രോ ബസാറുകൾ

2(2559) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് അഗ്രോ ബസാറുകൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയതായി അഗ്രോ ബസാറുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ കിഴക്കേകോട്ടയിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഒരു അഗ്രോ സൂപ്പർ ബസാർ നിലവിലുണ്ട്.

(ബി) തൃശ്ശൂരിൽ കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ കെയ്കോ-യുടെ നേതൃത്വത്തിൽ ഒരു അഗ്രോ ബസാർ പൂർത്തീകരിച്ചുവരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ അഗ്രോ ബസാറുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്.

## കൃഷി വകുപ്പിന്റെ ഫാമുകളിലെ ഉപയോഗശൂന്യമായ സ്ഥലത്ത് ജൈവപച്ചക്കറി കൃഷി നടത്താൻ നടപടി

3(2560) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ ഫാമുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത ഫാമുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഇത്തരം ഫാമുകളിലെ ഉപയോഗശൂന്യമായ സ്ഥലം പൂർണ്ണമായും ഉപയോഗപ്പെടുത്തി കുടുംബശ്രീ മുഖാന്തരം ജൈവപച്ചക്കറി കൃഷി നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ ഫാമുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. ഇതിനായി അവലോകന യോഗങ്ങൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഫാമുകളുടെ നവീകരണത്തിനായി WAPCOS-മായി സഹകരിച്ച് നേരിയമംഗലത്തേയും നെല്ലിയാമ്പതിയിലേയും ഫാമുകൾ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2017-18-ൽ കൃഷി ഫാമുകൾവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെപറയും പ്രകാരമാണ് :-

1. ഹൈടെക് ഫാമിംഗിനായുള്ള ഡെമോൺസ്ട്രേഷൻ യൂണിറ്റുകളുടെ പ്രവർത്തന സഹായവും സാങ്കേതിക സഹായവും
2. ടിഷ്യുകൾച്ചർ ലാബുകളുടെ മാനുഷിക വിഭവ സഹായം
3. കേര സമൃദ്ധി
4. വി.എഫ്.പി.സി.കെ. മുഖേനയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം
5. ജില്ലാ കൃഷി ഫാമുകളിലും സ്പെഷ്യൽ ഫാമുകളിലും ഉയർന്ന ഉല്പാദനക്ഷമതയുള്ള തെങ്ങിൻതൈകളുടെയും വിദേശീയമായ പഴവർഗ്ഗങ്ങളുടെയും ചെടികളുടെയും മാതൃകാ പ്രദർശനത്തോട്ടങ്ങൾ
6. ഡിപ്പാർട്ട്മെന്റ് ഫാമുകളിൽ സംയോജിത കൃഷി സമ്പ്രദായ പ്രോത്സാഹനം
7. വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ ഉൾപ്പെടെയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം
8. സംസ്ഥാന സീഡ് ഫാമുകളിലെ വിത്ത് ഉൽപ്പാദന പരിപാടി
9. പുതിയ പ്രോജനി തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ പരിപാലനവും
10. സ്പെഷ്യൽ ഫാമുകളിൽ യന്ത്രവത്ക്കരണം
11. ഉത്പാദന വർദ്ധനവിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം.

(ബി) നിലവിൽ പരിഗണനയിലില്ല.

**ആത്മ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുവദിച്ച തുക**

4(2561) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ ആത്മ പദ്ധതിക്കായി കേന്ദ്ര സർക്കാർ എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നത് ;

(ബി) പ്രസ്തുത തുക ഏതെല്ലാം കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2016-2017 സാമ്പത്തിക വർഷത്തിൽ ആത്മ പദ്ധതിക്ക് കേന്ദ്ര സർക്കാർ ഒന്നാം ഗഡുവായി 503.74 ലക്ഷം രൂപയും രണ്ടാം ഗഡുവായി 677.44 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ആത്മ പദ്ധതി കേന്ദ്ര-സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിൽ നടത്തിവരുന്ന പദ്ധതിയാണ്. ഇതിൽ സ്റ്റേറ്റ് ലെവൽ സാംങ്ഷനിംഗ് കമ്മിറ്റി (എസ്.എൽ.എസ്.സി.)യുടെ അംഗീകാരം ലഭിച്ച എസ്.ഇ.ഡബ്ല്യൂ.പി. (സ്റ്റേറ്റ് എക്സ്റ്റെൻഷൻ വർക്ക് പ്ലാൻ) പ്രകാരമുള്ള ചുവടെ വിവരിച്ചിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾക്ക് കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെയുള്ള ഫണ്ട് ഉപയോഗിക്കുന്നു:

സമേതി മുഖേന നടപ്പിലാക്കാവുന്നത്

ഉദ്യോഗസ്ഥർക്കായിട്ടുള്ള വിവിധ പരിശീലനങ്ങൾ, പഠന യാത്രകൾ, സംസ്ഥാനതല മേളകൾ, നല്ല ആത്മ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ജില്ലയ്ക്കുള്ള അവാർഡ്, സംസ്ഥാന-ജില്ലാ തലത്തിൽ കർഷകർക്കുള്ള അവാർഡുകൾ, കർഷകരുടെ വിജയഗാഥകളുടെ ഡോക്യുമെന്റേഷൻ കൂടാതെ സമേതിയുടെ പ്രവർത്തന ചെലവുകൾ, ഉദ്യോഗസ്ഥർക്കുള്ള ശമ്പളം എന്നിവയും ആത്മ ഫണ്ടിൽ നിന്നാണ് ഉപയോഗിക്കുന്നത്.

ജില്ലാതലത്തിൽ നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങൾ

(a) കർഷകർക്കുള്ള പരിശീലന പരിപാടി (സംസ്ഥാനത്തിന് പുറത്ത്, സംസ്ഥാനത്തിനകത്ത്, ജില്ലയ്ക്കകത്ത്)

(b) പ്രദർശനത്തോട്ടങ്ങൾ (കൃഷി അനുബന്ധ മേഖലകൾ)

(c) കർഷകർക്കായിട്ടുള്ള പഠനയാത്രകൾ (സംസ്ഥാനത്തിന് പുറത്ത്, സംസ്ഥാനത്തിനകത്ത്, ജില്ലയ്ക്കകത്ത്)

(d) കർഷക ഗ്രൂപ്പുകളുടെ ശാക്തീകരണം

(e) കർഷക ഗ്രൂപ്പുകൾക്കുള്ള അവാർഡുകൾ

(f) കർഷക അവാർഡുകൾ

(g) ജില്ലാതല എക്സിബിഷൻ, മേളകൾ

(h) ചെലവ് കുറഞ്ഞ പ്രസിദ്ധീകരണങ്ങൾ, ലീഫ്‌ലെറ്റ്സ് എന്നിവയിലൂടെ കാർഷിക വിജ്ഞാന വിനിമയം

(i) കർഷകരും ശാസ്ത്രജ്ഞരുമായുള്ള സംവാദം

(j) കിസാൻ ഗോസ്ഥി

(k) ഫാം സ്കൂൾ

(l) കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

(m) സംസ്ഥാന/ജില്ലാതലത്തിലുള്ള നൂതന പ്രവർത്തനങ്ങൾ (ഇന്റർ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിന് വിധേയമായി.)

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് പുറമേ ജില്ലാതലത്തിലുള്ള ആത്മയുടെ സ്ഥിരം, താത്കാലിക ജീവനക്കാർക്കുള്ള ശമ്പളവും, മറ്റ് അനുബന്ധ ചെലവുകളും ആത്മ ഫണ്ടിൽ നിന്നുമാണ് വഹിക്കുന്നത്.

## യഥാസമയം നെല്ല് സംഭരിക്കാൻ കഴിയാത്തതുമൂലം നെല്ല് നശിച്ചുപോയതായ പരാതികൾ

5(2562) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; മുൻവർഷങ്ങളെ അപേക്ഷിച്ച് എത്രമാത്രം നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ ഇതുമൂലം കഴിഞ്ഞിട്ടുണ്ട്; കഴിഞ്ഞ 4 വർഷത്തെ നെല്ലുൽപാദനവും, നെൽവയൽ വിസ്തൃതിയും വ്യക്തമാക്കാമോ;

(ബി) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയാമോ; കിലോയ്ക്ക് എത്ര രൂപയാണ് സംഭരണവിലയായി സർക്കാർ നൽകുന്നത്; ഇങ്ങനെ എത്ര ടൺ നെല്ലാണ് ഇതുവരെ സംഭരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് അറിയാമോ;

(സി) യഥാസമയം നെല്ല് സംഭരിക്കാൻ കഴിയാത്തതുമൂലം, മഴയെത്തുടർന്നും മറ്റും നെല്ല് നശിച്ചുപോയതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തൊട്ടാകെ എത്ര സ്ഥലങ്ങളിൽനിന്നും ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി 2016-17 വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി:

1. <u>സുസ്ഥിര നെൽകൃഷി വികസനം</u>

ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉത്പാദനോപാധികളുടെ ചെലവിനായി 1,500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേയ്ക്ക് 2700 ലക്ഷം രൂപ വകയിരുത്തുകയും 169535.8 ഹെക്ടർ സ്ഥലത്ത് 2576.858 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുകയുമുണ്ടായി. ഇതിനുപുറമെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 4000 ലക്ഷം രൂപയും ഈ പദ്ധതിക്കായി ചെലവഴിക്കുകയുണ്ടായി.

2. <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്</u>

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 32.439 ലക്ഷം രൂപ ചെലവഴിക്കുകയുമുണ്ടായി.

3. <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം</u>

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര ജീരകശാല & ഗന്ധകശാല, രക്തശാലി, ബസുമതി) വികസനത്തിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 88.8572 ലക്ഷം രൂപ ചെലവഴിച്ച് 888.57 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കുകയുണ്ടായി.

4. <u>പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി</u>

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 457.445 ലക്ഷം രൂപ ചെലവഴിച്ച് 126842 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയുമുണ്ടായി.

5. കര നെൽകൃഷി വികസനം

സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2752.092 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13,600 രൂപ സബ്സിഡി) 341.93907 ലക്ഷം രൂപ ചെലവഴിച്ച് 2743.2237 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയുണ്ടായി.

6. തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് 1 ഹെക്ടറിന് 30,000 രൂപ നിരക്കിൽ 688.00237 ലക്ഷം രൂപ ചെലവഴിച്ച് 2372.2457 ഹെക്ടർ പ്രദേശത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കുകയും ചെയ്തു.

7. ഒരുപ്പു കൃഷി ഇരിപ്പു കൃഷി ആക്കുന്നതിലേയ്ക്കായി ഹെക്ടറിന് 10,000/- രൂപ ധനസഹായനിരക്കിൽ 88.45 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയും 8.8452 ലക്ഷം രൂപ ചെലവഴിക്കുകയുമുണ്ടായി.

8. നെൽകൃഷി ഉത്പാദന ബോണസ് (നോൺ പ്ലാൻ)

നെൽകർഷകർക്ക് ഉത്പാദന ബോണസായി ഹെക്ടറിന് 1,000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1239.26 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

9. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി

നെൽകൃഷിക്ക് ഭൂപരിധി ഇല്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3496.32 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

2012 മുതൽ 2016 വരെയുള്ള വർഷത്തിലെ നെല്ലുല്പാദനവും നെൽ വിസ്തൃതിയും സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | നെല്ലുല്പാദനം (ടൺ) | നെൽവയൽ വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 2012-13 | 508299 | 197277 |
| 2013-14 | 564325 | 199611 |
| 2014-15 | 562092 | 198159 |
| 2015-16 | 549275 | 196870 |

2016-17-ലെ നെല്ല് ഉല്പാദനത്തിന്റെ കണക്ക് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതിനുള്ള നടപടികൾ സപ്ലൈകോ മുഖാന്തിരമാണ് നടത്തിവരുന്നത്. സംസ്ഥാന സർക്കാർ നെല്ലിന് നൽകി വരുന്ന സംഭരണ വില കിലോയ്ക്ക് 22.50 രൂപയാണ്. [സർക്കാർ ഉത്തരവ് G.O.(Ms.) No.19/2016/ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ് തീയതി 10-11-2016] കർഷകരിൽനിന്നും ആകെ 623799.234 ടൺ നെല്ല് സപ്ലൈകോ മുഖേന 1-4-2016 മുതൽ 26-4-2017 വരെ സംഭരിച്ചിട്ടുണ്ട്.

(സി) സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി ഉല്പാദിപ്പിക്കപ്പെടുന്ന നെല്ല് യാതൊരുവിധ കാലതാമസവും കൂടാതെ കർഷകരിൽനിന്നും സപ്ലൈകോ സംഭരിക്കുന്നുണ്ട്. മഴയെത്തുടർന്നും മറ്റും നെല്ല് നശിച്ചു എന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ കൃഷി സുഗമമാക്കാൻ നടപടി**

6(2563) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലേയ്ക്ക് വെള്ളമെത്തിക്കുന്ന കനാലുകളിൽ എക്കൽ അടിഞ്ഞുകൂടി കനാലിന്റെ ആഴം കുറഞ്ഞിട്ടുള്ളതും തന്മൂലം നെൽകൃഷിക്കാവശ്യമായ വെള്ളമെത്തിക്കുന്നതിന് പ്രയാസം നേരിടുന്നതുമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വേനൽക്കാലത്ത് കോൾ നിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും കൃഷിക്കാവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതിനും കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലേയ്ക്ക് വെള്ളമെത്തിക്കുന്ന കനാലുകളിലേയ്ക്ക് എക്കൽ അടിഞ്ഞുകൂടി കനാലിന്റെ ആഴം കുറഞ്ഞിട്ടുള്ളതും തന്മൂലം നെൽകൃഷിക്ക് വെള്ളമെത്തിക്കാൻ പ്രയാസം നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. കോൾ നിലങ്ങളുടെ അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെ കീഴിൽ നബാർഡ് സഹായത്തോടെ RIDF Tranche XIX, XX സ്കീം മുഖാന്തിരം കെ.എൽ.ഡി.സി. വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഭാഗമായി പദ്ധതി പ്രദേശത്തെ മാത്രം കനാലുകളുടെയും ചാലുകളുടെയും ആഴംകൂട്ടി എക്കൽ മാറ്റുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. നിലവിൽ ഒന്നും രണ്ടും ഘട്ടത്തിലെ പദ്ധതികൾ പുരോഗമിക്കുന്നു. ഇതുകൂടാതെ മൂന്നാം ഘട്ടത്തിനായി RIDF Tranche XXII-ൽ ഉൾപ്പെടുത്തി രണ്ട് കനാലുകളുടെ ആഴംകൂട്ടുന്ന

പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ പരിമിതിമൂലം മറ്റ് പ്രധാന കനാലുകളുടെ ആഴംകൂട്ടൽ പദ്ധതികളും ഉൾചാലുകളുടെ ആഴംകൂട്ടൽ പദ്ധതികളും നടപ്പിലാക്കിയിട്ടില്ല. കൂടാതെ RIDF XXII-ൽ അനുമതി നൽകിയിട്ടുള്ള 26 കോടി അടങ്കൽ തുക വരുന്ന തൃശ്ശൂർ ഹൈലെവൽ കനാൽ നിർമ്മാണം പൂർത്തീകരിച്ചാൽ ഉയർന്ന പ്രദേശങ്ങളിൽനിന്നും ഒഴുകിവരുന്ന ജലം സുഗമമായി സംഭരിക്കുന്നതിന് സാധിക്കുന്നതാണ്.

(ബി) കോൾ നിലങ്ങളിൽ, ജലനിർഗ്ഗമന സൗകര്യങ്ങൾക്കായി ഉപയോഗിച്ച വരുന്ന പെട്ടി, പറ സംവിധാനങ്ങൾ ഒഴിവാക്കിക്കൊണ്ട് കൂടുതൽ കാര്യക്ഷമതയുള്ള വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് സെറ്റുകൾ സ്ഥാപിച്ചുവരുന്നുണ്ട്. ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി വിവിധയിടങ്ങളിൽ സ്ലൂയിസ്സുകളും ചീർപ്പുകളും നിർമ്മിച്ചിട്ടുണ്ട്. ഉപ്പുവെള്ളം തടയുന്നതിനുള്ള താൽക്കാലിക ബണ്ട് നിർമ്മിക്കുന്നതിനുള്ള ഉത്തരവാദിത്വം ഇറിഗേഷൻ വകുപ്പിനാണ്. ഡിസംബർ മാസത്തിനുമുമ്പ് ഉപ്പുവെള്ളം കയറാതിരിക്കുന്നതിനും ചണ്ടി വാരുന്നതിനുമുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി ബണ്ട് നിർമ്മിക്കുവാനായി ജില്ലാ കളക്ടറുടെ ചുമതലയിൽ ഒരു ഏകോപന സംവിധാനമുണ്ടാക്കിയിട്ടുണ്ട്.

## മലപ്പുറം ജില്ലയിൽ അനുവദിച്ച തുകയും കാർഷിക പദ്ധതികളെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടിയും

7(2564) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലമായി തരിശുകിടക്കുന്ന സ്വന്തം കൃഷിയിടങ്ങളിൽ കൃഷിയിറക്കുന്നതിന് നെൽക്കൃഷി വികസന പദ്ധതി പ്രകാരവും പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരവും 2016 - 17 വർഷത്തിൽ മലപ്പുറം ജില്ലയിൽ എത്ര അപേക്ഷകർക്ക് തുക അനുവദിച്ചിട്ടുണ്ട്; ഈ അപേക്ഷകർക്കായി അനുവദിച്ച ആകെ തുകയെത്ര;

(ബി) ഈ പദ്ധതിയുടെ തുക ചെലവഴിക്കാതെ തിരിച്ചടച്ചിട്ടുണ്ടോ; അപേക്ഷ സമർപ്പിച്ചിട്ടും തുക ലഭിക്കാത്ത കർഷകരുണ്ടോ;

(സി) കൃഷി വകുപ്പിന്റെ പല പദ്ധതികളെക്കുറിച്ചും ശരിയായ പ്രചരണം ലഭിക്കാത്തതുകൊണ്ട് കർഷകർക്ക് വേണ്ടത്ര അവബോധം ലഭിക്കാതെ പോകുന്ന സ്ഥിതിവിശേഷമുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ഡി) എങ്കിൽ കൃഷി വകുപ്പിന്റെ പദ്ധതികളെപ്പറ്റി പൊതുജനങ്ങൾക്കും കർഷകർക്കുമിടയിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2016-17 വർഷത്തിൽ തരിശുനില നെൽകൃഷി വികസന പദ്ധതി പ്രകാരം 528-ഓളം കർഷകർക്ക് തരിശുനില നെൽകൃഷിക്കായി 50,00,000 രൂപയും പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം 72 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടത്തുന്നതിനായി 130 കർഷകർക്ക് 21,60,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) അനുവദിച്ച തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ട്.

(സി&ഡി) കൃഷി വകുപ്പിന്റെ പദ്ധതികളെക്കുറിച്ചുള്ള ശരിയായ പ്രചരണം പത്രദൃശ്യമാധ്യമങ്ങൾ വഴിയും കൃഷിഭവൻ തലത്തിലും ബ്ലോക്ക് തലത്തിലും നടത്തുന്നുണ്ട്. വിവിധ പദ്ധതികൾ സംബന്ധിച്ച് അവബോധം കൂടുതൽ കാര്യക്ഷമ മാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ വർഷവും ഓരോ ജില്ലയിലും സംസ്ഥാനാടിസ്ഥാനത്തിലും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ, ഇതിന്റെ വിശദവിവരം, പദ്ധതി നടപ്പിലാക്കുന്ന രീതി, പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസി തുടങ്ങിയ വിശദവിവരങ്ങൾ ലളിതമായി പ്രതിപാദിക്കുന്ന കൈപ്പുസ്തകം എല്ലാ എം.എൽ.എ.-മാർക്കും ഉടനെ ലഭ്യമാക്കുന്നതാണ്.

**കാർഷിക കടാശ്വാസ നയം**

8(2565) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസം സംബന്ധിച്ച് ഈ സർക്കാരിന്റെ നയം വ്യക്തമാക്കാമോ;

(ബി) കാർഷിക കടാശ്വാസവുമായി ബന്ധപ്പെട്ട അപേക്ഷകൾ സ്വീകരിക്കുന്നതിന്റെ കാലപരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) കാർഷിക കടാശ്വാസത്തിന്റെ പാക്കേജ് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള കടാശ്വാസം കർഷകർക്ക് എത്രയുംവേഗം ലഭ്യമാക്കുകയും ഇതുസംബന്ധിച്ച് കെട്ടിക്കിടക്കുന്ന അപേക്ഷകൾ എത്രയുംവേഗം തീർപ്പാക്കുകയും ചെയ്യുക എന്നുള്ളതാണ് ഇതുസംബന്ധിച്ച സർക്കാരിന്റെ നയം.

(ബി&സി) തീർപ്പാക്കാതെ അവശേഷിക്കുന്ന 47105 അപേക്ഷകൾ തീർപ്പാക്കി നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ള കടാശ്വാസം നൽകിയതിനുശേഷം മാത്രമേ ഇക്കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള അപേക്ഷകൾ നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരിശോധിച്ച് തീർപ്പാക്കി കടാശ്വാസം നൽകിവരുന്നുണ്ട്.

## നാദാപുരം മണ്ഡലത്തിലെ തെങ്ങിന്റെ കൂമ്പ് ചീയൽ പ്രതിരോധിക്കാൻ നടപടി

9(2566) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിൻെറ കൂമ്പ് ചീയൽ പ്രതിരോധിക്കുന്നതിനായി നാദാപുരം മണ്ഡലത്തിലെ മലയോര മേഖലയായ കാവിലുംപാറ, മരുതോങ്കര, കായക്കൊടി തുടങ്ങിയ പഞ്ചയാത്തുകളിൽ സ്പെഷ്യൽ പാക്കേജ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കേരഗ്രാമം, കണ്ടിജൻസി പദ്ധതി, ജനകീയാസൂത്രണ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി കൂമ്പുചീയൽ-രോഗ നിയന്ത്രണത്തിനായി മരുന്ന് തളിക്കുന്നതിനും രോഗബാധമൂലം നശിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ വയ്ക്കുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് തെങ്ങിന്റെ കീട-രോഗ നിയന്ത്രണത്തിനായി ഒരു സമഗ്ര സസ്യ സംരക്ഷണ പരിപാടിക്ക് കൃഷി വകുപ്പ് രൂപംനൽകിവരുന്നു.

## രാഷ്ട്രീയ കൃഷി വികാസ് യോജന-പ്രവർത്തനങ്ങൾ - ഫലപ്രാപ്തി

10 (2567) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കാർഷിക മേഖലയുടെയും അനുബന്ധ മേഖലകളുടെയും സമഗ്ര വളർച്ച കൈവരിക്കുന്നതിനായി രാഷ്ട്രീയ കൃഷി വികാസ് യോജന സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങൾ, അവയുടെ ഫലപ്രാപ്തി എന്നിവ അവലോകനം ചെയ്യാറുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ കാർഷിക മേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമായ താഴെപ്പറയുന്ന കേന്ദ്ര പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായമായി 60% കേന്ദ്രവിഹിതം ലഭ്യമാക്കുന്നു. 40% സംസ്ഥാന വിഹിതം ഉൾപ്പെടെയുള്ള തുക സംസ്ഥാന സർക്കാർ ലഭ്യമാക്കി ക്കൊണ്ടാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഈ പദ്ധതികൾ കേരളത്തിന്റെ കാർഷിക മേഖലയുടെ വികസനം ലക്ഷ്യമിടുന്നു.

നാഷണൽ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി (NHM) (ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്ര വികസനം)

പ്രാദേശിക തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കുന്ന പദ്ധതി (ERCN), സബ്മിഷൻ ഓൺ സീഡ്സ് & പ്ലാന്റിംഗ് മെറ്റീരിയൽ പദ്ധതി (SMSP), (അത്യുല്പാദനശേഷിയുള്ള ഗുണമേന്മയുള്ള നെൽ വിത്തുൾപ്പെടെയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദന വിതരണം)

ദേശീയ ബയോഗ്യാസ് പദ്ധതി (NBMMP) (പരിസ്ഥിതിക്കിണങ്ങുന്ന പാചകവാതകം ലഭ്യമാക്കൽ)

ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ (NFSM) നെല്ല്, പയർ (നെൽ കൃഷി മേഖലയുടെയും പയർ കൃഷി മേഖലയുടെയും സമഗ്ര വികസനം)

ആത്മ പദ്ധതി (SMAE) (നൂതന കാർഷിക വിജ്ഞാന വ്യാപന പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കർഷകർക്കും വിജ്ഞാന വ്യാപന പ്രവർത്തകർക്കും വിവിധ തലങ്ങളിൽ പരിശീലനം നൽകുന്നു.)

നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ് & ഓയിൽ പാം (NMOOP) (എണ്ണപ്പന കൃഷിയുടെ വ്യാപനം)

രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) (കാർഷിക മേഖലയുടെ വളർച്ചാ നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി പ്രോജക്ട് അടിസ്ഥാനത്തിൽ കൃഷി അനുബന്ധ രേഖകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.)

പരമ്പരാഗത കൃഷി വികാസ് യോജന (PKVY) (ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി പ്രോത്സാഹനം-പി.ജി.എസ്. സർട്ടിഫിക്കേഷൻ)

പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) (എല്ലാ കൃഷിയിടങ്ങൾക്കും ജലലഭ്യത ഉറപ്പാക്കുന്നതിലൂടെ കാർഷിക മേഖലയിൽ ഉയർന്ന ഉത്പാദനവും ഉൽപാദനക്ഷമതയും കൈവരിക്കുക)

മണ്ണിന്റെ ആരോഗ്യപരിപാലനം (മണ്ണിന്റെ ആരോഗ്യ സുരക്ഷ സോയിൽ ഹെൽത്ത് കാർഡ് പദ്ധതി)

സബ്മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ (SMAM) (കൃഷി ലാഭകരമാക്കുന്നതിന് കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുകയും കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും പരിപാലിക്കുന്നതിനും പരിശീലനം നൽകുകയും കസ്റ്റംഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി സാമ്പത്തിക സഹായം അനുവദിക്കുന്നു.)

റെയിൻഫെഡ് ഏരിയ ഡെവലപ്മെന്റ് പദ്ധതി (RAD) (കാർഷിക അനുബന്ധ മേഖല ഉൾപ്പെടെയുള്ള സമഗ്രമായ വൃഷ്ടിപ്രദേശ വികസനം)

കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതി (പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി - കൃഷിക്കായി ബാങ്കുകൾ മുഖേന വായ്പ എടുക്കുന്ന കർഷകർക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയിൽ നെല്ല്, വാഴ, മരച്ചീനി എന്നീ വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കുന്ന വായ്പ എടുക്കുന്ന കർഷകരുടെ വായ്പ തുകയിൽനിന്നും പ്രീമിയം കണക്കാക്കി ബന്ധപ്പെട്ട ബാങ്കുകൾ ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കുന്നു.)

(ബി) രാഷ്ട്രീയ കൃഷി വികാസ് യോജന കേരളത്തിൽ 2007-08 മുതൽ നടപ്പിലാക്കി വരുന്നു.

(സി) രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങൾ, അവയുടെ ഫലപ്രാപ്തി എന്നിവ അതത് വകുപ്പുകൾ/ ഏജൻസികൾ മുഖാന്തിരം അവലോകനം ചെയ്യാറുണ്ട്. മൂന്നാമതൊരു ഏജൻസിയെക്കൊണ്ടും പദ്ധതി കാലാകാലങ്ങളിൽ അവലോകനം ചെയ്യാറുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ & ഇക്കണോമിക് ചെയ്ഞ്ച്, ബാംഗ്ലൂർ, (ISEC, Bangalore) മേയ് 2015-ന് പുറത്തിറക്കിയ പതിനൊന്നാം പഞ്ചവത്സര കാലയളവിലെ 'Impact Evaluation of RKVY-State Report-ന്റെ പ്രസ്തുത ഭാഗങ്ങൾ താഴെ കൊടുക്കുന്നു:

1. പതിനൊന്നാം പഞ്ചവത്സര കാലയളവിൽ കേരളത്തിൽ വളർച്ചാ നിരക്ക് സൂചിപ്പിക്കുന്ന സാമ്പത്തിക സൂചികകളായ ആഭ്യന്തര ഉത്പാദനത്തിൽ കാർഷിക അനുബന്ധ മേഖലകളുടെ വളർച്ചാ നിരക്ക് (Agricultural GSDP), മൊത്തത്തിലുള്ള ആഭ്യന്തര ഉത്പാദന വളർച്ചാനിരക്ക് (Overall GSDP), കൃഷി ചെയ്യുന്നതിന്റെ വിസ്തൃതി (net sown area), മൊത്തം കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതി (gross cropped area) എന്നിവ കുറഞ്ഞിരിക്കുന്നതായാണ് കണ്ടത്.

2. കാർഷിക മേഖലയിലെ ചെലവ് 11-ാം പഞ്ചവത്സര കാലയളവിൽ 10-ാം പഞ്ചവത്സര കാലയളവിനെക്കാളും 13.1% വർദ്ധിച്ചിരിക്കുന്നു.

3. RKVY-ൽ അനുവദിച്ച ഫണ്ടുകൾ കേരളം പരമാവധി സൂക്ഷ്മതയോടും ഫലപ്രദമായും ഉപയോഗിച്ചിട്ടുണ്ട്. കൃഷി അനുബന്ധ മേഖലകളുടെ സമഗ്രവികസനം ഇത് മുഖാന്തരം സാദ്ധ്യമായിട്ടുണ്ട്.

4. പദ്ധതിയുടെ പ്രധാന നേട്ടമായി ചൂണ്ടിക്കാണിച്ചിരിക്കുന്നത് കാർഷിക മേഖലയിലെ തൊഴിൽ ദിനങ്ങളിൽ വന്ന വർദ്ധനവാണ്.

5. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് ഊന്നൽ നൽകുക വഴി കാർഷിക വിളകളുടെ ഉത്പാദന വർദ്ധനവും മണ്ണിന്റെ ആരോഗ്യ-പരിപാലനവും കുറഞ്ഞ കൃഷി ചെലവും പാലുൽപ്പാദനത്തിൽ വർദ്ധനവും ഉണ്ടായിട്ടുണ്ട്.

6. പഠനം നടത്തിയവരിൽ 28% ഗുണഭോക്താക്കൾ കൃഷി മേഖലയിലും 19% മൃഗസംരക്ഷണ മേഖലയിലും 15% ജലസേചന മേഖലയിലുമാണ് പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റിയത്.

7. കാർഷിക മേഖലയിൽ നെൽകൃഷി വികസനത്തിനാണ് കൂടുതൽ ഫണ്ട് ചെലവഴിച്ചത്.

8. താഴെ പറയുന്ന പോരായ്മകളും റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്:

- ജല സംരക്ഷണത്തിന് അധികം പ്രോജക്ടുകൾ ഉണ്ടായിരുന്നില്ല.
- വിപണന സൗകര്യമൊരുക്കുന്നതിനുള്ള പ്രോജക്ടുകൾ ഉണ്ടായിരുന്നില്ല.
- കർഷകർക്ക് പരിശീലനപരിപാടിക്കുള്ള പ്രോജക്ടുകൾ ഉണ്ടായിരുന്നില്ല.

12-ാം പഞ്ചവത്സര കാലയളവിന്റെ മൂന്നാമതൊരു ഏജൻസിയുടെ അവലോകന റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## പാലക്കാട് ജില്ലയിൽ കൃഷി നിർത്തണമെന്ന നിർദ്ദേശം പാലിച്ച കർഷകർക്കുള്ള അധിക സഹായം

11 (2568) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കൊടും വരൾച്ച മുന്നിൽകണ്ട് പാലക്കാട് ജില്ലയിൽ ജില്ലാ കൃഷി അധികാരിയും ജില്ലാ കളക്ടറും കർഷകരോട് കൃഷി ചെയ്യുന്നത് തത്കാലം നിർത്തിവെയ്ക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് ഒട്ടനവധി കർഷകർ കൃഷി വേണ്ടെന്നുവയ്ക്കുകയും അത് അവർക്ക് അടുത്ത വിളയിറക്കാൻ പറ്റാത്ത അവസ്ഥയുണ്ടാകുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കർഷകർക്ക് അടുത്ത വിളയിറക്കാൻ എന്തൊക്കെ അധിക സഹായങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്;

(ബി) വരൾച്ച ബാധിച്ച നെൽ കർഷകർക്ക് ഏക്കറിന് 48,500 രൂപ നൽകുമെന്ന രീതിയിൽ പ്രധാന പത്രങ്ങളിൽ വന്ന വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരമുള്ള സഹായത്തെപ്പറ്റി കൂടുതൽ വ്യക്തമാക്കാമോ;

(സി) ഈ സഹായം എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിന് ആവശ്യമായ വിത്ത് സൗജന്യമായി പ്രത്യേക പദ്ധതി പ്രകാരം നൽകുന്നതാണ്. കൂടാതെ അടുത്ത വിളയ്ക്കായി വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ എല്ലാ സഹായങ്ങളും കർഷകർക്ക് നൽകുന്നതാണ്.

(ബി) പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെൽകൃഷിക്ക് നഷ്ടപരിഹാര തുക ഹെക്ടറിന് 35,000 രൂപയായി പുനർ നിശ്ചയിച്ചിട്ടുണ്ട്. പുതുതായി ഇൻഷ്വർ ചെയ്യുന്ന കർഷകർക്ക് ഈ തുക ലഭിക്കുന്നതാണ്. 22-3-2017-ന് മുമ്പ് പദ്ധതിയിൽ ചേർന്നവർക്ക് 15,000 രൂപയാണ് ലഭിക്കുക. ഇതുകൂടാതെ പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷി നാശത്തിന് ദുരന്ത നിവാരണ പദ്ധതി പ്രകാരം ഹെക്ടറിന് 13,500 രൂപയും ലഭിക്കുന്നതാണ്.

(സി) പദ്ധതി വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി നഷ്ടം തിട്ടപ്പെടുത്തി എത്രയും വേഗത്തിൽ ഇൻഷ്വറൻസ് പരിരക്ഷകൾ നൽകുന്നതാണ്.

## തരിശുഭൂമി കൃഷിയോഗ്യമാക്കാൻ സ്വീകരിച്ച നടപടികൾ

12 (2569) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007-08-ൽ നെൽകൃഷിയുടെ വിസ്തീർണ്ണം എത്ര എന്നും ആയത് 2015-16-ൽ എത്ര എന്നും എത്ര ഹെക്ടറിന്റെ കുറവുണ്ടായി എന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഹെക്ടറിന്റെ വർദ്ധനവുണ്ടായി എന്നും വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ ഭരണകാലത്ത് തരിശായക്കിടന്ന കൃഷിഭൂമി എത്ര എന്നും ഇവയിൽ എത്ര ഹെക്ടർ മറ്റാവശ്യങ്ങൾക്കുപയോഗിച്ചുവെന്നും തരിശുഭൂമി കൃഷിയോഗ്യമാക്കാൻ എന്ത് നടപടി കൈക്കൊണ്ടുവെന്നും വിശദമാക്കുമോ;

(സി) 2007-08-ൽ നെല്ലുല്പാദനം എത്രയായിരുന്നു; ഇത് 2015-16-ൽ എത്ര; നിലവിൽ എത്ര (2016-17)എന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ എത്ര ഏക്കർ തരിശുനിലം, കരനിലം, ഒരുപ്പൂനിലം, ഇരുപ്പൂനിലം എന്നിവകളിൽ അധിക നെൽകൃഷി നടന്നു; ഇതുവഴി എത്ര അളവ് ഉല്പാദനം ഉണ്ടാക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2007-08-ൽ സംസ്ഥാനത്ത് 2,28,938 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് 2015-16-ൽ 1,96,830 ഹെക്ടറായി കുറഞ്ഞിരുന്നു. 32,068 ഹെക്ടറിന്റെ കുറവാണ് ടി കാലയളവിൽ ഉണ്ടായത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും അതിൻപ്രകാരം 2,02,444 ഹെക്ടറിൽ 2016-17 വർഷം നെൽകൃഷി ആരംഭിച്ചിരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്താകെ 36686.772 ഹെക്ടർ തരിശുഭൂമിയാണ് ഉണ്ടായിരുന്നത്. ഗൃഹനിർമ്മാണത്തിന് 1379.887 ഹെക്ടർ നെൽവയൽ ടി കാലയളവിൽ നികത്തുകയുണ്ടായി. 2011-2016 കാലഘട്ടത്തിൽ തരിശുനില നെൽകൃഷി നടപ്പിലാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2011-12 | 2515.902 ഹെക്ടർ |
| 2012-13 | 1373.36 ഹെക്ടർ |
| 2013-14 | 1903.952 ഹെക്ടർ |
| 2014-15 | 1805.802 ഹെക്ടർ |
| 2015-16 | 1292.01 ഹെക്ടർ |

(സി) സംസ്ഥാനത്തെ നെല്ലുല്പാദനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2007-08 | 5,28,488 ടൺ |
| 2015-16 | 5,49,275 ടൺ |
| 2016-17 | ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് ലഭ്യമായിട്ടില്ല. |

(ഡി) 2016-17 വർഷം തരിശുനിലം, കരനിലം, ഒരുപ്പുനിലം എന്നിവ നെൽകൃഷിക്കായി ഉപയോഗപ്പെടുത്തിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തരിശുനില കൃഷി | 2782.3857 ഹെക്ടർ |
| കരനെൽകൃഷി | 2743.2237 ഹെക്ടർ |
| ഒരുപ്പൂ, ഇരുപ്പൂ കൃഷിയാക്കിയത് | 88.45 ഹെക്ടർ |

**പഴയന്നൂർ ദേശത്തെ കൃഷിഭവൻ പരിധിയിലെ കർഷകർക്ക് പെൻഷൻ**

13 (2570) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ പഴയന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ വരുന്ന കൃഷിഭവൻ പരിധി പ്രദേശത്തും വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന മുള്ളൂർക്കര, പരവൂർ, ദേശമംഗലം എന്നീ കൃഷി ഭവൻ പരിധി പ്രദേശത്തും ആയി എത്ര ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകിവരുന്നുണ്ട്;

(ബി) അവരുടെ പേരും മേൽവിലാസവും കൃഷി ഭവൻ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) പഴയന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിലെ കൃഷി ഭവൻ പരിധിയിൽ 1271-ഉം വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ 510-ഉം കർഷകർക്ക് പെൻഷൻ നൽകി വരുന്നു.

(ബി) കൃഷി ഭവൻ തലത്തിലുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ

14 (2571) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി ഓഫീസർമാരുടെ എത്ര ഒഴിവുകളുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കൃഷി ഓഫീസർമാരുടെ 18 ഒഴിവുകളുണ്ട്.

(ബി) പ്രസ്തുത ഒഴിവുകളിൽ 10 ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും മതിയായ ഉദ്യോഗാർത്ഥികൾ ലഭിക്കാത്തതിനാൽ 3 ഒഴിവുകളിൽ കരാർ അടിസ്ഥാനത്തിലും നിയമനം നടത്തിയിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നമുറയ്ക്ക് മുഴുവൻ ഒഴിവുകളിലേയ്ക്കും നിയമനം നടത്തുന്നതാണ്. ഇതിനായി ഒഴിവുകൾ നികത്തുവാനുള്ള ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ പി.എസ്.സി. വഴി നടത്തികഴിഞ്ഞിട്ടുണ്ട്. ഉടനെതന്നെ ഫൈനൽ ലിസ്റ്റ് വരികയും നിയമനങ്ങൾ നടത്തുന്നതുമാണ്.

## കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഭൂമി

15 (2572) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ കാസർഗോഡ് ജില്ലയിൽ എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ എത്ര ഏക്കർ ഇപ്പോൾ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്;

(സി) പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമിയിൽ വിളപരിവർത്തനം നടത്തി ആദായം വർദ്ധിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

| | | | | |
|---|---|---|---|---|
| (എ) | 1. | ചീമേനി എസ്റ്റേറ്റ് | - | 924 ഹെക്ടർ |
| | 2. | രാജപുരം എസ്റ്റേറ്റ് | - | 1522.91 ഹെക്ടർ |
| | 3. | കാസർഗോഡ് എസ്റ്റേറ്റ് | - | 2065.03 ഹെക്ടർ |

(ബി) പ്രസ്തുത ഭൂമിയിൽ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമി സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമിയിൽ ഇപ്പോൾ പാഷൻ ഫ്രൂട്ട്, പച്ചക്കറികൾ തുടങ്ങിയവയുടെ ഉൽപ്പാദനം നടത്തി ആദായം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## നെടുമങ്ങാട് ഹോർട്ടികോർപ്പ് അധികൃതർക്കെതിരെ കർഷകർ നടത്തിയ സമരം

16 (2573) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് അന്താരാഷ്ട്ര മാർക്കറ്റിൽ കർഷകർ ഹോർട്ടികോർപ്പ് അധികൃതർക്കെതിരെ നടത്തിയ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമരത്തിനാധാരമായ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) തിരുവനന്തപുരത്തുള്ള മറ്റൊരു അന്താരാഷ്ട്ര മാർക്കറ്റിൽ ഹോർട്ടികോർപ്പ് അധികൃതരുടെ ക്രമക്കേടുകൾ മന്ത്രി നേരിട്ട് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടും അവരുടെ കൃഷിക്കാരോടുള്ള സമീപനത്തിൽ മാറ്റം വരാത്തതിന്റെ കാരണം പരിശോധിക്കുമോ;

(ഡി) വിലനിലവാരം പിടിച്ചുനിർത്താനും സംസ്ഥാനത്തെ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കാനും പൊതുഖജനാവിൽ നിന്നും അനുവദിക്കുന്ന സബ്സിഡി തുക, തമിഴ്നാട്ടിലെ പച്ചക്കറി ഏജന്റുമാരുമായി ചേർന്ന് തട്ടിയെടുക്കാൻ മത്സരിക്കുന്ന ഇത്തരം ഉദ്യോഗസ്ഥർ, ഇവിടത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളോടും കർഷകരോടും കാട്ടുന്ന ധിക്കാരം അവസാനിപ്പിക്കാൻ കർശനമായ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ഉണ്ട്. നെടുമങ്ങാട് റൂറൽ ഹോൾസെയിൽ മാർക്കറ്റിൽ 2017 ഏപ്രിൽ 21-ാം തീയതിയിലെ ലേലദിവസം പച്ചക്കറി സംഭരിക്കുന്നതുമായി ബന്ധപ്പെട്ട് ഹോർട്ടികോർപ്പിനെതിരെ ഒരു സമരം നടന്നു. പ്രസ്തുത ലേലദിവസത്തിന് ഒരു ദിവസം മുൻപ് ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രത്തിൽ കർഷകരിൽനിന്നും സംഭരിച്ച 2250 കിലോയോളം വെള്ളരി സ്റ്റോക്ക് ഉണ്ടായിരുന്നു. ഇത് രണ്ട് ദിവസത്തെ വിതരണത്തിന് മതിയാകും എന്നതിനാൽ അധികമായി വെള്ളരി സംഭരിക്കേണ്ടതില്ലായെന്നതിനാലാണ് ഹോർട്ടികോർപ്പിന്റെ നെടുമങ്ങാട് കാർഷിക മൊത്തവ്യാപാര വിപണിയിൽനിന്നും വെള്ളരി സംഭരിക്കുവാൻ വിമുഖത കാട്ടിയത്. എന്നാൽ തക്കസമയത്ത് കൃഷി വകുപ്പുമന്ത്രി ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ നടന്ന ചർച്ചകളിലൂടെ പ്രശ്നം പരിഹരിക്കുകയും അന്നത്തെ മുഴുവൻ വെള്ളരിയും ഹോർട്ടികോർപ്പ് വാങ്ങുകയും ചെയ്തു. അതിനുശേഷമുള്ള ലേലങ്ങളിൽ ഹോർട്ടികോർപ്പ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. കർഷകർ കൊണ്ടുവരുന്ന എല്ലാ ഉല്പന്നങ്ങളും വാങ്ങുവാൻ സന്നദ്ധത കാട്ടുന്നുണ്ട്.

(സി) നിലവിൽ കർഷകർക്ക് ഏറെ സഹായകരമായ സമീപനമാണ് ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നത്. തിരുവനന്തപുരം ജില്ലയ്ക്ക് അകത്തും പുറത്തുമുള്ള സ്വാശ്രയ കർഷക സംഘങ്ങളിൽനിന്നും ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളിൽനിന്നും മറ്റ് കർഷക സംഘങ്ങളിൽനിന്നും കർഷകർക്ക് മെച്ചപ്പെട്ട വില നൽകി കാർഷികോല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തിവരുന്നു. ഒറ്റപ്പെട്ട സംഭവങ്ങൾ ഒഴിച്ചാൽ കർഷകരിൽനിന്നും വിപണി മൊത്ത വിലയേക്കാളും കൂടുതൽ വില നൽകിയാണ് ഇപ്പോൾ ഹോർട്ടികോർപ്പ് ഉല്പന്നങ്ങൾ സംഭരിച്ചുകൊണ്ടിരിക്കുന്നത്. ആയതിനാൽ ഇപ്പോൾ ഇത്തരത്തിലുള്ള പരാതികൾ വിരളമാണ്.

(ഡി) സർക്കാർ നയത്തിന് വിരുദ്ധമായി പ്രവർത്തിച്ച രണ്ട് ജില്ലാ മാനേജർമാരെ ഒഴിവാക്കിയിട്ടുണ്ട്. പച്ചക്കറി സംഭരണം സുഗമമാക്കുന്നതിന് വേണ്ടി വി.എഫ്.പി.സി.കെ.-യുടെയും ഹോർട്ടികോർപ്പിന്റെയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന കമ്മിറ്റികൾ രൂപീകരിച്ച് അവയുടെ നിരീക്ഷണത്തിലും ഉപദേശത്തിലും മേൽനോട്ടത്തിലുമാണ് സംഭരണം നടത്തുന്നത്. ഇപ്രകാരമുള്ള 4 റീജിയണൽ കമ്മിറ്റികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ മാത്രമാണ് ഇപ്പോൾ സംസ്ഥാനത്തിന് പുറത്തുനിന്നും സംഭരിക്കുന്നത്. നിലവിൽ കർഷകരിൽനിന്നും പരമാവധി ഉല്പന്നങ്ങൾ ഹോർട്ടികോർപ്പ് സംഭരിക്കുന്നുണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കർഷക വിരുദ്ധ സമീപനമുണ്ടായാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

## വി.എഫ്.പി.സി.കെ. നേതൃത്വത്തിൽ നടത്തി വരുന്ന ജൈവ കൃഷി

17(2574) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ നേതൃത്വത്തിൽ നടത്തിവരുന്ന ജൈവ കൃഷിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വരുംവർഷങ്ങളിൽ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും ഉത്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തുവരുന്നത്;

(സി) കൃഷിയിടങ്ങളിൽത്തന്നെ ജൈവവളങ്ങളും ജൈവകീടനാശിനികളും ഉത്പാദിപ്പിക്കുന്നതിനാവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൗൺസിലിന് കീഴിൽ സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നൽകുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന PGS (Participatory Guarantee System) നടപ്പിലാക്കി വരുന്നു. കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി ജൈവ കൃഷിയോടുതാല്പര്യമുള്ള കർഷകരുടെ 213 ലോക്കൽ ഗ്രൂപ്പുകൾ രൂപീകരിച്ച് ജൈവകൃഷി നടപ്പിലാക്കി വരുന്നു. കർഷകർക്ക് ജൈവ സർട്ടിഫിക്കേഷനും ജൈവ പച്ചക്കറി ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള പ്രൊഡക്ഷൻ സബ്സിഡിക്കുമായി 70 ലക്ഷം രൂപയുടെ വിവിധ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. രാസവളങ്ങളുടേയും കീടനാശിനികളുടേയും അനിയന്ത്രിതമായ ഉപയോഗംമൂലം ഉണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ കാമ്പെയിനുകളും പരിശീലന ക്ലാസ്സുകളും സംഘടിപ്പിച്ചു വരുന്നു. വീടുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 30535 ഗ്രോബാഗുകൾ വിതരണം ചെയ്തിട്ടുണ്ട്. കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ വഴി ജൈവവളങ്ങളും ജൈവ വളർച്ചാ ത്വരകങ്ങളും ജൈവ കീടനാശിനികളും കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

(ബി) വരുംവർഷങ്ങളിൽ 2000 ഹെക്ടർ സ്ഥലത്തേയ്ക്ക് ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് 310 ലോക്കൽ ഗ്രൂപ്പുകൾ പി.ജി.എസ്.-ന് കീഴിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷകർക്ക് ജൈവ സർട്ടിഫിക്കേഷനും ജൈവ പച്ചക്കറി ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള പ്രൊഡക്ഷൻ സബ്സിഡിക്കുമായി 70 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഗ്രോബാഗ് പദ്ധതി, ഹരിത നഗരി പദ്ധതികൾ വഴിയും ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിച്ചു വരുന്നു. പി.ജി.എസ്. സർട്ടിഫിക്കേഷൻ ലഭിക്കുന്ന ഉല്പന്നങ്ങളുടെ സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നു.

(സി) കൃഷിയിടങ്ങളിൽത്തന്നെ ജൈവവളങ്ങൾ/ജൈവ കീടനാശിനികൾ എന്നിവ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മണ്ണിര കമ്പോസ്റ്റ്, ഇ. എം. കമ്പോസ്റ്റ്, NCOF കമ്പോസ്റ്റ് എന്നിവ വി.എഫ്.പി.സി.കെ. ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കർഷകരെക്കൊണ്ട് ഉല്പാദിപ്പിച്ചുവരുന്നു.

**ആർ.കെ.വി.വൈ. പദ്ധതിക്ക് ലഭിച്ച തുക, ചെലവാക്കിയ തുക, ഭൗതിക നേട്ടങ്ങൾ**

18 (2575) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.കെ.വി.വൈ. (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതി പ്രകാരം കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ഇതുവരെ ലഭിച്ച തുകയുടെയും ചെലവാക്കിയ തുകയുടെയും വാർഷികാടിസ്ഥാനത്തിലുള്ള വിശദവിവരങ്ങൾ ജില്ലകൾ തിരിച്ച് നൽകുമോ ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിലൂടെ ഓരോ ജില്ലകളും കൈവരിച്ച ഭൗതിക നേട്ടങ്ങൾ വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി പ്രകാരം ഈ വർഷം നടപ്പിലാക്കാൻ പോകുന്ന പദ്ധതികളുടെ വിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ചു കൊണ്ടിരിക്കുന്ന പ്രോജക്ടുകൾ പരിശോധിച്ചുവരുന്നു. പ്രസ്തുത പ്രോജക്ടുകൾ ഈ വർഷത്തെ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

## പി.എം.കെ.എസ്.വൈ. പദ്ധതി

19 (2576) ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന (പി.എം.കെ.എസ്.വൈ.) വഴിയുള്ള പദ്ധതികളിൽ കേന്ദ്ര സഹായം എത്രയാണ്;

(ബി) ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ ഏതെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പി.എം.കെ.എസ്.വൈ. വഴിയുള്ള പദ്ധതികളിൽ കേന്ദ്രം സംസ്ഥാനത്തിന് പദ്ധതി നിർവ്വഹണത്തിനായി അനുവദിക്കുന്ന വിഹിതത്തിന്റെ 60% കേന്ദ്ര വിഹിതമായി നൽകുന്നു. എന്നാൽ സംസ്ഥാന-ജില്ലാതല ഇറിഗേഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിന് 100% കേന്ദ്ര വിഹിതം നൽകുന്നുണ്ട്. ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി 140 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തികൾ/പദ്ധതികൾ ഉൾപ്പെടെ ജില്ലാതല ഇറിഗേഷൻ പ്ലാനുകളും ആയവ ക്രോഡീകരിച്ച് തയ്യാറാക്കുന്ന സംസ്ഥാനതല പ്ലാനും തയ്യാറാക്കി വരുന്നു. ഇതിനായി സംസ്ഥാന തലത്തിൽ മന്ത്രിമാർ പങ്കെടുത്ത രണ്ട് വർക്ക്ഷോപ്പുകളും ഒരു വീഡിയോ കോൺഫറൻസും നടത്തുകയുണ്ടായി. ഇതിന്റെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്.

(സി) വിവിധ പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജില്ലാതല/ സംസ്ഥാനതല ഇറിഗേഷൻ പ്ലാനുകളുടെ പൂർത്തീകരണം അന്തിമഘട്ടത്തിലാണ്.

**പി.എം.കെ.എസ്.വൈ. പദ്ധതി**

20 (2577) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.കെ.എസ്.വൈ. (പ്രധാൻമന്ത്രി കൃഷി സിഞ്ചായീ യോജന) പദ്ധതി പ്രകാരം കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ഇതുവരെ ലഭിച്ച തുകയുടെയും ചെലവാക്കിയ തുകയുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; എത്രകോടി രൂപയുടെ ഇറിഗേഷൻ പ്ലാനുകളാണ് സംസ്ഥാനം കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ളത്; ജില്ല തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പി.എം.കെ.എസ്.വൈ. പദ്ധതി പ്രകാരം എ.ഐ.ബി.പി.-യുടെ കീഴിൽ ഓരോ ജില്ലകളിലെയും ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഈ വർഷത്തെ സംസ്ഥാനത്തിന്റെ വിഹിതം എത്രയാണ്; ഇത് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലൂടെ ഓരോ ജില്ലകളും കൈവരിച്ച ഭൗതിക നേട്ടങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃഷി വകുപ്പ്, ഗ്രാമവികസന വകുപ്പ്, ജലസേചന വകുപ്പ് എന്നിവ മുഖാന്തരമാണ് പി.എം.കെ.എസ്.വൈ. പദ്ധതി നടപ്പിലാക്കുന്നത്.

2015-16 സാമ്പത്തിക വർഷം കൃഷി വകുപ്പിന് 352.82 ലക്ഷം രൂപയും കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടുണ്ട്. ആയത് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന പി.എം.കെ.എസ്.വൈ. പദ്ധതിയുടെ നീർത്തട ഘടകത്തിന്റെ നടത്തിപ്പിനായി 2016-17 സാമ്പത്തിക വർഷം കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽനിന്നും 16.62 കോടി രൂപയും കേന്ദ്ര കൃഷി മന്ത്രാലയത്തിൽനിന്നും ലഭിച്ച തുക 5 കോടി രൂപയും ലഭ്യമായിട്ടുണ്ട്. ആയതിൽ കേന്ദ്ര കൃഷി മന്ത്രാലയത്തിൽനിന്നും ലഭിച്ച തുക പൂർണ്ണമായും കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽനിന്നും ലഭിച്ച തുകയുടെ 75%-വും വിനിയോഗിച്ചിട്ടുണ്ട്.

കേന്ദ്ര ജലവിഭവ മന്ത്രാലയത്തിൽനിന്നും പി.എം.കെ.എസ്.വൈ. പദ്ധതിയുടെ കീഴിലുള്ള ജലസേചന പ്രവർത്തനങ്ങൾക്കായി ധനസഹായം ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

ജില്ലാതല ജലസേചന പ്ലാനുകളുടെ രൂപീകരണം പൂർത്തിയാക്കുന്ന പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിലവിൽ സംസ്ഥാനത്തെ നാല് ജലസേചന പദ്ധതികളാണ് പി.എം.കെ.എസ്.വൈ. - എ.ഐ.ബി.പി. പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കാരാപ്പുഴ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, മൂവാറ്റുപുഴ കൃഷി വകുപ്പിനുള്ള ഈ വർഷത്തെ സംസ്ഥാന വിഹിതം കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് ജില്ലാതല ജലസേചന പ്ലാനുകൾക്കും സംസ്ഥാനതല ജലസേചന പ്ലാനുകൾക്കും അന്തിമരൂപം നൽകിവരുന്നു.

(സി) ഓരോ ജില്ലയിലെയും ജില്ലാതല ജലസേചന പ്ലാനിന് അന്തിമ രൂപം നൽകിവരുന്നു. 2017-18-ൽ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്ന പദ്ധതികൾ മുൻഗണനാ ക്രമം നിശ്ചയിച്ച് 2017-18-ലെ ആനുവൽ ആക്ഷൻ പ്ലാനിന് രൂപം നൽകുന്ന നടപടികൾ പൂർത്തീകരിച്ച് വരുന്നു. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പി.എം.കെ.എസ്.വൈ. പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച അവബോധം കർഷകരിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലും സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജില്ലാതല ജലസേചന പ്ലാനിന് അന്തിമ രൂപം നൽകിവരുന്നു.

പി.എം.കെ.എസ്.വൈ. പദ്ധതിയുടെ ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന നീർത്തട ഘടകം മുഖേന 2016-17 സാമ്പത്തിക വർഷത്തിൽ 2689.526 ഹെക്ടർ സ്ഥലത്തിന് ജലസേചന സൗകര്യം ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്.

**പി.പി.എഫ്.എം., വി.എ.എം. എന്നീ നൂതന സാങ്കേതികവിദ്യകൾ**

21 (2578) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ചയെ പ്രതിരോധിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പി.പി.എഫ്.എം., വി.എ.എം. എന്നീ നൂതന സാങ്കേതികവിദ്യകൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഭരണാനുമതി പ്രകാരം നൽകിയ തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) പ്രസ്തുത സാങ്കേതികവിദ്യ കാർഷിക മേഖലയിൽ ഉണ്ടാക്കുവാൻ സാധ്യതയുള്ള നേട്ടങ്ങളെയും കോട്ടങ്ങളെയും സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. വരൾച്ചയിൽനിന്നും കാർഷിക വിളകളെ സംരക്ഷിക്കുന്നതിനായി തമിഴ്നാട് കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത ഒരു നൂതന സാങ്കേതിക വിദ്യയാണ് പി.പി.എഫ്.എം. ടെക്നോളജി. 2016-17-ൽ പാലക്കാട്, തൃശ്ശൂർ, കോട്ടയം ജില്ലകളിലായി 394.44 ഹെക്ടർ സ്ഥലത്ത് പി.പി.എഫ്.എം. പ്രയോഗിക്കുന്നതിന് 8,68,100 രൂപ ചെലവഴിച്ചു.

വി.എ.എം. എന്ന ജീവാണു വളം നിലവിൽ കർഷകർ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യയാണ്. വി.എ.എം. ചേർത്ത് നടുന്ന ചെടികൾക്ക് മണ്ണിൽ അടങ്ങിയിട്ടുള്ള ഫോസ്ഫറസിന്റെ ലഭ്യതയും വെള്ളം, നൈട്രജൻ, പൊട്ടാഷ് എന്നിവയുടെ ലഭ്യത കൂട്ടുകയും ചെയ്യുന്നു.

(ബി) വിവിധ സാങ്കേതിക കാരണങ്ങൾമൂലം അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുവാൻ സാധിച്ചില്ല. വിളയുടെ ഘട്ടത്തിനനുസരിച്ച് ഏറ്റവും നിർണ്ണായകമായ അടിക്കണ-പരുവത്തിലും കതിരിടുന്ന ഘട്ടങ്ങളിലും പ്രയോഗിക്കുമ്പോഴാണ് ഇതിന്റെ പ്രയോജനം ഏറ്റവുമധികം വിളയ്ക്ക് ലഭ്യമാകുന്നത്. ഈ സാഹചര്യത്തിൽ 394.44 ഹെക്ടറിലേയ്ക്ക് ആവശ്യമായി വന്ന 8,68,100 രൂപയാണ് വിനിയോഗിച്ചത്.

(സി) നെൽകൃഷിയെ സംബന്ധിച്ച് വിളയുടെ അവസാന നിർണ്ണായക ഘട്ടങ്ങളിലുണ്ടാകുന്ന ജലദൗർലഭ്യംമൂലമുള്ള വിളനാശത്തെ അതിജീവിക്കുവാനും വിളവ് ഉറപ്പാക്കുവാനും പി.പി.എഫ്.എം. എന്ന നൂതന സാങ്കേതികവിദ്യ ഒരളവുവരെ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വിദ്യയുടെ നേട്ടങ്ങളും കോട്ടങ്ങളും പരിശോധിച്ചശേഷമാണ് തമിഴ്നാട് സർവ്വകലാശാല ഇത് പുറത്തിറക്കിയിട്ടുള്ളത്. ഇത് വിശ്വാസയോഗ്യമായതിനാലാണ് കേരളത്തിലെ കർഷകർക്ക് പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കാൻ നിർദ്ദേശം നൽകിയത്.

**ജൈവ വൈപ്പിൻ പദ്ധതി നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ**

22 (2579) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതി നടപ്പാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനായി സർക്കാർ ഇതുവരെ എത്ര യോഗങ്ങൾ ചേർന്നെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യോഗങ്ങളുടെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ജൈവ വൈപ്പിൻ പദ്ധതി എന്നത്തേയ്ക്ക് പുനരാരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ജൈവ വൈപ്പിൻ പദ്ധതി നടപ്പാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനായി സർക്കാർ തലത്തിൽ ഇതുവരെ 2 യോഗങ്ങൾ ചേർന്നിട്ടുണ്ട്. പ്രസ്തുത യോഗങ്ങളുടെ മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായി 10 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 9 പ്രവൃത്തികൾ പുരോഗതിയിലാണ്. എന്നാൽ നടപ്പിലാക്കിവരുന്ന 2 പ്രവൃത്തികളിൽ വീരംപുഴയുമായി ബന്ധപ്പെട്ട ചില പ്രവൃത്തികളും വീരംപുഴയുടെ ആഴം വർദ്ധിപ്പിക്കൽ പ്രവൃത്തികളും കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ സ്റ്റോപ്പ് മെമ്മോ അനുസരിച്ച് നിർത്തിവച്ചിട്ടുണ്ട്. നിലവിൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെയും തീരദേശ പരിപാലന അതോറിറ്റിയുടെയും ക്ലിയറൻസ് നേടുന്നതിനുള്ള നടപടികൾ അടിയന്തരമായി എടുത്തുകൊണ്ടിരിക്കുകയാണ്. ഇത് ലഭ്യമാകുന്നമുറയ്ക്ക് നിർത്തിവച്ചിരിക്കുന്ന പ്രവൃത്തികൾ പുനരാരംഭിക്കാൻ സാധിക്കും.

**നീര ഉൽപ്പാദനം നേരിടുന്ന പ്രതിസന്ധി മറികടക്കാൻ നടപടി**

23 (2580) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരകൃഷിക്ക് വൻകുതിപ്പ് നൽകാൻ കഴിയുമായിരുന്ന നീര ഉൽപ്പാദനം ഇപ്പോൾ നേരിടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉൽപ്പന്നത്തിന് വിപണി കണ്ടെത്താൻ കഴിയാത്തതും കർഷകർക്ക് എതാണ്ട് ഒരു വർഷമായി പണം ലഭിക്കാത്തതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദഗ്ധരെ കിട്ടാത്തതിനാൽ മിക്ക കമ്പനികളും നീര ഉൽപ്പാദനം അവസാനിപ്പിക്കുന്ന സാഹചര്യമുണ്ടോ ;

(ഡി) ഇല്ലെങ്കിൽ സംസ്ഥാനത്താരംഭിച്ച ഇരുപത്തിയൊമ്പത് നീര ഉൽപ്പാദന കേന്ദ്രങ്ങളിൽ എത്ര എണ്ണം ഇപ്പോൾ ചെറിയ തോതിലെങ്കിലും നീര ഉൽപ്പാദിപ്പിക്കുന്നുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ഇ) പ്രസ്തുത പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സർക്കാർ ലൈസൻസ് നല്കി പ്രവർത്തനം ആരംഭിച്ച ചില നാളികേര ഉത്പാദക കമ്പനികൾ പ്രാരംഭകാല പ്രശ്നങ്ങൾ നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) വിവിധ നാളികേര ഉത്പാദക കമ്പനികൾ ഉത്പാദിപ്പിക്കുന്ന നീരയ്ക്ക് വിഭിന്ന രുചി ആയതിനാൽ വിപണിയിൽ സ്ഥായിയായി വില്പനയ്ക്ക് തടസ്സം നേരിടുന്നു. ചില നാളികേര ഉത്പാദക കമ്പനികൾക്ക് മതിയായ പ്രവർത്തന മൂലധനം ഇല്ലാത്തതുമൂലം അവിടത്തെ കർഷകർക്ക് യഥാസമയം തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

(സി) നീര ചെത്തുന്നതിന് വൈദഗ്ദ്ധ്യമുള്ളവരുടെ അഭാവംമൂലം നീര ഉത്പാദനത്തിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) താഴെ പറയുന്ന പതിനെട്ട് നീര ഉത്പാദന കമ്പനികൾ നീര ഉത്പാദിപ്പിച്ച് വരുന്നു :

പാലക്കാട് നാളികേര ഉത്പാദക കമ്പനി, കൊടുങ്ങല്ലൂർ നാളികേര ഉത്പാദക കമ്പനി, വടകര നാളികേര ഉത്പാദക കമ്പനി, കൈപ്പുഴ നാളികേര ഉത്പാദക കമ്പനി, തിരുകൊച്ചി നാളികേര ഉത്പാദക കമ്പനി, തേജസ്വിനി നാളികേര ഉത്പാദക കമ്പനി, പേരാമ്പ്ര നാളികേര ഉത്പാദക കമ്പനി, കടത്തനാട് നാളികേര ഉത്പാദക കമ്പനി, തിരൂർ നാളികേര ഉത്പാദക കമ്പനി, മലപ്പുറം നാളികേര ഉത്പാദക കമ്പനി, കരപ്പുറം നാളികേര ഉത്പാദക കമ്പനി, കുറ്റ്യാടി നാളികേര ഉത്പാദക കമ്പനി, തൃശ്ശൂർ നാളികേര ഉത്പാദക കമ്പനി, കോഴിക്കോട് നാളികേര ഉത്പാദക കമ്പനി, ഓണാട്ടുകര നാളികേര ഉത്പാദക കമ്പനി, കോട്ടയം നാളികേര ഉത്പാദക കമ്പനി, കൊയിലാണ്ടി നാളികേര ഉത്പാദക കമ്പനി, വയനാട് നാളികേര ഉത്പാദക കമ്പനി.

(ഇ) കുറിയ ഇനം തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുക, ചെറുകിട കർഷകർക്ക് നീര ഉത്പാദനത്തിൽ പരിശീലനം നൽകുക, നീര ഉത്പാദനത്തിന്റെ ചെലവ് കുറയ്ക്കുക, നീര ചെത്തുന്നതിന് പ്രതിദിനം 2 ലിറ്റർ നീരയെങ്കിലും ലഭ്യമാകുന്ന ആരോഗ്യമുള്ള തെങ്ങുകൾ കണ്ടെത്തുക.

## ജൈവ കൃഷിയിലേയ്ക്ക് തിരിയുമ്പോൾ കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ നടപടി

24 (2581) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ജൈവ കൃഷിക്കാവശ്യമായത്ര ജൈവവളങ്ങൾ സംസ്ഥാനത്ത് ലഭ്യമാണോ എന്ന് പരിശോധിക്കുമോ;

(ബി) വിളകളെ ബാധിക്കുന്ന രോഗ-കീടങ്ങൾക്ക് മതിയായ ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ ഇന്ന് നിലവിലുണ്ടോ; ജൈവ കൃഷിയുമായി ബന്ധപ്പെട്ടുള്ള ഗവേഷണങ്ങൾ നടന്നുവരുന്നുണ്ടോ;

(സി) ജൈവ കൃഷിയിലേയ്ക്ക് തിരിയുമ്പോൾ കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 2016-17-ൽ അനുമതി ലഭിച്ച് പൂർത്തീകരിച്ചതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

(1) നല്ല കൃഷി മുറകൾ (ജി.എ.പി.) പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ഒരു ഹെക്ടറിന് 3,000 രൂപ നിരക്കിൽ ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുകയും ചെയ്തു. പ്രസ്തുത ക്ലസ്റ്ററുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ ജി.എ.പി. സർട്ടിഫിക്കേഷൻ നൽകി നിർദ്ദിഷ്ട ലോഗോയിൽ " കേരള ഓർഗാനിക് " എന്ന ലേബലിൽ കൃഷി വകുപ്പ് വിപണനം നടത്തി വരുന്നു.

(2) ജൈവ പച്ചക്കറി വിപണനം നടത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലുമായി 66 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു.

(3) വിഷരഹിത പഴം-പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് ക്ലസ്റ്ററുകൾ രൂപീകരിച്ച് നല്ല കൃഷിമുറകൾ പാലിച്ച് കൃഷി ചെയ്ത് വിഷരഹിതവും ജൈവവളം മാത്രം ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്നതുമായ പഴങ്ങളും

പച്ചക്കറികളും സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലേയും ഇക്കോഷോപ്പുകൾ വഴി ജി.എ.പി. ക്ലസ്റ്ററുകളിൽനിന്നും കാർഷികോല്പന്നങ്ങൾ ശേഖരിച്ച് വില്പന നടത്തി വരുന്നു. കൂടാതെ ജി.എ.പി. ക്ലസ്റ്ററുകളിലെ കർഷകരിൽ നിന്ന് പച്ചക്കറികളും പഴവർഗ്ഗങ്ങളും സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് മുതലായവ നടത്തി നഗരസഭകളിലും മുനിസിപ്പാലിറ്റി കളിലുമുള്ള റെസിഡൻസ് അസോസിയേഷൻ മുഖേന വില്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകുകയുണ്ടായി.

(4) ടി രീതിയിൽ കൃഷി ചെയ്യുന്ന ഉല്പന്നങ്ങൾ "കേരള ഓർഗാനിക് " എന്ന ലേബലിൽ ജി.എ.പി. സർട്ടിഫിക്കേഷനോടുംകൂടി ഇക്കോഷോപ്പ് മുഖാന്തരം വില്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകർക്ക് പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകി.

(5) ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതിനായി 123 ലക്ഷം രൂപ ചെലവഴിച്ചു.

(6) കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുകയുണ്ടായി.

ഈ സാമ്പത്തിക വർഷവും ടി പ്രവർത്തനങ്ങൾ തുടർന്നും നടപ്പിലാക്കുന്നു.

ജൈവകൃഷിക്കാവശ്യമായ ജൈവവളങ്ങൾ കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിൽ 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും നിർമ്മിക്കുകയും റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500 രൂപ വീതവും ധനസഹായവും നൽകി. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ 146 ബ്ലോക്കുകളിൽ 5 റൂറൽ കമ്പോസ്റ്റ് യൂണിറ്റ് വീതം 730 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനായി 36.50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ബി) വിളകളെ ബാധിക്കുന്ന രോഗ-കീടങ്ങൾക്ക് മതിയായ ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ നിലവിലുണ്ട്. രാസകീടനാശിനികൾ ഉപയോഗിക്കാതെയുള്ള സംയോജിത കീട നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനാണ് കൃഷി വകുപ്പ് കർഷകർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ജൈവ കൃഷിയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ കാർഷിക സർവ്വകലാശാല നടത്തിവരുന്നു.

(സി) ജൈവ കൃഷിയിലേയ്ക്ക് തിരിയുമ്പോൾ കർഷകർക്ക് വലിയ തോതിലുള്ള നഷ്ടം സംഭവിക്കുന്നില്ല. മാത്രമല്ല ജൈവ ഉല്പന്നങ്ങൾക്ക് മറ്റ് ഉല്പന്നങ്ങളേക്കാൾ ഉയർന്ന വില മാർക്കറ്റിൽ ലഭ്യമാകുന്നുണ്ട്. കൂടാതെ ജൈവ കൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 3,000 രൂപ വീതം ധനസഹായം നൽകുന്നതിന് 375 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ജൈവ കൃഷി നടത്തുന്ന കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി നഗരസഭകളിലും മുനിസിപ്പാലിറ്റികളിലുമുള്ള റെസിഡൻസ് അസോസിയേഷനുകൾ മുഖേന ഉപഭോക്താക്കൾക്ക് വില്പന നടത്തുന്നതിന് 21 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി രീതിയിൽ കൃഷി ചെയ്യുന്ന ഉല്പന്നങ്ങൾ " കേരള ഓർഗാനിക്" എന്ന ലേബലിൽ ജി.എ.പി. സർട്ടിഫിക്കേഷനോടും കൂടി ഇക്കോഷോപ്പ് മുഖാന്തരം വില്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകർക്ക് പ്രോത്സാഹന തുകയും (ഇൻസെന്റീവ്) നൽകുന്നുണ്ട്.

## സഹസ്ര സരോവർ പദ്ധതി

25 (2582) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വരും തലമുറയ്ക്ക് ഒരു കുമ്പിൾ ശുദ്ധജലം' എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കിയ സഹസ്ര സരോവർ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ശുദ്ധജലത്തിന്റെ കാര്യത്തിൽ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനായുള്ള നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കെ. എൽ. ഡി. സി. തയ്യാറാക്കി സമർപ്പിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിന്റെ ആർ.ഐ.ഡി.എഫ്./ആർ.കെ.വി.വൈ. എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി സഹസ്ര സരോവർ പദ്ധതി നടപ്പിലാക്കി വരുന്നു. സഹസ്ര സരോവർ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ആർ.ഐ.ഡി.എഫ്. XIX സ്കീമിൽ ഉൾപ്പെടുത്തി 41 പദ്ധതികൾക്കും തുടർന്ന് ആർ.ഐ.ഡി.എഫ്. XX, XXI, XXII സ്കീമുകളിൽ ഉൾപ്പെടുത്തി 63 പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ആർ.കെ.വി.വൈ. 2014-15, 2015-16 സ്കീമിൽ ഉൾപ്പെടുത്തി 5 കുളങ്ങളുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ പദ്ധതികളിൽ 51 എണ്ണം പൂർത്തീകരിക്കുകയും 54 എണ്ണം വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരികയും ചെയ്യുന്നു.

(ബി) കുളങ്ങളുടെയും തോടുകളുടെയും ജലസ്രോതസ്സുകളുടെയും സംരക്ഷണം വഴി ഭൂഗർഭ ജലതോത് വർദ്ധിപ്പിക്കുന്നതിനും ഒരു പരിധിവരെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും സാധിക്കുന്നതാണ്.

(സി) ആർ.ഐ.ഡി.എഫ്. XXI, XXII, ആർ.കെ.വി.വൈ. സ്കീമുകളിൽ ഉൾപ്പെടുത്തി കെ.എൽ.ഡി.സി. തയ്യാറാക്കി സമർപ്പിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

**കേരള ഓർഗാനിക് എന്ന ബ്രാന്റ് നാമത്തിൽ പച്ചക്കറി വിപണനം**

26 (2583) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഉല്പന്നങ്ങൾ കേരള ഓർഗാനിക് എന്ന ബ്രാന്റ് നാമത്തിൽ വിപണനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം വിശദീകരിക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉല്പന്നങ്ങൾ ഏതെല്ലാം ഔട്ട്ലെറ്റുകളിൽ ലഭ്യമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ മുൻകൂട്ടി കൃഷി ചെയ്ത ജി.എ.പി. ക്ലസ്റ്ററുകളിൽനിന്നും സംഭരിച്ച സുരക്ഷിതമായ പച്ചക്കറികൾ ഈ വർഷത്തെ വിഷു, ഈസ്റ്റർ ഉത്സവനാളുകളിൽ “ കേരള ഓർഗാനിക്” എന്ന ലേബലിൽ വില്പന നടത്തി. സംസ്ഥാനത്തെ എല്ലാ വിഷുക്കണി സ്റ്റാളുകൾ വഴിയും ജൈവപച്ചക്കറികൾ വില്പന നടത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള 66 ഇക്കോഷോപ്പുകളിലും പ്രസ്തുത ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**തരിശ് നിലങ്ങളിൽ കൃഷിയിറക്കിയതിന്റെ ഭാഗമായി കൈവരിച്ച പുരോഗതി**

27 (2584) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശ് നിലങ്ങളിൽ കൃഷിയിറക്കുന്നതിന് നടത്തിയ ഇടപെടലിന്റെ ഭാഗമായി കൈവരിച്ച പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; സംസ്ഥാനത്താകെ എത്ര ഹെക്ടർ സ്ഥലത്ത് കൃഷി വികസിപ്പിക്കാൻ കഴിഞ്ഞെന്ന് വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാർഷിക മേഖലയിൽ പ്രത്യേകിച്ച് നെൽകൃഷി രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിലാകെ തരിശ് നിലമായി കിടന്ന എത്ര ഹെക്ടർ സ്ഥലത്തു നെൽകൃഷി ഇറക്കാൻ സാധിച്ചിട്ടുണ്ട് എന്നത് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാൻ സാധിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്താകെ തരിശുനിലങ്ങളിൽ നെൽകൃഷിയിറക്കുന്നതിന് 2016-17 വർഷം നടപടി എടുത്തു. വരൾച്ച കാരണം 2782.3857 ഹെക്ടർ തരിശുനിലങ്ങളിൽ മാത്രമെ കൃഷി ആരംഭിക്കുവാൻ കഴിഞ്ഞുള്ളൂ. ഇതിനുപുറമേ 2752.092 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ആരംഭിച്ചു. ഇതടക്കം 5628.47 ഹെക്ടർ തരിശുപ്രദേശങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷി ആരംഭിച്ചു. 2016-17 വർഷം 2,02,524 ഹെക്ടർ നെൽകൃഷി ഇറക്കിയിട്ടുണ്ട്. അന്തിമ കണക്ക് സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ 2016-17 വർഷത്തിൽ 474.2 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷിയും 378.24 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷിയും ചെയ്തു.

(സി) തരിശായി കിടന്ന പഞ്ചായത്തുകളിലെ കാക്കൂർ -1 ഹെക്ടർ, ചേളന്നൂർ 3.2 ഹെക്ടർ, ചാത്തമംഗലം - 3 ഹെക്ടർ, കൊടിയത്തൂർ - 16 ഹെക്ടർ, കരുവട്ടൂർ - 1 ഹെക്ടർ, പേരാമ്പ്ര- 20 ഹെക്ടർ, നൊച്ചാട് - 8 ഹെക്ടർ, ചങ്ങരോത്ത് - 20 ഹെക്ടർ, കൂത്താളി - 2 ഹെക്ടർ, ചെറുവണ്ണൂർ - 140 ഹെക്ടർ, കൊടുവള്ളി - 1 ഹെക്ടർ, താമരശ്ശേരി - 10 ഹെക്ടർ, കിഴക്കോത്ത് - 1 ഹെക്ടർ, തിക്കോടി - 12 ഹെക്ടർ, തുറയൂർ - 10 ഹെക്ടർ, കീഴരിയൂർ- 2.8 ഹെക്ടർ, മേപ്പയൂർ - 18.5 ഹെക്ടർ, കായക്കൊടി- 1 ഹെക്ടർ, തൂണേരി - 1 ഹെക്ടർ, എടച്ചേരി - 1.5 ഹെക്ടർ, വളയം - 0.5 ഹെക്ടർ, വടകര - 1.6 ഹെക്ടർ, ഏറാമല- 0.4 ഹെക്ടർ, ചോറോട് - 1 ഹെക്ടർ, ആയഞ്ചേരി - 12.86 ഹെക്ടർ, മണിയൂർ - 22 ഹെക്ടർ, തിരുവള്ളൂർ - 11 ഹെക്ടർ, കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ കൊയിലാണ്ടിയിൽ - 11 ഹെക്ടർ, അരിക്കുളം - 27 ഹെക്ടർ, ചെങ്ങോട്ടുകാവ് - 5.184 ഹെക്ടർ, ചേമഞ്ചേരി - 1 ഹെക്ടർ, കോഴിക്കോട് കോർപ്പറേഷനിലെ കോഴിക്കോട് - 1 ഹെക്ടർ, ഒളവണ്ണ - 4 ഹെക്ടർ എന്നിങ്ങനെ 371.544 ഹെക്ടർ തരിശായി കിടന്ന സ്ഥലങ്ങളിൽ നെൽകൃഷി ചെയ്യാൻ സാധിച്ചിട്ടുണ്ട്.

## റബ്ബർ ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പുവരുത്താൻ നടപടി

28 (2585) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റബ്ബർ കർഷകരുടെ ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റബ്ബർ കർഷകർക്ക് സബ്സിഡി ആനുകൂല്യം ലഭിച്ചു ; ഇതുവഴി എത്ര രൂപയാണ് സബ്സിഡിയായി കർഷകർക്ക് നൽകിയത്;

(സി) റബ്ബർ സംഭരണം ഇപ്പോൾ സർക്കാർ നടത്തുന്നുണ്ടോ; എത്ര ടൺ ഇതുവരെ സംഭരിച്ചു;

(ഡി) നേരത്തേ റബ്ബർ സംഭരണം നടത്തുന്നതിന് നിശ്ചയിച്ച ഏജൻസികൾ കർഷകരിൽ നിന്നും റബ്ബർ സ്വീകരിക്കാതെ വൻകിടക്കാരിൽ നിന്നും കച്ചവടക്കാരിൽ നിന്നും റബ്ബർ വാങ്ങി സംഭരണത്തിലെ ഉദ്ദേശ്യലക്ഷ്യങ്ങൾ തന്നെ അട്ടിമറിച്ചതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) റബ്ബർ കർഷകർക്ക് വിലസ്ഥിരത ലഭിക്കാൻ കഴിയുംവിധം, റബ്ബർ ഉപയോഗിച്ച് ടാറിംഗ് നടത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) റബ്ബർ വിലസ്ഥിരതാ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതി പ്രകാരം റബ്ബറിന് കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് വിപണിവിലയും താങ്ങുവിലയും തമ്മിലുള്ള വ്യത്യാസം കർഷകന് നേരിട്ട് കൈമാറി വരികയാണ്.

(ബി) റബ്ബർ വിലസ്ഥിരതാ പദ്ധതി പ്രകാരം ഇതുവരെ 748.55 കോടി രൂപ 334270 കർഷകർക്കായി 2809775 ബില്ലുകളിലായി കൈമാറിയിട്ടുണ്ട്. ഒരേ കർഷകർക്കുതന്നെ പല ബില്ലുകളിലായി പല കാലയളവുകളിൽ സബ്സിഡി കൈമാറുമെന്നതിനാൽ ഒരു പ്രത്യേക കാലയളവിൽ എത്ര കർഷകർക്ക് സബ്സിഡി നൽകി എന്നത് തിട്ടപ്പെടുത്താൻ സാധിക്കുകയില്ല.

(സി&ഡി) റബ്ബർ വിലസ്ഥിരതാ പദ്ധതി ഒരു സംഭരണ പദ്ധതിയല്ല. റബ്ബറിന് ന്യായവില ഉറപ്പാക്കി വിപണിവിലയും ന്യായവിലയും തമ്മിലുള്ള വ്യത്യാസം കർഷകന് നേരിട്ട് കൈമാറുകയാണ് ചെയ്തുവരുന്നത്.

(ഇ) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന് നിർദ്ദേശം സമർപ്പിക്കുകയുണ്ടായി. റബ്ബറൈസ്ഡ് റോഡ് സംബന്ധിച്ച് ദേശീയ നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ പല പഠനങ്ങൾ നടത്തുകയും റബ്ബറൈസ്ഡ് റോഡിന്റെ മേന്മ മനസ്സിലാക്കുകയും ഉണ്ടായി. എന്നാൽ ബിറ്റുമിൻ റോഡിനെ അപേക്ഷിച്ച് 15 മുതൽ 20% വരെ അധിക ചെവല് വരുമെന്നതിനാൽ ഇതിന്റെ പ്രായോഗികത സംബന്ധിച്ച് പരിശോധിക്കുവാൻ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

**ഉയർന്ന വില ഈടാക്കിയുള്ള ഹോർട്ടികോർപ്പിന്റെ പച്ചക്കറി വിൽപ്പന**

29 (2586) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പ് മിഷന്റെ സ്റ്റാളുകളിൽ വിതരണം ചെയ്യുന്ന പച്ചക്കറികൾക്ക് വിപണിവിലയേക്കാൾ ഉയർന്ന വിലയാണ് ഈടാക്കുന്നതെന്ന ആക്ഷേപം പരിഹരിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) വിപണി വിലയേക്കാൾ എത്ര ശതമാനം താഴ്ത്തിയാണ് ഹോർട്ടികോർപ്പ് മിഷൻ പച്ചക്കറി വിതരണം ചെയ്യുന്നത് എന്നറിയിക്കാമോ;

(സി) ജനപ്രിയ ഇനങ്ങളായ ഉള്ളി, സവാള, ഉരുളക്കിഴങ്ങ്, തക്കാളി എന്നിവയ്ക്ക് മാർക്കറ്റ് വിലയേക്കാൾ ഉയർന്ന വില ഈടാക്കുന്ന പ്രശ്നം പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തെന്നറിയിക്കാമോ?

ഉത്തരം

(എ&ബി) അന്നന്നുള്ള കമ്പോളവിലയെ ആസ്പദമാക്കി വിപണി വിലയേക്കാളും താഴ്ന്ന വിലയ്ക്കാണ് ഹോർട്ടികോർപ്പ് പച്ചക്കറികൾ വില്പന നടത്തുന്നത്. വിപണി വിലയേക്കാൾ കുറഞ്ഞത് 10 മുതൽ 30% വരെ വില കുറച്ചാണ് പച്ചക്കറി ഇനങ്ങൾ ഹോർട്ടികോർപ്പിന്റെ വിപണന യൂണിറ്റുകളിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നത്.

(സി) കേരളത്തിൽ ലഭ്യമല്ലാത്ത ജനപ്രിയ ഇനങ്ങളായ ഉള്ളി, സവാള എന്നിവ ഇതര സംസ്ഥാനങ്ങളിലെ ഉല്പാദന കേന്ദ്രങ്ങളിൽനിന്നും നേരിട്ട് സംഭരിച്ച് മാർക്കറ്റ് വിലയേക്കാൾ വില കുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. കേരളത്തിലെ വിളവെടുപ്പ് കാലത്ത് ഉരുളക്കിഴങ്ങ്, മൂന്നാറിലെ കർഷകരിൽനിന്നും തക്കാളി എന്നിവ ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ച് മാർക്കറ്റ് വിലയേക്കാൾ വില കുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു.

## തെങ്ങ് കൃഷി ക്രമാനുഗതമായി കുറഞ്ഞു വരുന്ന സ്ഥിതി

30 (2587) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങ് കൃഷി ക്രമാനുഗതമായി കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കേരളത്തിലെ തെങ്ങിന്റെ ഉല്പാദനക്ഷമത ദേശീയ ശരാശരിയേക്കാൾ കുറവായത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) തെങ്ങ് കൃഷിയുടെ പുരോഗതിക്കായി ശാസ്ത്രീയമായ പരിചരണവും വളപ്രയോഗവും സംസ്ഥാനതലത്തിൽ ഒരു പുതിയ പദ്ധതിയായി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നടപടി കാസർഗോഡ് ജില്ലയിൽ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാന വിളയായ തെങ്ങ് കൃഷി 2012-13 വർഷം 798162 ഹെക്ടറിലും 2013-14 വർഷം 808647 ഹെക്ടറിലും 2014-15 വർഷം 793856 ഹെക്ടറിലും 2015-16 വർഷം 790223 ഹെക്ടറിലും കൃഷി ചെയ്തു വരുന്നതായി സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ കണക്കുകൾ പ്രകാരം കേരളത്തിൽ നാളികേരത്തിന്റെ ഉല്പാദനക്ഷമത 2013-14-ൽ 5152 കി. ഗ്രാം/ഹെക്ടറും ദേശീയ ശരാശരി 6966 കി. ഗ്രാം/ഹെക്ടറുമാണ്. 2014-15-ൽ കേരളത്തിന്റേത് 5186 കി.ഗ്രാം/ഹെക്ടറും ദേശീയ ശരാശരി 7164 കി. ഗ്രാം/ഹെക്ടറുമാണ്.

സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ട് ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ചുകൊണ്ട് നാളികേര ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ 2017-18-ലെ വാർഷിക പദ്ധതിയിൽ നാളികേര വികസന പദ്ധതികൾക്കായി 4500 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കേരഗ്രാമം ഉൾപ്പെടെയുള്ള പദ്ധതികളുടെ ആസൂത്രണ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്തുട നീളം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ രൂപീകരിക്കുവാനാണ്

ഉദ്ദേശിക്കുന്നത്. സമഗ്ര നാളികേര വികസനത്തിനായുള്ള ശാസ്ത്രീയ പരിചരണ മുറകൾ എല്ലാംതന്നെ ഈ പദ്ധതിയിൽ ഘടകങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനായി 3332.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

അത്യുല്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും രൂപപ്പെടുത്തി വരുന്നു. ആയതിനായി 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ ജനകീയ പങ്കാളിത്തത്തോടെ അവലംബിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. ഇതിനായി 300 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

**മിനിമം കൂലി വർദ്ധിപ്പിക്കുവാൻ നടപടി**

31 (2588) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഫാമുകളിലെ തൊഴിലാളികളുടെ മിനിമം കൂലി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിനുമുമ്പ് ഫാമുകളിലെ തൊഴിലാളികളുടെ മിനിമം കൂലി വർദ്ധിപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ശമ്പള പരിഷ്കരണ സമിതി സമർപ്പിച്ച ശിപാർശകൾ 3-5-2017-ലെ മന്ത്രിസഭാ യോഗം അംഗീകരിച്ചിട്ടുണ്ട്. വേതനം പരിഷ്കരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 27-6-2012-ലെ സ.ഉ.(പി.)നമ്പർ 156/2012/കൃഷി പ്രകാരമാണ് ഇതിനുമുമ്പ് ഫാം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചിട്ടുള്ളത്.

**വേനൽ മഴയിൽ കാസർഗോഡ് ജില്ലയിലെ കൃഷിനാശം**

32 (2589) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വേനൽ മഴയിൽ കാസർഗോഡ് ജില്ലയിൽ എത്ര ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്; പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ?

ഉത്തരം

വേനൽ മഴയിൽ കാസർഗോഡ് ജില്ലയിൽ 35,49,125 രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. പഞ്ചായത്ത് തിരിച്ചുള്ള നാശനഷ്ടത്തിന്റെ ലഭ്യമായ കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | രൂപ |
|---|---|---|
| 1 | അജാനൂർ | 10,10,000 |
| 2 | കോടോം ബേളൂർ | 25,000 |
| 3 | മടിക്കൈ | 10,00,000 |
| 4 | കാഞ്ഞങ്ങാട് നഗരസഭ | 2,50,000 |
| 5 | പുല്ലൂർ പെരിയ | 5,50,000 |
| 6 | വലിയപറമ്പ് | 13,125 |
| 7 | പള്ളിക്കര | 1,87,500 |
| 8 | കയ്യൂർ ചീമേനി | 1,46,500 |
| 9 | വെസ്റ്റ് എളേരി | 3,67,000 |
| | ആകെ | 35,49,125 |

**കർഷക കടാശ്വാസ കമ്മീഷനിലെ അപേക്ഷകൾ**

33 (2590) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക കടാശ്വാസ കമ്മീഷൻ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മീഷൻ കർഷകരിൽ നിന്ന് അപേക്ഷകൾ വാങ്ങി തുടങ്ങിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കാർഷിക മേഖലയിലുണ്ടായ സാമ്പത്തിക തകർച്ച കാരണം കടക്കെണിയിലായ കർഷകർക്ക് 18-1-2007-നുമുമ്പ് സഹകരണ സംഘം/മറ്റ് ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പയ്ക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി കടാശ്വാസം നൽകിവരുന്നു. കാർഷിക പ്രതിസന്ധി ബാധിച്ച വയനാട് ജില്ലയിൽ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിച്ചുവരുന്നു. കടക്കെണിയിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിലേയ്ക്കായി കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മേയ് 21 മുതൽ മൂന്ന് വർഷത്തേയ്ക്ക് ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) കടാശ്വാസ കമ്മീഷനിൽ അപേക്ഷ നൽകുവാനുള്ള അവസാന തീയതി 2015 ഒക്ടോബർ 31 ആയി പുനർനിർണ്ണയിച്ചിരുന്നു. ലഭിച്ച അപേക്ഷകളിൽ 47105 അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാനുണ്ട്. 2016-17 വർഷത്തിൽ 3414 കർഷകർക്ക് 9,78,93,074 രൂപ നൽകുന്നതിന് ശിപാർശ നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച 20 കോടി രൂപയും കടാശ്വാസ വിതരണത്തിനായി സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറിയിട്ടുണ്ട്.

**കർഷക പെൻഷൻ വേഗത്തിൽ നൽകുന്നതിന് നടപടി**

34 (2591) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട നാമമാത്ര കർഷക പെൻഷൻ എത്രപേർക്ക് നൽകി വരുന്നുണ്ട് ; ഇതിന് വർഷത്തിൽ എത്ര കോടി രൂപ വേണം ;

(ബി) 2017-18 സാമ്പത്തിക വർഷം മുതൽ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതിമാസ പെൻഷൻ എത്ര രൂപ വീതമാണ്;

(സി) കർഷക പെൻഷൻ നിലവിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണുള്ളത്;

(ഡി) കുടിശ്ശിക പെൻഷൻ കഴിവതും വേഗത്തിൽ കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തിൽ 356663 കർഷകരാണ് കർഷക പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളായിരുന്നത്. എന്നാൽ അനർഹരായ ചിലർ കർഷക പെൻഷൻ കൈപ്പറ്റുന്നുവെന്ന ആക്ഷേപമുണ്ടായതിനെ തുടർന്ന് കർഷക പെൻഷൻ ലഭ്യമാകുന്നവരുടെ മാനദണ്ഡങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. കുടിശ്ശികയില്ലാതെ കർഷക പെൻഷൻ നൽകുന്നതിന് 301.53 കോടി രൂപ കൂടി ആവശ്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 255.20 കോടി രൂപ കർഷക പെൻഷൻ നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്.

(ബി) 1-6-2016 മുതൽ പ്രതിമാസ പെൻഷൻ 600 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ ഈ തുക 1,100 രൂപയായി വർദ്ധിപ്പിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) കുടിശ്ശികയുണ്ട്. കർഷക പെൻഷൻ ജൂലൈ 2016 മുതൽ ഡിസംബർ 2016 വരെ 6 മാസത്തെ കുടിശ്ശികയും 2017 ഏപ്രിൽ, മേയ് 2 മാസത്തെ കുടിശ്ശികയും ചേർത്ത് ആകെ 8 മാസത്തെ കുടിശ്ശികയാണുള്ളത്.

(ഡി) കുടിശ്ശികയുൾപ്പെടെ നൽകുന്നതിന് ആവശ്യമായ തുക എസ്.ഡി.ജി. മുഖേന ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ വിതരണം നടത്തുന്നതാണ്.

### കർഷക പെൻഷൻ കുടിശ്ശിക വിതരണം

35 (2592) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്തുവരുന്ന കർഷക പെൻഷൻ ഇപ്പോൾ എത്ര രൂപയാണ് കുടിശ്ശികയുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുക എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2017 ഏപ്രിൽ വരെയുള്ള പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാൻ 301.53 കോടി രൂപ ആവശ്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 255.20 കോടി രൂപ ഇതിനകം കർഷക പെൻഷൻ നൽകുവാൻ വിനിയോഗിച്ചിട്ടുണ്ട്.

(ബി) കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനാവശ്യമായ തുക എസ്.ഡി.ജി. മുഖേന ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ വിതരണം നടത്തുന്നതാണ്.

## കൃഷിയെ മുഖ്യതൊഴിലായി സ്വീകരിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതി

36 (2593) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ആന്റണി ജോൺ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതലമുറയെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി വിദ്യാർത്ഥികളുടെ സഹകരണത്തോടെ വിദ്യാലയങ്ങളിൽ ജൈവകൃഷി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) തൊഴിൽരഹിതരായ യുവജനങ്ങൾക്ക് കൃഷി സംബന്ധിച്ച് സാങ്കേതിക പരിശീലനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി കൃഷിയെ മുഖ്യതൊഴിലായി സ്വീകരിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോ?

ഉത്തരം

(എ) ആധുനിക കൃഷി രീതികൾ, യന്ത്രവത്ക്കരണം എന്നിവ അവലംബിച്ചും കൂടുതൽ വരുമാനം ഉറപ്പാക്കിയും പുതുതലമുറയെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. ഹൈടെക് അഗ്രിക്കൾച്ചർ:- പോളിഹൗസ് സ്ഥാപിച്ച് കൃഷി നടപ്പാക്കൽ, കൃത്യതാ കൃഷി, മൈക്രോ ജലസേചന പദ്ധതികൾ എന്നിവയിലൂടെ കുറഞ്ഞ സ്ഥലത്തുനിന്നും ലഭ്യമായ വിഭവങ്ങളുടെ കൃത്യമായ ഉപയോഗത്തിലൂടെ പരമാവധി ഉല്പാദനവും തദ്വാരാ കൂടുതൽ വരുമാനവും ലഭ്യമാകുന്നു.

2. പച്ചക്കറി കൃഷി വികസന പദ്ധതി:- മഴമറകൾ, ഫെർട്ടിഗേഷൻ തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷിത്തോട്ടം വിദ്യാർത്ഥികളുടെ ശ്രമഫലമായി സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ കാർഷിക മേഖലയെ പരിചയപ്പെടുത്തുന്നതിനും ആകർഷിക്കുന്നതിനും കഴിയുന്നു. എല്ലാ വിദ്യാർത്ഥികൾക്കും വീടുകളിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി പച്ചക്കറി വിത്ത് വിതരണം നടത്തുന്നതും ഈ ലക്ഷ്യത്തിലേയ്ക്കുള്ള ചുവടുവയ്പ്പാണ്.

3. അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മ സേനയും:- ഇവയിലൂടെ പരിശീലനം ലഭിച്ച യുവ കർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷികവൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകുന്നതിനും സേവനം ലഭ്യമാക്കി കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനുമായി യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

(ബി) പച്ചക്കറികൃഷി വികസന പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് കൃഷിച്ചെലവുകൾ, പരിശീലനം, ഡോക്യുമെന്റേഷൻ ഉൾപ്പെടെ 5,000 രൂപ ധനസഹായം നൽകിവരുന്നു. ജൈവകൃഷി രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൃഷി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) കൃഷി വകുപ്പിന് കീഴിലുള്ള വിവിധ പ്രാദേശിക കാർഷിക സാങ്കേതിക പരിശീലന കേന്ദ്രങ്ങളിലൂടെ കർഷകർക്കും യുവജനങ്ങൾക്കും കാർഷിക രംഗത്തെ വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി പരിശീലന പരിപാടികൾ നൽകി വരുന്നുണ്ട്. പച്ചക്കറി വികസന പദ്ധതിയിൽ യുവജനങ്ങളടങ്ങുന്ന ക്ലസ്റ്ററുകൾക്ക് മുൻഗണന നൽകുകയും അഗ്രോ സർവ്വീസ് സെന്ററുകളിൽ വിദഗ്ദ്ധ പരിശീലനം ലഭിച്ച യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. കാർഷിക വിപണന രംഗത്തും സന്നദ്ധരായ യുവജനങ്ങൾക്ക് "കർഷകമിത്രങ്ങളാ"യി പ്രവർത്തിച്ച് സ്വയംതൊഴിൽ കണ്ടെത്താവുന്നതാണ്. ഹൈ-ടെക് കൃഷി രീതികൾ അവലംബിച്ചും ആദായകരമായി കൃഷി ചെയ്ത് മെച്ചപ്പെട്ട വരുമാനം നേടുവാൻ യുവജനങ്ങൾക്ക് അവസരമുണ്ട്.

**കാർഷിക ഉല്പന്നങ്ങളിൽ നിന്നും ലഭിക്കുന്ന വാർഷിക വരുമാനം**

37 (2594) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളായ തെങ്ങ്, വാഴ, പച്ചക്കറികൾ, നെല്ല്, കുരുമുളക്, ഏലം, റബ്ബർ, തേയില, കാപ്പി, കപ്പ എന്നിവയിൽ നിന്ന് ലഭിക്കുന്ന വാർഷിക വരുമാനം എത്രയാണ്; സംസ്ഥാനതലത്തിലും ജില്ല തിരിച്ചും ഓരോന്നിന്റേയും വിവരങ്ങൾ നൽകാമോ;

(ബി) കർഷകർക്ക് നിശ്ചിത മാസവരുമാനം ലഭ്യമാക്കുന്നതിന് സമഗ്ര പദ്ധതി ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്തെങ്കിലും കേന്ദ്ര നിർദ്ദേശമുണ്ടോ;

(സി) കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽനിന്നു ലഭിച്ച എല്ലാ കത്തുകളുടേയും കോപ്പികൾ ലഭ്യമാക്കാമോ; ഇത്തരം നിർദ്ദേശങ്ങൾ നടപ്പിലാക്കാനായി കൃഷി വകുപ്പും കൃഷിവകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും വിളിച്ചുചേർത്ത മീറ്റിംഗുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി&സി) സംസ്ഥാനത്തെ തനത് ഉല്പന്നങ്ങൾ കേരള ബ്രാന്റായി ദേശീയ അന്തർദേശീയ വിപണിയിൽ എത്തിക്കുന്നതിനും നല്ല കൃഷിമുറകളിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന ജൈവ ഉല്പന്നങ്ങൾ കേരള ഓർഗാനിക് എന്ന ബ്രാന്റോടുകൂടി വിപണനം ചെയ്ത് ഇടനിലക്കാരെ ഒഴിവാക്കി മെച്ചപ്പെട്ട വില ലഭ്യമാക്കി കർഷകന് നിശ്ചിത വരുമാനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു. ഉല്പന്ന വൈവിധ്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കാർഷിക ഉല്പന്നത്തെ അടിസ്ഥാനപ്പെടുത്തി അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

2022-ഓടുകൂടി കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ടുള്ള ഏഴിന പരിപാടി കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് തൽപ്പര കക്ഷികളുമായും വിവിധ സംസ്ഥാനങ്ങളുമായും വിദഗ്ദ്ധരുമായും ആശയവിനിമയം നടത്തിവരികയാണ്. ഇതിനായി കേന്ദ്ര സർക്കാർ നിർദ്ദേശിച്ചതുപ്രകാരം കേന്ദ്ര സർക്കാരിന്റെ കാർഷിക സ്ഥാപന തലവന്മാർ, കെ.എ.യു. വി.സി., മറ്റ് വിദഗ്ദ്ധർ എന്നിവരുടെ യോഗം കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നിരുന്നു.

കത്തുകളുടെ പകർപ്പുകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

വിവിധ വകുപ്പുകളിൽ നിന്നുള്ള ആശയങ്ങൾ ഏകോപിപ്പിക്കുന്ന വേളയിൽ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളുമായും ചർച്ചകൾ നടത്തേണ്ടതുണ്ട്.

**ഹോർട്ടികോർപ്പ് പച്ചക്കറികൾക്ക് ഇടനിലക്കാരെ ഒഴിവാക്കാൻ നടപടി**

38 (2595) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിൽ വിതരണം ചെയ്യുന്ന പച്ചക്കറികളെല്ലാം സംസ്ഥാനത്ത് ഉല്പാദിപ്പിച്ചതാണോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരളത്തിൽ ലഭിക്കാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എപ്രകാരമാണ് അത് വാങ്ങുന്നതെന്നും ഇതിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ഹോർട്ടികോർപ്പിന്റെ പച്ചക്കറി സംഭരണം സുഗമമാക്കുന്നതിന് 4 റീജിയണായി തിരിച്ച് 4 റീജിയണൽ മാനേജർമാരെ കൃഷി വകുപ്പിൽനിന്ന് നിയമിച്ചിട്ടുണ്ട്. റീജിയണൽ മാനേജർ, ഹോർട്ടികോർപ്പിലെയും വി.എഫ്. പി.സി.കെ.-യിലെയും ഉദ്യോഗസ്ഥർ അടങ്ങുന്ന കമ്മിറ്റിയാണ് ഓരോ ജില്ലയിലും സംഭരണം നടത്തുന്നത്. ഇതിന്റെ ഏകോപനപരമായ പ്രവർത്തനങ്ങൾക്ക് കൃഷി വകുപ്പിൽനിന്ന് ഒരു ജനറൽ മാനേജരെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സംഘം സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലെ കൃഷിയിടങ്ങൾ സന്ദർശിച്ച് കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ., കാർഷിക മൊത്തവ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നെല്ലാം കർഷകർക്ക് ന്യായമായ വില നൽകി ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് സംഭരിച്ച് വരുന്നു. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, സ്വകാര്യ വിതരണക്കാർ എന്നിവരിൽനിന്നും ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് സംഭരിച്ച് വിതരണം നടത്തിവരുന്നു. ഇങ്ങനെയൊരു സംവിധാനം നിലവിലില്ലായിരുന്നു. ഇപ്രകാരം സംഭരിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകളിലൂടെയും ലൈസൻസി സ്റ്റാളുകളിലൂടെയും മൊബൈൽ വില്പന യൂണിറ്റുകളിലൂടെയും ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കിവരുന്നു.

**നെന്മാറ മണ്ഡലത്തിൽ മാംഗോ ഹബ്ബ് തുടങ്ങുന്നതിനുള്ള നടപടി**

39 (2596) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച ഹബ്ബുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) നെന്മാറ നിയോജകമണ്ഡലത്തിൽ മാംഗോ ഹബ്ബ് തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. മുതലമടയിൽ മാങ്ങയെ അടിസ്ഥാനമാക്കിയുള്ള അഗ്രോപാർക്ക് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനുള്ള പ്രാഥമിക നടപടികൾ നടന്നുവരുന്നു.

## നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

40 (2597) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകർക്ക് ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാര/ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നാളികേര കൃഷിയെ അടിസ്ഥാനമാക്കി ഏതെങ്കിലും അവാർഡുകൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കായ്ച്ചുതുടങ്ങിയ തെങ്ങിനും കായ്ച്ചു തുടങ്ങുന്നതുവരെയുള്ള കാലയളവിലും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ കേന്ദ്രാവിഷ്കൃത കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതിയും പ്രകൃതിക്ഷോഭവുംമൂലമുള്ള കൃഷിനാശത്തിന് ദുരന്ത നിവാരണ പ്രതികരണ നിധി പ്രകാരമുള്ള നഷ്ടപരിഹാരങ്ങളും നടപ്പാക്കിവരുന്നു.

(ബി) ഉണ്ട്. മികച്ച നാളികേര കർഷകന് സംസ്ഥാന തലത്തിൽ 2 ലക്ഷം രൂപയും സ്വർണ്ണ മെഡലും ഫലകവും സർട്ടിഫിക്കറ്റും നൽകുന്നു. കൂടാതെ നാളികേര വികസന ബോർഡുവഴി ദ്വൈവാർഷിക അവാർഡുകൾ ദേശീയ തലത്തിലും തെക്കുപടിഞ്ഞാറൻ മേഖല കേന്ദ്രീകരിച്ചും നൽകിവരുന്നു.

## റബ്ബർ വില സ്ഥിരതാ പദ്ധതി

41 (2598) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലസ്ഥിരതാ പദ്ധതിയനുസരിച്ച് മുൻസർക്കാരിന്റെ കാലത്ത് സബ്സിഡിയായി എത്ര തുക കർഷകർക്ക് വിതരണം ചെയ്തു;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ പ്രസ്തുത പദ്ധതിയനുസരിച്ച് സബ്സിഡിയായി എത്ര തുക വിതരണം ചെയ്തു;

(സി) റബ്ബർ വിലസ്ഥിരതാ പദ്ധതിയനുസരിച്ച് സബ്സിഡി ലഭിക്കുന്നതിനുള്ള അർഹത കിലോയ്ക്ക് ഇരുന്നൂറ് രൂപയായി നിജപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 379.70 കോടി രൂപ

(ബി) നാളിതുവരെ 368.85 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് നടപടി**

42 (2599) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കൃഷി ഉപേക്ഷിക്കുന്നവരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി കൃഷി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കശുമാവ് കൃഷിയുടെ വ്യാപനത്തിനും കശുവണ്ടി ഉൽപ്പാദന വർദ്ധനവിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) റബ്ബർ കൃഷി ഉപേക്ഷിക്കുന്നവരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി കൃഷി വകുപ്പ് പ്രത്യേക പദ്ധതികളൊന്നുംതന്നെ നടപ്പാക്കുന്നില്ല. എന്നാൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം കശുവണ്ടി ഉല്പാദന വർദ്ധനവിനായി കശുമാവ് കൃഷി വ്യാപനം പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ 2017-18 വാർഷിക കർമ്മ പദ്ധതിയിൽ 100 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപനം പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ സ്ഥലത്ത് കശുമാവ് കൃഷിക്കുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

**നാളികേര പാർക്കുകൾ സ്ഥാപിക്കാനുള്ള പദ്ധതി**

43 (2600) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകദേശം 35 ലക്ഷം ജനങ്ങൾ ഉപജീവനത്തിനായി ആശ്രയിക്കുന്ന നാളികേര കൃഷി മേഖലയിലെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) കേര കർഷകരുടെ പ്രതീക്ഷയായിരുന്ന നീരയുടെ പ്രചാരവും വിപണനവും പരാജയപ്പെട്ടതിനാൽ സർക്കാർ ഇടപെട്ട് ഉല്പന്നത്തിന് പ്രചാരം നൽകുമോ;

(സി) മൂല്യവർദ്ധിതോല്പന്നങ്ങളുടെ നിർമ്മാണത്തിനായി നാളികേര പാർക്കുകൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നീരയുടെ പ്രചാരണത്തിനും വിപണനത്തിനും വ്യാപനത്തിനുമായി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

(സി) സംസ്ഥാനത്ത് ജില്ലാ കാർഷിക ഫാമുകളുടെ സ്ഥലമുപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾക്കുവേണ്ടിയുള്ള ചെറുകിട ഇടത്തരം അഗ്രോ പാർക്കുകൾ തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിലാണ് നാളികേര പാർക്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നത്. അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനായി പ്രീ-ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിന് നാബ്കോൺസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**നാളികേര സംഭരണത്തിനായി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ**

44 (2601) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് കീഴിൽ നാളികേര സംഭരണത്തിനായി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) നാളികേര സംഭരണം കാര്യക്ഷമമാക്കുന്നതിനും സംഭരണത്തിന്റെ ശരിയായ പ്രയോജനം കർഷകർക്ക് ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കൃഷി ഭവനുകൾ വഴി മാത്രം നടന്നിരുന്ന സംഭരണം കേരഫെഡിൽ അംഗങ്ങളായ സഹകരണ സംഘങ്ങളെയും നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉല്പാദന കമ്പനികളെയുംകൂടി ഉൾപ്പെടുത്തി ഊർജ്ജിതമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർഷകരിൽനിന്ന് നേരിട്ട് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില നൽകി നാളികേരം സംഭരിക്കുന്നതുവഴി ഇടത്തട്ടുകാരെ ഒഴിവാക്കി കർഷകർക്ക് ന്യായവില ഉറപ്പാക്കാൻ സാധിക്കുന്നതാണ്.

## മലപ്പുറം മണ്ഡലത്തിന് കാർഷിക മേഖലയിൽ അനുവദിച്ച ഫണ്ടുകളുടെ വിവരം

45 (2602) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്ക് മലപ്പുറം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടുകളുടെ വിശദാംശം തരംതിരിച്ച് നൽകുമോ;

(ബി) ഈ മണ്ഡലത്തിൽ കാർഷിക മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) കാർഷിക മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്ക് മലപ്പുറം നിയോജകമണ്ഡലത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം 210.03 ലക്ഷം രൂപ (ഇരുന്നൂറ്റി പത്ത് ലക്ഷത്തി മൂവായിരം രൂപ മാത്രം) അനുവദിച്ചു. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നടപ്പ് സാമ്പത്തിക വർഷവും 2016-17-ൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ തുടർന്നും നടപ്പിലാക്കിവരുന്നു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വരൾച്ചമൂലം സംഭവിച്ച കൃഷിനാശം സംബന്ധിച്ച കണക്കുകൾ**

46 (2603) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോഴുണ്ടായ വരൾച്ചമൂലം സംഭവിച്ച കൃഷിനാശം സംബന്ധിച്ച കണക്കുകൾ ജില്ല തിരിച്ച് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത കണക്ക് തിട്ടപ്പെടുത്തുവാനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് വരൾച്ചമൂലം ഏകദേശം 64707 കർഷകരുടെ 43430.43 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 784.6 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായിട്ടുള്ളതുമാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ബന്ധപ്പെട്ട കൃഷി ഉദ്യോഗസ്ഥർ കൃഷിനാശം സംഭവിച്ച സ്ഥലപരിശോധന നടത്തി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കൃഷിനാശത്തിന്റെ കണക്ക് തിട്ടപ്പെടുത്തുന്നത്.

**കാർഷിക വികസന പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ**

47 (2604) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സഹായത്താൽ നടത്തിവരുന്ന വിവിധ കാർഷിക വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും കേന്ദ്ര സർക്കാരും, സംസ്ഥാന സർക്കാരും അനുവദിച്ചിട്ടുള്ള ഫണ്ടുകൾ എത്രയാണ്; വിശദമാക്കുമോ;

(സി) ഓരോ പദ്ധതിയുടെയും ഉദ്ദേശലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പ് രീതിയും എങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്താൽ നടത്തിവരുന്ന വിവിധ കാർഷിക വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു:

<u>50% കേന്ദ്ര പദ്ധതികൾ (50% സംസ്ഥാന വിഹിതം)</u>

പ്രാദേശിക തെങ്ങിൻതൈ സ്ഥാപിക്കൽ (നാളികേര വികസന ബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്നത്)

<u>60% കേന്ദ്ര പദ്ധതികൾ</u>

1. നാഷണൽ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി
2. ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ പദ്ധതി
3. വൃഷ്ടിപ്രദേശ വികസന പദ്ധതി
4. നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ് & ഓയിൽ പാം - എണ്ണപ്പന കൃഷി വ്യാപനം
5. ആത്മ പദ്ധതി
6. ആർ.കെ.വി.വൈ. പദ്ധതി
7. സോയിൽ ഹെൽത്ത് കാർഡ് പദ്ധതി
8. സോയിൽ ഹെൽത്ത് മാനേജ്മെന്റ് പദ്ധതി
9. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി
10. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതി
11. കാർഷിക യന്ത്രവൽക്കരണ പദ്ധതി
12. വിള ഇൻഷ്വറൻസ് പദ്ധതി

<u>100% കേന്ദ്ര പദ്ധതി</u>

ദേശീയ ബയോഗ്യാസ് പദ്ധതി

(ബി) ഓരോ പദ്ധതിക്കും കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും അനുവദിച്ചിട്ടുള്ള ഫണ്ടുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രാദേശിക നാളികേര നഴ്സറികൾ സ്ഥാപിക്കൽ

ഗുണമേന്മയുള്ള മാതൃവൃക്ഷങ്ങളിൽനിന്നും വിത്തുതേങ്ങകൾ സംഭരിച്ച് സംസ്ഥാനത്തെ കൃഷി വകുപ്പ് ഫാമുകളിൽ തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കുകയും ഗുണമേന്മയുള്ള തെങ്ങിൻതൈകൾ കർഷകർക്ക് വിതരണം നടത്തുകയും ചെയ്യുന്നു. കൃഷിഭവൻ തലത്തിൽ പഞ്ചായത്തുതല കമ്മിറ്റി, കാർഷിക വികസന സമിതികൾ എന്നിവയുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കുന്ന ചെറുകിട നാമമാത്ര കർഷകരാണ് ഗുണഭോക്താക്കൾ.

നാഷണൽ ഹോർട്ടികൾച്ചർ മിഷൻ (NHM)

ഹോർട്ടിക്കൾച്ചർ മേഖലയുടെ സമഗ്ര വികസനം - നടീൽ വസ്തുക്കളുടെ ഉല്പാദനം, വിതരണം, വിളവിസ്തൃതി വർദ്ധിപ്പിക്കൽ, പുതിയ കൃഷിത്തോട്ടങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, യന്ത്രവൽക്കരണം, ജൈവകൃഷി പ്രോത്സാഹനം, തേനീച്ച വളർത്തൽ പ്രോത്സാഹനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്നു. NHM പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ പദ്ധതി ഘടകത്തിനും കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഗൈഡ്‌ലൈൻ പ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നത്. ഓരോ പദ്ധതി ഘടകത്തിനുമുള്ള ഗുണഭോക്താക്കളെ കൃഷിഭവൻ തലത്തിൽ പഞ്ചായത്ത് കമ്മിറ്റി/കാർഷിക വികസന സമിതിയുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ (NFSM)

നെല്ല്, പയർ എന്നീ ഭക്ഷ്യ വിളകളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്നു. പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കൽ, ഇടവിള കൃഷി പ്രോത്സാഹനം, ഗുണമേന്മയുള്ള വിത്തുകളുടെ പ്രചാരണം, ഉത്പാദനം, സംയോജിത വളപ്രയോഗം, സംയോജിത രോഗകീട നിയന്ത്രണം, യന്ത്രവത്ക്കരണം, പ്രാദേശികമായ സംരംഭങ്ങൾക്ക് പ്രോത്സാഹനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്നു. NFSM – നെല്ല്, പയർ എന്നീ പദ്ധതികളുടെ ആനുകൂല്യം കൃഷിഭവൻ തലത്തിൽ തെരഞ്ഞെടുക്കുന്ന ചെറുകിട നാമമാത്ര കർഷകർക്കാണ് നൽകുന്നത്.

വൃഷ്ടി പ്രദേശ വികസനം (RAD)

കൂടുതലായും മഴയെ ആശ്രയിച്ച് മാത്രം കൃഷി ചെയ്യുന്ന കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനം - ക്ലസ്റ്റർ അടിസ്ഥാനപ്പെടുത്തി കൃഷിഭവൻ തലത്തിൽ പഞ്ചായത്ത് / കാർഷിക വികസന സമിതികളുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കപ്പെടുന്ന ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതിയുടെ ആനുകൂല്യം നൽകുന്നു.

<u>നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ് & ഓയിൽ പാം (NMOOP)</u>

എണ്ണപ്പന കൃഷിയുടെ വ്യാപനം-പുതിയ തോട്ടങ്ങൾ സ്ഥാപിക്കുക, നിലവിലുള്ള തോട്ടങ്ങളുടെ പരിപാലനം, യന്ത്രവൽക്കരണം, കർഷക പരിശീലനം, ജൈവവള യൂണിറ്റുകളുടെ സ്ഥാപനം, കണിക ജലസേചന പ്രോത്സാഹനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്നു. ഓയിൽ പാം ഇന്ത്യയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതി - ചെറുകിട നാമമാത്ര കർഷകരും വൻകിട കർഷകനും (15 ഏക്കർ വരെ ഭൂവിസ്തൃതിയുള്ളവർ) പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഓയിൽ പാം ഇന്ത്യ മുഖേന ഗുണഭോക്താക്കളെ കണ്ടെത്തുന്നു.

<u>ആത്മ പദ്ധതി</u>

നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതി - കാർഷിക വിജ്ഞാന വ്യാപനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കാർഷിക രംഗത്തെ സാങ്കേതിക വിദ്യകൾ അവലംബിക്കുന്നതിനും കർഷകരെയും വിജ്ഞാന വ്യാപന ഉദ്യോഗസ്ഥരെയും പ്രാപ്തരാക്കുന്ന പരിശീലന പരിപാടികൾ അന്തർ/ബഹിർ സംസ്ഥാന സന്ദർശന പരിപാടികൾ തുടങ്ങി അംഗീകൃത സംസ്ഥാന വിജ്ഞാന വ്യാപന വർക്ക് പ്ലാനിൽ (SEWP) ഉൾപ്പെട്ട വിജ്ഞാന വ്യാപന പ്രവൃത്തികൾ പദ്ധതിയിലൂടെ നടപ്പിലാക്കി കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്നു. കർഷകർ, കൃഷി-കൃഷി അനുബന്ധ മേഖലകളിലെ വിജ്ഞാന വ്യാപന ഉദ്യോഗസ്ഥർ എന്നിവർ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നു.

<u>സോയിൽ ഹെൽത്ത് കാർഡ്</u>

ജി.പി.എസ്. അധിഷ്ഠിത മണ്ണ് സാമ്പിളുകൾ ശേഖരിച്ച് മണ്ണ് പരിശോധനാ ലാബുകളിൽ പരിശോധന നടത്തി മണ്ണിന്റെ പോഷക നിലവാരം വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പോഷക മൂലകങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശിപാർശകളടങ്ങിയ സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം നടത്തുകയും ചെയ്യുന്നു. കർഷക-ഉദ്യോഗസ്ഥ പരിശീലനം, ശില്പശാല സംഘടിപ്പിക്കൽ, സബ്സിഡി നിരക്കിൽ ജൈവവളം - കുമ്മായ വസ്തുക്കളുടെ വിതരണം എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്നു. സംസ്ഥാനത്തെ എല്ലാ കർഷകരും പദ്ധതിയുടെ ഉപഭോക്താക്കളാണ്.

<u>സോയിൽ ഹെൽത്ത് മാനേജ്മെന്റ്</u>

നിലവിലുള്ള മണ്ണ് പരിശോധനാ ലാബുകളുടെ ശാക്തീകരണം - ബ്ലോക്ക് തലത്തിൽ മിനിലാബുകൾ (മൃദപരിഷക്) സ്ഥാപിക്കൽ എന്നിവയാണ് ഉദ്ദേശ ലക്ഷ്യം. സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളാണ് ഈ പദ്ധതിയിലൂടെ ശാക്തീകരിക്കുന്നത്. സംസ്ഥാനത്തെ 152 ബ്ലോക്കുകളിലാണ് (152 കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ) മിനി ലാബുകൾ സ്ഥാപിക്കുന്നത്.

### പരമ്പരാഗത കൃഷി വികാസ് യോജന (PKVY)

ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, പി.ജി.എസ്. സർട്ടിഫിക്കേഷൻ പ്രോത്സാഹിപ്പിക്കുക, ജൈവ ഉൽപ്പന്നങ്ങളുടെ വിപണം ശക്തിപ്പെടുത്തുന്നതിന് പാക്കിംഗ്, ലേബലിംഗ്, ബ്രാന്റിംഗ് എന്നീ ഘടകങ്ങൾ നടപ്പിലാക്കുക, ചെറുകിട നാമമാത്ര കർഷകർ ഉൾപ്പെടുന്ന 50 ഏക്കർ വീതമുള്ള ക്ലസ്റ്ററുകൾ രൂപീകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സർസദ് ആദർശ് ഗ്രാമ യോജന (SAGY) പദ്ധതിയിൽ ഉൾപ്പെട്ട വില്ലേജുകൾക്ക് പരിഗണന നൽകുന്നു.

### പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY)

എല്ലാ കൃഷിയിടങ്ങൾക്കും ജലം ലഭ്യമാക്കുക, അതിലൂടെ കാർഷിക മേഖലയിൽ ഉയർന്ന ഉല്പാദനവും ഉൽപ്പാദന ക്ഷമതയും കൈവരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കർഷകർക്ക് പ്രയോജനകരമാംവിധം പി.എം.കെ.എസ്.വൈ. പദ്ധതിയിലെ പദ്ധതി ഘടകങ്ങളിൽ ഉൾപ്പെടുത്തേണ്ട പ്രവൃത്തികൾ സംസ്ഥാനത്തെ ഓരോ ജില്ലയിലേയും ജില്ലാതല ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കണമെന്നതാണ് മാനദണ്ഡം. ഓരോ ജില്ലയിലും ജില്ലാതല പ്ലാനിൽ മുൻഗണനാക്രമത്തിൽ പരിഗണിക്കുന്ന പദ്ധതിയിൽ ഗുണഭോക്താക്കളെ പരിഗണിക്കുന്നത് ചുമതലപ്പെടുത്തിയിട്ടുള്ള നിർവ്വഹണ ഏജൻസികളാണ്. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പി.എം.കെ.എസ്.വൈ. പദ്ധതി ഘടകങ്ങൾക്കുള്ള ഗുണഭോക്താക്കളെ കൃഷിഭവൻ തലത്തിൽ പഞ്ചായത്ത് കമ്മിറ്റി/എ.ഡി.സി. എന്നിവരുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കുന്നു.

### കാർഷിക യന്ത്രവൽക്കരണം (SMAM)

കാർഷിക മേഖലയിൽ നൂതന കാർഷിക യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും പ്രവർത്തനങ്ങൾ കർഷകരുടെയിടയിൽ പ്രചരിപ്പിക്കുക, കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനം-പരിചരണം എന്നീ മേഖലകളിൽ പരിശീലനം നൽകുക, കസ്റ്റം ഹിയറിംഗ് സെന്ററുകൾ സ്ഥാപിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ.

ചെറുകിട-നാമമാത്ര കർഷകർ, സ്വയംതൊഴിൽ സംരംഭകർ തുടങ്ങിയവർ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കൃഷിഭവൻ തലത്തിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് അന്തിമ അംഗീകാരം നൽകുന്നത് കളക്ടർ ചെയർമാനായുള്ള ജില്ലാതല ഇംപ്ലിമെന്റേഷൻ കമ്മിറ്റിയാണ്.

### നാഷണൽ ബയോഗ്യാസ് & മാനവർ മാനേജ്മെന്റ് പ്രോഗ്രാം

ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം, നിർമ്മാണ തൊഴിലാളികൾക്കും ഉപഭോക്താക്കൾക്കുമുള്ള പരിശീലനം തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യങ്ങൾ. കൃഷിഭവൻ തലത്തിൽ പ്രചാരണം നൽകി ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നു.

ആർ.കെ.വി.വൈ. (RKVY)

പ്രോജക്ട് അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കി കാർഷിക മേഖലയുടെ വളർച്ചാ നിരക്ക് വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. കേന്ദ്ര സർക്കാർ ടി പദ്ധതിക്കായി പുറപ്പെടുവിച്ചിട്ടുള്ള ഗൈഡ്‌ലൈൻ അടിസ്ഥാനപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുകയും പ്രസ്തുത പ്രോജക്ടിന് സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയുടെ (എസ്.എൽ.എസ്.സി.) അംഗീകാരം ലഭ്യമാക്കുക എന്നതാണ് പ്രധാന മാനദണ്ഡങ്ങൾ. ഓരോ പദ്ധതിയിലും പരാമർശിച്ചിട്ടുള്ള പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

**കൃഷിനാശം നേരിട്ട കർഷകർക്കുള്ള നഷ്ടപരിഹാരം**

48 (2605) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അതിരൂക്ഷമായ വരൾച്ചമൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വിശദമാക്കുമോ?

ഉത്തരം

വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷിഭവൻ വഴി സ്വീകരിച്ചുവരുന്നു. 31-10-2016-ൽ സംസ്ഥാനത്തെ 14 ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ച ശേഷം സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം കൃഷിനാശത്തിന് ആശ്വാസ ധനസഹായമായി 15.466 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ അധിക തുകയായി വയനാട് ജില്ലയ്ക്ക് മാത്രമായി 27 കോടി രൂപയും മറ്റ് ജില്ലകൾക്കായി 25 കോടി രൂപയും 2016-17 സാമ്പത്തിക വർഷം കൃഷി വകുപ്പ് അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് 22-3-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1995-ന് ശേഷം ആദ്യമായാണ് കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചത്. വിള ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായിട്ടുള്ള കർഷകർക്ക് വിളനാശം സംഭിക്കുന്നതിന് ആനുപാതികമായി നഷ്ടപരിഹാര തുക ലഭിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം 2017 മാർച്ച് 28-ന് സംസ്ഥാന റവന്യൂ, കൃഷി വകുപ്പ് മന്ത്രിമാർ സംയുക്തമായി കേന്ദ്ര കൃഷി വകുപ്പ് മന്ത്രിക്ക് വരൾച്ച സംബന്ധിച്ച മെമ്മോറാണ്ടം സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം ഏപ്രിൽ 19 മുതൽ 21 വരെ കേരളം സന്ദർശിച്ച് വരൾച്ച സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. കൃഷി നാശത്തിന് ആനുപാതികമായി കേന്ദ്ര സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വരൾച്ചമൂലമുള്ള കൃഷിനാശത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക്

49 (2606) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന രൂക്ഷമായ വരൾച്ചമൂലം എത്ര ഏക്കർ കൃഷി നശിച്ചു എന്നറിയിക്കാമോ;

(ബി) പ്രസ്തുത കൃഷിനാശം പരിശോധിക്കാൻ കേന്ദ്ര സംഘം എത്തിയിട്ടുണ്ടോ; എത്ര കോടി രൂപയുടെ നഷ്ടപരിഹാരമാണ് സംസ്ഥാനം ആവശ്യപ്പെട്ടത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) 107316.59 ഏക്കർ.

(ബി) ഉണ്ട്. ഏകദേശം 784.6 കോടി രൂപയുടെ സഹായമാണ് ആവശ്യപ്പെട്ടത്.

## കാർഷിക കടാശ്വാസ കമ്മീഷൻ തീർപ്പ് കല്പിച്ച അപേക്ഷകൾ

50 (2607) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ മുമ്പാകെ 2016-17 വർഷത്തിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിന് തീർപ്പ് കല്പിച്ചിട്ടുണ്ടെന്നും അപേക്ഷകളിന്മേൽ എന്തെല്ലാം ഇളവുകളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കടാശ്വാസ കമ്മീഷനിൽ അപേക്ഷ നൽകുവാനുള്ള അവസാന തീയതി 2015 ഒക്ടോബർ 31 ആയി പുനർ നിർണ്ണയിച്ചിരുന്നു. അന്നുവരെ ലഭിച്ച അപേക്ഷകളിൽ 47105 അപേക്ഷകളിൽ തീർപ്പുകല്പിക്കാനുണ്ട്. 2015 ഒക്ടോബർ 31-നുശേഷം അപേക്ഷകൾ സ്വീകരിച്ചിട്ടില്ല. 2016-17 വർഷത്തിൽ 3414 കർഷകർക്ക് 9,78,93,074 രൂപയുടെ കടാശ്വാസ ശിപാർശ കമ്മീഷൻ നൽകുകയുണ്ടായി. 2016-17 സാമ്പത്തിക വർഷത്തിൽ കടാശ്വാസത്തിന് ബജറ്റിൽ അനുവദിച്ചിരുന്ന 20 കോടി രൂപയും കമ്മീഷൻ ഉത്തരവ് പ്രകാരം കടാശ്വാസ വിതരണത്തിനായി സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറിയിട്ടുണ്ട്.

**കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ**

51 (2608) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിവരിക്കാമോ;

(ബി) കടക്കെണിയിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കാർഷിക മേഖലയിലുണ്ടായ സാമ്പത്തിക തകർച്ച കാരണം കടക്കെണിയിലായ കർഷകർക്ക് 18-1-2007-ന് മുമ്പായി സഹകരണ സംഘം/മറ്റ് ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പയ്ക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി കടാശ്വാസം നൽകിവരുന്നു. കാർഷിക പ്രതിസന്ധി ബാധിച്ച വയനാട് ജില്ലയിൽ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിച്ചുവരുന്നു. കടക്കെണിയിലായ കർഷകരുടെ കാര്യത്തിൽ കമ്മീഷൻ കടാശ്വാസ നിയമം അനുശാസിക്കുന്ന പരിധിയിൽ സാധ്യമായ ഇടപെടൽ നടത്തുകയും ജപ്തി നടപടികൾക്ക് സ്റ്റേ അനുവദിക്കുകയും തുടർന്ന് അർഹരായവർക്ക് കടാശ്വാസം അനുവദിക്കുകയും ചെയ്യുന്നു. കടക്കെണിയിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിലേയ്ക്കായി കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മേയ് 21 മുതൽ 3 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്.

**കാർഷിക മേഖലയിലുണ്ടായ വളർച്ച**

52 (2609) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാർഷിക മേഖലയിൽ ഉണ്ടായ വളർച്ചയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പാടശേഖരങ്ങളിൽ കെട്ടിക്കിടക്കുന്ന നെല്ല് സംഭരിക്കുന്നതിനും കർഷകർക്ക് അർഹമായ വില നൽകുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 2016-17 വർഷത്തെ കാർഷിക അനുബന്ധ മേഖലയിലെ വളർച്ചാ നിരക്ക് സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല.

(ബി) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം ആവിഷ്കരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതിയുടെ ഭാഗമാണ് നെല്ല് സംഭരണ സംസ്കരണ വിതരണ പദ്ധതി. സപ്ലൈകോ ആണ് പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണ ഏജൻസി. പദ്ധതി പ്രകാരം സപ്ലൈകോയുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ള മില്ലുകാർ നെല്ല് ഏറ്റെടുക്കുകയും കർഷകർക്ക് കൈപ്പറ്റ് രസീത് നൽകുകയും ആയത് ഉദ്യോഗസ്ഥർ പരിശോധിച്ച് രേഖപ്പെടുത്തിയശേഷം കർഷകർക്ക് നെല്ലിന്റെ വില വിതരണം ചെയ്യുന്നുണ്ട്. അടുത്ത സീസൺ മുതൽ കർഷകർ സപ്ലൈകോയിൽ നിന്നും ലഭിക്കുന്ന Paddy Receipt Sheet (PRS) ബാങ്കുകളിൽ നൽകുമ്പോൾത്തന്നെ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് സംഭരണ വില നേരിട്ട് എത്തുന്നതിനായി ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ലീഡ് ബാങ്ക് പ്രതിനിധികളുമായി ബഹു. കൃഷി, ഭക്ഷ്യ, സിവിൽ സപ്ലൈസ്, സഹകരണം, ധനകാര്യ വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ തീരുമാനമായിട്ടുണ്ട്. പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേയ്ക്കായി വകുപ്പുകളുടെ ഏകോപനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

**ദേവികുളം മണ്ഡലത്തിലെ പുതിയ കാർഷിക പദ്ധതികൾ**

53 (2610) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം നിയോജകമണ്ഡലത്തിൽ കാർഷിക മേഖലയിൽ പുതിയ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് പദ്ധതിയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ പ്രത്യേക കാർഷിക മേഖല രൂപീകരണം (Special Agricultural Zone) എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കേരളത്തിലെ പ്രധാന വിളകൾ ഓരോന്നും അവ കൂടുതൽ കൃഷി ചെയ്യുന്ന പ്രദേശങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ഉല്പാദന വർദ്ധനവിന് ശാസ്ത്രീയ കൃഷി രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഉല്പാദനം, വിപണനം, സംസ്കരണം, മൂല്യവർദ്ധനവ്, സംഭരണം എന്നിങ്ങനെ കൃഷിയുടെ എല്ലാ വശങ്ങളും ഉൾപ്പെടുന്ന ഒരു സമഗ്ര പദ്ധതിയാണിത്. നെല്ല്, പച്ചക്കറി, വാഴ, പുഷ്പവിളകൾ, നാളികേരം, ട്രൈബൽ കൃഷി എന്നിവയാണ് നടപ്പ് സാമ്പത്തിക വർഷം പ്രത്യേക കാർഷിക മേഖല എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് പദ്ധതി രൂപത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിൽ ശീതകാല പച്ചക്കറിക്കുള്ള പ്രത്യേക കാർഷിക മേഖല ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിൽപ്പെട്ട വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## കോങ്ങാട് മണ്ഡലത്തിലെ കൃഷി വകുപ്പിന്റെ പദ്ധതികൾ

54 (2611) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് 2017-18 കാലയളവിലേയ്ക്ക് കോങ്ങാട് മണ്ഡലത്തിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) നിലവിൽ മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(സി) കഴിഞ്ഞ 5 വർഷക്കാലയളവിൽ കോങ്ങാട് മണ്ഡലത്തിൽ കൃഷി വകുപ്പിൽ നിന്നും ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം ചെലവഴിച്ചു ; ഇനം തിരിച്ചുള്ള വിശദവിവരം നൽകുമോ?

### ഉത്തരം

(എ) കൃഷി വകുപ്പ് മുഖാന്തരം മണ്ഡലാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കുന്നില്ല. വിവിധ പദ്ധതികളിൻ കീഴിൽ പാലക്കാട് ജില്ലയ്ക്ക് ലഭിക്കുന്ന ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ കോങ്ങാട് മണ്ഡലത്തിൽപ്പെടുന്ന പഞ്ചായത്തുകളിലും നടപ്പിലാക്കിവരുന്നു. 2017-18 സാമ്പത്തിക വർഷം കൃഷി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ താഴെപ്പറയും പ്രകാരമാണ്:

1. നെൽകൃഷി വികസനം
2. പച്ചക്കറി കൃഷി വികസനം
3. നാളികേര വികസനം
4. സുഗന്ധവിള വികസനം
5. അഗ്രോ സർവ്വീസ് സെന്ററുകൾ
6. ജൈവ കൃഷി
7. വിള ആരോഗ്യ പരിപാലനം
8. ഹൈടെക് കൃഷി
9. വിള ഇൻഷ്വറൻസ്
10. മണ്ണിന്റെ ആരോഗ്യ പരിപാലനം
11. കാർഷിക വിജ്ഞാന വ്യാപനം

(ബി) നിലവിൽ മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്:

1. നെൽകൃഷി വികസനം

കര നെൽകൃഷി, സുസ്ഥിര നെൽകൃഷി, ഒരു വിള രണ്ടുവിള കൃഷി ചെയ്യൽ, ഞവര കൃഷി, തരിശ് കൃഷി, തരിശ് കൃഷി ചെയ്യുന്ന ഗ്രാമപഞ്ചായത്തിന് പുരസ്കാരം നൽകൽ, പദ്ധതി അധിഷ്ഠിത കൃഷി, നൂതന നെൽകൃഷി വിഹിതം എന്നീ ഘടകങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതി ജില്ലയ്ക്ക് ലഭ്യമായിട്ടുണ്ട്. കോങ്ങാട് മണ്ഡലത്തിൽപ്പെട്ട നെൽകർഷകർക്കും കൃഷിയിറക്കുന്ന മുറയ്ക്ക് ആനുകൂല്യം നൽകുന്നതാണ്.

2. മണ്ണും വേരും സംരക്ഷണ പദ്ധതി

ഈ പദ്ധതി പ്രകാരം നെൽകൃഷിക്ക് ഒരു ഹെക്ടറിന് 75% ഇളവിൽ പരമാവധി ഹെക്ടറൊന്നിന് 5,400 രൂപ നിരക്കിൽ ചുണ്ണാമ്പ് ആവശ്യാനുസരണം കൃഷി ഭവൻ മുഖേന വിതരണം ചെയ്യുന്നതാണ്.

(സി) കഴിഞ്ഞ 5 വർഷക്കാലയളവിൽ കോങ്ങാട് മണ്ഡലത്തിൽ കൃഷി വകുപ്പിൽനിന്നും നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കോങ്ങാട് മണ്ഡലത്തിലെ കൂർക്ക കർഷകർക്കായി പ്രത്യേക പാക്കേജ്**

55 (2612) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ 'കൂർക്ക' കർഷകർക്കായി എന്തെങ്കിലും പ്രത്യേക പാക്കേജ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത കർഷകർക്കായി എന്തെങ്കിലും പദ്ധതികൾ കഴിഞ്ഞ 5 വർഷത്തിനിടയിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ കൂർക്ക കർഷകർക്കായി പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ പച്ചക്കറി കൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി കൂർക്ക കൃഷിക്കും ആനുകൂല്യം നൽകിവരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വാമനപുരം മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

56 (2613) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷത്തിൽ വാമനപുരം നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

2016-17 സാമ്പത്തിക വർഷത്തിൽ വാമനപുരം നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മലപ്പുറം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

57 (2614) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മലപ്പുറം മണ്ഡലത്തിൽ കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദീകരിക്കാമോ;

(ബി) ഓരോ പദ്ധതിക്കും നീക്കി വച്ച തുക, ചെലവഴിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ വെളിപ്പെടുത്തുമോ;

(സി) മണ്ഡലം തലത്തിൽ സർക്കാർ നടപ്പിലാക്കുന്ന കാർഷിക മേഖലയിലെ വിവിധ പദ്ധതികളുടെ പൂർണ്ണവിവരങ്ങളും പുരോഗതികളും യഥാസമയം മണ്ഡലം എം.എൽ.എ.-യുമായി കൂടിയാലോചിക്കാറുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ മലപ്പുറം നിയോജകമണ്ഡലത്തിൽ കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ വിശദീകരിക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാർഷിക വിജ്ഞാന വ്യാപനം

വിള ആരോഗ്യപരിപാലനം

കേരസമൃദ്ധി

ബയോഗ്യാസ് പദ്ധതി

പ്രകൃതിക്ഷോഭംമൂലമുണ്ടായ വിളനാശത്തിനുള്ള നഷ്ടപരിഹാരം

ജൈവകൃഷി

പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.)

നെൽകൃഷി വികസനം

മണ്ണ് ആരോഗ്യപരിപാലനം

പച്ചക്കറി വികസന പദ്ധതി

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി

സൗജന്യ കാർഷിക വൈദ്യുതി

കർഷകക്ഷേമ പെൻഷൻ

രാഷ്ട്രീയ കൃഷി വികാസ് യോജന

സുഗന്ധ വിള വ്യാപനം

പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന

ഓണസമൃദ്ധി

പ്രത്യേക ഘടക പദ്ധതി (പട്ടികജാതി കർഷകരുടെ വികസനം)

(ബി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) മണ്ഡലം തലത്തിൽ സർക്കാർ നടപ്പിലാക്കുന്ന കാർഷിക മേഖലയിലെ വിവിധ പദ്ധതികളുടെ പൂർണ്ണ വിവരങ്ങളും പുരോഗതികളും യഥാസമയം മണ്ഡലം എം.എൽ.എ.-യുമായി കൂടിയാലോചിക്കാറുണ്ട്.

(ഡി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ കൃഷിഭൂമിയുടെ വിസ്തൃതിയും കൃഷി ഭവനകളിലെ ഒഴിവുകളും**

58 (2615) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കൃഷി ഭൂമിയുടെ വിസ്തൃതി തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിലെ കൃഷിഭവനകളിലെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കൃഷിഭൂമിയുടെ വിസ്തൃതി തരംതിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| നെല്ല് | - | 6250 ഹെക്ടർ |
| പച്ചക്കറി | - | 60 ഹെക്ടർ |
| തെങ്ങ് | - | 2845 ഹെക്ടർ |
| വാഴ | - | 395 ഹെക്ടർ |
| കപ്പ (മരച്ചീനി) | - | 65 ഹെക്ടർ |
| ഇഞ്ചി | - | 55 ഹെക്ടർ |
| മഞ്ഞൾ | - | 15 ഹെക്ടർ |
| കുരുമുളക് | - | 450 ഹെക്ടർ |
| റബ്ബർ | - | 2279 ഹെക്ടർ |
| ജാതി | - | 5 ഹെക്ടർ |
| കമുക് | - | 237 ഹെക്ടർ |

(ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാനുള്ള ഇന്റർവ്യൂ നടന്നുവരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും അഡ്വൈസ് ലഭിക്കുന്നമുറയ്ക്ക് നിയമനം നടത്തുന്നതാണ്.

## പച്ചക്കറി കൃഷി പ്രോത്സാഹന നടപടികൾ

59 (2616) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2016-17-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 5,673.38598 ലക്ഷം രൂപ ചെലവഴിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കി. 2017-18-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിക്കുവേണ്ടി 85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2017-18-ൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും നഗര ക്ലസ്റ്റർ രൂപീകരണവും
3. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ
4. ജില്ലാ ക്ലസ്റ്റർ വികസനം
5. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
6. പുതിയ ബ്ലോക്ക്തല നഴ്സറികൾ സ്ഥാപിക്കൽ
7. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും
8. പച്ചക്കറി സംഭരണത്തിനുള്ള ചെലവ് കുറഞ്ഞ ശീതീകരണ അറകളുടെ പ്രോത്സാഹനം
9. പച്ചക്കറി കൃഷിക്കുവേണ്ടി മിനി പോളിഹൗസുകളുടെ പ്രോത്സാഹനം
10. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ
11. കൃഷിയിടങ്ങളിൽ 'ബയോ കൺട്രോൾ ഏജന്റ്' നിർമ്മാണം
12. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം
13. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം.
14. സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി
15. സേഫ് ടു ഈറ്റ് 'ബ്രാൻഡിംഗ്' പദ്ധതി വഴി സഹായം
16. അവാർഡ് വിതരണം
17. ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം
18. മഴമറ നിർമ്മാണം
19. നന്നായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള അധിക സഹായം

## കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള പദ്ധതികൾ

60 (2617) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി, സോയിൽ കൺസർവേഷൻ എന്നീ വകുപ്പുകൾ മുഖേന കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം; പദ്ധതികളുടെ മാർഗ്ഗരേഖ സഹിതം വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെകാലത്ത് കൃഷി വകുപ്പ്, സോയിൽ കൺസർവേഷൻ വകുപ്പ്, കെ.എൽ.ഡി.സി. എന്നിവ മുഖേന കുളങ്ങളും തോടുകളും നവീകരിക്കുന്ന പദ്ധതി എവിടെയെല്ലാം നടപ്പിലാക്കി; ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കൃഷിവകുപ്പ് മുഖേന കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനുമായി പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന എന്ന പദ്ധതി നടപ്പിലാക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ 60 ശതമാനം ധനസഹായം ഈ പദ്ധതിക്ക് ലഭിക്കുന്നുണ്ട്.

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. നബാർഡ് ധനസഹായത്തോടുകൂടിയുള്ള (ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി) ആർ.ഐ.ഡി.എഫ്. മണ്ണ് സംരക്ഷണ പദ്ധതി

കാർഷിക ഭൂമിയുടെ സംരക്ഷണത്തിനായി കല്ല് കയ്യാലകൾ, മൺകയ്യാലകൾ, ട്രെഞ്ചുകൾ, മഴക്കുഴികൾ, വൃക്ഷത്തൈ നടീൽ, പുല്ലുവച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കും പൊതുപ്രവർത്തനങ്ങളായ നീർച്ചാലുകളുടെ സംരക്ഷണാർത്ഥം പാർശ്വഭിത്തി നിർമ്മാണം, തടയണ നിർമ്മാണം, കുളങ്ങളുടെ നിർമ്മാണം/പുനരുദ്ധാരണം, വാട്ടർ ഹാർവെസ്റ്റിംഗ് സ്ട്രക്ചർ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾക്കും ഈ പദ്ധതിയിൽ ആനുകൂല്യം നൽകിവരുന്നു.

2. മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ ബാധിത/സാധ്യത പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി (ലാന്റ് സ്ലൈഡ് സ്റ്റെബിലൈസേഷൻ പദ്ധതി)

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം സംസ്ഥാനത്ത് കൃഷിനാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുമുള്ള പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണ് സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയിൻ കീഴിൽ ഗുണഭോക്താക്കൾക്ക് 100 ശതമാനം ആനുകൂല്യമാണ് നൽകുന്നത്.

3. ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശ സംരക്ഷണം (പി.സി.ആർ.ഡബ്ല്യു.എസ്.എസ്.)

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ശുദ്ധജല വിതരണ പദ്ധതിയുടെയും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ശുദ്ധജല വിതരണ പദ്ധതിയുടെയും ജല സംഭരണികളുമായി ബന്ധപ്പെട്ട വൃഷ്ടി പ്രദേശത്തെ മണ്ണൊലിപ്പ് നിയന്ത്രണ വിധേയമാക്കുന്നതിനായി കൃഷിഭൂമി സംരക്ഷണത്തിനുള്ള കയ്യാല നിർമ്മാണം, ട്രെഞ്ചുകൾ, ടെറസുകൾ, മഴക്കുഴികൾ, പുല്ല് വച്ചുപിടിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കും നീർച്ചാലുകളുടെ സംരക്ഷണത്തിനും ആനുകൂല്യം നൽകുന്നു. ഈ പ്രവൃത്തികൾക്കെല്ലാംതന്നെ 100 ശതമാനം ആനുകൂല്യമാണ് നൽകിവരുന്നത്.

4. രാഷ്ട്രീയ കൃഷി വികാസ് യോജന

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലുൾപ്പെടുത്തി ദുരിതബാധിത ജില്ലയായ വയനാട്ടിലെ പുൽപ്പള്ളി, പുതാടി, മുള്ളൻകൊല്ലി പഞ്ചായത്തുകളിൽ വരൾച്ചാനിവാരണത്തിനായി 324.1 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി നടപ്പിലാക്കിവരുന്നു. കുളങ്ങളുടെയും ജലസംഭരണികളുടെയും നിർമ്മാണമാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

5. എൻ.എം.എസ്.എ. (നാഷണൽ മിഷൻ ഫോർ സസ്റ്റെയിനബിൾ അഗ്രികൾച്ചർ)

ദേശീയ സുസ്ഥിര കാർഷിക മിഷൻ വഴി കേരളത്തിന്റെ കാർഷിക മേഖലയുടെ സ്ഥായിയായ വികസനം ലക്ഷ്യംവച്ച് സംയോജിത പ്രവർത്തനം നടപ്പിലാക്കുന്നതിനായി 10 കോടി രൂപയുടെ പ്രവർത്തനങ്ങൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന് 2.46 കോടി രൂപയുടെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയിലുൾപ്പെടുത്തി തൃശ്ശൂർ, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ കുളങ്ങളുടെ നിർമ്മാണവും തോടുകളുടെ സംരക്ഷണവും നടപ്പിലാക്കിയിട്ടുണ്ട്.

6. കുട്ടനാട് പാക്കേജ് പദ്ധതി

13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെയുള്ള കുട്ടനാട്, മേൽ കുട്ടനാട്, ഓണാട്ടുകര പ്രദേശങ്ങളുടെ പാരിസ്ഥിതിക പുനരുജ്ജീവനത്തിനായുള്ള കുട്ടനാട് പാക്കേജ് പദ്ധതിയിലുൾപ്പെടുത്തി കുളങ്ങളുടെ പുനരുദ്ധാരണം നടപ്പിലാക്കിയിട്ടുണ്ട്. കുളങ്ങളുടെ പുനരുദ്ധാരണം, കിണറുകളുടെ നവീകരണം, ഔഷധ/ഫലവൃക്ഷത്തൈ വിതരണം, രാമച്ചം വച്ചുപിടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് കൃഷി വകുപ്പ് മുഖേന കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനുമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം* ആയും മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനുമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം* ആയും കെ.എൽ.ഡി.സി. മുഖേന കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനുമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം ആയും ചേർക്കുന്നു.*

**ആലത്തൂർ മണ്ഡലത്തിൽ തരിശായി കിടക്കുന്ന നെൽകൃഷി ഭൂമി**

61 (2618) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്ഥിരമായി എത്ര ഏക്കർ കൃഷിഭൂമി നെൽകൃഷി ചെയ്യാതെ തരിശായി കിടക്കുന്നുണ്ട് എന്ന കണക്ക് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ നിലങ്ങളിൽ കൃഷി ഇറക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്ഥിരമായി നെൽകൃഷി ചെയ്യാതെ തരിശായി കിടക്കുന്ന ഭൂമിയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| ആലത്തൂർ | 37.5 ഏക്കർ |
| എരിമയൂർ | 12.5 ഏക്കർ |
| കിഴക്കഞ്ചേരി | 12.5 ഏക്കർ |
| മേലാർകോട് | 5.43 ഏക്കർ |
| വണ്ടാഴി | 12.5 ഏക്കർ |
| കുഴൽമന്ദം | 96.5 ഏക്കർ |
| തേങ്കുറുശ്ശി | 2.5 ഏക്കർ |

(ബി) കൃഷിഭൂമി തരിശിടുന്ന പ്രവണത ഒഴിവാക്കുന്നതിനായി കൃഷിഭവനുകൾ കർഷകർക്കായി ബോധവൽക്കരണ പരിശീലന പരിപാടികൾ നടത്തിവരുന്നു. ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, ആത്മ പദ്ധതി എന്നിവ മുഖേനയും കർഷകർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പഞ്ചായത്തുതലത്തിൽ കുടുംബശ്രീ, കർഷക ഗ്രൂപ്പുകൾ മുഖേന തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്തുവരുന്നുണ്ട്. കാർഷിക കർമ്മ സേന, അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന തരിശുഭൂമി കൃഷി കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. തരിശുനില കൃഷി പ്രോത്സാഹന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും കർഷകർക്ക് നൽകിവരുന്നുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി ഹരിത കേരളം മിഷന്റെ കൂടി ഭാഗമാക്കി ആലത്തൂർ മണ്ഡലത്തിലെ തരിശുനിലവും കൃഷിയോഗ്യമാക്കി മാറ്റുന്നതാണ്.

**നെൽകൃഷി കർഷകർക്ക് ഉല്പാദന ബോണസ്**

62 (2619) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടറിൽ നെൽകൃഷി ചെയ്തുവരുന്നുണ്ട് ; നെൽകൃഷി കർഷകർക്ക് ഹെക്ടറിന് എത്ര രൂപയാണ് നിലവിൽ ഉല്പാദന ബോണസ്സ് നൽകിവരുന്നത്;

(ബി) ഇത് കാലോചിതമായി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പ് ഏറ്റവുമൊടുവിൽ പ്രസിദ്ധപ്പെടുത്തിയ കണക്ക് പ്രകാരം 2015-16 വർഷം 196,870 ഹെക്ടറിലാണ് നെൽകൃഷി ചെയ്തിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5746 ഹെക്ടർ സ്ഥലത്ത് പുതിയതായി നെൽകൃഷി ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്. നെൽകൃഷി ഉല്പാദന ബോണസായി ഹെക്ടറിന് ഒരു സീസണിലേയ്ക്ക് 1,000 രൂപ നിരക്കിലാണ് നെൽകർഷകർക്ക് നൽകിവരുന്നത്.

(ബി) ഉല്പാദന ബോണസ് കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## നെൽകൃഷി ആദായകരമാക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി

63 (2620) <u>ശ്രീ. കെ.സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തീർണ്ണം 3 ലക്ഷം ഹെക്ടർ ആക്കി ഉയർത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) നെൽകൃഷി ആദായകരമാക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ ഉണ്ട്;

(സി) ഭക്ഷ്യധാന്യങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കുന്നത് കൃത്രിമ വിലക്കയറ്റത്തിനിടയാക്കുമെന്ന അനുഭവത്തിന്റെയടിസ്ഥാനത്തിൽ നെൽ കൃഷി പ്രോത്സാഹിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി 2017-18 വർഷം 7000 ലക്ഷം രൂപയുടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. <u>സുസ്ഥിര നെൽകൃഷി വികസനം</u>

ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉല്പാദനോപാധികളുടെ ചെലവിനായി 1,500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേയ്ക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

2. <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്</u>

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

3. <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം</u>

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, മറ്റിനങ്ങൾ) വികസനത്തിനായി ഹെക്ടറിന് 10,000/- രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

4. <u>പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി</u>

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ (പരമാവധി 50,000 രൂപ ഒരു പാടശേഖരത്തിന്) 300 ലക്ഷം രൂപ 83333.3 ഹെക്ടർ പ്രദേശത്തേയ്ക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

5. <u>നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008</u>

ഡാറ്റാബാങ്ക് വാലിഡേഷൻ കെ.എസ്.ആർ.ഇ.സി.-യുടെ സഹകരണത്തോടെ പഞ്ചായത്തുകളിൽ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ വാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2017-18 വർഷം ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. <u>കരനെൽകൃഷി വികസനം</u>

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13,600 രൂപ സബ്സിഡി) 350 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

7. <u>തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക്</u>

ഈ വർഷം ഒരു ഹെക്ടറിന് 30,000 രൂപാ നിരക്കിൽ പുതുതായി 2957 ഹെക്ടറിന് (25,000 രൂപ കർഷകനും 5,000 രൂപ ഭൂ ഉടമയ്ക്കുമായി) 887 ലക്ഷം രൂപയും 2016-17 വർഷം നടപ്പിലാക്കിയ തരിശുനില നെൽകൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ ധനസഹായം (2900 ഹെ.) ഹെക്ടറിന് 7,000 രൂപ (5,800 രൂപ കർഷകനും 1,200 രൂപ ഭൂ ഉടമയ്ക്കും) നിരക്കിൽ നൽകുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1090 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത്തല അവാർഡ്

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഏറ്റവും നല്ല പ്രോജക്ടടിസ്ഥാന നഗരപ്രദേശ നെൽകൃഷി എന്നിവയ്ക്കായി അവാർഡ് നൽകുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കുള്ള ധനസഹായം

ഹെക്ടറിന് 10,000 രൂപ ധനസഹായ നിരക്കിൽ 1500 ഹെക്ടറിന് 150 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

10. നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിലുള്ള നെൽകൃഷി വികസനത്തിനുള്ള ധനസഹായം

ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

11. നെൽവർഷത്തോടനുബന്ധിച്ച് നെൽകൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം

ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 262 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

12. പദ്ധതി പ്രവർത്തനത്തിനായുള്ള ധനസഹായം

ഇതിലേയ്ക്കായി 58 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

13. രജിസ്റ്റേഡ് വിത്തുല്പാദന പദ്ധതി

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

14. ബ്ലോക്ക് തലത്തിലുള്ള സംയോജനത്തിനായി പദ്ധതി അധിഷ്ഠിത സഹായം - 1200 ലക്ഷം രൂപ.

15. റൈസ് മില്ല് (300 ലക്ഷം). അതാത് പ്രദേശത്ത് ഉല്പാദിപ്പിക്കുന്ന നെൽവിത്ത് അതാത് സ്ഥലത്ത് വിപണം ചെയ്യുന്നതിലേയ്ക്ക് ലക്ഷ്യമിട്ടുകൊണ്ട് മിനി റൈസ് മില്ല് സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 'എ' പിരിവിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ വഴി കർഷകന്റെ ചെലവ് കുറയ്ക്കുവാനും ആദായം വർദ്ധിപ്പിക്കുവാനും ഉല്പാദനക്ഷമത കൂട്ടുവാനും കഴിയും. നിലവിലെ സമഗ്ര നെൽകൃഷി വികസന പദ്ധതി ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനാൽ 20-40% വരെ ചെലവ് കുറയ്ക്കുവാൻ കഴിയും. കൂടാതെ കാർഷിക യന്ത്രവൽക്കരണം, കൃത്യസമയത്തുള്ള ജലസേചനം, ഗുണമേന്മയുള്ള വിത്തിന്റെ ഉപയോഗം, കൃത്യസമയത്തുള്ള മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കൽ, വിവിധ വിളപരിപാലന പ്രവർത്തനങ്ങൾക്ക് കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ എന്നിവയുടെ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവ പാടശേഖരാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതുവഴി ചെലവ് കുറയ്ക്കുന്നതിന് പുറമേ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായിക്കും.

(സി) നെൽകൃഷിയിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് 2017-18 സാമ്പത്തിക വർഷം സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ 15 ഘടകങ്ങളിലായി ആകെ 70 കോടി ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**തൃശ്ശൂരിലെ സംയോജിത കാർഷിക കോംപ്ലക്സ് നിർമ്മാണം**

64 (2621) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ സംയോജിത കാർഷിക കോംപ്ലക്സ് നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) ആകെ എത്ര കോടി രൂപയുടെ പ്രവൃത്തിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) സംയോജിത കാർഷിക കോംപ്ലക്സ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചാൽ എന്തെല്ലാം സൗകര്യങ്ങൾ ആണ് ലഭ്യമാകുന്നത്; വിശദാംശം നൽകുമോ;

(ഡി) എത്രയുംവേഗത്തിൽ പ്രവൃത്തി പൂർത്തികരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂരിലെ സംയോജിത കാർഷിക കോംപ്ലക്സ് നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി) തൃശ്ശൂരിൽ സംയോജിത കാർഷിക കോംപ്ലക്സ് പണിയുന്നതിന് 31-10-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ 320/2013/എ.ഡി. പ്രകാരം സർക്കാർ 10 കോടി രൂപയുടെ പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ അടങ്ങുന്ന മേല്പറഞ്ഞ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(സി) സംയോജിത കാർഷിക കോംപ്ലക്സിൽ തൃശ്ശൂർ ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസ്, വിവിധ ലാബുകൾ, കൃഷി എഞ്ചിനീയറുടെ ഓഫീസ്, സംസ്ഥാന വിത്ത് വികസന അതോറിറ്റിയുടെ ഓഫീസ്, കൃഷി വകുപ്പിനുകീഴിലുള്ള ഫാമുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള അഗ്രോ ബസാർ, എക്കോ ഷോപ്പ് മുതലായ സൗകര്യങ്ങൾ ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) സംയോജിത കാർഷിക കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. ജനറേറ്റർ ഘടിപ്പിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

## കാസർകോട് ജില്ലയിലെ അടയ്ക്കാ കർഷകരെ സഹായിക്കുന്ന പദ്ധതി

65 (2622) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ അടയ്ക്കാ കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനത്ത് എന്തെങ്കിലും പദ്ധതി പ്രഖ്യാപിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) പ്രസ്തുത പദ്ധതിയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കാൻ ഈ സർക്കാരിന് ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കാസർകോട് ജില്ലയിലെ അടയ്ക്കാ പാക്കേജിനായി 2010-11-ലെയും 2014-15-ലെയും ബഡ്ജറ്റ് പ്രസംഗത്തിൽ 10 കോടി രൂപ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ബഡ്ജറ്റ് വിഹിതത്തിന്റെ അഭാവംമൂലം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല.

(ഡി) അടയ്ക്കാ പാക്കേജിനായി പുതുക്കിയ പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കാൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നിലമ്പൂർ മണ്ഡലത്തിലെ തരിശുഭൂമിയിൽ കൃഷി ആരംഭിക്കാനുള്ള പദ്ധതികൾ**

66 (2623) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ കൃഷിയോഗ്യമായ എന്നാൽ കൃഷി ചെയ്യാതെ കിടക്കുന്ന ഭൂമി എത്രയെന്ന് കൃഷി ഭവനുകളും പ്രദേശവുമുൾപ്പെടെ വിശദമാക്കാമോ;

(ബി) വനമേഖല ഉൾപ്പെടെ വിവിധ സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള തരിശായി കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കായി പ്രയോജനപ്പെടുത്താൻ കഴിയുമോ; ആയതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇത്തരം തരിശുപ്രദേശങ്ങളിൽ വനിതാ സ്വയംസഹായ സംഘങ്ങൾ വഴി കൃഷി ആരംഭിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചാൽ ആയതിന് അനുമതി ലഭ്യമാക്കുമോ; ഇതിനായി സാമ്പത്തിക സഹായം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃഷിഭവൻ തിരിച്ചുള്ള വിശദാംശം താഴെ ചേർക്കുന്നു:

| | | |
|---|---|---|
| അമരമ്പലം | - | 10 ഹെക്ടർ |
| കരുളായി | - | 5 ഹെക്ടർ |
| ചുങ്കത്തറ | - | 8 ഹെക്ടർ |
| എടക്കര | - | 3 ഹെക്ടർ |
| മൂത്തേടം | - | 20 ഹെക്ടർ |
| നിലമ്പൂർ | - | 12 ഹെക്ടർ |
| വഴിക്കടവ് | - | 75 ഹെക്ടർ |
| പോത്തുകൽ | - | 3 ഹെക്ടർ |
| ആകെ | - | 136 ഹെക്ടർ കൃഷി യോഗ്യമായ തരിശുനിലമുണ്ട്. |

(ബി) സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള തരിശായി കിടക്കുന്ന

സ്ഥലങ്ങൾ കൃഷിക്കായി പ്രയോജനപ്പെടുത്താവുന്നതാണ്. തരിശുനില കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഒരു ഹെക്ടറിന് 30,000 രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. പ്രാദേശിക കൃഷി ഭവനുകൾ, വിവിധ സർക്കാർ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അത്തരം സ്ഥലങ്ങൾ കണ്ടെത്തി സാധ്യമായ കാർഷിക വിളകൾ കൃഷി ചെയ്യുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വന സംരക്ഷണ സേന പോലുള്ള സംഘടനകളുടെയും വനം വകുപ്പിന്റെയും സഹായത്തോടെ നിയന്ത്രിത തോതിലുള്ള കൃഷിക്ക് വനമേഖലയിലും സാധ്യത നിലവിലുണ്ട്.

(സി) പ്രാദേശിക കൃഷി ഭവനുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ചേർന്ന് ഇതിനുള്ള നടപടി കൈക്കൊള്ളാവുന്നതും കൃഷി വകുപ്പ് പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭ്യമാക്കാവുന്നതുമാണ്.

## കുറ്റ്യാടി മണ്ഡലത്തിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി

67 (2624) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം, കുറ്റ്യാടി പഞ്ചായത്തുകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ചെറിയാണ്ടി, കുന്നമ്മൽ, കാക്കുനി പാടശേഖര വികസന പ്രവൃത്തികൾക്ക് എത്ര ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ പമ്പ് ഹൗസ്, ടില്ലർ ബണ്ട് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വിട്ടുകിട്ടിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള കുറിച്ചകം, പാവുള്ളാട്ടുവയൽ, കുഴിവയൽ പാടശേഖര വികസന പ്രവൃത്തികൾക്ക് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഇ) പദ്ധതിയുടെ ഭാഗമായുള്ള നാരായണിനട, വാച്ചാൽ നട, തിക്കുനി പാടശേഖരവികസന പ്രവൃത്തികൾക്ക് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ;

(എഫ്) പദ്ധതിയിൽ ഉൾപ്പെട്ട പെരുവയൽ പാടശേഖര വികസന

പദ്ധതിക്ക് എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ;

(ജി) പദ്ധതിയിൽ ഉൾപ്പെട്ട തെയ്യാട്ടു താഴെ, ശാന്തിനഗർ, ചെറുകുന്ന് പാടശേഖര വികസന പ്രവൃത്തികൾക്ക് വകയിരുത്തിയ തുക എത്ര; പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; പദ്ധതിയുടെ ഭാഗമായുള്ള ഊരാത്ത് വടയം പാടശേഖരം (കുറ്റ്യാടി പഞ്ചായത്ത്) വികസന പ്രവൃത്തിക്ക് അനുവദിച്ച തുക എത്ര; പദ്ധതി ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ചെറിയാണ്ടി, കുന്നമ്മൽ, കാക്കുനി പാടശേഖരത്തിലെ വികസന പ്രവൃത്തികൾക്കായി 99.45 ലക്ഷം രൂപയാണ് ആർ.ഐ.ഡി.എഫ്. XIX പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്.

(ബി&സി) ഇല്ല. പമ്പ് ഹൗസ്, ടാങ്ക്, ടില്ലർ ബണ്ട് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഇതുവരെ നിയമാനുസൃതം വിട്ടുകിട്ടിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കുറിച്ചകം, പാവുള്ളാട്ടുവയൽ, കുഴിവയൽ പാടശേഖരത്തിലെ പ്രവൃത്തികൾക്ക് വേണ്ടി 99.90 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ കുറിച്ചകം, കുഴിവയൽ എന്നിവയിലെ പണികൾ 90%-വും പൂർത്തീകരിച്ചിട്ടുണ്ട്. പാവുള്ളാട്ടുവയൽ കാപ്പിന് (കുളം) സ്ഥലം വിട്ടുകിട്ടാത്തതിനാൽ പണി ഇതുവരെ തുടങ്ങാൻ സാധിച്ചിട്ടില്ല.

(ഇ) നാരായണിനട, വാച്ചാൽനട, തിക്കുനി പാടശേഖരങ്ങളിലെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി ആകെ 152.28 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തോട്ടുകളിൽ മേയ് മാസത്തിലുൾപ്പെടെ ഒരു മീറ്ററിലധികം വെള്ളം കെട്ടിനിൽക്കുന്നതിനാൽ പണി തുടങ്ങാൻ സാധിച്ചിട്ടില്ല.

(എഫ്) പെരുവയൽ പാടശേഖരത്തിലെ വിവിധ പ്രവൃത്തികൾക്കായി ആകെ 161.21 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ എടവലത്തുതാഴെ, പാറമണൽതാഴെ, വരപ്പുറത്ത്താഴെ പമ്പ് ഹൗസുകൾക്കുള്ള സ്ഥലം നിയമാനുസൃതം വിട്ടുകിട്ടിയിട്ടില്ല. എടവലത്തുതാഴെ-അടിവയൽ ഫാം റോഡിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തോട്ടുകോവുമ്മൽ-മൂഴിക്കൽ തോടിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. അടിവയൽ കാപ്പിന്റെ (കുളം) പുനരുദ്ധാരണവും തോട്ടുകോവുമ്മൽ വി.സി.ബി.യുടെ നിർമ്മാണവും ഉടനെ ആരംഭിക്കുന്നതാണ്.

(ജി) തെയ്യാട്ടുതാഴെ, ശാന്തിനഗർ, ചെറുകുന്ന് പാടശേഖര വികസന പ്രവൃത്തികൾക്കായി ആകെ 145.33 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ശാന്തിനഗർ പാടശേഖരത്തിലെ തോടിന്റെ പാർശ്വഭിത്തി സംരക്ഷണവും ചെറുകുന്ന് പാടശേഖരത്തിലെ കുറ്റിൽ താഴെ ഇല്ലത്ത് താഴെതോടിന്റെ പാർശ്വഭിത്തി സംരക്ഷണവും പൂർത്തീകരിച്ചിട്ടുണ്ട്. തെയ്യാട്ടുതാഴെ മാണിക്കോട്ടു താഴെ തോടിന്റെ പാർശ്വഭിത്തി സംരക്ഷണവും, ഫാം റോഡിന്റെ നീളം കൂട്ടലും പ്രവൃത്തി 90%-വും പൂർത്തീകരിച്ചിട്ടുണ്ട്. ഊരത്ത് വടയം പാടശേഖരങ്ങളിലെ തോടിന്റെ പാർശ്വഭിത്തി സംരക്ഷണത്തിന് (കുറ്റ്യാടി പഞ്ചായത്ത്) 196.73 ലക്ഷം രൂപയാണ് അനുവദിച്ചത്. പ്രസ്തുത സ്ഥലത്ത് പണി ആരംഭിച്ചെങ്കിലും പരിസ്ഥിതി വാദികളുടെ എതിർപ്പുമൂലം പണി നിർത്തിവച്ചു. ആയതിനുശേഷം കുറ്റ്യാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും തീരുമാനമാകാതെ പിരിയുകയുമാണുണ്ടായത്. കോൺട്രാക്ടറുമായുള്ള ഉടമ്പടി കാലാവധി കഴിഞ്ഞതിനാൽ പ്രസ്തുത പ്രവൃത്തി ഇനി നടപ്പിലാക്കാൻ സാധിക്കുകയില്ല.

**പച്ചത്തേങ്ങ സംഭരണം നടത്തുന്ന ഏജൻസികൾ**

68 (2625) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖേനയാണെന്ന് വിശദീകരിക്കുമോ;

(ബി) കൃഷി വകുപ്പ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നുണ്ടോ; പ്രസ്തുത ഇനത്തിൽ എത്ര തുക കർഷകർക്ക് വിതരണം ചെയ്യാനുണ്ടെന്ന് വിശദീകരിക്കുമോ;

(സി) കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കൃഷിഭവനുകൾ വഴി നടന്നിരുന്ന സംഭരണം കേര ഫെഡിൽ അംഗങ്ങളായ സഹകരണ സംഘങ്ങളെയും നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉല്പാദക കമ്പനികളെയുംകൂടി ഉൾപ്പെടുത്തി ഊർജ്ജിതമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷി ഭവനുകൾ വഴി കർഷകരിൽ നിന്ന് കേരഫെഡ് നാളികേരം സംഭരിക്കുന്നുണ്ട്. ഈ ഇനത്തിൽ കർഷകർക്ക് നൽകാനുള്ള തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.

(സി) കേരഫെഡിന്റെ കരുനാഗപ്പള്ളിയിലെയും കോഴിക്കോട് നടുവണ്ണൂരിലെയും ഫാക്ടറികളിലും തിരുവനന്തപുരത്ത് ആനയറയിലുള്ള കേരഫെഡ് കേന്ദ്രം വഴിയും നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്.

**കൃഷി ഭൂമിയുടെ അളവും പച്ചക്കറികളുടെ ദൈനംദിന ഉപയോഗവും**

69 (2626) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2007-08-ലെ തരിശുഭൂമിയുടെയും കൃഷിക്കുപയോഗിക്കാതെ മറ്റാവശ്യങ്ങൾക്കുപയോഗിച്ച കൃഷിഭൂമിയുടെയും വെറുതെയിട്ടിട്ടുള്ള കൃഷി ഭൂമിയുടെയും അളവ് എത്രയെന്നും ആയത് 2015-16-ൽ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) സംസഥാനത്ത് 2007-08-ൽ പച്ചക്കറികൾ കൃഷിചെയ്തിരുന്ന കൃഷിഭൂമിയുടെ അളവും ഉല്പാദിപ്പിച്ച ഉല്പന്നങ്ങളുടെ അളവും എത്രയെന്നും ആയത് 2015-16-ൽ എത്രയെന്നും 2016-17-ൽ ഈ സർക്കാർ കാലയളവിൽ എത്രയെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികളുടെ ദൈനംദിന ഉപയോഗം എത്രയെന്നും എത്ര അളവ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നു എന്നും എത്ര അളവ് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2007-08, 2015-16 വർഷങ്ങളിലെ തരിശുഭൂമിയുടെയും വെറുതെയിട്ടിട്ടുള്ള കൃഷിഭൂമിയുടെയും വിസ്തൃതി ഇപ്രകാരമാണ്:

| ക്രമ നമ്പർ | വിവരണം | വർഷം | |
|---|---|---|---|
| | | 2007-08 | 2015-16 |
| 1 | തരിശുഭൂമി വിസ്തൃതി | 128167 ഹെക്ടർ | 125261 ഹെക്ടർ |
| 2 | വെറുതെയിട്ടിട്ടുള്ള കൃഷിഭൂമി | 92764 ഹെക്ടർ | 99499 ഹെക്ടർ |

മറ്റാവശ്യങ്ങൾക്കുപയോഗിച്ച കൃഷിഭൂമി സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

(ബി)

| ക്രമ നമ്പർ | വർഷം | കൃഷി ഭൂമിയുടെ അളവ് (ഹെക്ടർ) | ഉല്പാദനം (ലക്ഷം മെട്രിക് ടൺ) |
|---|---|---|---|
| 1 | 2007-08 | 47831 | 5.74 |
| 2 | 2015-16 | 46578 | 6.28 |
| 3 | 2016-17 | 52830 | 7.25 |

(സി) 2016-17-ൽ പ്രതിദിന പ്രതിശീർഷ ആളോഹരി പച്ചക്കറി ആവശ്യം 160 ഗ്രാം ആണ്. ഇത് ജനസംഖ്യയുമായി (343.94 ലക്ഷം) പൊരുത്തപ്പെടുമ്പോൾ ഒരു ദിവസം 5503 ടൺ പച്ചക്കറി വേണ്ടിവരും. അനുപ്രകാരം ഒരു വർഷം ആകെ 20.09 ലക്ഷം മെട്രിക് ടൺ പച്ചക്കറി സംസ്ഥാനത്തിന് ആവശ്യമാണ്. ഇതിൽ 7.25 മെട്രിക് ടൺ മാത്രമാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്. ശേഷിച്ച 12.84 മെട്രിക് ടൺ പച്ചക്കറികൾക്ക് മറ്റ് സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. സംസ്ഥാനത്തിന് ആവശ്യമായ പച്ചക്കറികൾ സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

**വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ**

70 (2627) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. പി. ഉണ്ണി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴവർഗ്ഗങ്ങളുടെയും പച്ചക്കറികളുടെയും ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വീട്ടുവളപ്പിലെ കൃഷി, ജൈവകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് വി.എഫ്.പി.സി.കെ. നൽകി വരുന്നതെന്ന് വിശദമാക്കുമോ;

(സി) പങ്കാളിത്ത ഗ്യാരന്റി സമ്പ്രദായത്തോടെയുള്ള പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് കൗൺസിൽ മുഖേന നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വി.എഫ്.പി.സി.കെ.-യുടെ കീഴിൽ മണ്ണ് പരിശോധന ലാബുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പഴവർഗ്ഗങ്ങളുടെയും പച്ചക്കറികളുടെയും ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കൗൺസിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു:

പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം മുഖേനയുള്ള ജൈവപച്ചക്കറി ഉല്പാദനം, വാഴ-പച്ചക്കറി കൃഷിയുടെ വ്യാപനം, സ്വാശ്രയ സംഘങ്ങളുടെ രൂപീകരണവും കർഷകരെ അംഗങ്ങളാക്കലും നഗരങ്ങളിൽ ഹരിതനഗരി പദ്ധതി/ഗ്രോബാഗ് പദ്ധതി, വായ്പാ തിരിച്ചടവ് ഉറപ്പാക്കുന്നതിനായി 2% പലിശ സബ്സിഡി നൽകൽ, വിള ഇൻഷ്വറൻസ്, ആരോഗ്യ ഇൻഷ്വറൻസ്, കർഷകർക്കായി ജീവൻ രക്ഷാ പോളിസി, മികച്ച കർഷകർക്കും സ്വാശ്രയ സമിതികൾക്കും അവാർഡ് വിതരണം ചെയ്യൽ, പച്ചക്കറി കൃഷിയിൽ വിജ്ഞാന വ്യാപന പ്രവർത്തനം, പച്ചക്കറി കൃഷിയിലെ നൂതന സാങ്കേതികവിദ്യ വ്യാപനം, മണ്ണ് പരിശോധനാ ഫലങ്ങൾ അടിസ്ഥാനമാക്കിയുള്ള കൃഷി, സൂക്ഷ്മ മൂലകങ്ങൾ അടങ്ങിയ വളങ്ങളുടെ ഉപയോഗം, നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവവളം, ജീവാണുവളം, വളർച്ചാ ത്വരകങ്ങൾ, ജൈവകീടനാശിനികൾ എന്നിവ വിപണിയിൽ എത്തിക്കുക, വിഷരഹിത പച്ചക്കറികളും മൂല്യവർദ്ധിത ഉല്പന്നങ്ങളും നേരിട്ട് ശേഖരിച്ച് 'തളിർ' എന്ന ബ്രാന്റിൽ വിപണനം ചെയ്യുക, കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്ത സാഹചര്യത്തിൽ റിസ്ക് ഫണ്ട് പദ്ധതി വഴി ന്യായവില ഉറപ്പാക്കുക.

(ബി) വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൗൺസിൽ ഹരിതനഗരി/ഗ്രോബാഗ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ പോട്ടിങ് മിശ്രിതം നിറച്ചതും പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ചതുമായ ഗ്രോബാഗുകൾ വിതരണം ചെയ്തുവരുന്നു. ഇതിനായി കൗൺസിൽ, ഉദ്യോഗസ്ഥർക്ക് സാങ്കേതിക ഉപദേശങ്ങളും നൽകിവരുന്നു.

(സി) ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന പി.ജി.എസ്. (Participatory Guarantee System) നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൗൺസിൽ ആരംഭിച്ചുകഴിഞ്ഞു. കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി ജൈവ കൃഷിയോട് താല്പര്യമുള്ള കർഷകരുടെ 213 ലോക്കൽ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 1500 കർഷകരോളം വരുന്ന ഈ സംഘങ്ങൾ വഴി 725 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കിവരുന്നു. പി.ജി.എസ്.-നായി രജിസ്റ്റർ ചെയ്ത എല്ലാ കർഷകരെയും ഉൾപ്പെടുത്തി ഗ്രൂപ്പ് തല മീറ്റിംഗുകളും

പി.ജി.എസ്.-നെക്കുറിച്ചുള്ള പരിശീലനങ്ങളും സംഘടിപ്പിക്കുന്നു. വി.എഫ്.പി.സി.കെ. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കൃഷിയിടങ്ങൾ പരിശോധിച്ച് വിലയിരുത്തുകയും പി.ജി.എസ്. ഓർഗാനിക് സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യുന്നു. കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പി.ജി.എസ്. സർട്ടിഫിക്കേഷനും ജൈവ പച്ചക്കറി ഉല്പാദനവും എന്ന പദ്ധതി പ്രവർത്തനങ്ങൾക്കായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) വി.എഫ്.പി.സി.കെ.-യുടെ കീഴിൽ ആലപ്പുഴ ജില്ലയിലെ ഉറവൂരും മലപ്പുറം ജില്ലയിലെ തിരുവാലിയിലും മണ്ണ് പരിശോധനാ ലാബുകൾ പ്രവർത്തന സജ്ജമായി വരുന്നു. ഉറവൂരുള്ള ലാബിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ജൂണിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറത്തുള്ള മണ്ണ് പരിശോധനാ ലാബിന്റെ കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ്.

### കർഷകർക്ക് നൽകുന്ന വൈദ്യുതി ആനുകൂല്യം

71 (2628) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യ വൈദ്യുതി ആനുകൂല്യം എത്ര കർഷകർക്ക് നൽകിവരുന്നുണ്ട്;

(ബി) ഇതിൽ നെൽകർഷകർ എത്രപേരുണ്ട്;

(സി) കരകൃഷി ചെയ്യുന്നവർ എത്രപേരുണ്ട്;

(ഡി) പോളിഹൗസ് കൃഷിചെയ്യുന്ന കർഷകർ എത്ര ;

(ഇ) വൈദ്യുതി ആനുകൂല്യം കർഷകർക്ക് നൽകുന്നതിന് ഒരുവർഷം ശരാശരി എത്ര കോടി രൂപ ആവശ്യമായിവരുന്നുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 280416 കർഷകർക്ക് സൗജന്യ വൈദ്യുതി ആനുകൂല്യം നൽകിവരുന്നുണ്ട്.

(ബി) 84035 പേർ.

(സി) 196116 പേർ.

(ഡി) 265 കർഷകർ

(ഇ) വൈദ്യുതി ആനുകൂല്യം നൽകുന്നതിന് ഒരു വർഷം ശരാശരി 40.17 കോടി രൂപ ആവശ്യമുണ്ട്.

## പുഷ്പകൃഷിക്ക് നൽകുന്ന പ്രോത്സാഹനം

72 (2629) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പ് പുഷ്പകൃഷിക്ക് നൽകുന്ന സഹായങ്ങളും ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി പുഷ്പ കൃഷിക്ക് ധനസഹായം നൽകുന്നുണ്ട്. പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം/ വിളവിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി കട്ട് ഫ്ലവറുകളുടെ കൃഷിക്ക് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവായ 1 ലക്ഷം രൂപയുടെ 40 ശതമാനമായ 40,000 രൂപയും ലൂസ് ഫ്ലവർ കൃഷിക്ക് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവായ 40,000 രൂപയുടെ 40 ശതമാനമായ 16,000 രൂപയും ധനസഹായം നൽകുന്നുണ്ട്. ഒരു കർഷകന് പരമാവധി 2 ഹെക്ടർ വരെയാണ് ധനസഹായം നൽകുന്നത്.

കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയുടെ വാഷിക കർമ്മ പദ്ധതിയിൽ 161 ഹെക്ടറിൽ കട്ട് ഫ്ളവറും, 50 ഹെക്ടറിൽ ലൂസ് ഫ്ളവറും കൃഷി ചെയ്യുവാൻ ലക്ഷ്യമിടുന്നുണ്ട്.

## പച്ചക്കറിയുടെ വിലവർദ്ധനവ്

73 (2630) ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി വിലയിൽ 20 മുതൽ 50 ശതമാനം വരെ വിലവർദ്ധനവ് ഉണ്ടായ സാഹചര്യം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപകമാക്കിയെന്ന് കണക്കുകളിലൂടെ കാണിക്കുമ്പോഴും പച്ചക്കറിയുടെ അഭൂതപൂർവ്വമായ വിലവർദ്ധനവിന്റെ കാരണമെന്താണ്;

(സി) വിലവർദ്ധനവ് പിടിച്ചുനിർത്തി സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) കടുത്ത വേനലിൽ പച്ചക്കറി കൃഷിയും വിളവും കുറഞ്ഞതും അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറി വരവ് കുറഞ്ഞതും പച്ചക്കറി വിലയിൽ വില വർദ്ധനവിന് കാരണമായിട്ടുണ്ട്.

(ബി) ഉല്പാദനവും ഉപഭോഗവും തമ്മിൽ കാര്യമായ അന്തരം ഉള്ളതുകൊണ്ടും കടുത്ത വേനലിൽ ഉല്പാദനം ക്രമാതീതമായി കുറഞ്ഞതും വിലവർദ്ധനവിന് കാരണമായി.

(സി) സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ., കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നെല്ലാം കർഷകർക്ക് ന്യായവില നൽകി പച്ചക്കറികൾ സംഭരിച്ച് പൊതുവിപണിയെക്കാൾ 10 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഓണക്കാലത്ത് കൃഷി വകുപ്പും ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യും സംയുക്തമായി സംസ്ഥാനമൊട്ടാകെ 1350 ഓണ വിപണികൾ സംഘടിപ്പിക്കുകയും പൊതുവിപണിയെക്കാൾ 30 ശതമാനം കുറഞ്ഞ വിലയിൽ ഉപഭോക്താക്കൾക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2017 ഏപ്രിൽ മാസത്തിൽ കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ 1052 വിഷു-ഈസ്റ്റർ വിപണികൾ സംഘടിപ്പിച്ച് കർഷകരിൽ നിന്നും ന്യായമായ വിലയ്ക്ക് പച്ചക്കറികൾ സംഭരിച്ച് പൊതു വിപണിയെക്കാൾ 30 ശതമാനം വിലക്കുറവിൽ നാടൻ ഉല്പന്നങ്ങളും 10 ശതമാനം കുറഞ്ഞ വിലയിൽ ജി.എ.പി. ഉല്പന്നങ്ങളും ഉപഭോക്താക്കൾക്ക് ലഭ്യമക്കിയിട്ടുണ്ട്.

## തിരുനെല്ലൂർ പാടശേഖരത്തിലെ നെൽകൃഷി

74 (2631) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ തിരുനെല്ലൂർ പാടശേഖരത്തിൽ വരുന്ന സീസണിൽ പൂർണ്ണതോതിൽ നെൽകൃഷിയിറക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇവിടെ കർഷകർക്ക് എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ തിരുനെല്ലൂർ പാടശേഖരത്തിലെ 10 ഹെക്ടറോളം പ്രദേശത്ത് ഭാഗികമായി മാത്രമാണ് കഴിഞ്ഞ സീസണിൽ കൃഷിയിറക്കാൻ സാധിച്ചത്. കൃഷിക്ക് അനുയോജ്യമായ തരിശായ സ്ഥലങ്ങൾ കണ്ടെത്തി വ്യക്തമായ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് നെൽകൃഷി വ്യാപനത്തിനായി നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പാടശേഖരത്തിലെ കർഷകർക്ക് വരുന്ന സീസണിൽ നെൽകൃഷി യിറക്കുന്നതിനായി സുസ്ഥിര നെൽകൃഷി വികസനം, ആർ.കെ.വി.വൈ. പദ്ധതി, നെൽകൃഷി ഉല്പാദക ബോണസ് എന്നീ പദ്ധതികൾ മുഖേന ധനസഹായം നൽകുന്നതാണ്. ഇതോടൊപ്പം ത്രിതല പഞ്ചായത്ത് ഫണ്ടുകളുപയോഗിച്ച് ഉല്പാദനോപാധികൾക്കുള്ള ധനസഹായവും നൽകുന്നതാണ്.

## വിളനാശത്തിന്റെ നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

75 (2632) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് വിളനാശത്തിനുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കാൻ തീരുമാനിച്ചോ; ഉണ്ടെങ്കിൽ അത് എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാര തുക കാലാനുസൃതമായി വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 22-3-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 37/2017/കൃഷി പ്രകാരം പുനരാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 1995-നുശേഷം ആദ്യമായാണ് കാർഷിക വിളകൾക്ക് നൽകിവരുന്ന ഇൻഷ്വറൻസ് പരിരക്ഷയിൽ ഇത്രയും കാര്യമായ വർദ്ധനവ് വരുത്തിയിട്ടുള്ളത്. വിശദാംശങ്ങളടങ്ങിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ഡാറ്റാബാങ്കിലെ അപാകതകൾ പരിഹരിച്ച് പുനർവിജ്ഞാപനം

76 (2633) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാറ്റാബാങ്കിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള അപേക്ഷകൾ കൃഷി ഭവൻ സ്വീകരിച്ചിരുന്നോ;

(ബി) എങ്കിൽ അതിൻമേൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിരുന്നത്;

(സി) അപാകതകൾ പരിഹരിച്ച് ഡാറ്റാബാങ്ക് പുനർവിജ്ഞാപനം ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) സ്വീകരിച്ചിരുന്നു.

(ബി) ആയത് പരിശോധിച്ച് കരട് ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചശേഷം ആക്ഷേപങ്ങളും അഭിപ്രായങ്ങളും അറിയിക്കുവാൻ മതിയായ സമയം നൽകിയശേഷമാണ് അന്തിമ ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഇനിയും പ്രസിദ്ധീകരിക്കാൻ അവശേഷിക്കുന്ന ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്താൽ 2008-ലെ ഭൂമിയുടെ തരം തിട്ടപ്പെടുത്തി കുറ്റമറ്റ ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസിദ്ധീകരിക്കപ്പെട്ട ഡാറ്റാബാങ്ക് സംബന്ധിച്ച് ആക്ഷേപമുള്ളപക്ഷം 2008-ലെ സ്ഥിതി ശാസ്ത്രീയമായി പരിശോധിക്കുന്നതിനും ആവശ്യമുള്ളപക്ഷം പുനർവിജ്ഞാപനം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതി**

77 (2634) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഓരോ കൃഷി ഭവന്റെയും കീഴിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കർഷകരുടെ വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) മണ്ഡലത്തിലെ കൂടുതൽ കർഷകരെ പ്രസ്തുത പദ്ധതിയിൽ ചേർക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാര തുക കാലാനുസൃതമായി വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 22-3-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 37/2017/ കൃഷി പ്രകാരം പുനരാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ബി) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കർഷകർക്ക് ഒറ്റയ്ക്കോ കൂട്ടായോ പദ്ധതിയിൽ അംഗമായി വിള ഇൻഷ്വർ ചെയ്യാവുന്നതാണ്. ഇതുസംബന്ധിച്ച വിശദമായ ലിസ്റ്റ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്. *

(സി) കേരളത്തിലെ മുഴുവൻ കർഷകരെയും പുനരാവിഷ്കരിച്ച് വിള ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിനുള്ള തീവ്ര പരിപാടികളാണ് വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. മുഴുവൻ കർഷകരെയും ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കൃഷി ഭവൻ തലത്തിൽ ക്യാമ്പയിനുകൾ നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. മണ്ഡലാടിസ്ഥാനത്തിൽ കൂടുതൽ കൃഷിക്കാരെ പ്രസ്തുത പദ്ധതിയിൽ ചേർക്കുന്നതിന് എം.എൽ.എ.-യുമായി ചർച്ച നടത്തി വിപുലമായ ക്യാമ്പയിൽ നടത്തുവാൻ കൃഷി വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൃഷിനാശത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക്

78 (2635) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടുത്ത വരൾച്ചയിൽ എത്ര കോടി രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്; ജില്ല അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് പരിശോധിക്കാൻ കേന്ദ്ര സർക്കാർ പ്രതിനിധി സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വരൾച്ചമൂലം ഏകദേശം 64707 കർഷകരുടെ 43430.43 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 784.6 കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതായുമാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകും എന്നാണ് കണക്കാക്കുന്നത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം 2017 മാർച്ച് 28-ന് സംസ്ഥാന റവന്യൂ, കൃഷി വകുപ്പുമന്ത്രിമാർ സംയുക്തമായി കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് വരൾച്ച മെമ്മോറാണ്ടം സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം ഏപ്രിൽ 19 മുതൽ 21 തീയതി വരെ കേരളം സന്ദർശിച്ച് വരൾച്ച സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. കൃഷി നാശത്തിന് ആനുപാതികമായി കേന്ദ്ര സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## പെസ്റ്റിസൈഡ്സ് റെസിഡ്യൂടെസ്റ്റിംഗ് ലാബുകൾ, അനലറ്റിക്കൽ ലാബുകൾ എന്നിവയുടെ പ്രവർത്തന ഏകോപനം

79 (2636) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. നൗഷാദ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനികളുടെ അളവ് പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് എവിടെയെല്ലാം പെസ്റ്റിസൈഡ്സ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റെസിഡ്യൂ ടെസ്റ്റിംഗ് ലാബുകൾ സജ്ജമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ലാബുകളുടെ ശേഷി സംസ്ഥാനത്തിന്റെ ആവശ്യത്തിന നുസൃതമായി വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(സി) കാർഷികസർവ്വകലാശാലയുടെയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെയും അനലറ്റിക്കൽ ലാബുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് മുഖേന ഇത്തരം പരിശോധനകൾ കൂടുതൽ ഫലപ്രദമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരത്തിലുള്ള സംയുക്ത സംരംഭത്തിനായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ് (തിരുവനന്തപുരം), കുമരകം നെല്ല് ഗവേഷണ കേന്ദ്രം (കോട്ടയം), വെള്ളാനിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നിവിടങ്ങളിൽ കീടനാശിനി അവശിഷ്ട പരിശോധനാ ലാബ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലും ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഭക്ഷ്യവസ്തുക്കളിലെയും പച്ചക്കറികളിലെയും അവശിഷ്ട വിഷാംശ പരിശോധനയ്ക്കായി സംസ്ഥാനമാകെ ഉൾക്കൊള്ളുന്ന വിധത്തിൽ പുതുതായി മധ്യകേരളത്തിലും ഉത്തര കേരളത്തിലും ലാബുകൾ ആരംഭിച്ചു. ആയത് വിപുലീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. ഇത്തരത്തിലുള്ള സംയുക്ത സംരംഭത്തിനായി നടപടി സ്വീകരിച്ചുവരുന്നു.

**പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത**

80 (2637) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പച്ചക്കറി കർഷകർക്ക് ഇൻസന്റീവ് നല്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാനത്തിന് സാധിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ, പച്ചക്കറികൃഷി ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണം നടത്തി, സംസ്ഥാനത്തെ ഭക്ഷ്യസ്വയംപര്യാപ്തതയിലേയ്ക്ക് നയിക്കുന്നതിന് പുതുതലമുറയെ പ്രാപ്തമാക്കുമോ?

<u>ഉത്തരം</u>

(എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2017-18-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുപ്രകാരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം.
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം.
3. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ.
4. ജില്ലാ ക്ലസ്റ്റർ വികസനം.
5. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം.
6. പുതിയ ബ്ലോക്ക് തല നഴ്സറികൾ സ്ഥാപിക്കൽ.
7. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും.
8. പച്ചക്കറി സംഭരണത്തിനുള്ള ശീതീകരണ അറകളുടെ പ്രോത്സാഹനം.
9. പച്ചക്കറി കൃഷിക്കുവേണ്ടി 'മിനി-പോളി ഹൗസു'കളുടെ പ്രോത്സാഹനം.
10. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ.
11. കൃഷിയിടങ്ങളിൽ 'ബയോ കൺട്രോൾ ഏജന്റ് ' നിർമ്മാണം.
12. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം.

13. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം.

14. സ്ഥാപനങ്ങൾവഴിയുള്ള പച്ചക്കറി കൃഷി.

15. 'സേഫ് ടു ഈറ്റ് ബ്രാൻഡിംഗ്' പദ്ധതി വഴി സഹായം.

16. മികച്ച കർഷകർക്ക് അവാർഡ് നൽകൽ.

17. ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം.

18. മഴമറ നിർമ്മാണം.

19. മികച്ച 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് അധിക സഹായം.

(ബി) നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഇക്കോ ഷോപ്പുകൾ വഴി വിൽക്കുമ്പോൾ കിലോഗ്രാമിന് 5 രൂപ ഇൻസെന്റീവ് നൽകിവരുന്നുണ്ട്. ഇക്കഴിഞ്ഞ ഓണക്കാലത്ത് കാന്തല്ലൂർ, വട്ടവട പ്രദേശത്തെ കർഷകരിൽനിന്നും സർക്കാർ ഏജൻസികൾ സംഭരിച്ച പച്ചക്കറിക്ക് ആനുപാതികമായി ഇൻസെന്റീവ് നൽകിയിട്ടുണ്ട്.

(സി) സർക്കാർ പച്ചക്കറി വികസനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ബൃഹത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അഞ്ച് വർഷംകൊണ്ട് 50000 ഹെക്ടർ സ്ഥലത്തേയ്ക്കുകൂടി ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുക വഴി 2021 വർഷത്തോടുകൂടി കേരളത്തിൽ ഉല്പാദിപ്പിക്കാൻ കഴിയുന്ന ഇനങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2017-18-ൽ കൃഷി വകുപ്പ്, പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 85 കോടി രൂപയുടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഡി) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂളുകളിൽ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെ വീട്ടുവളപ്പിലും സ്കൂൾ വളപ്പിലും കൃഷി ചെയ്യുവാൻ സഹായം നൽകുന്നുണ്ട്. വിദ്യാർത്ഥികൾക്ക് ഇക്കാര്യത്തിൽ പ്രാവീണ്യം നൽകുന്നതിനായി കൃഷി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പരിശീലന ക്ലസ്റ്ററുകളും കൃഷി സംബന്ധമായ അറിവുകൾക്കായി കൈപ്പുസ്തകങ്ങളും നൽകുന്നുണ്ട്. കൂടാതെ പച്ചക്കറി കൃഷിയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സ്കൂളുകൾക്കും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ നൽകിവരുന്നു.

## വിദ്യാർത്ഥികളിൽ കാർഷിക അവബോധം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

81 (2638) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികളിൽ കാർഷിക അവബോധം വർദ്ധിപ്പിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം സ്ഥാപിക്കുന്നതിന് കൃഷിച്ചെലവ്, പരിശീലനം, ഡോക്യുമെന്റേഷൻ എന്നിവയ്ക്കായി 5,000 രൂപ ധനസഹായം നൽകി, കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് ഒരു അദ്ധ്യാപകൻ/അദ്ധ്യാപികയുടെ മേൽനോട്ടത്തിൽ വിദ്യാർത്ഥികളുടെ ക്ലബ്ബ് രൂപീകരിച്ച് പച്ചക്കറി കൃഷി ചെയ്തുവരുന്നു.

പദ്ധതി നിർവ്വഹണത്തിലെ മികവിന്റെ അടിസ്ഥാനത്തിൽ ഏറ്റവും നല്ല വിദ്യാർത്ഥി, അദ്ധ്യാപകൻ/അദ്ധ്യാപിക, വിദ്യാലയത്തിന്റെ തലവൻ, വിദ്യാലയം എന്നീ വിഭാഗങ്ങളിൽ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ക്യാഷ് അവാർഡ് നൽകിവരുന്നു.

പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായിത്തന്നെ വിദ്യാർത്ഥികൾക്ക് അവരുടെ വീട്ടിൽ ലഭ്യമായ സ്ഥലത്ത് കൃഷി നടത്തുന്നതിനായി സൗജന്യമായി പച്ചക്കറി വിത്ത് കിറ്റ് നൽകിവരുന്നു. കൂടാതെ പാഠ്യപദ്ധതിയിൽ 'കൃഷി' കൂടി ഉൾപ്പെടുത്തുന്നതിന് ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

2016 ചിങ്ങം 1 മുതൽ 2017 ചിങ്ങം 1 വരെ സർക്കാർ പ്രഖ്യാപിച്ച "നെൽവർഷ"ത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് നെൽകൃഷിയിൽ പ്രായോഗിക പരിജ്ഞാനം നൽകുന്നതിനായി സാധ്യമായ എല്ലാ സ്കൂളുകളിലും വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്.

## കാർഷികോല്പന്നങ്ങളുടെ വിപണന സംവിധാനം ശക്തിപ്പെടുത്തി വിലസ്ഥിരത ഉറപ്പാക്കാൻ നടപടി

82 (2639) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്നങ്ങളുടെ വിപണന സംവിധാനം ശക്തിപ്പെടുത്തി വിലസ്ഥിരത ഉറപ്പാക്കാൻ എന്തെങ്കിലും പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ;

(ബി) എളുപ്പം കേടാവുന്ന പച്ചക്കറികളും മറ്റുല്പന്നങ്ങളും ശേഖരിച്ചുവയ്ക്കാനായി ശീതീകരണ സൗകര്യത്തോടുകൂടിയ സംഭരണ സംവിധാനങ്ങൾ ഏർപ്പെടുത്താനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ജൈവ കാർഷികോല്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകി ഇക്കോ ഷോപ്പുകളിലൂടെ വിൽക്കാനുള്ള പദ്ധതി സംസ്ഥാനത്താകെ വിപുലമായ തോതിൽ നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; പദ്ധതിയുടെ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) കാർഷികോല്പന്നങ്ങളുടെ വിപണന സംവിധാനം ശക്തിപ്പെടുത്തി വിലസ്ഥിരത ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിച്ചുവരുന്നു. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില, കേരളത്തിലെ ഉല്പാദന ചെലവിനെക്കാൾ കുറവായതിനാൽ കിലോയ്ക്ക് 22.50 എന്ന ഉയർന്ന വിലയ്ക്കാണ് സംസ്ഥാന സർക്കാർ നെല്ല് സംഭരിക്കുന്നത്. കൃഷിഭവനുകൾ മുഖേന കർഷകരിൽനിന്നും കിലോയ്ക്ക് 25 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നു. സഹകരണ സംഘങ്ങളെയും കോക്കനട്ട് പ്രൊഡ്യൂസിംഗ് കമ്പനികളെയും ഉൾപ്പെടുത്തി ഈ പദ്ധതി വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം റബ്ബറിന് വിലസ്ഥിരത ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കർഷകന്റെ അക്കൗണ്ടിലേയ്ക്ക് നൽകുന്നു. കൃഷി വകുപ്പിന്റെ മൊത്ത വ്യാപാര വിപണികൾ, ജില്ലാ സംഭരണ കേന്ദ്രങ്ങൾ എന്നിവ മുഖേന പച്ചക്കറി കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി ഉല്പന്നങ്ങൾ നേരിട്ട് ലേലം ചെയ്ത് വിൽക്കാനുള്ള സൗകര്യം ലഭ്യമാണ്. ഉല്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി ഹോർട്ടികോർപ്പ് മുഖേന സംഭരിച്ച് വിൽപ്പന നടത്തിവരുന്നു. കർഷകരിൽ നിന്നുള്ള പച്ചക്കറി ഉല്പന്നങ്ങൾ വി.എഫ്.പി.സി.കെ. മുഖേന സംസ്ഥാനത്തുടനീളമുള്ള 277 സ്വാശ്രയ കർഷക സമിതികളിലെത്തിച്ച് ലേലം ചെയ്ത് വിപണനം നടത്താൻ സഹായിക്കുന്നു. ഇക്കഴിഞ്ഞ ഓണക്കാലത്തും വിഷുവിനും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽനിന്നും 30 ശതമാനം അധിക വില നൽകി സംഭരിച്ച പഴം പച്ചക്കറികൾ പ്രത്യേകം സംഘടിപ്പിച്ച വിപണികളിലൂടെ ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ തുക കൃഷി വകുപ്പിന്റെ വില സ്ഥിരതയ്ക്കുവേണ്ടി "വിപണി ഇടപെടൽ" പദ്ധതി പ്രകാരമാണ് ചെലവഴിച്ചിട്ടുള്ളത്.

(ബി) കൃഷി വകുപ്പിന്റെ ആറ് മൊത്ത വ്യാപാര വിപണികളിലും ശീതീകരണ സൗകര്യത്തോടുകൂടിയുള്ള സംഭരണ കേന്ദ്രങ്ങളുണ്ട്.

(സി) നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ക്ലസ്റ്ററുകളിൽ കൃഷി വകുപ്പിന്റെ മേൽനോട്ടത്തിലുള്ള കൃഷിക്ക് ഹെക്ടറൊന്നിന് 3,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. സംസ്ഥാനത്തെ 407 ക്ലസ്റ്ററുകളിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് ജി. എ. പി. സർട്ടിഫിക്കേഷൻ നൽകി "കേരള ഓർഗാനിക് " എന്ന ലേബലിൽ വിപണം നടത്തിവരുന്നു.

കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിന് 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000 രൂപ വീതവും മണ്ണിരക്കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 7,500 രൂപ വീതവും ധനസഹായം നൽകി. ജൈവപച്ചക്കറി വിപണനം നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 66 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു. ജൈവ കൃഷി നടത്തുന്ന കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി റെസിഡന്റ്സ് അസോസിയേഷൻ മുഖേന ഉപഭോക്താക്കൾക്ക് വിൽപ്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകി. ഇക്കോ ഷോപ്പുകൾ മുഖേന 'കേരള ഓർഗാനിക് ' ഉല്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകന് ഇൻസെന്റീവും നൽകിയിട്ടുണ്ട്.

## ഹോർട്ടികോർപ്പിലെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുവാൻ നടപടി

83 (2640) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിലെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള താല്ക്കാലിക ജീവനക്കാരെ പിരിച്ചുവിടുവാനും കരാർ ജീവനക്കാരുടെ കരാർ റദ്ദാക്കാനും ഉദ്ദേശിക്കുന്നുണ്ടോ;

(സി) മുൻ സർക്കാരിന്റെകാലത്ത് സ്ഥിരപ്പെടുത്തിയ ദീർഘകാല സേവനമുള്ള ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ ഉത്തരവ് റദ്ദ് ചെയ്യുവാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഹോർട്ടികോർപ്പിൽ ആവശ്യത്തിലധികം ജീവനക്കാരാണ് ജോലി ചെയ്തുവരുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരിൽ മഹാ ഭൂരിപക്ഷവും കരാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലുമാണ് ജോലി ചെയ്തുവരുന്നത്. ജീവനക്കാരുടെ ആധിക്യംമൂലം വൻ സാമ്പത്തിക ബാധ്യതയാണ് കോർപ്പറേഷന് വരുന്നത്. ആയതിനാൽ അധികമായും അനാവശ്യവുമായ നിയമനം നേടിയിട്ടുള്ള കരാർ-ദിവസ വേതന ജീവനക്കാരെ പിരിച്ചുവിടുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ഹോർട്ടികോർപ്പ് ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചതിൽ നിന്നും ടി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് ബഹു. സുപ്രീം കോടതിയുടെ സ്റ്റേറ്റ് ഓഫ് കർണാടക Vs ഉമാദേവി കേസിലെ വിധിയുടെ ലംഘനമാകുമെന്നതിനാൽ പ്രസ്തുത പ്രൊപ്പോസൽ നിരസിക്കുകയാണുണ്ടായത്.

**കാർഷികോല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ശീതീകരണികൾ**

84 (2641) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്ന കാർഷികോത്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കർഷകരെ സഹായിക്കുന്നതിനായി ശീതീകരണികൾ ഒരുക്കുന്നതിനെക്കുറിച്ച് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തി നൽകുന്നത് കർഷകർക്ക് വളരെ പ്രയോജനപ്രദമാകുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉത്പാദിപ്പിക്കപ്പെടുന്ന കാർഷികോത്പന്നങ്ങൾ യഥാസമയം വിറ്റഴിക്കാൻ കഴിയാത്ത കർഷകരെ സഹായിക്കാൻ കഴിയുന്ന തരത്തിൽ എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനും ഹോർട്ടികോർപ്പും ശീതീകരണികൾ ഒരുക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ട്.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ അപേഡയുടെ ധനസഹായത്തോടെ വയനാട് ജില്ലയിൽ നിർമ്മാണം പൂർത്തിയായ പായ്ക്ക് ഹൗസിനോടനുബന്ധിച്ച് 20 ടൺ സംഭരണ ശേഷിയുള്ള കോൾഡ് സ്റ്റോറേജ് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിൽ ഒരു പായ്ക്ക് ഹൗസിന്റെ

നിർമ്മാണം പൂർത്തിയായി വരുന്നു. 2016-17 സാമ്പത്തിക വർഷം അപേഡയുടെ ധനസഹായത്തോടെ പാലക്കാട്, കൊല്ലം, കോഴിക്കോട് ജില്ലകളിൽ മൂന്ന് പായ്ക്ക് ഹൗസുകൾ കൂടി നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പായ്ക്ക് ഹൗസുകളിലെല്ലാം 20 ടൺ സംഭരണ ശേഷിയുള്ള ശീതീകരണ സംഭരണിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

കൃഷി വകുപ്പിന്റെ ഉടമസ്ഥതയിൽ ആനയറ, മരട്, വേങ്ങേരി, മൂവാറ്റുപുഴ, നെടുമങ്ങാട്, സുൽത്താൻബത്തേരി എന്നീ മൊത്തവ്യാപാര മാർക്കറ്റുകളിൽ ശീതീകരണികൾ ലഭ്യമാണ്. കൂടാതെ ഒരു ശീതീകരണി ശൃംഖല സ്ഥാപിക്കുന്നതിനെപ്പറ്റി പഠനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മേല്പറഞ്ഞ നടപടികളെല്ലാംതന്നെ കർഷകർക്ക് പ്രയോജനപ്രദമാണ്.

(സി) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് കീഴിൽ കേരളത്തിലുടനീളം 56 വെയർഹൗസുകളിലായി ഏകദേശം 2.25 ലക്ഷം മെട്രിക് ടൺ കപ്പാസിറ്റിയുള്ള ഗോഡൗണുകളുണ്ട്. വിളവെടുപ്പ് കാലത്ത് ഉത്പന്നങ്ങൾക്കുണ്ടാകുന്ന വിലയിടിവ് തടയുന്നതിന് അവ ശാസ്ത്രീയമായി സൂക്ഷിക്കുകയും ഉത്പന്നങ്ങൾക്ക് വില വർദ്ധിക്കുന്ന അവസരത്തിൽ കർഷകർക്ക് അത് വിൽക്കുന്നതിനും വെയർഹൗസിംഗ് കോർപ്പറേഷൻ അവസരമൊരുക്കുന്നു. കൂടാതെ കാർഷികോത്പന്നങ്ങളുടെ മേൽ നൽകുന്ന വെയർഹൗസ് രസീതിന്മേൽ ബാങ്കുകളിൽ നിന്നും കാർഷിക വായ്പയെടുക്കുന്നതിനുള്ള സൗകര്യവും നൽകിവരുന്നു.

ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ വിളവെടുപ്പിനായി തയ്യാറായിട്ടുള്ള പച്ചക്കറികൾ സംസ്ഥാനത്ത് എവിടെയുണ്ടെന്ന് വിവരം ലഭിക്കുന്നമുറയ്ക്ക് അവിടെ നിന്നും കർഷകർക്ക് ന്യായവില നൽകി സംഭരിച്ച് ഹരിത വില്പന യൂണിറ്റുകളിലൂടെ വിപണം നടത്തിവരുന്നു. അധിക ഉല്പാദനം കാരണം ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത ഉല്പന്നങ്ങൾ സംഭരിച്ച് വില കുറച്ച് സൗജന്യമായി ഉപഭോക്താവിന് വിതരണം ചെയ്യുന്നു.

കൃഷി വകുപ്പിന്റെ കീഴിലുള്ള ആറ് മൊത്തവ്യാപാര വിപണികളിലും കാളിയൻചന്ത (കൊല്ലം), കുറുപ്പന്തറ (കോട്ടയം), പാവറട്ടി (തൃശ്ശൂർ), ആലപ്പുഴ, തൊടുപുഴ എന്നിവിടങ്ങളിലെ ജില്ലാ സംഭരണ കേന്ദ്രങ്ങളിൽക്കൂടിയും രജിസ്റ്റർ ചെയ്ത കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള ബി.എൽ.എഫ്.ഒ. ക്ലസ്റ്ററുകളിൽ കൂടിയും ഇക്കോ ഷോപ്പുകളിൽ കൂടിയും കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ സാധിക്കുന്നു. വി.എഫ്.പി.സി.കെ. മുഖേനയും കർഷകരുടെ ഉല്പന്നങ്ങൾ സംഭരിച്ച് വിപണം നടത്തുന്നു. കേരഫെഡ് വഴി പച്ചത്തേങ്ങയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തരം നെല്ലും സംഭരിക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. സ്വാഭാവിക റബ്ബറിന് വില 150 രൂപയിൽ താഴെയാകുന്ന സാഹചര്യത്തിൽ കിലോയ്ക്ക് 150 രൂപ നിരക്കിൽ വില ഉറപ്പാക്കി വിലസ്ഥിരതാ ഫണ്ട് കേരള സർക്കാർ നൽകിവരുന്നു.

**കാർഷികോല്പന്നങ്ങൾ സംഭരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

85 (2642) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകരിൽനിന്നും കാർഷികോൽപ്പന്നങ്ങൾ കൃഷി വകുപ്പും ബന്ധപ്പെട്ട ഏജൻസികളും സ്ഥാപനങ്ങളും നേരിട്ട് സംഭരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിലും കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിലും കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഉല്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു.

ഉത്സവ സീസണുകളിലും അല്ലാത്ത ദിവസങ്ങളിലും ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി സംഭരിക്കുകയും ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പനശാലകൾ വഴി വില്പന നടത്തുകയും ചെയ്തുവരുന്നു.

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 277 സ്വാശ്രയ കർഷക സമിതികൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്ത് ഇക്കഴിഞ്ഞ ഓണം, വിഷു സീസണുകളിൽ കൃഷി വകുപ്പ് അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ കർഷകരിൽ നിന്നും നേരിട്ട് പഴം, പച്ചക്കറി ഉല്പന്നങ്ങൾ ന്യായവില നൽകി സംഭരിച്ച് സംസ്ഥാനത്തുടനീളം ആരംഭിച്ച വിപണികളിലൂടെ സബ്സിഡി നിരക്കിൽ ഉപഭോക്താക്കൾക്ക് വില്പന നടത്തിയിട്ടുണ്ട്.

കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷി ഭവനുകളും കേരഫെഡും സംയുക്തമായിട്ടാണ് നാളികേര സംഭരണം നടത്തിവന്നിരുന്നത്. എന്നാൽ ഇപ്പോൾ കേരഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളെയും നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉല്പാദക കമ്പനികളെയും കൂടി ഉൾപ്പെടുത്തി നാളികേര സംഭരണം വിപുലീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് സംഭരിച്ചുവരുന്നത്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം ആവിഷ്കരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിയുടെ ഭാഗമാണ് നെല്ല് സംഭരണ സംസ്കരണ വിതരണ പദ്ധതി.

## 2006-2011 കാലയളവിലെ വിവിധ കാർഷിക വികസന പദ്ധതികൾ

86 (2643) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലയളവിൽ നെൽകൃഷി വികസനം, നാളികേര വികസനം, ഹൈടെക് കൃഷി, കുട്ടനാട്-ഇടുക്കി പാക്കേജുകൾ, വിള ഇൻഷ്വറൻസ്, കാർഷികാവശ്യത്തിന് സൗജന്യ വൈദ്യുതി, കർഷക പെൻഷൻ, നിറവ്-വയനാട് പാക്കേജ്, വിള ആരോഗ്യപരിപാലനം, കൂടുതൽ പേരെ കർഷക പെൻഷൻ പദ്ധതിയിലുൾപ്പെടുത്തൽ എന്നീ പദ്ധതികൾക്കായി എത്ര തുക ചെലവാക്കി; പ്രസ്തുത കാലയളവിൽ ഓരോ പദ്ധതിയുടെയും നടത്തിപ്പിലെ നേട്ടങ്ങളും കോട്ടങ്ങളും എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ 2011-12 മുതൽ 2015-16 വരെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ 2016-17 കാലയളവിലെ നേട്ടങ്ങളും തുടർനടപടികളും എന്തെല്ലാം ; മറ്റു പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അവ എന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2006-2011 കാലയളവിൽ നെൽകൃഷി വികസനത്തിനായി 40414.65 ലക്ഷം രൂപയും നാളികേര വികസനത്തിനായി 9567.68204 ലക്ഷം രൂപയും കുട്ടനാട്, ഇടുക്കി പാക്കേജുകൾക്കായി 2749.23 ലക്ഷം രൂപയും വിള ഇൻഷ്വറൻസ് പദ്ധതിക്കായി 196.55 ലക്ഷം രൂപയും കാർഷിക ആവശ്യത്തിന് സൗജന്യ വൈദ്യുതി പദ്ധതിക്കായി 12505.99 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

16-8-2011-ലെ സർക്കാർ ഉത്തരവ് നമ്പർ 197/2011/കൃഷി പ്രകാരം ഒരു ഹെക്ടറോ അതിന് താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസത്തിൽ 300 രൂപ പെൻഷൻ അനുവദിച്ച് ഉത്തരവായി.

ഹൈടെക് കൃഷി, നിറവ്, വയനാട് പാക്കേജ്, വിള ആരോഗ്യ പരിപാലനം എന്നീ പദ്ധതികൾ 2006-2011 കാലയളവിൽ നിലവിലുണ്ടായിരുന്നില്ല.

മേൽപ്പറഞ്ഞ പദ്ധതികളുടെ നേട്ടങ്ങളും കോട്ടങ്ങളും അടങ്ങിയ വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2011-2016 കാലയളവിൽ നെൽകൃഷി വികസനത്തിനായി 52860.8 ലക്ഷം രൂപയും നാളികേര വികസനത്തിനായി 22763.95148 ലക്ഷം രൂപയും ഹൈടെക് കൃഷിക്കായി 3070.9196 ലക്ഷം രൂപയും വിള ഇൻഷ്വറൻസ് പദ്ധതിക്കായി 3990.27424 ലക്ഷം രൂപയും കാർഷിക ആവശ്യത്തിന് സൗജന്യ വൈദ്യുതി പദ്ധതിക്കായി 16915.21306 ലക്ഷം രൂപയും കർഷക പെൻഷൻ പദ്ധതിയ്ക്കായി 32738 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

2011-12 വർഷത്തിൽ നിറവ് പദ്ധതി ആവിഷ്കരിച്ചിട്ടില്ലായിരുന്നു. 2012-13 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട നിയോജകമണ്ഡലങ്ങളിലെ പ്രോജക്ടുകൾ ആർ.കെ.വി.വൈ. പദ്ധതിയിൽ അംഗീകരിച്ച് ടി പദ്ധതിക്കായി 637.12 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2014-15 വർഷത്തിൽ നിറവ് പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ തെരഞ്ഞെടുക്കപ്പെട്ട നിയോജകമണ്ഡലങ്ങളിൽ സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും പ്രാധാന്യം നൽകി നടപ്പിലാക്കി. 2015-16-ൽ പദ്ധതി നിലവിലുണ്ടായിരുന്നില്ല.

വയനാട് പാക്കേജ് പദ്ധതി 2012-13 സാമ്പത്തിക വർഷമാണ് ആരംഭിച്ചത്. 2012-13 മുതൽ 2015-16 വരെയുള്ള കാലയളവിൽ 60.53 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതി 2013-14 വർഷത്തിലാണ് ആരംഭിച്ചത്. 2013-14 മുതൽ 2015-16 വരെ 2796.35283 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികളുടെ വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(സി) 2016-17 കാലയളവിൽ നെൽകൃഷി വികസനത്തിനായി 9132.66181 ലക്ഷം രൂപയും നാളികേര വികസനത്തിനായി 3803.7726 ലക്ഷം രൂപയും ഹൈടെക് കൃഷി പദ്ധതിക്കായി 114.10 ലക്ഷം രൂപയും കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയിൽ 3496.32 ലക്ഷം രൂപയും വിള ആരോഗ്യ പരിപാലന പദ്ധതിക്കായി 1201.18703 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

2016-17 കാലയളവിൽ കുട്ടനാട്, ഇടുക്കി പാക്കേജുകൾ, നിറവ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നഷ്ടപരിഹാരത്തോത് വർദ്ധിപ്പിച്ച് പുനരാവിഷ്കരിച്ച് വിള ഇൻഷ്വറൻസ് പദ്ധതിയായി നടപ്പിലാക്കിവരുന്നു.

26-9-2016-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 133/16/കൃഷി ഉത്തരവ് പ്രകാരം ചെറുകിട നാമമാത്ര കർഷകർക്കുള്ള പ്രതിമാസ പെൻഷൻ തുക 600 രൂപയിൽ നിന്നും 1,000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

മേൽ പരാമർശിച്ച പദ്ധതികളുടെ നേട്ടങ്ങളും തുടർനടപടികളും സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## 2011-12 മുതൽ 2016-17 വരെ കാർഷിക വിളകളുടെ ഉല്പാദനവും ഇറക്കുമതിയും

87 (2644) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ ആവശ്യത്തിനായുള്ള പച്ചക്കറി ഉൾപ്പെടെയുള്ള കാർഷിക വിളകൾ എത്ര; ഇവ ഓരോന്നിന്റേയും ആഭ്യന്തര ഉല്പാദനം എത്ര; മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതി എത്ര; ഏതെല്ലാം സംസ്ഥാനങ്ങളെ ആശ്രയിച്ചാണ് ഇവയുടെ ഇറക്കുമതി ; എന്നിവ വ്യക്തമാക്കുമോ;

(ബി) ഇത് 2016-17 കാലഘട്ടത്തിൽ എത്രയെന്നും കാർഷിക വിളകളുടെ ഇറക്കുമതിക്കായി ഏതെല്ലാം സംസ്ഥാനങ്ങളെ ആശ്രയിച്ചിരുന്നു എന്നും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുമ്പോൾ കച്ചവടലോബിയുടെ കടന്നുകയറ്റംമൂലം വില വർദ്ധനവുണ്ടാകുന്നതും വിഷലിപ്തമായ പച്ചക്കറികൾ ഇറക്കുമതി ചെയ്യേണ്ടുന്ന അവസ്ഥയുണ്ടാകുന്നതും സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തിനാവശ്യമായ പഴവർഗ്ഗങ്ങളുടെ ദൈനംദിന അളവ് എത്ര; ആഭ്യന്തര ഉല്പാദനം എത്ര; മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നതിന്റെ തോത് എത്ര ; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) അന്തർ സംസ്ഥാന കാർഷികോത്പന്ന വിപണനത്തിന് ക്വാസി ഫെഡറൽ സംവിധാനത്തിൽ നിയന്ത്രണങ്ങളൊന്നും നിലവിലില്ലാത്തതിനാൽ ഇത് സംബന്ധിച്ച കണക്കുകളൊന്നും ലഭ്യമല്ല. പ്രധാനമായും തമിഴ്നാട്, കർണ്ണാടക, ആന്ധ്ര സംസ്ഥാനങ്ങളിൽ നിന്നുമാണ് ഉല്പന്നങ്ങൾ സംസ്ഥാനത്ത് വിപണനം ചെയ്യുന്നത്. മറ്റ് വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി പല കാർഷിക ഉൽപ്പന്നങ്ങൾക്കുമായി മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതായി വരും. എന്നാൽ പഴം പച്ചക്കറികളിലെ മാലിന്യം സംബന്ധിച്ച് സാമ്പിളുകൾ പരിശോധിച്ച് വിഷാംശത്തിന്റെ തോത് നിർണ്ണയിക്കുകയും യഥാസമയം ജനങ്ങളെ മാധ്യമങ്ങൾ വഴി ബോധ്യപ്പെടുത്തി വിഷരഹിത പച്ചക്കറി ഉൽപ്പാദനത്തിനും ഉപയോഗത്തിനുമായി ബോധവൽക്കരിച്ചു വരുന്നു.

(സി) ആഭ്യന്തര ഉല്പാദനം കൂടുതലുള്ള പഴവർഗ്ഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

മാറിയ സാഹചര്യത്തിലും അന്തർ സംസ്ഥാന വിപണനം സംബന്ധിച്ച് നിയന്ത്രണങ്ങളൊന്നും നിലവിലില്ലാത്തതിനാലും സംസ്ഥാനത്ത് വിപണനവും ഉപഭോഗവും ചെയ്യപ്പെടുന്ന മുഴുവൻ പഴവർഗ്ഗങ്ങൾ സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നേമം മണ്ഡലത്തിൽ പൊതു കുളങ്ങളുടെ ആഴം വർദ്ധിപ്പിക്കൽ നടപടി**

88 (2645) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുകുളങ്ങളുടെ ആഴം വർദ്ധിപ്പിച്ച് ജലസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി നേമം നിയോജകമണ്ഡലത്തിൽ മണ്ണ് സംരക്ഷണ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

പൊതുകുളങ്ങളുടെ ആഴം വർദ്ധിപ്പിച്ച് ജലസംരക്ഷണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി മണ്ണ് പര്യവേഷണവും മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നേമം നിയോജകമണ്ഡലത്തിൽ നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

**മണ്ണ് പര്യവേഷണ പ്രവർത്തനങ്ങളും സോയിൽ ഹെൽത്ത് കാർഡ് വിതരണവും**

89 (2646) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് പര്യവേക്ഷണവും സംരക്ഷണവും വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സോയിൽ മ്യൂസിയം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയമായ വിവരശേഖരണം നടത്തുകയും മണ്ണിന്റെ ഘടന, രാസ ഭൗതിക സ്വഭാവങ്ങൾ, കഴിവുകൾ, പരിമിതികൾ എന്നിവ കൃത്യമായി അപഗ്രഥിച്ച് അതിന്റെയടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ സുസ്ഥിര വികസനത്തിനായുള്ള വികസന പദ്ധതികളും വിവിധ മണ്ണ് ജല സംരക്ഷണ പദ്ധതികളും ശാസ്ത്രീയമായി നടപ്പിലാക്കുകയെന്ന പ്രധാന ലക്ഷ്യത്തോടെയാണ് മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് പ്രവർത്തിക്കുന്നത്.

(ബി) മണ്ണ് പര്യവേഷണവും സംരക്ഷണവും വകുപ്പ്, കൃഷി വകുപ്പുമായി ചേർന്ന് 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലായി ആകെ 1.19 ലക്ഷം സോയിൽ ഹെൽത്ത് കാർഡുകൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴവൻ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(സി) വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് സോയിൽ മ്യൂസിയം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി 2015-16-ൽ 23 ലക്ഷം രൂപയും 2016-17-ൽ 17.29 ലക്ഷം രൂപയും ചെലവഴിച്ച് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. 18.66 ലക്ഷം രൂപ ചെലവിൽ അധികമായി പ്രദർശന വസ്തുക്കൾ ഒരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി**

90 (2647) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏക കാർഷിക എഞ്ചിനീയറിംഗ് കോളേജായ തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിൽ നിലവിലുള്ള കോഴ്സുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജിലെ ബി.ടെക്. ഫുഡ് എഞ്ചിനീയറിംഗ് കോഴ്സിന് പി.എസ്.സി. അംഗീകാരം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പി.എസ്.സി. അംഗീകാരം ലഭിക്കാത്തതിനാൽ പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾക്ക് നിയമന സാധ്യത ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; പി.എസ്.സി. അംഗീകാരത്തിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഈ കോഴ്സിന്റെ പേര് ഫുഡ് എഞ്ചിനീയറിംഗ് & ടെക്നോളജി എന്ന് മാറ്റുന്നതിലൂടെ ബി.ടെക്. ഫുഡ് എഞ്ചിനീയറിംഗ് കോഴ്സ് പാസ്സായവർക്ക് അവസരങ്ങൾ നഷ്ടമാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഈ കോഴ്സിന്റെ ഫീസ് ഏകീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ബി.ടെക്. (അഗ്രി. എഞ്ചിനീയറിംഗ്)

ബി. ടെക്. (ഫുഡ് എഞ്ചിനീയറിംഗ് & ടെക്നോളജി)

എം.ടെക്. (അഗ്രി. എഞ്ചിനീയറിംഗ്)

പി.എച്ച്.ഡി. (അഗ്രി. എഞ്ചിനീയറിംഗ്)

(ബി&സി) ബി.ടെക്. ഫുഡ് എഞ്ചിനീയറിംഗ് അടക്കമുള്ള ബിരുദങ്ങൾ സർക്കാരിലെ വിവിധ തസ്തികകൾക്കാവശ്യമായ അടിസ്ഥാന യോഗ്യതയായി അംഗീകരിക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് കേരള കാർഷിക സർവ്വകലാശാല ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ബി. ടെക് (ഫുഡ് എഞ്ചിനീയറിംഗ് & ടെക്നോളജി) കോസ്റ്റ് ഷെയറിംഗ് കോഴ്സ് ആണ്. ആയതുകൊണ്ട് ഫീസ് ഏകീകരണം സംബന്ധിച്ച നടപടികളൊന്നും നടത്തിയിട്ടില്ല.

**കാർഷിക സർവ്വകലാശാലയിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ നിയമനം**

91 (2648) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ നിയമന നടപടികൾ ഏത് ഘട്ടത്തിലാണ്; നിയമനങ്ങൾ നടക്കാത്തത് സർവകലാശാലയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമന നടപടികൾ വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കാർഷിക സർവ്വകലാശാലയിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടേതുൾപ്പെടെ അനദ്ധ്യാപക തസ്തികകളിലെ നിയമനത്തിനായി ടി തസ്തികകളിലെ ഒഴിവുകൾ കേരള കാർഷിക സർവ്വകലാശാല പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്.

**സിന്തറ്റിക് ലോംഗ് ജമ്പ് റൺവേ**

92 (T2649) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിൽ സിന്തറ്റിക് ലോംഗ് ജമ്പ് റൺവേ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് എപ്പോൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി എന്തെങ്കിലും തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ&ബി) തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിലെ നിർമ്മാണ പ്രവൃത്തി നടത്തുന്നത് കേരള സ്പോർട്ട്സ് യൂത്ത് അഫയേഴ്സ് ഡിപ്പാർട്ട്മെന്റാണ്. പ്രസ്തുത വകുപ്പും ഊരാളുങ്കൽ സൊസൈറ്റിയും തമ്മിലാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത്. ടി പ്രവൃത്തി നടത്തുന്നതിനായി ബന്ധപ്പെട്ട സ്റ്റേഡിയം കൈമാറണമെന്ന നിർദ്ദേശം മാത്രമാണ് തലശ്ശേരി നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ളത്.

**നഗരസഭകളിലെ മാലിന്യ നിർമ്മാർജ്ജനം**

93 (2650) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ ബഡ്ജറ്റിൽ മാലിന്യനിർമ്മാർജ്ജനത്തിന് കൂടുതൽ പ്രാധാന്യം നൽകുവാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്കരിക്കുവാൻ പ്രയാസമുള്ള പ്ലാസ്റ്റിക്, ഇ-വേസ്റ്റ് എന്നിവയുടെ സംസ്കരണത്തിന് ഈ സാമ്പത്തികവർഷം എല്ലാ നഗരസഭകൾക്കും കൂടുതൽ തുക വിനിയോഗിക്കുവാനുള്ള അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 3-4-2017-ലെ സ.ഉ.(കൈ) നമ്പർ 79/2017/തസ്വഭവ. പ്രകാരം നഗരസഭകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ ഏറ്റവും കുറഞ്ഞത് 15 ശതമാനമെങ്കിലും മാലിന്യ സംസ്കരണ പദ്ധതികൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ട് വകയിരുത്തണമെന്ന് ഉത്തരവായിട്ടുണ്ട്.

(ബി) മാലിന്യ സംസ്കരണത്തിനായുള്ള നിർബന്ധിത വകയിരുത്തലിൽ നിന്നും ആവശ്യാനുസരണം തുക വിനിയോഗിക്കുവാൻ നഗരസഭകൾക്ക് കഴിയും.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി**

94 (2651) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ റോഡുകൾ നവീകരിക്കുന്നതിനായി എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ നിന്നും തുക അനുവദിച്ച് ഭരണാനുമതി നൽകുന്നതിനായി നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ കാലിക സ്ഥിതി വിശദമാക്കാമോ;

(ബി) താഴെ പറഞ്ഞിരിക്കുന്ന ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് പറയാമോ; (I) കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ കൊല്യാനി വാക്കടപ്പുറം റോഡ് - (DA1/12/2017/LSGD) (II) ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിലെ നെല്ലിക്കുറുശ്ശി ഹൈസ്കൂൾ റോഡ് (DA1-12/2017/LSGD) (III) കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ ചാഴിയോട് പാനാംകുന്ന് റോഡ് (DA1-12/2017/LSGD) (IV) അമ്പലപ്പാറ ഗ്രാമപഞ്ചായത്തിലെ മനക്കൽപ്പടി ചാത്തൻകണ്ട കാവ് റോഡ് (DA1-12/2017/LSGD) (V) അമ്പലപ്പാറ ഗ്രാമപഞ്ചായത്തിലെ ആവക്കോട് അപ്പക്കാട് റോഡ് (DA1/12/2017/LSGD) (VI) ലക്കിടി ഗ്രാമപഞ്ചായത്തിലെ നിരീട്ടിൽ റോഡ് (DA1/12/2017/LSGD)?

<u>ഉത്തരം</u>

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തിൽ മണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.*

**സാങ്കേതിക വിഭാഗത്തിൽ കൂടുതൽ ഉദ്യോഗസ്ഥരുടെ സേവനം**

95 (2652) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ എഞ്ചിനീയർമാർ അടക്കമുള്ള സാങ്കേതിക വിഭാഗത്തിലെ കൂടുതൽ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ആസ്തി വികസന ഫണ്ടുപയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ട തദ്ദേശസ്വയംഭരണ വകുപ്പിൽ യഥാസമയം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മേൽ നടപടികൾ സ്വീകരിച്ച് ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുന്നതിലും വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലതാമസം ഒഴിവാക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിഷ്കാരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

**പഞ്ചായത്ത് വകുപ്പിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായുള്ള സ്ഥലംമാറ്റം**

96 (2653) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള ഉത്തരവിറങ്ങിയിട്ടും മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പഞ്ചായത്ത് വകുപ്പിൽ വ്യാപകമായി സ്ഥലംമാറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 4-3-2017-ന് ശേഷം മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നടന്ന സ്ഥലംമാറ്റ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) 25-2-2017-ലെ ജി. ഒ. (പി) നമ്പർ 3/2017-ന് വിരുദ്ധമായിട്ടാണോ പ്രസ്തുത സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2017-ലെ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ പഞ്ചായത്ത് വകുപ്പിൽ ക്ഷണിച്ചിട്ടുണ്ട്. 25-2-2017-ലെ ജി.ഒ.(പി)3/2017/ഉഭപവ. ഉത്തരവനുസരിച്ചാണ് പൊതു സ്ഥലംമാറ്റം നടത്തുന്നത്. അവധിയിൽ നിന്നും അന്യത്ര സേവനത്തിൽ നിന്നും തിരികെ വരുന്നവർക്കും നഗരസഭകളായി മാറിയ പഞ്ചായത്തുകളിൽ നഗരസഭാ ജീവനക്കാരെ നിയമിക്കുമ്പോൾ അവിടെ നിന്നും വിടുതൽ ചെയ്യുന്ന പഞ്ചായത്ത് ജീവനക്കാരെയും നിലവിലുള്ള ഒഴിവിൽ നിയമനം നൽകിയിട്ടുണ്ട്. ആയത് പൊതു സ്ഥലംമാറ്റ ഉത്തരവിൽ പുനഃപരിശോധിക്കുന്നതാണ്.

(ബി) 4-3-2017-ന് ശേഷം മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നടത്തിയ സ്ഥലംമാറ്റ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത സ്ഥലംമാറ്റങ്ങളെല്ലാംതന്നെ 25-2-2017-ലെ ജി.ഒ.(പി) നമ്പർ 3/2017/ഉഭപവ-യ്ക്ക് വിധേയമായി പുനഃപരിശോധിക്കുമെന്ന വ്യവസ്ഥ പ്രകാരമാണ് നടത്തിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റസിഡൻഷ്യൽ ബിൽഡിംഗുകൾ കൊമേഴ്സ്യലായി മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ

97 (2654) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ അധികാര പരിധിയിൽ വരുന്ന റെസിഡൻഷ്യൽ ബിൽഡിംഗുകൾ കോമേഴ്സ്യലായി ഇനം മാറ്റുന്നതിനുള്ള നിലവിലെ നടപടി ക്രമങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) ചെറുകിട തൊഴിൽ സംരംഭകർക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ഇളവുകൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് കെട്ടിടക്കരത്തിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള കെട്ടിടത്തിന്റെ ഒക്കുപ്പൻസി ഗ്രൂപ്പിൽ മാറ്റം വരുന്നവിധം മുറികളുടെ ഉപയോഗത്തിൽ മാറ്റംവരുത്തുന്നപക്ഷം ആയത് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 2(1)(എഫ്) പ്രകാരം ആൾട്ടറേഷൻ ആയി പരിഗണിക്കുന്നതും അത്തരം ഉപയോഗ മാറ്റത്തിന് കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7 പ്രകാരമുള്ള കെട്ടിട അനുമതിക്കുള്ള (പെർമിറ്റ്) അപേക്ഷ അപേക്ഷകൻ നഗരസഭാ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുമാണ്. ടി കെട്ടിടം പരിശോധിച്ച് ആയത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും ബാധകമായ മറ്റ് നിയമ വ്യവസ്ഥകൾക്കും അനുസൃതമാണെന്ന് ബോധ്യപ്പെടുന്നപക്ഷം നഗരസഭാ സെക്രട്ടറി കെട്ടിട അനുമതി നൽകേണ്ടതാണ്.

(ബി&സി) കെട്ടിടത്തിന്റെ ഉപയോഗ മാറ്റത്തിന് ചെറുകിട തൊഴിൽ സംരംഭകർക്കായി പ്രത്യേക ഇളവുകൾ നൽകിയിട്ടില്ല. എന്നാൽ 50 ചതുരശ്ര മീറ്റർ ഫ്ലോർ ഏരിയായിൽ അധികരിക്കാത്തവിധം ഗാർഹിക ഉപയോഗത്തിന്റെ ഭാഗം ചെറിയ പ്രൊഫഷണൽ ഓഫീസുകൾ / സ്പേസുകൾക്കായി (അഡ്വക്കേറ്റുമാർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, ആർക്കിടെക്ടുകൾ, ചാർട്ടേർഡ് അക്കൗണ്ടന്റ്സ്, ബ്യൂട്ടീഷ്യൻസ്, ടെയ്‌ലർമാർ, ഫോട്ടോഗ്രാഫർമാർ, വീഡിയോഗ്രാഫർമാർ, ടെലിഫോൺ ബൂത്ത് ഓപ്പറേറ്റർമാർ, കമ്പ്യൂട്ടർ പ്രൊഫഷണലുകൾ, ടൈപ്പിസ്റ്റുകൾ, ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ സർവ്വീസ് പ്രൊഫഷണലുകൾ എന്നിവരുടെ) ഉപയോഗിക്കുന്നപക്ഷം അവയെ ഗ്രൂപ്പ് A-I ഗാർഹിക ഒക്കുപ്പൻസിയിൽത്തന്നെ ഉൾപ്പെടുത്താൻ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 30 (3) (a)-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിന് നടപടി

98 (2655) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഏറ്റവും കൂടുതൽ അഴിമതി ആക്ഷേപമുള്ള കെട്ടിട നമ്പറും മറ്റ് അനുമതികളും നൽകുന്ന വിഭാഗത്തെ അഴിമതി മുക്തമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുജനങ്ങൾക്ക് ഓൺലൈനായി/മൊബൈൽ ആപ്ലിക്കേഷൻ വഴി ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഏതെങ്കിലും വിധത്തിലുള്ള അഴിമതിയെക്കുറിച്ചുള്ളതും മറ്റ് പരാതികളും സമർപ്പിക്കുവാൻ ഫോർ ദി പീപ്പിൾ എന്ന പേരിൽ ഒരു വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരായ പരാതി ഒരു പരിധിവരെ ഇല്ലാതാക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കഴിയും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന വിവിധ സേവനങ്ങൾ സമയബന്ധിതമായി നൽകുന്നത് സംബന്ധിച്ച് സേവനാവകാശ നിയമം നഗരസഭകളിൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിന് ഓൺലൈൻ സംവിധാനങ്ങളും ഇ-ടെണ്ടർ, ഇ-ഫയലിംഗ് തുടങ്ങിയ കമ്പ്യൂട്ടർ അധിഷ്ഠിതമായ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ അഴിമതി രഹിതമാക്കുന്നതിന് ശക്തമായ ഓഡിറ്റിംഗ് സംവിധാനവും നിലവിലുണ്ട്.

(ബി) കെട്ടിട നമ്പരും മറ്റ് അനുമതികളും നിലവിലുള്ള എല്ലാ ചട്ടങ്ങളും നിയമങ്ങളും കർശനമായി പാലിച്ചുകൊണ്ട് മാത്രമേ നൽകാവൂ എന്നും ആയത് ലംഘിക്കുന്നവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ ആരംഭിക്കുന്നതാണെന്നും വ്യക്തമായി നിർദ്ദേശം നൽകിയിട്ടുണ്ട്.

നഗരകാര്യ വകുപ്പിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട അനുമതികൾ നൽകുന്നതിനുള്ള അപേക്ഷ ഓൺലൈനായി സ്വീകരിക്കുന്നുണ്ട്.

## പുറമ്പോക്കിൽ താമസിക്കുന്നവരുടെ പുനരധിവാസം

99 (2656) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ ഓൾഡ് റെയിൽവേ സ്റ്റേഷൻ പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(സി) ഇവരെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് റെയിൽവേ നഗരസഭയ്ക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത അറിയിപ്പിന്മേൽ നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

## എം.എൽ.എ. ആസ്തി വികസന സ്കീം പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

100(2657) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന സ്കീം പ്രകാരം ഭരണാനുമതി ലഭിച്ചതും തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം നടപ്പാക്കിവരുന്നതുമായ വൈപ്പിൻ മണ്ഡലത്തിലെ വിവിധ നിർമ്മാണ പ്രവൃത്തികൾ അനിശ്ചിതമായി തടസ്സപ്പെട്ട് കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എഗ്രിമെന്റ് കാലാവധി പൂർത്തിയാക്കിയതും എന്നാൽ നിർമ്മാണം പൂർത്തിയാക്കാത്തതുമായ പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) നടപ്പാക്കാൻ കഴിയാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ എന്തുകൊണ്ടെന്നും ഏതൊക്കെ പ്രവൃത്തികളാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എഗ്രിമെന്റ് കാലാവധി കഴിഞ്ഞതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു.*

(സി) ബഹു. വൈപ്പിൻ നിയോജകമണ്ഡലം എം.എൽ.എ.-യുമായി വിവരങ്ങൾ ചർച്ച ചെയ്യുകയും തർക്കമുള്ളവ പരിഹരിക്കുന്നതിനും ഒഴിവാക്കേണ്ടവ ഒഴിവാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

**ജൻ ഔഷധി സ്റ്റോറുകളും ജനറിക് മരുന്നുകളുടെ വിതരണവും**

101 (2658) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനറിക് മരുന്നുകൾ വിലകുറച്ച് വിതരണം ചെയ്യുവാനുദ്ദേശിച്ചുകൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ഗ്രാമപഞ്ചായത്ത് കേന്ദ്രങ്ങളിലും ജൻ ഔഷധി സ്റ്റോറുകൾ നടപ്പ് സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജൻ ഔഷധിയെ സംബന്ധിച്ചുള്ള അറിയിപ്പ് കുടുംബശ്രീ നൽകിയിട്ടുണ്ട്. ജൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുന്നതിന് 8 ഗ്രാമ പഞ്ചായത്തുകളും 4 നഗരസഭകളും സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ബ്യൂറോ ഓഫ് പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ഓഫ് ഇന്ത്യയുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളതും ടി സ്ഥാപനങ്ങളിൽ ഈ സാമ്പത്തിക വർഷംതന്നെ ജൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുന്നതുമാണ്.

(ബി) ഗ്രാമപഞ്ചായത്തുകൾ സ്ഥലം ലഭ്യമാക്കുന്നമുറയ്ക്ക് ജൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പി.എം.ജി.എസ്.വൈ. പദ്ധതി

102 (2659) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് ടെണ്ടർ നടപടി വരെയായിട്ടും മുടങ്ങി കിടക്കുന്നത്; ഏതെല്ലാം റോഡുകൾ പുനരുദ്ധാരണത്തിനായി പരിഗണനയിലുണ്ട്;

(ബി) ഇവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; സംസ്ഥാനത്താകെ പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങളിലെ ടെണ്ടർ നടപടികളിൽ കരാറുകാർ പൊതുവേ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഗ്രാവലിന് മാർക്കറ്റ് റേറ്റ് നൽകാത്തതും, കൺവെയൻസ് ടണ്ണിന് പെർ കിലോമീറ്ററിന് നേരത്തേ 4.65 കിട്ടിയത് ഇപ്പോൾ 2.62 എന്ന നിലയിൽ പരിമിതപ്പെടുത്തിയതും ഗ്രാനുലൈസ്ഡ് സബ് ബേസ് (GSB)-യിൽ 2,500 രൂപ കിട്ടുന്നിടത്ത് 1,600 രൂപ മാത്രമായി പരിമിതപ്പെടുത്തിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവ രണ്ടും പ്രായോഗികമായി ക്രമീകരിച്ച് കേന്ദ്ര വിഹിതം കഴിച്ചുള്ള തുക സംസ്ഥാനം വഹിച്ചും പി. എം. ജി. എസ്. വൈ. റോഡുകൾ സമയബന്ധിതമായി പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ ഫേസ് 5-ൽ ഏറ്റെടുത്ത കെ.ആർ. 01-11(സി), പള്ളിത്തോട് ബീച്ച്-ചേറുങ്കൽ റോഡിന്റെ കരാറുകാരൻ മരിച്ചതുമൂലം പ്രവൃത്തി അവസാനിപ്പിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തിക്ക് 2013-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം പുതുക്കിയ അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിർമ്മാണം പൂർത്തീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുന്നതാണ്.

പി.എം.ജി.എസ്.വൈ. 2-ൽ ഒന്നാം ബാച്ചായി അനുമതി ലഭിച്ച സെന്റ് മാർട്ടിൻ നരിയാണ്ടി ജംഗ്ഷൻ റോഡ് വർക്കിന് രണ്ട് പ്രാവശ്യം ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല. പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ ചില സ്ഥലങ്ങളിൽ കരാറുകാർ വിമുഖത കാണിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ട്.

നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ മണ്ണിന്റെ മാർക്കറ്റ് റേറ്റും ഷെഡ്യൂൾ റേറ്റും തമ്മിലുള്ള അന്തരവുമാണ് കരാറുകാർ വിമുഖത കാണിക്കുന്നതിനുള്ള പ്രധാന കാരണം.

(സി) പി.എം.ജി.എസ്.വൈ.-യിൽ സാധന സാമഗ്രികളുടെ നിരക്ക് കണക്കാക്കിയിട്ടുള്ളത് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ കണക്ക് പ്രകാരവും യന്ത്ര സാമഗ്രികളുടെ നിരക്ക് തയ്യാറാക്കിയിട്ടുള്ളത് 2012-ലെ പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരവുമാണ്. ചിലയിനങ്ങൾക്ക് 2012-ലെ പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ നിരക്കുകൾ 2010-ലെ നിരക്കിനേക്കാൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാനുലാർ സബ് ബേസിന്റെ നിരക്കുകളിൽ കുറവ് വന്നിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ഡി.ഡി.പി. (ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്)മാരുടെ ഒഴിവുകൾ

103 (2660) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ ഡി.ഡി.പി. (ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്) മാരുടെ എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളത്;

(ബി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 14 (പതിനാല്).

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

## നഗര പ്രദേശങ്ങളിലെ ഭവനരഹിതർ

104 (2661) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് വീട് വച്ച് നല്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) നഗര പ്രദേശങ്ങളിൽ ഭവനരഹിതരുടെ സ്വന്തം ഭവനം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനായി 2017-18 വർഷത്തിൽ എത്ര വീടുകൾ നിർമ്മിച്ച നല്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര വിഹിതവും, സംസ്ഥാന ഫണ്ടും സംയോജിപ്പിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഏത് ഏജൻസിയെയാണ് നിർവ്വഹണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) നഗര പ്രദേശങ്ങളിൽ ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ച് നൽകുന്നതിന് കേന്ദ്ര സർക്കാർ പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതി സംസ്ഥാനത്തെ 93 നഗരസഭകളിലും നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം നാളിതുവരെ 74 നഗരസഭകളിലായി 25654 വീടുകൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ഭൂരഹിത/ഭവനരഹിതർക്കും ഭവനം ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ പി.എം.എ.വൈ.-യുമായി സംയോജിച്ച് ലൈഫ് പദ്ധതിയിൽ 50000 ഭവനങ്ങൾ നഗര പ്രദേശങ്ങളിൽ നിർമ്മിച്ച നൽകുവാൻ ലക്ഷ്യമിടുന്നു.

(സി) പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാനതല നോഡൽ ഏജൻസിയായി ചുമതല ഏൽപ്പിച്ചിരിക്കുന്നത് കുടുംബശ്രീയെയാണ്.

**ലൈഫ് മിഷൻ പദ്ധതി**

105 (2662) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. എം. എസ്. ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിന് വായ്പ അനുവദിച്ച് വീട് പൂർത്തീകരിക്കുന്നതിന് കഴിയാതെ ഭവനരഹിതരായി തുടരുന്നവർക്ക് വീട് വയ്ക്കുന്നതിനായി നിലവിലുള്ള മറ്റേതെങ്കിലും ഭവന നിർമ്മാണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്നും ലൈഫ് മിഷൻ ഉൾപ്പെടെയുള്ള പുതിയ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്നും വിശദീകരിക്കുമോ;

(ബി) ലൈഫ് മിഷനിൽ ഗുണഭോക്താവാകുന്നതിന് അപേക്ഷ സമർപ്പിക്കുന്നതെവിടെയെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതി ആരംഭിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) വാർഷിക പദ്ധതി മാർഗ്ഗരേഖയിലെ പൊതു നിബന്ധനകൾ പ്രകാരം ഒരിനത്തിന് സർക്കാർ സഹായം ലഭിക്കുന്ന വ്യക്തിക്ക് അതേ ഇനത്തിന് സർക്കാർ പ്രത്യേകമായി നിർദ്ദേശിച്ചിട്ടില്ലെങ്കിൽ മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡിക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഒരിക്കൽ ഭവന നിർമ്മാണത്തിന് സർക്കാർ ആനുകൂല്യം ലഭിച്ചിട്ടുള്ളവർക്ക് അതേ ഇനത്തിൽ തുടർന്ന് ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമുണ്ട്. എന്നാൽ സർക്കാർ പുതുതായി രൂപം നൽകിയിട്ടുള്ള സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയിലെ ഗുണഭോക്താക്കളായി ഇത്തരത്തിൽ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത വ്യക്തികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. 5-4-2017-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് പ്രാദേശികമായി വിഭവ സമാഹരണം നടത്തി സംഭാവനകൾ സ്വീകരിച്ച് നിർമ്മാണം പൂർത്തിയാക്കാനും കഴിയുന്നപക്ഷം ഒരുകൂട്ടം ഭവനങ്ങളുടെ പൂർത്തീകരണം താല്പര്യമുള്ള ഏജൻസികളുടെ സഹകരണത്തോടെ സൗജന്യമായി പൂർത്തീകരിക്കുവാനും തീരുമാനിച്ചു. ഭവന നിർമ്മാണം തുടങ്ങി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും വിശദ കർമ്മ പദ്ധതി തയ്യാറാക്കുന്നതിനും അതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതിനും തീരുമാനിച്ചു.

(ബി) പദ്ധതിയുടെ ആദ്യഘട്ടമായി പദ്ധതിയിൽ ഉൾപ്പെടാൻ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംഘടനാ സംവിധാനം ഉപയോഗപ്പെടുത്തി സംസ്ഥാനമൊട്ടാകെ സംഘടിപ്പിച്ചിട്ടുള്ള സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. ആയതിന്റെ വെരിഫിക്കേഷൻ നടന്നുവരുന്നു. വെരിഫിക്കേഷൻ പൂർത്തിയാകുന്നതോടുകൂടി ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാകുന്നതാണ്. അർഹരായ ഏതെങ്കിലും ഗുണഭോക്താവ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെങ്കിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് അപേക്ഷ നൽകാവുന്നതാണ്.

## മരട് നഗരസഭയിലെ തസ്തികകളിലെ കുറവ്

106 (2663) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് നഗരസഭയിൽ ആവശ്യമുള്ള തസ്തികകൾ അനുവദിക്കാത്തത് കാരണം നഗരസഭയുടെ പ്രവർത്തനങ്ങളിൽ ഒട്ടേറെ പ്രയാസം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതിനായുള്ള നഗരസഭയുടെ അപേക്ഷയുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) തസ്തിക സൃഷ്ടിക്കുന്നതിന് നഗരകാര്യ ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## നേമം മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

107 (2664) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നേമം നിയോജകമണ്ഡലത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ നടത്തിയ വികസന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വാർഡ് തിരിച്ചുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എൽ.എസ്.ജി.ഡി. മുഖാന്തരം നടപ്പിലാക്കുന്ന മാവേലിക്കര മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതികൾ

108 (2665) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ എൽ.എസ്.ജി.ഡി മുഖാന്തരം നാളിതുവരെ ഏറ്റെടുത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും ഇവയിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളവയും ഏതൊക്കെയെന്നും വിശദമാക്കുമോ;

(ബി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ തടസ്സങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളെ സംബന്ധിച്ചും പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ തടസ്സങ്ങൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) രണ്ട് പ്രവൃത്തികളിന്മേൽ ഹൈക്കോടതിയിൽ സ്റ്റേ നിലവിലുണ്ട്. പ്രസ്തുത സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ക്ഷേമ പെൻഷൻ കുടിശ്ശിക

109 (2666) <u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്തുവരുന്ന ക്ഷേമ പെൻഷനുകളിൽ നിലവിലുള്ള കുടിശ്ശിക തരംതിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഏത് മാസം മുതലുള്ള തുകയാണ് കുടിശ്ശികയായുള്ളത്; കുടിശ്ശിക വരാനുള്ള കാരണം എന്താണ്; കുടിശ്ശിക എത്രയും പെട്ടന്ന് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ)

| | | | |
|---|---|---|---|
| 1. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | - | 128.82 കോടി രൂപ |
| 2. | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | - | 22.14 കോടി രൂപ |
| 3. | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | - | 78.93 കോടി രൂപ |
| 4. | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | - | 4.01 കോടി രൂപ |
| 5. | കർഷകത്തൊഴിലാളി പെൻഷൻ | - | 18.11 കോടി രൂപ |
| | ആകെ | - | 252.01 കോടി രൂപ. |

(ബി) വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ കാരണങ്ങളാലാണ് കുടിശ്ശിക വന്നിട്ടുള്ളത്. ഗുണഭോക്താക്കളുടെ വിവര ശേഖരണവുമായി ബന്ധപ്പെട്ട് യഥാസമയം വിവരങ്ങൾ നൽകാതിരുന്ന ഗുണഭോക്താക്കൾക്കും പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. പെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി 2017 മെയ് മാസത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അദാലത്ത് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ക്ഷേമ പെൻഷനുകൾ**

110 (2667) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്തുവരുന്ന വിവിധ ക്ഷേമ പെൻഷനുകൾ ഏത് മാസം വരെ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കുടിശ്ശിക ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് വിതരണം ചെയ്യും എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം വിതരണം ചെയ്തുവരുന്ന വിവിധ പെൻഷനുകൾ 2017 മാർച്ച് മാസം വരെയാണ് വിതരണം ചെയ്തിട്ടുള്ളത്.

(ബി) കുടിശ്ശിക തുക ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

## കോടോം - ബേളൂർ പഞ്ചായത്ത്

111 (2668) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കോടോം- ബേളൂർ പഞ്ചായത്തിൽ നിലവിൽ എത്ര അക്ഷയ കേന്ദ്രങ്ങളാണുള്ളത്;

(ബി) ഇതിൽ ഏതെങ്കിലും സ്ഥാപനം മറ്റേതെങ്കിലും സ്ഥലത്തേക്ക് മാറ്റാനുള്ള നീക്കം ബന്ധപ്പെട്ടവർ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ സ്ഥാപനം മാറ്റാനുള്ള നീക്കം തടയണമെന്നും മുമ്പുണ്ടായിരുന്ന തായന്നൂരിൽത്തന്നെ അക്ഷയ കേന്ദ്രം വേണമെന്നുള്ള പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കോടോം-ബേളൂർ പഞ്ചായത്തിൽ നിലവിൽ 3 അക്ഷയ കേന്ദ്രങ്ങൾ ഉണ്ട്.

(ബി) ഉണ്ട്. 15-ാം വാർഡിലുള്ള തായന്നൂരിൽ പ്രവർത്തിച്ചിരുന്ന അക്ഷയ കേന്ദ്രം പഞ്ചായത്ത് ഭരണസമിതിയുടെ 28-1-2016-ലെ 23/16 (24)-ാം നമ്പർ തീരുമാന പ്രകാരം വാർഡ് 1-ലെ അട്ടേങ്ങാനം തട്ടുമ്മലിലേയ്ക്ക് മാറ്റിസ്ഥാപിച്ചു.

(സി) തായന്നൂരിൽതന്നെ അക്ഷയകേന്ദ്രം നിലനിർത്തണമെന്ന നാട്ടുകാരുടെ ആവശ്യപ്രകാരം 29-11-2016-ൽ 130/6 തീരുമാന പ്രകാരം അക്ഷയകേന്ദ്രം തായന്നൂരിൽതന്നെ നിലനിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ജില്ലാ അക്ഷയ പ്രോജക്ട് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥാപനം മാറ്റുന്നത് സംബന്ധിച്ച് WP(C) 39641/2016 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ തീരുമാനം തൽക്കാലം നടപ്പിലാക്കാൻ സാധ്യമല്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികൾ**

112 (2669) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഏതെല്ലാം പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം കേരള സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ;

(ബി) ഈ പദ്ധതികളിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്ന് വിശദമാക്കാമോ ;

(സി) കേന്ദ്ര പദ്ധതികൾ അട്ടിമറിക്കുന്നതിനുള്ള ശ്രമങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം കേരള സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. (MGNREGA)
2. പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) PMAY(G)
3. പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (വാട്ടർ ഷെഡ് കംപോണന്റ്)
4. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)
5. നാഷണൽ അർബൻ മിഷൻ
6. രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ
7. നാഷണൽ സോഷ്യൽ അസിസ്റ്റന്റ് പ്രോഗ്രാം
8. പ്രധാനമന്ത്രി ഗ്രാമസഡക് യോജന (PMGSY)
9. ദേശീയ നഗര ഉപജീവന മിഷൻ (NULM)
10. രാജീവ് ആവാസ് യോജന

11. അടൽ മിഷൻ ഫോർ റിജ്യൂവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (AMRUT)

12. സ്മാർട്ട് സിറ്റി മിഷൻ

13. സ്വച്ഛ് ഭാരത് മിഷൻ (അർബൻ)

14. പ്രധാനമന്ത്രി ആവാസ് യോജന (അർബൻ) PMAY(U)

15. നാഷണൽ റൂറൽ ലൈവ് ലിഹുഡ് മിഷൻ (NRLM)

16. മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (MKSP)

17. ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (DDU-GDY)

(ബി) രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ പദ്ധതിയുടെ മാർഗ്ഗരേഖ നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല. മറ്റു പദ്ധതികളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേന്ദ്ര പദ്ധതികൾ അട്ടിമറിക്കുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സംയോജനം**

113(2670) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്, നഗരസഭ, ഗ്രാമവികസനം എന്നീ വകുപ്പുകളുടെ സംയോജനം സംബന്ധിച്ച് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ഘടനകളിൽ ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദീകരിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വകുപ്പ് സംയോജനംമൂലം പഞ്ചായത്ത് വകുപ്പിൽ നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന പ്രൊമോഷൻ സാധ്യതകൾ നഷ്ടപ്പെടുവാൻ സാഹചര്യമുണ്ടോ; ആയത് പരിഹരിച്ച് നിർദ്ദേശങ്ങൾ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) നിലവിലെ സമാന തസ്തികകളിലെ സീനിയോറിറ്റിയും അടുത്ത തലത്തിലുള്ള പ്രൊമോഷനും എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ?

ഉത്തരം

(എ) പഞ്ചായത്ത്, നഗരസഭ, ഗ്രാമവികസനം എന്നീ വകുപ്പുകളുടെ സംയോജനം സംബന്ധിച്ച് കരട് ചട്ടങ്ങൾ തയ്യാറാക്കാൻ ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തി. വിവിധ സർവ്വീസ് സംഘടനകളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അസോസിയേഷനുകളുമായി ചർച്ച നടത്തുകയുണ്ടായി. തുടർ നടപടികൾ നടന്നുവരുന്നു.

(ബി) ജീവനക്കാരുടെ സംഘടനകൾ നൽകിയ നിർദ്ദേശങ്ങൾ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ പരിശോധിച്ചുവരുന്നു.

(സി&ഡി) വിവിധ വകുപ്പുകളുടെ സംയോജനം സംബന്ധിച്ച് ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽനിന്നും കരട് ചട്ടങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് അത്തരം പ്രശ്നങ്ങൾ പരിശോധിക്കുന്നതാണ്.

**ത്രിതല പഞ്ചായത്ത് സംവിധാനം വഴി വരൾച്ച നേരിടാനുള്ള പദ്ധതികൾ**

114(2671) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തിന്റെ നേതൃത്വത്തിൽ വരൾച്ച നേരിടാനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്; പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഭൂഗർഭ ജലം ഭീതിദമായ വിധത്തിൽ താഴ്ന്നുകൊണ്ടിരിക്കുന്ന ഈ അവസ്ഥയിൽ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനായി വെള്ളം റീചാർജ് ചെയ്യുന്നതുൾപ്പെടെയുള്ള എന്തെല്ലാം നടപടികളാണ് ത്രിതല പഞ്ചായത്ത് സംവിധാനം വഴി നടപ്പിലാക്കാൻ സാധിക്കുന്നത്?

ഉത്തരം

(എ) പഞ്ചായത്ത് പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് പൊതു കുളങ്ങൾ, പൊതു കിണറുകൾ എന്നിവ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. വാഹനങ്ങളിൽ ജലവിതരണം നടത്തിവരുന്നു. നീർക്കുഴികൾ തടയണകൾ തട്ടു തിരിക്കൽ, തോടുകളും കുളങ്ങളും ആഴം കൂട്ടൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

പട്ടാമ്പി മണ്ഡലത്തിൽ വരൾച്ച നേരിടുന്നതിനായി നിലവിലുള്ള കുടിവെള്ള പദ്ധതികൾ കാര്യക്ഷമമാക്കൽ, വാട്ടർ ടാങ്കുകളിൽ കുടിവെള്ള വിതരണം, കിണർ റീ-ചാർജിംഗ്, മഴക്കുഴികളുടെ നിർമ്മാണം, ജലസേചന കനാലുകളുടെ പുനരുദ്ധാരണം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനം നേരിടുന്ന വരൾച്ചയ്ക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും പൊതുജനത്തിന്റെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ജലസുരക്ഷ ജനപങ്കാളിത്തത്തോടെ എന്ന പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി സ്വാഭാവിക ജല സ്രോതസുകളുടെ സംരക്ഷണത്തിനാവശ്യമായ പദ്ധതികൾ രൂപകൽപ്പന ചെയ്തിട്ടുണ്ട്. കൂടാതെ ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും കുളങ്ങളും കിണറുകളും പുനരുദ്ധരിക്കുന്ന പ്രവൃത്തി നടപ്പിലാക്കിവരുന്നു.

**സിനിമാ തിയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സമ്പ്രദായം**

115 (2672) ശ്രീ. അനിൽ അക്കര :

ശ്രീ. എൽദോസ് കുന്നപ്പിള്ളി :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഏത് ഏജൻസിയെയാണ് ഇത് നടപ്പിലാക്കുവാനായി ചുമതല പ്പെടുത്തിയിട്ടുള്ളത്?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സമ്പ്രദായം 2-5-2016 മുതൽ നടപ്പിലാക്കുന്നതിനായി 4-3-2016-ലെ G.O(P)No.14/16/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ സാങ്കേതിക കാരണങ്ങളാൽ ഇ-ടിക്കറ്റിംഗ് നടപ്പിലാക്കുന്നതിനുള്ള തീയതി 1-5-2017 ആയി നിശ്ചയിച്ച് G.O.(P) No.15/17/LSGD dated 24-3-2017 പ്രകാരം സർക്കാർ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 29-4-2017-ലെ G.O.(Rt) No.1367/17/LSGD നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തീയതി 30-6-2017 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഇ-ടിക്കറ്റിംഗ് നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി സാംസ്കാരിക ക്ഷേമനിധി ബോർഡിനെയും സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കൊല്ലം നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ-യിൽ ഉൾപ്പെടുത്തിയ റോഡുകൾ

116(2673) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തി 2016-17-ൽ നിർമ്മിക്കാൻ അനുമതി ലഭിച്ച റോഡുകൾ ഏതൊക്കെയെന്നും 2017-18-ൽ നിർമ്മിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള റോഡുകൾ എതൊക്കെയെന്നും വ്യക്തമാക്കാമോ;

(ബി) റോഡുകളുടെ ദൂരം, അടങ്കൽ തുക എന്നിവ അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജനയിൽ കൊല്ലം നിയോജക മണ്ഡലത്തിൽ 2016-2017-ലും 2017-2018-ലും നിർമ്മാണത്തിന് അനുമതി ലഭിച്ചതോ നിർമ്മിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതോ ആയ റോഡുകൾ ഇല്ല.

## ശുചിത്വ മിഷൻ പദ്ധതികൾ

117 (2674) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുചിത്വ മിഷൻ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ;

(ബി) ശുചിത്വ മിഷന്റെ പുതിയ പദ്ധതികളുടെ വിശദാംശം നൽകാമോ ;

(സി) പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; അതിനുവേണ്ടി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ ?

### ഉത്തരം

(എ) ശുചിത്വകേരളം (റൂറൽ), ശുചിത്വകേരളം (അർബൻ), സ്വച്ഛ് ഭാരത് മിഷൻ (റൂറൽ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ) എന്നിവയാണ് സംസ്ഥാനത്തെ പഞ്ചായത്തുകളും നഗരസഭകളും മുഖേന ശുചിത്വ മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ.

(ബി) ശുചിത്വ മിഷനിൽ പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(സി)

- വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ മാത്രമേ വിതരണം ചെയ്യാവൂയെന്നും ആയത് നിയന്ത്രിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ
- ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാർ ചെയ്യുന്നതിനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള നടപടികൾ
- റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ.
- ജനങ്ങളിൽ അനുകൂല മനോഭാവം രൂപീകരിക്കുന്നതിന് ശുചിത്വമിഷൻ മുഖേനയുള്ള വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ.
- പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് പ്രകൃതിസൗഹൃദ ബദൽ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ
- പൊതുചടങ്ങുകളിൽ, സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് അടക്കമുള്ള ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കി പുനരുപ യോഗിക്കുവാൻ കഴിയുന്ന വസ്തുക്കൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള "ഗ്രീൻ പ്രോട്ടോക്കോൾ" പ്രവർത്തനങ്ങൾ.

മറ്റ് പുതിയ പദ്ധതികളൊന്നുംതന്നെ ഇപ്പോൾ ആസൂത്രണം ചെയ്തിട്ടില്ല.

## മഴക്കാല പൂർവ്വ ശുചീകരണം

118(2675) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മഴക്കാല പൂർവ്വ ശുചീകരണം നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 16-3-2017-ലെ 127/2017/തസ്വഭവ. നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണം 2017-ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും നടപടിക്രമങ്ങൾ രൂപപ്പെടുത്തുന്നതിനുമായി ശുചിത്വമിഷൻ ജില്ലാതല ഉദ്യോഗസ്ഥർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ആസൂത്രണ പ്രക്രിയ ഫലവത്താക്കാൻ നടപടി

119 (2676) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതി വിഹിതത്തിന്റെ 80 ശതമാനത്തിലധികം വിനിയോഗിക്കുന്നത് വർഷാവസാന മാസത്തിലാണെന്ന നിലവിലെ സ്ഥിതി ആസൂത്രണ പ്രക്രിയ ഫലവത്താകാത്തതുകൊണ്ടായതിനാൽ ഇത് പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നെന്ന് അറിയിക്കാമോ;

(ബി) പ്രാദേശിക തലത്തിലുള്ള ആസൂത്രണത്തിനായി നിർദ്ദേശിച്ചിട്ടുള്ള സംവിധാനം എന്താണ്;

(സി) പ്രാദേശികാസൂത്രിത പദ്ധതികൾ നിർദ്ദിഷ്ട രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കാൻ നിലവിലുള്ള നിർവ്വഹണ സംവിധാന മെന്തെന്നും ഇവയുടെമേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നിയന്ത്രണാധികാരങ്ങളും അറിയിക്കാമോ?

ഉത്തരം

(എ) സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽതന്നെ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻകൂട്ടി വാർഷിക പദ്ധതി രൂപീകരിച്ച് അംഗീകാരം നൽകുകയെന്നതാണ് ലക്ഷ്യം. 2018-2019 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണം മാർച്ച് 31-ന് മുമ്പ് പൂർത്തിയാക്കി ഏപ്രിൽ ഒന്നിന് പദ്ധതിപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. വർഷാവസാനം പദ്ധതി തുക ചെലവാക്കുന്ന രീതി ഒഴിവാക്കി പദ്ധതി നിർവ്വഹണത്തിന് 12 മാസവും ലഭ്യമാക്കുന്ന രീതിയാണ് മാർഗ്ഗരേഖ വിഭാവനം ചെയ്യുന്നത്. ഈ രീതിയനുസരിച്ച് ഓരോ ത്രൈമാസവും 25 ശതമാനം തുക ചെലവഴിക്കുവാൻ സാധിക്കും. ഇതനുസരിച്ച് പദ്ധതി ആസൂത്രണ രീതി ക്രമപ്പെടുത്തിയിട്ടുണ്ട്.

(ബി) ഗ്രാമസഭ/വാർഡുസഭകളെ ശക്തിപ്പെടുത്തുന്നതിന് മുൻതൂക്കം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2-4-2017 മുതൽ 9-4-2017 വരെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഗ്രാമ/വാർഡുസഭകൾ കൂടുന്നതിന് പ്രത്യേക നിർദ്ദേശം നൽകിയിരുന്നു. കൂടാതെ പ്രാദേശിക ആസൂത്രണം കാര്യക്ഷമ മാക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ആസൂത്രണ പദ്ധതികൾ രൂപീകരിച്ച് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി. വികസന സെമിനാർ, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള ചർച്ച തുടങ്ങിയവയൊക്കെ തന്നെ പ്രാദേശിക ആസൂത്രണം ഫലപ്രദമാക്കാനായുള്ള സംവിധാനങ്ങളാണ്.

(സി) പ്രാദേശികാസൂത്രണം കാര്യക്ഷമമായി നടപ്പാക്കാൻ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഓരോ തദ്ദേശഭരണ സ്ഥാപനതലത്തിലുമുള്ള വിവിധ സംവിധാനങ്ങളുടെ രൂപീകരണവും നിയന്ത്രണവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയുടെ നിയന്ത്രണത്തിലാണ്. ജില്ലാ ആസൂത്രണ സമിതി ഇത്തരം സംവിധാനങ്ങൾ ക്രോഡീകരിക്കാനും പ്രവർത്തനം ചിട്ടയോടെ മുന്നോട്ട് കൊണ്ടു പോകുവാനും പ്രത്യേകമായ നിർദ്ദേശം നൽകുകയും അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. സർക്കാർതലത്തിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപി പ്പിക്കുന്നതിന് കോർഡിനേഷൻ കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഇവയുടെയൊക്കെ പ്രവർത്തനഫലമായി പ്രാദേശിക ആസൂത്രണം സമയബന്ധിതമായിത്തന്നെ നടപ്പാക്കിവരുന്നുണ്ട്.

## ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണിക്കായുള്ള കേന്ദ്ര ധനസഹായം

120(2677) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി കേന്ദ്രത്തിന്റെ പ്രത്യേക ധനസഹായം നേടിയെടുക്കുന്നതിൽ വീഴ്ച സംഭവിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമീണറോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് കേന്ദ്രത്തിൽനിന്നും ലഭ്യമായ ധനസഹായത്തിന്റെ കണക്ക് വിശദമാക്കാമോ;

(സി) പ്രസ്തുത ഫണ്ട് നേടിയെടുക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 175.96 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ പി.എം.ജി.എസ്.വൈ. പദ്ധതിക്കുള്ള പ്രത്യേക അധിക ഫണ്ട് (Financial Incentive) അനുവദിച്ചത് 31-12-2016-ലെ പുരോഗതി വിലയിരുത്തിയാണ്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം, നോട്ട് അസാധുവാക്കൽ, ജലദൗർലഭ്യം തുടങ്ങിയ കാരണങ്ങളാൽ പ്രതീക്ഷിച്ച നിർവ്വഹണ പുരോഗതി ഇക്കര്യത്തിൽ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

## വിമുക്തഭടന്മാരുടെ കെട്ടിട നികുതി ഇളവ്

121 (2678) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നികുതി അടയ്ക്കുന്നതിൽനിന്നും വിമുക്തഭടൻമാരെ ഒഴിവാക്കികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 242/2013/തസ്വഭവ. തീയതി 2-7-13 എന്ന ഉത്തരവ് പ്രകാരമാണോ വിമുക്തഭടൻമാരെ കെട്ടിട നികുതി അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ളത്;

(സി) എങ്കിൽ പ്രസ്തുത ഉത്തരവിൽ നികുതി ഇളവിനുള്ള അപേക്ഷ ഓരോ സാമ്പത്തികവർഷവും ഏപ്രിൽ 10-ന് മുമ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നൽകണമെന്ന വ്യവസ്ഥ ഉണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വ്യവസ്ഥ വിദൂരങ്ങളിലുള്ളവരും രോഗികളും പ്രായാധിക്യം ഉള്ളവരുമായ വിമുക്തഭടൻമാർക്കുണ്ടാക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) തുടർച്ചയായ അവധി ദിവസങ്ങൾ, അപ്രതീക്ഷിതമായുണ്ടാകുന്ന ബന്ദ് ഹർത്താൽ എന്നിവ ഏപ്രിൽ 10 എന്ന വ്യവസ്ഥ പാലിക്കുന്നതിൽ വിമുക്തഭടന്മാർക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഏപ്രിൽ 10 എന്ന തീയതി അൽപ്പം കൂടി നീട്ടിനൽകുന്ന കാര്യം പരിഗണിക്കുമോ; ഇല്ലങ്കിൽ 1-1-2005 ലെ സ.ഉ. (എംഎസ്.) നമ്പർ 3/2005/LSGD പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അല്ല.

(സി) ഇല്ല.

(ഡി&ഇ) ഉണ്ട്.

(എഫ്) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**വിമുക്തഭടന്മാരുടെ വീടുകളിലെ കെട്ടിട നികുതി**

122 (2679) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തഭടന്മാരുടെ വീടുകളെ കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ചതുരശ്ര അടിവരെ വിസ്തൃതിയുള്ള കെട്ടിടങ്ങളെയാണ് കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളത്;

(സി) കെട്ടിട നികുതി ഒഴിവാക്കി കിട്ടുന്നതിനായി നിലവിലുള്ള വീടുകൾക്ക് വിസ്തൃതിയിൽ വ്യത്യാസമില്ലായെന്ന് തെളിയിക്കുന്ന രേഖ എല്ലാ വർഷവും ഏപ്രിൽ 1 മുതൽ 10 വരെയുള്ള ദിവസങ്ങളിൽ വിമുക്തഭടന്മാർ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ഹാജരാക്കേണ്ടതുണ്ടോ;

(ഡി) വീടിന്റെ വിസ്തൃതി വ്യത്യാസമില്ലാതെ എല്ലാ വിമുക്തഭടന്മാരുടെയും ഒരു വീടിന് കെട്ടിട നികുതി പൂർണ്ണമായും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2000 ച.അടി.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**വെളിയിട വിസർജനരഹിത സംസ്ഥാനം**

123 (2680) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വെളിയിട വിസർജനരഹിത സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ സിറ്റി കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവകളിലായി കക്കൂസ്, കുളിമുറി എന്നിവയില്ലാത്ത എത്ര വീടുകളുണ്ട്; എല്ലാ വീടുകളിലും ഇവ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് എത്ര രൂപയുടെ കേന്ദ്രസഹായം ലഭിച്ചു; സംസ്ഥാന സർക്കാർ എത്ര തുക ചെലവാക്കി; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ശുചിയായ ശൗചാലയങ്ങളുള്ള എത്ര സ്കൂളുകളുണ്ട്; ഓരോ തദ്ദേശസ്വയംഭരണ പ്രദേശത്തും ഇവ ഇല്ലാത്തവ എത്ര എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ബസ് സ്റ്റേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കീഴിൽ പ്രവർത്തിക്കുന്ന പല ശൗചാലയങ്ങളും വൃത്തിഹീനമാണെങ്കിലും അവ ഉപയോഗിക്കുന്നതിന് ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ പരിശോധിച്ച് വൃത്തിയായി സംരക്ഷിക്കുന്നതിനും അങ്ങനെയല്ലാത്തവ പൂട്ടുവാനും നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1-11-2016-ൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ വെളിയിട വിസർജന വിമുക്ത പ്രദേശങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. നഗരങ്ങളിലെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

(ബി) ഗ്രാമ പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും വ്യക്തിഗത ശൗചാലയങ്ങളുള്ളതായി കണക്കാക്കിയിട്ടുണ്ട്. നഗരസഭകളിൽ 2164 വീടുകളിൽ കൂടി ശൗചാലയ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. എല്ലാ വീടുകളിലും ശൗചാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. കുളിമുറി സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. കുളിമുറി നിർമ്മിച്ച് നൽകുവാൻ നടപടി സ്വീകരിച്ചിട്ടില്ല.

(സി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ കേന്ദ്ര വിഹിതമായി 19627.58 ലക്ഷം രൂപയും സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയുടെ കേന്ദ്ര വിഹിതമായി 3167.00 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് സംസ്ഥാന സർക്കാർ 17932.79 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. (സംസ്ഥാന വിഹിതം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം, സി.എസ്.ആർ. ഫണ്ട്, ജലനിധി സഹായം ഉൾപ്പെടെ)

(ഡി) ശുചിയായ ശൗചാലയ സൗകര്യങ്ങളില്ലാത്ത സ്കൂളുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പൊതുശൗചാലയങ്ങൾ ഉപയോഗിക്കുന്നതിന് ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുശൗചാലയങ്ങൾ നിർമ്മിച്ചുനൽകുന്നതിനും അത് വൃത്തിയായി പരിപാലിക്കുന്നതിനുമുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു.

**നേമത്ത് പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം അനുവദിച്ച വീടുകൾ**

124(2681) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം നേമം മണ്ഡലത്തിൽ പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം എത്ര പേർക്ക് വീടുകൾ അനുവദിച്ചെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കളെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര രൂപയാണ് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് ലഭ്യമാക്കിയിട്ടുള്ളത്?

<u>ഉത്തരം</u>

(എ) 2016-2017 സാമ്പത്തിക വർഷത്തിൽ നേമം മണ്ഡലത്തിൽ പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം ആർക്കുംതന്നെ ഭവന നിർമ്മാണാനുകൂല്യം നൽകിയിട്ടില്ല.

(ബി) നഗരസഭകളിൽ സർവ്വേ നടത്തി ടി സർവ്വേയിൽ ഉൾപ്പെട്ടവരെ വാർഡ് സഭകളിൽ വച്ച് മുൻഗണനാക്രമം നിശ്ചയിച്ച് ഗുണഭോക്തൃപട്ടിക നഗരസഭാതലത്തിൽ തയ്യാറാക്കുന്നു.

(സി) ടി പദ്ധതി പ്രകാരം 51.68 കോടി രൂപ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് കൈമാറിയിട്ടുണ്ട്.

**വെളിയിട വിസർജ്ജനമുക്ത സംസ്ഥാനം**

125 (2682) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വെളിയിട വിസർജ്ജനമുക്ത സംസ്ഥാനമാക്കുന്നതിനുള്ള പദ്ധതി പ്രകാരം പൊതുസ്ഥലങ്ങളിൽ കക്കൂസുകൾ നിർമ്മിച്ചുനൽകാത്തതു കാരണം പദ്ധതി പൂർണ്ണമായി പ്രാവർത്തികമാക്കാൻ കഴിയില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരിഹാരനടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു.

**വെളിയിട വിസർജ്ജനമുക്ത സംസ്ഥാനം**

126 (2683) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വെളിയിട വിസർജ്ജനമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി സർക്കാരിന്റെ ധനസഹായത്തോടെ പുതുതായി എത്ര ടോയ്ലെറ്റുകൾ നിർമ്മിച്ചു നൽകി;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലും എത്ര ടോയ്‌ലെറ്റുകൾ വീതം നിർമ്മിച്ചു നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ടോയ്‌ലെറ്റ് നിർമ്മിച്ചു നൽകിയതിന് ആകെ എത്ര തുക ചെലവഴിച്ചു;

(ഡി) സംസ്ഥാനത്താകെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനം വെളിയിട വിസർജ്ജനമുക്ത മേഖലയായി പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞിട്ടും നിരവധി തീരദേശ മേഖലകളിലും സമുദ്ര നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശങ്ങളിലെ അധിവാസ മേഖലകളിലും ശാസ്ത്രീയമായ ടോയ്‌ലെറ്റുകൾ ഇല്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുന്നതിനുള്ള സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ഉത്തരം

(എ) കേരളത്തെ വെളിയിട വിസർജ്ജന മുക്ത സംസ്ഥാനമായി മാറ്റുന്നതിന് ഗ്രാമ പ്രദേശങ്ങളിൽ 174720 ടോയ്‌ലെറ്റുകളും നഗരസഭകളിൽ 27682 ടോയ്‌ലെറ്റുകളും പുതുതായി നിർമ്മിച്ചുനൽകിയിട്ടുണ്ട്.

(ബി)

| ജില്ല | ഗ്രാമപഞ്ചായത്ത് | മുനിസിപ്പാലിറ്റി & കോർപറേഷൻ |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 14211 | 6301 |
| കൊല്ലം | 12777 | 3397 |
| പത്തനംതിട്ട | 10182 | 1673 |
| ആലപ്പുഴ | 14985 | 1711 |
| കോട്ടയം | 9141 | 1395 |
| ഇടുക്കി | 21081 | 445 |
| എറണാകുളം | 7808 | 1911 |
| തൃശ്ശൂർ | 3002 | 2187 |

| (1) | (2) | (3) |
|---|---|---|
| പാലക്കാട് | 23075 | 894 |
| മലപ്പുറം | 12011 | 2058 |
| കോഴിക്കോട് | 12799 | 2855 |
| വയനാട് | 13777 | 912 |
| കണ്ണൂർ | 7182 | 1198 |
| കാസർഗോഡ് | 12689 | 745 |
| | 174720 | 27682 |

(സി) പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ഗാർഹിക ടോയ്‌ലെറ്റ് നിർമ്മിച്ചു നൽകിയതിന് 31619.91 ലക്ഷം രൂപ ചെലവഴിച്ചു.

(ഡി) ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. ജലനിധി പഞ്ചായത്തുകളിൽ ജലനിധിയുടെ സപ്പോർട്ട് ഓർഗനൈസേഷൻസ് മുഖേനയും നിർവ്വഹണം നടത്തിയിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമുദ്ര നിരപ്പിൽനിന്നും താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും ഭൂമിശാസ്ത്രപരമായ സവിശേഷതകൾകൂടി പരിഗണിച്ചു കൊണ്ടുള്ള ഗാർഹിക ടോയ്‌ലെറ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിച്ചു വരുന്നു. അതിൻപ്രകാരം നടപടികൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

**കായംകുളം നഗരസഭ മാസ്റ്റർ പ്ലാൻ**

127 (2684) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇപ്പോൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള കായംകുളം നഗരസഭ മാസ്റ്റർ പ്ലാൻ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കുന്നതാണ്.

## നാദാപുരം ടൗണിലെ കെട്ടിട നമ്പരിടൽ

128(2685) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ നാദാപുരം ടൗണിലെ റോഡ് വികസനത്തിൽ പുനർനിർമ്മിക്കപ്പെട്ട കടകൾക്ക് നമ്പർ നൽകൽ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നമ്പർ നൽകുന്നതിന്റെ നടപടിക്രമങ്ങൾ ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി&സി) നാദാപുരം ടൗൺ വികസനത്തിന്റെ ഭാഗമായി റോഡിന് വീതി കൂട്ടുന്നതിന് കെട്ടിടഭാഗം ഉൾപ്പെടെ സൗജന്യമായി ഭൂമി വിട്ടുനൽകിയവർക്ക്, പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും, ചീഫ് ടൗൺ പ്ലാനറോടും സർക്കാർ റിപ്പോർട്ട് ആരാഞ്ഞിരിക്കുകയാണ്. ഇക്കാര്യത്തിൽ നടപടി ത്വരിതപ്പെടുത്തുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കണ്ണൂർ നഗരസഭയ്ക്ക് സൃഷ്ടിച്ചുനൽകിയ തസ്തികകൾ

129 (2686) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ പുതുതായി രൂപീകരിക്കപ്പെട്ട കണ്ണൂർ നഗരസഭയ്ക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും സൃഷ്ടിച്ച നൽകിയ തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ബി) 2015-ൽ പുതുതായി രൂപീകരിക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സൃഷ്ടിച്ച നൽകിയ തസ്തികകൾ ഏതെല്ലാമെന്നും പ്രസ്തുത തസ്തികകളിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ സൃഷ്ടിക്കപ്പെട്ട തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.* പ്രസ്തുത തസ്തികകളിൽ 335 ഒഴിവുകൾ നിലവിലുണ്ട്.

## കോട്ടയം ജില്ലയിലെ സമ്പൂർണ്ണ കിണർ റീചാർജ് പദ്ധതി

130 (2687) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമ്പൂർണ്ണ കിണർ റീചാർജ് പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ കോട്ടയം ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളെ തെരെഞ്ഞെടുത്തു; ഇവയിൽ എത്ര പഞ്ചായത്തുകൾ പദ്ധതി വിജയകരമായി പൂർത്തീകരിച്ചു എന്നറിയിക്കാമോ;

(ബി) രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പഞ്ചായത്തുകളെയാണ് പദ്ധതിയിലേയ്ക്ക് കോട്ടയം ജില്ലയിൽനിന്നും തെരെഞ്ഞെടുത്തിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമ്പൂർണ്ണ കിണർ റീചാർജ് പദ്ധതിപ്രകാരം പാമ്പാടി, അയ്മനം, ആർപ്പൂക്കര, കങ്ങഴ, നെടുങ്കുന്നം, വെള്ളാവൂർ, തൃക്കൊടിത്താനം, കറുകച്ചാൽ, കുറിച്ചി, ഭരണങ്ങാനം, കടനാട്, തീക്കോയി, കൊഴുവനാൽ, കാണക്കാരി, കിടങ്ങൂർ, കടുത്തുരുത്തി, മാഞ്ഞൂർ, തലയോലപ്പറമ്പ്, പാറത്തോട്, കോരുത്തോട്, മുണ്ടക്കയം, കൂട്ടിക്കൽ, എരുമേലി, കാഞ്ഞിരപ്പള്ളി, മരങ്ങാട്ടുപ്പിള്ളി എന്നീ ഗ്രാമപഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ മരങ്ങാട്ടുപ്പിള്ളി ഗ്രാമപഞ്ചായത്ത് മാത്രമാണ് കിണർ റീചാർജ് പദ്ധതി വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ

131(2688) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ ജീവനക്കാരുടെ കുറവുമൂലം മലപ്പുറം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അവതാളത്തിലായിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എട്ട് മാസമായി ഒഴിഞ്ഞുകിടക്കുന്ന ജില്ലാപഞ്ചായത്ത് സെക്രട്ടറി തസ്തികയുൾപ്പെടെ ജില്ലയിലുള്ള മറ്റ് പഞ്ചായത്തുകളിലെ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.), ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ ഒഴിവ് വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് അടിയന്തരമായി നിയമനങ്ങൾ നടത്തുവാനും ഭരണ സ്തംഭനാവസ്ഥ ഒഴിവാക്കുവാനും സത്വര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തികയിലുൾപ്പെടെ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി 29-4-2017-ൽ ഇന്റർവ്യൂ നടത്തിയിട്ടുണ്ട്. നിയമനത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ സ്ഥാനക്കയറ്റം വഴി നികത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ 9 ഒഴിവുകളിൽ നിലമ്പൂർ, കൊണ്ടോട്ടി, തിരൂർ, കാളികാവ് എന്നീ ബ്ലോക്കുകളിൽ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് 5 ബ്ലോക്കുകളിൽ സുഗമമായ പ്രവർത്തനത്തിന് പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

27 പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നിലവിലുണ്ടായിരുന്നതിൽ, 19 ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്.

### തൊഴിൽ സംരംഭങ്ങൾ

132 (2689) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും എത്ര തൊഴിൽസംരംഭങ്ങൾ തുടങ്ങിയിട്ടുണ്ട്; ഇത് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമ പഞ്ചായത്തുകളിൽ തുണി സഞ്ചി നിർമ്മാണ യൂണിറ്റ്, മെഴുകുതിരി നിർമ്മാണ യൂണിറ്റ്, സോപ്പുൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ്, മുട്ടക്കോഴി വളർത്തൽ, കൂൺ കൃഷി, പേപ്പർ ക്യാരിബാഗ് നിർമ്മാണ യൂണിറ്റ്, ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ്, നാടൻ ഔഷധ യൂണിറ്റ്, കാറ്ററിംഗ് യൂണിറ്റ്, കൊപ്ര യൂണിറ്റ്, ആട് വളർത്തൽ, തൊഴിൽരഹിതരായ യുവജനങ്ങൾക്ക് ഓട്ടോറിക്ഷ നൽകൽ, വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം, ടെയിലറിംഗ്, ഫുഡ് പ്രോസ്സസിംഗ് യൂണിറ്റ്, വെളിച്ചെണ്ണ യൂണിറ്റ്, അഗർബത്തി നിർമ്മാണ യൂണിറ്റ്, വെൽഡിംഗ് വർക്സ്, ചക്ക സംസ്കരണ യൂണിറ്റ്, കുടുംബശ്രീ ഹോട്ടൽ ഉൾപ്പെടെ 308 തൊഴിൽ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ട്. നഗരസഭകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും ആഭിമുഖ്യത്തിൽ പുതിയ തൊഴിൽസംരംഭങ്ങൾ ആരംഭിച്ചിട്ടില്ല.

### ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികകൾ

133(2690) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി വിംഗിൽ സർക്കാർ അംഗീകരിച്ച ഉത്തരവ് പ്രകാരം എത്ര ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്;

(ബി) ഇതുപ്രകാരം ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ എത്ര സ്ഥിര ജീവനക്കാർ ജോലി നോക്കുന്നു എന്ന് വ്യക്തമാക്കാമോ;

(സി) തൃശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി വിംഗിൽ ഏതെങ്കിലും തസ്തികകൾ നിർത്തലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) തൃശ്ശൂർ നഗരസഭ ഇലക്ട്രിസിറ്റി വിംഗിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേയ്ക്ക് ഇനി എത്ര ഒഴിവുകൾ പി.എസ്,സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ട്;

(ഇ) 1-1-2012-ന് ശേഷം എത്ര ഒഴിവുകൾ പി.എസ്,സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) 23 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി) 10 ജീവനക്കാർ.

(സി) തസ്തിക നിർത്തലാക്കുന്നതിന് അംഗീകാരം നൽകിയിട്ടില്ല.

(ഡി) 13 ഒഴിവുകൾ

(ഇ) 1-1-2012 -ന് ശേഷം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

## നിലമ്പൂർ നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം

134 (2691) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിനുവേണ്ടി നിലമ്പൂർ നിയോജക മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഹിതമായി നൽകിയ തുക പഞ്ചായത്ത്/നഗരസഭ തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം ഇനിയും വിഹിതം നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ ഏതെല്ലാമാണ് ആ സ്ഥാപനങ്ങൾ എന്നും വൈകുന്നതിന് എന്തെങ്കിലും പ്രത്യേക കാരണങ്ങളുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ വരുന്ന കരുളായി ഗ്രാമ പഞ്ചായത്ത് മാത്രമാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിന് തുക വകയിരുത്തിയിട്ടുള്ളത് എസ്.സി.പി-യിൽ 20,000 രൂപയും ടി.എസ്.പി. വിഭാഗത്തിന് 3,08,000 രൂപയുമാണ് വകയിരുത്തിയത്.

നിലമ്പൂർ നഗരസഭയ്ക്ക് കീഴിൽ 2016-2017 വർഷത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 75 പേർക്ക് വീട് വയറിംഗിന് ധനസഹായം നൽകുന്നതിനായി 3,75,000 രൂപ വകയിരുത്തിയിരുന്നു. രേഖകൾ ഹാജരാക്കിയ 29 പേർക്ക് 5,000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുള്ളതാണ്.

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ വരുന്ന കരുളായി ഗ്രാമ പഞ്ചായത്ത് ഒഴികെയുള്ളവ ടി പദ്ധതി വച്ചിട്ടില്ല. കരുളായി ഗ്രാമപഞ്ചായത്തിൽ എസ്.സി.പി. വിഭാഗത്തിൽ 55,000 രൂപയും ടി.എസ്.പി. വിഭാഗത്തിൽ 24,000 രൂപയും ചെലവഴിക്കാൻ ബാക്കിയുണ്ട്. പദ്ധതി ആവിഷ്കരണ സമയത്ത് ഉണ്ടായിരുന്ന ഗുണഭോക്താക്കൾ നിർവ്വഹണ സമയത്ത് അപേക്ഷ സമർപ്പിക്കുന്നതിന് വിമുഖത കാണിച്ചതിനാലാണ് ആവിഷ്കരണ സമയത്ത് ഉണ്ടായിരുന്ന എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ പ്രയോജനം നൽകാൻ സാധിക്കാതെ വന്നത്.

**കുടിവെള്ളക്ഷാമം**

135 (2692) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ തയ്യാറാക്കിയ പദ്ധതികൾക്കായി 2016-2017 വർഷം എത്ര തുക ചെലവഴിച്ചു എന്ന കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

അനുബന്ധമായി ചേർക്കുന്നു.*

**സാന്ത്വനം പദ്ധതി**

136 (2693) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സാന്ത്വനം പദ്ധതിയിലെ വോളണ്ടിയർമാരുടെ സേവന-വേതന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) നടപടികൾ ത്വരിതപ്പെടുത്തി സാന്ത്വനം വോളണ്ടിയർമാർക്ക് വേതനം വർദ്ധിപ്പിച്ചു നൽകുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) സാന്ത്വനം വോളണ്ടിയർമാർ സ്വയംതൊഴിൽ സംരംഭകരാണ്. ഇവർ വേതനാടിസ്ഥാനത്തിലല്ല ജോലി ചെയ്യുന്നത്. ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾക്ക് പ്രതിഫലം അവരിൽനിന്നും നേരിട്ട് ഈടാക്കുകയാണ് ചെയ്യുന്നത്. ഇവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജെറിയാട്രിക് കെയർ, ഓയിൽ മസാജ് തുടങ്ങിയ സേവനങ്ങൾകൂടി സാന്ത്വനം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഹരിത കേരളം പദ്ധതി**

137 (2694) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. ഉണ്ണി :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഗ്രാമ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജൈവ മാലിന്യ സംസ്കരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) അജൈവ മാലിന്യങ്ങളുടെ ശേഖരണത്തിനും അവയുടെ പുനർ ചംക്രമണത്തിനും എന്ത് മാർഗ്ഗമാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(സി) പദ്ധതിയുടെ ഭാഗമായി ഗ്രീൻ പ്രോട്ടോക്കോൾ പ്രചരിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; ഇത് വിവിധ മേഖലകളിൽ പ്രാവർത്തികമാക്കുന്നതിനെയും അതിനായി വേണ്ട പ്രചാരണ പ്രവർത്തനങ്ങളോടൊപ്പം നിയമനിർമ്മാണം വഴി നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കുമോ?

ഉത്തരം

(എ)

1. ഗാർഹിക/സ്ഥാപനതലങ്ങളിലെ ജൈവ മാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽത്തന്നെ ഉൽപ്പാദകന്റെ ഉത്തരവാദിത്വത്തിൽ സംസ്കരിക്കുന്ന രീതിയും (വികേന്ദ്രീകൃത ഉറവിട ജൈവമാലിന്യ സംസ്കരണം) അത് സാധ്യമാകാത്ത ഇടങ്ങളിൽ കമ്മ്യൂണിറ്റിതല കമ്പോസ്റ്റിങ്/ ബയോമെഥനേഷൻ രീതി ഉചിതമായ തലങ്ങളിലും (അയൽക്കൂട്ടം/വാർഡ്/തദ്ദേശ ഭരണ സ്ഥാപനം) പ്രാവർത്തികമാക്കുന്നതാണ്.

2. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ വലിയ നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തോടൊപ്പംതന്നെ നൂതനരീതിയിലുള്ള കേന്ദ്രീകൃത സംസ്കരണ സംവിധാനങ്ങളും നടപ്പാക്കുന്നതിന് ശ്രമിക്കും.

3. മാലിന്യ സംസ്കരണത്തിന് ഓരോ വീട്ടിലും നിലവിൽ ഏത് രീതിയാണ് അവലംബിക്കുന്നതെന്ന് വിലയിരുത്തിയശേഷം ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നിവയിൽ ഏത് രീതിയാണ് പ്രായോഗികമാകുക എന്ന് കണ്ടെത്തുകയും ആ രീതിയിലേയ്ക്ക് മാറുന്നതിന് വീട്ടുകാരെ സജ്ജരാക്കുകയും ചെയ്യുന്നതാണ്.

4. ചന്തകൾ, അറവുശാലകൾ, കല്ല്യാണ മണ്ഡപങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്.

5. ഉറവിട മാലിന്യ സംസ്കരണം വ്യാപകമാക്കുകയും അനുയോജ്യമായ മാലിന്യ സംസ്കരണ സങ്കേതങ്ങൾ ഉപയോഗിച്ച് മാലിന്യത്തെ ജൈവകൃഷിക്ക് അനുയോജ്യമായ വളമാക്കി മാറ്റി വീടുകളിൽ ത്തന്നെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്.

6. ബയോഗ്യാസ് സംവിധാനങ്ങളും തുമ്പൂർമൂഴി മാതൃകയിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളും.

7. അനുകൂലമായ മനോഭാവവും ശീലങ്ങളും രൂപീകരിക്കുന്നതിനും സുരക്ഷിത മാലിന്യ പരിപാലന സംസ്കാരം വളർത്തുന്നതിനും അനുയോജ്യമായ വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങളും കാമ്പയിനും സംഘടിപ്പിക്കുന്നതാണ്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ അജൈവമാലിന്യങ്ങൾ ഉചിതരൂപേണ തരംതിരിച്ച് ശേഖരിക്കുകയും അവയുടെ പുനഃചംക്രമണത്തിനായി കൈമാറുകയും വേണം. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ചുവരുന്നു. സംസ്ഥാനത്തിനകത്തുതന്നെ പുനഃചംക്രമണ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും എക്സ്റ്റൻഡഡ് പ്രൊഡ്യൂസേഴ്സ് റെസ്പോൺസിബിലിറ്റി പ്രകാരം പ്ലാസ്റ്റിക്, ഇ-വേസ്റ്റ് മുതലായവ, അവയുടെ ഉൽപ്പാദകർ, ഡീലർമാർ, ബ്രാൻഡ് ഓണർ തുടങ്ങിയവർ മുഖേന ശേഖരിച്ച് പുനഃചംക്രമണം ഉറപ്പാക്കുന്നതിനുള്ള നടപടികളും ആലോചിച്ചുവരുന്നു.

(സി) ഗ്രീൻ പ്രോട്ടോക്കോൾ പൊതു സ്വകാര്യ ചടങ്ങുകളിലെല്ലാം നടപ്പാക്കുന്നത് പ്രചരിപ്പിച്ചുവരുന്നുണ്ട്. നിയമനിർമ്മാണംവഴി നിർബന്ധമാക്കുന്നത് നിലവിൽ പരിഗണനയിലില്ല.

## ഹരിതകേരളം പദ്ധതി

138 (2695) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ശുചിത്വം, മാലിന്യസംസ്കരണം, കൃഷിവികസനം, ജലസംരക്ഷണം എന്നീ മേഖലകളുടെ ഏകോപിത പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി കർമ്മസേനകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ ഗൗരവമായി ഏറ്റെടുക്കാത്ത തദ്ദേശ സ്ഥാപനങ്ങളെ കണ്ടെത്തി ഫലപ്രദമായി ഇടപെടുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അതത് പ്രദേശത്തിന്റെ സാധ്യതയും വിഭവശേഷിക്കും അനുസൃതമായി കർമ്മമേഖലകൾ കണ്ടെത്തി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഹരിത കേരളം മിഷന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ ജില്ലാമിഷൻ കർമ്മസേനകളുടെ നേതൃത്വത്തിലാണ് നടപ്പിലാക്കിയത്. ജില്ലാ കർമ്മസേനകൾ നിർവ്വഹിച്ച പ്രവർത്തനങ്ങൾ, ഹരിതകേരളം മിഷൻ വൈസ്ചെയർപേഴ്സന്റെ നേതൃത്വത്തിലുള്ള ടീം ഓരോ ജില്ലയിലുമെത്തി അവലോകനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കർമ്മസേനയുടെ ഭാവിപ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുകയുമുണ്ടായി.

സംസ്ഥാനതലത്തിൽ ജില്ലാ കർമ്മസേനകൾക്ക് കിലയുടെ ആഭിമുഖ്യത്തിൽ ദ്വിദിന പരിശീലനം ലഭ്യമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ശുചിത്വം, മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി വികസനം എന്നീ മേഖലകളുടെ ഏകോപന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നിർദ്ദേശം നൽകുകയുമുണ്ടായി.

ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ മിഷനുകളേയും കർമ്മസേനകളേയും പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ടി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബ്ലോക്കുതലത്തിൽ പരിശീലനം നൽകുകയുണ്ടായി. കർമ്മസേനകളുടെ തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കർമ്മസേനാംഗങ്ങൾക്ക് കിലയുടെയും ഐ.എം.ജി-യുടെയും നേതൃത്വത്തിൽ ആവശ്യാനുസരണം പരിശീലനം ലഭ്യമാക്കി വരുന്നു.

(ബി) മിഷൻ പ്രവർത്തനങ്ങൾ ഗൗരവമായി എടുക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രവർത്തനങ്ങൾ വിലയിരുത്തി ഫലപ്രദമായി ഇടപെടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അപ്രകാരമാണ് പ്രവർത്തനം വിഭാവനം ചെയ്തിട്ടുള്ളത്.

**പെൻഷൻ ലഭിക്കാതെ ബുദ്ധിമുട്ടുന്നതിന് പരിഹാരം**

139 (2696) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കിടപ്പ് രോഗികളും മറ്റ് വിധത്തിൽ അവശതകളനുഭവിക്കുന്ന ധാരാളം ആളുകളും ആധാർ ലിങ്കില്ലാതെ പെൻഷൻ ലഭിക്കാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാരണങ്ങളാൽ പെൻഷൻ നിഷേധിക്കപ്പെട്ടതോ പെൻഷൻ ലഭിക്കാത്തതൊ ആയ എത്ര പേർ നിലനിൽക്കുന്നു എന്നത് ഡി.റ്റി.ബി. സെല്ലിലെ കണക്ക് പ്രകാരം വെളിപ്പെടുത്താമോ;

(സി) ഈ പ്രശ്നത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ നൽകുമെന്ന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ആധാർ ലഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് ഇലക്ഷൻ തിരിച്ചറിയൽ കാർഡോ റേഷൻ കാർഡോ സഹിതം സത്യവാങ്മൂലം നൽകിയാൽ പെൻഷൻ കൃത്യമായി ലഭിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ആധാർ കാർഡോ മറ്റ് തിരിച്ചറിയൽ രേഖകളോ സമർപ്പിക്കാത്ത 54918 പേർക്കാണ് പെൻഷൻ ലഭിക്കാതെ വന്നിട്ടുള്ളത്.

(സി) 21-1-2017-ലെ ജി.ഒ.(എംഎസ്.) 34/2017/ധന. നമ്പർ പ്രകാരമാണ് ഇക്കാര്യത്തിൽ സ്പഷ്ടീകരണം നൽകി സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളത്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഷോപ്പിംഗ് മാളുകളിൽ സൗജന്യ പാർക്കിംഗ്

140(2697) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോപ്പിംഗ് മാളുകളിൽ സൗജന്യ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തണമെന്ന വ്യവസ്ഥ ബിൽഡിംഗ് റൂൾസിലുണ്ടോ;

(ബി) എങ്കിൽ നിലവിലെ ഷോപ്പിംഗ് മാളുകളിൽ ആ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; സൗജന്യമായി ഈ സൗകര്യം കസ്റ്റമേഴ്സിന് ലഭ്യമാക്കുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) പെയ്ഡ് പാർക്കിംഗ് സൗകര്യമാണ് ചില മാളുകളിൽ ലഭ്യമാക്കിയിട്ടുള്ളതെന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഷോപ്പിംഗ് മാളുകളിൽ സൗജന്യ പാർക്കിഗ് സൗകര്യം ഏർപ്പെടുത്തണമെന്ന് പ്രത്യേക വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും പ്രതിപാദിക്കുന്നില്ല. എന്നാൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34(8), കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 38(8) എന്നിവ പ്രകാരം കെട്ടിടത്തിനുചുറ്റും ചട്ടപ്രകാരം വിടേണ്ടതായ മാൻഡേറ്ററി ഓപ്പൺ സ്പേസ്, വാഹന പാർക്കിംഗിനായി വിൽക്കാനോ വാടകയ്ക്ക് നൽകാനോ (Sold or letout) പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്.

(ബി) ഉണ്ട്. സൗജന്യ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തണമെന്ന് വ്യവസ്ഥയില്ല. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 പ്രകാരം നിയമാനുസൃത പാർക്കിംഗ് ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഡി) ബാധകമല്ല.

## ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ

141 (2698) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ബ്ലോക്കുകളിലും പൗരൻമാർക്കായുള്ള വിവരകേന്ദ്രങ്ങൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടുകൂടി ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുവഴി എന്തൊക്കെ സേവനങ്ങൾ ജനങ്ങൾക്ക് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുവഴി പൊതുജനങ്ങൾക്ക് ഇ-ലേണിംഗ്, കാലാവസ്ഥാ വിവരങ്ങൾ, പെൻഷൻ വിവരങ്ങൾ, വിവിധ പ്രവൃത്തികളുടെ ടെണ്ടർ വിജ്ഞാപനം, തൊഴിൽ വിജ്ഞാപനം തുടങ്ങിയ സേവനങ്ങൾ നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

## ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ ഒഴിഞ്ഞുകിടക്കുന്നതും തകർന്നു പോയതുമായ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ

142(2699) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ ഒഴിഞ്ഞു കിടക്കുന്നതും തകർന്നുപോയതുമായ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കണം എന്നു കാണിച്ച് ശ്രീ. ആകാശ് സാബു, പൊതുജനം റോഡ്, കുമാരപുരം നൽകിയ നിവേദനത്തിന്മേൽ (പെറ്റീഷൻ നമ്പർ 1070494/2016) ഇതുവരെ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം ഏത് സെക്ഷനാണ് ഇപ്പോൾ കൈകാര്യം ചെയ്യുന്നത്; ഇത് സംബന്ധിച്ച് ഫയൽ ആയിട്ടുണ്ടെങ്കിൽ ആയതിന്റെ നമ്പർ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രീ. ആകാശ് സാബു തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയത് ഇപ്പോൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പാണ് കൈകാര്യം ചെയ്തുവരുന്നത്. ഫയൽ നമ്പർ ആർ.സി.2/223/17/തസ്വഭവ.

**സേവന നികുതി**

143 (2700) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ കഴിഞ്ഞ ഭരണസമിതിയുടെ കാലത്ത് സേവനനികുതി വകുപ്പിന് സമർപ്പിച്ച വാർഷിക ധനകാര്യപദ്ധതിയിൽ ഗുരുതരമായ തെറ്റുകൾ കടന്ന്കൂടിയതിന്റെ അടിസ്ഥാനത്തിൽ നാലുകോടി രൂപ അടയ്ക്കുവാൻ നഗരസഭയോട് നികുതി വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ഒരു ഗുരുതരമായ തെറ്റ് ഉണ്ടാകാനിടയായ സാഹചര്യം വ്യക്തമാക്കുമോ; അതിനുത്തരവാദികളായവരാരെന്ന് കണ്ടെത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) സേവന നികുതിക്ക് ബാധകമാകാത്ത ഇനങ്ങളിലുള്ള തുകകൂടി നികുതി വകുപ്പ് കണക്കിലെടുത്താണ് ഇപ്രകാരം ഒരു നോട്ടീസ് നൽകിയത്. ഇതിന് നഗരസഭയിലെ ജീവനക്കാർ ആരുംതന്നെ ഉത്തരവാദികളല്ല. സേവന നികുതിക്ക് ബാധകമാകാത്ത ഇനങ്ങളിലുള്ള തുക കഴിഞ്ഞ് സേവന നികുതിക്ക് മാത്രം ബാധകമായ തുക ടാക്സ് സർവ്വീസ് കൺസൾട്ടന്റിനെക്കൊണ്ട് തിട്ടപ്പെടുത്തി ശരിയായ റിട്ടേൺ നികുതി വികുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

**ഓപ്പറേഷൻ അനന്ത പദ്ധതി**

144 (2701) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ അനന്ത പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനത്തിന് സർക്കാർ ഇതിനകം അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഒന്നാംഘട്ടത്തിൽ പൂർത്തിയാക്കിയ പല നിർമ്മാണ പ്രവർത്തനങ്ങളുടെയും ടെണ്ടർ തുക ഇനിയും കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ടോ; എങ്കിൽ പ്രസ്തുത ഇനത്തിൽ എത്ര തുക കൊടുത്തു തീർക്കാനുണ്ട്;

(സി) സർക്കാർ അനുമതിക്കായി ഇപ്പോൾ സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെ; ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തുക എത്ര;

(ഡി) പുതിയ പദ്ധതികൾ കിഫ്ബി വഴി ഏറ്റെടുത്ത് നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) നൽകിയിട്ടില്ല.

(ബി) ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിൽ പൂർത്തിയാക്കിയ നിർമ്മാണപ്രവർത്തനങ്ങളുടെ ടെണ്ടർ തുകയ്ക്കുള്ള ബില്ലുകൾ നിർവ്വഹണ ഏജൻസികൾ തയ്യാറാക്കി ഓപ്പറേഷൻ അനന്തയുടെ നോഡൽ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന്റെ സൂക്ഷ്മ പരിശോധന റിപ്പോർട്ടോടുകൂടി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ അംഗീകാരത്തോടെയാണ് അനുവദിച്ച് നൽകുന്നത്. ഓപ്പറേഷൻ അനന്തയുടെ പ്രവർത്തനങ്ങൾക്ക് ആകെ 19.05 കോടി രൂപ ചെലവായിട്ടുള്ളതാണ്. ഓപ്പറേഷൻ അനന്തയുടെ ഒന്നാം ഘട്ട പ്രവൃത്തികളുടെ ബില്ലുകൾ വിവിധ നിർവ്വഹണ ഏജൻസികൾ തയ്യാറാക്കി വരുന്നതും ഇനിയും ഏകദേശം 6.57 കോടിയോളം രൂപ നൽകേണ്ടതുള്ളതുമാണ്.

(സി) ഓപ്പറേഷൻ അനന്തയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രവൃത്തികളുടെ പട്ടിക അനുബന്ധം ആയി ചേർക്കുന്നു*. പ്രസ്തുത പ്രവൃത്തികളുടെ ആകെ എസ്റ്റിമേറ്റ് തുക 6461.50 ലക്ഷം രൂപയാണ്.

(ഡി) പരിഗണനയിലില്ല.

**റോഡുകളിലെ പരസ്യ ബോർഡുകൾ**

145 (T 2702) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരസ്യ ബോർഡുകൾ റോഡുകളിൽ സ്ഥാപിക്കുന്നത് സംസ്ഥാനത്ത് ഉടനീളം വ്യാപകമായിട്ടും നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥരുടെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കർശന നടപടികൾ സ്വീകരിക്കുവാൻ ഉദ്യോഗസ്ഥർക്ക് ഉത്തരവ് നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ച് നടപടി സ്വീകരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാസർഗോഡ് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഒഴിവുകൾ**

146 (2703) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം : 106

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ഗ്രാമവികസന വകുപ്പ് - 7 ഒഴിവുകൾ

പഞ്ചായത്ത് വകുപ്പ് -46 ഒഴിവുകൾ

(പഞ്ചായത്ത് ഡെപ്യൂട്ടി/അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിൽ 44 തസ്തികയും ജില്ലാ പഞ്ചായത്ത് ഓഫീസിൽ 2 തസ്തികയും)

നഗരകാര്യ വകുപ്പ് - 13 ഒഴിവുകൾ

(കാസർഗോഡ് നഗരസഭ - 7 ഒഴിവുകൾ, കാഞ്ഞങ്ങാട് നഗരസഭ - 2 ഒഴിവുകൾ, നീലേശ്വരം നഗരസഭ - 4 ഒഴിവുകൾ)

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ 40 ഒഴിവുകൾ

(ജില്ലാ പഞ്ചായത്ത് - 3 ഒഴിവുകൾ, ബ്ലോക്ക് പഞ്ചായത്ത് - 5 ഒഴിവുകൾ, ഗ്രാമപഞ്ചായത്ത് - 32 ഒഴിവുകൾ)

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും സ്ഥാനക്കയറ്റം വഴി നികത്തേണ്ട ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റുകൾ നിലവിലില്ലാത്ത തസ്തികകളിലെ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കണ്ടിൻജന്റ് പെൻഷൻ

147 (2704) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുനിസിപ്പൽ/കോർപ്പറേഷൻ കണ്ടിൻജന്റ് പെൻഷൻകാരുടെ പെൻഷൻ പരിഷ്കരിക്കാനും, ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കാനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

ഈ വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

## കുളങ്ങളുടെ സംരക്ഷണവും ജലദൗർലഭ്യം പരിഹരിക്കുന്നതിനുള്ള നടപടിയും

148 (2705) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ കുളങ്ങൾ സംരക്ഷിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാം പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദമാക്കുമോ;

(ബി) കുളങ്ങൾ സംരക്ഷിക്കുന്നതിന് ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല എങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇനിയെങ്കിലും കുളങ്ങൾ സംരക്ഷിക്കുന്നത് ഉൾപ്പെടെ ജലദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നേമം നിയോജകമണ്ഡലത്തിലെ മൂന്ന് കുളങ്ങൾ സൈഡ് വാൾ കെട്ടി സംരക്ഷിക്കുന്ന പ്രോജക്ട് (2013-2014, 2016-2017) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ബാധകമല്ല.

## പഞ്ചായത്ത് വകുപ്പിൽ ടെസ്റ്റ് എക്സംപ്ഷൻ

149 (2706) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ 50 വയസ്സിന് മുകളിൽ ടെസ്റ്റ് എക്സംപ്ഷൻ വാങ്ങി സീനിയർ ക്ലാർക്ക് തസ്തികയിൽ തുടരുന്ന എത്ര പേർ നിലവിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ ടെസ്റ്റ് എക്സംപ്ഷൻ വാങ്ങി യു.ഡി. ക്ലാർക്കുമാരായി തുടരുന്നവരുടെ റിട്ടയർമെന്റ് കാലാവധി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നിലവിൽ സീനിയർ ക്ലാർക്ക്-അക്കൗണ്ടന്റ് തസ്തികയിൽ ഓപ്ഷൻ കൊടുക്കാത്ത ജീവനക്കാർക്ക് അവരുടെ അടുത്ത പ്രൊമോഷൻ തസ്തികയായ ഹെഡ് ക്ലർക്ക് തസ്തികയിൽ എത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കാമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർക്കുന്നു.

(ബി) മറ്റ് ജീവനക്കാർക്കുള്ള റിട്ടയർമെന്റ് കാലാവധി (56 വയസ്സ്) തന്നെയാണ്. ടെസ്റ്റ് എക്സംപ്ഷൻ വാങ്ങി യു. ഡി. ക്ലാർക്കുമാരായി തുടരുന്നവരുടെയും റിട്ടയർമെന്റ് കാലാവധി.

(സി) നിലവിൽ അക്കൗണ്ടന്റ് തസ്തികയിൽ ഓപ്ഷൻ കൊടുക്കാത്ത ജീവനക്കാർക്ക് സീനിയർ ക്ലാർക്കിൽ നിന്നും അടുത്ത പ്രൊമോഷൻ തസ്തികയായ ഹെഡ് ക്ലാർക്ക് തസ്തികയിൽ സീനിയോറിറ്റി അനുസരിച്ചാണ് പ്രൊമോഷൻ നൽകുന്നത്.

**പഞ്ചായത്ത് വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക**

150 (2707) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെ എത്തിയിട്ടുണ്ട്;

(സി) ഇല്ലായെങ്കിൽ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**അരിമ്പൂർ പഞ്ചായത്തിലെ റോഡ് നിർമ്മാണം**

151(2708) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17-ൽ ശിപാർശ ചെയ്തിട്ടുള്ള അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ പരമൻപാടം റോഡ് നിർമ്മാണം സംബന്ധിച്ച പ്രവൃത്തിയുടെ ഡി. പി. ആർ. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) മഴക്കാലമായാൽ പ്രസ്തുത റോഡിന്റെ നിർമ്മാണം തടസ്സപ്പെട്ടു മെന്നതിനാൽ ഭരണാനുമതി ലഭ്യമാക്കാൻ സത്വരനടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ പരമൻപാടം റോഡ് നിർമ്മാണം സംബന്ധിച്ച പ്രവൃത്തിയുടെ ഡി. പി. ആർ. ലഭിച്ചിട്ടില്ല.

(ബി) സ്വീകരിക്കുന്നതാണ്.

(സി) എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതി**

152 (2709) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായ ഗ്രാമസഭകൾ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം മേഖലകളിലാണ് ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) കാർഷിക മേഖലയുടെ പുരോഗതിക്കുവേണ്ടി ഏതെല്ലാം പ്രവർത്തനങ്ങളാണ് ജനകീയാസൂത്രണത്തിലൂടെ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പശ്ചാത്തലമേഖല, സേവന മേഖല, ഉൽപ്പാദനമേഖല എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ തയ്യാറാക്കണമെന്നും ഇതിനായി വികസനഫണ്ട് വകയിരുത്തേണ്ട രീതികളും മാർഗ്ഗരേഖയിൽ വിശദമാക്കിയിട്ടുണ്ട്. കാർഷിക മേഖല, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, കുടിവെള്ള വിതരണം, ഊർജ്ജം, വിദ്യാഭ്യാസം, ഗതാഗതം, ആരോഗ്യ സംരക്ഷണം, ശുചിത്വം, യുവജനക്ഷേമം, കലാകായികം തുടങ്ങിയ മേഖലകളുടെ ഉന്നമനത്തിനും പദ്ധതികൾ തയ്യാറാക്കണമെന്നും ഇതിനായി പ്രത്യേകമായി ഫണ്ട് മാറ്റിവയ്ക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കാർഷിക മേഖലയിൽ ഹരിത കേരള മിഷനുമായി സംയോജിപ്പിച്ച് വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. മണ്ണ്, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തടപരിപാലനം, വനവൽക്കരണം എന്നിവയ്ക്ക് ഊന്നൽനൽകിയിട്ടുണ്ട്. ഭക്ഷ്യവിളകളുടെ വിള വിസ്തൃതി, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, ജൈവകൃഷിയും ജൈവവളങ്ങളുടെയും ജൈവ കീടനാശിനികളുടെയും ഉൽപ്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുക, കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക, പഴം-പച്ചക്കറി വിപണനത്തിന് പരമ്പരാഗത ചന്തകൾ, നാടൻ ചന്തകൾ വഴി വിപണന സാധ്യതകൾ ഉണ്ടാക്കുക തുടങ്ങിയ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. തരിശു ഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുക, സ്വകാര്യഭൂമിയിലും പൊതു സ്ഥലങ്ങളിലും ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിവഴി നടപ്പാക്കുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. സംഘകൃഷിക്ക് ഗ്രൂപ്പുകൾ സംഘടിപ്പിച്ച് സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നതിനും കർഷകരുടെ കൂട്ടായ്മ മുഖേന ഉൽപ്പന്നസംഭരണം, പ്രാഥമിക സംസ്കരണം, വിപണനം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കാർഷിക ഉൽപ്പാദക കമ്പനികൾ മുഖേന ഉൽപ്പന്ന വൈവിധ്യവൽക്കരണം, സംസ്കരണം, വിപണനം, കയറ്റുമതി പ്രവർത്തനങ്ങൾ തുടങ്ങിയവ ഏറ്റെടുക്കുന്നതിനും മാർഗ്ഗരേഖയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോക്കേഴ്സ് തീയേറ്ററിന്റെ ലൈസൻസ്

153 (2710) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ പ്രവർത്തിക്കുന്ന കോക്കേഴ്സ് തീയേറ്ററിന്റെ ലൈസൻസ് കാലാവധി എന്നുവരെയാണ്;

(ബി) നിലവിൽ ഈ തീയേറ്റർ ലൈസൻസ് ഇല്ലാതെയാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ; എങ്കിൽ നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ;

(സി) തീയേറ്റർ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ പാട്ടക്കാലാവധി എന്നാണ് കഴിഞ്ഞത്;

(ഡി) പാട്ടക്കാലാവധി അവസാനിച്ചിട്ടുണ്ടെങ്കിൽ തീയേറ്ററും സ്ഥലവും ഏറ്റെടുക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) 31-3-2007 വരെ.

(ബി) നിലവിൽ ഈ തീയേറ്റർ പ്രവർത്തിക്കുന്നില്ല.

(സി) 31-5-2008 -നാണ് പാട്ടക്കാലാവധി കഴിഞ്ഞത്.

(ഡി) 26-4-2017-ന് ടി കെട്ടിടവും സ്ഥലവും കൊച്ചി നഗരസഭ കൈവശപ്പെടുത്തിയിട്ടുള്ളതാണ്.

## കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ഓൺലൈൻ വിപണിയുടെ സാധ്യതകൾ

154 (2711) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബശ്രീ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ഓൺലൈൻ വിപണിയുടെ സാധ്യതകൾ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങളോ തയ്യാറെടുപ്പുകളോ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഉണ്ട്. കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണന ശൃംഖല വിപുലപ്പെടുത്തുന്നതിനും നൂതനമായ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമായി ഓൺലൈൻ വഴി ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്നു. ഓൺലൈൻ വിപണി സംബന്ധിച്ച് വിശദമായ പഠനം നടത്തിയ ശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്.

## സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി

155 (2712) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ദേവികുളം മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) അർഹരായ പരമാവധി ആവശ്യക്കാർക്ക് സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിച്ചു നൽകുന്നതിന് അടിയന്തര പ്രാധാന്യത്തോടെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) അടുത്ത 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ മുഴുവൻ ഭവന രഹിതർക്കും വാസയോഗ്യമായ ഭവനം ലഭ്യമാക്കുകയും നിലവിലുള്ള ഭവനം വാസയോഗ്യമാക്കുകയുമാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയായ ലൈഫിന്റെ ലക്ഷ്യം. അതോടൊപ്പം സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹികക്ഷേമ പദ്ധതികളുടേയും പ്രയോജനം ലഭ്യമാക്കുന്നതിനുമുള്ള ശാക്തീകരണ പ്രക്രിയയും പദ്ധതിയുടെ ലക്ഷ്യമാണ്.

(സി) ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ മുഖേന നടത്തിയ സർവ്വെ പൂർത്തിയായിട്ടുണ്ട്. ആയതിന്റെ വെരിഫിക്കേഷൻ നടന്നുവരുന്നു. വെരിഫിക്കേഷൻ പൂർത്തീകരിച്ചശേഷം കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്തുതലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതുമാണ്. ഭൂരഹിത ഭവനരഹിതർക്കായി ആദ്യഘട്ടത്തിൽ 14 ജില്ലകളിൽ ഓരോ ഭവന സമുച്ചയങ്ങളുടെയും നിർമ്മാണം ഉടനെതന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ബാസ്കറ്റ് ബാൾ ഗ്രൗണ്ടിന്റെ മേൽക്കൂര

156 (2713) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഹോസ്റ്റലിന് സമീപം ഫ്ലൈഓവറിനോട് ചേർന്ന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മിച്ചിട്ടുള്ള ബാസ്കറ്റ് ബാൾ ഗ്രൗണ്ടിന്റെ മേൽക്കൂര അനുമതിപത്രപ്രകാരം ഫ്ലൈഓവറിൽ നിന്ന് എത്ര അകലം പാലിച്ചിരിക്കേണ്ടതായിട്ടുണ്ട്;

(ബി) നിലവിലെ മേൽക്കൂര നിശ്ചിത ദൂരം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് നിലനിർത്തിക്കൊണ്ട് നികുതി നിശ്ചയിച്ച് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് വ്യവസ്ഥ പ്രകാരം;

(സി) അനധികൃതമായി ഫ്ലൈഓവറിനോട് ചേർന്നുനിൽക്കുന്ന കൂര സത്വരം പൊളിച്ച് നീക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 7.00 മീറ്റർ അകലം പാലിക്കണം.

(ബി) ഇല്ല. നികുതി നിശ്ചയിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

## തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതനം

157 (2714) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതനം യഥാസമയം ലഭ്യമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള വേതന കുടിശ്ശിക ഏത് കാലയളവ് വരെ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കുടിശ്ശിക എന്നത്തേയ്ക്ക് കൊടുത്തുതീർക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതനം കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016-2017 സാമ്പത്തിക വർഷത്തിൽ അവിദഗ്ദ്ധ കൂലിയിനത്തിൽ 759.47 കോടി രൂപയാണ് നാളിതുവരെ കുടിശ്ശികയായിട്ടുള്ളത്. മേൽ തുക അടിയന്തരമായി ലഭ്യമാക്കുവാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭിക്കുന്നമുറയ്ക്ക് കുടിശ്ശിക പൂർണ്ണമായും കൊടുത്ത് തീർക്കുന്നതാണ്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതന കുടിശ്ശിക 23-12-2016 മുതൽ 31-3-2017 വരെയുള്ളതാണ്.

(സി) 2016-2017 സാമ്പത്തിക വർഷം 214614.07 ലക്ഷം രൂപയാണ് അവിദഗ്ദ്ധ കായിക കൂലിയിനത്തിൽ കേന്ദ്ര വിഹിതമായി ലഭ്യമാകേണ്ടിയിരുന്നത്. എന്നാൽ 1386.70 കോടി രൂപയാണ് അവിദഗ്ദ്ധ കായിക കൂലിയിനത്തിൽ കേന്ദ്രവിഹിതമായി ലഭിച്ചത്. ബാക്കി തുക ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും 2017-2018 സാമ്പത്തിക വർഷത്തിന്റെ ആദ്യഗഡു ഇനത്തിലും 2016-2017-ലെ കുടിശ്ശിക തീർക്കുന്നതിനുമായി ആകെ ലഭ്യമായത് 122.8379 കോടി രൂപ മാത്രമാണ്. കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭിക്കുന്നമുറയ്ക്ക് കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കുന്നതാണ്.

(ഡി) പദ്ധതിയിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ കൂലി നിർണ്ണയിക്കുന്ന നടപടികൾ ഫലപ്രദമായി പൂർത്തീകരിച്ചു. തുക സമയബന്ധിതമായി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തുകളിൽ നടപ്പുവർഷ ആരംഭത്തിൽ തന്നെ തുടങ്ങിയിട്ടുണ്ട്. എന്നാൽ കേന്ദ്രസർക്കാർ ഫണ്ട് നൽകുന്നമുറയ്ക്ക് മാത്രമെ തുക തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതിന് കഴിയുകയുള്ളൂ.

**കാസർഗോഡ് ജില്ലയിൽ വകുപ്പുതല-വിജിലൻസ് നടപടികൾ**

158 (2715) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ കാസർഗോഡ് ജില്ലയിലെ എത്ര ജീവനക്കാർക്കെതിരെ വകുപ്പുതല നടപടികളും വിജിലൻസ് നടപടികളും നടന്നുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ജീവനക്കാരുടെ നടപടിയിൽ തീർപ്പുകല്പിച്ചിട്ടുണ്ടെന്നും എത്ര ജീവനക്കാരുടെ പേരിൽ നടപടികൾ നിലവിലുണ്ടെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## പള്ളിപ്പുറം, എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തുകളുടെ വിഭജനം

159(2716) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം, എളങ്കുന്നപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ജനസംഖ്യ, വ്യാപ്തി എന്നിവ വിശദമാക്കാമോ;

(ബി) ജനസംഖ്യ, വ്യാപ്തി എന്നിവയെ അടിസ്ഥാനപ്പെടുത്തി പ്രസ്തുത പഞ്ചായത്തുകളെ വിഭജിക്കുന്നതിനും പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ)

| ഗ്രാമപഞ്ചായത്ത് | ജനസംഖ്യ | വിസ്തീർണ്ണം |
|---|---|---|
| പള്ളിപ്പുറം | 41100 | 16.66 ച.കി.മീ |
| എളങ്കുന്നപ്പുഴ | 47878 | 11.52 ച.കി.മീ |

(ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് (4) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ, കുറയ്ക്കുകയോ പരിവർത്തന പ്പെടുത്തുകയോ ചെയ്യുന്ന ഏതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ പുതിയ പഞ്ചായത്തുകളുടെ രൂപീകരണം ഇപ്പോൾ പരിഗണനയിലില്ല.

## പ്ലാസ്റ്റിക് നിരോധനം

160(2717) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും പ്ലാസ്റ്റിക് സംസ്കരണശാലകൾ സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്ലാസ്റ്റിക് പൂർണ്ണമായും നിരോധിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടില്ല. 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നത് സംബന്ധിച്ച് 24-9-2016-ലെ 576/ഡി.സി.1/16/തസ്വഭവ. സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതുപ്രകാരം വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ബാഗുകളിൽ മാത്രമെ വിതരണം ചെയ്യാൻ പാടുള്ളൂ എന്ന് മറ്റ് കാര്യങ്ങളുടെ കൂട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി&സി) എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും വലിയ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും അവയുടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതിക സഹായവും മേൽനോട്ടവും നൽകുവാൻ ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**മുനിസിപ്പൽ കോമൺ സർവ്വീസിലെ വികലാംഗ ജീവനക്കാരുടെ പ്രശ്നം**

161(2718) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ ഐ. എ. 4 - 720/2015/എൽ. എസ്. ജി. ഡി. എന്ന ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) നഗരകാര്യ ഡയറക്ടറേറ്റിലെ ഇ 6/6476/2016 എന്ന ഫയലിന്മേൽ നഗരകാര്യ ഡയറക്ടർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) നഗരകാര്യ ഡയറക്ടറേറ്റിലെ മേൽ സൂചിപ്പിച്ച ഫയലിന്മേൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് വികസന അതോറിറ്റിയിൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ താൽക്കാലിക നിയമനം ലഭിച്ച 9 ഭിന്നശേഷിക്കാരായ ഉദ്യോഗസ്ഥർക്ക് സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി വർഷം പ്രമാണിച്ച് സ്ഥിരനിയമനം നൽകുകയും പിന്നീട് കോഴിക്കോട് വികസന അതോറിറ്റി

പിരിച്ചുവിട്ടതിന്റെ ഭാഗമായി മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് മാറ്റി നിയമിക്കുകയും ചെയ്തപ്പോൾ കോഴിക്കോട് വികസന അതോറിറ്റിയിൽ ഉണ്ടായിരുന്ന മുൻകാല സർവ്വീസും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മുനിസിപ്പൽ കോമൺ സർവ്വീസിൽ സംരക്ഷിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി ജീവനക്കാർ സമർപ്പിച്ച അപേക്ഷ ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിക്കുകയും ടി വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നഗരകാര്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടുകയുണ്ടായി.

(ബി&സി) 3-5-2017-ൽ ഇ 6/6476/2016 കത്ത് പ്രകാരം നഗരകാര്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**മൂർക്കനാട് കുടിവെള്ള പദ്ധതി**

162 (2719) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൂട്ടിലങ്ങാടി-ചെല്ലൂർ-പെരുന്താറ്റിരി റോഡ് പൈപ്പ് ലൈൻ ഇടുന്നതിനായി കുഴിച്ചശേഷം നാളിതുവരെ പ്രസ്തുത റോഡ് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി മലപ്പുറം ജില്ലാ പഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റെയോ വിഹിതം വകയിരുത്തിയിട്ടുണ്ടോ;

(സി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത റോഡ് നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റോഡിൽ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് 3,77,657 രൂപ ചെലവഴിച്ച് കൂടുതൽ കേടുള്ള ഭാഗം കേടുപാടുകൾ തീർത്തിട്ടുണ്ട്.

(ബി) ജില്ലാ പഞ്ചായത്തിലേയ്ക്ക് ജനുവരിയിൽ 10 ലക്ഷം രൂപയുടെ അടങ്കൽ തയ്യാറാക്കി അയച്ചിട്ടുണ്ട്. മങ്കട ബ്ലോക്ക് പഞ്ചായത്ത് തുക നീക്കിവച്ചിട്ടില്ല.

(സി) ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പെൻഷനുകൾ കൃത്യമായി നൽകാത്തത്

163(2720) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ വാർദ്ധക്യ-വികലാംഗ പെൻഷനുകൾ കൃത്യമായി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ വാഴാർമംഗലത്ത് കോയിക്കത്ത് ബാബു. കെ. സി. (IDNo. 101810400049)യുടെ വികലാംഗ പെൻഷൻ 2016 ജൂലൈ മാസത്തിനുശേഷം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ടിയാന് പെൻഷൻ കുടിശ്ശിക സഹിതം എന്ന് വിതരണം ചെയ്യുമെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതും ഗുണഭോക്തൃ വിവരങ്ങളിൽ സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിട്ടില്ലാത്തതുമായ എല്ലാ ഗുണഭോക്താക്കൾക്കും പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

(ബി) പെൻഷണർ ID No. 101810400049, ബാബു.കെ.സി.യുടെ പെൻഷൻ വിവരങ്ങൾ 13-2-2017-ന് ആണ് ഡിജിറ്റൽ സൈൻ ചെയ്ത് അധികൃതമാക്കി ഡിബിടി സെല്ലിന് ലഭ്യമാക്കിയിട്ടുള്ളത്. 14-7-2016 മുതൽ 12-2-2017 വരെ ടി ആളുകളുടെ വിവരങ്ങൾ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽനിന്നും ഡിജിറ്റൽ സൈൻ ചെയ്ത് ലഭ്യമാക്കാത്തത് കൊണ്ടാണ് ജൂലൈ 2016-ന് ശേഷം പെൻഷൻ ലഭ്യമാകാത്തത്. സർക്കാർ ഉത്തരവ് പ്രകാരം ആധാർ നമ്പറോ അല്ലെങ്കിൽ മറ്റൊരു തിരിച്ചറിയൽ രേഖയോ പ്രസ്തുത ഗുണഭോക്താവ് നിലവിൽ സമർപ്പിച്ചിട്ടില്ല.

(സി) ആധാർ/തിരിച്ചറിയൽ രേഖ സംബന്ധിച്ച വിവരങ്ങൾ സമർപ്പിച്ച ശേഷം, കുടിശ്ശിക വിതരണത്തിനായി തുക അനുവദിക്കുന്നമുറയ്ക്ക് പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതാണ്.

## അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ അധികച്ചുമതല

164(2721) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് ഗ്രാമപഞ്ചായത്തുകളുടെ ചുമതല ഒരു അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ക്രമീകരണം മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സർക്കാർ പരിശോധിച്ചുവരുന്നു.

## ജനകീയാസൂത്രണം രണ്ടാംഘട്ടത്തിൽ മണ്ണ് ജലസംരക്ഷണത്തിനുള്ള പദ്ധതികൾ

165 (2722) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീർത്തടാധിഷ്ഠിത രീതിയിൽ മണ്ണ് ജലസംരക്ഷണത്തിനുള്ള പദ്ധതികൾ ജനകീയാസൂത്രണം രണ്ടാംഘട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ;

(ബി) കേരളത്തിന്റെ മുഴുവൻ പ്രദേശങ്ങളുടെയും നീർത്തട മാപ്പുകൾ കേരള പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഭൂഗർഭജലം പരിപോഷിപ്പിച്ച് അതിന്റെ ഗുണഫലം വരുംതലമുറയ്ക്ക് കിട്ടുന്നതിനുള്ള പദ്ധതികൾ ജനകീയാസൂത്രണത്തിൽ നടപ്പിലാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്ലാനിംഗ് ബോർഡ് നീർത്തട മാപ്പുകൾ തയ്യാറാക്കിയിട്ടില്ല.

(സി) മണ്ണ്, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തട പരിപാലനം, വനവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകിയിട്ടുണ്ട്.

## കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കെട്ടിടം പണിയാൻ നടപടി

166 (2723) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പുതുതായി രൂപീകരിച്ച കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിനായി കെട്ടിടത്തിന്റെ സ്ട്രക്ചർ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. 6 കോടി രൂപയുടെ കോസ്റ്റ് എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് പി.ഡബ്ല്യൂ.ഡി. നിരക്കിൽ തയ്യാറാക്കിവരുന്നു. പഞ്ചായത്തിൽനിന്നും ബിൽഡിംഗ് പെർമിറ്റും ലഭ്യമാക്കിയിട്ടുണ്ട്.

## ശുചിത്വ മിഷനും ഖരമാലിന്യ സംസ്കരണവും

167 (2724) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യങ്ങൾ ശരിയായി സംസ്കരിക്കാൻ കഴിയാതെ പോകുന്നത് പല സാമൂഹിക പ്രശ്നങ്ങൾക്കും കാരണമാകുന്നതിനാൽ ആയത് ഭംഗിയായും കുറ്റമറ്റതായും നിർവ്വഹിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നാളിതുവരെയായി ശുചിത്വ മിഷൻ സംസ്ഥാനത്ത് എന്തെല്ലാം പ്രവൃത്തികൾ മാലിന്യ നിർമ്മാർജ്ജനത്തിനായി ചെയ്തിട്ടുണ്ട്; ഓരോ പ്രവൃത്തിക്കും എത്ര തുക വീതം അനുവദിച്ചു; എത്ര ചെലവഴിച്ചു; വ്യക്തമാക്കുമോ;

(സി) ഖരമാലിന്യ സംസ്കരണത്തിനായി എന്തെങ്കിലും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ഡി) ശുചിത്വ മിഷൻ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പുവർഷം ഇതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അതത് പ്രദേശങ്ങളിലെ മാലിന്യസംസ്കരണം ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും ഉത്തരവാദിത്വമാണ്. പ്രസ്തുത സ്ഥാപനങ്ങൾ മുഖേന ഖരമാലിന്യ സംസ്കരണ പദ്ധതികൾ കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിലേയ്ക്ക് ചുവടെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് :

1. ഉറവിട മാലിന്യ സംസ്കരണം, വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തലത്തിലും
2. നിലവിലുള്ള പൊതുപ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും അപ്ഗ്രഡേഷനും.
3. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കൽ തരംതിരിക്കപ്പെട്ട അജൈവമാലിന്യം പുനഃചംക്രമണത്തിനായി കൈമാറ്റം ചെയ്യൽ.
4. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ
5. പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കൽ, പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുള്ള ക്യാമ്പയിൻ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉൽപ്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.
6. പുനഃചംക്രമണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.
7. മാലിന്യ സംസ്കണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സംരംഭകർക്ക് പ്രോത്സാഹനം നൽകൽ.
8. പ്ലാസ്റ്റിക്/ ഇ-വേസ്റ്റ് മാലിന്യ പരിപാലനത്തിന് എക്സ്റ്റന്റഡ് പ്രൊഡ്യൂസേഴ്സ് റെസ്പോൺസിബിലിറ്റി ബാധകമാക്കുന്നതിലേയ്ക്കുള്ള നടപടികൾ.
9. 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗവും വിപണനവും നിയന്ത്രിക്കൽ.
10. ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.
11. ബന്ധപ്പെട്ട സ്റ്റേക് ഹോൾഡർമാർക്കുള്ള ശേഷീവികസന പരിപാടികൾ.

(ബി) മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികൾ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നടപ്പിലാക്കുന്നത്. ശുചിത്വ മിഷൻ മാലിന്യ സംസ്കരണ പദ്ധതികൾക്ക് ആവശ്യമായ സാങ്കേതിക സഹായവും സർക്കാർ വിഹിതമായ സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്.

ശുചിത്വ മിഷൻ മുഖേനയുള്ള മാലിന്യ സംസ്കരണ പദ്ധതികൾക്ക് അനുവദിച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു:

| പദ്ധതി | അനുവദിച്ച തുക (രൂപ കോടിയിൽ) | ചെലവഴിച്ച തുക (രൂപ കോടിയിൽ) |
|---|---|---|
| ശുചിത്വ കേരളം (റൂറൽ) | 109.1 | 88.68 |
| ശുചിത്വ കേരളം (അർബൻ) | 94.08 | 77.81 |
| സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) | 424.99 | 424.99 |
| സ്വച്ഛ് ഭാരത് മിഷൻ (അർബൻ) | 63.2 | 29.28 |

(സി) ഖരമാലിന്യ സംസ്കരണത്തിനായി പുതിയ പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ല.

(ഡി) ഖരമാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷൻ പുതിയ പദ്ധതികളൊന്നും ആലോചിച്ചിട്ടില്ല.

**എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിരവധി തസ്തികകളുടെ ഒഴിവുകൾ**

168(2725) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചുവരുന്നു.

(സി) ഒന്നാംതരം ഓവർസിയർമാരുടെ 225 ഒഴിവുകൾ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്തിയിട്ടുള്ളതാണ്. 74 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളിലേയ്ക്ക് പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് നൽകിയിട്ടുണ്ട്. ആയവ ഉടൻതന്നെ നികത്തുന്നതാണ്. 2017 ഡിസംബർ വരെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പ്രൊമോഷൻ ഒഴിവുകളിലേയ്ക്ക് 53 പേരെ ഡി.പി.സി. (ലോവർ) സെലക്ട് ചെയ്തിട്ടുണ്ട്. റിട്ടയർമെന്റ് വരുന്നമുറയ്ക്ക് ഇവർക്ക് നിയമനം നൽകുന്നതാണ്. രണ്ടാംതരം ഓവർസിയർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് വരുന്നമുറയ്ക്ക് നിയമനം നൽകുന്നതാണ്. മൂന്നാംതരം ഓവർസിയർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒഴിവുകൾ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിന് എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

169(2726) <u>ശ്രീ. കെ. സി. ജോസഫ്</u> :

<u>ശ്രീ. വി. ഡി. സതീശൻ</u> :

<u>ശ്രീ. അൻവർ സാദത്ത്</u> :

<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 സാമ്പത്തികവർഷം എത്ര തുക സംസ്ഥാനം ചെലവിട്ടു; 2015-16-ഉമായി താരതമ്യപ്പെടുത്തുമ്പോൾ ഇതിൽ വർദ്ധനവുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2016-17-ൽ മൊത്തം നൽകിയ തൊഴിൽ ദിനങ്ങൾ, കുടുംബത്തിന് കിട്ടിയ ശരാശരി തൊഴിൽദിനങ്ങൾ എന്നിവയിൽ കുറവ് വന്നിട്ടുണ്ടോ;

(സി) നടപ്പ് വർഷം കേരളത്തിലെ തൊഴിലുറപ്പ് കൂലിയിൽ കേന്ദ്രം വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ;

(ഡി) തൊഴിലുറപ്പ് പദ്ധതിയിൽ ഈ വർഷം പുതിയതായി ഏതെങ്കിലും തൊഴിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം 2016-2017 സാമ്പത്തിക വർഷം 2426.86 കോടി രൂപയാണ് സംസ്ഥാനം ചെലവഴിച്ചത്. 2015-2016 സാമ്പത്തിക വർഷത്തിൽ 1483.50 കോടി രൂപയാണ് ചെലവഴിച്ചത്. 2015-2016 സാമ്പത്തിക വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ പദ്ധതി ചെലവിനത്തിൽ 2016-2017 സാമ്പത്തിക വർഷത്തിൽ 943.35 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) 2016-2017 സാമ്പത്തിക വർഷം ആകെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ 684.63 ലക്ഷമാണ്. ഇതേ കാലയളവിൽ ജോലിക്ക് പങ്കെടുത്ത ഒരു കുടുംബത്തിന് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ 46.97 ആണ്. മുൻവർഷത്തെ അപേക്ഷിച്ച് 2016-2017 സാമ്പത്തിക വർഷം ആകെ സൃഷ്ടിച്ച തൊഴിൽദിനങ്ങളിൽ 57.10 ലക്ഷം തൊഴിൽദിനങ്ങളുടെയും ശരാശരി തൊഴിൽദിനങ്ങളിൽ 2.28 ദിവസങ്ങളുടെയും കുറവുണ്ടായിട്ടുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്രസർക്കാരിന്റെ 28-2-2017-ലെ എസ്.ഒ.666 (ഇ)നമ്പർ വിജ്ഞാപന പ്രകാരം 1-4-2017 മുതൽ കൂലി 240 രൂപയിൽനിന്ന് 258 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പുതുതായി ഈ വർഷം സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പുവഴി നടപ്പാക്കിയ ആലത്തൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പദ്ധതികൾ**

170(2727) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തിൽ മണ്ഡല ആസ്തി-വികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ?

<u>ഉത്തരം</u>

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പ്ലാന്റിന്റെ നിർമ്മാണം

171(2728) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ മിഷന്റെ നേതൃത്വത്തിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കൊച്ചി ബ്രഹ്മപുരത്ത് മാലിന്യത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പ്ലാന്റ് നിർമ്മിക്കുന്നതിന് ടെൻഡർ നൽകിയിട്ടുണ്ടോ;

(ബി) ഏത് സ്ഥാപനത്തിനാണ് പ്ലാന്റ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്; എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഇന്ത്യയിൽ മറ്റേതെങ്കിലും സംസ്ഥാനത്ത് മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റ് നിലവിലുണ്ടോ;

(ഡി) ഈ പദ്ധതിക്കെതിരെ ശാസ്ത്ര സാഹിത്യ പരിഷത്ത് വിമർശനം ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ വിമർശനത്തിന് അടിസ്ഥാനമായ വസ്തുത എന്താണ്; ഇക്കാര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ടെണ്ടർ ചെയ്ത് നൽകിയിട്ടുണ്ട്.

(ബി) M/s ജി.ജെ. എക്കോ പവർ (പ്രൈ.) ലിമിറ്റഡ്, സീപോർട്ട്-എയർപോർട്ട് റോഡ്, പാലാരിവട്ടം, എറണാകുളം എന്ന സ്ഥാപനത്തിനാണ് 10 മെഗാവാട്ട് വൈദ്യുതി.

(സി) ഉണ്ട്.

(ഡി) പദ്ധതിക്കെതിരെ ശാസ്ത്ര സാഹിത്യ പരിഷത്തിൽനിന്നും രേഖാമൂലമുള്ള വിമർശനം ലഭിച്ചിട്ടില്ല.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അഴിമതിമുക്തമാക്കുന്നതിന് നടപടി

172(2729) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അഴിമതിയിൽ മുന്നിൽ നിൽക്കുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അഴിമതിമുക്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സേവനം സംബന്ധിച്ച നടപടികളുടെ ചട്ടങ്ങൾ ലഘൂകരിച്ച് അഴിമതിക്ക് വളംവയ്ക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പൊതുജനങ്ങൾക്ക് ഓൺലൈനായി/മൊബൈൽ ആപ്ലിക്കേഷൻ വഴി ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഏതെങ്കിലും വിധത്തിലുള്ള അഴിമതിയെക്കുറിച്ചുള്ളതും മറ്റു പരാതികളും സമർപ്പിക്കുവാൻ 'ഫോർ ദി പീപ്പിൾ' എന്ന പേരിൽ ഒരു വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരായ പരാതി ഒരു പരിധിവരെ ഇല്ലാതാക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കഴിയും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി സേവനാവകാശ നിയമം നഗരസഭകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിന് ഓൺലൈൻ സംവിധാനങ്ങളും ഇ-ടെണ്ടർ, ഇ-ഫയലിംഗ് തുടങ്ങിയ കമ്പ്യൂട്ടർ അധിഷ്ഠിതമായ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ അഴിമതിരഹിതമാക്കുന്നതിന് ശക്തമായ ഓഡിറ്റിംഗ് സംവിധാനവും നിലവിലുണ്ട്.

(സി) സേവനങ്ങളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ഓൺലൈൻ സംവിധാനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കണക്ക്പരിശോധന**

173 (2730) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകളിൽ പത്തുശതമാനം മാത്രം വരവു ചെലവ് കണക്ക് പരിശോധനയ്ക്ക് വിധേയമാക്കിയാൽ മതിയെന്ന് നിഷ്കർഷിക്കുന്ന ഉത്തരവ് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പുറത്തിറക്കിയതായുള്ള വാർത്തകളുടെ നിജഃസ്ഥിതി എന്താണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാന - കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ പ്രതിവർഷം ഏകദേശം എത്ര തുകയാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കണക്കുകളുടെ പരിശോധനയുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇപ്രകാരം ഒരു തീരുമാനം സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നുണ്ടാകാൻ ഇടയാക്കിയ സാഹചര്യത്തെക്കുറിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ആരാഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാരിൽനിന്നും 2016-2017 വർഷത്തെ പെർഫോർമൻസ് ഗ്രാന്റ് ലഭിക്കുന്നതിന് 2013-2014, 2014-2015 വർഷത്തെ ഓഡിറ്റ് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ചു. സമയബന്ധിതമായി 2015-2016 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കുന്നതിനുവേണ്ടി ഓഡിറ്റ് നിലവാരം നിഷ്കർഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ 7-10-2016-ന് 11/2016 നമ്പർ സർക്കുലർ പുറപ്പെടുവിച്ചു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)*.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം ഏകദേശം 19095 കോടി രൂപ കൈകാര്യം ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ 7-10-2016-ലെ സർക്കുലർ നമ്പർ 11/2016 തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത വിവരം ടി വകുപ്പിന്റെ ഭരണവകുപ്പായ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും തുടർന്ന് ധനകാര്യ അഡീ. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 1-12-2016-ൽ ധനകാര്യ സ്പെഷ്യൽ സെക്രട്ടറി, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ എന്നിവർ പങ്കെടുത്ത മീറ്റിംഗിലെ തീരുമാനപ്രകാരം സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ പരാമർശിത സർക്കുലറിലെ അപാകത പരിഹരിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരവ്-ചെലവ് കണക്കുകളുടെ വിശദവും പൂർണ്ണവുമായ ഓഡിറ്റ് നടത്തണമെന്നും നിർദ്ദേശിച്ചും 30-12-2016-ൽ ഒരു ഭേദഗതി സർക്കുലർ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അഴിമതി

174(2731) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ എന്തെല്ലാം പുരോഗമനപരമായ മാറ്റങ്ങൾ ഈ സർക്കാർ നടപ്പിലാക്കി എന്ന് അറിയിക്കുമോ;

(ബി) ഈ വിഭാഗത്തിലെ അഴിമതി അവസാനിപ്പിക്കുന്നതിലേയ്ക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് കമ്പ്യൂട്ടർ, ലാപ്ടോപ്പ്, ഇന്റർനെറ്റ് എന്നിവ ലഭ്യമാക്കി. പൊതുമരാമത്ത് പ്രവൃത്തികളുടെ അടങ്കൽ സുതാര്യമായും ദ്രുതഗതിയിലും തയ്യാറാക്കുന്നതിന് PRICE Software ബാധകമാക്കി. ടെണ്ടർ മുഖാന്തരം നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ മുഖാന്തരം നടപ്പാക്കാൻ ഉത്തരവായി. ഗുണഭോക്തൃ സമിതികൾ മുഖാന്തരം ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ അടങ്കൽ ബിനാമി ഇടപാടുകൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി 50,000 രൂപയായി നിജപ്പെടുത്തി.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അഴിമതിമുക്തമാക്കാനും കൂടുതൽ കാര്യക്ഷമമാക്കാനും ലക്ഷ്യമിട്ടുകൊണ്ട് 'ഫോർ ദ പീപ്പിൾ' എന്ന പരാതി പരിഹാര സെല്ലിന് രൂപം നൽകിയിട്ടുണ്ട്. അതോടൊപ്പം സംസ്ഥാന വിജിലൻസ് വകുപ്പ്, CTP (Vigilance), മറ്റ് വകുപ്പ് മേധാവികൾ എന്നിവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അഴിമതി, മറ്റ് ക്രമക്കേടുകൾ എന്നിവയ്ക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതു സർവ്വീസ് രൂപീകരണം

175 (2732) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതുസർവ്വീസ് എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പൊതുസർവ്വീസ് പ്രാബല്യത്തിൽ വരുത്തും.

## ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തിക ഒഴിവുകൾ

176(2733) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ താൽക്കാലിക ചുമതല നൽകിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയാണ്;

(ബി) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായി ഉദ്യോഗക്കയറ്റം നൽകേണ്ടവരുടെ ഡി.പി.സി ലിസ്റ്റ് നിലവിലുണ്ടായിരിക്കെ ഒഴിവ് നികത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) 2017 മേയ് 31 വരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര ഒഴിവുകളാണ് വിരമിക്കൽമൂലം ഉണ്ടാകുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമനം നൽകുന്നതിന് തടസ്സങ്ങളില്ലാതിരിക്കെ നിലവിലുള്ള ഒഴിവുകൾ നികത്താത്തതിന്റെ കാരണം പരിശോധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകളിൽ നിലവിലെ സെക്രട്ടറിമാർ ഹ്രസ്വകാലയളവിലേയ്ക്ക് അവധിയിൽ പ്രവേശിച്ചിട്ടുള്ളതിനാൽ സെക്രട്ടറിമാരുടെ ചുമതല താൽക്കാലികമായി മറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

| ജില്ല | സെക്രട്ടറിമാരുടെ താൽക്കാലിക ചുമതല നൽകിയിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ പേര് |
|---|---|
| തിരുവനന്തപുരം | പള്ളിക്കൽ |
| കൊല്ലം | ഏരൂർ |
| പത്തനംതിട്ട | ആറന്മുള, കടമ്പനാട്, കല്ലൂപ്പാറ, കവിയൂർ |
| ആലപ്പുഴ | - |
| കോട്ടയം | - |
| ഇടുക്കി | കുമളി, വണ്ടൻമേട് |
| എറണാകുളം | - |
| തൃശ്ശൂർ | - |
| പാലക്കാട് | തരൂർ |
| മലപ്പുറം | വാഴയൂർ, മക്കരപ്പറമ്പ |
| കോഴിക്കോട് | ചോറോട്, ഉള്ളിയേരി, തുറയൂർ, കൂരാച്ചുണ്ട്, കട്ടിപ്പാറ |
| വയനാട് | മുപ്പൈനാട്, നെന്മേനി, അമ്പലവയൽ, വെള്ളമുണ്ട, തവിഞ്ഞാൽ, എടവക, മുട്ടിൽ, പുൽപ്പള്ളി, തൊണ്ടർനാട്, നൂൽപ്പുഴ, മീനങ്ങാടി, പനമരം |
| കണ്ണൂർ | പിണറായി, രാമന്തളി, മുഴക്കുന്ന്, അഴിക്കോട്, പടിയൂർ |
| കാസർഗോഡ് | ബദിയടുക്ക, തൃക്കരിപ്പൂർ |

(ബി) സംസ്ഥാനത്ത് 2 ഗ്രാമപഞ്ചായത്തുകൾ ഒഴികെയുള്ള മുഴവൻ ഗ്രാമപഞ്ചായത്തുകളിലും സെക്രട്ടറിമാരെ നിയമിച്ചിട്ടുണ്ട്.

(സി) 64 (അറുപത്തിനാല്).

(ഡി) ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തിക ഒഴിവുണ്ടായിരുന്ന 69 ഗ്രാമപഞ്ചായത്തുകളിൽ 25-4-2017-ലെ ഇ 1-01/2017 നമ്പർ ഉത്തരവുമുഖേന അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ടുമാരെ ഉദ്യോഗക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ 2 ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് സെക്രട്ടറി തസ്തിക ഒഴിവുള്ളത്.

**പഞ്ചായത്തുകളിൽ സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ്**

177 (2734) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ നിന്നും നൽകുന്ന സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ് (ആപ്ലിക്കേഷൻ ഫീസ് ഉൾപ്പെടെ) എത്രയെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ;

(ബി) ധനകാര്യ വകുപ്പിന്റെ G.O.(P)No.409/14 Fin. dt. 23-9-14-ൽ ഇറങ്ങിയ ഉത്തരവ് പഞ്ചായത്തുകൾക്ക് ബാധകമാണോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) പഞ്ചായത്തുകൾക്ക് ബാധകമല്ല.

**സിനിമയിൽ നിന്നുള്ള വരുമാനം**

178 (2735) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ ഇവയിൽ സിനിമയിൽ നിന്നുള്ള വരുമാനം മെച്ചപ്പെടുത്തുവാൻ എന്തൊക്കെ നടപടികൾ ഉദ്ദേശിക്കുന്നു; ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ്, വെന്റിംഗ് മെഷീൻ ഇവമൂലം ടാക്സ് വെട്ടിപ്പ് നടത്തുന്നില്ല എന്നുറപ്പ് വരുത്താൻ എന്തൊക്കെ ചെയ്യാനുദ്ദേശിക്കുന്നു; സിനിമയിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന മൊത്തം വരുമാനം എത്രയെന്ന് അറിയിക്കുമോ;

(ബി) നിലവിൽ മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ ഇവയിൽ പ്രവർത്തിക്കുന്ന തിയേറ്ററുകളിൽ നിന്നുള്ള വരുമാനം സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കുമോ; അടുത്ത വർഷം ഇതിൽ എത്ര ശതമാനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു; ഇതിനായി എന്തൊക്കെ കർമ്മ പദ്ധതികളാണുള്ളത്; ഇത് കേന്ദ്രീകൃതമായി മേൽനോട്ടം വഹിക്കാൻ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഇത് ഏർപ്പെടുത്താൻ എന്ത് ചെയ്യാൻ ഉദ്ദേശിക്കുന്നു?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ എന്നിവയ്ക്ക് സിനിമയിൽ നിന്നുള്ള വരുമാനം കൃത്യമായി ലഭിക്കുന്നതിനുവേണ്ടി തീയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സിനിമയിൽനിന്നും ലഭ്യമാകുന്ന വരുമാനം സംബന്ധിച്ച വിശദ വിവരം ശേഖരിച്ചുവരുന്നു.

(ബി) വിശദ വിവരം ശേഖരിച്ചുവരുന്നു. ആയത് ലഭ്യമായെങ്കിൽ മാത്രമെ വരുമാനം വർദ്ധിപ്പിക്കുന്നതടക്കമുള്ള വിഷയങ്ങൾ പരിശോധിക്കാൻ കഴിയുകയുള്ളൂ.

**അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്ന നടപടി**

179 (2736) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിലേയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) ഭാവിയിൽ എന്തെല്ലാം കാര്യങ്ങളാണ് ജനകീയാസൂത്രണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുവാൻവേണ്ടി നടപ്പിലാക്കുവാൻ ആലോചിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വികേന്ദ്രീകൃതാസൂത്രണ റിസോഴ്സ് ഗ്രൂപ്പ് പുനഃസംഘടിപ്പിക്കുകയും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതി ജനകീയമാക്കുന്നതിന് വേണ്ടി തദ്ദേശസ്ഥാപന അധികാരികൾക്കും ജീവനക്കാർക്കും കൂടാതെ തദ്ദേശ സ്ഥാപനത്തിലെ ആസൂത്രണ സമിതി അംഗങ്ങൾക്കും സന്നദ്ധപ്രവർത്തകർക്കും പരിശീലനം നൽകിവരുന്നു. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ലഘൂകരിക്കുകയുണ്ടായി. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണ സിമിതയെ സഹായിക്കുകയും ചെയ്യുക എന്നീ ലക്ഷ്യത്തോടെ ആസൂത്രണ സമിതികൾ രൂപീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയുണ്ടായി.

നഗരവൽക്കരണം ഉയർത്തുന്ന വെല്ലുവിളികൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ നഗരസഭകൾക്ക് പ്രത്യേകം ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ജനകീയാസൂത്രണ പ്രക്രിയയിൽ സന്നദ്ധപ്രവർത്തകരുടെയും വിദഗ്ദ്ധരുടെയും സമിതികൾ രൂപീകരിച്ച് പദ്ധതി ആസൂത്രണ പ്രവർത്തനങ്ങളിൽ തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുന്നതിന് ഉദ്ദേശിക്കുന്നു. വാർഡ് സഭകളും ഗ്രാമസഭകളും കൂടുതൽ ബഹുജനപങ്കാളിത്തത്തോടെ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവൽസര പദ്ധതി നവകേരളത്തിനായി ജനകീയാസൂത്രണം പദ്ധതിയായി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഉൽപ്പാദന മേഖല, നഗരാസൂത്രണം, വിവിധ തലത്തിലെ പദ്ധതികൾ തമ്മിലുള്ള ഏകോപനം, ബഹുതല ആസൂത്രണം, യുവജന പങ്കാളിത്തം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിയായിരിക്കും നവകേരളത്തിനായി ജനകീയാസൂത്രണം പരിപാടി നടപ്പിലാക്കുക. ഇവ പൂർണ്ണമായും പാലിച്ചുകൊണ്ട് ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തവും സന്നദ്ധപ്രവർത്തനവും ഉറപ്പുവരുത്തുവാൻ കഴിയുന്നതാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം തുടർച്ചാസാധ്യതയുള്ള, പരിസ്ഥിതിരക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യനീതി മുറുകെപ്പിടിക്കുന്ന സാമ്പത്തിക വളർച്ചയുടെ ഉയർന്ന പന്ഥാവിലേയ്ക്ക് കേരളത്തെ എത്തിക്കുകയെന്നതാണ്. പൊതുജനാരോഗ്യ-പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിൽ നൈപുണ്യ വികസനം, കേവല ദാരിദ്ര്യനിർമ്മാർജ്ജനം, കൃഷി-പരിസ്ഥിതി-മണ്ണ്, ജലം എന്നിവയുടെ സംരക്ഷണം തുടങ്ങിയവയ്ക്കും പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ട്.

## ഗ്രാമപഞ്ചായത്തുകളിൽ അയൽസഭ സംവിധാനം

180 (2737) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ 'അയൽ സഭ' സംവിധാനം ഇപ്പോൾ നിലവിലുണ്ടോ എന്നറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ വാർഡിലെ വികസന പ്രവർത്തനത്തിൽ അയൽസഭയുടെ പങ്ക് വ്യക്തമാക്കാമോ;

(സി) അയൽസഭയുടെ ഘടന വിശദീകരിക്കാമോ;

(ഡി) വാർഡ് വികസന സമിതിയുടെ തെരഞ്ഞെടുപ്പ്, ഘടന, കാലാവധി തുടങ്ങിയ കാര്യങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അയൽസഭ ഉൾപ്പെടുന്ന പ്രദേശത്ത് നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും അവയുടെ മുൻഗണനയെക്കുറിച്ചും ഗ്രാമസഭയ്ക്ക് നിർദ്ദേശം നൽകുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വിവിധ വികസനപ്രവർത്തനങ്ങളെ അറിയിക്കുക, ഗ്രാമസഭ അംഗങ്ങളെ കൃത്യമായി പങ്കെടുപ്പിക്കുക, വികസന പ്രവർത്തനങ്ങൾക്കുള്ള വിഭവ സമാഹരണത്തിന് സഹായിക്കുക എന്നിവയാണ് അയൽസഭയുടെ പ്രധാന ചുമതലകൾ.

(സി) അയൽസഭയുടെ ഘടന ചുവടെ ചേർക്കുന്നു:

1. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓരോ വാർഡിലും 50 മുതൽ 100 വരെ അടുത്തടുത്ത കുടുംബങ്ങൾ ഉൾപ്പെടുന്നതായിരിക്കണം അയൽസഭകൾ.

2. നഗരസഭകളിലെ രജിസ്റ്റർ ചെയ്ത റെസിഡന്റ്സ് അസോസിയേഷനുകളെ അയൽസഭയായി കണക്കാക്കാവുന്നതാണ്. ഇതിൽപ്പെടാത്ത വീടുകളെ ഉൾപ്പെടുത്തി അയൽസഭ രൂപീകരിക്കേണ്ടതാണ്.

3. അയൽസഭയുടെ പ്രവർത്തന ദൂരപരിധി വാർഡ് വികസന സമിതി നിർദ്ദേശിക്കുന്നതും ഗ്രാമസഭ/വാർഡ് സഭ അംഗീകരിച്ചതുമായിരിക്കണം.

4. അയൽസഭ പ്രദേശത്തെ കുടുംബങ്ങളിലെ വോട്ടർ പട്ടികയിൽ പേരുള്ള മുഴുവനാളുകളും ഇതിൽ അംഗങ്ങളായിരിക്കും.

5. ഓരോ അയൽസഭയ്ക്കും പതിനൊന്ന് അംഗങ്ങളുള്ള ഒരു നിർവ്വാഹക സമിതി ഉണ്ടായിരിക്കേണ്ടതാണ്.

6. അയൽസഭയിൽനിന്നും ഒരു സ്ത്രീയേയും ഒരു പുരുഷനേയും വാർഡ് വികസന സമിതിയിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടതാണ്.

7. എസ്.സി, എസ്.ടി., മത്സ്യത്തൊഴിലാളി എന്നീ വിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം അയൽസഭ നിർവ്വാഹക സമിതിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

8. ഗ്രാമസഭ/വാർഡ് സഭയുടെ കീഴ്ഘടകമെന്ന നിലയിൽ അയൽ സഭകൾക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ ബൈലോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് തയ്യാറാക്കാവുന്നതും സർക്കാരിൽനിന്ന് അനുമതി നേടാവുന്നതുമാണ്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഓരോ വാർഡിലും പരമാവധി 25 അംഗങ്ങൾ അടങ്ങുന്ന ഒരു വാർഡ് വികസന സമിതി രൂപീകരിക്കേണ്ടതാണ്. വാർഡ് വികസന സമിതിയുടെ ചെയർപേഴ്സൺ വാർഡിനെ പ്രതിനിധാനം ചെയ്യുന്ന പഞ്ചായത്തംഗം/കൗൺസിലർ ആയിരിക്കും. താഴെ പറയുന്നവരിൽനിന്ന് മറ്റ് അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതാണ്:

1. വാർഡിലെ ഓരോ അയൽസഭയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു സ്ത്രീ, ഒരു പുരുഷൻ

2. പൊതുസമ്മതരായ തദ്ദേശവാസികളായ 3 സ്ത്രീകൾ, 3 പുരുഷന്മാർ.

3. വാർഡിലെ എസ്.സി./എസ്.ടി., പരമ്പരാഗത മത്സ്യത്തൊഴിലാളി 'എന്നീ ജനവിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം'

4. കർഷകർ, അദ്ധ്യാപകർ, ഡോക്ടർ, എഞ്ചിനീയർ, ശാസ്ത്രജ്ഞർ, സാങ്കേതിക വിദഗ്ദ്ധർ, റിട്ടയേർഡ് ഉദ്യോഗസ്ഥർ തുടങ്ങി വിവിധ മേഖലകളിലെ പ്രാഗത്ഭ്യം തെളിയിച്ച അഞ്ച് വിദഗ്ദ്ധർ

5. മുൻ ജനപ്രതിനിധികൾ, റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവരിൽ നിന്നും ഒരാൾ വീതം ഇവയിൽ 2,3,4,5 വിഭാഗത്തിൽപ്പെടുന്നവരെ ഗ്രാമസഭ തെരഞ്ഞെടുക്കേണ്ടതാണ്.

(മുനിസിപ്പാലിറ്റി ആക്ട് 43 വകുപ്പ് പ്രകാരം വാർഡ് കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുള്ള വാർഡുകളിൽ വാർഡ് വികസന സമിതി രൂപീകരിക്കണമെന്നില്ല).

വാർഡ് വികസന സമിതി അംഗങ്ങളിൽനിന്നും ഒരാളെ കൺവീനറായി വാർഡ് വികസന സമിതി തെരഞ്ഞെടുക്കേണ്ടതാണ്. തുടർച്ചയായി മൂന്ന് യോഗങ്ങളിൽ പങ്കെടുക്കാത്ത അംഗത്തെ സമിതിയുടെ ഏകകണ്ഠമായ തീരുമാനപ്രകാരം നീക്കം ചെയ്ത് പകരം അംഗത്തെ തെരഞ്ഞെടുക്കേണ്ടതാണ്. ചെയർമാൻ സ്ഥാനം ഒഴിവുവന്നാൽ സമീപ വാർഡിലെ ജനപ്രതിനിധിക്ക് ചെയർമാന്റെ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ് ചെയർപേഴ്സൺ/മേയർ നൽകേണ്ടതാണ്. കൺവീനർ 30 ദിവസത്തിനകം സമിതി തെരഞ്ഞെടുക്കേണ്ടതാണ്. വാർഡ് വികസന സമിതിയുടെ കാലാവധി രണ്ടര വർഷം ആയിരിക്കുന്നതാണ്.

## ഗ്രാമപഞ്ചായത്തുകളിൽ ടൈപ്പിസ്റ്റ് തസ്തിക

181(2738) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ടൈപ്പിസ്റ്റ് തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ ടൈപ്പിംഗ് ജോലികൾ നിർവ്വഹിക്കുന്നതിന് നിയോഗിച്ചിട്ടുള്ളത് ആരെയാണ്;

(ബി) ടൈപ്പിംഗ് ജോലികൾ നിർവ്വഹിക്കുന്നതിന് സ്ഥിരം ജീവനക്കാരില്ലാത്തത് ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) ഓരോ ഗ്രാമപഞ്ചായത്തുകളിലും ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. ഗ്രാമപഞ്ചായത്തുകളിലെ ടൈപ്പിംഗ് ജോലികൾ നിർവ്വഹിക്കുന്നത് സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർതന്നെയാണ്.

(ബി&സി) ഗ്രാമപഞ്ചായത്തുകളിൽ ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## വാണിജ്യ സമുച്ചയങ്ങളിൽ പാർക്കിംഗ് ഫീസ്

182 (2739) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിയ വാണിജ്യസമുച്ചയങ്ങളിൽ പാർക്കിംഗ് ഏരിയ നിർബന്ധമാണോ; കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇക്കാര്യത്തിൽ എന്താണ് പറഞ്ഞിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എങ്കിൽ ഇത്തരം വാണിജ്യസമുച്ചയങ്ങളിൽ പാർക്കിംഗിന് ഫീസ് പിരിക്കുന്നതിന് ബന്ധപ്പെട്ട വാണിജ്യസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഇത്തരത്തിൽ ആർക്കെല്ലാമാണ് പാർക്കിംഗ് ഫീസ് ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) അനുമതി ഇല്ലെങ്കിൽ പാർക്കിംഗ് ഫീസ് ഈടാക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നതുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വലിയ വാണിജ്യ കെട്ടിടങ്ങൾക്ക് കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം വാഹന പാർക്കിംഗ് സൗകര്യം നിർബന്ധമാക്കിയിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 38 എന്നിവയിൽ പാർക്കിംഗ് സൗകര്യം സംബന്ധിച്ച വ്യവസ്ഥകൾ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ ഒക്യുപൻസികൾക്ക് വിവിധ നിരക്കിലുള്ള കാർ പാർക്കിംഗ് സൗകര്യമാണ് നിഷ്കർഷിച്ചിരിക്കുന്നത്. കൂടാതെ ടൂ-വീലർ പാർക്കിംഗ്, ലോഡിംഗ്-അൺ-ലോഡിംഗ് സൗകര്യം എന്നിവയെപ്പറ്റിയും വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള തുറന്ന സ്ഥലത്തിന് മതിയായ വാഹന പ്രവേശന മാർഗ്ഗവും വാഹനത്തിന് വളഞ്ഞ് തിരിയുന്നതിനുള്ള സഞ്ചാര സൗകര്യ സ്ഥലവും ഉള്ളപക്ഷം, ആ തുറന്ന സ്ഥലത്തിന്റെ 50% കവിയാതുള്ള സ്ഥലം ആവശ്യമായ പാർക്കിംഗ് സ്ഥലം കണക്കാക്കുന്നതിന് കണക്കിലെടുക്കേണ്ടതാണ്.

(ബി) ഇല്ല.

(സി) പാർക്കിംഗ് ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കൊച്ചി കോർപ്പറേഷന്റെ 2016-2017 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

183 (2740) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കോർപ്പറേഷന്റെ 2016-17 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ആരംഭംകുറിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾക്കായി വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നടപ്പിലാക്കാൻ സാധിക്കാതെ പോയതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധം ആയി ചേർക്കുന്നു.*

(ബി) 214,79,90,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) അനുബന്ധം ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II

184(2741) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II എന്ന തസ്തികയിലേയ്ക്ക് കാറ്റഗറി നമ്പർ 571/14, 137/15 പ്രകാരം പി. എസ്. സി. പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ യോഗ്യതകളിൽ കേരള സർക്കാരിനുകീഴിൽ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസ് നടത്തുന്ന ഡി. എച്ച്. ഐ. കോഴ്സ് (ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ) യോഗ്യതയായി ചേർക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേവലം ഒരു വർഷ കോഴ്സുകളെ യോഗ്യതയായി പരിഗണിക്കുമ്പോൾ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് കഴിഞ്ഞവരെ ഈ തസ്തികയിലേയ്ക്ക് പരിഗണിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് കഴിഞ്ഞവരെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകുന്നതിൽ എന്താണ് തടസ്സമെന്നറിയിക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. നിലവിലെ സ്പെഷ്യൽ റൂളിൽ ഈ തസ്തികയിലെ നിയമനത്തിനായുള്ള യോഗ്യതയിൽ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസ് നടത്തുന്ന ജി. എച്ച്. ഐ. കോഴ്സ് ഉൾപ്പെട്ടിട്ടില്ല. ഇത്തരം കോഴ്സുകൾ യോഗ്യതയായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും മറ്റ് അനുബന്ധ കാര്യങ്ങളിലും പി.എസ്.സി. സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

## എഞ്ചിനീയറിംഗ് വിഭാഗത്തിൽ II ഗ്രേഡ് ഓവർസിയർ ഒഴിവുകൾ

185(2742) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ II ഗ്രേഡ് ഓവർസീയർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഇവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) എത്ര ഒഴിവുകൾ ഈ വർഷം ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഒഴിവുകൾ പൂർണമായും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 63 ഒഴിവുകൾ.

(ബി) 46 ഒഴിവുകൾ.

(സി) 14 ഒഴിവുകൾ.

(ഡി) അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

**ആർ.ഐ.ഡി.എഫ്. ട്രഞ്ച് XXI**

186 (2743) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് നബാർഡ് ആർ. ഐ. ഡി. എഫ്. ട്രഞ്ച് XXI ഉൾപ്പെട്ടിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) എന്നാണ് ഭരണാനുമതി നല്കിയത്; എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്;

(സി) പ്രസ്തുത റോഡിന് സാങ്കേതികാനുമതി നല്കിയോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കോട്ടപ്പുറം-കാവുണ്ട ചീരക്കുഴി-പറമ്പോട്ടുകുന്ന്-നോട്ടറ റോഡ് എന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്.

(ബി) 22-1-2016-ലെ സ.ഉ.(സാധാ.) നമ്പർ 238/16/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 124 ലക്ഷം രൂപയ്ക്കാണ് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയത്.

(സി) സാങ്കേതികാനുമതി നൽകിയിട്ടില്ല.

## ഒ.എഫ്.സി. കേബിളുകൾ

187(2744) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകളിൽ ഒ. എഫ്. സി. കേബിളുകൾ സ്ഥാപിക്കുന്നതിന് ഏതെല്ലാം വകുപ്പുകളിൽ നിന്നും എന്തെല്ലാം അനുമതികളാണ് ആവശ്യമായിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഗ്രാമീണ റോഡുകളിൽ ഒ. എഫ്. സി. കേബിളുകൾ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തറവാടക ഈടാക്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ; സ്ലാബ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) കേബിൾ സ്ഥാപിക്കാൻവേണ്ടി കുഴിയെടുക്കുന്ന ഗ്രാമീണ റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കാൻ മീറ്റർ സ്ക്വയറിന് എത്ര രൂപയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടവാക്കേണ്ടത്; വിശദമാക്കാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന റോഡുകളിൽ കേബിൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

(ബി) തറവാടക ഈടാക്കാറില്ല.

(സി) റോഡിന്റെ തരം അനുസരിച്ച് കുഴിയെടുക്കുന്ന റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നിരക്ക് സ്ക്വയർഫീറ്റ് അടിസ്ഥാനത്തിൽ വ്യത്യസ്തമാണ്. കോസ്റ്റ് ഇൻഡക്സിന്റെ അടിസ്ഥാനത്തിൽ വിവിധ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ നിരക്കുകളിലാണ് റോഡിന്റെ തരമനുസരിച്ച് അടവാക്കേണ്ടിവരുന്നത്.

## നവകേരളം മിഷൻ ലൈഫ് ഭവന പദ്ധതി

188(T2745) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവകേരളം മിഷന് കീഴിൽ എന്തെങ്കിലും ഭവന നിർമ്മാണ - പുനരധിവാസ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഭവന നിർമ്മാണ - പുനരധിവാസ പദ്ധതിയിൻ കീഴിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും മറ്റുമുള്ള നടപടിക്രമങ്ങൾ എങ്ങനെയാണ്; വ്യക്തമാക്കുമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ഇതിനായി ആർക്കാണ് അപേക്ഷ നൽകേണ്ടത്; അപേക്ഷ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ടോ; എത്ര തുകയാണ് ഓരോ ഭവനത്തിനും നൽകുന്നത്; തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പൂർണ്ണ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ഏറനാട് മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ ആരെല്ലാമാണ്; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നവകേരള മിഷന് കീഴിൽ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടമായി പദ്ധതിയിൽ ഉൾപ്പെടാൻ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംഘടനാ സംവിധാനം ഉപയോഗപ്പെടുത്തി സംസ്ഥാനമൊട്ടാകെ സംഘടിപ്പിച്ചിട്ടുള്ള സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ വെരിഫിക്കേഷൻ നടന്നുവരുന്നു.

(ബി) ഭൂമിയുള്ള ഭവനരഹിതർ, ഭൂരഹിത ഭവന രഹിതർ, പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ, വിവിധ ഭവന പദ്ധതികളിൽ ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ എന്നിവരെയാണ് പദ്ധതി ഗുണഭോക്താക്കളായി നിശ്ചയിച്ചിട്ടുള്ളത്. ടിയാളുകളെ കണ്ടെത്തുന്നതിനായി സംസ്ഥാനമൊട്ടാകെ കുടുംബശ്രീ മുഖാന്തരം നടത്തിയ സർവ്വേ പൂർത്തിയായിട്ടുണ്ട്. വെരിഫിക്കേഷൻ നടന്നുവരുന്നു. ആയത് പൂർത്തീകരിക്കുന്നതോടുകൂടി അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും കണ്ടെത്താൻ സാധിക്കുന്നതാണ്.

(സി) പദ്ധതിയിൽ ഉൾപ്പെടാൻ അർഹരായ ഗുണഭോക്താക്കളെ കുടുംബശ്രീ മുഖാന്തരം സർവ്വേ നടത്തി കണ്ടെത്തുവാൻ നിശ്ചയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ സർവ്വേ നടത്തുകയും ചെയ്തിട്ടുണ്ട്. വെരിഫിക്കേഷൻ നടപടികൾ പൂർത്തിയായി വരുന്നു. ഭൂമിയുള്ള ഭവനരഹിതർ, ഭൂരഹിത ഭവനരഹിതർ, പുറമ്പോക്കിലോ തീരദേശമേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ, വിവിധ ഭവന പദ്ധതികളിൽ ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ എന്നിവരെയാണ് പദ്ധതി ഗുണഭോക്താക്കളായി നിശ്ചയിച്ചിട്ടുള്ളത്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് നൽകുന്ന ധനസഹായം പൊതുവിഭാഗത്തിന് 3.5 ലക്ഷം രൂപയും പട്ടികജാതി വിഭാഗം, തോട്ടം-മത്സ്യബന്ധനമേഖലയിൽ ഉള്ളവർക്കും 4 ലക്ഷം രൂപയുമായി നിജപ്പെടുത്തുവാൻ 5-4-2017-ലെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചു. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരുന്നു. ആയത് പൂർത്തിയാകുന്നതോടുകൂടി മാത്രമേ ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭിക്കുകയുള്ളൂ.

## ദേവികുളം ബ്ലോക്ക് പഞ്ചായത്തിൽ ഭവന നിർമ്മാണ ധനസഹായം

189(2746) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം ബ്ലോക്ക് പഞ്ചായത്ത് മുഖേന 2016-17-ലെ ഐ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണ ധനസഹായം അനുവദിച്ചത് എത്രപേർക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) ഐ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണ ധനസഹായം അനുവദിച്ചവർക്ക് ,ഗഡുക്കളായി ലഭിക്കേണ്ട തുക, ലഭ്യമാക്കുന്നതിൽ കാലതാമസം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ അവ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 179 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ 2014-15, 2015-16 വർഷങ്ങളിലെ ഗുണഭോക്താക്കൾക്ക് അധിക ധനസഹായമായി ഇനി നൽകാനുള്ളത് 142 കോടി രൂപയാണ്. ഇതിൽ 73.33 കോടി രൂപ അനുവദിച്ചു. ടി തുക ഗുണഭോക്താക്കൾക്ക് കൈമാറുന്ന നടപടി അന്തിമഘട്ടത്തിലാണ്. 2015-16 വർഷത്തിൽ പട്ടികജാതി വിഭാഗങ്ങൾക്കുള്ള അധിക ധനസഹായമായി 107.6 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗത്തിനുള്ള അധിക ധനസഹായത്തിനായി 8.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ടി തുക ഗുണഭോക്താക്കൾക്ക് കൈമാറുന്ന നടപടിയും അന്തിമഘട്ടത്തിലാണ്.

## മുട്ടത്തറ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

190(2747) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടത്തറ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും പ്രതിദിനം എത്ര ലിറ്റർ ശുദ്ധജലമാണ് ലഭ്യമാവുന്നത്;

(ബി) പരിശോധനക്കുശേഷം ഈ ജലം ഏതൊക്കെ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സർട്ടിഫിക്കേഷനാണ് നല്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചതു മുതൽ ഈ വെള്ളത്തിന്റെ വിതരണ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) വെള്ളം നൽകുന്നതിന്റെ റവന്യൂ ഇനത്തിൽ, എത്ര തുക ഇതേവരെ ലഭിച്ചിട്ടുണ്ട്;

(ഇ) കുടിവെള്ള ദുരുപയോഗം തടയുന്നതിന്റെ ഭാഗമായി ഈ ജലം പരമാവധി മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മുട്ടത്തറ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ ശുദ്ധീകരണശേഷം ലഭ്യമാകുന്ന ജലം ശുദ്ധജലമായി കണക്കാക്കാനാകില്ല.

(ബി) ശുദ്ധീകരണശേഷം ലഭ്യമാകുന്ന ജലം ഗാർഹിക തോട്ടം നനയ്ക്കൽ, വിവിധ നിർമ്മാണപ്രവർത്തനങ്ങൾ, അനുയോജ്യമായ വ്യാവസായിക ആവശ്യങ്ങൾ, റെയിൽവേ സ്റ്റേഷൻ, എയർപോർട്ട്, ആശുപത്രികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ചെടി നനയ്ക്കാനും ടോയ്‌ലെറ്റ് ഫ്ലഷിംഗ്, നടപ്പാതകൾ, ട്രാക്കുകൾ, നിലം എന്നിവ കഴുകുന്നതിനും ഉപയോഗയോഗ്യമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച് സർട്ടിഫിക്കേഷൻ നൽകാറില്ല.

(സി) മുൻകാലങ്ങളിലൊന്നും എടുത്തുപറയത്തക്ക തോതിൽ ജലവിതരണം നടത്തിയിട്ടില്ല. ഈ വരൾച്ച തുടങ്ങിയതിനുശേഷം (1-3-2017) കഴിഞ്ഞ അറുപത് ദിവസമായി 3 ലക്ഷം ലിറ്റർ ജലം ഈ പ്ലാന്റിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഈ ജലം നൽകുന്നത് സൗജന്യമായിട്ടായതിനാൽ ഈ ഇനത്തിൽ വരുമാനമൊന്നും ലഭിച്ചിട്ടില്ല.

(ഇ) ട്രാവൻകൂർ ടൈറ്റാനിയമടക്കമുള്ള വ്യവസായ സ്ഥാപനങ്ങളിൽ ഈ ജലം ഉപയോഗിക്കുവാനുള്ള ഉദ്യോഗസ്ഥതല ചർച്ചകൾ നടത്തിവരുന്നു. ദിന പത്രങ്ങൾ വഴി വാർത്തകൾ കൊടുത്തുകൊണ്ട് ഗാർഹികേതര ആവശ്യങ്ങൾക്ക് ഈ ജലം ഉപയോഗിക്കാമെന്ന വിവരം പൊതുജനങ്ങളിലെത്തിക്കുന്നുണ്ട്. ഇതുകൂടാതെ വ്യവസായ ആവശ്യങ്ങൾക്കായുള്ള ജലവിതരണത്തിനുള്ള ഒരു പൈപ്പ് ശൃംഖല സ്ഥാപിക്കുവാൻ സാധിക്കുമോ എന്നതിനെക്കുറിച്ചുള്ള പ്രാഥമിക പഠനം നടത്തിവരുന്നു.

## കുടുംബശ്രീ വസ്ത്ര നിർമ്മാണ യൂണിറ്റുകൾ

191 (2748) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ വസ്ത്ര നിർമ്മാണ യൂണിറ്റുകൾക്ക് തയ്യൽ ജോലികൾ ടെണ്ടർ ഇല്ലാതെ ഏറ്റെടുക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ യൂണിറ്റുകൾക്കാണ് പ്രസ്തുത അനുമതി നല്കിയതെന്ന് വ്യക്തമാക്കുമോ;

(സി) കുടുംബശ്രീ വസ്ത്ര നിർമ്മാണ യൂണിറ്റുകൾക്ക് സ്കൂൾ വിദ്യാർത്ഥികളുടെ കൈത്തറി യൂണിഫോമിന്റെ തയ്യൽ ജോലികൾക്കുള്ള അനുമതി നല്കുമോ?

ഉത്തരം

(എ) ഉണ്ട്. കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന 19 അപ്പാരൽ പാർക്കുകൾക്കും 1000-ത്തോളം ചെറുകിട തയ്യൽ യൂണിറ്റുകൾക്കും വിവിധ സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തയ്യൽ സംബന്ധമായ ജോലികൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് ലഭിക്കുന്നതിന് സ്റ്റോർസ് പർച്ചേസ് മാനുവലിലെ ഖണ്ഡിക 9.23-ൽ 4-2-2017 മുതൽ ഒരു വർഷത്തേയ്ക്ക് ഇളവ് വരുത്തി ഉത്തരവായിട്ടുണ്ട്.

(ബി) കുടുംബശ്രീയുടെ കീഴിലുള്ള എല്ലാ തയ്യൽ യൂണിറ്റുകൾക്കും അനുമതി നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

192 (2749) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഈ പദ്ധതി പ്രകാരം ഏറ്റെടുത്തുനടത്താവുന്ന പ്രവൃത്തികൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ പുതിയ നിബന്ധനകൾ കൊണ്ടുവരുന്നത് പദ്ധതി നടത്തിപ്പിനെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാമീണ മേഖലയിലെ പ്രധാന വരുമാന മാർഗ്ഗമെന്ന നിലയിൽ പ്രസ്തുത പദ്ധതി കാര്യക്ഷമമായും ഫലപ്രദമായും നടത്തുന്നതിന് കൂടുതൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 3-1-2014-ൽ പുറപ്പെടുവിച്ച എസ്.ഒ.19(ഇ) നമ്പർ വിജ്ഞാപനപ്രകാരം ചുവടെപ്പറയുന്ന പ്രവൃത്തികളാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്:

വിഭാഗം എ: പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ.

വിഭാഗം ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണം.

വിഭാഗം സി: ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ പാലിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക.

വിഭാഗം ഡി: ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം.

(ബി) അവിദഗ്ദ്ധ കായിക തൊഴിൽ ലഭ്യമാക്കുകയെന്ന അടിസ്ഥാന ലക്ഷ്യത്തോടൊപ്പം ഉൽപ്പാദനപരമായ ആസ്തികളുടെ സൃഷ്ടികൂടി കേന്ദ്രസർക്കാർ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ആന്വൽ മാസ്റ്റർ സർക്കുലറുകളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രവൃത്തികളിലേറെയും പൊതുസ്ഥലങ്ങളിലും സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ഭൂമിയിലും സാധന സാമഗ്രികളുടെ ഉപയോഗവും വിദഗ്ദ്ധ, അർദ്ധ-വിദഗ്ദ്ധ തൊഴിലാളികളുടെ സേവനവും കൂടുതലായി ആവശ്യമാകുന്ന തരത്തിലുള്ള പ്രവൃത്തികളാണ്. കേരളത്തിന്റെ സാഹചര്യത്തിൽ പൊതുഭൂമിയുടെ അളവ് തീരെ കുറവായതിനാൽ നിലവിലെ വ്യവസ്ഥകൾക്കനുസൃതമായ രീതിയിലുള്ള പ്രവൃത്തികൾ കണ്ടെത്തുവാൻ ഇപ്പോൾ ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

(സി) ഗ്രാമീണ മേഖലയിലെ പ്രധാന വരുമാനമാർഗ്ഗമെന്ന നിലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ക്ഷീരകർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, നെൽകൃഷി, കൊയ്ത്തിനുശേഷം പുതുതായി വിളവ് ഇറക്കുന്നതുവരെയുള്ള ആവർത്തന സ്വഭാവമുള്ള കൃഷിപ്പണികൾ എന്നിവയും കയർ, കൈത്തറി, ഖാദി മേഖലയിലെ പ്രവർത്തനങ്ങളും പദ്ധതിയിലെ അംഗീകൃത പ്രവർത്തിയിനങ്ങളായി ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിൽ ശിപാർശ നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്രസർക്കാരിൽ നിന്നും അനുകൂല തീരുമാനം ലഭ്യമായിട്ടില്ല.

## പ്രധാനമന്ത്രി ഗ്രാമീൺ റോഡ് വികസന പദ്ധതി

193 (2750) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണിക്ക് കേന്ദ്രത്തിൽ നിന്നും 2016-17-ൽ സംസ്ഥാനത്തിന് പ്രത്യേക ധനസഹായം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രധാനമന്ത്രി ഗ്രാമീൺ റോഡ് വികസന പദ്ധതി പ്രകാരം റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണ്;

(സി) ഗ്രാമീണ റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്തതും വിവരങ്ങൾ യഥാസമയം കേന്ദ്രത്തെ അറിയിക്കാത്തതും കേന്ദ്രത്തിന്റെ പ്രത്യേക ധനസഹായം നഷ്ടമാകുന്നതിന് കാരണമായിട്ടുണ്ടോ; എങ്കിൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുമോ?

### ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം 175.96 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. പ്രത്യേക അധിക ഫണ്ട് ലഭിച്ചിട്ടില്ല.

(ബി) നിർമ്മാണം പൂർത്തീകരിച്ച ഗ്രാമീണ റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട കരാറുകാരനാണ്. നിർമ്മാണം പൂർത്തീകരിച്ച് 5 വർഷത്തെ അറ്റകുറ്റപ്പണികൾ നടത്തണമെന്ന വ്യവസ്ഥയോടെയാണ് കരാർ ഉറപ്പിക്കുന്നത്.

(സി) 2016-ലെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് രാജ്യത്തെ മൂന്നിലൊന്ന് സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തിന്റെ പ്രത്യേക ധനസഹായം ലഭിക്കുന്നത്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം, നോട്ട് അസാധുവാക്കൽ, ജല ദൗർലഭ്യം എന്നീ കാരണങ്ങളാൽ 2016-ൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. അടുത്തവർഷം ടി ധനസഹായം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ KSRRDA-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഭവനരഹിതർക്ക് വീട്

194 (2752) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ എത്ര ആളുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് വീട് നൽകാൻ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകാമോ;

(ഡി) ഭവനരഹിതരും ഭൂരഹിതരുമായ ആളുകൾക്ക് വീട് നിർമ്മിക്കാൻ എത്ര തുകയാണ് സഹായമായി നൽകുന്നത്;

(ഇ) ഈ സഹായം ലഭ്യമാകണമെങ്കിൽ പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ ആളുകളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചുവെങ്കിലും ഇതിനോടനുബന്ധിച്ച് നടക്കേണ്ട മേൽപരിശോധനയും ഡാറ്റാഎൻട്രിയും അന്തിമഘട്ടത്തിലാണ്. ആയതിനുശേഷം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കേണ്ടതുണ്ട്. അന്തിമപട്ടിക പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമേ സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ ആളുകളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ബി) ഉണ്ട്. നവകേരള പദ്ധതിയുടെ ഭാഗമായി എല്ലാവർക്കും സുരക്ഷിത ഭവനമെന്ന ലക്ഷ്യത്തോടെ 'ലൈഫ് മിഷൻ' ആവിഷ്കരിച്ചിട്ടുണ്ട്.

(സി) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത/ ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷതവും മാന്യവുമായ പാർപ്പിട സംവിധാനമൊരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ് മിഷൻ) രൂപീകരിച്ചിട്ടുണ്ട്.

ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായുള്ള സർവ്വേ നടപടികൾ പൂർത്തീകരിച്ച് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

ആദ്യഘട്ടത്തിൽ 14 സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തി ഭവനസമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.

(ഡി) സ്വന്തമായ ഭൂമിയുള്ള ഭവനരഹിതർക്കുള്ള ധനസഹായം താഴെപ്പറയും പ്രകാരമാണ്:

| വിഭാഗം | സർക്കാർ ധനസഹായം (രൂപയിൽ) |
|---|---|
| ജനറൽ | 3,50,000 |
| പട്ടികജാതി/മത്സ്യത്തൊഴിലാളികൾ/ തോട്ടംതൊഴിലാളികൾ | 4,00,000 |
| പട്ടികവർഗ്ഗം | ജില്ലാ സാങ്കേതിക സമിതി അംഗീകരിക്കുന്ന യഥാർത്ഥ ചെലവ് |

സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭവന സമുച്ചയത്തിൽ ഭവനം നിർമ്മിച്ച് നൽകുന്നതാണ്.

(ഇ) താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കുന്നവരായിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ :

ഭൂമിയുള്ള ഭവനരഹിതർ

ഭൂരഹിത ഭവനരഹിതർ

ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ

ഇത്തരത്തിൽ കണ്ടെത്തുന്ന ഗുണഭോക്താക്കളിൽ താഴെപ്പറയുന്നവർക്ക് മുൻഗണന നൽകുന്നതാണ് :

- മാനസിക വെല്ലുവിളികൾ നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര/മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം/അപകടത്തിൽപ്പെട്ട് ജോലിചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ
- എച്ച്.ഐ.വി. $+^{ve}$ ആയിട്ടുള്ളവർ

**നഗരസഭകളിലെ നിയമവിരുദ്ധ നിർമ്മാണ പ്രവർത്തനങ്ങൾ**

195 (2753) ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ നഗരസഭകളിൽ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രധാന വീഥിയോരങ്ങളിലും ജംഗ്ഷനുകളിലും നടക്കുന്ന നിയമവിരുദ്ധ നിർമ്മാണ പ്രവർത്തനങ്ങൾ തടയാൻ ആവശ്യമായ ജാഗ്രത പല മുനിസിപ്പാലിറ്റികളിലും ഉണ്ടാകുന്നില്ല എന്നത് പരിശോധിക്കുമോ;

(സി) നിയമലംഘകർക്ക് ഒത്താശ ചെയ്തുകൊടുക്കുന്നതായി ആക്ഷേപമുള്ള ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 157 പ്രകാരം നിയമവിരുദ്ധമായ നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും അവ സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിനുമായി ഓരോ ജില്ലയിലും ഒരു വിജിലൻസ് സ്ക്വാഡ് ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം രൂപീകൃതമായ സ്ക്വാഡുകൾ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(സി) ജീവനക്കാർ നിയമ ലംഘകർക്ക് ഒത്താശ ചെയ്തുകൊടുക്കുന്നതായി അന്വേഷണത്തിൽ കണ്ടെത്തുന്ന സാഹചര്യങ്ങളിൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കാറുണ്ട്.

**ജീവനക്കാരുടെ നിയമനം**

196 (2754) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ഡയറക്ടറേറ്റ്, ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ, കോച്ചിംഗ് സെന്ററുകൾ, ന്യൂനപക്ഷ കമ്മീഷൻ എന്നിവിടങ്ങളിൽ ജീവനക്കാരെ നിയമിക്കുന്നത് എപ്രകാരമാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ സ്ഥാപനങ്ങളിൽ ഓരോന്നിലും എത്രപേരെ നിയമിച്ചുവെന്നും, ഏതെല്ലാം തസ്തികകളിൽ എന്നും വെളിപ്പെടുത്തുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് മുഖാന്തരമാണോ നിയമനം നടത്തിയിട്ടുള്ളത് ; അല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡെപ്യൂട്ടേഷൻ/കരാർ/ദിവസവേതനം അടിസ്ഥാനത്തിലാണ് പ്രസ്തുത സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടത്തിവരുന്നത്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) അല്ല, നിലവിൽ ഡെപ്യൂട്ടേഷൻ/കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണ് ഉത്തരവുള്ളത്.

**ക്ഷേമ പെൻഷൻ**

197 (T2755) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെകാലത്ത് വിവിധ ക്ഷേമപെൻഷൻ ഇനത്തിൽ എത്ര രൂപ കുടിശ്ശിക ഉണ്ടായിരുന്നു എന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ക്ഷേമ പെൻഷൻ ഇനത്തിൽ എത്ര രൂപ വിതരണം ചെയ്തു എന്നും വിശദമാക്കാമോ?

ഉത്തരം

കഴിഞ്ഞ സർക്കാരിന്റെ കാലാവധി അവസാനിക്കുന്ന വേളയിൽ വിവിധ പെൻഷനുകളിൽ 1525.34 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ക്ഷേമപെൻഷൻ ഇനത്തിൽ 4560.73 കോടി രൂപ അനുവദിച്ചു.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**ക്ഷേമ പെൻഷനുകൾ**

198 (T2756) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷേമ പെൻഷനുകൾ നൽകുന്നതിന് എത്ര തുക വിനിയോഗിച്ചു;

(ബി) കേരളത്തിൽ അർഹതപ്പെട്ട എല്ലാവർക്കും ക്ഷേമ പെൻഷൻ നൽകിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; എത്ര ശതമാനം പേർക്ക് പെൻഷൻ നൽകാൻ സാധിച്ചു?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 ജൂൺ മാസം മുതൽ 2017 മാർച്ച് മാസം വരെ 4560.73 കോടി രൂപ ക്ഷേമപെൻഷനുകൾ നൽകുന്നതിന് അനുവദിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ അർഹതപ്പെട്ട 3702753 ഗുണഭോക്താക്കൾക്കാണ് പെൻഷൻ വിതരണം ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം യഥാസമയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് നൽകാത്ത ഗുണഭോക്താക്കൾക്കും ഗുണഭോക്താക്കളുടെ വിവരശേഖരണത്തിന്റെ ഭാഗമായി സത്യപ്രസ്താവന വിവരങ്ങൾ ലഭ്യമാക്കാത്ത ഗുണഭോക്താക്കൾക്കും പെൻഷൻ നേരിട്ട് വീടുകളിൽ എത്തിച്ചപ്പോൾ സ്ഥലത്തില്ലാതെ വന്നിട്ടുള്ള ഗുണഭോക്താക്കൾക്കും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ കാരണവും പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. 91.24% പേർക്ക് പെൻഷൻ നൽകാൻ സാധിച്ചു.

**ക്ഷേമ പെൻഷനുകൾ**

199(T2757) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വിവിധ ക്ഷേമ പെൻഷനുകൾ ഓരോ വിഭാഗത്തിനും എത്ര തുക വീതമാണ് വിതരണം ചെയ്യുന്നതെന്ന് വിശദമാക്കുമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇത്തവണ വിതരണം ചെയ്ത പെൻഷൻ തുകയിൽ പലർക്കും അറുന്നൂറ് രൂപ (3 X 600 = 1800) വീതമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് എങ്ങനെ സംഭവിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പി.എഫ്. പെൻഷൻ വാങ്ങുന്നവർക്ക് പെൻഷൻ തുകയിൽ കുറവുവരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

75 വയസ്സിന് താഴെ - 1100 രൂപ

75 വയസ്സിന് മുകളിൽ - 1500 രൂപ

2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ

80 ശതമാനത്തിന് താഴെ വൈകല്യമുള്ളവർ - 1100/-

80 ശതമാനത്തിന് മുകളിൽ വൈകല്യമുള്ളവർ - 1300/-

3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ - 1100/-

4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ - 1100/-

5. കർഷത്തൊഴിലാളി പെൻഷൻ - 1100/-

(ബി) ഉണ്ട്.

(സി) സാമൂഹ്യ സുരക്ഷാ പെൻഷനും സ്വന്തമായി പെൻഷൻ തുക വിതരണം ചെയ്യാത്ത ക്ഷേമനിധി ബോർഡുകളിൽനിന്നും പെൻഷൻ കൈപ്പറ്റുന്നവരുമായ ഗുണഭോക്താക്കളുടെ സാമൂഹ്യ സുരക്ഷ പെൻഷൻ 600 രൂപയായി നിജപ്പെടുത്തി വിതരണം ചെയ്യുന്നതിന് സ.ഉ.(എംഎസ്.)നമ്പർ 67/2017/ധന. തീയതി 6-2-2017 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(ഡി) ഇല്ല.

**സാമൂഹ്യക്ഷേമ പെൻഷൻ**

200 (T2758) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ ക്ഷേമ പെൻഷൻ എത്ര പേർക്ക് വിതരണം ചെയ്തു; ഏതൊക്കെ മാസത്തെ തുകയാണ് വിതരണം ചെയ്തത്;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) സാമൂഹ്യ ക്ഷേമ പെൻഷന് സംസ്ഥാനത്ത് എത്ര പേർ അർഹരായിട്ടുണ്ട്;

(സി) സാമൂഹ്യ ക്ഷേമ പെൻഷൻ നൽകുന്നതിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(ഡി) ഇതിൽ സഹകരണ ബാങ്കുകൾ മുഖേന എത്ര കോടി രൂപ നേരിട്ട് വീടുകളിൽ എത്തിച്ചിട്ടുണ്ട്;

(ഇ) ബാങ്കുകൾ വഴി എത്ര കോടി രൂപ നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സാമൂഹ്യ ക്ഷേമ പെൻഷൻ 3702753 പേർക്ക് വിതരണം ചെയ്തു. 2017 ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിലെ തുകകൾ ഒന്നിച്ചാണ് വിതരണം ചെയ്തത്.

(ബി) സാമൂഹ്യ ക്ഷേമ പെൻഷന് സംസ്ഥാനത്ത് 4166618 പേർ അർഹരായിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷം 11,44,01,76,600 രൂപ സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നതിന് അനുവദിച്ചിട്ടുണ്ട്.

(ഡി) സഹകരണ ബാങ്കുകൾ മുഖേന 5,54,28,37,500 രൂപ നേരിട്ട് വീടുകളിൽ എത്തിച്ചിട്ടുണ്ട്.

(ഇ) ബാങ്കുകൾ വഴി 5,897340300 രൂപ നൽകിയിട്ടുണ്ട്.

**ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പാസ്സ് വേഡ് പദ്ധതി**

201 (2759) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് കുട്ടികളുടെ വ്യക്തിത്വ വികസനത്തിനുവേണ്ടി നടത്തുന്ന പാസ്സ്‌വേഡ് പദ്ധതി കഴിഞ്ഞ അധ്യയന വർഷം എത്ര സ്കൂളുകളിൽ സംഘടിപ്പിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എറണാകുളം ജില്ലയിൽ എത്ര മണ്ഡലങ്ങളിലെ സ്കൂളുകളിൽ സംഘടിപ്പിച്ചു;

(സി) പ്രസ്തുത സ്കൂളുകളുടെ പേരുവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ അദ്ധ്യയന വർഷം കുട്ടികളുടെ വ്യക്തിത്വ വികസനത്തിനു വേണ്ടി നടത്തുന്ന പാസ്സ് വേഡ് പദ്ധതി 95 സ്കൂളുകളിൽ നടത്തിയിട്ടുണ്ട്.

(ബി&സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ള എറണാകുളം ജില്ലയിലെ സ്കൂളുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. സെന്റ് അഗസ്റ്റിൻ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, കോതമംഗലം.

2.ഹിദായത്തുൽ ഇസ്ലാം ഹയർ സെക്കന്ററി സ്കൂൾ, എടവനക്കാട്.

3. ടാലന്റ് ഫോർ എക്സലൻസ്, പെരുമ്പാവൂർ.

4.അൽഫറൂഖിയ ഇസ്ലാമിക് സ്കൂൾ, ചേരനല്ലൂർ

5. ജമാഅത്ത് ഹയർ സെക്കന്ററി സ്കൂൾ, തണ്ടേക്കാട്.

6. ജി.വി.എച്ച്.എസ്. സ്കൂൾ, പല്ലാരിമംഗലം, കോതമംഗലം.

7. ഗവ. ഹയർ സെക്കന്ററി സ്കൂൾ, ചെറുവത്തൂർ.

8. ജി.എച്ച്.എസ്.എസ്. തേഴക്കാപ്പള്ളി, മുവാറ്റുപുഴ

9. ഗവ. ഹൈസ്കൂൾ, കുന്നുപുറം, ഇടപ്പള്ളി നോർത്ത്.

10. തർബിയത്ത് ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂൾ, മുവാറ്റുപുഴ.

11. തർബിയത്ത് ട്രസ്റ്റ് ഹൈസ്കൂൾ, മുവാറ്റുപുഴ.

**ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

202 (2760) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പും ഡയറക്ടറേറ്റും പ്രവർത്തന മാരംഭിച്ചത് ഏത് വർഷമാണ്;

(സി) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരുടെ എണ്ണം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ന്യൂനപക്ഷക്ഷേമത്തിനായി ന്യൂനപക്ഷ കമ്മീഷനോ ന്യൂനപക്ഷക്ഷേമ കോർപ്പറേഷനോ പ്രവർത്തിച്ചുവരുന്നുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധം* ആയി ചേർത്തിട്ടുണ്ട്.

(ബി) 22-4-2008-ലെ സ.ഉ.(കൈ) നമ്പർ 137/08/പൊ.ഭവ. പ്രകാരം സെക്രട്ടേറിയറ്റിൽ ന്യൂനപക്ഷ സെൽ ആരംഭിച്ചു. 18-8-2012-ലെ സ.ഉ.(കൈ) നമ്പർ 212/12/പൊ.ഭ.വ. പ്രകാരം ന്യൂനപക്ഷ സെൽ, ന്യൂനപക്ഷ ക്ഷേമ വകുപ്പായി മാറി. 1-1-2011-ലെ സ.ഉ.(പി) നമ്പർ 2/2011/പൊ.ഭ.വ. പ്രകാരം ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റും രൂപീകൃതമായി.

(സി) ഇല്ല.

(ഡി) ഉണ്ട്. അനുബന്ധം* ആയി ചേർത്തിട്ടുണ്ട്.

**ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്കുള്ള സഹായങ്ങൾ**

203 (2761) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്കുള്ള സർക്കാരിന്റെ സഹായങ്ങൾ എന്തൊക്കെയാണ്; അത് ലഭിക്കാനുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ന്യൂനപക്ഷ വകുപ്പിന്റെ സംസ്ഥാന , ജില്ലാ തലങ്ങളിലെ ഉദ്യോഗസ്ഥ സംവിധാനവും അവയുടെ പ്രവർത്തനവും വിശദമാക്കാമോ;

(സി) ന്യൂനപക്ഷ വകുപ്പിന്റെ ഭവന പദ്ധതികൾ എന്തൊക്കെയാണ് ; ഈ സഹായം ലഭിക്കാനുള്ള അർഹത എന്താണ്?

ഉത്തരം

(എ&സി) ന്യൂനപക്ഷക്ഷേമ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ കുടുംബങ്ങൾക്ക് പ്രാധാന്യം നൽകി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം* ആയി ചേർത്തിട്ടുണ്ട്.

(ബി) അനുബന്ധം* ആയി ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ന്യൂനപക്ഷങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതികൾ

204(2762) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷങ്ങൾക്കായി നടപ്പിലാക്കിയ പുതിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്. എസ്.എസ്.എൽ.സി, പ്ലസ് ടു, വി.എച്ച്.എസ്.ഇ, ബിരുദം, ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ വിഭാഗങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. ബി.പി.എൽ. അപേക്ഷകരുടെ അഭാവത്തിൽ 6 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരെയും ടി സ്കോളർഷിപ്പിന് പരിഗണിക്കും. സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ എസ്.എസ്.എൽ.സി/പ്ലസ് ടു, വി.എച്ച്.എസ്.ഇ. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് 10,000 രൂപയും ബിരുദ/ബിരുദാനന്തര വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് 15,000 രൂപയുമാണ് സ്കോളർഷിപ്പ് അവാർഡ് തുകയായി നിശ്ചയിച്ചിട്ടുള്ളത്.

(ബി) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 250 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ഹാർബർ കടവുകളിൽ നിന്നും അശാസ്ത്രീയമായ മണലൂറ്റ്

205 (T2763) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് അധീനതയിലുള്ള ഹാർബർ കടവുകളിൽ നിന്നും അശാസ്ത്രീയമായും ബിനാമികൾ മുഖേനയും മണലൂറ്റുന്ന നടപടി തടഞ്ഞുകൊണ്ട്, കുറ്റമറ്റരീതിയിൽ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിന് ഇത്തരത്തിൽ അധികാരം നൽകുമ്പോൾ പദ്ധതികൾ കാര്യക്ഷമമായും സത്യസന്ധമായും നടത്തുവാൻ നിർദ്ദേശമുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) സംസ്ഥാനത്ത് തുറമുഖ വകുപ്പിന്റെ കീഴിലുള്ള തുറമുഖങ്ങളിലെ മാനുവൽ ഡ്രഡ്ജിംഗിനുള്ള അധികാരം തെരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങൾക്കാണ് നൽകിയിരുന്നത്. എന്നാൽ സഹകരണ സംഘങ്ങൾ വഴിയുള്ള മണൽ ഖനനം സുതാര്യമല്ലായെന്ന് കണ്ടതിനാലും ഇത് വൻതോതിലുള്ള അഴിമതിക്ക് കാരണമാകുന്നു എന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലും മണൽ ഖനനത്തിനുള്ള അധികാരം സഹകരണ സംഘങ്ങൾക്ക് പകരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി പൊതുനയം 9-2-2017-ലെ സ.ഉ.(കൈ) നമ്പർ 02/2017/മ.തു.വ.-ലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) തുറമുഖ വകുപ്പ്, റവന്യൂ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, പോലീസ് വകുപ്പ് എന്നീ വകുപ്പുകളിലെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു മോണിറ്ററിംഗ് സംവിധാനം പുതിയ നയം നിഷ്കർഷിച്ചിട്ടുള്ളതിനാൽ മണൽ ഖനനത്തിൽ കാര്യക്ഷമതയും സത്യസന്ധതയും ഉറപ്പുവരുത്താൻ സാധിക്കുന്നതാണ്.

**ചെറിയ തുറമുഖങ്ങൾ**

206 (2764) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 കാലയളവിൽ ഏതെല്ലാം ചെറിയ തുറമുഖങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) കൂടുതൽ ചെറിയ തുറമുഖങ്ങൾ ആരംഭിയ്ക്കുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) കൊല്ലം അഴീക്കൽ, പൊന്നാനി, കൊടുങ്ങല്ലൂർ, ആലപ്പുഴ, ബേപ്പൂർ, വിഴിഞ്ഞം എന്നീ തുറമുഖങ്ങളാണ് 2017-18 കാലയളവിൽ നവീകരിക്കാൻ ഉദ്ദേശിക്കുന്നത്. കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം,, വിഴിഞ്ഞം തുറമുഖത്തെ സീവേർഡ് വാർഫിന്റെ നീളം കൂട്ടൽ, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്. 46 കോടി രൂപ മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പൊന്നാനി തുറമുഖം പൊതു സ്വകാര്യ പങ്കാളിത്തത്തോടെയാണ് നിർമ്മിക്കുന്നത്. ഇതിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതിയനുസരിച്ച് 763 കോടി രൂപ ചെലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി 496 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

## കൊല്ലം തുറമുഖത്തിന്റെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾ

207(2765) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്തിന്റെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾക്കുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മൂന്നാംഘട്ട വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ ഭാരത് മാല പദ്ധതിയിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ സഹായം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കൊല്ലം തുറമുഖത്തിന്റെ ഭാവിവികസന പദ്ധതികൾ ഉൾക്കൊള്ളിച്ച് കിറ്റ്കോ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖ പരിധിയിൽ വരുന്ന 33 ഏക്കർകൂടി ഉൾപ്പെടുത്തിയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

(ബി) കൊല്ലം തുറമുഖത്തെ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം, കൊല്ലം തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ വികസനം എന്നീ പദ്ധതികൾ കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

## ചെറുകിട തുറമുഖങ്ങളിലെ ഗതാഗത വികസനം

208 (2766) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട തുറമുഖങ്ങളിലെ ഗതാഗത വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ തുറമുഖങ്ങളിലൂടെയുള്ള ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനും കപ്പലുകൾ തുറമുഖങ്ങളിൽ വന്നുപോകുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചെറുകിട തുറമുഖങ്ങളിലെ ഗതാഗത വികസനത്തിനായി തീരദേശ കപ്പൽ ഗതാഗത പദ്ധതി കേരള സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി മെസ്സേഴ്സ് ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുകയും പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം തുറമുഖത്തുവച്ച് 9-11-2013-ന് നടത്തുകയും ചെയ്തു. ആദ്യഘട്ടത്തിൽ കൊല്ലം, അഴീക്കൽ, വിഴിഞ്ഞം, ബേപ്പൂർ എന്നീ തുറമുഖങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 30-10-2014-ന് അഴീക്കൽ തുറമുഖത്തും ഈ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് തുറമുഖങ്ങളിലേക്ക് വലിയ ചരക്ക് കപ്പലുകളെ ആകർഷിക്കുന്നതിനായി തുറമുഖം എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി പ്രവർത്തനസജ്ജമാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി അത്യാധുനിക ഉപകരണങ്ങളായ റീച്ച് സ്റ്റാക്കറുകൾ, 40 ഫീറ്റ് കണ്ടയ്നർ, ഹാൻഡ്ലിംഗ് ക്രെയിനുകൾ, 20 ടൺ ക്രെയിനുകൾ, വി.ടി.എം.എസ്. സംവിധാനം തുടങ്ങിയ സൗകര്യങ്ങൾ തുറമുഖങ്ങളിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വലിയ ചരക്ക് കപ്പലുകളെ തുറമുഖത്തേക്ക് അടുപ്പിക്കുന്നതിനായി എം.ടി കേരളം, എം.ടി മലബാർ, എം.ടി അഴീക്കൽ, എം.ടി. ചാലിയാർ, എം.ടി. സാമൂതിരി തുടങ്ങിയ ടഗ്ഗുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖ ചാനലുകളിലെ ആഴം കൂട്ടുന്നതിനായി അത്യാധുനികവും ശേഷികൂടിയതുമായ ഒരു കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(സി) തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്നതിന് യന്ത്ര സംവിധാനങ്ങൾ പയോഗിച്ചുള്ള മെക്കാനിക്കൽ ഡ്രഡ്ജിംഗും പരിചയസമ്പന്നരായ തൊഴിലാളികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാനുവൽ ഡ്രഡ്ജിംഗും നടത്തിവരുന്നു. കപ്പലുകൾ വന്നുപോകുന്നതിന് അത്യന്താപേക്ഷിതമായ ചാനൽ വാർഫുകളുടെ നിർമ്മാണം, ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നീ സംവിധാനങ്ങൾ തുറമുഖങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.

## ചെറുകിട-വൻകിട തുറമുഖങ്ങൾ വികസിപ്പിക്കാൻ പദ്ധതി

209 (2767) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട-വൻകിട തുറമുഖങ്ങൾ വികസിപ്പിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ, ഏതെല്ലാം തുറമുഖങ്ങളാണ് ചരക്ക് ഗതാഗത പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഏതൊക്കെ തുറമുഖങ്ങളാണ് തീരദേശയാത്രാ കപ്പൽ സർവ്വീസിനുവേണ്ടി വികസിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെറുകിട തുറമുഖങ്ങളാണ് തുറമുഖ വകുപ്പിന്റെ കീഴിലുള്ളത്. തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ, പൊന്നാനി, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങൾ ഘട്ടംഘട്ടമായി വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. പദ്ധതിയുടെ ഭാഗമായി ടി തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ, പൊന്നാനി എന്നീ തുറമുഖങ്ങളാണ് ചരക്ക് ഗതാഗത പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കുന്നത്.

(സി) വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ, ആലപ്പുഴ എന്നീ തുറമുഖങ്ങളാണ് തീരദേശ യാത്രാക്കപ്പൽ സർവ്വീസിനുവേണ്ടി വികസിപ്പിക്കുന്നത്.

## ബേപ്പൂർ തുറമുഖത്തെ കപ്പൽ യാത്രാ ഡിസ്പ്ലേ ബോർഡ്

210 (2768) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖത്ത് സ്ഥാപിച്ചിട്ടുള്ള കപ്പൽ യാത്രാ ഡിസ്പ്ലേ ബോർഡ് പ്രവർത്തനരഹിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡിസ്പ്ലേ ബോർഡ് തകരാറിലായതിനാൽ, കപ്പലുകളുടെ ഷെഡ്യൂൾ അറിയാതെ യാത്രക്കാർ പ്രയാസപ്പെടുന്നത് ദൂരീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ബേപ്പൂർ തുറമുഖത്ത് കേരള തുറമുഖ വകുപ്പ് കപ്പൽ യാത്രാ ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടില്ല. എന്നാൽ ലക്ഷദ്വീപ് തുറമുഖ വകുപ്പ് ബേപ്പൂർ തുറമുഖത്ത് സ്ഥാപിച്ചിട്ടുള്ള ഡിസ്പ്ലേ ബോർഡ് നിലവിൽ പ്രവർത്തനക്ഷമമല്ല. ആയത് പ്രവർത്തനക്ഷമമാക്കുന്നതിന് ലക്ഷദ്വീപ് തുറമുഖ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്.

**കാസർഗോഡ് തുറമുഖം ആരംഭിക്കാനുള്ള സാധ്യതകൾ**

211 (2769) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് തുറമുഖം പ്രവർത്തിച്ചിരുന്നോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ എപ്പോഴായിരുന്നുവെന്നും പ്രസ്തുത തുറമുഖത്തിൽ നിന്നുള്ള കയറ്റിറക്കുമതി എപ്രകാരമായിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുറമുഖം നിലവിലുണ്ടായിരുന്നതാണെങ്കിൽ അത് ഇല്ലാതാകാനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് തുറമുഖം ആരംഭിക്കാനുള്ള സാധ്യതകൾ ഇപ്പോൾ എത്രമാത്രമുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കാസർഗോഡ് തുറമുഖം പ്രവർത്തിച്ചിരുന്നു. 1809-ൽ കാസർഗോഡ് തുറമുഖം നിലവിൽവന്നു. പായ്ക്കപ്പലുകൾ മുഖേനയാണ് തുറമുഖത്ത് ചരക്ക് ഗതാഗതം നടന്നിരുന്നത്. 1903 വരെ അഴിമുഖം നിലവിലുള്ള തുറമുഖ ഓഫീസിനു നേരെ പടിഞ്ഞാറ് ആയിരുന്നു. പ്രസ്തുത കാലഘട്ടത്തിൽ ഈ അഴിയിൽക്കൂടി പായ്ക്കപ്പലുകൾ ചന്ദ്രഗിരിപ്പുഴയിൽ പ്രവേശിച്ച് കസ്റ്റംസ് ഹൗസിന്റെ മുന്നിലുള്ള വാർഫിൽ ചരക്ക് ഇറക്കുകയും കയറ്റുകയും ചെയ്തിരുന്നു. 1903-ലെ മൺസൂൺ കാലവർഷത്തോടുകൂടി അഴിമുഖം തുറമുഖ ഓഫീസിന്റെ എതിർവശത്തുനിന്നും തെക്ക് ചന്ദ്രഗിരി റയിൽവേ പാലത്തിന്റെ പടിഞ്ഞാറ് വശത്തായി മാറി. അഴിമുഖം കാലാന്തരത്തിൽ വടക്കോട്ട് നീങ്ങുവാൻ തുടങ്ങി. ഇപ്പോൾ മാലിക് ദിനാർ പള്ളിയുടെ എതിർവശത്തായാണ് സ്ഥിതിചെയ്യുന്നത്.

(ഡി) നിലവിൽ കാസർഗോഡ് തുറമുഖ അഴി വളരെ നേരിയതും ആഴം കുറഞ്ഞതുമായതിനാൽ തുറമുഖ നിർമ്മാണം വളരെ ചെലവേറിയതാകും. ആയതിനാൽ കാസർഗോഡ് തുറമുഖം ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## തുറമുഖങ്ങളിലെ വ്യവസായ വാണിജ്യ ഇടപാടുകൾ

212 (2770) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. റോജി എം. ജോൺ :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട-വൻകിട തുറമുഖങ്ങളിൽ എന്തെല്ലാം വ്യവസായ വാണിജ്യ ഇടപാടുകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ തുറമുഖങ്ങളിലാണ് അന്താരാഷ്ട്ര ചരക്ക് ഗതാഗതം നടത്തിവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ചരക്ക്-യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നത് ഏതൊക്കെ തുറമുഖങ്ങളിലൂടെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ചെറുകിട തുറമുഖങ്ങളാണ് തുറമുഖ വകുപ്പിന്റെ കീഴിലുള്ളത്. ഇവയിൽ ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽ നിന്നും ലക്ഷദ്വീപിലേക്ക് ചരക്ക് നീക്കം നടന്നുവരുന്നു. വിഴിഞ്ഞം, കൊല്ലം തുറമുഖങ്ങളിൽ അന്താരാഷ്ട്ര ചരക്ക് ഗതാഗതം നടന്നുവരുന്നു. വിഴിഞ്ഞത്തുനിന്നും പ്രധാനമായി മാലിയിലേയ്ക്കാണ് ചരക്കുനീക്കം നടക്കുന്നത്. വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത ക്രയിൻ, ISRA-ക്ക് വേണ്ടിയുള്ള ഉപകരണങ്ങൾ, തീരദേശകപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി ആഫ്രിക്കയിൽ നിന്നും കശുവണ്ടി എന്നിവയാണ് കൊല്ലം തുറമുഖത്ത് കൈകാര്യം ചെയ്യുന്ന വിദേശ ചരക്കുകൾ.

(സി) കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിലൂടെയാണ് ചരക്ക് കപ്പൽ സർവ്വീസ് നടത്തുന്നത്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കോവളം-കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ മേഖലകളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കോവളം-കന്യാകുമാരി അതിവേഗ ജലപാത സംബന്ധിച്ച് പഠനം നടത്തുന്നതിന് NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## തുറമുഖങ്ങളിൽ നിന്നുള്ള മണൽ വിൽപ്പന

213 (2771) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ, ബേപ്പൂർ, വടകര, തലശ്ശേരി, അഴീക്കൽ, കാസർഗോഡ്, നീലേശ്വരം, മഞ്ചേശ്വരം എന്നീ തുറമുഖങ്ങളിൽ നിന്നും ശേഖരിക്കുന്ന മണൽ വിറ്റഴിക്കുന്നതിനായി എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഈ തുറമുഖങ്ങളിൽ നടന്നുവന്ന മണൽ ഖനന-വിപണന പ്രവൃത്തികളിൽ വ്യാപകമായ അഴിമതി നടന്നതായ പരാതി തുറമുഖ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മണൽ വില്പന ഏല്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് വിലക്കാണ് തുറമുഖപ്രദേശത്തെ മണൽ വിൽക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് തുറമുഖ വകുപ്പിന്റെ കീഴിലുള്ള തുറമുഖങ്ങളിൽ നിന്നും ശേഖരിക്കുന്ന മണലിന്റെ വിപണന രീതിയും അടിസ്ഥാന വിലയും നിശ്ചയിച്ച് സ.ഉ.(കൈ) നമ്പർ 10/2017/മ.തു.വ. ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് മണൽ വിൽപ്പന പൂർണ്ണമായും തുറമുഖ വകുപ്പിന്റെ വെബ്സൈറ്റിലൂടെയാണ് നടത്തുന്നത്.

(ബി) സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തിയിരുന്ന മാന്വൽ ഡ്രഡ്ജിംഗ് പ്രവൃത്തിയെ സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ലഭിച്ച പരാതികൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല. മണൽ വിൽപ്പന പൂർണ്ണമായും തുറമുഖ വകുപ്പിന്റെ നിയന്ത്രണത്തിലാണ് നടത്തുന്നത്. വിൽപ്പന വില നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഫോർട്ട് കൊച്ചിയിലെ ബാസ്റ്റിൻ ബംഗ്ലാവ്

214(T2772) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചിയിലെ ബാസ്റ്റിൻ ബംഗ്ലാവ് (പഴയ ആർ.ഡി. ഒ. ബംഗ്ലാവ്) മ്യൂസിയമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(ബി) ഇത് പൊതുജനങ്ങൾക്കായി എന്ന് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഫോർട്ട് കൊച്ചിയിലെ ബാസ്റ്റിൻ ബംഗ്ലാവ് എറണാകുളം ജില്ലാ പൈതൃക മ്യൂസിയമായി സജ്ജീകരിക്കുന്നതിന് 20-2-2013-ലെ ജി.ഒ. (ആർറ്റി.) നമ്പർ 67/2013/സിഎഡി നമ്പർ ഉത്തരവ് പ്രകാരം 5.4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ നോഡൽ ഏജൻസിയായ കേരള മ്യൂസിയം വഴി നടത്തിവരുന്നു.

(ബി) പ്രസ്തുത മ്യൂസിയം ആറ് മാസത്തിനകം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

## ചാലക്കുടിയിൽ ട്രാംവെ റെയിൽ പൈതൃക മ്യൂസിയം

215 (2773) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവെ റെയിൽ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ചരിത്രപ്രാധാന്യമുള്ള കൊച്ചിൻ ട്രാംവെ റെയിലിന്റെ അവശേഷിക്കുന്ന ഭാഗങ്ങൾ സംരക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമായി ചാലക്കുടിയിൽ ട്രാംവെ റെയിൽ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) ചാലക്കുടി മുതൽ പറമ്പിക്കുളം വരെയുണ്ടായിരുന്ന ട്രാംവെ റെയിൽ പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ചാലക്കുടിയിൽ റെയിൽ ട്രാംവെ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള താൽപ്പര്യപത്രം ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ട്രാംവെ മ്യൂസിയം സ്ഥാപിക്കുന്നത് സംബന്ധിച്ച് ഡി.പി.ആർ. തയ്യാറാക്കിയശേഷം റെയിൽ ട്രാംവെ അവശിഷ്ടങ്ങൾ സംരക്ഷിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

## കുഞ്ഞാലിമരയ്ക്കാർ സ്മാരക മ്യൂസിയം

216 (2774) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ധീരദേശാഭിമാനി കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാരുടെ ജൻമഗൃഹമുൾപ്പെടെയുള്ള സ്മാരകത്തിന്റെ വികസനം മുൻനിർത്തി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള നിവേദനത്തിൻമേൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ചരിത്ര പ്രാധാന്യമുള്ള കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാർ സ്മാരക മ്യൂസിയത്തിന്റെ വികസനത്തിനായി പദ്ധതിയാവിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ധീരദേശാഭിമാനി കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാർ സ്മാരകത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് കുഞ്ഞാലിമരയ്ക്കാർ റസിഡൻസ് വെൽഫെയർ അസോസിയേഷൻ സമർപ്പിച്ചിട്ടുള്ള 22-12-15-ലെ നിവേദനത്തിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുരാവസ്തു ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാർ മ്യൂസിയത്തിന്റെ വികസനത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## സാംസ്കാരിക പൈതൃകത്തിന്റെ വിശുദ്ധി സംരക്ഷിക്കാൻ നടപടി

217 (2775) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാംസ്കാരിക പൈതൃകത്തിന്റെ വിശുദ്ധി സംരക്ഷിക്കാനുള്ള മനോഭാവം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിന് പുരാവസ്തു വകുപ്പുതലത്തിൽ ചെറിയ സംരംഭങ്ങൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ?

ഉത്തരം

കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ വിശുദ്ധി സംരക്ഷിക്കാനുള്ള മനോഭാവം പുതുതലമുറയിൽ വളർത്തുന്നതിനായി പുരാവസ്തു വകുപ്പ് സെമിനാറുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം നിലവിൽ വകുപ്പിന്റെ പരിഗണനയിലില്ല.

**മൂന്നാറിൽ ചരിത്ര മ്യൂസിയം ആരംഭിക്കാൻ നടപടി**

218(2776) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ മൂന്നാറിൽ ചരിത്ര മ്യൂസിയം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഇടുക്കി ജില്ലാ പൈതൃക മ്യൂസിയം പൈനാവിൽ സജ്ജീകരിച്ച് വരുന്ന സാഹചര്യത്തിൽ ഇതേ ജില്ലയിലെ തന്നെ മൂന്നാറിൽ ചരിത്രമ്യൂസിയം സ്ഥാപിക്കുന്ന വിഷയം പരിഗണനയിലില്ല.

**റാന്നി മേഖലയിലെ ടൗൺ ടു ടൗൺ സർവ്വീസുകൾ**

219(2777) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-പൊൻകുന്നം, പുനലൂർ-കാഞ്ഞിരപ്പള്ളി, പുനലൂർ-മുണ്ടക്കയം എന്നീ റൂട്ടുകളിലായി ടൗൺ ടു ടൗൺ സർവ്വീസ് (നേരത്തേ ചെയിൻ സർവ്വീസ്) നടത്തുന്നതിനായി എത്ര ബസ്സുകളാണ് ഉപയോഗിച്ചുവന്നിരുന്നതെന്നും ഇപ്പോൾ എത്ര ബസ്സുകളാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വീസുകൾക്ക് ഉപയോഗിക്കുന്ന ബസുകൾ പലപ്പോഴും യാത്രയ്ക്കിടയിൽ കേടായി വഴിയിൽ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചെയിൻ സർവ്വീസുകളിലും ടൗൺ ടു ടൗൺ സർവ്വീസുകളിലും ഉപയോഗിക്കുന്നതിനായി അധികം പഴക്കമില്ലാത്ത ബസ്സുകൾ ഉപയോഗിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതിനും ആവശ്യമെങ്കിൽ ബസ്സുകൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) സ്വകാര്യ ബസുകൾക്ക് സഹായമാകുംവിധം സർവ്വീസുകൾ വൈകിപ്പിക്കുകയോ, യഥാസമയം സർവ്വീസ് നടത്താതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സ്വകാര്യ ബസ്സുകളുടെ കുത്തകയായ റാന്നി -തിരുവല്ല, റാന്നി-കോട്ടയം എന്നീ സെക്ടറുകളിൽ ടൗൺ ടു ടൗൺ സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുനലൂർ-പൊൻകുന്നം, പുനലൂർ-കാഞ്ഞിരപ്പള്ളി, പുനലൂർ-മുണ്ടക്കയം എന്നീ റൂട്ടുകളിലായി ടൗൺ ടു ടൗൺ സർവ്വീസ് നടത്തുന്നതിനായി 13 (പതിമൂന്ന്) ബസ്സുകളാണ് ഉപയോഗിച്ചുവന്നിരുന്നത്. അത്രയും ബസ്സുകൾ തന്നെയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ചെയിൻ സർവ്വീസുകളിലും ടൗൺ ടു ടൗൺ സർവ്വീസുകളിലും അധികം പഴക്കമില്ലാത്ത ബസ്സുകൾ ഉപയോഗിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്. ആവശ്യമെങ്കിൽ ബസ്സുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

(ഡി) സ്വകാര്യ ബസ്സുകൾക്ക് സഹായകരമാംവിധം സർവ്വീസുകൾ വൈകിപ്പിക്കുകയോ, യഥാസമയം മനഃപൂർവ്വമായി സർവ്വീസ് നടത്താതിരിക്കുകയോ ഉദ്യോഗസ്ഥർ ചെയ്യിട്ടില്ല. അത്തരത്തിലുള്ള കൃത്യവിലോപം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

(ഇ) റാന്നി-തിരുവല്ല, റാന്നി-കോട്ടയം എന്നീ സെക്ടറുകളിൽ ടൗൺ ടു ടൗൺ സർവ്വീസ് ആരംഭിക്കുവാനുള്ള നടപടികൾ നിലവിൽ പരിഗണനയിലില്ല.

## സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ്-ഓർഡിനറി ബസ്സുകളുടെ ദൂരപരിധി

220 (2778) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി ബസ്സുകളുടെ ദൂരപരിധി 140 കി.മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ടോ;

(ബി) ദൂരപരിധി സംബന്ധിച്ച് ഗതാഗത വകുപ്പ് ഇറക്കിയ വിജ്ഞാപനം കേന്ദ്ര മോട്ടോർ വാഹനനിയമത്തിലെ ചാപ്റ്റർ 6-ന്റെ അടിസ്ഥാനത്തിലായിരുന്നോ;

(സി) കേരള മോട്ടോർ വെഹിക്കിൾസ് റൂൾസിലെ പെർമിറ്റ് വ്യവസ്ഥകൾ നിശ്ചയിക്കുന്ന വ്യവസ്ഥയുമായി ബന്ധപ്പെടുത്തി വിജ്ഞാപനം ഇറക്കുവാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ തീരുമാനം കോടതിയിൽ ചോദ്യംചെയ്യുവാനുള്ള പഴുത് ഇതുമൂലം സ്വകാര്യബസ് ഉടമകൾക്ക് ലഭ്യമാകുന്നതിനാൽ ഇക്കാര്യത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) 15-3-2017-ലെ GO(P)No.6/2017/Trans പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) അതെ.

(സി) 20-8-2015-ലെ ജി.ഒ.(എം.എസ്)നമ്പർ 45/2015/ഗത. പ്രകാരം LSOS എന്ന ക്ലാസ് നിലവിൽവന്നു. ഇതിന്റെ തുടർച്ചയായി മോട്ടോർ വാഹന നിയമത്തിൽ LSOS സർവ്വീസ് സംബന്ധിച്ച നിർവ്വചനം ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചു.

(ഡി) ചട്ടങ്ങളിൽ വ്യക്തത വരുത്തുന്നതിനാണ് ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചത്. ഇക്കാര്യത്തിൽ നിയമനടപടികൾ ഉണ്ടാകുന്നപക്ഷം ഉചിതമായ വിശദീകരണം ബഹു. കോടതി മുൻപാകെ നൽകുന്നതാണ്.

## റിസർവ് കണ്ടക്ടർമാരുടെ നിയമനം

221 (2779) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ റിസർവ് കണ്ടക്ടർമാരുടെ 2000 ഒഴിവുകൾ 2016 ഡിസംബർ 31 ന് മുൻപ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് കോടതി നിർദ്ദേശം ഉണ്ടായിരുന്നോ എന്നും ആയത് പ്രകാരം ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സിയിൽ റിസർവ് കണ്ടക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 5-9-2013, 1-9-2016, 15-12-2016, 31-12-2016 എന്നീ തീയതികളിലായിട്ടുള്ള റിസർവ് കണ്ടക്ടർ പി.എസ്.സി. അഡ്വൈസിൽ ഓരോ തീയതി പ്രകാരമുള്ളതിലും എത്ര എൻ.ജെ.ഡി. ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം വീതം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) 5-9-2013-ന് ശേഷം റിസർവ് കണ്ടക്ടർമാരുടെ എത്ര പുതിയ ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും ഇതിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കോടതി ഉത്തരവ് ഉണ്ടായിരുന്നു.

നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ റിസർവ് കണ്ടക്ടർ തസ്തികയിൽ ഒഴിവുകൾ ഇല്ലാത്തതിനാൽ, കോടതിയുടെ ഇടക്കാല ഉത്തരവിൻ പ്രകാരം പ്രസ്തുത എണ്ണം ഒഴിവുകൾ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന ഡിസംബർ 31-ന് മുമ്പ് പി.എസ്.സി.-ക്ക് താൽക്കാലികമായി റിപ്പോർട്ട് ചെയ്യണമെന്ന് 30-12-16-ൽ വിധിയായിരുന്നു. എന്നാൽ ജഡ്ജ്മെന്റ് കെ.എസ്.ആർ.ടി.സി.-യിൽ ലഭ്യമായത് 4-1-2017-ൽ മാത്രമാണ്. നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ റിസർവ് കണ്ടക്ടർമാരുടെ ഒഴിവുകളില്ലാത്തതിനാൽ ഈ ഇടക്കാല ഉത്തരവിനെതിരെ അപ്പീൽ സമർപ്പിക്കാൻ കെ.എസ്.ആർ.ടി.സി.-യുടെ ഹൈക്കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിൽ ഒഴിവുകൾ ഇല്ല.

(സി) 5-9-2013 തീയതിയിലെ റിസർവ് കണ്ടക്ടർ തസ്തികയിലുള്ള പി.എസ്.സി. അഡ്വൈസിൽനിന്നും അഞ്ച് ഘട്ടങ്ങളിലായി നടന്ന നിയമനങ്ങളിലായി 4030 NJD ഒഴിവുകളുണ്ട്. 9-9-16-ൽ 165 NJD ഒഴിവുകളുണ്ട്. 15-12-2016, 31-12-2016-ലെ റിസർവ് കണ്ടക്ടർ തസ്തികയിലെ പി.എസ്.സി. അഡ്വൈസിൽ നിയമന നടപടികൾ ആരംഭിച്ചിട്ടില്ല.

ഓരോ നിയമന ഘട്ടത്തിലേയും NJD ഒഴിവുകൾ 2013 മുതൽ 2015 വരെയുള്ള കാലയളവിലെ പ്രതീക്ഷിത ഒഴിവുകൾ, ടി കാലയളവിലെ സർവ്വീസ് വർദ്ധനവിന് ആനുപാതികമായി ഉണ്ടായ ഒഴിവുകൾ എന്നിവയെല്ലാം തിട്ടപ്പെടുത്തി പ്രസ്തുത റാങ്ക് പട്ടികയിലെ 9300 പേർക്കും നിയമനം അനുവദിച്ചു. മാത്രമല്ല ഓരോ നിയമന ഘട്ടത്തിലേയും NJD ഓഴിവുകൾ - പ്രസ്തുത എണ്ണത്തിന് പകരമായി നിയമന ശിപാർശ നൽകേണ്ടതില്ലായെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തി പി.എസ്.സി.യിൽ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓരോ നിയമന ഘട്ടത്തിലും സൃഷ്ടിക്കപ്പെടുന്ന NJD ഒഴിവുകൾ അടുത്ത നിയമന ഘട്ടത്തിൽ നികത്തപ്പെടുന്നതിനാലാണ് പകരം നിയമന ശിപാർശ അനുവദിക്കരുതെന്ന നിർദ്ദേശം കോർപ്പറേഷൻ ഉൾപ്പെടുത്തിയിരുന്നത്.

(ഡി) 2014-ലെ പ്രതീക്ഷിത ഒഴിവുകളായ 134-ഉം 2015-ലെ പ്രതീക്ഷിത ഒഴിവുകളായ 315-ഉം 2016-ലെ പ്രതീക്ഷിത ഒഴിവുകളായ 25-ഉം 31-12-2017-വരെയുള്ള പ്രതീക്ഷിത ഒഴിവുകളായ 219-ഉം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സുശീൽഖന്ന റിപ്പോർട്ട്**

222 (2780) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സുശീൽഖന്ന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയുണ്ടായോ; വിശദമാക്കുമോ;

(സി) അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പുനരുദ്ധാരണ പാക്കേജിനാണ് സർക്കാർ രൂപം നൽകിയിരിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) പൂർണ്ണമായ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ**

223 (2781) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലൂടെ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് ഷെഡ്യൂളുകൾ ഏതെല്ലാമാണ്; വിശദാംശം നൽകുമോ;

(ബി) ഇതിൽ നിർത്തലാക്കിയ സർവ്വീസുകൾ ഏതെല്ലാമാണ്; അവ നിർത്തലാക്കിയത് എന്നുമുതലാണ്;

(സി) പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കിയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. തെക്ക് നിന്നും വടക്കോട്ടും വടക്ക് നിന്ന് തെക്ക് ഭാഗത്തോട്ടും നടത്തുന്ന സർവ്വീസുകൾ ഏറെക്കുറെയും കടന്നുപോകുന്നത് കൊല്ലം മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലൂടെയാണ്. കൂടാതെ കൊല്ലം ഡിപ്പോയിൽ നിന്നും 2 സൂപ്പർഫാസ്റ്റ്, 27 ഫാസ്റ്റ് പാസഞ്ചർ, 12 ജൻറം, ചെയിൻ സർവ്വീസ് ഉൾപ്പെടെ 83 ഓർഡിനറി ബസ്സുകൾ സർവ്വീസ് നടത്തുന്നു.

(ബി&സി) സർവ്വീസുകളൊന്നുംതന്നെ നിർത്തലാക്കിയിട്ടില്ല. ഡ്രൈവർമാരുടെ അഭാവത്തിൽ ചില ദിവസങ്ങളിൽ സർവ്വീസ് ഓപ്പറേറ്റ് ചെയ്യുവാൻ സാധിക്കാതെ വരാറുണ്ട്. തുടർച്ചയായി സർവ്വീസ് മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ജി.ഐ.സി. വഴി ഇൻഷ്വർ ചെയ്ത കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ**

224 (2782) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിരത്തുകളിൽ ആകെ കെ.എസ്.ആർ.ടി.സി.-യുടെ എത്ര വാഹനങ്ങൾ ഓടുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ജി.ഐ.സി. വഴി ഇൻഷ്വർ ചെയ്തതും കൃത്യമായി ഇൻഷ്വറൻസ് നിലനിർത്തിപ്പോരുന്നതുമായ എത്ര വാഹനങ്ങൾ ഉണ്ട്;

(സി) ജി.ഐ.സി. ഇൻഷ്വറൻസ് ഇല്ലാത്ത കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ എത്രയെന്നും ഇൻഷ്വറൻസ് ഇല്ലാത്ത എത്ര വാഹനങ്ങൾ നിരത്തിലോടുന്നുണ്ടെന്നും അതിൽ പൊതുജനങ്ങളെ വഹിച്ചുകൊണ്ട് സർവ്വീസ് നടത്തുന്നത് എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് 5947 ബസ്സുകളും കെ.യു.ആർ.ടി.സി.-യുടെ കീഴിൽ 679 ബസ്സുകളുമാണുള്ളത്.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് കീഴിലുള്ള 5947 ബസ്സുകളിൽ 5540 ബസ്സുകൾക്കും കെ.യു.ആർ.ടി.സി.-യുടെ കീഴിലുള്ള എല്ലാ ബസ്സുകൾക്കും (679 എണ്ണം) ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുകയും ആയത് യഥാസമയം പുതുക്കിവരുന്നുമുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ 5947 വാഹനങ്ങളിൽ 5540 വാഹനങ്ങൾക്കും (കോംപ്രിഹെൻസീവ് ഇൻഷ്വറൻസ് - 1517, തേർഡ് പാർട്ടി ഇൻഷ്വറൻസ് - 4023, ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത വാഹനങ്ങൾ - 407)

കെ.യു.ആർ.ടി.സി.-യുടെ എല്ലാ വാഹനങ്ങൾക്കും [(679) (കോംപ്രിഹെൻസീവ് ഇൻഷ്വറൻസ് - 439, തേർഡ് പാർട്ടി ഇൻഷ്വറൻസ് - 240)] ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത 407 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

1988-ലെ മോട്ടോർ വാഹന നിയമം 146-ാം വകുപ്പ് പ്രകാരം എല്ലാ വാഹനങ്ങൾക്കും അപകട ഇൻഷ്വറൻസ് നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ അതേ സെക്ഷനിൽ സബ്ബ് സെക്ഷൻ (3) പ്രകാരം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ് വാഹനങ്ങൾക്ക് അപകട ഇൻഷ്വറൻസ് എടുക്കുന്നതിൽനിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പുതിയതായി നിരത്തിലിറക്കുന്ന എല്ലാ ബസ്സുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ വൈദ്യുതി കുടിശ്ശിക

225 (2783) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി-യുടെ വർക്ക്ഷോപ്പുകളൊഴികെയുള്ള ഓഫീസുകളിൽ 1-4-2016 മുതൽ നാളിതുവരെ എത്ര തുക വൈദ്യുതി ചാർജ്ജിനത്തിൽ അടച്ചു; ഈ കാലയളവിൽ കുടിശ്ശികയായി എന്തെങ്കിലും തുക അടയ്ക്കാനുണ്ടോ;

(ബി) 1-4-2015 മുതൽ 31-3-2016 വരെയുള്ള വൈദ്യുതി ഉപഭോഗത്തിന്റെ കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഓഫീസുകളിൽ വൈദ്യുതി ഉപഭോഗം കുറച്ചുകൊണ്ട് വരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ വർക്ക് ഷോപ്പ് ഒഴികെയുള്ള ഓഫീസുകളിൽ 1-4-2016 മുതൽ വൈദ്യുതി ചാർജ്ജിനത്തിൽ 2,42,96,861 രൂപ അടച്ചിട്ടുണ്ട്. ഈ കാലയളവിൽ കുടിശ്ശികയായി 1,67,490 രൂപയും അടയ്ക്കാനുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ അഞ്ച് വർക്ക് ഷോപ്പുകളൊഴികെയുള്ള ഡിപ്പോകളിൽ 1-4-2015 മുതൽ 31-3-2016 വരെ 3842246 യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചിട്ടുണ്ട്.

(സി) ചീഫ് ഓഫീസിലെ വൈദ്യുതി ഉപഭോഗം കുറച്ചുകൊണ്ടു വരുന്നതിനായി ഇടനാഴികളിലും പൊതുസ്ഥലങ്ങളിലും LED tube light-കൾ സ്ഥാപിച്ചു. യൂണിറ്റുകളിൽ വൈദ്യുതി ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി പുതുതായി സ്ഥാപിക്കുന്ന എല്ലാ street light-കളും SV lamp-നുപകരമായി LED street light-കൾ ആണ് ഉപയോഗിക്കുന്നത്. കൂടാതെ ആവശ്യാനുസരണം മാത്രം ലൈറ്റുകളും ഫാനുകളും ഉപയോഗിക്കാവൂ എന്നും ഉപയോഗത്തിനുശേഷം ആയതിന്റെ സ്വിച്ചുകൾ ഓഫ് ആക്കിയിട്ടുമാത്രം സീറ്റ് വിട്ടുപോകാവൂ എന്നും ഓഫീസുകളിൽ ഹീറ്ററും മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങളും ഒഴിവാക്കണമെന്ന് നിർദ്ദേശം നൽകുകയും ആയത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് യൂണിറ്റ് അധികാരികൾക്ക് പൊതുനിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

**കെ.എസ്.ആർ.ടി.സി.വോൾവോ ബസ്സുകൾ കേടാക്കിയ നടപടി**

226(2784) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലത്ത് സ്വകാര്യ വോൾവോ ബസ്സുടമകളിൽ നിന്ന് വൻ നേട്ടമുണ്ടാകുംവിധം KSRTC-യിലെ വോൾവോ ബസ്സുകൾ ഓടാത്ത രീതിയിൽ കേടാക്കിയിട്ടിരുന്നോ; എങ്കിൽ എത്ര ബസ്സുകൾ; ഏത് റൂട്ടിലേക്കുള്ളവ; ഓരോന്നും നന്നാക്കി ഗതാഗതയോഗ്യമാക്കുന്നതിന് എത്ര തുക ബസ്സൊന്നിന് ചെലവിട്ടു;

(ബി) ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് ബോധപൂർവ്വം മുടക്കി സ്വകാര്യ ലോബികൾക്ക് കോടികൾ സമ്പാദിക്കുന്നതിന് അവസരമൊരുക്കിയവരാരൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കണ്ടെത്തുന്നതിന് അന്വേഷണം നടത്തിയിട്ടുണ്ടോ വിശദമാക്കുമോ; എങ്കിൽ ഇതിന് സ്വീകരിച്ച നടപടികൾ തീയതി സഹിതം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നാൽ 27-12-2012-ൽ RA 101 എന്ന വോൾവോ ബസ്സിൽ എഞ്ചിൻ ഓയിലിന് പകരം സോപ്പ് ഓയിൽ ഒഴിച്ചുവെന്നും തന്മൂലം ബസ്സുകൾ ഓടാത്ത രീതിയിൽ കേടാക്കിയിട്ടിരുന്നുവെന്നും അതിനാൽ സ്വകാര്യ വോൾവോ ബസ്സുകളിൽ നിന്നും നേട്ടമുണ്ടാക്കിയെന്നും ആരോപിച്ച് ചില ജീവനക്കാർ സംസ്ഥാന വിജിലൻസിന് മുമ്പാകെ നൽകിയ പരാതിയിന്മേൽ വിജിലൻസ്

അന്വേഷണം നടന്നുവരികയാണ്. കെ.എസ്.ആർ.ടി.സി.-യിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ച ഒരു പരാതിയിൽ അന്വേഷണം നടത്തിയതിൽ, 27-12-2012-ൽ തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിലെ RA101-ാം നമ്പർ വോൾവോ ബസിൽ എഞ്ചിൻ ഓയിലിനുപകരം സോപ്പ് ഓയിൽ ഒഴിച്ചുവെന്ന പരാതി അടിസ്ഥാന രഹിതമാണെന്ന് കണ്ടെത്തുകയുണ്ടായി. പ്രസ്തുത കാലയളവിലടക്കം ടി ബസ് മുടക്കുകൂടാതെ സർവ്വീസ് നടത്തിയിട്ടുണ്ട്.

(ബി) മേൽ പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാടകയ്ക്ക് നൽകൽ

227 (2785) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി .സി. ബസ്സുകൾ സ്വകാര്യ ആവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന സംരംഭം എല്ലാ ജില്ലകളിലും ലഭ്യമാണോ;

(ബി) ഇതിന്റെ നിരക്കുകൾ ഏറ്റവും ഒടുവിലായി പരിഷ്കരിച്ചത് എന്നാണ്; ഈ നിരക്കുകളിൽ ഏതെങ്കിലും തരത്തിലുള്ള പരിഷ്കരണത്തെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏത് രീതിയിലുള്ള പരിഷ്കരണമാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ സംരംഭം കൂടുതൽ ആകർഷകമാക്കുന്നതിനും ജനകീയ മാക്കുന്നതിനും മറ്റെന്തെങ്കിലും മാറ്റം ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം;

(ഡി) മലബാർ മേഖലയിൽ ഈ സംരംഭം എത്രത്തോളം വിജയകര മാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ മേഖലയിൽ പദ്ധതിയുടെ പ്രചാരത്തിനായി എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും ലഭ്യമാണ്.

(ബി) നിരക്കുകൾ 2013-ലാണ് പരിഷ്കരിച്ചത്. നിലവിൽ പരിഷ്കരണ ത്തെക്കുറിച്ച് ആലോചിക്കുന്നില്ല.

(സി) ഈ സംരംഭം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനകീയമാക്കുന്നതിനും വേണ്ടി മാറ്റം കൊണ്ടുവരുവാൻ നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ഡി) മലബാർ മേഖലയിൽ മാത്രമായി ഈ സംരംഭത്തെ കെ.എസ്.ആർ.ടി.സി. വിലയിരുത്തിയിട്ടില്ല. നിലവിൽ പ്രചാരത്തിനായി പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തമായുള്ള സ്ഥലവും വ്യാപാരസമുച്ചയങ്ങളും**

228 (2786) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-ക്ക് എവിടെയെല്ലാമാണ് സ്വന്തമായി സ്ഥലമുള്ളത്; ജില്ലതിരിച്ച് സ്ഥലത്തിന്റെ അളവ് ഉൾപ്പെടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ എവിടെയെല്ലാമാണ് കെ.എസ്.ആർ.ടി.സി പുതിയ വ്യാപാര സമുച്ചയങ്ങൾ/ബസ് സ്റ്റാന്റുകൾ നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം വ്യാപാര സമുച്ചയങ്ങളിൽ എത്ര റൂമുകൾ വാടകയ്ക്ക് നൽകപ്പെട്ടിട്ടുണ്ടെന്നും വാടകയിനത്തിൽ എത്ര രൂപ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) തിരുവനന്തപുരത്ത് തമ്പാനൂർ കെ.എസ്.ആർ.ടി.സി. വ്യാപാര സമുച്ചയത്തിലെ എല്ലാ റൂമുകളും വാടകയ്ക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി. പുതുതായി നിർമ്മിച്ച ഇത്തരം വ്യാപാര സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി എത്ര രൂപയാണ് വായ്പ എടുത്തത്; ഓരോ വ്യാപാര സമുച്ചയത്തിന്റെയും വായ്പാ തുക എത്രയാണ്; ലഭിക്കുന്ന വാടകകൊണ്ട് അവ തിരിച്ചടക്കാൻ കഴിയുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി കെ.എസ്.ആർ.ടി.സി.യുടെ കൈവശത്തിലും ഉടമസ്ഥതയിലുമുള്ള സ്ഥലങ്ങളുടെ ലിസ്റ്റ് (അളവ് ഉൾപ്പെടെ) അനുബന്ധം* ആയി ചേർക്കുന്നു.

(ബി) കാസർഗോഡ്, പയ്യന്നൂർ, കണ്ണൂർ, കൊട്ടാരക്കര, നെടുമങ്ങാട്, നെയ്യാറ്റിൻകര, കാട്ടാക്കട, മൂവാറ്റുപുഴ, തൊടുപുഴ, പാലാ, പത്തനംതിട്ട, നിലമ്പൂർ, മലപ്പുറം, ഹരിപ്പാട് എന്നിവിടങ്ങളിലാണ് വ്യാപാര സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുള്ളത്.

കൂടാതെ ബി.ഒ.ടി. വ്യവസ്ഥയിൽ തിരുവനന്തപുരം (തമ്പാനൂർ), തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നീ യൂണിറ്റുകളിൽ കെ.റ്റി.ഡി.എഫ്.സി. വാണിജ്യ സമുച്ചയം നിർമ്മിച്ച് പ്രവർത്തിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കാസർഗോഡ്, പയ്യന്നൂർ, കണ്ണൂർ, കൊട്ടാരക്കര, നെടുമങ്ങാട്, നെയ്യാറ്റിൻകര, കാട്ടാക്കട എന്നീ യൂണിറ്റുകളിലാണ് വ്യാപാര സമുച്ചയ പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചത്.

കാട്ടാക്കട യൂണിറ്റിൽ ആകെ കടമുറികൾ 32-ഉം ഗോഡൗൺ സ്പെയ്സ് 3 എണ്ണവും ഓഫീസ് സ്പെയ്സ് 2 എണ്ണവുമുള്ളതിൽ ഓഫീസ് ബ്ലോക്ക് 1-ഉം 2 കടമുറികളും ഒഴികെ ബാക്കി എല്ലാത്തിനും ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്. പ്രതിമാസം ലൈസൻസ് ഫീസ് ഇനത്തിൽ 2,74,857 രൂപ ലഭിച്ചുവരുന്നു. നെയ്യാറ്റിൻകര വാണിജ്യ സമുച്ചയത്തിൽ ആകെ കടമുറികൾ 40 എണ്ണവും ഒരു ഹാളുമാണുള്ളത്. ഇതിൽ 30 മുറികൾക്ക് ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്. പ്രതിമാസം ലൈസൻസ് ഫീസ് ഇനത്തിൽ 42,341/- രൂപ ലഭിച്ചുവരുന്നു.

നെടുമങ്ങാട് യൂണിറ്റിൽ 53 കടമുറികളുള്ളതിൽ 26 കടമുറികൾക്ക് ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്. പ്രതിമാസം ലൈസൻസ് ഫീസ് ഇനത്തിൽ 69,669 രൂല ലഭിച്ചുവരുന്നു.

പയ്യന്നൂർ യൂണിറ്റിൽ ആകെ 40 കടമുറികളുള്ളതിൽ 28 എണ്ണത്തിന് ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്. പ്രതിമാസം ലൈസൻസ് ഫീസ് ഇനത്തിൽ 2,35,701 രൂപ ലഭിച്ചുവരുന്നു.

കണ്ണൂർ വാണിജ്യ സമുച്ചയത്തിൽ ആകെ 46 മുറികളാണുള്ളത്. അതിൽ 37 കടമുറികൾക്ക് ലൈസൻസിയെ കണ്ടെത്തുകയും ബാക്കിയുള്ള 9 മുറികൾ കെ.എസ്.ആർ.ടി.സി.-യുടെ ഓഫീസായി ഉപയോഗിച്ചു വരികയുമാണ്. പ്രതിമാസം ലൈസൻസ് ഫീസ് ഇനത്തിൽ 1,45,000 രൂപ ലഭിച്ചുവരുന്നു. കൊട്ടാരക്കര വാണിജ്യ സമുച്ചയത്തിൽ ആകെ കടമുറികൾ 34 എണ്ണവും ഒരു ഹാളുമാണുള്ളത്. ഇതിൽ 34 കടമുറികൾക്കും ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്. ഒരു ഹാൾ മാത്രമാണ് അവശേഷിക്കുന്നത്. പ്രതിമാസം ലൈസൻസ് ഫീസ് ഇനത്തിൽ 3,11,846 രൂപ ലഭിച്ചുവരുന്നു.

കാസർഗോഡ് യൂണിറ്റിൽ ആകെ കടമുറികൾ 73 എണ്ണമുള്ളതിൽ 71 മുറികൾക്ക് ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്. മറ്റ് യൂണിറ്റുകളിൽ പ്രവർത്തിച്ചു വരുന്ന കടമുറികൾ ഒഴിവ് വരുന്നമുറയ്ക്ക് ലേലം/ടെണ്ടർ നടപടികളിലൂടെ പുതിയ ലൈസൻസിയെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസം ലൈസൻസ് ഫീസ് ഇനത്തിൽ 5,74,000 രൂപ ലഭിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി.-യുമായി ചേർന്ന് ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള അങ്കമാലി, തിരുവല്ല, തിരുവനന്തപുരം (തമ്പാനൂർ) ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകളിൽ കടമുറികൾ ഭാഗികമായി വാടകയ്ക്ക് നൽകിയിട്ടുള്ളതിൽനിന്നും ലഭിക്കുന്ന വരുമാനവും ഇതര വരുമാനവും അനുബന്ധം *ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇല്ല. തിരുവനന്തപുരം (തമ്പാനൂർ)-ൽ ഒഴിഞ്ഞു കിടക്കുന്ന മുറികൾ ലേലം/ടെണ്ടർ നടപടികളിലൂടെ അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സമുച്ചയത്തിൽ സർക്കാർ ഓഫീസുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഓഫീസിനുള്ള സ്ഥലം നിശ്ചിത വാടകയ്ക്ക് നൽകുന്നതാണെന്ന് അറിയിപ്പ് നൽകിയിട്ടുണ്ട്.

(ഇ) 2012-13 സാമ്പത്തിക വർഷം ബസ്സ്റ്റേഷനുകളിൽ വ്യാപാര സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി 30 കോടി രൂപ വായ്പയായി സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| യൂണിറ്റ് | തുക |
|---|---|
| കോട്ടയം | 3 കോടി രൂപ |
| പാലാ | 5 കോടി രൂപ |
| ഈഞ്ചക്കൽ | 4 കോടി രൂപ |
| നിലമ്പൂർ | 3 കോടി രൂപ |
| പത്തനംതിട്ട | 2 കോടി രൂപ |
| തൊടുപുഴ | 2 കോടി രൂപ |
| ഹരിപ്പാട് | 2 കോടി രൂപ |
| പാലക്കാട് | 2 കോടി രൂപ |
| STC, തിരുവനന്തപുരം | 1 കോടി രൂപ |
| കരുനാഗപ്പള്ളി | 2 കോടി രൂപ |
| മലപ്പുറം | 1 കോടി രൂപ |
| പയ്യന്നൂർ | 1 കോടി രൂപ |
| മൂവാറ്റുപുഴ | 1 കോടി രൂപ |
| മൂന്നാർ | 1 കോടി രൂപ |
| ആകെ | 30 കോടി രൂപ |

ടി വായ്പാ തുക ഇക്വിറ്റിയായി മാറ്റുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനം കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. [ഉത്തരവ് നമ്പർ. സ.ഉ.(കൈ) നമ്പർ 46/2015/ഗതാഗതം തീയതി 20-8-2015], കെ.എസ്.ആർ.ടി.സി. കെ.ടി.ഡി.എഫ്.സി.യുമായി ചേർന്ന് ബി.ഒ.ടി. വ്യവസ്ഥയിൽ അങ്കമാലി, തിരുവല്ല, തിരുവനന്തപുരം(തമ്പാനൂർ), കോഴിക്കോട് എന്നിവിടങ്ങളിൽ നിർമ്മിച്ചിട്ടുള്ള വ്യാപാര സമുച്ചയങ്ങൾക്ക് കെ. ടി.ഡി.എഫ്.സി. പൊതുജനങ്ങളിൽ നിന്നും സ്ഥിരനിക്ഷേപമായി സ്വീകരിച്ച പണം ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്.

## കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ

229 (2787) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരത്തുകളിലോടുന്ന കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ ആകെ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ കൃത്യമായി മോട്ടോർ വെഹിക്കിൾ വകുപ്പിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉള്ളവ എത്രയെന്നും ഇല്ലാത്തവ എത്രയെന്നും വ്യക്തമാക്കുമോ;

(സി) പൊതുനിരത്തിലൂടെ യാത്രക്കാരെയും വഹിച്ചുകൊണ്ട് പോകുമ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ കൃത്യമായി ഉണ്ടായിരിക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ കെ.എസ്.ആർ.ടി.സി. യ്ക്ക് മാത്രം ഇതിൽ എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) 27-4-2017-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. യിൽ 5947 ബസ്സുകളും കെ.യു.ആർ.ടി.സി.-യുടെ കീഴിൽ 679 ബസ്സുകളുമാണുള്ളത്. ഇതിൽ കെ.എസ്.ആർ.ടി.സി.-യുടെ 4854 ബസ്സുകളും കെ.യു.ആർ.ടി.സി.-യുടെ 418 ബസ്സുകളും സർവ്വീസ് നടത്തിയിട്ടുണ്ടായിരുന്നു.

(ബി) 27-4-2017-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.4854 ബസ്സുകൾക്കും കെ.യു.ആർ.ടി.സി.-യുടെ 418 ബസ്സുകൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റുണ്ട്. നിലവിൽ 110 ബസ്സുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള അറ്റകുറ്റപ്പണിയിലാണ്.

(സി) ഉണ്ട്.

(ഡി) ഇല്ല.

**കെ.എസ്.ആർ.ടി.സി.ഡിപ്പോകളിലെ മലിനജല നിർമ്മാർജ്ജനം**

230 (2788) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ വാഷിംഗ് സർവ്വീസ് നടത്തുന്ന ഡിപ്പോകളിൽ മലിനജലം നിർമ്മാർജ്ജനം ചെയ്യുന്ന നിലവിലെ രീതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ തുടർന്നുവരുന്ന രീതി പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സ്ഥിതി ഗുരുതരമാക്കാതെ മലിനജല നിർമ്മാർജ്ജന സംവിധാനം കുറ്റമറ്റതാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. വാഹനങ്ങളിൽ വാഷിംഗ്സർവ്വീസ് നടത്തുന്ന ഡിപ്പോകളിൽ മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നതിനായി പ്രത്യേക സംവിധാനങ്ങൾ പുനലൂർ, തിരുവനന്തപുരം സെൻട്രൽ വർക്സ്, എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പ്, കൊടുങ്ങല്ലൂർ, കാസർഗോഡ്, കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പ് തുടങ്ങി ചുരുക്കം ഡിപ്പോകളിൽ മാത്രമേ സ്ഥാപിതമായിട്ടുള്ളൂ. ബാക്കി ഡിപ്പോകളിൽ അതത് ഡിപ്പോയിലെ പുരയിടങ്ങളിൽത്തന്നെ നിർമ്മാർജ്ജനം ചെയ്യുകയാണ്.

(ബി) ഉണ്ട്.

(സി) പുതുതായി പണികഴിപ്പിച്ച നെടുമങ്ങാട് ഡിപ്പോയിൽ Sewage Treatment Plant സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതുതായി പണിയുന്ന തൊടുപുഴ, മൂവാറ്റുപുഴ ഡിപ്പോകളിൽ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി നടന്നുവരുന്നു. പുതുതായി നിർമ്മിക്കുന്ന ബസ് സ്റ്റേഷനുകൾ, ഗാരേജുകൾ തുടങ്ങിയവയിൽ ഈ സംവിധാനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരം ചെയ്യുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പ**

231 (2789) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വിവിധ സ്ഥാപനങ്ങളിൽ നിന്നായി എടുത്തിട്ടുള്ള വായ്പ എത്രയൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഓരോ വായ്പയുടെയും പലിശനിരക്ക് വിശദീകരിക്കുമോ;

(സി) പലിശയിനത്തിൽ ഓരോ മാസവും എത്ര തുകയാണ് കെ.എസ്.ആർ.ടി.സി. അടയ്ക്കേണ്ടി വരുന്നത്;

(ഡി) കെ.എസ്.ആർ.ടി.സി.-യെ നിലവിലെ സ്ഥിതിയിൽനിന്നും രക്ഷിക്കാൻ എന്തൊക്കെ പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കെ.എസ്.ആർ.ടി.സി. വായ്പ എടുത്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ധനകാര്യ സ്ഥാപനങ്ങൾ | വായ്പാ തുക (കോടി രൂപ) | പലിശ നിരക്ക് |
|---|---|---|
| കൺസോർഷ്യം ബാങ്കുകൾ | 1300 | 12.00% (Floating Rate) |
| എസ്.ബി.ഐ. | 190 | 11.80% |
| ജില്ലാ സഹകരണ ബാങ്ക്, പാലക്കാട് | 393 | 12.00% |
| ജില്ലാ സഹകരണ ബാങ്ക്, എറണാകുളം | 191 | 12.00% |
| ഹഡ്കോ | 380 | 10.75% |
| കെ.റ്റി.ഡി.എഫ്.സി | 1296.44 | 12.1%-13.5% |
| പവർ ഫിനാൻസ് കോർപ്പറേഷൻ | 50 | 12.50% |
| കെ.എസ്.ടി. സൊസൈറ്റി | 10 | 11.00% |
| എൽ.ഐ.സി. | 75 | 13.00% |
| ആകെ | 3885.44 | |

(സി) പലിശയിനത്തിൽ പ്രതിമാസം 28.50 കോടി രൂപയോളം ചെലവിടുന്നുണ്ട്.

(ഡി) കേരള സർക്കാരിന്റെ 2016-17 ബജറ്റിൽ കെ.എസ്.ആർ.ടി.സി.-യുടെ 1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽനിന്നും കെ.എസ്.ആർ.ടി.സി.-ക്ക്

വായ്പയായി നൽകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. ഇതിൻപ്രകാരം ആദ്യഘട്ടമായി 166 സി.എൻ.ജി. ബസ്സുകൾ 50 കോടി രൂപ മുതൽമുടക്കിൽ വാങ്ങുന്നതിനുള്ള ഭരണാനുമതി സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 72/2017/TRANS തീയതി 20-2-2017 പ്രകാരം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച കരട് പ്രോജക്ട് റിപ്പോർട്ട് (DPR) KIIFB മുമ്പാകെ സമർപ്പിച്ചുകഴിഞ്ഞു. കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസിലേക്ക് (CNG) മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവൽക്കരിക്കുകയും വരുമാന ദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉൽപ്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മപരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)മാരുടെയും കീഴിൽ ഫ്യുവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്സ് മാനേജരെ ഫ്യുവൽ സെല്ലിന് മാത്രമായി നിയോഗിക്കുകയും ചെയ്തു.

കെ.എസ്.ആർ.ടി.സി.യുടെ വസ്തുവകകളിൽ ഫ്യുവൽ കോംപ്ലക്സുകൾ സജ്ജീകരിച്ച് ഇന്ധന വിതരണം (CNG, Diesel) നടത്തുന്നതിന് ഓയിൽ കമ്പനികളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മെക്കാനിക്കൽ വിഭാഗത്തിൽ Work norms പരിഷ്കരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനും നടപടികൾ നടന്നുവരുന്നു. കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിച്ച് നവീകരിക്കുന്നതിനായി വിശദപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊൽക്കത്ത ആസ്ഥാനമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ റിട്ടയേർഡ് പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ (സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) 367/2016/Tran തീയതി 24-9-2016 പ്രകാരം) കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യെ നിലവിലെ സ്ഥിതിയിൽനിന്നും രക്ഷിക്കുവാനായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകി കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വ്യാവസായിക അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും ലേലം/ടെണ്ടർ നടപടിയിലൂടെ ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ പ്രധാന ബസ് സ്റ്റേഷനുകളിൽ ഇന്ത്യൻ കോഫിഹൗസ്, ആകർഷകമായ എൽ.ആർ. സ്റ്റാളുകൾ, എ.റ്റി.എം. കൗണ്ടറുകൾ, വിശ്രമ സൗകര്യങ്ങൾ, വൃത്തിയുള്ള ടോയ്ലെറ്റുകൾ, ഇൻഫർമേഷൻ സംവിധാനങ്ങൾ, കോഫി വെൻഡിംഗ് മെഷീൻ എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ട്രാവൽ കാർഡുകൾ**

232(2790) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്ഥിരം യാത്രക്കാർക്കായി ഏർപ്പെടുത്തിയ ബ്രോൺസ് കാർഡ്, സിൽവർ കാർഡ്, ഗോൾഡ് കാർഡ്, പ്രീമിയം കാർഡ് എന്നിവയിലൂടെയുള്ള വരുമാനം ഓരോ മാസവും വർദ്ധിച്ചുവരുന്നുണ്ടോയെന്നും ഇതു വഴി ലഭിച്ച മാസവരുമാനം എത്രയാണെന്നും ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) സ്ഥിരം യാത്രക്കാർക്കായി ഏർപ്പെടുത്തിയ കാർഡ് സമ്പ്രദായം വിപുലപ്പെടുത്താൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ വിശദമാക്കുമോ?

ഉത്തരം

(എ) യാത്രാകാർഡ് വിൽപ്പനയിലൂടെ വരുമാനം വർദ്ധിച്ച് വരുന്നുണ്ട്. കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച യാത്രാകാർഡുകളുടെ വരുമാനത്തിന്റെ ജില്ല തിരിച്ചുള്ള 2016-17 സാമ്പത്തിക വർഷത്തിലെ കണക്കുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) നിലവിൽ ഇതുസംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

**കെ.എസ്.ആർ.ടി.സി.ബസ് സമയവിവര പട്ടിക**

233 (2791) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ എല്ലാ ബസ് സ്റ്റോപ്പുകളിലും കെ.എസ്.ആർ.ടി.സി. ബസ് സമയവിവര പട്ടിക പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കാമോ;

(ബി) പ്രസ്തുത സമയവിവര പട്ടികകൾ പഞ്ചായത്ത്-സ്വകാര്യ ഏജൻസികൾ വഴി ചെയ്യുവാൻ നടപടി എടുക്കുമോ;

(സി) സമയവിവര പട്ടിക രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ചാൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. എല്ലാ ബസ് സ്റ്റേഷനുകളിൽനിന്നും പുറപ്പെടുന്നതും വന്നുപോകുന്നതുമായ എല്ലാ ബസ്സുകളുടെയും സമയവിവരപ്പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ട്. എന്നാൽ എല്ലാ ബസ് സ്റ്റോപ്പുകളിലും സമയവിവരപ്പട്ടിക എഴുതി പ്രദർശിപ്പിക്കുന്നത് പ്രായോഗികമല്ല.

(ബി) ബാധകമല്ല.

(സി) കെ.എസ്.ആർ.ടി.സി. സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ബസ്സുകളുടെ തൽസമയ വിവരപ്പട്ടിക മൊബൈൽ ആപ്ലിക്കേഷൻ വഴിയും, ഓൺലൈനായും ജനങ്ങളിൽ എത്തിക്കുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്.

**കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിവർഷം കിട്ടുന്ന തുക**

234 (2792) <u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് യാത്രാക്കൂലി ഇനത്തിലല്ലാതെ ഉള്ള വരുമാനമാർഗങ്ങൾ എന്തെല്ലാം; ഓരോ ഇനത്തിലും പ്രതി വർഷം കിട്ടുന്ന തുക എത്ര;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റുകളിൽ പണികഴിപ്പിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ളക്സുകളിൽ നിന്നും നിലവിൽ പ്രതിവർഷം ലഭിക്കുന്ന തുക സ്ഥലംതിരിച്ച് വ്യക്തമാക്കാമോ; ഈ ഷോപ്പിംഗ് കോംപ്ളക്സുകളിൽ ഇനിയും വാടകയ്ക്ക് നല്കാത്തവ ഏതെല്ലാം;

(സി) ഒഴിഞ്ഞുകിടക്കുന്ന ഷോപ്പിംഗ് കോംപ്ളക്സുകൾ എത്രയും വേഗം വാടകയ്ക്ക് നൽകി വരുമാനം വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ യാത്രാക്കൂലി ഇനത്തിലല്ലാതെ ടിക്കറ്റ് ഇതര വരുമാനമായി കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള വാണിജ്യ സമുച്ചയങ്ങളിൽ നിന്നുള്ള വരുമാനവും സ്റ്റാളുകൾ/ക്യാന്റീൻ/കൊറിയർ & പാഴ്സൽ സർവ്വീസ്/ബാങ്ക് എ.ടി.എം./കോഫി വെൻഡിംഗ് മെഷീൻ എന്നിവ പ്രവർത്തിക്കുന്നതിലൂടെയുള്ള വരുമാനവും കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ

ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും കരാർ നൽകിയതിലൂടെയും അധിക വരുമാനം ലഭിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ വിവിധ യൂണിറ്റുകളിൽ പ്രവർത്തിച്ചു വരുന്ന എൽ.ആർ. സ്റ്റാൾ/ക്യാന്റീൻ/മറ്റ് സ്ഥാപനങ്ങളിൽനിന്നും വാടകയിനത്തിൽ പ്രതിമാസം 7,89,043 രൂപയും പരസ്യ ഇനത്തിൽ പ്രതിമാസം 77,14,050 രൂപയും ബാങ്ക് എ.ടി.എം. പ്രവർത്തിച്ചുവരുന്ന വകയിൽ 9,41,177 രൂപയും കോഫി വെന്റിംഗ് മെഷീൻ പ്രവർത്തിച്ചുവരുന്ന വകയിൽ 6,05,000 രൂപയും കൊറിയർ & പാഴ്സൽ സർവ്വീസ് ഇനത്തിൽ 2,00,000 രൂപയും കൂടാതെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളിൽ നിന്നും പ്രതിമാസ ലൈസൻസ് ഫീസായി 15,18,969 രൂപയും ലഭിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റേതര വരുമാനത്തിൽ സ്ക്രാപ്പ് ബസ്സുകൾ, സ്ക്രാപ്പ് മെറ്റീരിയൽസ്, സ്ക്രാപ്പ് ബാറ്ററി, സ്ക്രാപ്പ് ടയറുകൾ, വേസ്റ്റ് ഓയിൽ എന്നിവയുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനം ഉൾപ്പെടുന്നു. സ്ക്രാപ്പ് സാധനങ്ങൾ വിൽപ്പന നടത്തിയതിലൂടെ നികുതികൾ ഉൾപ്പെടെ ആകെ പ്രതിവർഷം ലഭ്യമായ തുക ചുവടെ ചേർക്കുന്നു:

| Year | Amount |
|---|---|
| 2006-07 | 6,99,31,869 |
| 2007-08 | 5,03,12,998 |
| 2008-09 | 3,85,78,554 |
| 2009-10 | 6,01,41,984 |
| 2010-11 | 8,78,47,117 |
| 2011-12 | 8,11,96,657 |
| 2012-13 | 10,08,76,121 |
| 2013-14 | 13,74,20,982 |
| 2014-15 | 12,17,29,608 |
| 2015-16 | 6,08,64,659 |
| 2016-17 | 6,48,47,166 |

കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലെ മരങ്ങളിൽ നിന്നുള്ള കായ്ഫലങ്ങൾ പൊതുലേലം ചെയ്തതിൽനിന്ന് 1-4-2016 മുതൽ 31-3-2017 വരെ ആകെ 1,97,993 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും പ്രതിവർഷം ലഭിച്ചുവരുന്ന ലൈസൻസ് ഫീസ്/വാടക തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| കാട്ടാക്കട | 32,98,284/- രൂപ |
| നെയ്യാറ്റിൻകര | 5,08,092/- രൂപ |
| നെടുമങ്ങാട് | 8,36,028/- രൂപ |
| പയ്യന്നൂർ | 28,28,412/-രൂപ |
| കണ്ണൂർ | 17,40,000/- രൂപ |
| കൊട്ടാരക്കര | 37,42,152/-രൂപ |
| കാസർഗോഡ് | 68,88,000/-രൂപ |

കെ.എസ്.ആർ.ടി.സി., കെറ്റിഡി.എഫ്.സി.-യുമായി ചേർന്ന് ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള അങ്കമാലി, തിരുവല്ല, തിരുവനന്തപുരം (തമ്പാനൂർ) ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകളിൽ കടമുറികൾ ഭാഗികമായി വാടകയ്ക്ക് നൽകിയിട്ടുള്ളതിൽനിന്നും ലഭിക്കുന്ന വരുമാനവും ഇതരവരുമാനവും അനുബന്ധമായി* ചേർക്കുന്നു.

(സി) നിലമ്പൂർ, തൊടുപുഴ എന്നീ വാണിജ്യ സമുച്ചയങ്ങളിലെ കടമുറികളുടെ ലേലം/ടെണ്ടർ നടപടികൾ 2017 മേയ് മാസം നടത്തപ്പെടുന്നതും ബാക്കിയുള്ളവ പണി തീരുന്നമുറയ്ക്ക് നടത്തപ്പെടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ ആധുനികവൽക്കരണം

235 (2793) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ആധുനികവൽക്കരണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആധുനികവൽക്കരണത്തിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറച്ചുകൊണ്ടുവരുവാൻ സാധ്യമാകുമോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയം തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ചർച്ച നടത്തുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിച്ച് നവീകരിക്കുന്നതിനായി വിശദപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊൽക്കത്ത ആസ്ഥാനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ [സർക്കാർ ഉത്തരവ് നമ്പർ G.O. (Rt) 367/2016/Trans. തീയതി 24-09-2016 പ്രകാരം] കൺസൾട്ടന്റായി നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രൊഫ. സുശീൽ ഖന്നയുടെ പൂർണ്ണ റിപ്പോർട്ട് സമർപ്പിച്ച് നടപ്പിൽ വരുത്തിയതിനുശേഷം മാത്രമേ വ്യക്തമാക്കുവാൻ സാധിക്കുകയുള്ളു.

(സി) കെ.എസ്.ആർ.ടി.സി.-യിൽ ആധുനികവൽക്കരണം നടത്തുന്നത് സംബന്ധിച്ച് തൊഴിലാളി സംഘടന നേതാക്കളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. 1-4-2017-ൽ സുശീൽ ഖന്ന റിപ്പോർട്ടുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടന നേതാക്കളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ വർക്ക്ഷോപ്പ് ഉൾപ്പെടെയുള്ള ആധുനികവൽക്കരണത്തെപ്പറ്റി നിർദ്ദേശങ്ങൾ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.

### കെ.എസ്.ആർ.ടി.സി. നഷ്ടം സംബന്ധിച്ച പഠനം

236 (2794) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാകാനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എന്നാണ് പഠനം നടത്തിയത്; പ്രസ്തുത സമിതിയുടെ വിശദാംശം ലഭ്യമാക്കുമോ; സമിതിയുടെ കണ്ടെത്തലും അതിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികളും വിശദീകരിക്കുമോ;

(ബി) 1-7-2006 മുതൽ 31-3-2016 വരെയുള്ള നഷ്ടം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; 1-4-2017-ൽ കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം വെളിപ്പെടുത്തുമോ;

(സി) കെ.എസ്.ആർ.ടി.സി. സർക്കാരിന് നൽകേണ്ട കുടിശ്ശിക എത്ര പ്രാവശ്യം എഴുതിത്തള്ളിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2012-ൽ M/s Varma & Varma, Chartered Accounts എന്ന സ്ഥാപനത്തെ നിയോഗിച്ച് പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാനപ്പെട്ട കണ്ടെത്തലുകളും അതിന്മേൽ സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു:

1. പെൻഷൻ ബാദ്ധ്യത 50:50 അനുപാതത്തിൽ സർക്കാരും കോർപ്പറേഷനും തുല്യമായി വഹിക്കുക.

   ടി ശിപാർശ പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പെൻഷൻ ബാധ്യതയുടെ പകുതി സർക്കാർ നൽകിവരികയും ചെയ്യുന്നു.

2. കോർപ്പറേഷന് സർക്കാർ അനുവദിച്ച് നൽകിയ വായ്പ തുക മൂലധനനിക്ഷേപമാക്കി മാറ്റുക.

   ടി ശിപാർശ പ്രകാരം 2008-09 മുതൽ 2013-14 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി. സർക്കാരിന് തിരിച്ചടയ്ക്കേണ്ട വായ്പ തുകയായ 1090.76 കോടി രൂപ കെ.എസ്.ആർ.ടി.സി.-യിൽ സർക്കാർ ഓഹരിയായി മാറ്റുന്നതിന് തത്വത്തിൽ അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. [സ.ഉ. (കൈ.) നമ്പർ 46/2015/ഗതാഗതം തീയതി 20-08-2015].

3. 15 രൂപ ടിക്കറ്റ് നിരക്ക് മുതൽ യാത്ര ചെയ്യുന്ന യാത്രക്കാരിൽ നിന്നും സാമൂഹിക സുരക്ഷാ സെസ്സിനത്തിൽ തുക ഈടാക്കുക. ടി സെസ്സ് ഏർപ്പെടുത്തുന്നത് മുഖേന എല്ലാ യാത്രക്കാർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാനും സെസ്സിനത്തിൽ സമാഹരിക്കുന്ന തുക പെൻഷൻ ഫണ്ടിലേയ്ക്കും നിക്ഷേപിക്കുക.

   ടി ശിപാർശ പ്രകാരം 1-4-2015 മുതൽ സാമൂഹിക സുരക്ഷാ സെസ്സ് ഏർപ്പെടുത്തുകയുണ്ടായി.

4. കെ.ടി.ഡി.എഫ്.സി.-യിൽ നിന്നുമെടുത്തിട്ടുള്ള 1300 കോടി രൂപയുടെ വായ്പ മറ്റ് പൊതുമേഖലാ ബാങ്കുകളിലേയ്ക്ക് കുറഞ്ഞ പലിശ നിരക്കും കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പയാക്കി മാറ്റി പ്രതിമാസ വായ്പ തിരിച്ചടവിനത്തിലുള്ള ചെലവ് ഗണ്യമായി കുറയ്ക്കുക.

ടി ശിപാർശ പ്രകാരം കെ.ടി.ഡി.എഫ്.സി.-യിൽ നിന്നുമെടുത്തിട്ടുള്ള 1300 കോടി രൂപയുടെ വായ്പ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിലുള്ള കൺസോർഷ്യം ബാങ്കുകളിൽനിന്നും കുറഞ്ഞ പലിശ നിരക്കും കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പ ലഭ്യമാക്കി തിരിച്ചടച്ചിട്ടുണ്ട്.

5. കോർപ്പറേഷന്റെ ആസ്തിമൂല്യം പുനർനിർണ്ണയിച്ച് വിപണി മൂല്യം വർദ്ധിപ്പിക്കുക.

ടി ശിപാർശ പ്രകാരം ആസ്തിമൂല്യം പുനർനിർണ്ണയിച്ചിട്ടുണ്ട്.

6. ലാഭകരമല്ലാത്ത സർവ്വീസുകൾ പുനഃക്രമീകരിക്കുക.

ഇതുസംബന്ധിച്ച് സുശീൽ ഖന്ന റിപ്പോർട്ട് ലഭിക്കുന്നതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 1-4-2006 മുതൽ 31-3-2016 വരെയുള്ള നഷ്ടം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു*. 31-3-2017-ലെ താൽക്കാലിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം 1467.10 കോടി രൂപ ആകുന്നു.

(സി) രണ്ട് പ്രാവശ്യം എഴുതിത്തള്ളിയിട്ടുണ്ട്. 31-3-2008 വരെയുള്ള കാലയളവിൽ സർക്കാരിൽനിന്നും ലഭ്യമായ വായ്പ തുകയായ 250.38 കോടി രൂപ കെ.എസ്.ആർ.ടി.സി.-യിൽ സർക്കാർ ഓഹരിയാക്കി മാറ്റുകയും പലിശയും പിഴ പലിശയും ഉൾപ്പെടെ 197.39 കോടി രൂപ കൂടി എഴുതിത്തള്ളുകയും കൂടാതെ മോട്ടോർ വാഹന നികുതി കുടിശ്ശികയായ 622.83 കോടി രൂപ എഴുതിത്തള്ളുകയും ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. [സ.ഉ.(കൈ) നമ്പർ 71/2009/ ഗതാഗതം തീയതി 14-12-2009] 2008-09 മുതൽ 2013-14 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി. സർക്കാരിന് തിരിച്ചടയ്ക്കേണ്ട വായ്പ തുകയായ 1090.76 കോടി രൂപ കെ.എസ്.ആർ.ടി.സി.-യിൽ സർക്കാർ ഓഹരിയാക്കി മാറ്റുന്നതിനും പലിശയും പിഴപ്പലിശയും ഉൾപ്പെടെ 172.37 കോടി രൂപ എഴുതിത്തള്ളുന്നതിനും തത്വത്തിൽ അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. [സ.ഉ.(കൈ) നമ്പർ 46/2015/ഗതാഗതം തീയതി 20-8-2015].

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ബസ്സിൽ പിൻവാതിലിലൂടെ കയറുന്ന യാത്രക്കാർ

237(2795) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസിൽ പിൻവാതിലിലൂടെ കയറുന്ന യാത്രക്കാരെ കാര്യമായി ശ്രദ്ധിക്കാൻ കണ്ടക്ടർക്കും ഡ്രൈവർക്കും കഴിയാത്തതുമൂലം സംഭവിക്കുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. ബസിലെ പിൻവശത്തെ വാതിൽ ഒഴിവാക്കുന്നത് സംബന്ധിച്ച് ആവശ്യമായ തീരുമാനം കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇത്തരത്തിലുള്ള ചില അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് ഡ്രൈവറുടേയും കണ്ടക്ടറുടേയും ഭാഗത്തുനിന്നുള്ള അശ്രദ്ധകൊണ്ട് സംഭവിക്കുന്നതാണ്. ഡ്രൈവറും കണ്ടക്ടറും ഇരുവാതിലുകളും ശ്രദ്ധിച്ചതിനുശേഷം മാത്രം വാഹനം മുന്നോട്ടെടുത്താൽ ഇത്തരത്തിലുള്ള അപകടങ്ങൾ ഒഴിവാക്കാം.

പിൻവാതിൽ ശ്രദ്ധിക്കുവാൻ സാധിക്കത്തക്ക രീതിയിലാണ് കണ്ടക്ടർ സീറ്റ് ക്രമീകരിച്ചിരിക്കുന്നത്. ഡ്രൈവറുടെ ഉപയോഗത്തിനായി മുൻവശത്ത് ഇരു വശങ്ങളിലുമായി റീയർ വ്യൂ മിററുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) മോട്ടോർ വാഹന നിയമത്തിൽ സ്റ്റേജ് കാര്യേജ് ബസ്സുകൾക്ക് രണ്ട് വാതിലുകൾ ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ മിന്നൽ സർവ്വീസ്

238 (2796) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രെയിൻ യാത്രക്കാരെ ലക്ഷ്യമിട്ട് മിന്നൽ എന്ന പേരിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ റൂട്ടിലാണ് സർവ്വീസ് ആരംഭിക്കുകയെന്നും ഇതിനായി എത്ര ബസ്സുകളാണ് പുതുതായി ഇറക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ സൂപ്പർ ക്ലാസ് ശ്രേണിയിലും 'മിന്നൽ' സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നതേയുള്ളൂ.

**കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

239 (2797) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിക്കുന്ന ശരാശരി പ്രതിദിന വരുമാനം എത്ര രൂപയാണ്; ഇത് ലാഭമാണോ അതോ നഷ്ടമാണോയെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിത നഷ്ടം എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്തുമോ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം ഉയർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പ്രതിദിന വരുമാനം സംബന്ധിച്ച നേരത്തെ തയ്യാറാക്കിയ ഉത്തരവ് പ്രകാരം എത്ര രൂപ പ്രതിദിന വരുമാനം ലഭിച്ചാലാണ് ആദായകരമായ സർവ്വീസായി കണക്കാക്കുന്നത്;

(ഇ) ഇതിൽ കുറവ് വരുമാനം ലഭിച്ചിട്ടുള്ള സർവ്വീസുകൾ പുന:ക്രമീകരിച്ചതു വഴി പ്രതിദിന വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(എഫ്) വരുമാനം കുറഞ്ഞ റൂട്ടുകൾ പുനഃക്രമീകരിച്ചപ്പോൾ പ്രദേശങ്ങളിലെ ജനപ്രതിനിധികളുമായി ആലോചിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) പുനഃക്രമീകരിച്ചിട്ടും വരുമാനക്കുറവുള്ള റൂട്ടുകളിൽ സർവ്വീസ് പുനഃസ്ഥാപിക്കാനും ഇത്തരം റൂട്ടുകളിൽ വരുമാന പരിധിയിൽ മാറ്റം വരുത്താനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം ശരാശരി 5.60 കോടി രൂപയാണ്. അതേസമയം പ്രതിദിന ശരാശരി ചെലവ് 10.35 കോടി രൂപയാണ്. വരവ്-ചെലവ് അന്തരം ശരാശരി ഏകദേശം 4.75 കോടി രൂപയാണ്.

(ബി) 31 മാർച്ച് 2014-ൽ അവസാനിച്ച വർഷത്തെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിതനഷ്ടം 3622.29 കോടി രൂപയാണ്. തുടർന്നുള്ള കണക്കുകൾ ഓഡിറ്റിംഗിലാണ്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം വർദ്ധിപ്പിക്കുന്നതിനായി വരുമാനം കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിക്കുവാനും അന്തർ സംസ്ഥാന സർവ്വീസുകൾ കൂടുതലായി ഓപ്പറേറ്റ് ചെയ്യുവാനും സമാന്തര സർവ്വീസുകളെ നിയന്ത്രിക്കുന്നതിനായി ചെയിൻ സർവ്വീസുകൾ കൂട്ടുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 2016-17-ലെ കണക്കനുസരിച്ച് പ്രതിദിനം ശരാശരി 7 കോടി രൂപ വരുമാനം ലഭിച്ചാൽ ലാഭവും നഷ്ടവുമില്ലാത്ത രീതിയിൽ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമായി നടത്താവുന്നതാണ്.

(ഇ) വരുമാനം കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നതിനാൽ വർദ്ധനവിനെ സംബന്ധിച്ച് കൃത്യമായ വിവരം നൽകുവാൻ സാധിക്കുകയില്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) പുനഃക്രമീകരണം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ തുടർനടപടികളെ കുറിച്ചുള്ള തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

**കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് ഇതര വരുമാനം**

240 (2798) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ച ടിക്കറ്റ് ഇതര വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടിക്കറ്റേതര വരുമാനത്തിൽ സ്ക്രാപ്പ് ബസ്സുകൾ, സ്ക്രാപ്പ് മെറ്റീരിയൽസ്, സ്ക്രാപ്പ് ബാറ്ററി, സ്ക്രാപ്പ് ടയറുകൾ, വേസ്റ്റ് ഓയിൽ എന്നിവയുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനം ഉൾപ്പെടുന്നു. 1-4-2016 മുതൽ 31-3-2017 വരെ സ്ക്രാപ്പ് സാധനങ്ങൾ ലേലം ചെയ്ത വകയിൽ 6,48,47,166 രൂപ ലഭ്യമായിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലെ മരങ്ങളിൽ നിന്നുള്ള കായ്ഫലങ്ങൾ പൊതുലേലം ചെയ്തതിൽ നിന്ന് 1-4-2016 മുതൽ 31-3-2017 വരെ ആകെ 1,97,993 രൂപ ലഭിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ സ്റ്റാളുകൾ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ ലൈസൻസ് ഫീയിനത്തിൽ വരുമാനമായി 1,72,79,414 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും പ്രതിമാസ ലൈസൻസ് ഫീസായി 15,18,969 രൂപ ലഭിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർ**

241 (2799) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ മൊത്തം എത്ര ജീവനക്കാരുണ്ട്; ഇതിൽ സ്ഥിരം ജീവനക്കാർ എത്ര; താൽക്കാലിക ജീവനക്കാർ എത്ര; വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സിയിൽ അടുത്ത അഞ്ച് വർഷത്തേയ്ക്ക് പുതിയ നിയമനങ്ങളൊന്നും നടത്തേണ്ടതില്ലെന്ന് തീരുമാനമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നല്കുമോ;

(സി) സ്ഥിരമായി ജോലിക്ക് ഹാജരാകാത്തതും മറ്റു ജോലികൾ ചെയ്യുന്നതുമായ ജീവനക്കാർ കോർപ്പറേഷനിലുണ്ടോയെന്നും പ്രസ്തുത ജീവനക്കാരുടെ എണ്ണവും അവരുടെ കാര്യത്തിൽ എന്ത് തീരുമാനം കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ 4/2017-ലെ കണക്കനുസരിച്ച് 34966 സ്ഥിരം ജീവനക്കാരും 8484 താൽക്കാലിക ജീവനക്കാരുമുണ്ട്.

(ബി) പ്രൊഫ. സുശീൽ ഖന്നയുടെ പുനരുദ്ധാരണ പാക്കേജിന്റെ അന്തിമ റിപ്പോർട്ടിന് വിധേയമായി പുതിയ നിയമനങ്ങൾ നടത്തുന്നതാണ്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരമായി ജോലിക്ക് ഹാജരാകാത്ത 1539 ജീവനക്കാരുണ്ട്.

മിനിസ്റ്റീരിയൽ വിഭാഗം-30

മെക്കാനിക്കൽ വിഭാഗം-91

ഡ്രൈവർ വിഭാഗം-608

കണ്ടക്ടർ വിഭാഗം-810

അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ജീവനക്കാർക്കെതിരെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പ്തല അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റുജോലികൾ ചെയ്തുവരുന്ന ജീവനക്കാർക്കെതിരെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പ്തല അച്ചടക്ക നടപടികൾ സ്വീകരിച്ച് സർവ്വീസിൽ നിന്നും പിരിച്ചുവിടൽ നടപടികളടക്കം സ്വീകരിച്ചുവരികയാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം**

242 (2800) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികളും ഇതുമൂലം കൈവരിച്ച നേട്ടങ്ങളും വിശദമാക്കാമോ;

(ബി) പ്രൊഫ.സുശീൽ ഖന്ന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിച്ച് നവീകരിക്കുന്നതിനായി വിശദപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊൽക്കത്ത ആസ്ഥാനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ [സർക്കാർ ഉത്തരവ് നമ്പർ G.O. (Rt) 367/2016/Trans. തീയതി 24-9-2016 പ്രകാരം] കൺസൾട്ടന്റായി നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2017-18 ബഡ്ജറ്റിൽ 3000 കോടി രൂപയുടെ സമഗ്രപുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

എറണാകുളം കേന്ദ്രമാക്കി 1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപയുടെ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് വായ്പയായി നൽകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. ഇതിൻപ്രകാരം ആദ്യഘട്ടമായി 166 സി.എൻ.ജി. ബസ്സുകൾ 50 കോടി രൂപ മുതൽമുടക്കിൽ വാങ്ങുന്നതിനുള്ള ഭരണാനുമതി സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 72/2017/TRANS തീയതി 20-2-2017 പ്രകാരം നൽകിയിട്ടുണ്ട്.

ഇതുസംബന്ധിച്ച വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് KIIFB മുമ്പാകെ സമർപ്പിച്ചുകഴിഞ്ഞു.

കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസിലേയ്ക്ക് (CNG) മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ബസ് സ്റ്റാന്റുകളെ ആധുനികവൽക്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉൽപ്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കി വരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ പ്രതിദിന ഇൻസെന്റീവ് നൽകുന്നുണ്ട്. കൂടാതെ, ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്) മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിനുമാത്രമായി നിയോഗിക്കുകയും ചെയ്തു. മെയിന്റനൻസിനായി നിരത്തിൽനിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചുവരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്.

കെ.എസ്.ആർ.ടി.സി.-യുടെ വസ്തുവകകളിൽ ഫ്യൂവൽ കോംപ്ലക്സുകൾ സജ്ജീകരിച്ച് ഇന്ധന വിതരണം (CNG, Diesel) നടത്തുന്നതിന് ഓയിൽ കമ്പനികളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മെക്കാനിക്കൽ വിഭാഗത്തിൽ work-norms പരിഷ്കരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനും നടപടികൾ നടന്നുവരുന്നു. ഇതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പൂർണ്ണമായ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യിൽ ജൂനിയർ അസിസ്റ്റന്റ്/ക്ലർക്ക് നിയമനം

243 (2801) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ജൂനിയർ അസിസ്റ്റന്റ് /ക്ലർക്ക് തസ്തികയിൽ 5-1-2016, 30-8-2016 തീയതികളിലായി പി.എസ്.സി. നൽകിയ അഡ്വൈസ് പ്രകാരം എത്ര പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമന ഉത്തരവുകളിൽ ജോലിയ്ക്ക് ഹാജരാകാതെ എത്ര എൻ.ജെ.ഡി. ഒഴിവുകൾ ഉണ്ടായെന്ന് വ്യക്തമാക്കുമോ; ഇതിൽ ഇനിയും എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത എത്ര പുതിയ ഒഴിവുകൾ 5-1-2016 മുതൽ 31-3-2017 വരെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ കെ.എസ്.ആർ.ടി.സി.യിൽ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) എൻ.ജെ.ഡി. ആയും പുതിയ ഒഴിവുകളായും നിലവിൽ എത്ര ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ; ആയത് എന്നത്തേയ്ക്ക് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ജൂനിയർ അസിസ്റ്റന്റ്/ക്ലർക്ക് തസ്തികയിൽ 5-1-2016-ൽ പി.എസ്.സി. നൽകിയ അഡ്വൈസ് പ്രകാരം 669 പേർക്കും 30-8-2016-ലെ അഡ്വൈസ് പ്രകാരം 388 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത 669 പേരുടെ നിയമന ഉത്തരവിൽ 388 എൻ.ജെ.ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

388 പേരുടെ നിയമന ഉത്തരവിൽ 209 പേരുടെ എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) 5-1-2016 മുതൽ 31-1-2017 വരെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത പുതിയ ഒഴിവുകളില്ല.

(ഡി) നിലവിലുള്ള രീതിയിൽ കണക്കാക്കുമ്പോൾ 209 ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവുകളുണ്ട്. എന്നാൽ പ്രൊഫ. സുശീൽ ഖന്നയുടെ കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം സംബന്ധിച്ച് പഠനം

244 (2802) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.റ്റി.സി.-യുടെ നഷ്ടം സംബന്ധിച്ച് പഠനം നടത്തുവാൻ വിദഗ്ധസമിതിയെ നിയമിച്ചിട്ടുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) വിദഗ്ധസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും മാറ്റങ്ങൾ കെ.എസ്.ആർ.റ്റി.സി.-യിൽ വരുത്തിയിട്ടുണ്ടോ; എന്തെല്ലാം മാറ്റങ്ങളാണെന്ന് വ്യക്തമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന മേഖലകൾ ഏതെല്ലാം; വിശദമായ വിവരം ലഭ്യമാക്കുമോ;

(ഡി) സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഡിപ്പോകൾ ഏതെല്ലാം; സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന റൂട്ടുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിച്ച് നവീകരിക്കുന്നതിനായി വിശദപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊൽക്കത്ത ആസ്ഥാനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ റിട്ടയേർഡ് പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ [സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) 367/2016/Trans. തീയതി 24-9-2016 പ്രകാരം] കൺസൾട്ടന്റായി നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിദഗ്ധസമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സർക്കാരിൽ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ്-സ്റ്റാഫ് റേഷ്യോ ദേശീയ ശരാശരിയിലേയ്ക്ക് ഉയർത്തുന്നതടക്കമുള്ള കാര്യങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഏതൊക്കെ മേഖലകളിലാണ് നഷ്ടമെന്നും അതെങ്ങനെ നഷ്ടമില്ലാത്ത രീതിയിൽ മാറ്റിയെടുക്കാമെന്നുള്ള കാര്യവും പഠന റിപ്പോർട്ടിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഡിപ്പോകളില്ല. പുനഃക്രമീകരണ പ്രക്രിയ പൂർത്തിയായാലേ നഷ്ടത്തിൽ പ്രവർത്തിക്കുന്ന റൂട്ടുകളുടെ വിവരം വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

## ബസ്സ് റൂട്ടുകൾ പുനഃക്രമീകരിച്ചതുമൂലം വരുമാന വർദ്ധനവ്

245 (2803) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിലോടുന്ന ബസ്സുകൾ പുനഃക്രമീകരിച്ചതിന്റെ ഫലമായി കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽ എന്ത് വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്;

(ബി) എത്ര ബസ്സ് റൂട്ടുകൾ പുനഃക്രമീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പതിനായിരം രൂപയ്ക്ക് താഴെ പ്രതിദിന വരുമാനമുള്ള ഷെഡ്യൂളുകൾ വരുമാന വർദ്ധനവിനായി പുനഃക്രമീകരിക്കുവാൻ തീരുമാനിച്ചതിനാലും അതിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരണം നടന്നുവരുന്നതിനാലും ലാഭകരമല്ലാത്ത സർവ്വീസുകൾ നിർത്തലാക്കിയിട്ടില്ലാത്തതിനാലും കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ വരുമാന വർദ്ധനവ് കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) 1255 ബസ്സ് റൂട്ടുകൾ പുനഃക്രമീകരിച്ചു.

## പിങ്ക് ബസ് സർവ്വീസ്

246(2804) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.റ്റി.സി യുടെ പിങ്ക് ബസ് സംസ്ഥാനത്ത് എത്ര സർവ്വീസ് നടത്തുന്നുണ്ട്;

(ബി) ഈ കാലയളവിൽ പ്രതിദിന ശരാശരി കളക്ഷനായി എത്ര തുക ലഭിച്ചു;

(സി) പിങ്ക് ബസ് സർവ്വീസിന്റെ എണ്ണത്തിൽ വർദ്ധനവ് വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ഡി) ഈ റൂട്ടിലോടുന്ന മറ്റ് ബസ് സർവ്വീസിന്റെ ശരാശരി കളക്ഷൻ എത്ര; വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ രണ്ട് പിങ്ക് ബസ്സുകൾ സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നുണ്ട്.

(ബി) ഈ കാലയളവിൽ പ്രതിദിന ശരാശരി വരുമാനമായി 6,494 രൂപ ലഭിച്ചിട്ടുണ്ട്.

(സി) പിങ്ക് ബസ് സർവ്വീസ് എണ്ണത്തിൽ വർദ്ധിപ്പിക്കുന്നതിന് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി) ഈ റൂട്ടുകളിലോടുന്ന മറ്റ് ബസ് സർവ്വീസിന്റെ ശരാശരി വരുമാനം 9,200 രൂപയാണ്.

**സ്ഥിരം ഡ്രൈവർമാർ**

247 (2805) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാസഞ്ചറിതര വാഹനമോടിക്കുന്ന കെ. എസ്. ആർ. ടി. സി. യിലെ സ്ഥിരം ഡ്രൈവർമാർക്ക് പാസഞ്ചർ വാഹനവും ഓടിക്കേണ്ടതുണ്ടോ;

(ബി) പാസഞ്ചറിതര വാഹനമോടിക്കുന്നതിന് ഡ്രൈവർമാരെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡമുണ്ടാക്കാതെ വർഷങ്ങളായി കുറച്ചുപേരെ പ്രസ്തുത വാഹനങ്ങളോടിക്കുന്നതിന് അനുവദിക്കുന്നതിനാൽ മറ്റ് ഡ്രൈവർമാർക്ക് അവസരം നഷ്ടപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പൊതുമേഖല, സ്ഥാപനമായ കെ. എസ്. ആർ; ടി. സി.-യിൽ പാസഞ്ചർ ഇതര വാഹനങ്ങളോടിക്കുന്നതിന് ഡ്രൈവർമാരെ നിയോഗിക്കുന്നതിന് മാനദണ്ഡമുണ്ടാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിരം ഡ്രൈവർമാരെ പാസഞ്ചർ വാഹനമോടിക്കുവാനാണ് നിയോഗിക്കുന്നത്. ആവശ്യ സന്ദർഭങ്ങളിൽ മാത്രമാണ് പാസഞ്ചറിതര വാഹനമോടിക്കുവാൻ നിയോഗിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ പാസഞ്ചർ വാഹനമോടിക്കുന്നതിനുവേണ്ടിയാണ് ഡ്രൈവർമാരെ നിയോഗിക്കുന്നത്. പാസഞ്ചറിതര വാഹനമോടിക്കുന്നതിന് സ്ഥിരം ഒഴിവില്ലാത്തതിനാൽ അതിനായി മാനദണ്ഡമുണ്ടായിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.-യിൽ പാസഞ്ചർ ഇതര വാഹനമോടിക്കുന്നതിന് സ്ഥിരം ഒഴിവില്ലാത്തതിനാൽ ആയതിലേയ്ക്ക് പ്രത്യേക മാനദണ്ഡമുണ്ടാക്കുവാൻ സാധിക്കുകയില്ല.

**വോൾവോ എ. സി. ബസ്സുകൾ**

248 (2806) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് എത്ര വോൾവോ എ.സി. ബസുകൾ ഉണ്ട്;

(ബി) പ്രസ്തുത ബസുകൾ ഏതെല്ലാം ഡിപ്പോകളിലാണെന്നും അവയുടെ പ്രതിമാസ വരുമാനം എത്രയെന്നും വിശദമാക്കുമോ;

(സി) വോൾവോ എ. സി. ബസുകളുടെ അറ്റകുറ്റപ്പണിക്കായി ഈ സർക്കാർ ചെലവഴിച്ച തുക വെളിപ്പെടുത്തുമോ;

(ഡി) നിലവിൽ എത്ര വോൾവോ എ. സി.ബസുകൾ കട്ടപ്പുറത്തുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-ക്ക് 12 വോൾവോ എ. സി. ബസ്സുകളുണ്ട്. കൂടാതെ കെ.യു.ആർ.ടി.സി.-യുടെ കീഴിൽ 190 വോൾവോ എ.സി. ബസ്സുകളുമുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ 12 എ.സി. വോൾവോ ബസ്സുകൾ ആലപ്പുഴ, എറണാകുളം, കോട്ടയം, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ എന്നീ ഡിപ്പോകളിലാണ് അനുവദിച്ചിട്ടുള്ളത്. കെ.യു.ആർ.ടി.സി.-യുടെ എ.സി. ലോ ഫ്ലോർ ബസ്സുകൾ തിരുവനന്തപുരം സിറ്റി, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം (തേവര), തൊടുപുഴ, കോട്ടയം, കോഴിക്കോട്, കൽപ്പറ്റ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ഡിപ്പോകളിലാണ് അനുവദിച്ചിട്ടുള്ളത്. 2017 ഏപ്രിൽ മാസത്തെ കണക്കുപ്രകാരം ടി ബസ്സുകൾക്ക് 1,15,84,281 രൂപ വരുമാനം ലഭിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ വോൾവോ എ.സി. ബസ്സുകളുടെ അറ്റകുറ്റപ്പണിക്കായി 1,60,53,164 രൂപയും കെ.യു.ആർ.ടി.സി.-യുടെ വോൾവോ അറ്റകുറ്റപ്പണിക്കായി 9,58,12,027 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഡി) 5-5-2017-ൽ കെ.യു.ആർ.ടി.സി.-യുടെ കീഴിലുള്ള ആകെ 190 വോൾവോ ബസ്സുകളിൽ 142 ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് സജ്ജമായിരുന്നു. ബാക്കിയുള്ള 48 ബസ്സുകൾ വിവിധ അറ്റകുറ്റപ്പണികൾക്കായി മാറ്റിയിട്ടിരിക്കുകയാണ്.

## പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കൽ

249(2807) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കുന്നതിനായി പ്രകൃതി സൗഹൃദവാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ നിരത്തിലിറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രൊഫ. സുശീൽഖന്നയുടെ സമഗ്ര പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം ലാഭത്തിലാക്കുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ എറണാകുളം കേന്ദ്രമാക്കി 1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് വായ്പയായി നൽകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. ഇതിൻപ്രകാരം ആദ്യ ഘട്ടമായി 166 സി.എൻ.ജി. ബസ്സുകൾ 50 കോടി രൂപ മുതൽമുടക്കിൽ വാങ്ങുന്നതിനുള്ള ഭരണാനുമതി സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 72/2017/TRANS തീയതി 20-2-2017 പ്രകാരം നൽകിയിട്ടുണ്ട്.

ഇതുസംബന്ധിച്ച കരട് പ്രോജക്റ്റ് റിപ്പോർട്ട് (DPR) KIIFB മുമ്പാകെ സമർപ്പിച്ചുകഴിഞ്ഞു. കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്ഡ് നാച്വറൽ ഗ്യാസിലേയ്ക്ക് (CNG) മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ റോഡുകളിൽ ഇത്തരം ബസ്സുകളുടെ ഉപയോഗക്ഷമത നിരീക്ഷിക്കുന്നതിനായി 2 സി.എൻ.ജി. ബസ്സുകൾക്ക് പർച്ചേസ് ഓർഡർ നൽകിയതിൽ ഒരു ബസ്സ് ലഭ്യമായിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിനാവശ്യമായ Dispensing Unit-കൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. കൊച്ചി നഗരത്തിൽ സി.എൻ.ജി. ഇന്ധനം വിതരണം നടത്തുന്നതിന് വിതരണാവകാശം ലഭിച്ച ഐ.ഒ.സി.-യുമായി നിരവധി തവണ ചർച്ചകൾ നടത്തുകയും കെ.എസ്.ആർ.ടി.സി.-യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും തേവരയിലും സി.എൻ.ജി. Dispensing Unit-കൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രാഥമികമായി

പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ മറ്റ് സ്ഥലങ്ങളിൽ സി.എൻ.ജി. ഇന്ധനം ലഭ്യമാകുന്നതോടെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസ്സുകൾ വീതം നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രൊഫ. സുശീൽ ഖന്നയുടെ സമഗ്ര റിപ്പോർട്ട് ലഭ്യമായിട്ടില്ലാത്തതിനാൽ തീരുമാനമെടുത്തിട്ടില്ല.

**കാൽനട യാത്രക്കാർക്കുണ്ടാകുന്ന റോഡപകടങ്ങൾ ഒഴിവാക്കാൻ നടപടി**

250 (2808) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൽനട യാത്രക്കാർക്ക് ഉണ്ടാകുന്ന റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) ഇത്തരം അപകടങ്ങൾ നിയന്ത്രിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) അപകടങ്ങൾ ഒഴിവാക്കുന്നതിനായി കാൽനട യാത്രക്കാർക്കും വാഹനമോടിക്കുന്നവർക്കും ബോധവൽകരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാൽനട യാത്രക്കാർക്കുണ്ടാകുന്ന അപകടങ്ങളുടെ മുഖ്യകാരണം ഫുട്ട്പാത്തുകളിലെ തെരുവ് കച്ചവടക്കാരുടെയും മറ്റും അനധികൃത കയ്യേറ്റമാണ്.

(ബി) ഫുട്ട്പാത്തുകളിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള അധികാരം പൊതുമരാമത്ത് വകുപ്പിനും പോലീസിനും തദ്ദേശസ്വയംഭരണ വകുപ്പിനുമാണ്. സംസ്ഥാനത്തെ റോഡുകളിലെ ഫുട്ട്പാത്തുകളിലുള്ള വഴിവാണിഭ സംഘങ്ങളുടെ അനധികൃത കയ്യേറ്റങ്ങൾക്കെതിരെ നടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ, 2017 ഫെബ്രുവരി 15 മുതൽ മാർച്ച് 15 വരെയുള്ള റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനിന്റെ ഭാഗമായി നടപ്പാതകളിലെ കയ്യേറ്റമൊഴിപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാൽനടക്കാർക്ക് റോഡ് മുറിച്ചുകടക്കുന്നതിന് പ്രധാനപ്പെട്ട ആശുപത്രികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മുന്നിലുള്ള റോഡുകളിലും തിരക്കേറിയ ജംഗ്ഷനുകളിലും ഫുട്ട്ഓവർബ്രിഡ്ജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കാനും ആയതിന്റെ റിപ്പോർട്ട് ഹാജരാക്കാനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളോടാ വശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ടുകൾ ഹാജരാക്കുന്നമുറയ്ക്ക് ഈ വിഷയത്തിൽ നടപടി എടുക്കാവുന്നതാണ്. 18-8-2016-ൽ റോഡ് സേഫ്റ്റി കമ്മിഷണറുടെയും ട്രാൻസ്പോർട്ട് കമ്മിഷണറുടെയും അദ്ധ്യക്ഷതയിൽ കിഴക്കേകോട്ടയിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ, തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർ, തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ട്രാഫിക് അസിസ്റ്റന്റ് കമ്മിഷണർ, നാറ്റ്പാക് പ്രതിനിധി, തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡ് (TRDL) പ്രതിനിധി എന്നിവർ പങ്കെടുത്ത യോഗം ചേരുകയുണ്ടായി. ഈ യോഗത്തിൽവച്ച് കിഴക്കേകോട്ടയിൽ സ്ഥാപിച്ചിട്ടുള്ള ബാരിക്കേഡുകളും ഡിവൈഡറുകളും കാൽനടക്കാർ മുറിച്ച്കടക്കാത്തവിധത്തിൽ ക്രമീകരിക്കാനും റൂട്ട് ബസ്സുകളുടെ ഓപ്പറേറ്റിംഗ് ബേകൾക്കിടയിലുള്ള ഡിവൈഡറുകൾ പൊളിച്ച് മാറ്റുന്നതിനും ബസ് സ്റ്റേഷനിൽ ഡെസ്റ്റിനേഷൻ ബോർഡ്, നമ്പർ എന്നിവ സ്ഥാപിക്കാനും തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡ് (TRDL)-നോട് നിർദ്ദേശിച്ചു. കിഴക്കേകോട്ടയിൽ എത്തിച്ചേരുന്ന ബസ്സുകളെയും യാത്രക്കാരെയും നിയന്ത്രിക്കുവാനും നിയമവിരുദ്ധമായി പാർക്ക് ചെയ്യുന്നതും അനാവശ്യമായി വാഹനം നിർത്തിയിടുന്നതും ഒഴിവാക്കാനായി കൂടുതൽ പോലീസ് ഫോഴ്സിനെ നിയോഗിക്കുവാൻ ട്രാഫിക് അസിസ്റ്റന്റ് കമ്മിഷണറെ ചുമതലപ്പെടുത്തി. കാൽനടയാത്രക്കാർക്കും പൊതുജനങ്ങൾക്കും സുരക്ഷിതമായി റോഡ് മുറിച്ച്കടക്കുവാൻ കുറഞ്ഞത് രണ്ട് ഫുട്ട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കുവാൻ യുക്തമായ സ്ഥലങ്ങൾ കണ്ടുപിടിച്ച് നിർദ്ദേശിക്കുവാനും ആയതിന് വേണ്ടിവരുന്ന ചെലവ് എത്രയെന്ന് കണക്കാക്കി പ്രോജക്ട് പ്രൊപ്പോസൽ റോഡ് സേഫ്റ്റി അതോറിറ്റിക്ക് മുമ്പാകെ സമർപ്പിക്കുവാനും നാറ്റ്പാക്കിനെ ചുമതലപ്പെടുത്തി. 7-9-2016-ൽ നാറ്റ്പാക് ഇതുസംബന്ധിച്ച പ്രൊപ്പോസൽ റോഡ് സേഫ്റ്റി അതോറിറ്റിക്ക് മുമ്പാകെ സമർപ്പിച്ചു. പൊതുമരാമത്ത് വകുപ്പ്, റ്റി.ആർ.ഡി.സി.എൽ. തിരുവനന്തപുരം കോർപ്പറേഷൻ ട്രിഡ, പോലീസ് വകുപ്പ് എന്നിവരുമായി ടി പ്രൊപ്പോസൽ ചർച്ച ചെയ്ത് വിശദമായ റിപ്പോർട്ട് നൽകുന്നതിനായി ജില്ലാ റോഡ് സേഫ്റ്റി കൗൺസിലിന്റെ ചെയർമാൻ കൂടിയായ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനായി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി കേരള റോഡ് സുരക്ഷാ അതോറിറ്റി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ മാജിക് ഷോ, ഓട്ടൻ തുള്ളൽ, കിറ്റി ഷോ തുടങ്ങിയ കലാരൂപങ്ങളിലൂടെയും റോഡ് സുരക്ഷാ സന്ദേശം പ്രചരിപ്പിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റി അനുബന്ധ വകുപ്പുകൾക്ക് എല്ലാ വർഷവും ഫണ്ട് നൽകിവരുന്നു. ടിപ്പർ, ലോറി/ചരക്ക് വാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക് വഴി റോഡ് സുരക്ഷാ പരിശീലനം നൽകുന്നതിനായി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. രാത്രികാല എയർപോർട്ട് യാത്രാ അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച ലീഫ്‌ലെറ്റുകൾ കേരളത്തിലെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ പരിധിയിൽ വരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തു. വാഹന ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച 'റോഡ് റെഗുലേഷൻസ്' എന്ന ലീഫ് ലെറ്റുകൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു. നാറ്റ്പാക് തയ്യാറാക്കിയ സ്കൂളുകളിലേയ്ക്കുള്ള സുരക്ഷിത പാത എന്ന പുസ്തകത്തിന്റെയും അദ്ധ്യാപക പഠന സഹായി എന്ന പുസ്തകത്തിന്റെയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ കോപ്പികൾ അച്ചടിച്ച് സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പുസ്തകങ്ങൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കാനും കേരളത്തിലെ സ്കൂൾ കോളേജുകളിൽ റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പോലീസ് വകുപ്പിന് ശുഭയാത്ര എന്ന ട്രാഫിക് ബോധവൽക്കരണ പരിപാടി നടത്തുന്നതിന് 6 കോടി രൂപ 2014-15-ൽ അനുവദിച്ചിട്ടുണ്ട്.

## സൂപ്പർ ക്ലാസ് റൂട്ടുകളിലെ സമാന്തര സർവ്വീസ്

251 (2809) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൂപ്പർ ക്ലാസ് റൂട്ടുകൾ ഏതൊക്കെയാണ്; ഈ റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിന് പെർമിറ്റ് നൽകിയിട്ടുള്ള സ്വകാര്യ ബസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഏതൊക്കെ റൂട്ടുകളിലാണ് സ്വകാര്യ ബസുകൾക്ക് പെർമിറ്റ് നൽകിയിട്ടുള്ളത്;

(ബി) ബഹു:ഹൈക്കോടതി വിധിയനുസരിച്ച് കെ.എസ്.ആർ.ടിസി. സർവ്വീസ് ആരംഭിച്ചിട്ടുള്ളത് ഏതൊക്കെ റൂട്ടുകളിലാണ്; ഈ സർവ്വീസുകളൊക്കെ ഇപ്പോഴും തുടരുന്നുണ്ടോ;

(സി) ഇതേ റൂട്ടുകളിൽ പലതിലും കോൺട്രാക്ട് കാര്യേജ് പെർമിറ്റ് എടുത്ത ശേഷം സ്വകാര്യ ബസുകൾ ഓൺലൈൻ ബുക്കിംഗിലൂടെയും, ടെലഫോൺ കോളുകളിലൂടെയും യാത്രക്കാരെ പല സ്ഥലങ്ങളിൽ നിന്നും കയറ്റുകയും ഇടയ്ക്ക് ഇറങ്ങാൻ അനുവദിക്കുകയും ചെയ്ത് സമാന്തര സർവ്വീസ് നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് സംസ്ഥാനത്തെ വിവിധ ആർ.ടി.ഒ.-കളിൽ ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഈ പരാതിയെക്കുറിച്ച് അന്വേഷിക്കുകയോ വിശദാംശങ്ങൾ കണ്ടെത്തുകയോ ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) ഇത്തരത്തിൽ സമാന്തര സർവ്വീസ് നടത്തുന്ന ബസുകൾ പിടിച്ചെടുക്കുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും മോട്ടോർ വാഹന വകുപ്പ് ഇതേവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(എഫ്) കെ.എസ്.ആർ.ടിസി.യുടെ ഭാവികൂടി ഇല്ലാതാക്കുന്ന ഇത്തരം പ്രവണതകളെ കണ്ടെത്തുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ളവ (FP, Super FP, Express, Super Express തുടങ്ങിയവ) യെയാണ് സൂപ്പർ ക്ലാസ് സർവ്വീസ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഇത്തരത്തിലുള്ള 241 സർവ്വീസുകൾക്ക് കേരളത്തിനകത്ത് സ്വകാര്യ മേഖലയിൽ പെർമിറ്റ് നൽകിയിട്ടുണ്ടായിരുന്നു. ഇതിൽ പലതും അതതു ആർ.ടി.എ.-കളിൽ നിന്നും കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്.

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ 29-9-2014-ലെ WP(C) 18786/2014-ഉം അനുബന്ധ കേസ്സുകളും സംബന്ധിച്ച വിധി അനുസരിച്ച് 241 സ്വകാര്യ സൂപ്പർ ക്ലാസ് പെർമിറ്റുകളിൽ 233 പെർമിറ്റുകൾ കാലാവധി തീരുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി. ഇതുവരെ ഏറ്റെടുത്തിട്ടുണ്ട്. റൂട്ട് സംബന്ധമായ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. പ്രസ്തുത സർവ്വീസുകൾ ഇപ്പോഴും തുടരുന്നുണ്ട്.

(സി) ഇത്തരം സമാന്തര സർവ്വീസുകളെപ്പറ്റി ലഭിക്കുന്ന പരാതികളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി-എഫ്) സംസ്ഥാനത്ത് അനധികൃത സർവ്വീസ് നടത്തുന്ന സമാന്തര വാഹനങ്ങൾക്കെതിരെ കർശന നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടറുടെ തന്നെ കത്തിന്റെ അടിസ്ഥാനത്തിൽ എ.എം.വി.ഐ.-മാരുടെ സേവനം കെ.എസ്.ആർ.ടി.സി. രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. പെർമിറ്റുള്ള സ്റ്റേജ് കാര്യേജുകളുടെ സമയം സംബന്ധിച്ചുള്ള കെ.എസ്.ആർ.ടി.സി.-യുടെ പരാതിയിന്മേൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. സമയക്രമം തെറ്റിച്ച് കെ.എസ്.ആർ.ടി.സി.-ക്ക് മുന്നിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ സ്റ്റേജ് കാര്യേജ് വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2017-ൽ തിരുവനന്തപുരത്ത് നടത്തിയ പരിശോധനയിൽ സമാന്തര സർവ്വീസ് നടത്തിയ 146 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 46 വാഹനങ്ങൾ പിടിച്ചെടുക്കുകയും 73,000/- രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 14-02-2017-ന് രാത്രിയിൽ തിരുവനന്തപുരം സിറ്റിയിൽനിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, ചെന്നൈ, വയനാട് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് അനധികൃത സർവ്വീസ് നടത്തിയ 9 വാഹനങ്ങൾ ക്കെതിരെ നടപടിയെടുക്കുകയും 41,200 രൂപ പിഴയായി ഈടാക്കുകയും 98,700 രൂപ ടാക്സ് ഇനത്തിൽ പിരിച്ചെടുക്കുകയും ചെയ്തു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റിസർവ് കണ്ടക്ടർ നിയമനം

252 (2810) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ റിസർവ് കണ്ടക്ടർ തസ്തികയിൽ പി.എസ്.സി.-യുടെ അഡ്വൈസ് മെമ്മോ ലഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും നിയമന ഉത്തരവ് ലഭിക്കാത്തതുമൂലം ഉദ്യോഗാർത്ഥികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ എം-പാനൽ നിയമനം നടത്തിവരുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) പി.എസ്.സി. അഡ്വൈസ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്ഥിര നിയമനം നൽകുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ റിസർവ് കണ്ടക്ടർ തസ്തികയിൽ 5-5-2012-ൽ നിലവിലുണ്ടായിരുന്ന 3808 എണ്ണത്തിന് പകരമായി 9300 ഉദ്യോഗാർത്ഥികളുടെ നിയമനോപദേശ പട്ടിക പി.എസ്.സി. നൽകിയത് നിമിത്തം മേൽപ്പറഞ്ഞ 9300 ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകുവാനായി 2013 മുതൽ 2016 വരെ ഏകദേശം 3 വർഷത്തോളം കാലതാമസം നേരിടേണ്ടി വന്നിരുന്നു. കെ.എസ്.ആർ.ടി.സി. റിപ്പോർട്ട് ചെയ്ത യഥാർത്ഥ ഒഴിവുകളേക്കാൾ രണ്ടിരട്ടിയോളം പേർക്ക് അധികമായി പി.എസ്.സി. നിയമനോപദേശം നൽകിയെങ്കിലും കടുത്ത സാമ്പത്തിക പരാധീനതകൾക്കിടയിലും കോർപ്പറേഷൻ നിയമനോപദേശം ലഭിച്ച 9300 പേർക്കും നിയമനം അനുവദിച്ചിരുന്നു. ഇതിനുപുറമേ 4-ാം നിയമനഘട്ടത്തിലെ (റാങ്ക് നമ്പർ 6364 മുതൽ 8700 വരെ) എൻ.ജെ.ഡി. ഒഴിവുകളായ 1075 എണ്ണം നിലനിൽക്കെ നിയമനപ്പട്ടികയിലെ ഉദ്യോഗാർത്ഥികളുടെ ലഭ്യത കുറവ് നിമിത്തം നിയമനം അനുവദിക്കാൻ കഴിയാതിരുന്ന ഒഴിവുകളായ 526 എണ്ണം (1075-549=526) 5-ാം നിയമനഘട്ടത്തിലെ (റാങ്ക് നമ്പർ 8751 മുതൽ 9300 വരെ) എൻ.ജെ.ഡി. ഒഴിവുകളായ 297 എണ്ണവും ചേർത്ത് ആകെ 823 ഒഴിവുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ CCC No. 549/2016/(a) dtd. 23-6-2016 ഉത്തരവനുസരിച്ച്

1012/GL2/97/RTC dtd. 28-6-16 പ്രകാരം പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ഇത്തരത്തിൽ 4556 എൻ.ജെ.ഡി. ഒഴിവുകളിൽ മേൽപ്പറഞ്ഞ 823 ഒഴിവുകൾ ഒഴികെയുള്ള 3733 എണ്ണവും തൊട്ടടുത്ത ഓരോ നിയമന ഘട്ടത്തിലും നികത്തി നിയമനം അനുവദിച്ചതിനാലാണ് പ്രസ്തുത റാങ്ക് പട്ടികയിലെ 9300 ഉദ്യോഗാർത്ഥികൾക്കും കോർപ്പറേഷന് നിയമനം അനുവദിക്കാൻ കഴിഞ്ഞത്.

ഇതിനുപുറമേ KLRV(2)/2240/2010 dtd. 9-9-2016 പ്രകാരം 328 ഉദ്യോഗാർത്ഥികളുടെ നിയമനോപദേശ പട്ടിക കണ്ടക്ടർ തസ്തികയിലെ നിയമനത്തിനായി പി.എസ്.സി. വീണ്ടും കൈമാറുകയുണ്ടായി. ആദ്യ റാങ്ക് പട്ടികയിലെ 9300 ഉദ്യോഗാർത്ഥികളുടെ റൊട്ടേഷൻ പുനഃക്രമീകരിച്ചത് മൂലം റാങ്ക് പട്ടികയിൽനിന്നും നീക്കം ചെയ്തതും മാറ്റിവയ്ക്കപ്പെട്ടതുമായ 194 ഉദ്യോഗാർത്ഥികളുടെയും 2014-ലെ പ്രതീക്ഷിത ഒഴിവുകളായി കോർപ്പറേഷൻ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളായ 134 എണ്ണവും ചേർത്താണ് മേൽപ്പറഞ്ഞ 328 പേരുടെ റാങ്ക് പട്ടിക പി.എസ്.സി. തയ്യാറാക്കിയത്. എന്നാൽ 2014 കാലയളവിലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി. അനുമതി നൽകിയതിൻ പ്രകാരം 9300 പേരുടെ ആദ്യ നിയമനോപദേശ പട്ടികയിലെ രണ്ടാംഘട്ട നിയമനപ്രക്രിയയിൽ കെ.എസ്.ആർ.ടി.സി. നികത്തിയ ഒഴിവുകളാണ്. എന്നിരുന്നിട്ടും നിലവിൽ 823 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ കോർപ്പറേഷൻ പി.എസ്.സി. നൽകിയ രണ്ടാമത് റാങ്ക് പട്ടികയിൽ ഉൾപ്പെടെ തിരിച്ചറിയൽ പത്രികയിൽ അപാകതയുള്ളവർ ഒഴികെയുള്ള 301 ഉദ്യോഗാർത്ഥികൾക്ക് നിലവിലെ 823 ഒഴിവുകളിൽനിന്നും കുറവുചെയ്ത് നിയമനം അനുവദിച്ചിട്ടുണ്ട്.

എന്നാൽ ആദ്യ നിയമന പട്ടികയിലെ 9300 ഉദ്യോഗാർത്ഥികളുടെ നിയമന പ്രക്രിയയെത്തുടർന്നുണ്ടായ എൻ.ജെ.ഡി. ഒഴിവുകൾ തിട്ടപ്പെടുത്തി പി.എസ്.സി. 4051 ഉദ്യോഗാർത്ഥികൾക്ക് 31-12-2016-ന് വീണ്ടും നിയമനോപദേശം നൽകിയിട്ടുണ്ട്. ഇതുമൂലം കോർപ്പറേഷൻ ഒരിക്കൽ നിയമനം അനുവദിച്ച എൻ.ജെ.ഡി. ഒഴിവുകളിൽ വീണ്ടും നിയമനം നൽകേണ്ട സാഹചര്യമാണുള്ളത്.

(ബി) 5-9-2013, 9-9-2016 എന്നീ തീയതികളിലെ അഡ്വൈസ് പ്രകാരം നിയമനം നൽകിയിട്ടുണ്ട്. 15-12-2016, 31-12-2016 എന്നീ തീയതികളിലെ പി.എസ്.സി. അഡ്വൈസിൽ നിയമന നടപടികൾ ആരംഭിച്ചിട്ടില്ല.

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ നിലവിൽ എംപാനൽ നിയമനം നടത്തിയിട്ടില്ല.

(ഡി) പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് പ്രകാരമുള്ള പാക്കേജ് പരിശോധിച്ച് മാത്രമേ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

## റിസർവ് കണ്ടക്ടർ തസ്തികയിൽ നിയമനം

253 (2811) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യിൽ റിസർവ് കണ്ടക്ടർ തസ്തികയിൽ പി.എസ്.സി. അഡ്വൈസ് ചെയ്തവർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമന ഉത്തരവ് നൽകുന്നതിനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഇല്ല. കെ.എസ്.ആർ.ടി.സി.-യിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന പ്രൊഫ. സുശീൽ ഖന്നയുടെ പൂർണ്ണമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിയമനങ്ങൾ നടത്തുന്നതാണ്.

## നാദാപുരം മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

254 (2812) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, നാദാപുരം മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. എത്ര പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത സർവ്വീസുകൾ എവിടേയ്ക്കൊക്കെയാണ് ആരംഭിച്ചതെന്ന് അറിയിക്കാമോ;

(സി) മണ്ഡലത്തിൽ ഇനി പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാദാപുരം മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നും 6 (ആറ്) പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) തൊട്ടിൽപ്പാലം-കുമിളി ഒരു സർവ്വീസും തൊട്ടിൽപ്പാലം-വടകര അഞ്ച് സർവ്വീസുകളുമാണ് ആരംഭിച്ചത്.

(സി) പൊതുജനങ്ങൾക്കും കോർപ്പറേഷനും ഗുണകരമാകുന്നവിധത്തിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കോതമംഗലം ഡിപ്പോയിൽ നിന്നുമുള്ള ബസ് സർവ്വീസുകൾ

255 (2813) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തിയിരുന്ന പത്തിലധികം ബസുകൾ പ്രവർത്തനരഹിതമായതിനെത്തുടർന്ന് ഒറ്റപ്പെട്ട പ്രദേശങ്ങളിലേക്കുള്ള നിരവധി സർവ്വീസുകൾ നിർത്തിവച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർത്തലാക്കിയ സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) പ്രവർത്തനരഹിതമായ ബസുകൾ പുനഃസ്ഥാപിച്ച് കോതമംഗലം ഡിപ്പോയുടെ പരിധിയിലുള്ള അവികസിത മേഖലകളിലേക്കുകൂടി കെ.എസ്.ആർ.ടി.സി.-യുടെ സേവനം ലഭ്യമാക്കുവാൻ കൂടുതൽ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രാദേശികപ്രാധാന്യം കണക്കിലെടുത്ത്, അവികസിത മേഖലകളിലേക്ക് കൂടുതൽ സർവ്വീസ് നടത്തുന്നതിന് മറ്റ് ഡിപ്പോകളിൽ കൂടുതലായുള്ള പഴയ ബസ്സുകൾ കോതമംഗലം ഡിപ്പോയിലേക്ക് അനുവദിച്ച് തരുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോതമംഗലം ഡിപ്പോയിൽ 6 ഓർഡിനറി ബസ്സുകളുടെ കുറവുണ്ട്.

കൂടാതെ 5-5-2017-ലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ ഒരു ബസ് മാത്രമാണ് അറ്റകുറ്റപ്പണികൾക്കായി പിടിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.-യുടെ 5 ബസ്സുകൾ വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിരിക്കുകയാണ്. ഈ ബസുകൾ ഉടൻ നിരത്തിലിറക്കുന്നതാണ്. ആവശ്യമായ ബസ്സും ജീവനക്കാരും ലഭ്യമാകുന്നമുറയ്ക്ക് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) അറ്റകുറ്റപ്പണികൾക്കായി പിടിച്ചിരിക്കുന്ന ബസുകൾ എത്രയും പെട്ടെന്ന് നിരത്തിലിറക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ഓർഡിനറി ബസുകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ ബസുകൾ നിരത്തിലിറക്കുന്നമുറയ്ക്ക് മാറ്റപ്പെടുന്ന ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## റിസർവ് കണ്ടക്ടർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

256 (2814) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) തടസ്സങ്ങൾ നീക്കി പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റ് നിലവിലില്ല.

(ബി) ഇതുസംബന്ധിച്ച് നേരത്തെയുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽനിന്നും 5-9-2013, 9-9-2016 എന്നീ തീയതികളിൽ അഡ്വൈസ് പ്രകാരം നിയമനം നൽകിയിട്ടുണ്ട്. 15-12-2016, 31-12-2016 എന്നീ തീയതികളിലെ പി.എസ്.സി. അഡ്വൈസിൽനിന്നും നിയമന നടപടികൾ ആരംഭിച്ചിട്ടില്ല.

(സി&ഡി) കെ.എസ്.ആർ.ടി.സി.-യിൽ പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്നതിനായുള്ള പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതാണ്.

## എറണാകുളം-ഗുരുവായൂർ-ചമ്രവട്ടം-കോഴിക്കോട് ബസ് സർവ്വീസ്

257 (2815) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി തുടങ്ങിയ ദേശസാത്കൃത റൂട്ടായ എറണാകുളം-ഗുരുവായൂർ- ചമ്രവട്ടം-കോഴിക്കോട് പാതയിൽ രാത്രികാലങ്ങളിൽ ബസ്സ് സർവ്വീസ് പരിമിതമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റൂട്ടുകളിൽ ഒരു മണിക്കൂർ ഇടവിട്ട് ദീർഘദൂര ബസ്സുകൾ തിരിച്ചുവിടുവാൻ നടപടി സ്വീകരിക്കുമോ;

(സി) വളരെ ലാഭകരമെന്ന് പറയുന്ന പ്രസ്തുത റൂട്ടിൽ പത്തനംതിട്ട-കാസർഗോഡ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റൂട്ടുകളിൽ ഒരു മണിക്കൂർ ഇടവിട്ട് ദീർഘദൂര ബസ്സുകൾ തിരിച്ചുവിടുന്നത് പഠന വിധേയമാക്കിയശേഷം മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി) പത്തനംതിട്ട-കാസർഗോഡ് സർവ്വീസ് ആരംഭിക്കുന്ന വിഷയം ജനങ്ങളുടെ ആവശ്യവും കോർപ്പറേഷന്റെ വരുമാനവും അടിസ്ഥാനമാക്കി നടപടി സ്വീകരിക്കുന്നതാണ്.

**മൂന്നാർ സബ് ഡിപ്പോയിൽനിന്നും തമിഴ്നാട്, ബാംഗ്ലൂർ സർവ്വീസുകൾ**

258 (2816) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ സബ് ഡിപ്പോയിൽ നിന്നും നിലവിൽ തമിഴ്നാട്, ബാംഗ്ലൂർ സർവ്വീസുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) തമിഴ്നാട്ടിലേക്കും ബാംഗ്ലൂരിലേക്കും പുതിയ സർവ്വീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ഈ സർവ്വീസുകൾ ഉടൻ ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ മൂന്നാർ സബ്ബ് ഡിപ്പോയിൽനിന്നും തമിഴ്നാട്ടിലേയ്ക്ക് 8 സർവ്വീസുകളും ബാംഗ്ലൂരിലേയ്ക്ക് ഒരു സർവ്വീസുമാണ് അയയ്ക്കുന്നത്.

(ബി-ഡി) അന്തർസംസ്ഥാന കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. കർണ്ണാടകയുമായുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ മൂന്നാർ നിന്നും ബാംഗ്ലൂരിലേയ്ക്ക് സർവ്വീസ് ആരംഭിക്കുവാൻ കഴിയുകയില്ല. തമിഴ്നാടുമായുള്ള പുതിയ അന്തർസംസ്ഥാന കരാർ രൂപീകരണവുമായി ബന്ധപ്പെട്ട നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇരു സംസ്ഥാന സർക്കാരുകളുടെയും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് മാത്രമേ കേരളവും തമിഴ്നാടുമായുള്ള പുതിയ അന്തർസംസ്ഥാന കരാർ പ്രാബല്യത്തിൽ വരികയുള്ളൂ. അപ്രകാരം പുതിയ അന്തർ സംസ്ഥാന കരാർ യാഥാർത്ഥ്യമാകുന്നമുറയ്ക്ക് മാത്രമേ തമിഴ്നാട്ടിലേയ്ക്ക് പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

**കോതമംഗലം എറണാകുളം ചെയിൻ സർവ്വീസ്**

259 (2817) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം എറണാകുളം ചെയിൻ സർവ്വീസായി ഓടുന്ന ബസ്സുകൾ ആലുവാ പ്രൈവറ്റ് സ്റ്റാൻഡിൽ നിർബന്ധമായും പ്രവേശിപ്പിച്ച് പോരേണ്ടുന്ന പുതിയ പരിഷ്കാരംമൂലം യാത്രക്കാർക്ക് സമയനഷ്ടവും കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരിഷ്കാരത്തിൽ നിന്നും എറണാകുളം-കോതമംഗലം സർവ്വീസുകളെ ഒഴിവാക്കി പഴയനില പുനഃസ്ഥാപിക്കുമോ;

(സി) പ്രാദേശിക ഗതാഗത പരിഷ്കരണ സമിതിയുടെ പരിഷ്കാരത്തിൽ നിന്നും എറണാകുളം-കോതമംഗലം ചെയിൻ സർവ്വീസ് ബസ്സുകളെയെങ്കിലും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആലുവ മുനിസിപ്പൽ ഗതാഗത പരിഷ്കരണ കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് പരിഷ്കാരം നടപ്പിലാക്കിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. പഴയനില പുനഃസ്ഥാപിക്കുന്നണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) പ്രാദേശിക ഗതാഗത പരിഷ്കരണ സമിതിയുടെ പരിഷ്കാരത്തിൽനിന്നും കെ.എസ്.ആർ.ടി.സി.-യുടെ എറണാകുളം-കോതമംഗലം ചെയിൻ സർവ്വീസ് ബസുകളെയെങ്കിലും ഒഴിവാക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

**വൈപ്പിനിൽ നിന്നുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

260 (2818) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ നിന്നും തിരുവനന്തപുരം, പാലക്കാട്, മൂന്നാർ, കോഴിക്കോട് എന്നിവിടങ്ങളിലേക്ക് പുതുതായി ആരംഭിച്ച കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ലാഭകരമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സർവ്വീസുകളുടെ റൂട്ടുകളിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽനിന്നും കെ.എസ്.ആർ.ടി.സി. ആരംഭിച്ചിട്ടുള്ള തിരുവനന്തപുരം സൂപ്പർഫാസ്റ്റും പാലക്കാട് ഫാസ്റ്റ് പാസഞ്ചറും ലാഭകരമായാണ് ഓപ്പറേറ്റ് ചെയ്യുന്നത്. മൂന്നാർ, കോഴിക്കോട് ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ ലാഭകരമായിട്ടല്ല സർവ്വീസ് നടത്തുന്നത്.

(ബി) ചെറായി ബീച്ച്-മൂന്നാർ സർവ്വീസ് ഷെഡ്യൂൾ പ്രകാരം ചെറായി ബീച്ച്, മൂന്നാർ സൈലന്റ് വാലിയിലേയ്ക്കും തിരികെ മൂന്നാർ, അടിമാലി വഴി ചെറായി ബീച്ച് എന്നത് ഇപ്പോൾ മൂന്നാർ, അടിമാലി, കോതമംഗലം, പെരുമ്പാവൂർ, ആലുവ വഴി വൈറ്റിലയിലേയ്ക്കും തിരികെ വൈറ്റില, വരാപ്പുഴ വഴി കൊടുങ്ങല്ലൂരിലേയ്ക്കും മാറ്റം വരുത്തിയിട്ടുണ്ട്. പ്രസ്തുത മാറ്റങ്ങൾക്കുശേഷം ഷെഡ്യൂളിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

**കോങ്ങാട് മണ്ഡലത്തിൽ പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസ്**

261 (2819) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ പുതിയ കെ.എസ്.ആർ.ടി.സി. ബസ്സ് റൂട്ട് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എത്ര പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഒരു മണ്ഡലത്തിൽ ഒരു സർവ്വീസെങ്കിലും പുതിയതായി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കോങ്ങാട് മണ്ഡലത്തിൽ പുതിയ കെ.എസ്.ആർ.ടി.സി. ബസ് റൂട്ട് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പ്രൊപ്പോസലുകൾ പരിഗണനയിലില്ല.

(ബി) സ്വീകരിച്ചിട്ടില്ല.

**നിലമ്പൂർ സബ്ബ് ഡിപ്പോയിലെ ജീവനക്കാർ**

262 (2820) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ കെ.എസ്. ആർ.ടി.സി. സബ്ബ് ഡിപ്പോയിൽ എത്ര താൽക്കാലിക/കരാർ ജീവനക്കാരാണ് നിലവിലുള്ളത്; ഇവരുടെ പേരുവിവരങ്ങളും നിയമിച്ച വർഷവും വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. നിലമ്പൂർ സബ്ബ് ഡിപ്പോയിൽ നടത്തിയിട്ടുള്ള സ്ഥിര/താൽക്കാലിക നിയമനങ്ങൾ വ്യക്തമാക്കുമോ;

(സി) ഭീമമായ തുക ചെലവഴിച്ച് നിർമ്മിച്ച നിലമ്പൂർ സബ്ബ് ഡിപ്പോയിലെ വ്യാപാര സമുച്ചയം കോർപ്പറേഷന് വരുമാനം ലഭിക്കുന്ന തരത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ കെ.എസ്.ആർ.ടി.സി. സബ്ബ് ഡിപ്പോയിൽ 88 കരാർ/താൽക്കാലിക ജീവനക്കാരാണ് നിലവിലുള്ളത്. ഇവരുടെ പേര് വിവരങ്ങളും നിയമിച്ച വർഷവും അനുബന്ധമായി ചേർക്കുന്നു*.

കണ്ടക്ടർ-59

ഡ്രൈവർ-14

മെക്കാനിക്-4

സി.എൽ.ആർ.-2

പെയിന്റർ-1

ബ്ലാക്ക്സ്മിത്ത്-1

ജൂനിയർ അസിസ്റ്റന്റ്-6

ഗാരേജ് മസ്ദൂർ-1

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. നിലമ്പൂർ സബ്ബ് ഡിപ്പോയിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ഒരാൾക്കും പ്യൂൺ തസ്തികയിൽ ഒരാൾക്കും നിയമനം നൽകിയിട്ടുണ്ട്. താൽക്കാലിക നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

(സി) നിലമ്പൂർ വ്യാപാര സമുച്ചയം 2017 മേയ് മാസം അവസാനവാരം ലേലം/ടെണ്ടർ നടത്തി ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഷോപ്പിംഗ് കോംപ്ലക്സുകൾ**

263 (2821) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ ഷോപ്പിംഗ് കോംപ്ലക്സിനും വായ്പ എടുത്ത തുകയും തിരിച്ചടച്ച തുകയും വെളിപ്പെടുത്തുമോ;

(സി) ഓരോ സെന്ററിലും വാടകയ്ക്ക് കൊടുത്തതും വാടകയ്ക്ക് കൊടുക്കുവാനുള്ളതുമായ മുറികളുടെ എണ്ണം വ്യക്തമാക്കുമോ; മുറികൾ വാടകയ്ക്ക് കൊടുക്കുന്നതിനായി ക്ഷണിച്ച ടെണ്ടറുകളുടെ എണ്ണവും ഓരോ ടെണ്ടറിലും ലഭിച്ച അപേക്ഷകളുടെ എണ്ണവും വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം പോലെയുള്ള സെന്ററുകളിൽ മുറികൾ ഒഴിഞ്ഞുകിടക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോകളുമായി ചേർന്ന് കാട്ടാക്കട, നെടുമങ്ങാട്, പയ്യന്നൂർ, കൊട്ടാരക്കര, കാസർഗോഡ്, നെയ്യാറ്റിൻകര എന്നീ സ്ഥലങ്ങളിൽ വാണിജ്യ കേന്ദ്രങ്ങൾ നിർമ്മിച്ച് കടമുറികൾ ലേലം/ടെണ്ടർ നടപടികൾ വഴി പലിശരഹിത നിക്ഷേപം സ്വീകരിച്ച് കടകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഹരിപ്പാട്, മൂവാറ്റുപുഴ, തൊടുപുഴ, മലപ്പുറം, പത്തനംതിട്ട, നിലമ്പൂർ എന്നീ സ്ഥലങ്ങളിൽ വാണിജ്യ സമുച്ചയ നിർമ്മാണം പുരോഗതിയിലുമാണ്. കെ.എസ്.ആർ.ടി.സി. കെ.റ്റി.ഡി.എഫ്.സി.-യുമായി ചേർന്ന് ബി.ഒ.ടി. അടിസ്ഥാനത്തിൽ തമ്പാനൂർ, അങ്കമാലി, കോഴിക്കോട്, തിരുവല്ല എന്നീ സ്ഥലങ്ങളിലെ വാണിജ്യ സമുച്ചയ നിർമ്മാണവും പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്.

(ബി) 2012-13 സാമ്പത്തിക വർഷം ബസ് സ്റ്റേഷനുകളിൽ വ്യാപാര സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി 30 കോടി രൂപ വായ്പയായി സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| യൂണിറ്റ് | തുക |
|---|---|
| കോട്ടയം | 3 കോടി രൂപ |
| പാലാ | 5 കോടി രൂപ |
| ഈരാറ്റുപേട്ട | 4 കോടി രൂപ |
| നിലമ്പൂർ | 3 കോടി രൂപ |
| പത്തനംതിട്ട | 2 കോടി രൂപ |
| തൊടുപുഴ | 2 കോടി രൂപ |
| ഹരിപ്പാട് | 2 കോടി രൂപ |
| പാലക്കാട് | 2 കോടി രൂപ |
| എസ്.റ്റി.സി., തിരുവനന്തപുരം | 1 കോടി രൂപ |
| കരുനാഗപ്പള്ളി | 2 കോടി രൂപ |
| മലപ്പുറം | 1 കോടി രൂപ |
| പയ്യന്നൂർ | 1 കോടി രൂപ |
| മൂവാറ്റുപുഴ | 1 കോടി രൂപ |
| മൂന്നാർ | 1 കോടി രൂപ |
| ആകെ | 30 കോടി രൂപ |

(സി) ടി വായ്പാ തുക ഇക്വിറ്റിയാക്കി മാറ്റുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനം കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. [ഉത്തരവ് നമ്പർ സ.ഉ. (കൈ.) നമ്പർ 46/2015/ഗതാഗതം തീയതി 20-8-2015]. കെ.എസ്.ആർ.ടി.സി. കെ.ടി.ഡി.എഫ്.സി.-യുമായി ചേർന്ന് ബി.ഒ.ടി. വ്യവസ്ഥയിൽ അങ്കമാലി, തിരുവല്ല, തിരുവനന്തപുരം (തമ്പാനൂർ), കോഴിക്കോട് എന്നിവിടങ്ങളിൽ നിർമ്മിച്ചിട്ടുള്ള വ്യാപാര സമുച്ചയങ്ങൾക്ക് കെ.ടി.ഡി.എഫ്.സി. പൊതുജനങ്ങളിൽ നിന്നും സ്ഥിരനിക്ഷേപമായി സ്വീകരിച്ച പണം ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്.

(ഡി) കാസർഗോഡ്, പയ്യന്നൂർ, കണ്ണൂർ, കൊട്ടാരക്കര, നെടുമങ്ങാട്, നെയ്യാറ്റിൻകര, കാട്ടാക്കട എന്നീ യൂണിറ്റുകളിലാണ് വ്യാപാര സമുച്ചയ പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചത്.

കാട്ടാക്കട യൂണിറ്റിൽ ആകെ കടമുറികൾ 32-ഉം ഗോഡൗൺ സ്പെയ്സ് 3 എണ്ണവും ഓഫീസ് സ്പെയ്സ് 2 എണ്ണവും ഉള്ളതിൽ ഓഫീസ് ബ്ലോക്ക് 1 ഉം 2 കടമുറികളും ഒഴികെ ബാക്കി എല്ലാത്തിനും ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്.

നെയ്യാറ്റിൻകര വാണിജ്യ സമുച്ചയത്തിൽ ആകെ കടമുറികൾ 40 എണ്ണവും ഒരു ഹാളുമാണുള്ളത്. ഇതിൽ 30 മുറികൾക്ക് ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്. ബാക്കി 10 മുറികളാണ് അവശേഷിക്കുന്നത്.

നെടുമങ്ങാട് യൂണിറ്റിൽ 53 കടമുറികൾ ഉള്ളതിൽ 26 കടമുറികൾക്ക് ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്. ബാക്കി 27 മുറികളാണ് അവശേഷിക്കുന്നത്.

പയ്യന്നൂർ യൂണിറ്റിൽ ആകെ 40 കടമുറികൾ ഉള്ളതിൽ 32 എണ്ണത്തിന് ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്. ബാക്കി 8 മുറികളാണ് അവശേഷിക്കുന്നത്.

കണ്ണൂർ വാണിജ്യ സമുച്ചയത്തിൽ ആകെ 46 മുറികളാണുള്ളത്. അതിൽ 37 കടമുറികൾക്ക് ലൈസൻസിയെ കണ്ടെത്തുകയും ബാക്കിയുള്ള 9 മുറികൾ കെ.എസ്.ആർ.ടി.സി.-യുടെ ഓഫീസായി ഉപയോഗിച്ചുവരികയുമാണ്.

കൊട്ടാരക്കര വാണിജ്യ സമുച്ചയത്തിൽ ആകെ കടമുറികൾ 34 എണ്ണവും ഒരു ഹാളുമാണുള്ളത്. ഇതിൽ 34 കടമുറികൾക്കും ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്. ഒരു ഹാൾ മാത്രമാണ് അവശേഷിക്കുന്നത്.

കാസർഗോഡ് യൂണിറ്റിൽ ആകെ കടമുറികൾ 73 എണ്ണം ഉള്ളതിൽ 71 മുറികൾക്ക് ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്. ബാക്കി 2 മുറികളാണ് അവശേഷിക്കുന്നത്.

മൂവാറ്റുപുഴ യൂണിറ്റിൽ വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. നിലവിൽ 47 മുറികൾ നിർമ്മിച്ചതിൽ 16 മുറികൾക്ക് ലൈസൻസിയെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുത വാണിജ്യ സമുച്ചയത്തിന്റെ പണികൾ പൂരത്തീകരിക്കാത്തതിനാൽ കടകളൊന്നുംതന്നെ തുറന്നുപ്രവർത്തിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്നമുറയ്ക്ക് മറ്റ് കടകൾക്ക് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പുതുതായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സുകളിൽ മൂവാറ്റുപുഴ

വാണിജ്യ സമുച്ചയം 3 തവണ ടെണ്ടർ നടപടികൾക്ക് വിധേയമാക്കിയതിൽ 95 അപേക്ഷകൾ ലഭിച്ചു. പയന്നൂർ വാണിജ്യ സമുച്ചയത്തിൽ 10 തവണ ടെണ്ടർ നടപടികൾ നടത്തുകയും 110 അപേക്ഷകൾ ലഭിക്കുകയും നെയ്യാറ്റിൻകര യൂണിറ്റിൽ 5 തവണകളായി നടത്തിയ ടെണ്ടർ നടപടികൾക്ക് 48 അപേക്ഷകൾ ലഭിക്കുകയും നെടുമങ്ങാട് യൂണിറ്റീൽ 8 തവണകളായി നടത്തിയ ടെണ്ടർ നടപടികൾക്ക് 55 അപേക്ഷകൾ ലഭിച്ചിട്ടുള്ളതുമാണ്.

(ഡി) ഒഴിഞ്ഞുകിടക്കുന്ന മുറികൾ വാടകയ്ക്ക് നൽകുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

**കാസർഗോഡ്-മുംബൈ സർവ്വീസ്**

264 (2822) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് എപ്പോഴെങ്കിലും മുംബൈക്ക് സർവ്വീസ് നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ സർവ്വീസ് ആരംഭിച്ചതും നിർത്തൽ ചെയ്തതും എപ്പോഴാണെന്നും നിർത്തൽ ചെയ്യാനുള്ള കാരണമെന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) ഭാവിയിൽ കാസർഗോഡ് നിന്ന് മുംബൈയിലേക്ക് ബസ് സർവ്വീസ് ആരംഭിക്കാൻ കെ.എസ്.ആർ.ടി.സി ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇപ്പോൾ കാസർകോട് ഡിപ്പോയിൽ നിന്ന് ഏതെല്ലാം സംസ്ഥാനങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ടെന്നും അതെല്ലാം ലാഭകരമാണോ എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും മുംബൈയിലേയ്ക്ക് സർവ്വീസ് നടത്തിയിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി. കാസർഗോഡ് നിന്നും മുംബൈയിലേയ്ക്ക് ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കൂടുതൽ ബസ്സുകൾ വാങ്ങുന്നമുറയ്ക്കും അന്തർ സംസ്ഥാന കരാറുകളെ സംബന്ധിച്ച് ചർച്ചകൾ നടത്തുന്ന വേളയിലും ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ഇപ്പോൾ കാസർഗോഡ് ഡിപ്പോയിൽനിന്നും കർണ്ണാടക സംസ്ഥാനത്തിലേയ്ക്ക് മാത്രമാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത്. പ്രസ്തുത സർവ്വീസുകളെല്ലാം ലാഭകരമായാണ് നടത്തിവരുന്നത്.

**തിരുവമ്പാടി-തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. സർവ്വീസ്**

265 (2823) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതിയതായി നിരത്തിലിറക്കിയ ബസ്സുകൾ ഏതെല്ലാം ഡിപ്പോകൾക്ക് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവമ്പാടി - തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സർവ്വീസ് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നിരത്തിലിറക്കിയ പുതിയ 485 കെ.എസ്.ആർ.ടി.സി. ബസുകളും 75 ജൻറം ബസ്സുകളുടെയും വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തിരുവമ്പാടി-തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**കോട്ടക്കൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ**

266(2824) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കേന്ദ്രീകരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ ഒരു ഡിപ്പോ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കോട്ടക്കൽ ടൗണിൽ മുനിസിപ്പൽ ബസ്സ്റ്റാന്റിൽ കെ.എസ്.ആർ.ടി.സി.-യുടെ ഒരു ഉദ്യോഗസ്ഥനെ സ്ഥിരമായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിലെ ബസുകളുടെ ക്ഷാമം**

267(2825) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിൽ ബസ്സുകളുടെ ക്ഷാമംമൂലം പല പ്രധാന സർവ്വീസുകളും നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരുനാഗപ്പള്ളി ഡിപ്പോയിൽനിന്ന് പ്രതിദിനം എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുവെന്നും 2017 ജനുവരി 1-ന ശേഷം എത്ര ഷെഡ്യൂളുകൾ നിർത്തിവച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഈ ഡിപ്പോയിലെ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുടെ ക്ഷാമം പരിഹരിക്കുന്നതിനായി കൂടുതൽ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്നും പ്രതിദിനം കെ.യു.ആർ.ടി.സി. സർവ്വീസുകൾ ഉൾപ്പെടെ 73 ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. 2017 ജനുവരി ഒന്നിനുശേഷം ബസുകളുടെ കുറവ് കാരണം അഞ്ച് ഷെഡ്യൂളുകൾ നിർത്തിവച്ചിട്ടുണ്ട്.

(സി) കരുനാഗപ്പള്ളി ഡിപ്പോയിൽ 13 ഫാസ്റ്റ് പാസഞ്ചർ ഷെഡ്യൂളുകളാണുള്ളത്. ഇത് ഓടിക്കുന്നതിന് സ്പെയർ ഉൾപ്പെടെ 14 ബസുകൾ മാത്രമാണ് ആവശ്യമുള്ളത്. 16 ബസുകൾ നിലവിലുണ്ട്.

**പട്ടാമ്പിയിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ്**

268 (2826) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പിയിൽ നിലവിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബസ് സ്റ്റാന്റ് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബസ് സ്റ്റാന്റ് ആരംഭിക്കുവാനുള്ള നടപടികൾ നിലവിൽ പരിഗണനയിലില്ല.

## വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

269 (2827) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വാഹനാപകടങ്ങൾക്ക് കാരണമാകുന്ന പ്രധാന സംഗതികൾ എന്തെല്ലാമാണ്; പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ആയത് പരിഹരിക്കുന്നതിനും തദ്വാര വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ ഗതാഗത വകുപ്പ് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മോട്ടോർ വാഹന നിയമം ലംഘിച്ച് അമിത വേഗതയിലും അശ്രദ്ധമായും വാഹനങ്ങൾ ഓടിക്കുന്ന പ്രവണത, വാഹന പെരുപ്പം, റോഡുകളുടെ മോശമായ അവസ്ഥ, അപകടസാധ്യതയുള്ള മേഖലകളെപ്പറ്റിയുള്ള ധാരണയില്ലായ്മ, ഡ്രൈവർമാരുടെയും കാൽനടക്കാരുടെയും കാഴ്ചയെ മറക്കുന്ന വിധത്തിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യങ്ങൾ തുടങ്ങിയവയാണ് വർദ്ധിച്ചു വരുന്ന റോഡപകടങ്ങളുടെ മുഖ്യകാരണങ്ങൾ.

കേരളത്തിലെ റോഡുകളെ ആസ്പദമാക്കി ഒരു റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനും റോഡ് സേഫ്റ്റി പോളിസിയും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക് തയ്യാറാക്കി റോഡ് സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും പോലീസ് വകുപ്പിൽ നിന്നുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലും കേരളത്തിലെ റോഡുകളിൽ 355 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും ബ്ലാക്ക് സ്പോട്ടുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു പ്രോട്ടോക്കോൾ തയ്യാറാക്കുകയും ചെയ്ത് കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്.

അമിത വേഗത റോഡ് അപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തുന്ന ചെക്കിംഗുകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ച് വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനം കൂടുതൽ ഫലവത്തായി നടത്തുന്നതിലേക്കും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. കൂടാതെ മഴക്കാലത്തിന് മുന്നോടിയായി പ്രത്യേക പ്രീ-മൺസൂൺ പരിശോധനകളും നടത്തിവരുന്നു. റോഡ് സുരക്ഷയ്ക്ക് ഒരു ദശകം എന്ന ലോകാരോഗ്യസംഘടന ആഹ്വാനം ചെയ്ത പരിപാടിയുടെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ധനസഹായത്തോടെ ബോധവൽക്കരണ പരിപാടി നടത്തിവരുന്നു.

(സി) നാറ്റ്പാക് സമർപ്പിച്ച പഠന റിപ്പോർട്ടുകൾ 18-1-2017-ൽ നടന്ന 32-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം ചർച്ച ചെയ്ത് അംഗീകരിച്ച് ബ്ലാക്ക് സ്പോട്ടുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് (ദേശീയ പാതകൾ) ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, നാറ്റ്പാക് ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു ഉപസമിതിയും രൂപീകരിച്ചിട്ടുണ്ട്.

## ബീക്കൺ ലൈറ്റുകൾ

270 (2828) ശ്രീ. സി. മമ്മൂട്ടി :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ ചുവപ്പ് നിറത്തിലുള്ള ബീക്കൺ ലൈറ്റുകൾ ഉപയോഗിക്കുന്നത് നിർത്തലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;

(ബി) ഈ തീരുമാനം ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ബീക്കൺ ലൈറ്റ് ഉപയോഗിക്കാൻ അനുമതി തേടിക്കൊണ്ടുള്ള എത്ര അപേക്ഷകൾ മോട്ടോർ വാഹന വകുപ്പിൽ ഇപ്പോൾ കെട്ടിക്കിടപ്പുണ്ട്. അവയുടെ വിശദവിവരം നല്കാമോ?

ഉത്തരം

(എ) കേന്ദ്രസർക്കാർ തീരുമാനം റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേ മന്ത്രാലയത്തിന്റെ (MoRTH) വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം പ്രത്യേകമായി പരിശോധിച്ചിട്ടില്ല.

(സി) 2017 മേയ് ഒന്നാം തീയതിയിലെ കേന്ദ്രസർക്കാർ ഉത്തരവിനുശേഷം പബ്ലിക് സർവ്വീസ് കമ്മീഷനിലെ ഒരംഗത്തിന്റെ അപേക്ഷ മോട്ടോർ വാഹന വകുപ്പിൽ ലഭിച്ചിട്ടുണ്ട്. തങ്ങളുടെ വാഹനത്തിൽ നീല ബീക്കൺ ലൈറ്റ് ഘടിപ്പിക്കാനാവുമോ എന്നാണ് ബഹുമാനപ്പെട്ട അംഗം ആരാഞ്ഞിരിക്കുന്നത്.

## ഹെവി ഡ്യൂട്ടി വാഹനങ്ങൾ

271 (2829) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന ഹെവി ഡ്യൂട്ടി വാഹനങ്ങൾക്ക് (ജെ.സി.ബി, റോഡ് റോളർ,ക്രെയിൻ തുടങ്ങിയവ) രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ രജിസ്ട്രേഷനോ, നമ്പർ പ്ലേറ്റോ ഇല്ലാതെ ഇത്തരം വാഹനങ്ങൾ പ്രവർത്തിപ്പിക്കുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ, അത്തരത്തിലുള്ള എത്ര വാഹന ഉടമകൾക്കെതിരെ എന്തൊക്കെ നടപടികൾ കഴിഞ്ഞ രണ്ട് വർഷത്തിനിടെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള ഓരോ വാഹനത്തിനും നിശ്ചയിച്ചിട്ടുള്ള പ്രതിവർഷ ടാക്സ് നിരക്ക് എത്രയാണ്;

(ഡി) ഇത്തരം വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് നികുതി അടയ്ക്കാത്തതുമൂലം എത്ര തുകയാണ് സർക്കാരിന് ലഭിക്കാനുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായിട്ടുള്ള മോട്ടോർ വെഹിക്കിൾ വകുപ്പിന് ടാക്സ് കുടിശ്ശിക വരുത്തുന്ന വാഹന ഉടമകളെ കണ്ടെത്താൻ എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന ഹെവി ഡ്യൂട്ടി വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) രജിസ്ട്രേഷനോ നമ്പർ പ്ലേറ്റോ ഇല്ലാത്ത ഇത്തരം വാഹനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിപ്പിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ച് നിയമലംഘകർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ മോട്ടോർ വാഹന വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 1-4-2010 മുതൽ ജെ.സി.ബി., റോഡ് റോളർ, ക്രെയിൻ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് വാഹന രജിസ്ട്രേഷൻ സമയത്തുതന്നെ വാഹന വിലയുടെ 6 ശതമാനം ഒറ്റത്തവണ നികുതിയായി ഒടുക്കേണ്ടതാണ്.

(ഡി) ഹെവി ഡ്യൂട്ടി വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്തുതന്നെ നികുതി ഈടാക്കുന്നതിനാൽ ആയിനത്തിൽ സർക്കാരിന് കുടിശ്ശികയില്ല.

(ഇ) കമ്പ്യൂട്ടറൈസേഷനിലൂടെ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള വാഹനങ്ങൾക്ക് നികുതി കുടിശ്ശിക വരുത്തിയാൽ വാഹന ഉടമകളെ കണ്ടെത്തി റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കുക വകുപ്പിന് സാധ്യമാണ്.

## തെറ്റിദ്ധരിപ്പിച്ച് വിൽപ്പന നടത്തിയ വാഹന ഡീലർമാർ

272 (2830) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളിൽ നിർമ്മിച്ചവയും വിറ്റുപോകാത്തതുമായ വാഹനങ്ങളുടെ നിർമ്മിച്ച മാസവും വർഷവും മാറ്റി പുതിയ വാഹനമെന്ന് തെറ്റിദ്ധരിപ്പിച്ച് വിൽപ്പന നടത്തിയ വാഹന ഡീലർമാരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ എത്ര വാഹനങ്ങൾ കേരളത്തിൽ വിറ്റഴിച്ചിട്ടുണ്ട്; വാഹനങ്ങൾ/ഡീലർമാർ എന്ന രീതിയിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വാഹനങ്ങളുടെ നിർമ്മാണ തീയതിയും വർഷവും മാറ്റി സംസ്ഥാനത്ത് വിൽപ്പന നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള വാഹന ഡീലർമാരുടെ പേര് ചുവടെ ചേർക്കുന്നു:

1. ടി വി എസ് & സൺസ് (പ്രൈ.) ലിമിറ്റഡ്. പത്തനംതിട്ട
2. ടോംസ് മോട്ടോഴ്സ്, പത്തനംതിട്ട
3. എ.എസ്.റ്റി. മോട്ടോഴ്സ്, കായംകുളം
4. മേനാത്ത് മോട്ടോഴ്സ്, മാവേലിക്കര
5. രാജവത്സം മോട്ടോഴ്സ്, ആലപ്പുഴ
6. ഈസ്റ്റ് വെനീസ് മോട്ടോഴ്സ്, ആലപ്പുഴ
7. ജോഷ് മോട്ടോഴ്സ്, ആലപ്പുഴ
8. ആർ.ഡി. മോട്ടോഴ്സ്, ചെങ്ങന്നൂർ
9. മരയ്ക്കാർ മോട്ടോഴ്സ്, തിരുവനന്തപുരം
10. സി.ബി.സി. ഹോണ്ട, തിരുവനന്തപുരം
11. ഇ.വി.എം. മോട്ടോഴ്സ്, തിരുവനന്തപുരം
12. വെഹിക്കിൾ ഇൻഡ്യ, തൃശ്ശൂർ റോഡ്, കുന്നംകുളം
13. ജോൺസ് ഹോണ്ടാ, ഗുരുവായൂർ റോഡ്, തൃശ്ശൂർ
14. ശ്രീവേരി ആട്ടോമൊബൈൽസ്, തൃശ്ശൂർ
15. കേരളാ കാർസ് (പ്രൈ) ലിമിറ്റഡ്, തൃശ്ശൂർ
16. യൂണിക്ക് മഹേന്ദ്രാ, തൃശ്ശൂർ
17. ബി.ആർ.ഡി. കാർ വേൾഡ് ലിമിറ്റഡ്, തൃശ്ശൂർ
18. ക്ലാസിക് ഒമേഗാ (പ്രൈ.) ലിമിറ്റഡ്, തൃശ്ശൂർ

19. വള്ളൂർ മോട്ടോഴ്സ് (പ്രൈ.) ലിമിറ്റഡ്, തൃശ്ശൂർ

20. തൃശ്ശൂർ ഓട്ടോമൊബൈൽസ്, തൃശ്ശൂർ

21. അവറാൻ അസോസിയേറ്റ്സ്, തൃശ്ശൂർ

22. ഫോക്കസ് മോട്ടോഴ്സ്, തൃശ്ശൂർ

23. മാർക്ക് മോട്ടോഴ്സ്, മലപ്പുറം

24. ദെയ് വിക് മോട്ടോഴ്സ്, മലപ്പുറം

25. ആലുവാ മോട്ടോഴ്സ്, ആലുവ

26. എസ്.ജി. മോട്ടോഴ്സ്, കോട്ടയം

27. ടി.വി.എസ്. മോട്ടോഴ്സ്, കോട്ടയം

28. എ.കെ.ബി. മോട്ടോഴ്സ്, കോഴിക്കോട്

29. എയിസ് മോട്ടോഴ്സ്, കോഴിക്കോട്

30. ആദിത്യ എന്റർപ്രൈസസ്, കോഴിക്കോട്

31. ബ്ലൂ മൗണ്ടയിൻ ആട്ടോസ്, കോഴിക്കോട്

32. ക്ലാസിക് സ്കൂബൈക്സ് (പ്രൈ.) ലിമിറ്റഡ്, കോഴിക്കോട്

33. ഇ.വി.എം. ആട്ടോമൊബൈൽസ്, കോഴിക്കോട്

34. ഫ്ലക്സ് മോട്ടോഴ്സ്, കോഴിക്കോട്

35. എച്ച്.എ.പി.ബി. കൊ. മോട്ടോഴ്സ് സൈക്കിൾസ് ലിമിറ്റഡ്, കോഴിക്കോട്

36. ഇൻഡസ് മോട്ടോഴ്സ്, കോഴിക്കോട്

37. കെ.റ്റി.സി. മോട്ടോഴ്സ്, കോഴിക്കോട്

38. കൊയൻ കോ. മൊബൈൻസ്, കോഴിക്കോട്

39. കെ.വി.ആർ. മോട്ടോഴ്സ്, കോഴിക്കോട്

40. ക്ലാസിക് മോട്ടോഴ്സ്, കോഴിക്കോട്

41. എം.പി.ബി. മൊബൈക്സ്, കോഴിക്കോട്

42. പനാമാ മോട്ടോഴ്സ്, കോഴിക്കോട്

43. റ്റി.ഒ.പി. മോട്ടോഴ്സ്, കോഴിക്കോട്

44. സിഗ്നേച്ചർ ആട്ടോ, കോഴിക്കോട്

(ബി) ഓരോ ഡീലർമാരും ഇത്തരത്തിൽ വിറ്റഴിച്ച വാഹനങ്ങളുടെ വിശദവിവരം പരിശോധിച്ച് ലഭ്യമാക്കുന്നതാണ്.

**അന്തർ സംസ്ഥാന ബസുകളുടെ പരിശോധന**

273 (2831) ശ്രീ. സി. ദിവാകരൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യാത്രാ ബസുകളെ സ്റ്റേറ്റ് ക്യാരിയേജ്, കോൺട്രാക്ട് ക്യാരിയേജ് എന്ന് തരംതിരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) കേരളത്തിലെത്തുന്ന അന്തർ സംസ്ഥാന ബസ്സുകൾ കോൺട്രാക്ട് കാരിയേജ് പെർമിറ്റുള്ളതായിട്ടും അവ ടിക്കറ്റ് നൽകി യാത്രക്കാരെ കൊണ്ടുപോകുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം ബസ്സുകളുടെ ലഗേജ് പരിശോധനയും മറ്റും നടത്താത്തത് കാരണം വാണിജ്യ നികുതി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനം അന്തർ സംസ്ഥാന ബസ് ലോബി കൈക്കലാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 2(7), 2(40) എന്നിവ പ്രകാരമാണ് യഥാക്രമം സ്റ്റേജ് ക്യാര്യേജ്, കോൺട്രാക്ട് ക്യാര്യേജ് എന്നിവയെ തരം തിരിച്ചിരിക്കുന്നത്. ആയതിന്റെ പ്രസക്തഭാഗം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ബി) കോൺട്രാക്ട് ക്യാര്യേജ് വാഹനങ്ങൾ പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ച് സമാന്തര സർവ്വീസ് നടത്തുകയാണെങ്കിൽ അത്തരം വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) മോട്ടോർ വാഹന നിയമമനുസരിച്ച് യാത്രക്കാരുടേതല്ലാത്ത ലഗേജുകൾ വാണിജ്യാടിസ്ഥാനത്തിൽ കയറ്റുകയാണെങ്കിൽ അത് പെർമിറ്റ് വ്യവസ്ഥ ലംഘിക്കുന്നതായി കണക്കാക്കി നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നിരോധിത ഹോണുകൾ**

274(2832) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിത ഹോണുകൾ സർക്കാർ വാഹനങ്ങളിലും മോട്ടോർ വെഹിക്കിൾസ് , പോലീസ്, എക്സൈസ്, ജയിൽ, ഫോറസ്റ്റ് തുടങ്ങിയ വകുപ്പുകളുടെ വാഹനങ്ങളിലും ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഹോണുകൾ മാറ്റുന്നതിന് മോട്ടോർ വാഹന വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) നിരോധിത ഹോണുകൾ ഉപയോഗിച്ചതിന് പൊതുജനങ്ങളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടോ; ഏതെങ്കിലും സർക്കാർ സ്ഥാപനത്തിന് പിഴ ചുമത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിരോധിത ഹോണുകൾ സർക്കാർ വാഹനങ്ങളിൽ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ അത്തരത്തിലുള്ള നിർദ്ദേശം നൽകേണ്ടതായി വന്നിട്ടില്ല.

(സി) നിരോധിത ഫോണുകൾ ഉപയോഗിച്ചതിന് പൊതുജനങ്ങളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട്. ഇത്തരത്തിൽ സർക്കാർ വാഹനങ്ങളിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല.

**ട്രാഫിക് നിയന്ത്രണ സംവിധാനങ്ങൾ**

275 (2833) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ചാരുമ്മൂട് മുതൽ നൂറനാട് പാറ ജംഗ്ഷൻ വരെ ട്രാഫിക് നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനായിട്ടുള്ള ശിപാർശ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

ചാരുമൂട് ജംഗ്ഷനിൽ സൈൻ ബോർഡുകൾ, സിഗ്നൽ ലൈറ്റുകൾ, സി.സി.ടി.വി. ക്യാമറ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മാവേലിക്കര ചാരുമൂട് മുതൽ നൂറനാട് പാറ ജംഗ്ഷൻ വരെ ട്രാഫിക് ഡ്യൂട്ടിക്കായി ആവശ്യാനുസരണം പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതും കെ. പി. റോഡിലെ കറ്റാനം മുതൽ ആദിക്കാട്ടുകുളങ്ങര വരെ നിരന്തരം പോലീസ് പട്രോളിംഗ് നടത്തി വരുന്നതുമാണ്. ഇതിനായി മറ്റ് ശിപാർശകളൊന്നും ലഭിച്ചിട്ടില്ല.

**ദീർഘദൂര സ്വകാര്യ ബസ്സുകളുടെ അമിത യാത്രാക്കൂലി**

276 (2834) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉത്സവ സീസണുകളിലും മറ്റ് ആഘോഷവേളകളിലും ദീർഘദൂര സ്വകാര്യബസ്സുകൾ അമിത യാത്രാക്കൂലി ഈടാക്കിയതുമായി ബന്ധപ്പെട്ട് എത്ര സ്വകാര്യ ബസുകൾക്കെതിരെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ നടപടി സ്വീകരിച്ചിട്ടുണ്ട്; എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവ്വീസുകൾ നടത്താത്ത കേന്ദ്രങ്ങളിലേക്ക് സർവ്വീസ് നടത്തുന്ന കേന്ദ്രങ്ങളിലേക്ക് സർവ്വീസ് നടത്തുന്ന സ്വകാര്യബസ്സുകൾ അമിതയാത്രാകൂലി ഈടാക്കുന്ന സാഹചര്യം സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമിത യാത്രാക്കൂലി ഈടാക്കിയതുമായി ബന്ധപ്പെട്ട് 18 സ്വകാര്യ ബസ്സുകൾക്കെതിരെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവരിൽനിന്നും പിഴ ഈടാക്കുകയാണുണ്ടായത്.

(ബി) ദീർഘദൂര സർവ്വീസുകൾ നടത്തുന്ന സ്വകാര്യ ബസ്സുകൾ അമിത യാത്രാക്കൂലി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ പരിശോധന നടത്തുകയും പിഴ ഈടാക്കുകയും ചെയ്യാറുണ്ട്.

**പുതിയതെന്ന വ്യാജേന പഴയ വാഹനം വിൽക്കുന്നതിനെതിരെ നടപടി**

277(2835) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതെന്ന വ്യാജേന പഴയ വാഹനം വിൽക്കുന്നത് മോട്ടോർ വാഹന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ പഴയ വാഹനം വിറ്റഴിച്ചതിനെതിരെ ഏതെങ്കിലും ഡീലർമാർക്കെതിരെ കേസെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വെഹിക്കിൾ ഇൻഡിക്കേഷൻ നമ്പർ (വിൻ) കോഡ് ഡീകോഡ് ചെയ്ത് വാഹനം നിർമ്മിച്ച വർഷം, മാസം എന്നീ വിവരങ്ങൾ കണ്ടെത്താമെന്നിരിക്കെ മോട്ടോർ വാഹന വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഈ വീഴ്ച പരിശോധിക്കുമോ;

(സി) സംസ്ഥാനത്ത് ഇത്തരത്തിൽ കൃത്രിമം കാണിച്ച് വിറ്റഴിച്ച മുഴുവൻ വാഹനങ്ങളെയും സംബന്ധിച്ച വിശദവിവരം ശേഖരിച്ച് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇത്തരത്തിൽ പഴയ വാഹനം വിറ്റഴിച്ച 45 വാഹന ഡീലർമാർക്കെതിരെ കേന്ദ്രമോട്ടോർ വാഹന നിയമത്തിലെ റൂൾ 44 പ്രകാരമുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഡീലർമാരുടെ വിവരം ചുവടെ ചേർക്കുന്നു.

1. ടി.വി.എസ്. & സൺസ് (പ്രൈ.) ലിമിറ്റഡ്. പത്തനംതിട്ട

2. ടോംസ് മോട്ടോഴ്സ്, പത്തനംതിട്ട

3. എ.എസ്.റ്റി. മോട്ടോഴ്സ്, കായംകുളം

4. മേനാത്ത് മോട്ടോഴ്സ്, മാവേലിക്കര

5. രാജവത്സം മോട്ടോഴ്സ്, ആലപ്പുഴ

6. ഈസ്റ്റ് വെനീസ് മോട്ടോഴ്സ്, ആലപ്പുഴ

7. ജോഷ് മോട്ടോഴ്സ്, ആലപ്പുഴ

8. ആർ.ഡി. മോട്ടോഴ്സ്, ചെങ്ങന്നൂർ

9. മരയ്ക്കാർ മോട്ടോഴ്സ്, തിരുവനന്തപുരം

10. സി.ബി.സി. ഹോണ്ട, തിരുവനന്തപുരം

11. ഇ.വി.എം. മോട്ടോഴ്സ്, തിരുവനന്തപുരം

12. വെഹിക്കിൾ ഇൻഡ്യ, തൃശ്ശൂർ റോഡ്, കുന്നംകുളം

13. ജോൺസ് ഹോണ്ടാ, ഗുരുവായൂർ റോഡ്, തൃശ്ശൂർ

14. ശ്രീവേരി ആട്ടോമൊബൈൽസ്, തൃശ്ശൂർ

15. കേരളാ കാർസ് (പ്രൈ.) ലിമിറ്റഡ്, തൃശ്ശൂർ

16. യൂണിക്ക് മഹേന്ദ്രാ, തൃശ്ശൂർ

17. ബി.ആർ.ഡി. കാർ വേൾഡ് ലിമിറ്റഡ്, തൃശ്ശൂർ

18. ക്ലാസിക് ഒമേഗാ (പ്രൈ.) ലിമിറ്റഡ്, തൃശ്ശൂർ

19. വല്ലൂർ മോട്ടോഴ്സ് (പ്രൈ.) ലിമിറ്റഡ്, തൃശ്ശൂർ

20. തൃശ്ശൂർ ഓട്ടോമൊബൈൽസ്, തൃശ്ശൂർ

21. അവറാൻ അസോസിയേറ്റ്സ്, തൃശ്ശൂർ

22. ഫോക്കസ് മോട്ടോഴ്സ്, തൃശ്ശൂർ

23. മാർക്ക് മോട്ടോഴ്സ്, മലപ്പുറം

24. ദെയ് വിക് മോട്ടോഴ്സ്, മലപ്പുറം

25. ആലുവാ മോട്ടോഴ്സ്, ആലുവ

26. എസ്.ജി. മോട്ടോഴ്സ്, കോട്ടയം

27. ടി.വി.എസ്. മോട്ടോഴ്സ്, കോട്ടയം

28. എ.കെ.ബി. മോട്ടോഴ്സ്, കോഴിക്കോട്

29. എയിസ് മോട്ടോഴ്സ്, കോഴിക്കോട്

30. ആദിത്യ എന്റർപ്രൈസസ്, കോഴിക്കോട്

31. ബ്ലൂ മൗണ്ടയിൻ ആട്ടോസ്, കോഴിക്കോട്

32. ക്ലാസിക് സ്കൂബൈക്സ് (പ്രൈ) ലിമിറ്റഡ്, കോഴിക്കോട്

33. ഇ.വി.എം. ആട്ടോമൊബൈൽസ്, കോഴിക്കോട്

34. ഫ്ലക്സ് മോട്ടോഴ്സ്, കോഴിക്കോട്

35. എച്ച്.എ.പി.ബി. കൊ. മോട്ടോഴ്സ് സൈക്കിൾസ് ലിമിറ്റഡ്, കോഴിക്കോട്

36. ഇൻഡസ് മോട്ടോഴ്സ്, കോഴിക്കോട്

37. കെ.റ്റി.സി. മോട്ടോഴ്സ്, കോഴിക്കോട്

38. കൊയൻ കോ. മൊബൈക്സ്, കോഴിക്കോട്

39. കെ.വി.ആർ. മോട്ടോഴ്സ്, കോഴിക്കോട്

40. ക്ലാസിക് മോട്ടോഴ്സ്, കോഴിക്കോട്

41. എം.പി.ബി. മൊബൈക്സ്, കോഴിക്കോട്

42. പനാമാ മോട്ടോഴ്സ്, കോഴിക്കോട്

43. റ്റി.ഒ.പി. മോട്ടോഴ്സ്, കോഴിക്കോട്

44. സിഗ്നേച്ചർ ആട്ടോ, കോഴിക്കോട്

(ബി&സി) ഇക്കാര്യം പരിശോധിച്ച് വിശദവിവരം ലഭ്യമാക്കുന്നതാണ്.

## വാഹനങ്ങളിലെ ചുവന്ന ബീക്കൺ ലൈറ്റ് ഉപയോഗം

278 (T2836) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുവന്ന ബീക്കൺ ലൈറ്റ് ഇന്ത്യയൊട്ടാകെ നിരോധിക്കാനുള്ള തീരുമാനത്തെത്തുടർന്ന് സംസ്ഥാനത്ത് ആരുടെയൊക്കെ വാഹനങ്ങളിൽ നിന്നും അവ നീക്കം ചെയ്യേണ്ടിവരുമെന്ന് വിശദമാക്കുമോ;

(ബി ചുവപ്പ്, നീല, മഞ്ഞ എന്നീ നിറങ്ങളിലെ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശമുള്ള എൽ.ഇ.ഡി. ബീക്കൺ ലൈറ്റ് ഉപയോഗിക്കാൻ മോട്ടോർ വാഹന വകുപ്പ് ആർക്കൊക്കെ അനുമതി നൽകിയിട്ടുണ്ട്; രാത്രികാലങ്ങളിലെ ഇതിന്റെ ഉപയോഗം മറ്റ് വാഹന ഡ്രൈവർമാർക്കും കാൽനടയാത്രക്കാർക്കും കണ്ണിന് ഹാനിയുണ്ടാക്കുന്നതും അപകടങ്ങൾ വർദ്ധിക്കുന്നതിന് ഇടയാക്കുന്നതുമാണെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ബീക്കൺ ലൈറ്റിന്റെ ഉപയോഗം റോഡുനിയമങ്ങൾ അവഗണിക്കാനും മറ്റു വാഹന യാത്രക്കാരുടെ മുമ്പിൽ അനാവശ്യപ്രകടനം നടത്താനും ഇടയാക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) പൊതു റോഡുനിയമങ്ങളിൽ അടിയന്തര ഘട്ടങ്ങളിൽ ഏതൊക്കെ വാഹനങ്ങൾക്കാണ് ബീക്കൺ ലൈറ്റുകൾ ഉപയോഗിക്കുവാൻ നിയമപ്രകാരം ഇളവ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ വാഹനങ്ങൾക്കൊഴികെ മറ്റൊരു വാഹനത്തിനും ബീക്കൺ ലൈറ്റുകൾ അനുവദിക്കാതിരിക്കാനും നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാക്കാനും തയ്യാറാകുമോ?

ഉത്തരം

(എ) ആംബുലൻസ്, ഫയർ ഫോഴ്സ്, ക്രമസാധാന ജോലിയിലേർപ്പെട്ടിരിക്കുന്ന പോലീസ്, പ്രതിരോധ പാരാമിലിട്ടറി സർവ്വീസുകൾ, പ്രകൃതി ദുരന്ത രക്ഷാ ദൗത്യങ്ങളിൽ ഉൾപ്പെടുന്നവ എന്നിവയൊഴികെയുള്ള വാഹനങ്ങളിൽ ബീക്കൺ ലൈറ്റ് അനുവദനീയമല്ല എന്നാണ് കേന്ദ്രസർക്കാർ ഉത്തരവിൽ നിന്നും മനസ്സിലാവുന്നത്. നിലവിൽ സംസ്ഥാന സർക്കാർ ഉത്തരവുകൾ പ്രകാരം ചുവന്ന ഫ്ലാഷറോടുകൂടിയ ബീക്കൺ ലൈറ്റുകൾ ഉപയോഗിക്കുവാൻ അനുമതി

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉണ്ടായിരുന്ന ബഹുമാനപ്പെട്ട സംസ്ഥാന ഗവർണർ, മുഖ്യമന്ത്രി, ചീഫ് ജസ്റ്റിസ്, സ്പീക്കർ, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ഹൈക്കോടതി ജഡ്ജിമാർ തുടങ്ങിയവരുടെ വാഹനങ്ങളിൽനിന്നും പുതിയ കേന്ദ്ര നിയമപ്രകാരം ചുവന്ന ലൈറ്റ് നീക്കം ചെയ്യേണ്ടതായുണ്ട്. ഫ്ലാഷറില്ലാത്ത ചുവന്ന ബീക്കൺ ലൈറ്റിന് അനുമതി ഉണ്ടായിരുന്ന ഡെപ്യൂട്ടി സ്പീക്കർ, ചീഫ് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ, ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ, പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ ചെയർമാൻ എന്നിവരും ഫ്ലാഷറുള്ളതോ ഇല്ലാത്തതോ ആയ നീല ബീക്കൺ ലൈറ്റ് ഉപയോഗിക്കുവാൻ അനുമതി ഉണ്ടായിരുന്ന പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങൾ, ഗവൺമെന്റ് സെക്രട്ടറിമാർ, ജില്ലാ ജഡ്ജിമാർ, കളക്ടർമാർ, നോർക്കയുടെ വൈസ് ചെയർമാൻ, ട്രാൻസ്പോർട്ട് കമ്മീഷണർ, എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജ്, വിജിലൻസ് ട്രിബ്യൂണൽ കമാണ്ടന്റ്-കം-ഡിവിഷണൽ സെക്യൂരിറ്റി ഓഫീസർ, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവർക്കും ക്രമസമാധാന ചുമതലയില്ലാത്ത പോലീസ് ഉദ്യോഗസ്ഥർ, ചുവപ്പ് ലൈറ്റ് ഉപയോഗിക്കുവാൻ അനുമതിയുള്ളവർക്ക് തുല്യരായവർ, വനം വകുപ്പിലെ ടെറിട്ടോറിയൽ വിഭാഗം, വൈൽഡ് ലൈഫ്, ഫ്ലയിംഗ് സ്ക്വാഡ് എന്നിവർക്ക് ഉപയോഗിക്കുവാൻ അനുമതി ഉണ്ടായിരുന്ന മൾട്ടി കളേഡ് ബീക്കൺ ലൈറ്റും ഇനി ഉപയോഗിക്കാനാവില്ല.

(ബി) സംസ്ഥാന സർക്കാരാണ് ബീക്കൺ ലൈറ്റ് ഉപയോഗിക്കാൻ മറുപടി (എ)യിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം അനുമതി നൽകിയിരുന്നത്. ബീക്കൺ ലൈറ്റുകളുടെ ഉപയോഗംമൂലം മറ്റ് വാഹന ഡ്രൈവർമാർക്കും കാൽനട യാത്രക്കാർക്കും കണ്ണിന് ക്ഷതം സംഭവിക്കുന്നതായോ അപകടം ഉണ്ടാവുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്രകാരമൊരു സാഹചര്യം സംജാതമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) കേന്ദ്ര മോട്ടോർ വാഹനം ചട്ടം 108(I) (iv) പ്രകാരം ആംബുലൻസ് വാഹനങ്ങൾക്കും, ഫയർ ഫോഴ്സ്, ക്രമസമാധാന ചുമതലയുള്ള പോലീസ്, പ്രതിരോധ പാരാമിലിട്ടറി സർവ്വീസുകൾ, പ്രകൃതി ദുരന്ത രക്ഷാ ദൗത്യത്തിൽ ഉൾപ്പെട്ടിരിക്കുന്നവ എന്നീ വാഹനങ്ങളിൽ ചുവപ്പ്, നീല, വെള്ള നിറമുള്ള മൾട്ടി കളേഡ് ബീക്കൺ ലൈറ്റ് ഉപയോഗിക്കുവാനുള്ള അനുമതിയാണുള്ളത്. ഈ ചട്ടം പാലിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

**സർക്കാർ വാഹനങ്ങളിൽ വകുപ്പിന്റെ പേര് രേഖപ്പെടുത്തണമെന്ന നിർദ്ദേശം**

279(2837) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങളിൽ ബോർഡ് പ്രദർശിപ്പിക്കുമ്പോൾ വകുപ്പിന്റെ പേര് രേഖപ്പെടുത്തണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ;

(ബി) പൊതുമേഖല, ബോർഡ്, കോർപ്പറേഷനുകൾ, ഓട്ടോണമസ് ബോർഡുകൾ തുടങ്ങിയ ഓഫീസുകളിലെ വാഹനങ്ങൾ നിലവിലെ നിർദ്ദേശങ്ങൾ മറികടന്ന് ബോർഡുകൾ സ്ഥാപിച്ചിരിക്കുന്നതിനെതിരെ നോട്ടീസുകൾ നൽകിയിട്ടുണ്ടോ;

(സി) നിർദ്ദേശങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ വകുപ്പുകളുടെ എല്ലാ വാഹനങ്ങളിലും സർക്കാർ നിർദ്ദേശം അനുസരിച്ചുള്ള ബോർഡാണ് പ്രദർശിപ്പിച്ചിട്ടുള്ളതെന്ന് പരിശോധനയിലൂടെ ഉറപ്പ് വരുത്താറുണ്ട്.

(ബി&സി) നിലവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബോർഡുകൾ പ്രദർശിപ്പിച്ചിരിക്കുന്നതായി പരാതി ഉയർന്ന വാഹനങ്ങളിലെ ബോർഡുകൾ നിയമാനുസൃതമായി ഘടിപ്പിക്കാൻ നിർദ്ദേശം നൽകിവരുന്നുണ്ട്. നിർദ്ദേശങ്ങൾ നൽകിയ സ്ഥാപനങ്ങൾ നിയമാനുസൃതമല്ലാത്ത ബോർഡുകൾ മാറ്റി സ്ഥാപിക്കാറുണ്ട്.

**സ്ഥിരമായി അപകടമരണങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ജാഗ്രതാ സമിതികൾ**

280 (2838) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ പാതകളിലും സംസ്ഥാന റോഡുകളിലും നിരവധി അപകടമരണങ്ങൾ സംഭവിക്കുന്നത് മോട്ടോർ വാഹന വകുപ്പ് പിരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതിന് പരിഹാര മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; അവ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) അപകടമരണങ്ങൾ ഉണ്ടാകുമ്പോൾ സജീവമാകുന്ന മോട്ടോർ വാഹന വകുപ്പിന് സ്ഥിരമായി സജീവമാകുവാൻ നിർദ്ദേശം നൽകുമോ;

(ഡി) ജില്ലാ ഭരണകൂടവുമായി യോജിച്ച് പ്രവർത്തനങ്ങൾ നടത്തുവാൻ വകുപ്പ് തയ്യാറാകുമോ;

(ഇ) സ്ഥിരമായി അപകടമരണങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി. തുടങ്ങിയ സംഘടനകളുടെ സേവനവും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ സംവിധാനവും ഉറപ്പാക്കുമോ;

(എഫ്) ഈ സ്ഥലങ്ങളിൽ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുമോ; വിശദമാക്കുമോ;

(ജി) മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്ന ഏജൻസി ഏതാണെന്നും പ്രോജക്ടുകൾ കേന്ദ്രത്തിന് സമർപ്പിക്കുന്നതിനും ഫണ്ട് ലഭ്യമാക്കുന്നതിനുമുള്ള ഇവരുടെ പ്രവർത്തനമെന്താണെന്നും വ്യക്തമാക്കുമോ; ഏജൻസിയുടെ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുമോ; പ്രസ്തുത ഏജൻസി കൃത്യമായ സമയത്ത് പദ്ധതി കേന്ദ്രത്തിന് സമർപ്പിക്കാത്തത് സംബന്ധിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) അമിത വേഗത റോഡ് അപകടങ്ങൾ സൃഷ്ടിക്കുന്നതിന് ഒരു പ്രധാന പങ്ക് വഹിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തുന്ന ചെക്കിംഗുകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത

വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിതവേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ച് വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനം കൂടുതൽ ഫലവത്തായി നടത്തുന്നതിലേയ്ക്കും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. കൂടാതെ, മഴക്കാലത്തിന് മുന്നോടിയായി പ്രത്യേക പ്രീ-മൺസൂൺ പരിശോധനകളും നടത്തിവരുന്നു. റോഡ് സുരക്ഷയ്ക്ക് ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടിയുടെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ധനസഹായത്തോടെ ബോധവൽക്കരണ പരിപാടി നടത്തിവരുന്നു.

(സി) സ്ഥിരമായി സജീവമാണ്.

(ഡി) കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ കീഴിൽ മോട്ടോർ വാഹന വകുപ്പ് ഉൾപ്പെടെ മറ്റ് വകുപ്പുകളെയും ഏകോപിപ്പിച്ച് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഇ) സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി. മുതലായ സംഘടനകൾ കേരളാ റോഡ് സേഫ്റ്റി അതോറിറ്റിയുമായി യോജിച്ച് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ സംവിധാനത്തിന് മോട്ടോർ വാഹന വകുപ്പിലെ ഇപ്പോഴുള്ള ഉദ്യോഗസ്ഥർ പര്യാപ്തമാവില്ല.

(എഫ്) ജാഗ്രതാ സമിതികൾ രൂപീകരിക്കുവാനുള്ള നിർദ്ദേശങ്ങൾ ഒന്നുംതന്നെ വകുപ്പിന്റെ പരിഗണനയിലില്ല.

(ജി) ഇത്തരമൊരു ഏജൻസി മോട്ടോർ വാഹന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നില്ല.

**റോഡപകടങ്ങളുടെ എണ്ണത്തിലെ കുറവ്**

281 (2839) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയോരത്തെ മദ്യവില്പനശാലകൾ അടച്ചുപൂട്ടിയതിന്റെ പശ്ചാത്തലത്തിൽ, റോഡപകടങ്ങളുടെ എണ്ണത്തിൽ കുറവുവന്നിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ശതമാനം കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2017-ലെ ആദ്യ മൂന്ന് മാസങ്ങളിൽ തന്നെ പോയ വർഷം ഈ കാലയളവിനെ അപേക്ഷിച്ച് വാഹനാപകടങ്ങളുടെയും തന്മൂലമുള്ള മരണങ്ങളുടെയും എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്.

മൊത്തം അപകടങ്ങൾ ജനുവരി മുതൽ മാർച്ച് 2016 വരെ - 10393

മൊത്തം അപകടങ്ങൾ ജനുവരി മുതൽ മാർച്ച് 2017 വരെ- 9761

ദേശീയ പാതയോരത്തെ മദ്യ വിൽപ്പനശാലകൾ അടച്ചുപൂട്ടിയത് 2017 മാർച്ച് മാസം 31-ാം തീയതിയാണ്. 2017 മാർച്ച് മാസത്തെ അപേക്ഷിച്ച് 2017 ഏപ്രിൽ മാസത്തിൽ റോഡപകടങ്ങളിൽ ഏകദേശം 1.86 ശതമാനത്തിന്റെ കുറവുണ്ടായിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു.

**ബീക്കൺ ലൈറ്റുകളുടെ ഉപയോഗം**

282 (2840) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നവർ വിവിധ തരത്തിലുള്ള ബീക്കൺലൈറ്റുകൾ ഉപയോഗിച്ചുവരുന്നു;

(ബി) കേന്ദ്ര സർക്കാർ തീരുമാനപ്രകാരം ഇതിനകം സംസ്ഥാനത്ത് ആരൊക്കെ ബീക്കൺ ലൈറ്റ് ഒഴിവാക്കിയിട്ടുണ്ട്;

(സി) ബാക്കിയുള്ളവരുടെ കാര്യത്തിൽ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്;

(ഡി) ബീക്കൺലൈറ്റ് സംബന്ധിച്ച് കേന്ദ്ര സർക്കാർ തീരുമാനത്തിൽ സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ?

## ഉത്തരം

(എ) ബീക്കൺ ലൈറ്റ് ഘടിപ്പിക്കുവാൻ അനുവാദമുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ വിവരം സർക്കാരിന്റെ വിവിധ വിജ്ഞാപനങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൻപ്രകാരം സംസ്ഥാന ഗവർണർ, മുഖ്യമന്ത്രി, ചീഫ് ജസ്റ്റിസ്, സ്പീക്കർ, പ്രതിപക്ഷനേതാവ്, മന്ത്രിമാർ, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ഹൈക്കോടതി ജഡ്ജിമാർ എന്നിവരുടെ വാഹനങ്ങളിൽ ചുവന്ന ഫ്ലാഷറോടുകൂടിയ ലൈറ്റ് ഉപയോഗിക്കാമായിരുന്നു.

ഡെപ്യൂട്ടി സ്പീക്കർ, ചീഫ് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ, ഇലക്ഷൻ കമ്മീഷണർ, പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ, പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ ചെയർമാൻ എന്നിവർക്ക് ഫ്ലാഷറില്ലാത്ത ചുവന്ന ലൈറ്റ് ഘടിപ്പിക്കാവുന്നതായിരുന്നു. കൂടാതെ മേൽ പരാമർശിക്കുന്ന വിശിഷ്ട വ്യക്തികളുടെ തുല്യപദവിയിൽ നിയുക്തരായിട്ടുള്ളവർക്കും യഥാക്രമം ഫ്ലാഷറോടുകൂടിയതും അല്ലാത്തതുമായ ചുവന്ന ലൈറ്റ് ഉപയോഗിക്കാവുന്നതായിരുന്നു.

എസ്കോർട്ട്/പൈലറ്റ് പോകുന്ന പോലീസ് വാഹനങ്ങൾ, പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങൾ, പ്ലാനിംഗ് ബോർഡ് അംഗങ്ങൾ, ഗവൺമെന്റ് സെക്രട്ടറിമാർ, ജില്ലാ ജഡ്ജിമാർ, ജില്ലാ കളക്ടർ, നോർക്കയുടെ വൈസ് ചെയർമാൻ, ജില്ലാ പോലീസ് മേധാവികളും അതിലും ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും ട്രാൻസ്പോർട്ട് കമ്മീഷണർ, കേരളത്തിലെ സർവ്വകലാശാലകളുടെ വൈസ് ചാൻസലർമാർ, ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസിലെ അഡീഷണൽ ചീഫ് കൺസർവേറ്ററും അതിലും ഉയർന്ന ഉദ്യോഗസ്ഥരും എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജ്, വിജിലൻസ് ട്രൈബ്യൂണൽ, കമാണ്ടന്റ്-കം-ഡിവിഷണൽ സെക്യൂരിറ്റി ഓഫീസർ-റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവർക്ക് ഫ്ലാഷറുള്ളതോ ഇല്ലാത്തതോ ആയ നീല ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതായിരുന്നു.

ആംബുലൻസ്, ഫയർ സർവ്വീസ്, എമർജൻസി സർവ്വീസ് വാഹനങ്ങൾ, ക്രമസമാധാനവുമായി ബന്ധപ്പെട്ട പോലീസ് വാഹനങ്ങൾ, വനം വകുപ്പിലെ ടെറിറ്റോറിയൽ വിഭാഗം, വൈൽഡ് ലൈഫ്, ഫ്ലയിംഗ് സ്ക്വാഡ് എന്നിവയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർക്ക് മൾട്ടികളേഡ് ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതായിരുന്നു.

(ബി) ഇക്കാര്യത്തിൽ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

(സി&ഡി) കേന്ദ്രസർക്കാരിന്റെ 2017 മേയ് ഒന്നാം തീയതിയിലെ SO1374(E) നമ്പർ വിജ്ഞാപന പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങൾക്ക് ബീക്കൺ ലൈറ്റുകൾ ഉപയോഗിക്കുവാൻ കഴിയും. 29-4-2017-ലെ G.O.(Ms.) 46/2017/Trans. നമ്പർ പ്രകാരം ചുവന്ന ബീക്കൺ ലൈറ്റുകളുടെ ഉപയോഗം ആംബുലൻസ്, പോലീസ്, ഫയർഫോഴ്സ് മുതലായ അവശ്യ സർവ്വീസുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ടും സംസ്ഥാന സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്.

**വ്യാജ പെർമിറ്റിൽ സ്വകാര്യ ലക്ഷ്വറി ബസുകൾ**

283 (2841) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്കും തിരിച്ചും വ്യാജപെർമിറ്റിൽ സ്വകാര്യ ലക്ഷ്വറി ബസ്സുകൾ സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ സ്ഥലങ്ങളിൽ നിന്നാണ് ഇത്തരം സർവ്വീസുകൾ നടത്തുന്നതെന്നും ഇവയിൽ എത്ര ബസ്സുകൾക്കെതിരെ നിയമലംഘനത്തിന് നടപടി സ്വീകരിച്ചുവെന്നും അവ ഏതെല്ലാം സർവ്വീസുകൾ ആണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം സർവ്വീസുകൾ നിർത്തലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ പ്രമുഖ സ്ഥലങ്ങളെ തമ്മിൽ ബന്ധപ്പെടുത്തിയും അന്തർ സംസ്ഥാന റൂട്ടുകളിലുമാണ് സ്വകാര്യ ലക്ഷ്വറി കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ സമാന്തര സർവ്വീസ് നടത്തുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ബി) തിരുവനന്തപുരത്തുനിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, ചെന്നൈ, വയനാട് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് സർവ്വീസ് നടത്തിയ 37 ഇന്റർ-സ്റ്റേറ്റ് കോൺട്രാക്ട് കാര്യേജ് ബസുകൾക്കെതിരെയും കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, വയനാട് എന്നീ പ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തിയ വാഹനങ്ങൾക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇത്തരം സർവ്വീസുകൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ സ്വീകരിച്ചുവരുന്നു. അടുത്തകാലത്ത് ഇത്തരം വാഹനങ്ങൾക്കെതിരായി വലിയ തോതിൽ കെ.എസ്.ആർ.ടി.സി. അധികാരികളിൽ നിന്നും പരാതി ലഭിച്ചതിനെത്തുടർന്ന് തിരുവനന്തപുരത്തും പരിസരപ്രദേശങ്ങളിലും ശക്തമായ പരിശോധനകൾ നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി എ.എം.വി.ഐ.-മാരുടെ സേവനം കെ.എസ്.ആർ.ടി.സി. രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്.

14-2-2017-ന് രാത്രിയിൽ തിരുവനന്തപുരം സിറ്റിയിൽ നിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, ചെന്നൈ, വയനാട് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് അനധികൃത സർവ്വീസ് നടത്തിയ 9 വാഹനങ്ങൾക്കെതിരെ നടപടി എടുക്കുകയും 41,200 രൂപ പിഴയായി ഈടാക്കുകയും 98,700 രൂപ ടാക്സ് ഇനത്തിൽ പിരിച്ചെടുക്കുകയും ചെയ്തു.

സമാന്തര സർവ്വീസ് പരിശോധന ആവശ്യത്തിനായി സമീപ ജില്ലകളിൽ നിന്നും വകുപ്പിലെ ഉദ്യോഗസ്ഥരെ പ്രത്യേകം നിയോഗിക്കുകയും സേനാബലത്തിനായി പോലീസ് സഹായത്താൽ ചെക്കിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്.

**ഇരുചക്രവാഹനങ്ങൾക്ക് പകൽ സമയത്ത് ഹെഡ്ലൈറ്റ് ലൈറ്റ്**

284 (2842) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏപ്രിൽ ഒന്ന് മുതൽ പുറത്തിറങ്ങുന്ന ഇരുചക്രവാഹനങ്ങൾക്ക് പകൽ സമയത്തും ഹെഡ്ലൈറ്റ് ലൈറ്റ് പ്രകാശിപ്പിച്ച് വാഹനമോടിക്കുന്ന സംവിധാനം ഏർപ്പെടുത്തിയതിന് പിന്നിലെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തീരുമാനം നടപ്പിലാക്കിയതിൻെറ അടിസ്ഥാനം വിശദീകരിക്കുമോ;

(സി) മുച്ചക്ര, നാലുചക്ര വാഹനങ്ങൾക്കു കൂടി ഭാവിയിൽ ഈ സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത തീരുമാനമനുസരിച്ച് ഹെവി വാഹനങ്ങളിൽ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ 22-2-2016-ലെ നോട്ടിഫിക്കേഷൻ നമ്പർ ജി.എസ്.ആർ. 188 (ഇ) പ്രകാരം 1-4-2017 മുതൽ നിർമ്മിക്കപ്പെടുന്ന എല്ലാ ഇരുചക്രവാഹനങ്ങളിലും വാഹനത്തിന്റെ എൻജിൻ ഓൺ ആയിരിക്കുമ്പോൾ ഹെഡ്ലൈറ്റ് ലൈറ്റുകൂടി പ്രകാശിക്കേണ്ടതാണ്. പകൽ സമയത്തും ട്രാഫിക്കിനിടയിലും ഇത്തരം വാഹനങ്ങൾ ശ്രദ്ധയിൽപ്പെടണം എന്നതാണ് ഇതിന്റെ ഉദ്ദേശ്യം.

(ബി) ഈ വിഷയത്തിൽ തീരുമാനം എടുത്തത് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പാണ്. ഇരുചക്രവാഹനങ്ങൾ അപകടത്തിൽപ്പെടുന്നതിന്റെ തീവ്രത കുറയ്ക്കുക എന്നുള്ളതാണ് കേന്ദ്ര സർക്കാർ ഈ നിയമനിർമ്മാണം നടത്തുന്നതിന് അടിസ്ഥാനമായി കണക്കാക്കിയിരിക്കുന്നതെന്ന് മനസ്സിലാക്കുന്നു.

(സി&ഡി) ഈ വിഷയത്തിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്രസർക്കാരാണ്.

(നക്ഷത്രചിഹ്നമിടാത്ത 2751-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30AM]

## II അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: റൂൾ 50 പ്രകാരം ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. അടിയന്തര പ്രമേയത്തിനുള്ള നോട്ടീസിനെ സംബന്ധിച്ച്, ചെയർ എല്ലാ ദിവസവും ഇങ്ങനെ ഓർമ്മപ്പെടുത്തേണ്ടി വരുന്നത് വളരെ ദൗർഭാഗ്യകരമായ കാര്യമാണ്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ ഭാഗത്തു നിന്നുണ്ടായതായി പറയപ്പെടുന്ന ഒരു പരാമർശത്തെ സംബന്ധിച്ചാണ് മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടു എന്ന നിലയിൽ ഗുരുതരമായ സ്ഥിതിവിശേഷം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് നോട്ടീസ് നൽകിയിരിക്കുന്നത്. നോട്ടീസിലൂടെ ഉന്നയിച്ചിരിക്കുന്നതും അടുത്ത കാലത്ത് നടന്നതായി പരാമർശിച്ചിട്ടുള്ളതുമായ ഈ വിഷയത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ തന്നെ വിശദീകരണവും മറ്റും പുറത്തുവന്നുകഴിഞ്ഞു. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതോ അടിയന്തരപ്രാധാന്യമുള്ളതോ ആയ ഒരു വിഷയമായി ചെയർ ഇത് കാണുന്നില്ല. മാത്രമല്ല, നോട്ടീസിൽ വിശദീകരിക്കപ്പെട്ട കിഫ്ബിയുമായി ബന്ധപ്പെട്ട് വിശദമായ ചർച്ചയും നിയമനിർമ്മാണവും ഈ സഭയിൽ രണ്ടോ മൂന്നോ തവണ നടന്നു. സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും നിയമനിർമ്മാണം നിർവ്വഹിക്കുകയും ചെയ്ത കാര്യത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അവ്യക്തതയുണ്ടായിരുന്ന സന്ദർഭങ്ങളിലെല്ലാം വിശദമായ ഡിബേറ്റിന് അവസരം ലഭ്യമായിരുന്നു. ഇനിയും ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചകളിൽ അതിന് അവസരമുണ്ട്. അതുകൊണ്ട് അടിയന്തര പ്രാധാന്യമുള്ള വിഷയമായി ഇത് കാണാൻ സാധിക്കുകയില്ല. അടിയന്തര പ്രമേയത്തിന് അവതരണാനുമതി നൽകാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് എല്ലാ ദിവസവും പ്രതിപക്ഷത്തിന്റെ നേർക്ക് ഇത്തരം പരാമർശങ്ങൾ നടത്തുന്നത് ദൗർഭാഗ്യകരമാണ്. മാധ്യമങ്ങളിൽ വരുന്ന വാർത്തകളും പൊതുസമൂഹത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് പ്രതിപക്ഷത്തിന്റെ ചുമതലയും ഉത്തരവാദിത്വവുമാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ആലപ്പുഴയിൽ ഒരു സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് കിഫ്ബിയെ സംബന്ധിച്ചും അദ്ദേഹത്തിന്റെ ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ചും ഒരു പരാമർശം നടത്തി. അതുപോലെ വ്യത്യസ്തമായ അഭിപ്രായങ്ങൾ ഈ മന്ത്രിസഭയിലെ രണ്ടുമൂന്ന് അംഗങ്ങൾ നടത്തുകയുണ്ടായി. സംസ്ഥാനത്ത് കൂട്ടുത്തരവാദിത്വമുള്ള മന്ത്രിസഭ

യാണെങ്കിൽ, സെറ്റിൽഡ് കേസ്സുകളിൽ നിയമങ്ങളും പോളിസികളും സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കിക്കഴിഞ്ഞാൽ അതിന് വിരുദ്ധമായ പ്രസ്താവനകൾ നടത്തുന്നത് കൂട്ടുത്തരവാദിത്വത്തോടുള്ള ലംഘനമാണ്. അത് പാർലമെന്ററി ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകങ്ങളുടെ ലംഘനമാണ്. ഈ വിഷയം ഇവിടെ ഉന്നയിക്കാൻ കഴിയില്ലെങ്കിൽ ഞങ്ങൾ എവിടെയാണ് ഉന്നയിക്കേണ്ടത്?

മി. സ്പീക്കർ: ഇവിടെ ഉന്നയിക്കേണ്ടെന്നോ ചർച്ച ചെയ്യേണ്ടെന്നോ അല്ല പറഞ്ഞത്. റൂൾ 50 പ്രകാരം ഉന്നയിക്കാനുള്ള വിഷയമായി അംഗീകരിക്കാൻ പ്രയാസമുണ്ടെന്നാണ് പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ അങ്ങ് പറഞ്ഞതെല്ലാം കേട്ടു. ഞാൻ പറയുന്നതുകൂടി അങ്ങ് കേൾക്കണം.

മി. സ്പീക്കർ: പറയൂ, അങ്ങേയ്ക്ക് പറയാൻ privilege ഉണ്ടല്ലോ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടത്തെ പ്രശ്നം കിഫ്ബിയെ സംബന്ധിച്ചുള്ളതല്ല, സർക്കാരിന്റെ കളക്ടീവ് റെസ്പോൺസിബിലിറ്റി നഷ്ടപ്പെട്ടു എന്നതാണ്. തിരക്കായതിനാൽ അങ്ങ് നോട്ടീസ് ശരിയായി വായിച്ചില്ലെന്ന് തോന്നുന്നു, നോട്ടീസ് പൂർണ്ണമായി വായിച്ചാൽ അങ്ങേയ്ക്ക് അത് മനസ്സിലാകും. പൊതുമരാമത്ത് വകുപ്പുമന്ത്രി മാത്രമല്ല, മന്ത്രിസഭയിലെ രണ്ടുമൂന്ന് മന്ത്രിമാർ, വൈദ്യുതി വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയുമൊക്കെ വ്യത്യസ്ത പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. ഇതെല്ലാം ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്വത്തെ ബാധിക്കുന്നു എന്നതുകൊണ്ട് ഇത് ഉന്നയിക്കേണ്ടത് ഞങ്ങളുടെ കടമയും ഉത്തരവാദിത്വവുമാണ്. ഞങ്ങൾ എവിടെയാണ് ഈ വിഷയം ഉന്നയിക്കേണ്ടത്? റൂൾ 50 ഞങ്ങളുടെ അവകാശമാണ്. അങ്ങ് ദയവായി ഇത് പുനഃപരിശോധിക്കണം. അടിയന്തര പ്രമേയം അവതരിപ്പിക്കാൻ ഞങ്ങളെ അനുവദിക്കണം. ഞങ്ങൾ കിഫ്ബിയെ പ്പറ്റിയല്ല പറയുന്നത്. കിഫ്ബി ഇവിടെ ചർച്ച ചെയ്ത് പാസ്സാക്കിയതാണ്. അതിന് വിരുദ്ധമായാണ് ഇവിടെ പല പരാമർശങ്ങളുമുണ്ടാകുന്നത്. അതുകൊണ്ട് ദയവായി അങ്ങ് ഞങ്ങളെ പ്രതിസന്ധിയിലാക്കരുത്. സഭാനടപടികൾ തടസ്സപ്പെടുത്താനുള്ള അവസരം ഞങ്ങൾക്ക് ഉണ്ടാക്കിത്തരരുത്. ചെയർ ഞങ്ങളുടെ അവകാശത്തെ സംരക്ഷിക്കണം. We want protection from the Chair. ഈ നിലപാട് അങ്ങ് പുനഃപരിശോധിക്കണം. എല്ലാ ദിവസവും അങ്ങ് പ്രതിപക്ഷത്തിനുനേരെ ഇങ്ങനെ aspirations cast ചെയ്യുന്നത് വളരെ ദൗർഭാഗ്യകരമായ കാര്യമാണ്. ചെയറിനോടുള്ള എല്ലാ ബഹുമാനവും കാത്തുസൂക്ഷിച്ചുകൊണ്ട് ഞാൻ പറയട്ടെ,

എല്ലാ കാലത്തും പ്രതിപക്ഷം മാധ്യമങ്ങളിൽ വരുന്ന വാർത്തകളും പൊതുസമൂഹത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളും ഇവിടെ ഉന്നയിക്കാറുണ്ട്. അത് ഞങ്ങളുടെ അവകാശമാണ്. അങ്ങ് ഞങ്ങളുടെ അവകാശത്തെ സംരക്ഷിക്കണ്ടേ? അതുകൊണ്ട് ദയവായി അങ്ങയുടെ റൂളിംഗ് പുനഃപരിശോധിക്കണം. ബഹുമാന്യനായ അംഗം വി. ഡി. സതീശനെ അടിയന്തരപ്രമേയ നോട്ടീസ് അവതരിപ്പിക്കാനായി ക്ഷണിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മി. സ്പീക്കർ: പ്രസക്തമല്ലാത്ത കാര്യങ്ങൾ സഭയിൽ ചട്ടപ്രകാരമല്ലാതെ അനുവദിക്കുന്നതിന് ചെയറിന് പ്രയാസമുണ്ട്. ഇഷ്ടാനിഷ്ടങ്ങളുടെ അടിസ്ഥാനത്തിലോ സ്വബോധ്യത്തിന്റെ അടിസ്ഥാനത്തിലോ നിലപാട് സ്വീകരിക്കാൻ സാധ്യമല്ല. ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും ഭാഗമായി മാത്രമേ നിലപാട് സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ടാണ് അങ്ങയെ ഇത് ബോദ്ധ്യപ്പെടുത്തിയത്. അതുകൊണ്ട് ഇത് അടിയന്തരപ്രമേയമായി ചർച്ച ചെയ്യാനുള്ള ഒരു വിഷയമായി ചെയർ അംഗീകരിക്കുന്നില്ല. ചെയർ അത് നിഷേധിക്കുകയാണ്. ....... (ബഹളം)....... അടുത്ത അജണ്ടയിലേയ്ക്ക് കടക്കേണ്ടിവരും.

ശ്രീ. രമേശ് ചെന്നിത്തല: സർ, സംസ്ഥാന മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടു എന്ന വിഷയം ഞങ്ങൾക്ക് ഉന്നയിക്കാൻ അങ്ങ് അനുവാദം നൽകാത്തത് എന്ത് അടിസ്ഥാനത്തിലാണ്; അങ്ങേയ്ക്ക് എന്താണ് പ്രശ്നം; ചെയർ നിഷ്പക്ഷമല്ലേ? .......(ബഹളം)........ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞാൽ ഞങ്ങൾക്ക് മനസ്സിലാകും. ചെയർ അങ്ങനെ പറയുന്നത് ശരിയല്ല. ചെയർ ഞങ്ങളുടെ അവകാശം സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനാണ്.

മി. സ്പീക്കർ: ദയവായി ഞാൻ പറയുന്നത് കേൾക്കണം. ചെയറിനെ സമ്മർദ്ദത്തിലാക്കരുത്. ഈ വിഷയം സഭയിൽ ഉന്നയിക്കാം, അത് ധനാഭ്യർത്ഥനയുടെ ചർച്ചയുടെ ഭാഗമായി ഉന്നയിക്കാം. പക്ഷേ അടിയന്തര പ്രമേയമായി കൊണ്ടുവരേണ്ട ഒരു വിഷയമായി ഇത് അംഗീകരിക്കാൻ പറ്റില്ലെന്നാണ് പറഞ്ഞത്. ദയവായി അംഗങ്ങൾ സീറ്റിൽ ഇരിക്കണം. ഈ വിഷയം അടിയന്തരപ്രമേയം എന്ന രീതിയിൽ പരിഗണിക്കാൻ സാധ്യമല്ല. ..... (ബഹളം)........

(അടിയന്തരപ്രമേയ നോട്ടീസ് പരിഗണനയ്ക്കെടുക്കാത്തതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് ചുറ്റും നിന്ന് മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ശ്രീ. ആർ. രാജേഷ്: സർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്തെ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് കഴിഞ്ഞ ആറുമാസക്കാലമായി വേതനം ലഭ്യമാകാത്ത സ്ഥിതിയാണുള്ളത്. കേന്ദ്ര സർക്കാരിൽനിന്ന് പണം അനുവദിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ആവർത്തിച്ചാവർത്തിച്ച് സമ്മർദ്ദം ചെലുത്തുന്നുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സംസ്ഥാന മന്ത്രിതന്നെ കേന്ദ്ര മന്ത്രിയുമായി സംസാരിച്ച് പണം അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിക്കാത്ത ഒരു നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളുടെ വേതന കുടിശ്ശിക നൽകാതെ അവരെ പട്ടിണിക്കിടുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. പ്രതിവർഷം ഒരു കുടുംബത്തിന് മിനിമം 100 ദിവസമെങ്കിലും തൊഴിൽ കൊടുക്കാൻ കഴിയണം. തൊഴിലെടുത്താൽ 14 ദിവസത്തിനകം കൂലി നൽകണം, തൊഴിലിടങ്ങളിൽ സുരക്ഷിതത്വമുണ്ടാകണം തുടങ്ങി ഈ പദ്ധതി ആവിഷ്ക്കരിക്കുമ്പോൾ തുടങ്ങിവച്ചിട്ടുള്ള, ഗ്രാമീണ ജനതയുടെ ജീവിത പുരോഗതി ലക്ഷ്യംവച്ചിട്ടുള്ള പല നടപടികളും ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ നമുക്കായിട്ടില്ല. കേരളത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 32.35 ലക്ഷം കുടുംബങ്ങളാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളത്. ... (ബഹളം)...

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.. ദയവായി പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിൽ പോകൂ.

ശ്രീ. ആർ. രാജേഷ്: സർ, ഈ പദ്ധതിയിൻ കീഴിൽ 50.05 ലക്ഷം തൊഴിലാളികളാണുള്ളത്. തൊഴിൽ ലഭിച്ചത് 18.33 ലക്ഷം കുടുംബങ്ങൾക്കാണ്....

21.24 ലക്ഷം തൊഴിലാളികളാണ് കേരളത്തിൽ തൊഴിലെടുക്കുന്നവരായിട്ടുള്ളത്. ഇവർക്ക് ശരാശരി 47 ദിവസക്കാലം മാത്രമാണ് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുള്ളത്. കേവലം 8 ശതമാനം ആളുകൾക്ക് അതായത് 113192 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിവസത്തെ തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുള്ളത്. കേന്ദ്രസർക്കാർ ഇടയ്ക്കിടയ്ക്ക് പുറത്തിറക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ ഭാഗമായിട്ടാണ് അവർക്ക് തൊഴിൽ നൽകാൻ കഴിയാത്തത്.. (...ബഹളം...)

മി. സ്പീക്കർ: അടിയന്തരപ്രമേയം അനുവദിക്കുന്നതിൽ പ്രയാസമുണ്ടെന്നാണ് ഞാൻ പറഞ്ഞത്. ആദ്യ സബ്മിഷനായി അടിയന്തരപ്രമേയ നോട്ടീസിലെ വിഷയം അനുവദിക്കുന്നതാണ്. പ്രതിപക്ഷ നേതാവ് ഇത് അംഗീകരിച്ചിട്ടുണ്ട്. ദയവായി നിങ്ങൾ സീറ്റിൽ പോകണം.

(അടിയന്തരപ്രമേയ നോട്ടീസിലെ വിഷയം ആദ്യ സബ്മിഷനായി അനുവദിക്കാമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചതിനെത്തുടർന്ന് യു.ഡി.എഫ്. അംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് മടങ്ങിപ്പോയി.)

ശ്രീ. ആർ. രാജേഷ്: സർ, കേരളത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 2462 കോടി രൂപയുടെ പദ്ധതിയാണ് ഈ മേഖലയിൽ നടന്നത്. അതിൽ അൺസ്കിൽഡ് വർക്കേഴ്സിന് കൂലി വിഹിതമായി 2144.71 കോടി രൂപയാണ് അക്കൗണ്ടിലേയ്ക്ക് 14 ദിവസത്തിനകം നേരിട്ടുകൊടുക്കേണ്ടത്. 2144 കോടി രൂപയിൽ 1386 കോടി രൂപ മാത്രമാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. നിലവിൽ കുടിശ്ശികയായിട്ടുള്ളത് 636 കോടി രൂപയാണ്. അത് 14 ദിവസത്തിനുള്ളിൽ നൽകണം. കാലതാമസമുണ്ടായാൽ നഷ്ടപരിഹാരത്തിനുള്ള അവകാശംകൂടി ഇവർക്കുണ്ട്. ഈ വേതനത്തിന് പുറമെ സാധനഘടകത്തിന്റെയും ഭരണച്ചെലവിന്റെയും ഭാഗമായി 41 കോടി രൂപ കൂടിയുണ്ട്. അങ്ങനെ കേരളത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് 676 കോടി രൂപയാണ് കേന്ദ്ര സർക്കാർ കഴിഞ്ഞ വർഷക്കാലം കുടിശ്ശികയായി കൊടുക്കാനുള്ളത്. നടപ്പുവർഷം പദ്ധതി നടത്തിപ്പിനുള്ള ആദ്യ ഗഡു അനുവദിക്കാത്തതുകൊണ്ട് പദ്ധതി ആരംഭിക്കാനായില്ല. ഈ മേഖലയിൽ കൂടുതലും സാധാരണക്കാരാണ്. അതിൽ 91 ശതമാനം സ്ത്രീകളാണ്. കേരളത്തിന്റെ ഗ്രാമീണ മേഖലയോട് കേന്ദ്ര സർക്കാർ നടപ്പാക്കുന്ന സാമ്പത്തികമായ ഉപരോധമാണിത്. കേരളത്തിന്റെ ഗ്രാമീണ മേഖലയെ തകർക്കാനുള്ള പരിശ്രമത്തിന്റെ ഭാഗമാണ് കേന്ദ്ര സർക്കാരിന്റെ ഈ നയം. സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളുടെ വേതന കുടിശ്ശിക കേന്ദ്ര സർക്കാരിൽനിന്ന് അനുവദിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്നവരുടെ ഉപജീവന സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഇന്ത്യൻ പാർലമെന്റ് 2005-ൽ പാസ്സാക്കിയതാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. തൊഴിലുറപ്പ് നിയമം 2005 വകുപ്പ് 22 പ്രകാരം അവിദഗ്ദ്ധ കായികാദ്ധ്വാനത്തിനുള്ള വേതനമായി കൊടുക്കേണ്ട തുക, പദ്ധതിയുടെ ഭരണച്ചെലവ് എന്നിവ പൂർണ്ണമായും വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ വേതനത്തിന്റെ 75 ശതമാനവും കേന്ദ്ര സർക്കാരാണ് വഹിക്കേണ്ടത്. വിദഗ്ദ്ധ/ അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ വേതനത്തിന്റെ 25 ശതമാനം സംസ്ഥാന സർക്കാരാണ് നൽകേണ്ടത്. പദ്ധതിയുടെ ആദ്യ വർഷങ്ങളിൽ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് പഞ്ചായത്തുകളിൽനിന്നും ചെക്ക് മുഖാന്തരമാണ് കൂലി നൽകിയിരുന്നത്. എന്നാൽ 2013-14 സാമ്പത്തിക വർഷം മുതൽ കൂലി വിതരണം ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സമ്പ്രദായത്തിലൂടെ നടപ്പാക്കാൻ തുടങ്ങി. 1-1-2016 മുതൽ ഈ സംവിധാനത്തിൽ ഭേദഗതി വരുത്തുകയും അവിദഗ്ദ്ധ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ കൂലി അവരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് കേന്ദ്ര സർക്കാരിന്റെ അക്കൗണ്ടിൽനിന്നും ക്രെഡിറ്റ് ചെയ്യുന്ന പുത്തൻ രീതി നടപ്പിലാക്കിത്തുടങ്ങുകയും ചെയ്തു. ഈ സമ്പ്രദായത്തെ നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (എൻ.ഇ.എഫ്.എം.എസ്.) എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷം എൻ.ഇ.എഫ്.എം.എസ്.-ലൂടെ 1386.70 കോടി രൂപ കേന്ദ്രസർക്കാർ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ഓഡിറ്റ് റിപ്പോർട്ട് സഹിതം 2016 ഒക്ടോബർ മാസം 18-ാം തീയതി രണ്ട് ഗഡു കേന്ദ്ര ഫണ്ടിന് അപേക്ഷ നൽകിയിരുന്നു. പ്രസ്തുത അപേക്ഷ പ്രകാരം 96,409.73 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടത്. അതിൽ അവിദഗ്ദ്ധ കായിക കൂലി ഇനത്തിൽ കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടത് 73171.27 ലക്ഷം രൂപയാണ്. ഫണ്ട് ലഭിക്കുന്നതിന് നേരിട്ട കാലതാമസം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2016 ഡിസംബർ 21-നും 2017 ഫെബ്രുവരി 23-നും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിതന്നെ തൊഴിലാളികളുടെ വേതനക്കുടിശ്ശിക അടിയന്തരമായി അനുവദിക്കണമെന്ന് ചൂണ്ടിക്കാണിച്ച് ബഹുമാനപ്പെട്ട കേന്ദ്ര ഗ്രാമവികസന മന്ത്രി ശ്രീ. നരേന്ദ്ര സിംഗ് ടോമറിന് കത്തയയ്ക്കുകയുണ്ടായി. ഫണ്ട് അനുവദി ക്കാത്തതിനാൽ 2017 മാർച്ച് മാസം 28-ാം തീയതി ഞാൻതന്നെ തൊഴിലാളികളുടെ വേതന കുടിശ്ശികത്തുക എത്രയും പെട്ടെന്ന് അനുവദിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രിയെ

നേരിട്ടുകണ്ട് സംസാരിക്കുകയും നിവേദനം നൽകുകയുമുണ്ടായി. 2016-17 സാമ്പത്തിക വർഷം കൂലിയിനത്തിൽ 75943.83 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും കുടിശ്ശിക തീർക്കുന്നതിന് ആവശ്യമുണ്ട്. എന്നാൽ 2017-18-ലെ ആദ്യ ഗഡുവായി 10-4-2014-ലെ ഉത്തരവുപ്രകാരം കേന്ദ്ര സർക്കാർ അവിദഗ്ദ്ധ കായിക കൂലിയിനത്തിൽ 12283.79 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക 2016-17-ലെ കൂലി കുടിശ്ശിക തുച്ഛമായ അളവിൽ തീർക്കുന്നതിന് ഉപകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 2016-17-ലെ കൂലിക്കുടിശ്ശികയായ 636.60 കോടി രൂപയാണ് ഇനിയും കേന്ദ്രസർക്കാരിൽനിന്നും ലഭിക്കാനുള്ളത്. ഈ വിഷയങ്ങൾ പരാമർശിച്ച് 2017 ഏപ്രിൽ മാസം 12-ാം തീയതി തൊഴിലാളികളുടെ വേതന കുടിശ്ശികത്തുക കാലതാമസം കൂടാതെ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഞാൻ ബഹുമാനപ്പെട്ട കേന്ദ്ര ഗ്രാമവികസന മന്ത്രി ശ്രീ. നരേന്ദ്ര സിംഗ് ടോമറിന് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. ഇതോടൊപ്പം 21-4-2017-ലെ അർദ്ധ ഔദ്യോഗിക കത്ത് മുഖാന്തരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിക്ക് അടിയന്തരമായി 2016-17-ലെ കൂലി കുടിശ്ശികത്തുകയും 2017-18-ലെ പദ്ധതിത്തുകയും അനുവദിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും ഫണ്ട് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

ശ്രീ. ആർ. രാജേഷ്: സർ, കേന്ദ്ര സർക്കാർ ഓഫീസുകളിലേയ്ക്ക് നാളെ ലക്ഷക്കണക്കിന് തൊഴിലാളികൾ മാർച്ച് ചെയ്യുകയാണ്. ആറ് മാസമായി അവർക്ക് കൂലിയില്ല. നേരിട്ട് ഒരിക്കൽക്കൂടി കേന്ദ്രമന്ത്രിയെ കണ്ട് ഈ സാഹചര്യങ്ങൾ ബോദ്ധ്യപ്പെടുത്തി അടിയന്തരമായി പണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഡോ. കെ. ടി. ജലീൽ: സർ, ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ചു. ഈ വിഷയം അടിയന്തരമായി പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. വളരെ ദയനീയമായ സാഹചര്യമാണ് നമ്മുടെ ഗ്രാമ പ്രദേശങ്ങളിലുള്ളത്. ചെയ്ത ജോലിയുടെ കൂലിക്കുടിശ്ശികയിനത്തിൽ കേന്ദ്ര സർക്കാർ 636 കോടി രൂപയാണ് കൊടുത്തുതീർക്കുവാനുള്ളത്. പല സംസ്ഥാനങ്ങൾക്കും കേന്ദ്ര സർക്കാർ ഫണ്ട് നൽകിയെങ്കിലും കേരളത്തിനാണ് ഏറ്റവും കുറവ് ഫണ്ട് കേന്ദ്ര സർക്കാർ അനുവദിക്കുന്നതെന്നുള്ള കാര്യവും സഭയെ അറിയിക്കുകയാണ്.

## (2) അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ച സ്വയംപര്യാപ്ത ഗ്രാമങ്ങൾ പദ്ധതി ഈ ഗവൺമെന്റിന്റെ കാലത്ത് അംബേദ്കർ ഗ്രാമങ്ങളെന്ന പേരിൽ വീണ്ടും തുടങ്ങിയതിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു കോടി രൂപ അനുവദിച്ച് തുടങ്ങിവച്ച നിരവധി പ്രവൃത്തികൾ പല പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അമ്പതിലധികം പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുള്ള കോളനികളെയാണ് ഈ വികസന പ്രവർത്തനത്തിന് തെരഞ്ഞെടുക്കുന്നത്. കുടിവെള്ളം, റോഡ്, വീട് മെയിന്റനൻസ് തുടങ്ങിയവ കോളനി നിവാസികളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണന കൊടുത്തുകൊണ്ടാണ് പൂർത്തീകരിക്കുന്നത്. പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ നടത്തിയ ഗാന്ധിഗ്രാമം പദ്ധതിയിൽപ്പെട്ട കോളനിയും ഈ ഒരു കോടി രൂപ അനുവദിച്ചതിൽപ്പെടും. സർക്കാർ ഏജൻസികളെയാണ് കോളനി നവീകരണ പദ്ധതി പൂർത്തീകരിക്കാൻ ഏൽപ്പിച്ചത്. എന്നാൽ അഞ്ച് വർഷം മുമ്പുകൊടുത്ത കോളനികളുടെ വർക്ക് ഇതുവരെ ഏജൻസികൾ പൂർത്തീകരിച്ചിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ നാല് കോളനികൾക്ക് അനുവദിച്ചിരുന്നു. ആദ്യം അനുവദിച്ച രണ്ട് കോളനികളുടെ പ്രവൃത്തി ഇതുവരെ പൂർത്തിയായിട്ടില്ല. എന്നാൽ അവസാനം അനുവദിച്ച രണ്ട് കോളനികളുടെ പ്രവൃത്തി 'കെൽ' എന്ന പൊതുമേഖലാ സ്ഥാപനത്തെയാണ് ഏൽപ്പിച്ചത്. അവർ വളരെ നന്നായി ആ പ്രവൃത്തി പൂർത്തീകരിക്കുകയും കഴിഞ്ഞ ആഴ്ച അതിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. ഈ വിഷയത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ ഡിപ്പാർട്ടുമെന്റിലെ മുഴുവൻ ഉദ്യോഗസ്ഥരുടെയും യോഗം വിളിക്കണം. ഒരു കോടി രൂപ അനുവദിച്ച എല്ലാ കോളനികളുടെയും പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻവേണ്ട നടപടി അങ്ങയുടെ ഭാഗത്ത് നിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, പട്ടികജാതി വികസന വകുപ്പ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി എന്ന പേരിലും പട്ടികവർഗ്ഗ വികസന വകുപ്പ് ഹാംലെറ്റ് വികസന പദ്ധതി എന്ന പേരിലും യു.ഡി.എഫ്. ഭരണകാലത്ത് നടപ്പിലാക്കിയ സങ്കേത വികസന പരിപാടികളെക്കുറിച്ചാണ്

ഇവിടെ പരാമർശിക്കപ്പെട്ടത്. അഞ്ചുവർഷംമുമ്പേ സാംഗ്ഷനായിട്ടുപോലും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കോളനികളുടെ വികസന പരിപാടി സ്വയംപര്യാപ്ത ഗ്രാമം എന്ന പദ്ധതിയിലൂടെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് ഈ ശ്രദ്ധ ക്ഷണിക്കലിന്റെ ഉള്ളടക്കം. 2012-13, 2013-14 വർഷങ്ങളിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ 216 പട്ടികജാതി കോളനികളേയും 2013-14, 2014-15, 2015-16 വർഷങ്ങളിൽ ഹാംലെറ്റ് വികസന പദ്ധതിയിൽ 49 പട്ടികവർഗ്ഗ സങ്കേതങ്ങളേയുമാണ് സമഗ്ര വികസനത്തിനായി തെരഞ്ഞെടുത്തത്. ഈ രണ്ട് പദ്ധതികളും പൂർത്തിയാകുന്നതിലുണ്ടായ കാലതാമസമാണ് ബഹുമാനപ്പെട്ട അംഗം സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നത്. മേൽപ്പറഞ്ഞ രണ്ട് പദ്ധതികളുടെയും നിർവ്വഹണ ഏജൻസികളായി മുൻ ഗവൺമെന്റ് തീരുമാനിച്ചത് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്.ഐ.റ്റി.), സിഡ്കോ, കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.), സംസ്ഥാന നിർമ്മിതി കേന്ദ്രം, ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരള ഇൻഡസ്ട്രിയൽ ആന്റ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ (കിറ്റ്കോ), കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി (കെൽ), കേരള വാട്ടർ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ് തുടങ്ങിയവയെയാണ്. ഇതിനുള്ള കർമ്മ പരിപാടി തയ്യാറാക്കിയതും നിർവ്വഹണ ഏജൻസിയെ നിശ്ചയിച്ചതും എം.എൽ.എ.-മാരുടെ നേതൃത്വത്തിലാണ്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഊരുക്കൂട്ടവും പട്ടികജാതി സങ്കേതങ്ങളിൽ സംയുക്ത കുടുംബയോഗവും വിളിച്ചുചേർത്താണ് കർമ്മപരിപാടിക്ക് രൂപംനൽകിയത്. എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി നൽകൽ എന്നിവ അതത് ഏജൻസികളാണ് ചെയ്തിരുന്നത്. നിർവ്വഹണ ഘട്ടത്തിൽ താഴെപ്പറയുന്ന പ്രശ്നങ്ങൾ പദ്ധതി പുരോഗതിക്ക് തടസ്സമാകുന്നതായി ശ്രദ്ധയിൽപ്പെട്ടു.

(1) അംഗീകരിച്ച കർമ്മപരിപാടി അടിക്കടി ഭേദഗതി ചെയ്യാൻ ഗുണഭോക്തൃ കമ്മിറ്റികൾ സമ്മർദ്ദം ചെലുത്തിവരുന്നു.

(2) പൊതുകെട്ടിടങ്ങൾ, കുടിവെള്ള പദ്ധതികൾ എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭിക്കാത്ത സ്ഥിതിയുണ്ടായി.

(3) മതിയായ സാങ്കേതിക ജ്ഞാനമുള്ള മോണിറ്ററിംഗ് സംവിധാനമില്ല.

(4) മിക്ക ഏജൻസികൾക്കും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ജീവനക്കാരില്ല, ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് മുൻപരിചയവുമില്ല.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി നിരന്തരമായി വിലയിരുത്തുകയുണ്ടായി. കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ ആരംഭിച്ചവ ജൂൺ 30-നകം പൂർത്തീകരിച്ച് അവസാനിപ്പിക്കാനും ആരംഭിച്ചിട്ടില്ലാത്തവ ഒഴിവാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് തെരഞ്ഞെടുത്ത 49 സങ്കേതങ്ങളിൽ പ്രവൃത്തി ആരംഭിച്ച 46 എണ്ണത്തിൽ 17 എണ്ണമാണ് പൂർത്തിയായത്. പട്ടികജാതി വികസന വകുപ്പ് തെരഞ്ഞെടുത്ത 216 സങ്കേതങ്ങളിൽ 210 എണ്ണത്തിൽ പ്രവൃത്തി ആരംഭിച്ചു. അതിൽ 47 എണ്ണം പൂർത്തിയായി. എന്നാൽ അവസാന ഗഡു നൽകിയിട്ടില്ല. 25 സ്ഥലത്തെ ഫൈനൽ ബിൽ ഡയറക്ടറേറ്റിൽ പരിശോധിച്ചുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17-ൽ പട്ടികജാതി വികസന വകുപ്പ് പുതുതായി ആരംഭിച്ച അംബേദ്കർ ഗ്രാമ വികസന പരിപാടിയിൽ 196 സങ്കേതങ്ങൾക്കുള്ള ഒന്നാം ഗഡു നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത സങ്കേതങ്ങളിലെ പ്രവൃത്തികൾ ഉടനടി ആരംഭിക്കും. പട്ടികവർഗ്ഗ വികസന വകുപ്പ് 10 സങ്കേതങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. വിശദമായ കർമ്മ പരിപാടി തയ്യാറാക്കുന്നതിനുള്ള നടപടിയും ആരംഭിച്ചു. മുൻ അനുഭവത്തിന്റെ വെളിച്ചത്തിൽ അപാകതകൾ പരിഹരിക്കുന്നതിനായി ജില്ലാ ഭരണകൂടത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെയാണ് പ്രധാന നിർവ്വഹണ ഏജൻസികളായി ചുമതലപ്പെടുത്തിയിട്ടുള്ളത്. നേരത്തെ പദ്ധതി നിർവ്വഹണം നടത്തിയ മറ്റേതെങ്കിലും ഏജൻസി നന്നായി പദ്ധതി നിർവ്വഹണം നടത്തുമെങ്കിൽ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്നപക്ഷം അത്തരം ഏജൻസികളെയും പ്രവൃത്തി ഏൽപ്പിക്കാവുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത് വളരെ കറക്ടാണ്. നേരത്തെ ഏൽപ്പിച്ചിട്ടുള്ള ഗവൺമെന്റ് ഏജൻസികളൊന്നുംതന്നെ അവരുടെ ഉത്തരവാദിത്വം നിർവ്വഹിച്ചിട്ടില്ല. ഞാൻ വയനാട് പോയി അവിടെയുള്ള എം.എൽ.എ.-മാരോട് ഇതു റിവ്യൂ ചെയ്യാമെന്ന് പറഞ്ഞു. കളക്ടറുടെ നേതൃത്വത്തിൽ റിവ്യൂ നടത്തി ശക്തമായ നിയമനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഗവൺമെന്റ് ഏജൻസികളാണ് കബളിപ്പിക്കുന്നത്, അല്ലാതെ പുറത്തുള്ള ഏജൻസികളല്ല. പുറത്തുള്ള ഏജൻസിക്ക് കൊടുത്തു കഴിഞ്ഞാൽ അവർ തട്ടിപ്പ് നടത്തുമെന്നുള്ളതുകൊണ്ടാണ് ഉത്തരവാദപ്പെട്ട ഗവൺമെന്റ് ഏജൻസികളെ ഏൽപ്പിച്ചത്. അതുകൊണ്ട് പരമാവധി കളക്ടറുടെ നേതൃത്വത്തിലുള്ള നിർമ്മിതി കേന്ദ്രങ്ങളെ ഏൽപ്പിക്കുന്നതായിരിക്കും നല്ലത്. ഇവിടെ പറഞ്ഞ ഏജൻസികളിൽ ക്രെഡിബിലിറ്റിയുള്ള ഏജൻസികളുണ്ടെങ്കിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കുതന്നെ ഓപ്റ്റ് ചെയ്യാം. ഒരു ബുദ്ധിമുട്ടുമില്ലാതെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, സർക്കാർ ഏജൻസികളെയാണ് ഏൽപ്പിക്കുന്നതെന്ന് അങ്ങ് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും സർക്കാർ ഏജൻസികളെയാണ് ഈ പ്രവൃത്തി ഏൽപ്പിച്ചത്. ആ ലിസ്റ്റ് തന്നെയാണ് ഇപ്പോഴുമുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പണി പൂർത്തിയാക്കാത്തവർ ഈ ഗവൺമെന്റിന്റെ കാലത്ത് എം.എൽ.എ.-മാരെ ഏതെങ്കിലും വഴിക്ക് സ്വാധീനിച്ച് വീണ്ടും ഈ പ്രവൃത്തി ഏറ്റെടുക്കാനിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വർക്ക് പൂർത്തിയാക്കാത്ത ഏജൻസികളെ കരിമ്പട്ടികയിൽപ്പെടുത്താനും വർക്ക് പൂർത്തീകരിച്ച ആളുകൾക്ക് വർക്ക് കൊടുക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ : സർ, ഏതെങ്കിലും ഏജൻസികൾ എം.എൽ.എ.-മാരുടെമേൽ സമ്മർദ്ദം ചെലുത്തുന്നുണ്ടെങ്കിൽ അതിൽ നമ്മൾ വീണുപോകണ്ട. അതിന്റെ ആവശ്യമില്ലല്ലോ. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഏജൻസിയെ ഏൽപ്പിക്കാം.

മി. സ്പീക്കർ : കഴിഞ്ഞ തവണ വർക്ക് പൂർത്തീകരിക്കാത്തവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുമോ എന്നാണ് ചോദിച്ചത്.

ശ്രീ. എ. കെ. ബാലൻ : സർ, അത് പരിശോധിക്കാം.

## IV സബ്മിഷൻ

### (1) അവാസ്തവ പ്രസ്താവന

ശ്രീ. വി. ഡി. സതീശൻ : സർ, പ്രതിപക്ഷത്തെ ഭരണകക്ഷി എത്രമാത്രം ഭയപ്പെടുന്നു എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഇന്ന് അടിയന്തരപ്രമേയത്തിനുള്ള അനുമതി നിഷേധിച്ചത്. സഭാനടപടികളുടെ ചരിത്രത്തിൽ പോലുമില്ലാത്ത നടപടിയാണുണ്ടായത്. I register my strong protest on record. ഇവിടെയുണ്ടായ സംഭവമെന്താണ്? പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ അദ്ദേഹത്തിന്റെ പ്രസ്താവന നിഷേധിച്ചുവെന്ന് ചെയറിലിരുന്നുകൊണ്ട് അങ്ങ് പറഞ്ഞു. അദ്ദേഹത്തിന്റെ പ്രസ്താവന മലയാള മനോരമ പത്രത്തിൽ ഫ്രണ്ട് പേജിൽ വന്നിട്ടുണ്ട്. പണ്ട് പ്രിന്റ് മീഡിയയിൽ വന്നാൽ പിറ്റേദിവസം ആളുകൾ അത് നിഷേധിക്കും. പക്ഷെ ഇത് വിഷ്വൽ മീഡിയയുടെ കാലമാണ്. ഏഷ്യാനെറ്റിൽ അദ്ദേഹം നടത്തിയ പ്രസംഗത്തിന്റെ സി.ഡി. എന്റെ കയ്യിലുണ്ട്. ഞാൻ അംഗങ്ങൾക്കുള്ള code of conduct 6(a) പ്രകാരം ഇത് സഭയുടെ മേശപ്പുറത്തുവയ്ക്കാൻ അങ്ങയുടെ അനുമതി ചോദിച്ചിട്ടുണ്ട്.

അങ്ങയുടെ അനുമതിക്ക് വിധേയമായി മന്ത്രി ശ്രീ. ജി. സുധാകരൻ നടത്തിയ പ്രസംഗത്തിന്റെ സി.ഡി. ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കാം. എന്താണ് മന്ത്രി പറഞ്ഞത്? ബഡ്ജറ്റിൽ പ്രഖ്യാപിക്കാതെ ബഡ്ജറ്റിന് പുറത്ത് വായ്പയെടുക്കുന്ന കളിയാണ് കിഫ്ബിയുടെ പേരിൽ നടക്കുന്നതെന്നാണ് മന്ത്രി പറഞ്ഞത്. കഴിഞ്ഞ ബഡ്ജറ്റിൽ കിഫ്ബി വഴി പണം കണ്ടെത്താനുള്ള ശ്രമത്തേയും അദ്ദേഹം വിമർശിച്ചു. "പദ്ധതികൾക്ക് ബഡ്ജറ്റിനകത്ത് പണം അനുവദിക്കും. അതേ പദ്ധതികൾക്ക് പണം അനുവദിച്ചതായി ബഡ്ജറ്റിൽ പ്രഖ്യാപിക്കില്ല. ബഡ്ജറ്റിൽ പദ്ധതി പറയും, പക്ഷെ ബഡ്ജറ്റിൽ നിന്നെടുക്കാതെ വെളിയിൽ നിന്ന് വായ്പയെടുക്കുന്ന പരിപാടിയാണ്. പൊതുമരാമത്ത് വകുപ്പിൽ മാത്രം 25000 കോടി രൂപയുടെ പ്രവൃത്തികളാണ് പ്രഖ്യാപിച്ചത്. 50 കോടി രൂപയുടെ പാലം പണിയാൻ പണമില്ല. മൂവായിരം കോടി രൂപയെങ്കിലും ലഭിക്കേണ്ട പൊതുമരാമത്ത് വകുപ്പിന് ആകെ കിട്ടിയത് 129 കോടി രൂപയാണ്. ബഡ്ജറ്റിനുശേഷമാണ് തൊള്ളായിരം കോടി രൂപയുടെ പദ്ധതികൾക്ക് പ്രത്യേക അനുമതി നൽകിയത്. അതുതന്നെ ഇപ്പോൾ ആയിരം കോടി രൂപ കടന്നു. എന്നാൽ ഈ പദ്ധതികളുടെ കാര്യം ബഡ്ജറ്റിൽ വച്ചാൽ പോരെ? പക്ഷെ, ബഡ്ജറ്റിൽ വയ്ക്കില്ല. അതാണ് ഇപ്പോഴുള്ള തരികിട കളികൾ." നിയമസഭയിൽ കിഫ്ബിയെക്കുറിച്ച് നടന്ന ചർച്ചയിൽ ഞങ്ങൾ പറഞ്ഞു, കിഫ്ബി - ബഡ്ജറ്റ് = സീറോ എന്ന്. ഈ ബഡ്ജറ്റിൽ മുഴുവൻ കിഫ്ബിയാണ്. അമ്പതിനായിരം കോടി രൂപയുടെ വായ്പ ബഡ്ജറ്റിന് പുറത്തു നിന്നും എടുത്തുകൊണ്ട് നടത്തുന്ന ഈ ഗവൺമെന്റിന്റെയും സംസ്ഥാനത്തിന്റെയും പ്രതീക്ഷയുടെ താക്കോലാക്കി കിഫ്ബിയെ മാറ്റി. ആ കിഫ്ബിയെക്കുറിച്ച് ഞങ്ങളെ ബോദ്ധ്യപ്പെടുത്താൻ, ഞങ്ങളെ പരിഹസിക്കുകയും വിവരമില്ലാത്തവരെന്ന് പറയുകയുമൊക്കെ ചെയ്ത ആളുകൾ ഈ കിഫ്ബിയുടെ പണത്തിന്റെ ഭൂരിഭാഗവും ചെലവാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ശ്രീ. ജി. സുധാകരനെ ആദ്യം ബോദ്ധ്യപ്പെടുത്തണം. എന്നിട്ടുമതി ഞങ്ങളെ ബോധ്യപ്പെടുത്താൻ വരുന്നത്.

10.00 AM]

ശ്രീ. ജി. സുധാകരൻ നിയമമറിയാവുന്ന ആളാണ്, സാമൂഹ്യ വിമർശനം നടത്തുന്ന കവിയാണ്. സത്യസന്ധനായി പ്രവർത്തിക്കുന്ന ആളാണ് അദ്ദേഹം എന്നാണ് ഞങ്ങൾ കരുതുന്നത്. അഴിമതിയുടെ കറപുരളാത്ത ഒരാളാണ്. അദ്ദേഹം വെറും കവിയല്ല, നിർമ്മലമായ മനസ്സിനെ കവിതയിൽ പ്രതിഫലിപ്പിക്കുന്ന ആളാണ്. സാമൂഹ്യ വിമർശനം നടത്തുന്ന വിപ്ലവകാരിയുടെ മനസ്സുള്ള കവിയാണ്. മനസ്സിൽ വരുന്ന കാര്യങ്ങൾ അദ്ദേഹം സാധാരണ

പറയാറുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞാൽ അദ്ദേഹം എന്തും ചെയ്യും. ഈ മന്ത്രിസഭയിൽ മുഖ്യമന്ത്രിയോട് ഏറ്റവും കൂടുതൽ സ്നേഹമുള്ളയാൾ ശ്രീ. ജി. സുധാകരനാണ്. ബാക്കിയെല്ലാവരും പേടിച്ചിരിക്കുന്നവരാണ്. ബഹുമാനപ്പെട്ട മന്ത്രി സുധാകരൻ പറഞ്ഞ കാര്യം പിൻവലിച്ചിട്ട് കാര്യമില്ല. ഇതിലൊരു പ്രധാനപ്പെട്ട പ്രശ്നമുണ്ട്, മന്ത്രിസഭയ്ക്ക് ഒരു കൂട്ടുത്തരവാദിത്വം വേണ്ടേ; ഭരണഘടനയുടെ ആർട്ടിക്കിൾ 164(2) അനുസരിച്ച് കളക്ടീവ് റെസ്പോൺസിബിലിറ്റിയുണ്ട്. ഇത് അസംബ്ലി പാസ്സാക്കിയ നിയമമാണ്. ഇവിടെ ധനാഭ്യർത്ഥന ചർച്ചകൾ നടക്കുന്നു.

മി. സ്പീക്കർ: നേരത്തേ തയ്യാറാക്കിയ പ്രസംഗം മുഴുവനും പറയാൻ സാധിക്കില്ല. സബ്മിഷൻ ഉന്നയിക്കാനേ നിർവ്വാഹമുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: പരസ്പരവിരുദ്ധമായി മന്ത്രിമാർ പറയുന്നു - This is equivalent to constitutional collapse. എന്റെ നോട്ടീസിൽ ഒരു കാര്യംകൂടി പറഞ്ഞിട്ടുണ്ട്, ശ്രീ. എസ്. രാജേന്ദ്രന് കയ്യേറ്റത്തിൽ പങ്കില്ലെന്ന് ശ്രീ. എം. എം. മണി ഇടുക്കിയിൽ പറഞ്ഞു. ശ്രീ. ഇ. ചന്ദ്രശേഖരൻ നിയമസഭയിൽ ഞങ്ങൾക്ക് നൽകിയ മറുപടിയിൽ, കയ്യേറ്റക്കാരുടെ പട്ടികയിൽ ശ്രീ. എസ്. രാജേന്ദ്രനുമുണ്ടെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... ഇത് ശരിയല്ല. ചെയറിന്റെ നിലപാടിനെ ഇങ്ങനെ ബൈപ്പാസ് ചെയ്യുന്നത് ശരിയല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, നിയമനിർമ്മാണ വേളയിൽ ബഹുമാനപ്പെട്ട മന്ത്രി വളരെ പരിതപിച്ചുകൊണ്ട് ഒരു കാര്യം പറഞ്ഞു, കാരണം കിഫ്ബിയുടെ വെബ്സൈറ്റ് എടുത്താൽ fraud on the constitution എന്നാണ് കിടക്കുന്നത്. ഞാൻ അന്ന് നടത്തിയ ഒരു പരാമർശമാണ്, അതൊരു ലീഗൽ ഫ്രെയ്സാണ്, കോൺസ്റ്റിറ്റ്യൂഷനെ മറികടന്ന് ചെയ്യുവെന്നുള്ളതാണ്. എന്നാലും എനിക്ക് വിഷമമായി. ഞാൻ വീട്ടിൽപോയി വെബ്സൈറ്റ് എടുത്തുനോക്കിയപ്പോൾ fraud on the constitution അല്ല മറിച്ച് Vigilance raid at KIIFB Headquarters എന്നാണ് കിഫ്ബി സൈറ്റിൽ കിടക്കുന്നത്. അത് ചെയ്തത് പ്രതിപക്ഷമാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മനഃസാക്ഷി സൂക്ഷിപ്പുകാരനാണ് ശ്രീ. ജി. സുധാകരൻ. മുഖ്യമന്ത്രി അറിയാതെ കിഫ്ബി ഹെഡ്ക്വാർട്ടേഴ്സിൽ റെയ്ഡ് നടക്കുമോ? Something is rotten in Denmark എന്നുപറയുന്നതുപോലെ ഇതിലെല്ലാം എന്തോ ചീഞ്ഞുനാറുന്നുണ്ട്. കിഫ്ബിയുമായും ഈ മന്ത്രിസഭയുമായും ബന്ധപ്പെട്ട് കുഴപ്പങ്ങളുണ്ട്.

മി. സ്പീക്കർ: ചെയറെടുത്ത നിലപാടിനെ ഇങ്ങനെ ബൈപ്പാസ് ചെയ്യുന്നത് ശരിയല്ല. സബ്മിഷൻ എന്നുപറഞ്ഞിട്ട് പ്രസംഗിക്കുകയാണോ ചെയ്യുന്നത്; സബ്മിഷൻ അനുവദിച്ചതിന്റെ പേരിൽ ഇങ്ങനെ പ്രസംഗിക്കാൻ സാധിക്കുമോ; സാധിക്കാത്ത കാര്യത്തിന് എന്തിനാണിങ്ങനെ സമ്മർദ്ദം ചെലുത്തുന്നത്? നിങ്ങൾ ബഹളം വച്ചാലും ക്ഷോഭിച്ചാലും ചെയറിന് നിലപാടുകൾ മാറ്റാനാകുമോ? സബ്മിഷന് എടുക്കേണ്ട സമയം സംബന്ധിച്ച് നമ്മളെല്ലാവരുംകൂടി ആലോചിച്ച് തീരുമാനമെടുത്തതല്ലേ. അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. വി. ഡി. സതീശൻ: രണ്ട് മിനിട്ട് കഴിഞ്ഞപ്പോൾ മുതൽ അങ്ങ് ഇടപെടാൻ തുടങ്ങിയതാണ്.

മി. സ്പീക്കർ: ഒരു സബ്മിഷന്റെ സമയം രണ്ട് മിനിട്ടാണല്ലോ.

ശ്രീ. വി. ഡി. സതീശൻ: ഈ സബ്മിഷൻ അങ്ങനെയല്ലല്ലോ. ഈ മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വമില്ലായ്മ പരസ്യമായി പ്രകടമാക്കപ്പെട്ടിരിക്കുകയാണ്. അതിനുള്ള എല്ലാ തെളിവുകളുമുണ്ട്. അതിനാൽ വളരെ ഗൗരവത്തോടെ ഈ വിഷയം സഭ ചർച്ച ചെയ്യണമെന്ന ഞങ്ങളുടെ അഭിപ്രായത്തിൽ ഉറച്ചുനിന്നുകൊണ്ട് വിഷയം അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രതിപക്ഷത്തിന് എത്രമാത്രം വിഷയദാരിദ്ര്യം അനുഭവപ്പെടുന്നുവെന്നുള്ളതിന് ഏറ്റവും വലിയ തെളിവാണ് ഇന്നിവിടെ നടന്ന കാര്യം. ഇത്രമാത്രം വിഷയദാരിദ്ര്യമനുഭവിക്കുന്ന പ്രതിപക്ഷത്തെ എന്തിനാണ് ഭരണപക്ഷം ഭയപ്പെടുന്നത്? ഭരണപക്ഷവും ഗവൺമെന്റും സ്വീകരിക്കുന്ന നടപടികൾമൂലം ആവനാഴിയിൽ അമ്പൊന്നുമില്ലാതെ പ്രതിപക്ഷം വല്ലാത്ത അവസ്ഥയിലായിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള ജനോപകാരപ്രദമായ നടപടികൾ കൂട്ടുത്തരവാദിത്വത്തോടുകൂടി തന്നെയാണ് നിർവ്വഹിക്കുന്നത്. ഒരു കൂട്ടുത്തരവാദിത്വ തകർച്ചയും ഇവിടെ സംഭവിച്ചിട്ടില്ല. ഇന്നലെ ഒരു മാധ്യമം തെറ്റായ വാർത്ത പ്രസിദ്ധീകരിച്ചപ്പോൾ അതുമായി ബന്ധപ്പെട്ട് ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ പ്രസ്താവന ഇന്നലെത്തന്നെ വന്നിരുന്നു. ആ പ്രസ്താവനയിൽ പറയുന്നത്, "ടാക്സ് കൺസൾട്ടന്റ്സ് അസോസിയേഷൻ കേരള സംസ്ഥാന സമ്മേളനത്തിന്റെ പ്രതിനിധി സമ്മേളനം ഉത്ഘാടനം ചെയ്ത് സംസാരിക്കവെ ധനവകുപ്പിനെതിരെയും കിഫ്ബി പദ്ധതികൾക്കെതിരെയും താൻ പ്രസംഗിച്ചതായ വാർത്ത ഭാവനാസൃഷ്ടിയാണെന്ന് മന്ത്രി ശ്രീ. ജി. സുധാകരൻ അറിയിച്ചു. ഒരക്ഷരംപോലും

കിഫ്ബിക്കെതിരെ സംസാരിച്ചിട്ടില്ല. കിഫ്ബി മുഖേന സംസ്ഥാനത്തുണ്ടാകുന്ന വികസനക്കുതിപ്പിനെപ്പറ്റിയാണ് സംസാരിച്ചത്. അഞ്ച് വർഷം കിഫ്ബി വഴി സംസ്ഥാനത്ത് ഒരു ലക്ഷം കോടി രൂപയുടേയും ആലപ്പുഴ ജില്ലയിൽ പതിനായിരം കോടി രൂപയുടേയും അടിസ്ഥാന സൗകര്യ വികസനം നടക്കുമെന്നാണ് പറഞ്ഞത്. ഒരു വർഷത്തെ ഉദാഹരണങ്ങളും വിശദീകരിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പ് അടക്കമുള്ള ഭരണ വകുപ്പുകളിൽ പതിറ്റാണ്ടുകളായി തുടർന്നുവരുന്ന ചില ഗുണകരമല്ലാത്ത ശീലങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ പറഞ്ഞു. അതിലൊന്നും കിഫ്ബിയെ പരാമർശിച്ചിട്ടില്ല. ഇത് ബോധപൂർവ്വം കെട്ടിച്ചമച്ച വാർത്തയാണ്. ഇതിൽ അതിശക്തമായ പ്രതിഷേധം അറിയിക്കുന്നതായും ഒരു മാധ്യമ പ്രവർത്തകനും ഇപ്രകാരം പറയാത്ത കാര്യങ്ങൾ റിപ്പോർട്ട് ചെയ്യാൻ അധികാരമില്ലെന്നും ശ്രീ. ജി. സുധാകരൻ പറഞ്ഞു. സമ്മേളനത്തിന്റെ അദ്ധ്യക്ഷനായിരുന്ന ശ്രീ. എ.എൻ.പുരം ശിവകുമാർ വാർത്തകണ്ട് എന്നെ വിളിച്ചു. കിഫ്ബിക്കെതിരായി ഒരു കാര്യവും ഉത്ഘാടന പ്രസംഗത്തിൽ പറഞ്ഞിട്ടില്ലെന്ന് പറയുകയും ചെയ്തു. ഇത്തരത്തിൽ പ്രസംഗത്തിൽ പറഞ്ഞ നല്ല കാര്യങ്ങൾ തമസ്കരിക്കുകയും വ്യാജവാർത്തകൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന രീതി ഒരു മാധ്യമത്തിനും നല്ലതല്ലെന്നും ശ്രീ. ജി. സുധാകരൻ അറിയിച്ചു. " ഇത് ഇന്നലെ പ്രസിദ്ധീകരണത്തിന് കൊടുത്തതാണ്. ഇന്ന് ഇതുമായി ബന്ധപ്പെട്ട വാർത്തകൾ വന്നിട്ടുമുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നിഷേധക്കുറിപ്പാണ് ഇവിടെ വായിച്ചത്. ശ്രീ. വി. ഡി. സതീശൻ ഏഷ്യാനെറ്റിന്റെ ഒരു സി.ഡി. മേശപ്പുറത്തുവയ്ക്കാനുള്ള അനുമതി ചോദിച്ചിട്ടുണ്ട്. അനുമതി ലഭിക്കുകയാണെങ്കിൽ അത് മേശപ്പുറത്ത് വയ്ക്കും. ശ്രീ. ജി. സുധാകരൻ മനസ്സിലുള്ള കാര്യം തുറന്നുപറയുന്നയാളാണെന്ന് എല്ലാവർക്കുമറിയാം. അദ്ദേഹം പറഞ്ഞതിനെ ഞങ്ങളും പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. അദ്ദേഹം തെറ്റായിട്ടെന്തെങ്കിലും പറഞ്ഞുവെന്ന് ഞങ്ങളാരും പറയുന്നില്ല. ശ്രീ. ജി. സുധാകരൻ പറഞ്ഞത് വസ്തുതയാണ്. ആ വസ്തുതയാണ് സി.ഡി.-യിലുള്ളത്. അങ്ങ് ആ സി.ഡി. കേൾക്കാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ഏഷ്യാനെറ്റിനെയാണ് പ്രധാന സാക്ഷിയായി അവതരിപ്പിക്കുന്നത്. ഏഷ്യാനെറ്റ് ഇപ്പോൾ ശ്രീ. രാജീവ് ചന്ദ്രശേഖറിന്റെ നിയന്ത്രണത്തിലാണല്ലോ. ......(ബഹളം)...... ശ്രീ. രാജീവ് ചന്ദ്രശേഖറിനെപ്പറ്റി പറയുമ്പോൾ ഇവർക്കെന്താണിത്ര പൊള്ളുന്നത്?

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുകയാണ്. പ്രതിപക്ഷാംഗങ്ങൾ ഇരിക്കൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചതിനുശേഷം പ്രതിപക്ഷ നേതാവിന് ചോദ്യങ്ങൾ ചോദിക്കാനും ഇടപെടാനും അവസരമുണ്ടല്ലോ; പ്രസംഗത്തിനിടയിൽ എഴുന്നേറ്റുനിന്ന് പറയുന്നത് ശരിയല്ലെന്ന് നിങ്ങൾ തന്നെയല്ലേ പറയുന്നത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ......(ബഹളം)...... ശ്രീ. രാജീവ് ചന്ദ്രശേഖറിനെപ്പറ്റി പറയുമ്പോൾ ഇവർക്കെന്താണിത്ര പൊള്ളൽ വരുന്നത്? ശ്രീ. രാജീവ് ചന്ദ്രശേഖറിനെക്കുറിച്ച് പറയാൻ എന്റേതായ കാരണങ്ങളുണ്ട്. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ഞാനത് പറയട്ടെ. ഇന്നലെ ശ്രീ. ഒ. രാജഗോപാൽ അദ്ദേഹത്തിന്റെ ഓഫീസ് ആക്രമിച്ചെന്ന് പറഞ്ഞുകൊണ്ട് ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നല്ലോ. സബ്മിഷൻ ഉന്നയിച്ചതിന്റെ തലേ ദിവസം ശ്രീ. രാജീവ് ചന്ദ്രശേഖർ ആ വിഷയം ഏറ്റെടുത്തിരുന്നു. ശ്രീ. ഒ. രാജഗോപാലിന്റെ ഓഫീസ് ആക്രമിക്കപ്പെട്ട വിഷയത്തിൽ എന്നെയാണ് അദ്ദേഹം കുറ്റപ്പെടുത്തിയത്. മുഖ്യമന്ത്രിയെന്ന നിലയ്ക്കുള്ള കുറ്റപ്പെടുത്തൽ മാത്രമല്ല, വ്യക്തിപരമായിത്തന്നെ കുറ്റപ്പെടുത്താൻ അദ്ദേഹം തയ്യാറായി. അത് ബി.ജെ.പി.-യുടെ രാഷ്ട്രീയം വച്ചുകൊണ്ടാണ്. ബി.ജെ.പി.-യുടെ രാഷ്ട്രീയത്തിന്റെ വക്താവായി നിന്നുകൊണ്ട് ആക്ഷേപിക്കാൻ പുറപ്പെട്ട ശ്രീ. രാജീവ് ചന്ദ്രശേഖരന്റെ ഉടമസ്ഥതയിലുള്ള ഒരു ചാനലാണ് ഇന്ന് ഏഷ്യാനെറ്റ്. ആ ഏഷ്യാനെറ്റിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത് ശ്രീ. രാജീവ് ചന്ദ്രശേഖറാണ്. ഇവിടെ നടന്ന പല കാര്യങ്ങളെക്കുറിച്ചും എങ്ങനെയാണ് വാർത്ത നൽകേണ്ടത് എന്നുപോലും ഏഷ്യാനെറ്റിനോട് ശ്രീ. രാജീവ് ചന്ദ്രശേഖർ നിർദ്ദേശിച്ചിരുന്നുവെന്നുള്ളതും വസ്തുതാപരമായ കാര്യമാണ്. അതിന്റെ ഭാഗമായി അങ്ങേയറ്റം പക്ഷപാതപരമായ രീതിയിൽ; മാധ്യമധർമ്മം തന്നെ മറന്നുകൊണ്ട് വാർത്ത കൊടുക്കുന്ന ഏഷ്യാനെറ്റിനെയാണ് ഇവിടെ വലിയ തോതിൽ ഉദാഹരിക്കാനും എടുത്ത് സാക്ഷ്യപ്പെടുത്താനും തയ്യാറായിട്ടുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പി. ഗോവിന്ദപിള്ളയെ അങ്ങേയ്ക്കറിയാമല്ലോ. കമ്മ്യൂണിസ്റ്റുകാർക്ക് മറക്കാൻ കഴിയാത്ത ഒരു പേരാണ് പി. ഗോവിന്ദപിള്ള. അദ്ദേഹത്തിന്റെ മകനാണ് ഏഷ്യാനെറ്റിന്റെ ന്യൂസ് എഡിറ്റർ എന്നുള്ള കാര്യം അങ്ങ് മറന്നുപോകരുത്. ശ്രീ. രാജീവ് ചന്ദ്രശേഖറിനെപ്പറ്റി പറഞ്ഞാൽ ഞങ്ങൾക്ക് കൊള്ളേണ്ട കാര്യമൊന്നുമില്ല. പക്ഷേ ഏഷ്യാനെറ്റ് ഈ നാട്ടിലെ ഏറ്റവും നിഷ്പക്ഷമായ

ഒരു മീഡിയയാണെന്ന് എല്ലാവരും പരക്കെ അംഗീകരിച്ചിട്ടുള്ളതാണ്. ഏഷ്യാനെറ്റിനെപ്പറ്റിയുള്ള അങ്ങയുടെ പരാമർശം വളരെ ദൗർഭാഗ്യകരമായിപ്പോയി. പി. ഗോവിന്ദപിള്ളയുടെ മകനായ ശ്രീ. എം. ജി. രാധാകൃഷ്ണനാണ് ഏഷ്യാനെറ്റിന്റെ ന്യൂസ് എഡിറ്റർ എന്നുള്ള കാര്യം അങ്ങ് മറന്നുപോകരുത്.

ശ്രീ. പിണറായി വിജയൻ: സർ, ശ്രീ. എം. ജി. രാധാകൃഷ്ണൻ നല്ലൊരു പത്രപ്രവർത്തകനും മാധ്യമപ്രവർത്തകനുമാണ്. ആ കാര്യത്തിലൊന്നും സംശയമില്ല. അദ്ദേഹത്തിന് അദ്ദേഹത്തിന്റേതായ പരിമിതികൾ സ്വാഭാവികമായും ഉണ്ടാകും. നയപരമായി ഒരു ചാനലിന്റെ കാര്യങ്ങൾ അതിന്റെ ഉടമകളാണ് തീരുമാനിക്കുക. ശ്രീ. എം. ജി. രാധാകൃഷ്ണൻ യോഗ്യനായതുകൊണ്ട് ശ്രീ. രാജീവ് ചന്ദ്രശേഖർ അതേപോലെയാകണമെന്നില്ല. ശ്രീ. രാജീവ് ചന്ദ്രശേഖർ അദ്ദേഹത്തിന്റെ രാഷ്ട്രീയം വച്ച് നിലപാട് സ്വീകരിക്കുകയാണ്. അതിന്റെ ഭാഗമായി ഏഷ്യാനെറ്റ് ഏഷ്യാനെറ്റിന്റേതായ നിലപാട് സ്വീകരിക്കുന്നുണ്ടാവും. അത് ഞങ്ങൾക്ക് ഏതെങ്കിലും തരത്തിൽ ഒരു പ്രശ്നമായി തോന്നിയിട്ടില്ല. പക്ഷേ വലിയൊരു സാക്ഷ്യപ്പെടുത്തൽ വന്നപ്പോൾ എന്താണെന്ന് പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. അതിനുവേണ്ടി മാത്രമാണ് സമയം ചെലവഴിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഏഷ്യാനെറ്റ് വേണ്ട, വേറെ മാധ്യമങ്ങളുടെയും സി.ഡി. ഞങ്ങൾ അങ്ങേയ്ക്ക് തരാം. ഏഷ്യാനെറ്റിനോട് അങ്ങേയ്ക്ക് വ്യക്തിപരമായി വിരോധമുണ്ടെന്ന് എനിക്ക് മനസ്സിലായി. ഏതായാലും ന്യൂസ് എഡിറ്റർ അറിയാതെ ഒരു വാർത്തയും കൊടുക്കാൻ കഴിയില്ലെന്ന് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. ഒരു ചാനലിന്റെ ചെയർമാനായിരുന്ന ആളാണ് ഞാൻ. ഏതായാലും അങ്ങയുടെ ഈ പരാമർശം ബാലിശമായിപ്പോയെന്നാണ് എനിക്ക് പറയാനുള്ളത്....(ബഹളം).......

ശ്രീ. പിണറായി വിജയൻ: സർ, ശ്രീ. ജി. സുധാകരൻ പ്രസ്താവന നടത്തിയെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആരോപണം അടിസ്ഥാനരഹിതവും വസ്തുതാവിരുദ്ധവുമാണ്. കിഫ്ബി മുഖേന സംസ്ഥാനത്തുണ്ടാകുന്ന വികസന കുതിപ്പിനെപ്പറ്റിയാണ് സംസാരിച്ചതെന്ന് അദ്ദേഹംതന്നെ വ്യക്തമാക്കിയ കാര്യം ഞാൻ ഇവിടെ ഉദ്ധരിക്കുകയുണ്ടായി. അതോടൊപ്പം തന്നെ താൻ പറഞ്ഞ നല്ല കാര്യങ്ങൾ തമസ്കരിക്കുകയാണ് മാധ്യമങ്ങൾ ചെയ്തതെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുമുണ്ട്. ആ വിശദീകരണവും മാധ്യമങ്ങളിൽ വന്നിട്ടുണ്ട്. ഈ മന്ത്രിസഭ കൂട്ടുത്തരവാദിത്വത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്.

കൂട്ടുത്തരവാദിത്വത്തെ ബാധിക്കുന്ന ഒരു പ്രവൃത്തിയുംഒരംഗത്തിൽ നിന്നുമുണ്ടായിട്ടില്ല. മറിച്ചുള്ള ആരോപണങ്ങളെല്ലാം രാഷ്ട്രീയപ്രേരിതമായിട്ടുള്ളതാണ്. രാഷ്ട്രീയ പ്രേരിതമായി സഭയ്ക്കകത്ത് നടക്കുന്ന നടപടികളും പുറത്ത് നടക്കുന്ന സമരങ്ങളുടെയും ഗതി എന്തായിരിക്കുമെന്ന് ഞാൻ പറയാതെ തന്നെ പ്രതിപക്ഷത്തിന് അറിയാവുന്നതാണ്. അതാണ് ഇന്നലെ മൂന്നാറിലെ സമരത്തെപ്പറ്റി മാതൃഭൂമി കൊടുത്ത ഒരു വാർത്ത-ആ സമരം പെരുവഴിയിലായിപ്പോയി എന്നാണ് വാർത്ത വന്നിട്ടുള്ളത്. എത്രമാത്രം കൊട്ടിഘോഷിച്ച് ആരംഭിച്ച ഒന്നായിരുന്നു അത്. അതുകൊണ്ടുതന്നെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പൂർണ്ണമായും നിറവേറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു ഭരണഘടനാ തകർച്ചയും ഇവിടെയുണ്ടായിട്ടില്ല. ഭരണഘടനാപരമായ മൂല്യങ്ങളെല്ലാം സംരക്ഷിച്ചുകൊണ്ടുതന്നെയാണ് ഈ സർക്കാർ മുന്നോട്ടുപോയി ക്കൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി വലിയ ജനപിന്തുണയാണ് സർക്കാർ ആർജ്ജിച്ചുകൊണ്ടിരിക്കുന്നത്. ഇത് മറച്ചുവയ്ക്കുന്നതിനുള്ള യാതൊരു ശ്രമവും വിലപ്പോകില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങേയ്ക്ക് സംസാരിക്കാം. .... (ബഹളം).......Let him speak. പോയിന്റ് ഓഫ് ഓർഡർ അങ്ങേയ്ക്ക് അനുവദിക്കാം. അതിനുമുമ്പാണ് അദ്ദേഹം എണീറ്റത്. പ്ലീസ്, പ്ലീസ്...ഇരിക്കൂ.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, എനിക്ക് കൂടുതലായൊന്നും പറയാനില്ല. ഇവിടെ ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കാര്യങ്ങൾ ഔദ്യോഗികമായി പറഞ്ഞു. പ്രതിപക്ഷ ത്തിന് പറയാനുള്ളതും പറഞ്ഞു. ഞാൻ കിഫ്ബിക്കെതിരായി ഒരക്ഷരവും സംസാരിച്ചിട്ടില്ല, അതാണല്ലോ പ്രധാന പ്രശ്നം. സി.ഡി. നോക്കിക്കോളൂ, ഒരു പ്രശ്നവുമില്ല. ഒരിക്കലും അങ്ങനെ സംസാരിച്ചിട്ടില്ല, എനിക്ക് നല്ല ഓർമ്മയുണ്ട്. ഞാൻ സംസാരിച്ച പ്രശ്നം, കേരളപ്പിറവി മുതൽ ഇന്നുവരെ നമ്മുടെ പല ഭരണ വകുപ്പുകളിലും നടന്നുവരുന്ന വികസനത്തിന് തടസ്സമായിട്ടുള്ള ചില കാര്യങ്ങളെപ്പറ്റിയാണ്. അത് എവിടെയും പറയാവുന്ന കാര്യമാണ്. എന്റെ വകുപ്പിനെപ്പറ്റി ഞാൻ പറഞ്ഞു. അതിൽ പ്രധാനമായിട്ടും വന്ന പ്രശ്നം, നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് 4000 കോടി രൂപയിലേറെ വികസന പ്രവർത്തനങ്ങൾ ബഡ്ജറ്റിൽ പണമില്ലാതെ പ്രഖ്യാപിച്ചു. അതിനുമുമ്പും ചെയ്തിട്ടുണ്ട്. പക്ഷേ ഏറ്റവും കൂടുതൽ കഴിഞ്ഞ തവണയാണ് പ്രഖ്യാപിച്ചത്. കൂടുതൽ വർക്ക് ചെയ്തൊരു

മന്ത്രിയാണ് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് എന്ന് ഞാൻ പറയാറുണ്ട്. അത് ആവർത്തിച്ചുപറയുന്നു. ഈ ഗവൺമെന്റ് വന്നപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മണ്ഡലത്തിലെ 146 കോടി രൂപയുടെ പാലത്തിന് ഒറ്റ പൈസയില്ല. അപ്പോൾ ഒരു മാസം ഇതെല്ലാം ഞാൻ നിർത്തിവച്ചു. കരാറിൽ ഒപ്പിടാത്തതൊന്നും തൽക്കാലം വേണ്ടെന്ന് വച്ചു. ബാക്കി പണികളെല്ലാം നടത്തുകയാണ്. 2000 കോടി രൂപയുടേത് നടത്തുകയാണ്. ഇത് വേണ്ടിയിരുന്നില്ല; ഭരണഘടനാപരമായി ഇങ്ങനെ ചെയ്യാൻ നമുക്ക് അധികാരമില്ല. ഇതിനുമുമ്പും ചെയ്തിട്ടുണ്ട്. ഇത് പ്രാക്ടീസാണ്. ഇത് ധനകാര്യ വകുപ്പും മരാമത്ത് വകുപ്പും ചേർന്നാണ് നടത്തുന്നത്. സാധാരണഗതിയിൽ മരാമത്ത് വകുപ്പ് അറിയാതെയല്ല നടത്തുന്നത്. അപ്പോൾ ഇത് മാറ്റണം. ചെറിയ തലത്തിൽ ഇത്തവണയും വന്നു. ഇത് ബഡ്ജറ്റിൽ പറഞ്ഞാൽ ഞങ്ങൾക്ക് സന്തോഷമാണ്, അഭിമാനമാണ്. കാരണം നാട്ടുമുഴുവൻ പറയാം. എന്നാൽ ധനകാര്യ വകുപ്പ് പണ്ടുമുതലേ അത് പറയാറില്ല. അതാണ് ഞാൻ ആ വാക്ക് പ്രയോഗിച്ചത്. ഇതാണ് വസ്തുത. നിങ്ങൾ നോക്കിക്കോളൂ. വേറൊന്നും ഞാൻ പറഞ്ഞിട്ടേയില്ല. കിഫ്ബിക്കെതിരെ പറഞ്ഞില്ലെന്ന് മാത്രമല്ല, അങ്ങയുടെ മണ്ഡലത്തിൽ നടക്കുന്ന വികസനം വരെ ഞാൻ പറഞ്ഞു. കിഫ്ബിക്ക് അനുകൂലമായി മാത്രമേ പറഞ്ഞിട്ടുള്ളൂ. കിഫ്ബിയുടെ വാർത്തയാണല്ലോ മലയാള മനോരമ കൊടുത്തത്. പക്ഷേ മലയാള മനോരമ അത് മനസ്സിലാക്കി. എന്റെ വിശദീകരണം വന്നപ്പോൾ പിന്നെ ഒറ്റക്ഷരം പറഞ്ഞില്ല. ദയവായി ഇത് അംഗീകരിക്കുക. നിങ്ങളുടെ ഉദ്ദേശമെങ്കിലും നടന്നല്ലോ. ഞങ്ങൾക്ക് പറയാനുള്ളതും പറഞ്ഞു.....(ബഹളം).......

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ....., രാജീവ് ചന്ദ്രശേഖറുമായി ബന്ധപ്പെടുത്തി കോൺഗ്രസിന് ബി.ജെ.പി. കണക്ഷനെപ്പറ്റി ഒരു സൂചന തന്നുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പ്രധാനപ്പെട്ട കാര്യം പറയുകയുണ്ടായി. ജോൺ ബ്രിട്ടാസ് എന്നു പറയുന്ന കേരളത്തിലെ....... (ബഹളം).......

<u>മി. സ്പീക്കർ</u>: ക്രമപ്രശ്നമാണ് പറയേണ്ടത്.....(ബഹളം)....... ഇരിക്കു, ഇരിക്കു. ക്രമപ്രശ്നമെന്താണ്. ക്രമപ്രശ്നത്തിന്റെ പേരിൽ അങ്ങ് പ്രസംഗിക്കാൻ പോകരുത്.

<u>ശ്രീ. പി. ടി. തോമസ്</u>: ഞാനൊന്ന് പറഞ്ഞോട്ടെ. കേരളത്തിലെ പ്രമുഖനായ മാധ്യമപ്രവർത്തകൻ ജോൺ ബ്രിട്ടാസ് കൈരളി ടി.വി. യിൽ നിന്ന് ഏഷ്യാനെറ്റിലേയ്ക്ക് പോകുന്ന യാത്രയയപ്പ് വേളയിൽ.......(ബഹളം).......

മി. സ്പീക്കർ: അതിലെന്താണ് ക്രമപ്രശ്നം? ശ്രീ. പി. ടി. തോമസ്, രാഷ്ട്രീയമായ ആരോപണങ്ങൾക്കും പ്രത്യാരോപണങ്ങൾക്കും റൂൾ 304 ഉപയോഗിക്കരുത്.....(ബഹളം)....... അദ്ദേഹം പൂർത്തീകരിക്കട്ടെ. ശ്രീ. പി. ടി. തോമസിനെപ്പോലെയുള്ള സീനിയറായ ആൾ എന്തിനാണ് ഇങ്ങനെ പ്രകോപിപ്പിക്കാൻ നിൽക്കുന്നത്. അങ്ങ് ക്രമപ്രശ്നമാണോ പറയുന്നത്.

ശ്രീ. പി. ടി. തോമസ്: ഞാൻ പറയുന്ന കാര്യം പൂർത്തിയാക്കാതെ എന്തുസംഭവിച്ചാലും ഞാൻ ഇരിക്കുന്ന പ്രശ്നമില്ല.....(ബഹളം)........

മി. സ്പീക്കർ: അങ്ങ് ഒരു വാചകം കൊണ്ട് അങ്ങയുടെ ക്രമപ്രശ്നം പറഞ്ഞ് അവസാനിപ്പിക്കു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട സ്പീക്കർ, ഈ സഭയിലെ ഏതൊരു അംഗത്തിനും ചട്ടങ്ങൾ അനുസരിച്ച് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനുള്ള അവകാശമുണ്ട്. പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുമ്പോൾ അങ്ങാണ് റൂൾ ചെയ്യേണ്ടത്. ദയവായി ഒരംഗത്തിനുള്ള അവകാശത്തെ നിഷേധിക്കുന്നത് ശരിയല്ല. അത് ഭരണ-പ്രതിപക്ഷ അംഗങ്ങൾക്ക് എല്ലാവർക്കുമുള്ള അവകാശമാണ്. അങ്ങ് അദ്ദേഹത്തെ പ്രസംഗിക്കാൻ അനുവദിച്ചു. അങ്ങ് അദ്ദേഹത്തിന് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനുള്ള അവസരം കൊടുക്കണം, പ്രൊട്ടക്ഷൻ കൊടുക്കണം.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡറാണെങ്കിൽ അങ്ങ് ഉന്നയിക്കു.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ ഒരു സെക്കന്റ് കൊണ്ട് അവസാനിപ്പിക്കാം. എന്റെ ബഹുമാന്യനായ സുഹൃത്തും പണ്ട് എന്റെ നാട്ടുകാരനുമായിരുന്ന ജോൺ ബ്രിട്ടാസ് കൈരളി ടി.വി. യിൽ നിന്ന് രാജിവച്ച് ഏഷ്യാനെറ്റിൽ ജോയിൻ ചെയ്യാൻ പോയപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രി അദ്ദേഹത്തിന് ഒരു കാർ സമ്മാനിച്ചാണ് ഏഷ്യാനെറ്റിലേയ്ക്ക് വിട്ടത്. അന്നും രാജീവ് ചന്ദ്രശേഖർ ഉണ്ടായിരുന്നു. അപ്പോൾ ആർ.എസ്.എസ്. ഒക്കെ എവിടെ പോയി എന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറയണം.

മി. സ്പീക്കർ : അനുഭവമാണ് ഗുരു എന്ന് ഞാൻ പറയുന്നത് ഇതുകൊണ്ടാണ്. ശ്രീ. പി. ടി. തോമസിന് ക്രമപ്രശ്നം ഉന്നയിക്കാൻ അനുവാദം കൊടുത്താൽ അദ്ദേഹം ഭൂരിപക്ഷവും ഇങ്ങനെയുള്ള രാഷ്ട്രീയ ആരോപണങ്ങൾ ഉന്നയിക്കാനാണ് ഉപയോഗപ്പെടുത്തുന്നത് എന്നുള്ളത് നിർഭാഗ്യകരമായ ഒരു കാര്യമാണ്. ആ അനുഭവത്തിലാണ് ഞാൻ ഇത് പറയുന്നത്. അദ്ദേഹം ക്രമപ്രശ്നമാണ് ഉന്നയിക്കുന്നതെന്ന് പറഞ്ഞു. ഇപ്പോൾ അദ്ദേഹം ഉന്നയിച്ച കാര്യത്തിൽ ചട്ടപ്രകാരമുള്ള എന്ത് ക്രമപ്രശ്നമാണുള്ളത്. പ്രതിപക്ഷ നേതാവിന് അടുത്ത സബ്മിഷൻ ഉന്നയിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, സംസ്ഥാന ഗവൺമെന്റിന് കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട വിഷയം സർക്കാർ ഗൗരവപൂർവ്വം എടുക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിക്കുകയും ചെയ്തു.)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. സബ്മിഷൻ എന്നുപറയുന്നത് റൂൾ 304 ആണെന്ന് ബഹുമാനപ്പെട്ട സ്പീക്കർക്ക് അറിയാമല്ലോ. ക്രമപ്രശ്നം അല്ലാത്ത സംഗതികളാണ് ഉന്നയിക്കേണ്ടത്. 304-ൽ invoke ചെയ്തുകഴിഞ്ഞാൽ ക്രമപ്രശ്നം അല്ലാത്ത സംഗതി ഉന്നയിക്കാൻ തീരുമാനിച്ച് കഴിഞ്ഞാൽ അതിൽ ക്രമപ്രശ്നമില്ല. 304(iv)-ൽ "അതിൽ നിഗമന വിപരീതാർത്ഥ പദ പ്രയോഗമോ ദോഷാരോപണങ്ങളോ വിശേഷണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ അടങ്ങുവാൻ പാടില്ലാത്തതാണ്. വ്യക്തമായി എഴുതിവച്ച 304 ഉപയോഗപ്പെടുത്തി ബഹുമാനപ്പെട്ട സ്പീക്കർ ഈ സബ്മിഷൻ അനുവദിക്കുമ്പോൾ അതിനുള്ളിൽ അടങ്ങിനിന്നല്ല ഇവിടെ സംസാരിച്ചത്. അതുകൊണ്ട് അതിന് വിപരീതമായി ശ്രീ. പി.ടി. തോമസ് സംസാരിച്ചതെല്ലാം റിക്കോർഡിൽ നിന്ന് മാറ്റണം.*

മി. സ്പീക്കർ : പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. പി. സി. ജോർജ് : സർ, ......

മി. സ്പീക്കർ: നിങ്ങൾക്ക് അവസരം തരാം. നിങ്ങൾ പറയുന്ന വിഷയം സബ്മിഷനായി വരുന്നുണ്ട്. അങ്ങ് അവിടെ ഇരിക്കൂ.

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം 2125/ഇ.ബി.2017/നി.സെ. നമ്പർ രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

ശ്രീ. എസ്. ശർമ്മ : സർ, ഇവിടെ നിയമവകുപ്പുമന്ത്രി കാര്യങ്ങൾ വിശദീകരിച്ചു. രാഷ്ട്രീയ പാപ്പരത്തം സംഭവിക്കുമ്പോൾ പ്രകടമാകുന്ന പ്രതിഫലനങ്ങളാണ് ഇവിടെ ഇന്ന് പ്രകടിപ്പിച്ചത്. കളക്റ്റീവ് റെസ്പോൺസിബിലിറ്റിയെ സംബന്ധിച്ച് പറഞ്ഞു. നമ്മൾ കണ്ണുകൊണ്ട് കണ്ടതല്ലേ, കഴിഞ്ഞ മന്ത്രിസഭയിൽ അഞ്ചാം മന്ത്രിയെ ഉൾപ്പെടുത്തണമെന്ന തർക്ക പ്രശ്നം ഉയർന്നുവന്നപ്പോൾ അന്നത്തെ മന്ത്രിസഭയിലെ അംഗമായിരുന്ന ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത്, അങ്ങനെ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ ഉമ്മൻ ചാണ്ടി മന്ത്രിസഭ കേരളത്തിലെ കോൺഗ്രസ്സിന്റെ അവസാനത്തെ മന്ത്രിസഭയായിരിക്കുമെന്ന്. അന്നത്തെ ഗവൺമെന്റിന്റെ ഒന്നാം ബഡ്ജറ്റ് ശ്രീ. കെ. എം. മാണി അവതരിപ്പിച്ചപ്പോൾ, അപ്പുറത്ത് തൊട്ട് പിറകിലിരിക്കുന്ന ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ബഡ്ജറ്റിനെതിരെ പരസ്യമായ പ്രതികരണം നടത്തി കത്ത് മുഖ്യമന്ത്രിക്ക് കൊടുത്തു. അങ്ങനെ എത്രയോ സംഭവങ്ങളുണ്ടായി. അതൊന്നും ഇവിടെ അടിയന്തരപ്രമേയമായി ചർച്ച ചെയ്യപ്പെട്ടിട്ടില്ല, ചർച്ചയ്ക്ക് അനുവാദം കൊടുക്കുകയും ചെയ്തിട്ടില്ല. അങ്ങ് അക്കാര്യം ഓർക്കുന്നുണ്ടാകും.

## (2) വിദ്യാർത്ഥികളെ വിവസ്ത്രരാക്കിയുള്ള പരിശോധന

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, കേരളം വളരെ ആശങ്കയോടുകൂടി നോക്കിക്കണ്ട വിഷയത്തെ സംബന്ധിച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നൽകിയ സബ്മിഷനിലെ അതേ വിഷയം സംബന്ധിച്ച് ശ്രീ. എം. രാജഗോപാലൻ, ശ്രീ. കെ. സുരേഷ് കുറുപ്പ്, ശ്രീ. പി. സി. ജോർജ് തുടങ്ങിയ അംഗങ്ങളും നേരത്തേ നോട്ടീസ് നൽകിയിരുന്നു എന്നുകൂടി സഭയെ അറിയിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, നീറ്റ് പരീക്ഷ എഴുതാൻപോയ വിദ്യാർത്ഥികളുടെയും വിദ്യാർത്ഥിനികളുടെയും വസ്ത്രമഴിച്ച് പരിശോധന നടത്തിയ സംഭവവുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. കഴിഞ്ഞ ഞായറാഴ്ച നീറ്റ് പരീക്ഷ എഴുതാനെത്തിയ വിദ്യാർത്ഥികളുടെ വസ്ത്രപരിശോധന അവരെ അപമാനിക്കുന്ന രീതിയിൽ അപരിഷ്കൃതമായി നടത്തിയതിൽ അതിശക്തമായ പ്രതിഷേധം കേരളത്തിന്റെ നാനാഭാഗത്തുനിന്നും ഉയർന്നുവരികയാണ്. അക്കാര്യത്തിൽ ഞാൻ ശക്തമായ പ്രതിഷേധം ഇവിടെ രേഖപ്പെടുത്തുകയാണ്. കണ്ണൂർ ജില്ലയിലെ ചില സ്വകാര്യ സ്കൂളുകളിലാണ് ഇത്തരം

ഹീനമായ രീതിയിൽ വിവസ്ത്രമാക്കിയുള്ള പരിശോധന നടന്നതെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ചുള്ള പരിശോധനയ്ക്ക്ശേഷമാണ് വിവസ്ത്രമാക്കിയുള്ള ദേഹപരിശോധന നടത്തിയത്. പരീക്ഷ എഴുതുന്ന കാര്യത്തിൽ എപ്പോഴും ബന്ധപ്പെട്ട ബോർഡുകൾ ചില നിബന്ധനകളും മാനദണ്ഡങ്ങളും നോംസുകളുമൊക്കെ പ്രഖ്യാപിക്കാറുണ്ട്. വിദ്യാർത്ഥികൾ അത് അംഗീകരിക്കാറുമുണ്ട്. പക്ഷെ, അത് അവരുടെ വ്യക്തിത്വത്തെ തകർക്കുന്ന രീതിയിലാകരുത്. സി.ബി.എസ്.ഇ.-യുടെ ഇന്നലത്തെ നിബന്ധനകൾ വളരെ ക്രൂരവും അംഗീകരിക്കാൻ കഴിയാത്തതുമായ രീതിയിലാണ്. പരീക്ഷ എഴുതാൻ വന്ന കുട്ടികളെ അപമാനിക്കുന്നതും ഭീതിയിലാഴ്ത്തുന്നതും മാനസിക സംഘർഷങ്ങൾ ഉണ്ടാകുന്ന തരത്തിലുമാണ് ഇന്നലെ കാര്യങ്ങൾ സംഭവിച്ചത്. പല വിദ്യാർത്ഥികൾക്കും ഇട്ട വസ്ത്രം മാറ്റി പുതിയ വസ്ത്രം ധരിക്കേണ്ടി വന്നു, ചില കുട്ടികൾക്ക് രക്ഷകർത്താക്കൾ കടയിൽ പോയി വേറെ വസ്ത്രം വാങ്ങിക്കൊണ്ടുവന്ന് ധരിക്കേണ്ടിവന്നു, ശിരോവസ്ത്രം മാറ്റേണ്ടി വന്നു, ചില വിദ്യാർത്ഥികൾക്ക് അടിവസ്ത്രം അഴിച്ചുമാറ്റി പുറത്തുനിന്ന മാതാപിതാക്കളുടെ കയ്യിൽ കൊടുക്കേണ്ടി വന്നു. വളരെ ദു:ഖകരമായ സംഭവമല്ലേ ഇത്? മാത്രമല്ല, ചിലരുടെ ചുരിദാറിന്റെ കൈ വെട്ടിമാറ്റി. ഇതൊക്കെ മനുഷ്യാവകാശലംഘനവും ക്രിമിനൽ കുറ്റവുമാണ്. സി.ബി.എസ്.ഇ.-ക്ക് ഇതിനുള്ള അധികാരം കൊടുത്തത് ആരാണ്; ഇത് എന്ത് നടപടിയാണ്? ശാന്തമായ മനസ്സോടുകൂടിയാണ് പരീക്ഷ എഴുതേണ്ടത്. മാനസികമായ പ്രയാസങ്ങളോടുകൂടി പരീക്ഷ എഴുതുന്ന കുട്ടികൾക്കുണ്ടാകുന്ന പ്രതിസന്ധി എത്രമാത്രം വലുതാണെന്നുള്ള കാര്യം നമ്മൾ ആലോചിക്കേണ്ടതാണ്. ബോംബും തോക്കുമായിട്ട് വന്നാണോ ആരെങ്കിലും പരീക്ഷ എഴുതുന്നത്. അങ്ങനെ ആരും പരീക്ഷയ്ക്ക് വരാറില്ലല്ലോ. വിദേശരാജ്യങ്ങളിൽ പരീക്ഷ എഴുതുന്നതിനുമുമ്പ് കുട്ടികൾക്ക് കൗൺസിലിംഗ് കൊടുക്കാറുണ്ട്. വിദേശ രാജ്യത്ത് മാത്രമല്ല നമ്മുടെ നാട്ടിലുമുണ്ട്. കുട്ടികൾക്ക് നല്ല കൗൺസിലിംഗ് കൊടുത്താണ് പരീക്ഷ എഴുതാൻ വിടുന്നത്. പരീക്ഷയ്ക്കുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കുന്ന സി.ബി.എസ്.ഇ. ബോർഡിലുള്ളവർക്ക് ഇത് അറിയാത്തതാണോ? അവരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണോ; അതോ സ്കൂളുകാർ ചെയ്ത സാഹസമാണോ? സ്കൂളുകാർ ചെയ്തതാണെന്ന് ഞാൻ കരുതുന്നില്ല. സി.ബി.എസ്.ഇ. പുറപ്പെടുവിച്ച ചില മാനദണ്ഡങ്ങളാണ് ഇക്കാര്യത്തിലേയ്ക്ക് വഴിതെളിച്ചിട്ടുള്ളതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. മനുഷ്യത്വത്തെ അവഹേളിക്കുന്ന, ആത്മാഭിമാനത്തെ ചോദ്യം

ചെയ്യുന്ന, അപമാനിക്കുന്ന തരത്തിലായിരുന്നു ഇന്നലെ പരിശോധന നടത്തിയത്. മനുഷ്യാവകാശ കമ്മീഷൻ ഇന്നലെ കേസ്സെടുത്തു. അത് വളരെ നല്ല നടപടിയാണ്. ഈ സഭ ഒറ്റക്കെട്ടായി ഇക്കാര്യത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തേണ്ടതാണ്. ബഹുമാന്യനായ മുഖ്യമന്ത്രി സി.ബി.എസ്.ഇ.-യേയും അതോടൊപ്പം കേന്ദ്ര ഗവൺമെന്റിനേയും കേരളത്തിന്റെ പ്രതിഷേധം അറിയിക്കണം. മേലിൽ ഇത്തരം പരീക്ഷകൾ ഉണ്ടാകുമ്പോൾ, നീറ്റല്ല, ദേശീയ തലത്തിലുണ്ടാകുന്ന പരീക്ഷകളിൽ ഇത്തരം മനുഷ്യത്വരഹിതവും ക്രൂരവുമായ പരിശോധനാ നടപടികൾ നിർത്തിവയ്ക്കാൻ ആവശ്യപ്പെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: സബ്മിഷൻ എഴുതിത്തന്ന എല്ലാ അംഗങ്ങൾക്കും ഒരു വാചകം പറയാം.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഇന്നുവരെ ഒരു പരീക്ഷാ കേന്ദ്രത്തിലും വിദ്യാർത്ഥികളോട് കാണിക്കാത്ത ക്രൂരതയാണ് നീറ്റ് പരീക്ഷാ കേന്ദ്രത്തിൽ സി.ബി.എസ്.ഇ. അധികൃതർ നടത്തിയത്. എന്ത് അടിസ്ഥാനത്തിലാണ് നമ്മുടെ നാട്ടിലെ കുഞ്ഞുങ്ങളുടെ വസ്ത്രമുരിഞ്ഞ് പരിശോധന നടത്തിയത്; അടിവസ്ത്രം ധരിക്കാതെ പരീക്ഷാ ഹാളിൽ പോയിരുന്ന് പരീക്ഷ എഴുതാൻ പറഞ്ഞത്? ഇത് ഏറ്റവും ക്രൂരവും നിന്ദ്യവുമായ നടപടിയാണ്. ഇതിന് ഉത്തരവാദികളായവരുടെ പേരിൽ കേസ്സെടുക്കണം. ഇതിനെപ്പറ്റി കേന്ദ്ര ഗവൺമെന്റിനോട് കൃത്യമായി പരാതിപ്പെടണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: സഹോദരിമാരുടെ വസ്ത്രാക്ഷേപം നടത്തിയ ദുശ്ശാസനന്മാരുടെ മനോഭാവമാണ്.

ശ്രീ. എം. രാജഗോപാലൻ : സർ, ഞാൻ വീട്ടുകാരുമായി ഫോണിൽ സംസാരിച്ചപ്പോൾ മകൾക്ക് ഫോൺ കൊടുത്തു. അവർ എന്നോട് സംസാരിക്കുമ്പോൾപോലും ഈ ഷോക്കിൽ നിന്ന് പൂർണ്ണ വിമുക്തയായിരുന്നില്ല. ഇനി ഒരു കുട്ടിക്കും ഈ ഗതിവരാൻ പാടില്ലെന്നും ഇതിൽ ഗവൺമെന്റ് ഇടപെടണമെന്നുമായിരുന്നു ആ കുട്ടിയുടെ അപേക്ഷ. അദ്ധ്യാപികയാണ് ആ കുട്ടിയുടെ അമ്മ. ഞങ്ങളുടെ സ്വപ്നങ്ങളെല്ലാം ആ നിമിഷം ഇല്ലാതായി. മറ്റുള്ളവരുടെ മുഖത്തുനോക്കാൻ കഴിയാതെ തലകുനിച്ച് പരീക്ഷാ ഹാളിലേയ്ക്ക് പോകുന്ന മകളുടെ മുഖം മനസ്സിൽനിന്ന് മായുന്നില്ലായെന്നായിരുന്നു അമ്മയുടെ ഹൃദയനൊമ്പരം. മറ്റൊരു അമ്മ പ്രതികരിച്ചത് വളരെ രോഷത്തോടെയാണ്.

മകളുടെ അഭിമാനത്തിനാണ് അവർ വിലയിട്ടതെന്നാണ് പറഞ്ഞത്. കുട്ടികളുടെ മാനസികനിലയെ പോലും തകർക്കുന്ന നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുന്നത് പരിഷ്കൃത സമൂഹത്തിന് ഒരുതരത്തിലും അംഗീകരിക്കാനാകില്ലെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രതികരണവും അന്വേഷണത്തിന് ഉത്തരവിട്ടുകൊണ്ടുള്ള തുടർനടപടികളും കേരളീയ സമൂഹം പരക്കെ സ്വാഗതം ചെയ്യുന്നതാണ്. നമ്മുടെ നാടിനെ അപമാനിക്കുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രതാപൂർണ്ണമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഗവൺമെന്റിനോട് സബ്മിഷന്റെ ഭാഗമായി ആവശ്യപ്പെടാനുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, ഇതെല്ലാം മുഖ്യമന്ത്രിയുടെ തലയിൽ വയ്ക്കണമെന്ന് നിർബന്ധമുണ്ടോ എന്നാണ് ഈ സഭയോട് എനിക്ക് ചോദിക്കാനുള്ളത്. മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഇന്നലെ വിദ്യാഭ്യാസത്തിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ വളരെ വിശദമായി ഞാൻ ഇക്കാര്യം പറഞ്ഞു. സാംസ്കാരിക വകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഇവിടെയുണ്ടായിരുന്നു. ഒരക്ഷരവും മിണ്ടിയില്ല. മാതൃഭൂമിയിലെ വാർത്ത കണ്ടപ്പോൾ ഇത് യു.പി.-യിലോ ബീഹാറിലോ നടന്നതായിരിക്കുമെന്നാണ് ഞാൻ കരുതിയത്. മൂന്നുപ്രാവശ്യം വായിച്ചപ്പോഴാണ് ഇത് കേരളത്തിലാണെന്ന് മനസ്സിലായത്. നഗ്നത കാണുന്നത് മാനസിക രോഗത്തിന്റെ ഭാഗമാണ്. 'നീറ്റ്' എക്സാമിനേഷൻ എഴുതാൻ പോയ വിദ്യാർത്ഥികളോട് മോശമായി പെരുമാറുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയും സാംസ്കാരിക വകുപ്പുമന്ത്രിയും ഇവിടെ ഉണ്ടായിരുന്നിട്ടും എന്തുകൊണ്ട് മറുപടി പറഞ്ഞില്ല? എന്നിട്ട് ഇപ്പോൾ എല്ലാവരും ആവേശം കൊള്ളുകയാണ്. ഞാനാണ് ഇന്നലെ ഈ സഭയിൽ ഇക്കാര്യം സംസാരിച്ചത്.

മി. സ്പീക്കർ: പ്ലീസ്.....ഇരിക്കു.....അങ്ങയുടെ വികാരം ശരിയാണ്. സഭ ഒന്നടങ്കം ഇതിനെതിരെ പ്രതിഷേധിച്ചുകൊണ്ടിരിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇക്കാര്യം ഞാൻ അറിഞ്ഞില്ല. മറുപടി പറയുന്ന സമയത്ത് ഇക്കാര്യം പറയണമായിരുന്നു. അറിയാത്ത കാര്യത്തിന് എങ്ങനെയാണ് മറുപടി പറയുക?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി പറഞ്ഞ സമയത്ത് ഞാൻ ഇതിനെക്കുറിച്ച് പറഞ്ഞിരുന്നു. അപ്പോൾ അങ്ങ് ഈ സഭയിൽ ഇല്ലായിരുന്നു.

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ്, ഈ സഭ ഒന്നടങ്കം പ്രതിഷേധിക്കേണ്ട ഒരു കാര്യത്തിൽ ഇങ്ങനെ അനാവശ്യമായ തർക്ക വിതർക്കങ്ങൾ ഉണ്ടാക്കേണ്ട. പ്ലീസ്..... ഇരിക്കൂ.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രതിപക്ഷനേതാവും മറ്റംഗങ്ങളും സംസാരിച്ചവരും സംസാരിക്കാത്തവരുമെല്ലാം ഒരേ വികാരത്തിലാണ്. ആ വികാരത്തോടൊപ്പം ഞാനും പങ്കുചേരുകയാണ്. ഇത് അങ്ങേയറ്റം അപരിഷ്കൃതവും ക്രൂരവുമായ നടപടിയാണ്. ഒരു വിദ്യാർത്ഥി പരീക്ഷ എഴുതാൻ പോകുന്നത് സ്വന്തം സ്കൂളിലായാൽപ്പോലും പരീക്ഷാ ഘട്ടത്തിൽ ഒരു മാനസിക പ്രക്ഷുബ്ധാവസ്ഥയുണ്ടാകും. സ്വന്തം സ്കൂളിലല്ലാതിരിക്കുമ്പോഴുണ്ടാകുന്ന ഒരു പരിഭ്രമവുമുണ്ടാകും. ശാന്തമായ മാനസികാവസ്ഥയോടെയാണ് ഏത് കുട്ടിയും പരീക്ഷ എഴുതാൻ പോകേണ്ടത്. അനാവശ്യമായ മാനസികാഘാതം കുട്ടികളിലുണ്ടാകത്തക്ക രീതിയിലുള്ള ഇടപെടലാണ് 'നീറ്റ് ' പരീക്ഷയുടെ ഭാഗമായി ഉണ്ടായിരിക്കുന്നത്. കേരളം സംസ്കാര സമ്പന്നമായ ഒരു സംസ്ഥാനമായതിനാൽ ഇവിടെ നടക്കാൻ പാടില്ലാത്ത കാര്യങ്ങൾ നടക്കുന്നു വെന്ന് കേൾക്കുമ്പോൾ ദേശീയ തലത്തിൽത്തന്നെ ശ്രദ്ധിക്കപ്പെടും. കേരളത്തിൽ എന്താണ് നടക്കുന്നതെന്ന് ചോദിച്ചുകൊണ്ട് ഹൈദരാബാദിലുള്ള ഒരു വിദ്യാർത്ഥി പ്രവർത്തകൻ ഇന്നലെ എനിക്കൊരു സന്ദേശം അയച്ചു. ഇക്കാര്യം പരിശോധിക്കണമെന്ന് ഇന്നലെത്തന്നെ പോലീസിന് നിർദ്ദേശം നൽകിയിരുന്നു. വസ്ത്രങ്ങളുടെ കൈ മുറിച്ചുവെന്നുള്ളത് മാത്രമല്ല, അടിവസ്ത്രം ഊരിയെന്ന് പറയുന്നത് എത്രമാത്രം മാനസികാഘാതമാണ് കുട്ടികളിലുണ്ടാക്കുക. അതിനെക്കുറിച്ച് നിയമപരമായി പരിശോധിക്കണമെന്നും കേസ്സെടുക്കണമെന്നും ഇന്നലെത്തന്നെ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാപകമായ ആക്ഷേപങ്ങളാണ് ഇതുസംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ളത്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ മനസ്സിലാക്കാൻ കഴിയാത്ത ഒട്ടേറെ കാര്യങ്ങൾ ഇതിനകത്തുണ്ട്. കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ അഞ്ച് ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിലാണ് 'നീറ്റ്' പരീക്ഷ നടന്നത്. കണ്ണൂർ ജില്ലയിലെ ആർമി പബ്ലിക് സ്കൂൾ, കുഞ്ഞുമംഗലം ട്രസ്റ്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, എറണാകുളം ജില്ലയിൽ കുറുപ്പംപടി സെന്റ് മേരീസ് പബ്ലിക് സ്കൂൾ എന്നിവിടങ്ങളിലെ പരീക്ഷാർത്ഥികളായ വിദ്യാർത്ഥികളോട്

അധികൃതരുടെ ഭാഗത്തുനിന്നുമുണ്ടായ പെരുമാറ്റവും വസ്ത്ര പരിശോധനയുമാണ് പരാതിക്കിടയാക്കിയത്. ചില വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ വസ്ത്രങ്ങളുടെ കൈ മുറിച്ചുമാറ്റുകയും ലോഹ ബട്ടണുകളും സിബ്ബുകളും നീക്കം ചെയ്യുകയും ചെയ്ത നടപടി വിദ്യാർത്ഥികളിൽ വലിയ മനോവിഷമമുണ്ടാക്കിയിട്ടുണ്ട്. ഈ നടപടി ആർക്കും ന്യായീകരിക്കാനാവില്ല. വിദ്യാർത്ഥികളെ ഡ്രസ്സ് കോഡ് നിബന്ധനകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാണ് പരീക്ഷാ ഹാളിലേയ്ക്ക് പ്രവേശിപ്പിച്ചത്. പല വിദ്യാർത്ഥികളും അത് നിരസിക്കുകയും മാറി നിൽക്കുകയും ചെയ്തു. സ്കൂൾ അധികൃതർ മേലുദ്യോഗസ്ഥരുമായി ബന്ധപ്പെട്ടശേഷം ഇത്തരം വിദ്യാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കുകയും നഷ്ടപ്പെട്ട സമയം അനുവദിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ആർമി പബ്ലിക് സ്കൂളിലുണ്ടായ സംഭവത്തിന്റെ ഗൗരവം മനസ്സിലാക്കി വനിതാ പോലീസുദ്യോഗസ്ഥരുടെ നേതൃത്വത്തിൽ രക്ഷിതാക്കളേയും കുട്ടികളേയും നേരിൽ കാണുകയും ഉണ്ടായ സംഭവങ്ങളുടെ നിജഃസ്ഥിതി അന്വേഷിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ബന്ധപ്പെട്ടവരുടെ വീടുകളിൽ നേരിട്ട് ചെന്ന് അന്വേഷണം നടത്താൻ ഒരു വനിതാ പോലീസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. എറണാകുളം ജില്ലയിലെ കുറുപ്പംപടി സെന്റ് മേരീസ് സ്കൂളിൽ ഒരു വിദ്യാർത്ഥിക്ക് പരീക്ഷ എഴുതാൻപോലും പറ്റിയില്ലെന്ന പരാതിയും ഉയർന്നുവന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് അന്വേഷിക്കുന്നതാണ്. കേരളത്തിന്റെ സംസ്കാരത്തിന് യോജിക്കാത്ത ഇത്തരം സംഭവങ്ങൾക്ക് അടിസ്ഥാന കാരണം സി.ബി.എസ്.ഇ.-യുടെ ഡ്രസ്സ് കോഡും മറ്റ് നിബന്ധനകളുമാണ്. ഒരു തരത്തിലുമുള്ള ലോഹ സാധനങ്ങളും ദേഹത്തുണ്ടാകാൻ പാടില്ലെന്ന വ്യവസ്ഥയാണ് ലോഹ ബട്ടണുകൾപോലും നീക്കുന്നതിലേയ്ക്ക് എത്തിച്ചത്. മുറിക്കയ്യൻ വസ്ത്രങ്ങളേ പാടുള്ളൂവെന്നും ഡ്രസ്സ് കോഡിൽ നിർദ്ദേശിച്ചിരുന്നു. കുട്ടികളുടെ സൽവാറിന്റെ കൈ മുറിച്ചുമാറ്റുന്നതിലേയ്ക്ക് എത്തിച്ചത് ഈ നിബന്ധനയാണ്. പരീക്ഷാക്രമക്കേട് തടയാനെന്ന പേരിൽ സി.ബി.എസ്.ഇ. കൊണ്ടുവന്ന ഡ്രസ്സ് കോഡും മറ്റ് നിബന്ധനകളും വിദ്യാർത്ഥികൾക്ക് വളരെയേറെ മനോവിഷമവും സമ്മർദ്ദവുമുണ്ടാക്കിയിട്ടുണ്ടെന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## (3) അസ്വാഭാവിക മരണം

ശ്രീ. പി. വി. അൻവർ: സർ, എന്റെ മണ്ഡലത്തിൽ വഴിക്കടവ് പോലീസ് സ്റ്റേഷനുകീഴിൽ 19-2-2016-ന് കോയിക്കര മാത്യു എന്ന വ്യക്തി തന്റെ പറമ്പിന്റെ തൊട്ടടുത്തുള്ള പറമ്പിലേയ്ക്ക് നടന്നുപോകുന്ന വഴി ഇലക്ട്രിക് ഷോക്കേറ്റ് മരിക്കുകയുണ്ടായി. തൊട്ടടുത്ത പറമ്പിൽ വന്യമൃഗ ശല്യം തടയുന്നതിനുവേണ്ടി ഇലക്ട്രിക് ഫെൻസിംഗ് ചെയ്യാറുണ്ട്. വൈദ്യുതിയുടെ പവർ കുറച്ച് റെഗുലേറ്റ് ചെയ്ത് മൃഗങ്ങളുടെ ശല്യങ്ങളിൽനിന്ന് കാർഷിക മേഖലയെ രക്ഷിക്കാനുള്ള ഇത്തരമൊരു സംവിധാനം ഈ നാട്ടിലുള്ളതാണ്. ഇലക്ട്രിസിറ്റി ബോർഡ് അറിയാതെ ഇലക്ട്രിക് ലൈനിൽനിന്ന് നേരിട്ട് വൈദ്യുതിയെടുത്ത് കൊടുക്കുന്ന സംവിധാനവും നാട്ടിൽ നടക്കുന്നുണ്ട്. വൈദ്യുതിയില്ലാത്ത പ്രദേശത്തുകൂടിയാണ് അദ്ദേഹം നടന്നുപോയത്. പക്ഷേ അറിയാതെ ഇലക്ട്രിക് ഫെൻസിംഗിൽ തട്ടുകയും മരണമടയുകയും ചെയ്തു. മരണപ്പെട്ട അദ്ദേഹത്തിന്റെ ബോഡി 200 മീറ്റർ അകലെ കൊണ്ടിട്ടു. ആളുകൾ അന്വേഷിച്ചപ്പോൾ ബോഡി കിടക്കുന്നത് 200 മീറ്റർ അകലെയാണ്. 2016 ഫെബ്രുവരി 27-നുതന്നെ അദ്ദേഹത്തിന്റെ ഭാര്യ കേസ് ഫയൽ ചെയ്യുകയും വഴിക്കടവ് പോലീസ് സ്റ്റേഷനിൽ 73/2016 ആയി എഫ്.ഐ.ആർ. തയ്യാറാക്കിയിട്ടുള്ളതുമാണ്. പക്ഷേ ഇതുവരെ പ്രതികളെ പിടിച്ചിട്ടില്ല. ഇലക്ഷന് തൊട്ടുമുമ്പ് നടന്ന സംഭവമാണ്. എക്കാലത്തും യു.ഡി.എഫ്.-ന് അനുകൂലമായി വോട്ട് ചെയ്യുന്ന ആളുകൾ ഈ വിഷയത്തിന്റെ പേരിൽ ശക്തമായി പ്രതിഷേധിക്കുകയുണ്ടായി. എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം സ്ഥലം എം.എൽ.എ. എന്ന നിലയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ പരാതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും ചെയ്തു. പക്ഷേ ഒരാളെയും അറസ്റ്റ് ചെയ്തിട്ടില്ല. ലോക്കൽ പോലീസാണ് ഈ കേസ് അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. നിലമ്പൂരിലെ കോൺഗ്രസ്സ് ഓഫീസിൽവച്ച് കൊല്ലപ്പെട്ട രാധയുടെ മരണവുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രതികളെ രക്ഷിച്ച അതേ പോലീസ് തന്നെയാണ് ഈ കേസും അന്വേഷിക്കുന്നതെന്നാണ് പറയപ്പെടുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഇടപെട്ട് ഈ കേസ് ക്രൈം ബ്രാഞ്ചിനെ ഏല്പിച്ച് യഥാർത്ഥ പ്രതികളെ കണ്ടെത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മലപ്പുറം വഴിക്കടവ് വില്ലേജിൽ മാത്യു കൃഷിയിടത്തിൽ മരിച്ചുകിടന്നതുമായി ബന്ധപ്പെട്ട് വഴിക്കടവ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 73/2016-ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോസ്റ്റ്മോർട്ടം നടത്തിയതിൽനിന്നും വൈദ്യുതാഘാതമാണ് മരണകാരണമെന്ന് അറിവായതിനാൽ IPC 304, ഇലക്ട്രിസിറ്റി ആക്ട് 135 (1) (a), 150 എന്നീ വകുപ്പുകൾ ചേർത്ത് അന്വേഷണം നടത്തിവരികയാണ്. 19-2-2016-ന് കൃഷിയിടത്തിൽ പോയ മാത്യുവിന് പ്രസ്തുത സ്ഥലത്ത് അബദ്ധത്തിൽ ഇലക്ട്രിക് ഷോക്ക് ഏൽക്കാനുള്ള സാദ്ധ്യതയില്ലാത്തതാണ്. കനാലിലൂടെ പോകുന്ന സമയം വഴിയിൽ പന്നിയെ പിടിക്കുന്നതിനായി ആരെങ്കിലും ഒരുക്കിയ കെണിയിൽപ്പെട്ട് ഷോക്ക് ഏൽക്കാനുള്ള സാദ്ധ്യതയുള്ളതിനാൽ ആയതിനെപ്പറ്റി കൂടുതൽ അന്വേഷണം നടത്തിവരുന്നു. ഈ സംഭവത്തെത്തുടർന്ന് നാട്ടുകാരായ ബാലകൃഷ്ണൻ, ഹംസ എന്നിവർ ഒളിവിൽ പോകുകയും മഞ്ചേരി സെഷൻസ് കോടതിയിൽനിന്ന് മുൻകൂർ ജാമ്യം നേടിയിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ രണ്ടുപേർക്കും ഈ കേസിൽ പങ്കുണ്ടോയെന്നും ഇലക്ട്രിക് ഷോക്ക് ഏല്ക്കാനുണ്ടായ സാഹചര്യത്തെപ്പറ്റിയും കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്തുന്നതിന് ജില്ലാ ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ അന്വേഷണം ത്വരിതപ്പെടുത്തി നിജസ്ഥിതി പുറത്തുകൊണ്ടുവരുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## (4) അക്കാദമികേതര സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേരളത്തിൽ നോർക്കയ്ക്ക് തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി എന്നീ മൂന്ന് ഓഫീസുകളാണുള്ളത്. ഇതിൽ നോൺ-അക്കാദമിക് സർട്ടിഫിക്കറ്റുകൾ, പ്രത്യേകിച്ച് ജനന-മരണ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടി കാസർഗോഡ് ജില്ല മുതലുള്ള ആളുകൾ തിരുവനന്തപുരത്തേയ്ക്ക് വരേണ്ടതുണ്ട്. കൊച്ചിയിലും കോഴിക്കോട്ടും ഇതിന് സൗകര്യമുണ്ടാക്കുന്നതിനുവേണ്ടി ഹോം ഡിപ്പാർട്ട്മെന്റ് രണ്ട് അണ്ടർ സെക്രട്ടറിമാരെ നിയമിച്ചിട്ടുണ്ടെങ്കിലും അവർക്ക് അധികാരം കൈമാറാത്തതു കാരണം ഈ അണ്ടർ സെക്രട്ടറിമാർ തിരുവനന്തപുരത്തുതന്നെ ഇപ്പോഴും തുടരുകയാണ്. അവരെ കൊച്ചിയിലേയ്ക്കും കോഴിക്കോട്ടേയ്ക്കും മാറ്റി മലബാർ മേഖലയിലുള്ള ആളുകൾക്കുകൂടി ഇതിനുള്ള സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് വളരെ ന്യായമായ ഒരാവശ്യമാണ്. നോൺ-അക്കാദമിക് സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിന് സെക്രട്ടേറിയറ്റിൽ നിലവിലുള്ള ഹോം അറ്റസ്റ്റേഷൻ വകുപ്പിലെ സംവിധാനം നിലനിർത്തിക്കൊണ്ട്, നോർക്ക റൂട്ട്സിന് കീഴിലുള്ള എറണാകുളം, കോഴിക്കോട് സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സെന്ററുകളിലെ ഹോം അറ്റസ്റ്റേഷൻ ഓഫീസർമാരുടെ സേവനം പ്രയോജനപ്പെടുത്തി നോൺ-അക്കാദമിക് സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്. ഇതുവഴി അപേക്ഷകർക്കുണ്ടാകുന്ന അധികച്ചെലവ്, സമയനഷ്ടം, ബുദ്ധിമുട്ട് എന്നിവ ഒഴിവാക്കാൻ സാധിക്കുന്നതാണ്. ആവശ്യമായ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

## (5) ബയോ ഡൈവേഴ്സിറ്റി ബൊട്ടാണിക്കൽ ഗാർഡൻ

ശ്രീ. എസ്. രാജേന്ദ്രൻ: സർ, കെ.ഡി.എച്ച്. വില്ലേജിൽ 1971-ലെ നിയമപ്രകാരം ലാൻഡ് ബോർഡ് അവാർഡ് അനുസരിച്ച് സർക്കാരിന്റെ പുറമ്പോക്ക് ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുള്ള സ്ഥലം ബയോ ഡൈവേഴ്സിറ്റി ബൊട്ടാണിക്കൽ ഗാർഡന് വിട്ടുനൽകണം. അവർക്ക് 100 ഏക്കർ ഭൂമിയാണ് വേണ്ടത്. 64 ഏക്കർ ഭൂമിയുടെ നിയമ നടപടികളെല്ലാം പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. ബാക്കി ഭൂമി കൂടി കിട്ടാനും അതിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക വിനിയോഗിക്കാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ദേശീയ ജൈവ വൈവിധ്യ ഉദ്യാനവും പരമ്പരാഗത വിജ്ഞാന കേന്ദ്രവും പദ്ധതി നടപ്പിലാക്കുന്നതിന് കൈമാറി നൽകണമെന്ന് കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ആവശ്യപ്പെട്ടിട്ടുള്ള കെ.ഡി.എച്ച്. വില്ലേജ് സർവ്വേ നമ്പർ 8(1)-ൽപ്പെട്ട 25.0914 ഹെക്ടർ 62 ഏക്കർ സ്ഥലം ലാൻഡ് ബോർഡ് അവാർഡ് പ്രകാരം കണ്ണൻ ദേവൻ കമ്പനിയിൽ നിന്നും മിച്ചഭൂമിയായി സർക്കാർ ഏറ്റെടുത്ത് പുറമ്പോക്കിൽ ചേർത്ത 70451.61 ഏക്കർ ഭൂമിയിൽ ഉൾപ്പെട്ടുവരുന്നതാണ്. പ്രസ്തുത ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് 19-2-1977-ലെ ജി.ഒ. (എം.എസ്.)262/77/ആർ.ഡി. പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ജി.ഒ.(എം.എസ്.) നമ്പർ 349/77/ആർ.ഡി. പ്രകാരം കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ സർവ്വേ നമ്പർ 8(1)-ൽപ്പെടുന്ന സ്ഥലത്തിൽ 43452.80 ഏക്കർ ഭൂമി തൽസ്ഥിതി നിലനിർത്തേണ്ടതും വനം വകുപ്പിന്റെ സംരക്ഷണ ചുമതലയിലുമായതിനാൽ ഇക്കാര്യത്തിൽ വനം വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

(6) കുടിവെള്ളക്ഷാമം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന ആലത്തൂർ, തരൂർ മണ്ഡലങ്ങളിലെ വണ്ടാഴി-കിഴക്കഞ്ചേരി-വടക്കഞ്ചേരി-കണ്ണമ്പ്ര പഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒരു മേജർ ജലവിതരണ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതിന്റെ ഒന്നാം ഘട്ടത്തിന് 20 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും പ്രവൃത്തി ടെണ്ടർ ചെയ്ത് ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. അതിനുശേഷം ഈ പദ്ധതി കേന്ദ്രസർക്കാരിന്റെ എൻ.ആർ.ഡി.ഡബ്ല്യു.പി. സ്കീമിൽ ഉൾപ്പെട്ടതാണെന്ന് പറഞ്ഞെങ്കിലും ആ സ്കീം നിർത്തലാക്കപ്പെട്ട സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കിയതിനുശേഷം പ്രവൃത്തി ആരംഭിച്ചാൽ മതിയെന്ന നിർദ്ദേശമാണ് ഗവൺമെന്റ് കൊടുത്തത്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി 75 കോടി രൂപ ഈ സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാം ഘട്ട പ്രവൃത്തികൾ ആരംഭിച്ചാൽ മാത്രമേ രണ്ടാം ഘട്ടത്തിലുള്ള പ്രവൃത്തികൾ ആരംഭിക്കാൻ കഴിയൂ. കേന്ദ്ര സഹായം നിർത്തലാക്കിയ സാഹചര്യത്തിൽ തരൂർ, ആലത്തൂർ മണ്ഡലങ്ങളിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ അഭിമുഖീകരിക്കുന്ന കടുത്ത കുടിവെള്ളക്ഷാമം പരിഗണിച്ച് ഈ പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ ഫണ്ട് സംസ്ഥാന സർക്കാർ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, തരൂർ, ആലത്തൂർ മണ്ഡലങ്ങളിലെ വണ്ടാഴി-കിഴക്കഞ്ചേരി-വടക്കഞ്ചേരി-കണ്ണമ്പ്ര കുടിവെള്ള പദ്ധതിക്ക് 2014-ൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി 20 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. യഥാസമയം സ്ഥലം ലഭ്യമാകാത്തതിനാൽ പദ്ധതി നിർവ്വഹണത്തിന് കാലതാമസം നേരിട്ടു. 20-4-2017-ൽ പദ്ധതിയുടെ ദർഘാസിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ 1-11-2016-ലെ കത്ത് പ്രകാരം 25 ശതമാനത്തിനുതാഴെ നിർമ്മാണ പുരോഗതി രേഖപ്പെടുത്തിയിട്ടുള്ള കേന്ദ്ര സർക്കാർ സഹായത്തിലുള്ള കുടിവെള്ള പദ്ധതികൾ പൂർണ്ണമായും സംസ്ഥാന സഹായത്തോടുകൂടി പൂർത്തിയാക്കാൻ കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുകയാണ്. 1-11-2016-ൽ വണ്ടാഴി-കിഴക്കഞ്ചേരി-വടക്കഞ്ചേരി-കണ്ണമ്പ്ര കുടിവെള്ള പദ്ധതി നിർമ്മാണം ആരംഭിച്ചിട്ടില്ല. ആയതിനാൽ നിലവിലുള്ള പദ്ധതിക്ക് കേന്ദ്രസഹായമായി ലഭിക്കേണ്ടിയിരുന്ന 50 ശതമാനം തുക ലഭ്യമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. 2017-18-ലെ ഗ്രാമീണ

കുടിവെള്ള പദ്ധതിയുടെ വാർഷിക പദ്ധതി അവലോകന യോഗത്തിലെ തീരുമാനമനുസരിച്ച് പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ പലതാണ്. എന്നാൽ ആ നിയന്ത്രണങ്ങളിൽ നിന്നും തുറസ്സായ സ്ഥലത്ത് മലവിസർജ്ജനരഹിത പ്രദേശം, സൻസദ് ആദർശ് ഗ്രാമ യോജന, ഫ്ലൂറൈഡ്, ആഴ്സെനിക് ബാധിത പ്രദേശങ്ങൾ എന്നിവിടങ്ങളിലെ കുടിവെള്ള പദ്ധതികളെ മാത്രമേ ഒഴിവാക്കിയിട്ടുള്ളൂ. ഇതനുസരിച്ച് തുറസ്സായ സ്ഥലത്ത് മലവിസർജ്ജനരഹിത സംസ്ഥാനമെന്ന പരിഗണന വച്ച് സംസ്ഥാനത്തിന് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കിത്തരണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചെങ്കിലും ഇതുവരെ അനുകൂല തീരുമാനമൊന്നും ഉണ്ടായിട്ടില്ല. എൻ.ആർ.ഡി.ഡബ്ല്യു.പി. പദ്ധതി പ്രകാരം പണി പൂർത്തീകരിച്ചതിന് 234 കോടിയിലധികം രൂപ കുടിശ്ശികക്കാർക്ക് കൊടുക്കാനുണ്ട്. അവർ നിരവധി കേസ്സുകളും കോടതിയലക്ഷ്യ കേസ്സുകളും ഫയൽ ചെയ്തുകൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ കമ്മിറ്റഡ് എക്സ്പെൻഡിച്ചർ, ചെയ്തുകൊണ്ടിരിക്കുന്ന പദ്ധതിയിൽ 1505 കോടി രൂപ കൊടുക്കാനുള്ളതിനാൽ ഈ പദ്ധതി ഏറ്റെടുക്കാൻ കഴിയുമോ എന്ന് സംശയമുണ്ട്. എന്നാൽ ഫണ്ട് ലഭ്യമാക്കി ടെണ്ടർ വിളിച്ചുകഴിഞ്ഞ ഈ പദ്ധതികൾ നടത്തുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. ധനകാര്യവകുപ്പുമായി ഈ വിഷയം സംസാരിക്കും. ഏത് രൂപത്തിൽ നടത്താൻ കഴിയുമെന്ന് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

## (7) അടിസ്ഥാന സൗകര്യ വികസനം

ശ്രീമതി പി. അയിഷാ പോറ്റി: സർ, എം.സി. റോഡും എൻ.എച്ച്.-ഉം സന്ധിക്കുന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ട്രോമാ കെയർ സംവിധാനം പ്രവർത്തിപ്പിക്കുന്നതിനുള്ള കെട്ടിട സൗകര്യങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞു. അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കിയ സ്ഥിതിക്ക് ട്രോമാ കെയർ യൂണിറ്റ് അനുവദിച്ചുവെന്ന് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് ഏറ്റവും വേഗത്തിൽ പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. നിലവിൽ 217 ബെഡ് സ്ട്രെങ്ത്തുള്ള പ്രസ്തുത ആശുപത്രിയിൽ 400 ബെഡ് ഇടാനുള്ള സൗകര്യമുള്ളതിനാൽ ആ തരത്തിൽ അത് ഉയർത്തിക്കൊണ്ടുവരാനും ആർ.എം.ഒ. പോസ്റ്റ് ഉൾപ്പെടെ വരുംവിധം സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാനുമുള്ള നടപടിയുണ്ടാകണം. വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നതിനാൽ അവിടെ അനുവദിച്ചിട്ടുള്ള കാരുണ്യ ഡയാലിസിസ് സെന്റർ യൂണിറ്റ് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ച് താലൂക്കാശുപത്രിയെ മെച്ചപ്പെട്ട നിലയിലാക്കാൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കൊട്ടാരക്കര താലൂക്കാശുപത്രിയിലെ കിടക്കകളുടെ എണ്ണം 217 ആണ്. ശരാശരി ഒ.പി. 1500-ഉം ഐ.പി. 300-ഉം ആണ്. പീഡിയാട്രിക്സ്, ഗൈനക്കോളജി, ഓർത്തോ, സൈക്യാട്രി, ഇ.എൻ.ടി., ജനറൽ മെഡിസിൻ, സർജറി, ഒഫ്താൽമോളജി, അനസ്തേഷ്യ, ഡെർമറ്റോളജി, ഡെന്റൽ എന്നീ സ്പെഷ്യാലിറ്റി സേവനങ്ങൾ ഈ ആശുപത്രിയിൽ ലഭ്യമാണ്. 24 മണിക്കൂറും കാഷ്വാലിറ്റി സംവിധാനം, ലബോറട്ടറി, ബ്ലഡ് ബാങ്ക്, ഇ.സി.ജി., എക്സ്റേ, ന്യൂ ബോൺ ഐ.സി.യു. എന്നിവയടക്കമുള്ള സേവനങ്ങളും ഈ ആശുപത്രിയിൽ ലഭ്യമാണ്. 'ആർദ്രം' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലുകളിൽ കൊട്ടാരക്കര താലൂക്കാശുപത്രിയും ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യത്യസ്ത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന താലൂക്കുതല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ പുനഃക്രമീകരിക്കുക എന്നതാണ് 'ആർദ്രം' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

2012-ൽ കാരുണ്യ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചതായി പ്രഖ്യാപിച്ചെങ്കിലും ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. എന്നാൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 2017-18 വർഷത്തിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ നടപടി സ്വീകരിച്ചുവരുന്നു. ഡയാലിസിസ് യൂണിറ്റിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-നെയും ഉപകരണങ്ങൾ വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ.-നെയും ചുമതല പ്പെടുത്തിയിട്ടുണ്ട്. കെ.എച്ച്.ആർ.ഡബ്ല്യു. എസ്. ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 14-8-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം ഈ ആശുപത്രിക്ക് ട്രോമാ കെയർ യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 2016-17-ലെ പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള തുക കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന് കൈമാറിയിട്ടുണ്ട്. ട്രോമാ കെയർ യൂണിറ്റിന്റെ പ്രവർത്തനം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുകയാണ്. താലൂക്ക് ഹോസ്പിറ്റലുകളിൽ സ്പെഷ്യാലിറ്റി സൗകര്യം വർദ്ധിപ്പിക്കുക എന്ന 'ആർദ്രം' പദ്ധതിയുടെ പട്ടികയിൽ കൊട്ടാരക്കര താലൂക്കാശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (8) സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ ആനുകൂല്യങ്ങൾ

ശ്രീ. എം. സ്വരാജ്: സർ, നമ്മുടെ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് നിലവിൽ വളരെ തുച്ഛമായ വേതനമാണ് നൽകിവരുന്നത്. മാത്രമല്ല കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് നിയമാനുസൃതമായി ലഭിക്കേണ്ട അവധിയടക്കമുള്ള മറ്റാനുകൂല്യങ്ങളും നൽകുന്നില്ല. കരാർ ജീവനക്കാരുടെ വേതനം നിശ്ചയിച്ച് സർക്കാർ പുറത്തിറക്കിയ ജി.ഒ. (പി) നമ്പർ 28/2016 ഉത്തരവിൽ ഇവരുടെ തസ്തിക ഉൾപ്പെടുത്താത്തതും ഇവർക്ക് ന്യായമായി ലഭിക്കേണ്ട വേതനവും ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്നതിന് കാരണമായിട്ടുണ്ട്. സ്വന്തം വീടുകളിൽ പോലും പെൺകുട്ടികൾ സുരക്ഷിതരല്ലാത്ത ഇന്നത്തെ സാഹചര്യത്തിൽ പെൺകുട്ടികൾക്ക് കൃത്യമായ ദിശാബോധം നൽകി അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും വ്യത്യസ്ത തരത്തിലുള്ള ചൂഷണങ്ങൾക്കെതിരായി പ്രതിരോധിക്കാനും ഇത്തരം സംഭവങ്ങൾ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരാനും തടയാനുമൊക്കെ സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ സേവനം പരമപ്രധാനമാണ്. നിലവിൽ സംസ്ഥാനത്താകെ അറുന്നൂറോളം സൈക്കോ സോഷ്യൽ കൗൺസിലർമാരാണ് പ്രവർത്തിച്ചു വരുന്നത്. വനിതകൾ മാത്രമാണ് ഈ മേഖലയിലുള്ളത്. സ്കൂളുകളിൽ മാത്രമല്ല അതത് പ്രദേശത്തെ അമ്മമാർക്കും സ്ത്രീകൾക്കും ഇവരുടെ സേവനം ലഭ്യമാണ്. എം.എസ്.ഡബ്ല്യൂ./എം.എ. സൈക്കോളജിയാണ് ഇവരുടെ അടിസ്ഥാന യോഗ്യത. ഈ യോഗ്യതയുള്ളവർക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ പകുതിപോലും ഇപ്പോൾ അവർക്ക് കിട്ടുന്നില്ല. കേവലം 12,500 രൂപ മാത്രമാണ് വേതനമായി ലഭിക്കുന്നത്. മറ്റാനുകൂല്യങ്ങളൊന്നും ഇവർക്കില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇത്തരത്തിലുള്ള ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ലൈബ്രേറിയന്റെ ശമ്പളം 2,050-രൂപയിൽ നിന്നും 12,000 രൂപയാക്കി മാറ്റിയ ഗവൺമെന്റാണിത്. കുടുംബശ്രീ കരാർ ജീവനക്കാരുടേത് 15,000-രൂപയിൽ നിന്നും 30,000 മുതൽ 45,000 രൂപ വരെയായി നമ്മൾ വർദ്ധിപ്പിച്ചു. ബ്ലോക്ക് സാക്ഷരതാ പ്രേരകിന്റെ ശമ്പളം 3,200-രൂപയിൽ നിന്നും 15,000-രൂപയായി കൂട്ടി. പക്ഷെ ഈ വിഭാഗം അവഗണിക്കപ്പെടുകയാണ്. ഈ കാലഘട്ടത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കടന്നാക്രമണങ്ങൾ വലിയ ചർച്ചാ വിഷയമായി കടന്നുവരുമ്പോൾ ഇവരുടെ സേവനത്തിന്റെ സാമൂഹ്യ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തരമായി അർഹമായ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സംസ്ഥാനത്ത് നിലവിൽ 666 സ്കൂളുകളിൽ സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി നടപ്പിലാക്കി വരുന്നു. ബഹുമാന്യയായ പി. കെ. ശ്രീമതി ടീച്ചർ മന്ത്രിയായിരുന്ന സമയത്താണ് വളരെ ഉപകാരപ്രദമായ ഈ പദ്ധതി ആരംഭിച്ചത്. സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി പ്രകാരം ജില്ലാതലത്തിൽ സ്കൂൾ കൗൺസിലർമാരുടെ അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി ലിസ്റ്റ് തയ്യാറാക്കുകയും പ്രസ്തുത ലിസ്റ്റിൽനിന്നും സ്കൂൾ കൗൺസിലറെ നിയമിക്കാൻ ബന്ധപ്പെട്ട പി.ടി.എ.-യ്ക്ക് ശിപാർശ നൽകുന്നതനുസരിച്ച് പി.ടി.എ. സ്കൂൾ കൗൺസിലറെ നിയമിക്കുകയും ചെയ്തിരുന്നു. ഇതുസംബന്ധിച്ച് പരാതി ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ കൗൺസിലർമാരുടെ നിയമനം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർ വഴി നടത്തുകയാണുണ്ടായത്. തുടക്കത്തിൽ ഇവരുടെ ഓണറേറിയം 6,500 രൂപയായിരുന്നു. തുടർന്ന് 10,000 രൂപയായും 2014-ൽ 12,500 രൂപയായും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. സ്കൂൾ കൗൺസിലർമാരുടെ ഓണറേറിയം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുവേണ്ടി അവരുടെ പ്രവർത്തനം, പദ്ധതിയുടെ പ്രയോജനം എന്നിവ വിലയിരുത്തി ഒരു റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കാൻ സാമൂഹ്യനീതി ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ദിവസ-കരാർ വേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന 12 കാറ്റഗറിയിൽ ഉൾപ്പെടുന്ന തസ്തികകളിലെ വേതനം നിശ്ചയിച്ചുകൊണ്ട് 26-2-2016-ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ സൈക്കോ സോഷ്യൽ സർവ്വീസ് സ്കൂൾ കൗൺസിലർ തസ്തിക ഉൾപ്പെട്ടിരുന്നില്ല. പ്രസ്തുത ഉത്തരവിൽ സൈക്കോ സോഷ്യൽ സർവ്വീസ് സ്കൂൾ കൗൺസിലർമാരുടെ തസ്തികകൂടി ഉൾപ്പെടുത്തണമെന്ന് സാമൂഹ്യനീതി വകുപ്പ് ശിപാർശ നൽകിയിട്ടുണ്ട്. ഇതോടൊപ്പംതന്നെ സാമൂഹ്യനീതി വകുപ്പ് പുതിയ 205 സ്കൂളുകളിൽകൂടി സൈക്കോ സോഷ്യൽ സർവ്വീസ് വ്യാപിപ്പിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇതിനുവേണ്ടി 2,17,30,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

### (9) ചികിത്സ വൈകിയതുമൂലമുണ്ടായ മരണം

ശ്രീ. അൻവർ സാദത്ത്: സർ, കളമശ്ശേരി മെഡിക്കൽ കോളേജിൽ ഇടത്തറ ഗ്രാമപഞ്ചായത്തിൽ കൈലാസ് കോളനിയിൽ ജെറിൻ മൈക്കിൾ (25 വയസ്സ്) എന്ന റേഡിയോ എൻജിനീയറിംഗ് വിദ്യാർത്ഥി എറണാകുളം മെഡിക്കൽ കോളേജിൽ ചികിത്സ ലഭിക്കാൻ വൈകിയതിനെത്തുടർന്ന് മരണപ്പെട്ടു. വയറുവേദനയെ തുടർന്ന് രാവിലെ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കപ്പെട്ട

ജെറിൻ മൈക്കിൾ ആശുപത്രി അധികൃതരുടെ നിരുത്തരവാദപരമായ സമീപനവും യഥാസമയം ചികിത്സ നൽകാത്തതിനെ തുടർന്നുമാണ് മരണപ്പെട്ടിട്ടുള്ളത്. കുറച്ചുനാൾ മുൻപ് അവിടെ തന്നെ പഠിക്കുന്ന എം.ബി.ബി.എസ്. വിദ്യാർത്ഥിനി ഷംന തസ്ലീമിന്റെ മരണവും അവിടത്തെ ഡോക്ടർമാരുടെ പിഴവുമൂലമുണ്ടായതാണ്. ഈ ചെറുപ്പക്കാരനെ ആശുപത്രിയിൽ കൊണ്ടുവന്നപ്പോൾത്തന്നെ രോഗം ഡയഗ്നൈസ് ചെയ്ത്, ഇന്ന രോഗമാണെന്ന് കണ്ടുപിടിച്ച് വേണ്ടരീതിയിൽ ചികിത്സിച്ചിരുന്നുവെങ്കിൽ മരണത്തിൽ നിന്നും രക്ഷിക്കാൻ സാധിക്കുമായിരുന്നു. ഡോക്ടർമാർ തുടരെ വേദന സംഹാരി കൊടുക്കുകയാണ് ചെയ്തത്. ആ രോഗിയെ വേണ്ട രീതിയിൽ ചികിത്സിക്കാതെ, സ്കാൻ ചെയ്യാനോ രോഗം ഡയഗ്നൈസ് ചെയ്യാനോ ശ്രമിക്കാത്തതുകൊണ്ടാണ് ആ ചെറുപ്പക്കാരൻ മരണപ്പെട്ടത്. പോസ്റ്റുമോർട്ടം റിപ്പോർട്ട് വന്നു. അപ്പെന്റിസൈറ്റിസ് പൊട്ടി ഇൻഫെക്ഷൻ വന്നതാണ് മരണകാരണമെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അവിടത്തെ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും നിരുത്തരവാദപരമായ പെരുമാറ്റവും രോഗം ഡയഗ്നൈസ് ചെയ്ത് വേണ്ടരീതിയിൽ ചികിത്സിക്കാത്തതും കാരണമാണ് മരണമുണ്ടായതെന്നാണ് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. മാത്രമല്ല രോഗം മൂർച്ഛിച്ചപ്പോൾ ബെഡ്ഷീറ്റിൽ പൊതിഞ്ഞാണ് ഈ പാവപ്പെട്ട രോഗിയെ ഐ.സി.യു.-വിലേയ്ക്ക് കൊണ്ടുപോയത്. ഡോക്ടർമാരുടെ വീഴ്ചകൊണ്ടാണ് ആ രോഗി മരണപ്പെടാനുള്ള സാഹചര്യം ഉണ്ടായത്. ഇക്കാര്യത്തിൽ ഡിപ്പാർട്ട്മെന്റ്വക അന്വേഷണം നടക്കുന്നുണ്ടെങ്കിലും അത് തൃപ്തികരമല്ല. ആരോപണ വിധേയനായ ഡോക്ടറുടെ ഒരു പ്രൊഫസറാണ് ഈ അന്വേഷണ സംഘത്തിലുള്ളത്. അതുകൊണ്ട് അന്വേഷണം തൃപ്തികരമാവില്ല. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഉന്നതതല പോലീസ് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണം. ഈ ചെറുപ്പക്കാരന് പ്രായം ചെന്ന ഒരു അമ്മൂമ്മ മാത്രമാണ് ഉണ്ടായിരുന്നത്. അവർ ഇപ്പോൾ അനാഥയായിരിക്കുകയാണ്. ആ കുടുംബത്തിന് തക്കതായ നഷ്ടപരിഹാരം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സർജറി വിഭാഗത്തിൽ പ്രവേശിപ്പിച്ച 25 വയസ്സുള്ള ജെറിൻ മൈക്കിൾ എന്ന വിദ്യാർത്ഥി മരണപ്പെട്ട വിഷയത്തിൽ കോട്ടയം മെഡിക്കൽ കോളേജ് സർജറി വിഭാഗം പ്രൊഫ. ഡോ. എം. എൻ. ശശികുമാർ കോട്ടയം മെഡിക്കൽ കോളേജ് മെഡിസിൻ വിഭാഗം അഡീഷണൽ പ്രൊഫ. ഡോ. പ്രശാന്ത് കുമാർ. ടി. എന്നിവർ ഉൾപ്പെട്ട കമ്മീഷൻ അന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

25-3-2017-ന് എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ വയറുവേദനയെ തുടർന്ന് അത്യാഹിത വിഭാഗത്തിൽ ചികിത്സ തേടിയെത്തിയ ജെറിൻ മൈക്കിളിനെ അപ്പെന്റിസൈറ്റിസ് ആണെന്ന പ്രാഥമിക നിഗമനത്തിൽ സർജറി വാർഡിൽ പ്രവേശിപ്പിക്കുകയുണ്ടായി. തുടർന്ന് രോഗിയെ പരിശോധിച്ച സർജറി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ സർജറി തീരുമാനിക്കുന്നതിനുമുൻപ് രോഗം സ്ഥിരീകരിക്കുന്നതിനായി അൾട്രാസൗണ്ട് സ്കാനിംഗ് നിർദ്ദേശിച്ചിരുന്നു വെങ്കിലും രാത്രി 11 മണിയോടുകൂടി രോഗിയുടെ നില വഷളാകുകയും സർജറി ഐ.സി.യു.-വിലെ വെന്റിലേറ്ററിൽ പ്രവേശിപ്പിക്കുകയും ചെയ്തു. സാധ്യമായ എല്ലാ ചികിത്സയും നൽകിയിരുന്നുവെങ്കിലും മരണം സംഭവിക്കുകയാണുണ്ടായത്. ഇക്കാര്യത്തിൽ ഡോക്ടർമാരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടില്ലെന്നാണ് പ്രാഥമിക അന്വേഷണ കമ്മീഷൻ കണ്ടെത്തിയിട്ടുള്ളത്. കേസ്ഷീറ്റും മറ്റ് റിക്കോർഡുകളും അന്ന് പോലീസ് കസ്റ്റഡിയിലായിരുന്നതിനാൽ പരിശോധിക്കാൻ കഴിഞ്ഞില്ല. പോസ്റ്റുമോർട്ടം റിപ്പോർട്ടും അന്ന് പരിശോധിച്ചിരുന്നില്ല. എന്നാൽ കൂടുതൽ പരാതിയുള്ളതിന്റെ അടിസ്ഥാനത്തിൽ പോസ്റ്റുമോർട്ടം റിപ്പോർട്ടുകൂടി പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ അന്വേഷണ കമ്മീഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റകൃത്യം കണ്ടെത്തിയാൽ തക്കതായ നടപടി സ്വീകരിക്കുന്നതാണ്.

2013-ലാണ് എറണാകുളം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്തത്. അതുവരെ സ്റ്റാൻഡ് എലോൺ സ്റ്റാറ്റസിലാണ് പ്രവർത്തിച്ചിരുന്നത്. ഡോക്ടറുടെയും ജീവനക്കാരുടെയും അഭാവം അവിടെ ഉണ്ട്. ഒരു മെഡിക്കൽ കോളേജിന്റെ സാധ്യതകൾ ഉണ്ടായിരുന്നില്ല. അത് പരിഹരിക്കാൻ ഈ ഗവൺമെന്റ് നല്ല പരിശ്രമം നടത്തുകയാണ്. ഇപ്പോൾ 108 പുതിയ തസ്തികകൾ കൂടി സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജിൽ എഫിഷ്യന്റ് ആയ പ്രൊഫസർമാരും ഫാക്കൽറ്റികളുമെല്ലാം വരുന്ന സമയത്ത് ഇതുപോലുള്ള കാര്യങ്ങൾ സംഭവിക്കാതെ സംരക്ഷിക്കാൻ സാധിക്കും എന്നാണ് പറയാനുള്ളത്. അത്യാവശ്യ ഉപകരണങ്ങൾ വാങ്ങുന്നതിന് 1.12 കോടി രൂപ കൊടുക്കുകയും ഇപ്പോൾ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല 368 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും ഇതിൽ 310 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജിന്റെ ബാലാരിഷ്ടത പരിഹരിക്കുന്നതിനും എറ്റവും മെച്ചപ്പെട്ട സംവിധാനമായി മെഡിക്കൽ കോളേജിനെ മാറ്റുന്നതിനുമുള്ള നടപടി സർക്കാർ സ്വീകരിക്കുന്നുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## (10) കിടത്തി ചികിത്സ

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാന സർക്കാർ ആശുപത്രികളാണ് ഓച്ചിറ, ആലപ്പാട് സി.എച്ച്.സി.-കൾ. പ്രസ്തുത ആശുപത്രികളിൽ കിടത്തിച്ചികിത്സയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണെങ്കിലും അവിടെ കിടത്തിചികിത്സ നടക്കുന്നില്ല. 12 രോഗികളെ കിടത്തിച്ചികിത്സിക്കുന്നതിന് കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഓച്ചിറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിലുണ്ട്. 5 ഡോക്ടർമാരും ആവശ്യത്തിന് അനുബന്ധ ജീവനക്കാരുമുള്ള ഈ ആശുപത്രിയിൽ വൈകുന്നേരങ്ങളിൽ മാത്രമാണ് ഒ. പി. പ്രവർത്തിക്കുന്നത്. സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതികളിലുൾപ്പെടുത്തി കിടപ്പുരോഗികൾക്കായി പ്രത്യേക ബ്ലോക്കും ഐ. പി. വിഭാഗവും ആരംഭിക്കുന്നതിനാവശ്യമായ അനുബന്ധ സൗകര്യങ്ങളും നിലവിലുണ്ടെങ്കിലും നാളിതുവരെ കിടത്തിച്ചികിത്സ ആരംഭിച്ചിട്ടില്ല. ഓച്ചിറ, കുലശേഖരപുരം, തഴവ, ക്ലാപ്പന ഗ്രാമപഞ്ചായത്തുകളിലുള്ളവർക്ക് ഈ ആശുപത്രിയുടെ സേവനം ലഭ്യമാകുമെങ്കിലും ഈ ആശുപത്രിയിലെ മൈനർ ഓപ്പറേഷൻ, ലാബ് - എക്സ്റേ പരിശോധനകൾ തുടങ്ങിയ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. കിടത്തിച്ചികിത്സ ആവശ്യമുള്ള രോഗികൾക്ക് സമീപത്തെ പ്രധാന സർക്കാർ ആശുപത്രിയായ കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ആശ്രയിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ആയത് എട്ട് കിലോമീറ്റർ അകലെയുമാണ്. കരുനാഗപ്പള്ളി താലൂക്കിന്റെ പടിഞ്ഞാറെ തീരത്തോട് ചേർന്ന് മത്സ്യത്തൊഴിലാളികൾ മാത്രം അധിവസിക്കുന്ന ഗ്രാമപഞ്ചായത്താണ് ആലപ്പാട്. 2004 ഡിസംബറിൽ കേരളത്തെ ഞെട്ടിച്ച സുനാമിയിൽ ഏറ്റവും കൂടുതൽ ആൾനാശം സംഭവിച്ച ഇവിടെ അടിയന്തര ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആലപ്പാട് പ്രൈമറി ഹെൽത്ത് സെന്ററിനെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിന് ഗവൺമെന്റ് തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട ഭൗതികസാഹചര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബഹുമാനപ്പെട്ട ജനപ്രതിനിധികളും ചേർന്ന് ഒരുക്കിയിട്ടുള്ളതാണ്. എന്നാൽ ആരോഗ്യ വകുപ്പ് ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയോ ഇതര ചികിത്സാ സൗകര്യങ്ങൾ ഒരുക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ അവിടെയും കിടത്തിച്ചികിത്സ നടക്കുന്നില്ല. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മേൽപ്പറഞ്ഞ രണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും കിടത്തിച്ചികിത്സ ആരംഭിച്ചിട്ടില്ലാത്തതിനാൽ കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അഭൂതപൂർവ്വമായ തിരക്കാണ് അനുഭവപ്പെടുന്നത്. ഇതുമൂലം പാവപ്പെട്ട രോഗികൾക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട അവസ്ഥയാണ്. ഇതിന് പരിഹാരമായി ഓച്ചിറ, ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ എത്രയുംവേഗം കിടത്തിച്ചികിത്സ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശരാശരി 350 ഒ. പി.-യുള്ള ഓച്ചിറ സി.എച്ച്.സി.യിൽ രോഗികളെ ഒബ്സർവേഷനിൽ വയ്ക്കുകയും ഒ. പി. സമയത്തിനുശേഷം ഡിസ്ചാർജ്ജ് ചെയ്യുകയുമാണ് പതിവ്. നിലവിലുള്ള ഡോക്ടർമാരുടെ സേവനം ഉപയോഗിച്ച് ഓൺ കോൾ ഡ്യൂട്ടിയും നടത്തിവരുന്നുണ്ട്. നിലവിൽ അഞ്ച് അസിസ്റ്റന്റ് സർജൻമാർ സേവനം അനുഷ്ഠിക്കുന്ന ഈ ആശുപത്രിയിൽ ആഴ്ചയിൽ മൂന്നുദിവസം- തിങ്കൾ, ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ ഈവനിംഗ് ഒ.പി. പ്രവർത്തിച്ചുവരുന്നു. കിടത്തിച്ചികിത്സ തുടങ്ങുന്നതിന് ഏഴ് ഡോക്ടർമാരുടെയും അതിനനുസരിച്ച് മറ്റ് ജീവനക്കാരുടെയും സേവനം ആവശ്യമായിവരുന്നു. കിടത്തി ചികിത്സയ്ക്കാവശ്യമായ വാർഡുകൾ, 12 കിടക്കകൾ എന്നിവ നിലവിൽ ലഭ്യമാണ്. കെട്ടിടങ്ങളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. ഈ ആശുപത്രികളുടെ ഗുണനിലവാരം ഉയർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള സർക്കാർ സ്റ്റാന്റേർഡൈസേഷൻ പദ്ധതിയുടെ കരട് ലിസ്റ്റ് ബ്ലോക്കുതല സി.എച്ച്.സി. വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. സ്റ്റാന്റേർഡൈസേഷൻ നടപടികൾ പ്രകാരം പോസ്റ്റുകൾ അംഗീകരിക്കുന്നമുറയ്ക്ക് ഓച്ചിറ സി.എച്ച്.സി.-യിൽ കിടത്തിച്ചികിത്സാ സൗകര്യം അംഗീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ആലപ്പാട് പി.എച്ച്.സി.-യെ 2010-ൽ സാമൂഹികാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയെങ്കിലും അതിനാവശ്യമായ പോസ്റ്റ് ക്രിയേഷൻ നടന്നിരുന്നില്ല. 100-140 രോഗികളാണ് ഇവിടെ ചികിത്സതേടിയെത്തുന്നത്. സുനാമി ബാധിതപ്രദേശത്തെ ഈ ആശുപത്രിയിൽ കിടത്തിച്ചികിത്സയില്ല. നിലവിൽ 30 കിടക്കകൾക്കുള്ള കെട്ടിടമുണ്ട്. എച്ച്.എം.സി. വഴിയാണ് ലബോറട്ടറി പ്രവർത്തിക്കുന്നത്. എക്സ്-റേ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള മുറിയും മറ്റ് ഭൗതിക സാഹചര്യങ്ങളുമുണ്ട്. ഫാർമസി, സ്റ്റോർ, ലാബ് തുടങ്ങിയവ എയർകണ്ടീഷൻ ചെയ്തിട്ടുണ്ട്. നിലവിൽ ഒരു അസിസ്റ്റന്റ് സർജനും ഒരു നഴ്സിംഗ് അസിസ്റ്റന്റും ഒരു ഹോസ്പിറ്റൽ അറ്റന്ററും ഒരു ഹെൽത്ത് ഇൻസ്പെക്ടറും ഒരു പബ്ലിക് ഹെൽത്ത് നഴ്സും മൂന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും നാല് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സും ക്ലാർക്കും പാർട്ട്-ടൈം സ്വീപ്പറും ഇവിടെ സേവനമനുഷ്ഠിക്കുന്നുണ്ട്. നിലവിലുള്ള സ്റ്റാന്റേർഡൈസേഷൻ മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു ബ്ലോക്കിൽ ഒരു സി.എച്ച്.സി. എന്ന നിലയിൽ മൈനാഗപ്പള്ളി ബ്ലോക്കിൽ നേരത്തെ പറഞ്ഞ സി.എച്ച്.സി. ഉൾപ്പെട്ടിരിക്കുന്നതിനാൽ ആലപ്പാട് സി.എച്ച്.സി.-യിൽ കിടത്തിച്ചികിത്സ ഇപ്പോൾ പരിഗണിക്കുന്നില്ല.

(11) പാലം പുതുക്കൽ

ശ്രീ. സി. കൃഷ്ണൻ: സർ, പയ്യന്നൂർ മണ്ഡലത്തിലെ പ്രധാനപ്പെട്ട ജില്ലാ മേജർ റോഡാണ്, വെള്ളൂർ-പാടിയോട്ടുചാൽ-പുളിങ്ങോം റോഡ്. നിത്യേന നൂറ് കണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന പ്രധാനപ്പെട്ട ഒരു റോഡാണിത്. ഈ റോഡിൽ കാങ്കോൽ ആലപ്പടമ്പ് പഞ്ചായത്തിൽപ്പെട്ട വടവന്തൂർ റോഡിന് കുറുകെയുള്ള പാലം 56 വർഷം മുമ്പ് നിർമ്മിച്ചതാണ്. കാലപ്പഴക്കംകൊണ്ട് ദുർബ്ബലമായതും വീതി കുറഞ്ഞതുമായ ഈ പാലം പുതുക്കിപ്പണിയേണ്ടത് ഗതാഗതം സുഗമമാക്കുന്നതിന് ഒഴിച്ചുകൂടാനാവാത്തതാണ്. പ്രസ്തുത റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി ഇപ്പോൾ നടന്നുവരികയാണ്. ഇതോടൊപ്പം പാലം കൂടി പുതുക്കിപ്പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, വടവന്തൂർ പാലം കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ വെള്ളൂർ-പാടിയോട്ടുചാൽ-പുളിങ്ങോം റോഡിൽ കിലോമീറ്റർ 7/800-ൽ വടവന്തൂർ തോടിനുകുറുകെ 1960-ൽ ഒറ്റവരിപ്പാലമായി 36 മീറ്റർ നീളത്തിൽ 12 മീറ്റർ നീളമുള്ള മൂന്ന് സ്പാനോടുകൂടിയാണ് പണിതിട്ടുള്ളത്. ഈ പാലം ഇടുങ്ങിയതും വാഹനസാന്ദ്രതയ്ക്ക് അനുയോജ്യമല്ലാത്തതുമാണ്. അതിനാൽ പുതുക്കിപ്പണിയേണ്ടത് അത്യന്താപേക്ഷിതമാണ്. പാലം നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ചുവരുന്നു. 45 മീറ്റർ നീളവും 7.5 മീറ്റർ ക്യാരേജ്‌വേയും ഒരു ഭാഗത്തുമാത്രം കാൽനടയാത്രയ്ക്കുമുള്ള സൗകര്യം ഉൾപ്പെടുത്തിക്കൊണ്ടാണ് താൽക്കാലികമായി ജനറൽ ഡിസൈൻ ഡ്രോയിംഗ് നടത്തിയിരിക്കുന്നത്. അത് പരിശോധിച്ച് ഉടനെ അന്തിമ രൂപം നൽകും. അത് പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗത്തിൽനിന്നും കിട്ടിക്കഴിഞ്ഞിട്ടുണ്ട്. വിശദമായ ഡിസൈൻ തയ്യാറാക്കുന്നതിന് സാധ്യതാ പഠന റിപ്പോർട്ട്, പൈൽ കപ്പാസിറ്റി, ജിയോടെക്സ്റ്റൈൽ റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അവ ലഭിക്കുന്നമുറയ്ക്ക് പാലത്തിന്റെ ഡിസൈൻ അംഗീകരിച്ച് പുതുക്കിയ നിരക്കിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതാണ്. പാലങ്ങളുടെ സ്ഥിതി വളരെ പരിതാപകരമാണ്. 57 വർഷം പഴക്കമുള്ള പാലങ്ങളാണ്. ഇനി മുതൽ ആധുനിക സാങ്കേതികവിദ്യയും

അവിടത്തെ സാമൂഹിക പാരിസ്ഥിതിക സാഹചര്യവും കണക്കിലെടുത്ത് നൂറ് വർഷം നീണ്ടുനിൽക്കുന്ന ആയുസ്സുള്ള പാലങ്ങൾ നിർമ്മിക്കുന്ന കാര്യമാണ് ഇപ്പോൾ പരിഗണനയിലുള്ളത്. അതുപോലെ കേരളത്തിലെ മൂവായിരം പാലങ്ങളിൽ വലിയൊരുഭാഗം അടിയന്തരമായി പുനഃസ്ഥാപനം ആവശ്യപ്പെടുന്നതാണ്. 3000 പാലങ്ങളിൽ ചിലതെല്ലാം മാറ്റി പണിയേണ്ടതും ചിലത് റിപ്പെയർ ചെയ്യേണ്ടതുമാണ്. ഈ പാലങ്ങളുടെ എല്ലാ തകരാറുകളും പരിഹരിച്ച് ശക്തിപ്പെടുത്താനായി പ്രസിദ്ധ പാലം വിദഗ്ദ്ധനായ ഡോ. പി. അരവിന്ദൻ അദ്ധ്യക്ഷനായി സംസ്ഥാനതലത്തിൽ സംരക്ഷണ സമിതി രൂപീകരിച്ചുവരുന്നു. ഇക്കാര്യങ്ങൾക്ക് ധാരാളം ചെലവുണ്ട്, ധനകാര്യ വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇതിൽപ്പെട്ട പാലമാണ് 57 വർഷം പഴക്കമുള്ള വടവണ്ണൂർ പാലം. ഇത് പുതുക്കി പണിയുന്നതാണ്.

## V ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യ ർത്ഥന നമ്പർ | ധനാഭ്യർത്ഥ നയുടെ പേര് | ബജറ്റ് എസ്റ്റിമേറ്റ് 2017-2018 | | | | |
|---|---|---|---|---|---|---|
| | | 14-3-2017-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 14,98,03, 61,000 | 80,44,55,0 00 | 4494,10, 85,000 | 241,33, 64,000 | 47,35,44, 49,000 |
| XIX | കുടുംബക്ഷേമം | 130,20,2 3,000 | .... | 3,90,60,6 9,000 | ...... | 390,60, 69,000 |
| XL | തുറമുഖങ്ങൾ | 15,79,44, 000 | 32,25,25, 000 | 47,38,33, 000 | 96,75,75, 000 | 1,44,14, 08,000 |
| XLVI | സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | 1087,19, 04,000 | 19,80,07, 000 | 3261,57, 10,000 | 59,40, 23,000 | 33,20,97, 33,000 |

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ഖണ്ഡനോപക്ഷേപങ്ങൾ**

**ധനാഭ്യർത്ഥന നമ്പർ XVIII – വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും**

**(നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ)**

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 47,35,44,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഏകീകൃത പൊതുജനാരോഗ്യ നിയമം കൊണ്ടുവരാൻ താൽപ്പര്യമെടുക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 47,35,44,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുജനാരോഗ്യ മേഖലയിലെ ശോചനീയാവസ്ഥ പരിഹരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 47,35,44,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ-താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യവും ആവശ്യത്തിന് ഡോക്ടർമാരുടെ സേവനവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 47,35,44,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അദ്ധ്യാപകരെ യഥാസമയം നിയമിക്കാത്തതുമൂലം മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നഷ്ടമാകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 47,35,44,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ നികത്താത്തതിനാൽ രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 47,35,44,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പാരിപ്പള്ളി മെഡിക്കൽ കോളേജിന് അംഗീകാരം ലഭിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 47,35,44, 49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട മാരകരോഗങ്ങൾ വീണ്ടും പലർക്കും പിടിപെട്ടിട്ടും അവയെ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 47,35,44,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് നിന്നും അപ്രത്യക്ഷമായ സാംക്രമിക രോഗങ്ങൾ തിരിച്ചുവരുന്നത് തടയുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 47,35,44,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തുടനീളം പടർന്നുപിടിക്കുന്ന പകർച്ചപ്പനി നിയന്ത്രിക്കുവാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, വൈദ്യസഹായരംഗവും പൊതുജനാ രോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 47,35,44,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പകർച്ചപ്പനി പടർന്നുപിടിച്ചിട്ടും അടിയന്തര പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംവിധാനം ഒരുക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 47,35,44,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നവജാത ശിശുക്കൾക്ക് ഒരു വയസ്സിനുള്ളിൽ കൊടുക്കേണ്ട പ്രതിരോധ കുത്തിവയ്പുകൾ നൽകുന്നതിൽ അനാസ്ഥ കാണിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 47,35,44,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരളത്തിൽ AIIMS സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4735,44,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അട്ടപ്പാടിയിലെ ശിശുമരണം തടയുവാൻ വേണ്ട നടപടികൾ എടുക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, വൈദ്യസഹായരംഗവും പൊതുജനാ രോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4735,44,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നടപടിക്രമങ്ങളിലെ സങ്കീർണ്ണതകൾ കാരണം മരണാനന്തര അവയവദാനം ഉൾപ്പെടെയുള്ള അവയവദാന ശസ്ത്രക്രിയകൾ കുറഞ്ഞുവരുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 47,35,44,49,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XIX – കുടുംബക്ഷേമം**

**(നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ)**

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 390,60,69,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കുടുംബക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ അലംഭാവം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 390,60,69,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു കുടുംബാരോഗ്യ കേന്ദ്രം സ്ഥാപിക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 390,60,69,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദേശീയ കുടുംബക്ഷേമ നിധിയിൽ നിന്നുമുള്ള ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 390,60,69,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുലയൂട്ടുന്ന അമ്മമാർക്കും അവരുടെ കുട്ടികൾക്കും പോഷകാഹാരം ഉറപ്പുവരുത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 390,60,69,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

1. ശ്രീ. റോഷി അഗസ്റ്റിൻ
2. ശ്രീ.പാറക്കൽ അബ്ദുല്ല
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
4. ശ്രീ. കെ. എം. ഷാജി
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. എൻ. ഷംസുദ്ദീൻ

**ധനാഭ്യർത്ഥന നമ്പർ XL – തുറമുഖങ്ങൾ**

**(നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ)**

ശ്രീ. കെ. എം. ഷാജി: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,14,08,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തുറമുഖ വികസനം ത്വരിതപ്പെടുത്തുന്നതിന് മാരിടൈം ബോർഡ് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,14,08,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തുറമുഖങ്ങളുടെ വികസനത്തിന് ക്രിയാത്മകമായ നയം ആവിഷ്ക്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,14,08,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തുറമുഖങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ യഥാസമയം നടത്തുന്നില്ല എന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,14,08,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാഗർമാല പദ്ധതിയിൽ വിഴിഞ്ഞം തുറമുഖത്തെ ഉൾപ്പെടുത്തുന്നതിന് വ്യക്തമായ ഉറപ്പ് കേന്ദ്രത്തിൽ നിന്നും നേടിയെടുക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,14,08,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിഴിഞ്ഞം പദ്ധതിക്ക് ഭീഷണിയായി ഗവൺമെന്റ് സഹായത്തോടെ കുളച്ചൽ തുറമുഖം നിർമ്മിക്കാനുള്ള നീക്കത്തെ ശക്തമായി പ്രതിരോധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,14,08,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പുതിയതായി മത്സ്യബന്ധന തുറമുഖങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,14,08,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യബന്ധന തുറമുഖങ്ങളുടെ സുരക്ഷ വർദ്ധിപ്പിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,14,08,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിദേശത്ത് നിന്ന് ഉൾപ്പെടെ 'ഇ-മാലിന്യങ്ങൾ' തുറമുഖങ്ങൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നത് തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,14,08,000 രൂപയിൽ നിന്നും നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

1. ശ്രീ. സി. മമ്മൂട്ടി
2. ശ്രീ. എൻ. ഷംസുദ്ദീൻ
3. ശ്രീ. പാറക്കൽ അബ്ദുല്ല
4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
5. ശ്രീ. പി. ഉബൈദുള്ള

## ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

## (നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ)

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,20,97,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,20,97,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ തടയുന്നതിന് പഞ്ചായത്ത്-മുനിസിപ്പൽ കോർപ്പറേഷൻ തലത്തിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,20,97,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അതിക്രമങ്ങൾക്ക് ഇരയാകുന്ന പെൺകുട്ടികൾക്കും സ്ത്രീകൾക്കും സമൂഹത്തിൽ അന്തസ്സോടെ ജീവിക്കാനുള്ള സാഹചര്യം ഒരുക്കാൻ മുൻകൈ എടുക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,20,97,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമൂഹ്യ സുരക്ഷിതത്വത്തിനായി രൂപീകരിച്ചിരിക്കുന്ന മിഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ആവശ്യകതയും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,20,97,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമൂഹ്യ സുരക്ഷാ പദ്ധതികൾ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,20,97,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷേമപെൻഷനുകൾ വീടുകളിൽ എത്തിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,20,97,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആശാകിരണം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് യഥാസമയം സഹായധനം വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,20,97,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഊരുവിലക്ക് പോലുള്ള സാമൂഹിക അനാചാരങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്താത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,20,97,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അനാഥരുടെ സംരക്ഷണത്തിനുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,20,97,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുതിർന്ന പൗരന്മാർ അനുഭവിക്കുന്ന അരക്ഷിതാവസ്ഥയ്ക്ക് പരിഹാരം കാണാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,20,97,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കുടുംബഭാരം മുഴുവൻ ഏറ്റെടുക്കേണ്ടി വരുന്ന വിധവകളുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,20,97,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന അദ്ധ്യാപകർക്ക് അർഹമായ വേതനവും ആനുകൂല്യങ്ങളും നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,20,97,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആവശ്യമായത്ര ലഹരിമുക്ത കേന്ദ്രങ്ങളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ശ്രീ. റോഷി അഗസ്റ്റിൻ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,20,97,33,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

11.00 AM]

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി.എസ്. ജയലാൽ)

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും, കുടുംബക്ഷേമം, തുറമുഖങ്ങൾ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

നിയമസഭയ്ക്കകത്ത് ഭരണപക്ഷവും പ്രതിപക്ഷവും വ്യത്യസ്ത വിഷയങ്ങളെ കുറിച്ച് ചർച്ചചെയ്യുകയും നാടിന്റെ വികസന താൽപ്പര്യത്തിനുവേണ്ടി ഒരുമിക്കുകയും ചെയ്യുക എന്ന നിലയിലേയ്ക്ക് പലപ്പോഴും എത്തിച്ചേരാറുണ്ട്. ആരോഗ്യ രംഗത്ത് വലിയ നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് കേരളം. സ്വാതന്ത്ര്യാനന്തരം ഐക്യകേരളം രൂപപ്പെട്ടശേഷം അധികാരത്തിൽവന്ന ആദ്യത്തെ ഗവൺമെന്റ് കേരളത്തിന്റെ ആരോഗ്യരംഗം മെച്ചപ്പെടുത്തുന്നതിന് സഹായകരമായ നിലപാട് സ്വീകരിച്ചിരുന്നു. ഏതെങ്കിലുമൊരു പ്രത്യേക മേഖലയ്ക്ക് മുൻഗണന കൊടുത്തുകൊണ്ടല്ല, മറിച്ച് ഒരേ സമയം അലോപ്പതി, ആയുർവ്വേദം, ഹോമിയോ തുടങ്ങിയ വിവിധ ചികിത്സാരീതികളെ മെച്ചപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ ആരോഗ്യരംഗം മെച്ചപ്പെടുത്താനാവശ്യമായ സമീപനമാണ് തുടർന്നുവന്ന ഗവൺമെന്റുകളൊക്കെ സ്വീകരിച്ചിട്ടുള്ളത്. പ്രാഥമിക തലത്തിൽ ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്താനാവശ്യമായ സംവിധാനം

ഉറപ്പാക്കുക എന്നുള്ള നിലപാട് സ്വീകരിച്ചതിന്റെ ഫലമായി നമുക്ക് ഈ രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. വിദ്യാഭ്യാസ രംഗത്തുണ്ടായ നേട്ടം, ശുദ്ധജലമെത്തിക്കുന്നതിൽ സ്വീകരിച്ചിട്ടുള്ള നിലപാടുകൾ തുടങ്ങിയവയൊക്കെ ആരോഗ്യ മേഖല മെച്ചപ്പെടാൻ സഹായകരമായിട്ടുണ്ട്. അതിന്റെയെല്ലാം ഫലമായി ശിശുമരണ നിരക്കിലും ജനന മരണ നിരക്കിലും കുറവുവന്നിട്ടുണ്ട്. കൂടാതെ കേരളത്തിൽ ആയുർദൈർഘ്യവും വർദ്ധിച്ചിട്ടുണ്ട്. പൊതു ആരോഗ്യ രംഗത്ത് സർക്കാരിന്റെ ഇടപെടൽ കൊണ്ടുതന്നെയാണ് ഇത്തരം നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുള്ളത്. എന്നാൽ ഇന്ന് എന്താണ് സ്ഥിതി? ആരോഗ്യ രംഗത്ത് ഇത്തരത്തിലുള്ള മെച്ചപ്പെട്ട നേട്ടങ്ങൾ ഉണ്ടാക്കി എന്ന് അവകാശ പ്പെടുമ്പോഴും കേരളം രോഗാതുരമായി മാറിക്കൊണ്ടിരിക്കുന്ന ഒരു നാടായി വിശേഷിപ്പിക്കപ്പെടുകയാണ്. അതിന് കാരണമെന്താണ്? ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, വൃക്കരോഗങ്ങൾ, വാർദ്ധക്യകാല രോഗങ്ങൾ, രക്തസമ്മർദ്ദം തുടങ്ങിയവ കേരളത്തിലെ നല്ലൊരു പങ്ക് ആളുകളെയും പിടികൂടിക്കൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ പഞ്ചസാരയുടെ അളവ് കൂടുന്ന രോഗവും (ഷുഗർ), രക്തസമ്മർദ്ദവും കുട്ടികളിൽ കാണാറില്ലായിരുന്നു. എന്നാൽ ഇപ്പോൾ പുതിയ കണക്കുകളും അതിന്റെയടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുള്ള വിവരങ്ങളും വച്ചുനോക്കിയാൽ കുട്ടികളെപ്പോലും വലിയ തോതിൽ ഇത്തരം രോഗങ്ങൾ പിടികൂടിക്കൊണ്ടിരിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ നിന്നുകൊണ്ടുവേണം നാം കേരളത്തിന്റെ ആരോഗ്യ മേഖലയെ സംബന്ധിച്ച് ഗൗരവമായി സംസാരിക്കാനും ചർച്ച ചെയ്യാനും. ഇന്ന് കേരളത്തിലെ ആരോഗ്യ മേഖലയ്ക്ക് ഭീഷണിയായി നിൽക്കുന്ന മറ്റൊന്ന് മാനസികരോഗമാണ്. കേരളത്തിലെ മാനസികരോഗികളുടെ ശരാശരി വർദ്ധനവ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ വലുതാണ്. ആത്മഹത്യയുടെ കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മൂന്നിരട്ടി മുന്നിലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വ്യക്തി എന്ന നിലയ്ക്കുള്ള ആത്മഹത്യകൾ മാത്രമല്ല, കുടുംബത്തോടുകൂടി ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണവും കേരളത്തിൽ വർദ്ധിച്ചുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്.

കൂടാതെ കേരളത്തിലെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമെന്ന് പറയുന്നത് റോഡപകടങ്ങളാണ്. കേരളത്തിൽ റോഡപകടങ്ങളിൽ ഗുരുതരമായി പരിക്കുപറ്റി ശയ്യാവലംബരാകുന്നവരുടെയും മരിക്കുന്നവരുടെയും എണ്ണം കൂടുന്നു. ഈ

സ്ഥിതിഗതികൾ വച്ചുകൊണ്ടുവേണം ആരോഗ്യ രംഗത്ത് നമുക്ക് ഇടപെടേണ്ടത്. 2018-ൽ ദേശീയ ആരോഗ്യ നയവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കരട് പ്രഖ്യാപിച്ചപ്പോൾ ചില കാര്യങ്ങളിൽ മുൻഗണന കൊടുത്തിട്ടുണ്ട്. എന്നാൽ ആ മുൻഗണനയിൽ നിന്നും വ്യത്യസ്തമായി കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ മുൻനിർത്തി ആരോഗ്യ സംരക്ഷണത്തിനുവേണ്ടി എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കണം. അത്തരമൊരു പരിശോധനയുടെ ഭാഗമായാണ് ഈ ഗവൺമെന്റ് ആരോഗ്യ നയത്തെ സംബന്ധിച്ച് പഠിക്കാനും ആരോഗ്യനയം രൂപീകരിക്കാനുമായി വിദ്യാഭ്യാസരംഗത്തെ വിചക്ഷണനും മുൻ പ്ലാനിംഗ് ബോർഡ് അംഗവുമായ ഡോ. ബി. ഇക്ബാലിന്റെ നേതൃത്വത്തിൽ ഒരു പതിനേഴംഗ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ച് ചില കുറിപ്പുകൾ ഗവൺമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്ത് ഇടപെടാനും പൊതു ആരോഗ്യമേഖല ശക്തിപ്പെടുത്താനുമുള്ള ഗവൺമെന്റിന്റെ ശ്രമം വളരെ ശ്ലാഘനീയമാണ്. ഇതിന്റെ ഭാഗമായിട്ടാണ് നവകേരള മിഷന്റെ 'ആർദ്രം' പദ്ധതി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടക്കം പരിശോധിച്ചാൽ കാണാൻ കഴിയുന്ന ഒരു പ്രത്യേകത, പ്രാഥമികാരോഗ്യ മേഖലയെ നമ്മൾ പൂർണ്ണമായും അവഗണിച്ചു എന്നുള്ളതാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, അതിന് മുകളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, അതിന് മുകളിൽ താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിങ്ങനെയാണ് നമ്മുടെ സിസ്റ്റം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടിസ്ഥാന സൗകര്യങ്ങൾപോലുമില്ലെങ്കിലും മെഡിക്കൽ കോളേജുകൾ ഉണ്ടാക്കുക എന്നതിലേയ്ക്ക് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കപ്പെട്ടപ്പോൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്താനും ആവശ്യമായ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ നിശ്ചയിക്കാനും ആവശ്യത്തിന് മരുന്ന് എത്തിച്ചുകൊടുക്കാനും ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് പ്രഥമ പരിഗണന നൽകേണ്ട മേഖലയെ പൂർണ്ണമായും അവഗണിച്ചു. എന്നിട്ട് വർഷങ്ങളുടെ പാരമ്പര്യമുള്ള വലിയൊരു മെഡിക്കൽ കോളേജിന്റെ തൊട്ടടുത്തുള്ള ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജ് എന്ന നിലയ്ക്ക് പ്രഖ്യാപിച്ച്, ജനറൽ ആശുപത്രിയുടെ ബോർഡ് മാറ്റി മെഡിക്കൽ കോളേജിന്റെ ബോർഡ് സ്ഥാപിച്ചു എന്നതിനപ്പുറം മറ്റൊരു കാര്യവും ഇക്കാര്യത്തിൽ ഉണ്ടായില്ല എന്നത് കഴിഞ്ഞ ഏതാനും വർഷങ്ങളായി ആരോഗ്യ മേഖലയെ പിന്നോട്ടടിക്കുന്നതിന് കാരണമായി.

കേരളത്തിലെ ശരാശരി കുടുംബങ്ങൾ ആരോഗ്യ മേഖലയിൽ ചെലവഴിക്കപ്പെടുന്ന പ്രതിശീർഷസംഖ്യയിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. 1987-ൽ ഒരു കുടുംബത്തിന് ഒരു മാസം ചികിത്സയ്ക്കായി 88 രൂപയായിരുന്ന ചെലവഴിക്കേണ്ടി വന്നതെങ്കിൽ 2004-ൽ അത് 1,710/-രൂപയായും 2011-ൽ എത്തുമ്പോൾ അത് 5,629/- രൂപയായും വർദ്ധിച്ചു. ഇപ്പോഴത്തെ കണക്കുപ്രകാരം ഒരു രോഗിയെ കിടത്തിച്ചികിത്സിക്കേണ്ടിവന്നാൽ ഒരു ശരാശരി കേരളീയൻ പ്രതിമാസം 17,000 രൂപ ആ നിലയ്ക്ക് ചെലവാക്കേണ്ടിവരുന്ന എന്നുള്ള ഗൗരവതരമായ പ്രശ്നമുണ്ട്. ചികിത്സാരംഗം ഇന്ന് വല്ലാതെ ചെലവേറി ക്കൊണ്ടിരിക്കുകയാണ്. ഇന്ന് കേരളത്തിൽ കുടുംബങ്ങൾ പാപ്പരീകരിച്ച് സ്വന്തം വീടും കുടിയിടവും നഷ്ടപ്പെടുന്ന അവസ്ഥയിലേയ്ക്ക് എത്തിപ്പെടുന്നതിന്റെ പ്രധാനപ്പെട്ട കാരണം ചികിൽസാച്ചെലവ് നിർവ്വഹിക്കാൻവേണ്ടി ഭൂമി അല്ലെങ്കിൽ വീട് പണയപ്പെടുത്തുകയോ വിൽക്കുകയോ ചെയ്യേണ്ടി വരുന്നുവെന്നുള്ളതുകൊണ്ടാണ്. ബഹുമാനപ്പെട്ട കൊച്ചി എം.എൽ.എ.-യുടെയും തൃപ്പൂണിത്തുറ എം.എൽ.എ.-യുടെയും അതിർത്തി പ്രദേശമായ പള്ളുരുത്തിയിൽ നിന്നും നാല് കിലോമീറ്റർ സഞ്ചരിച്ചാൽ അലോപ്പതി മരുന്നുകൾ വിൽക്കുന്ന 43 മെഡിക്കൽ സ്റ്റോറുകൾ കാണാൻ സാധിക്കും. ഇതുകൂടാതെ ആയുർവ്വേദ മരുന്നുകൾ വിൽക്കുന്ന കടകൾ വേറേയുമുണ്ട്. ഈ നാല് കിലോമീറ്ററിനുള്ളിൽ അരിയും മറ്റ് വസ്തുക്കളും വിൽക്കുന്ന കടകൾ ഇത്രയുമധികമില്ല. അതായത് അരിയും മറ്റ് സാധനങ്ങളും വിൽക്കുന്ന കടകളേക്കാൾ കൂടുതലായി നമ്മുടെ നാട്ടിൽ ഇന്ന് വർദ്ധിച്ചുവരുന്നത് മെഡിക്കൽ ഷോപ്പുകളാണെന്ന് പരിശോധിക്കുമ്പോൾ മനസ്സിലാകും. ഇന്ത്യയിൽ ആകെ ചെലവഴിക്കപ്പെടുന്ന അലോപ്പതി മരുന്നുകളുടെ 25 ശതമാനവും വിൽക്കപ്പെടുന്നത് കേരളത്തിലാണെന്നുള്ള ഞെട്ടിക്കുന്ന കണക്കാണ് പുറത്തുവരുന്നത്. കൂടാതെ ഇന്ത്യയിൽ മാനസിക രോഗികൾക്ക് വേണ്ടി ഉണ്ടാക്കുന്ന മരുന്നിന്റെ വിൽപ്പനയുടെ മൂന്നിലൊന്നും കേരളത്തിലാണ് ചെലവഴിക്കപ്പെടുന്നത് എന്നുള്ളതും ഞെട്ടിപ്പിക്കുന്ന കാര്യമാണ്. കേരളം രോഗാതുരമായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി ഗവൺമെന്റ് ഈ രംഗത്ത് ചില ഇടപെടലുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ജീവിതശൈലീരോഗികളെ കണ്ടെത്താനും വീടുകളിൽപ്പോയി പരിശോധന നടത്തി അവർക്കാവശ്യമായ മരുന്നുകൾ സൗജന്യമായി കൊടുക്കാനും ജീവിതശൈലീ രോഗത്തിൽനിന്നും കേരളീയരെ വിമുക്തമാക്കാനുമുള്ള ഒരു

ദീർഘകാല പദ്ധതി നടപ്പിലാക്കാനുള്ള ശ്രമം തുടർന്നുവരുന്നു. മറ്റൊരു ഞെട്ടിപ്പിക്കുന്ന കാര്യം ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്ന സംസ്ഥാനമെന്ന നിലയിലേയ്ക്കും റോഡപകടങ്ങളിൽ ഏറ്റവും കൂടുതൽ ആളുകൾ മരണപ്പെട്ടുകൊണ്ടിരിക്കുന്ന സംസ്ഥാനമെന്ന നിലയിലേയ്ക്കും കേരളം മാറിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനപരമായ കാരണങ്ങൾ പരിശോധിച്ച് അത് പരിഹരിക്കുകയെന്നുള്ളതായിരിക്കണം ഈ ഗവൺമെന്റിന്റെ ആരോഗ്യ നയം. സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നുള്ളതാണ്. അതോടൊപ്പംതന്നെ പഴയകാലത്തെ രീതിയിലേയ്ക്ക് തിരിച്ചുപോയി കുടുംബത്തിന്റെ എല്ലാവിധ മാനസികവും ശാരീരികവുമായ പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയുന്ന കുടുംബ ഡോക്ടറെന്ന സങ്കല്പത്തെ മുൻനിർത്തിയാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. അത് പ്രായോഗികമാക്കാൻ കഴിഞ്ഞാൽ വലിയ തോതിലുള്ള ചികിത്സാച്ചെലവിൽനിന്നും രക്ഷപ്പെടാൻ സാധിക്കും. ഏതാനും വർഷങ്ങൾക്ക് മുമ്പ് ചാലക്കുടി സാരഥി തീയേറ്റേഴ്സ് എന്ന നാടക സമിതി 'ഫൈവ് സ്റ്റാർ ഹോസ്പിറ്റൽ' എന്ന പേരിൽ ഒരു നാടകം അവതരിപ്പിച്ചു. തിലകൻ എന്ന അനുഗ്രഹീത നടനാണ് ആ നാടകം സംവിധാനം ചെയ്തത്. ഇന്ന് ഫൈവ് സ്റ്റാർ ഹോസ്പിറ്റലുകളുടെ സ്ഥാനത്ത് സെവൻ സ്റ്റാർ ഹോസ്പിറ്റലുകളും അതിനേക്കാൾ ഗ്രേഡ് കൂടിയ ഹോസ്പിറ്റലുകളും നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണ്. അവയെല്ലാം സാധാരണക്കാരനെ ക്രൂരമായി ചൂഷണം ചെയ്യുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിരിക്കുകയാണ്. അങ്ങനെ ചൂഷണം ചെയ്യുന്നുവെന്ന് മാത്രമല്ല സർക്കാരിന്റെ ആരോഗ്യ മേഖല ഇടപെട്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചില പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിനും മോശമായി ചിത്രീകരിക്കുന്നതിനും ഇത്തരം ചില ആശുപത്രികൾ ശ്രമിക്കുന്നുണ്ട്. അതിന് ഒരു ഉദാഹരണമാണ് അല്പം മുമ്പ് ശ്രീ. അൻവർ സാദത്ത് സൂചിപ്പിച്ച എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജ്. അവിടെ ചില കുഴപ്പങ്ങളും കുറവുകളുമുണ്ട്. ആ കുഴപ്പങ്ങളെയും കുറവുകളെയും പെരുപ്പിച്ച് കാണിച്ച് സെവൻ സ്റ്റാർ നിലവാരത്തിലോ അതിന് മുകളിലുള്ള നിലവാരത്തിലോ ഉള്ള ചില ആശുപത്രികൾ വ്യക്തികളെയും സംഘടനകളെയും സംഘടിപ്പിച്ചുകൊണ്ട് എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജിനെയും ക്യാൻസർ സെന്ററിനെയും തകർക്കാനുള്ള സംഘടിതമായ ശ്രമം നടത്തുകയാണ്.

ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം എറണാകുളത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ധാരാളം സൗകര്യങ്ങൾ ഏർപ്പെടുത്തിയത് സംബന്ധിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞു. ആസ്തി വികസന ഫണ്ടിൽനിന്നും ഗവൺമെന്റ് അനുവദിച്ച അഞ്ചുകോടി രൂപ ഞാൻ ഈ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സി.ടി. സ്കാൻ വാങ്ങാൻവേണ്ടി മാത്രമാണ് വിനിയോഗിച്ചത്. അതിന്റെ അനുമതിയും കിട്ടിയിട്ടുണ്ട്. എം.എൽ.എ. ഫണ്ട് കിട്ടിയപ്പോൾ അവരുടെ ആവശ്യപ്രകാരം മെഡിക്കൽ കോളേജിന് ബസ്സ് കൊടുക്കാൻ തീരുമാനമെടുത്തു, അതിനും അംഗീകാരം കിട്ടിയിട്ടുണ്ട്. ഇത്തരത്തിൽ ബഹുജനങ്ങളുടെകൂടി പിന്തുണയോടുകൂടി എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജിനെ മെച്ചപ്പെട്ടതാക്കി മാറ്റേണ്ടതുണ്ട്. അവിടെ ഇന്ന് നിലനിൽക്കുന്ന ജീവനക്കാരുടെ പ്രശ്നം പരിഹരിക്കേണ്ടതുണ്ട്, അങ്ങനെ പരിഹരിച്ചുകൊണ്ടുതന്നെ നമുക്ക് കേരളത്തിലെ ഏറ്റവും മികച്ച മെഡിക്കൽ കോളേജ് ആക്കി എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജിനെ മാറ്റണം. മലബാർ ക്യാൻസർ സെന്ററും തിരുവനന്തപുരം ആർ.സി.സി.-യും കഴിഞ്ഞാൽ മദ്ധ്യകേരളത്തിലുള്ള ആളുകൾക്ക് ആശ്രയിക്കാൻ കഴിയുന്ന ആ ക്യാൻസർ സെന്ററിനെ അതിന്റെ പൂർണ്ണ അർത്ഥത്തിൽ എത്തിക്കാനുള്ള നടപടി സ്വീകരിക്കുകയും ആവശ്യമായ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്, അത് പൂർണ്ണ അർത്ഥത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയണം. ആരോഗ്യരംഗത്ത് ഒരു പുതിയ ചുവടുവയ്പാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

കേരളത്തിൽ കൊല്ലം, ആലപ്പുഴ, പൊന്നാനി, ബേപ്പൂർ പോലുള്ള നിരവധി തുറമുഖങ്ങളുണ്ട്. ഈ തുറമുഖങ്ങളെ എങ്ങനെ നമുക്ക് കേരളത്തിന്റെ ചരക്ക് നീക്കത്തിനുവേണ്ടി ഉപയോഗപ്പെടുത്താം; കടൽ വഴിയുള്ള ചരക്കുനീക്കം ശക്തിപ്പെടുത്താൻ കഴിഞ്ഞാൽ റോഡ് മാർഗ്ഗമുള്ള ചരക്കുനീക്കത്തിന്റെ ഫലമായി അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിൽ നിന്നും കേരളത്തെ രക്ഷിക്കാൻ കഴിയും. അതുപോലെ ഉൾനാടൻ ജലപാത ഉപയോഗിക്കാനുള്ള ആസൂത്രിതമായ നീക്കം കൂടി നടത്തണം. അതുപോലെ നമ്മുടെ അഭിമാനമായ കൊച്ചി തുറമുഖത്തെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിന്റെ ഭാഗമായി തുറമുഖ ട്രസ്റ്റ് എന്നത് തുറമുഖ അതോറിറ്റി എന്ന് മാറ്റാൻ പോകുകയാണ്. അതിനെതിരായി ശക്തമായ നീക്കം കേരള ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം എന്നുകൂടി അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിന്റെതന്നെ അഭിമാന പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. ഈ പദ്ധതി ഒരു സുപ്രഭാതത്തിൽ ആകാശത്തുനിന്നും പൊട്ടിവീണതല്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ നിരന്തരമായ, കഠിന പരിശ്രമങ്ങളുടെ ഭാഗമായി യാഥാർത്ഥ്യമായ ഒരു പദ്ധതിയാണ്. കുലീനമായി പൊതുപ്രവർത്തനം നടത്തുകയും വളരെ മാന്യമായി പെരുമാറുകയും ശത്രുക്കൾക്കുപോലും അഴിമതി ആരോപണം ഉന്നയിക്കാൻ കഴിയാത്തത്ര മാന്യനായ ഒരു മന്ത്രിയാണ് തുറമുഖ വകുപ്പുമന്ത്രി. പക്ഷേ എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്, അങ്ങ് ഒരു ഫങ്ഷണൽ മിനിസ്റ്റർ ആയി പ്രവർത്തിക്കണം എന്നാണ്. തുറമുഖ വകുപ്പ് ഒരു ചെറിയ വകുപ്പല്ല, അപാരമായ, അനന്തസാധ്യതകളുള്ള വകുപ്പാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒപ്പിട്ട എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ തുറമുഖ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത്. പക്ഷെ അതിന്റെ അനുബന്ധമായി ചെയ്യേണ്ട കാര്യങ്ങൾ ഒന്നുംതന്നെ സർക്കാരിന്റെ ഭാഗത്തുനിന്നും ചെയ്യുന്നില്ല. ഈ പദ്ധതി വരുന്നതോടുകൂടി തൊഴിൽ നഷ്ടപ്പെടുന്ന ആളുകൾക്കുള്ള പുനരധിവാസ പാക്കേജിനെക്കുറിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ദീർഘമായി ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുകയും ചെയ്തിട്ടും ആ പാക്കേജ് ഇന്നും പൂർണ്ണമായി നടപ്പിലാക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ആ പാക്കേജിന് എന്തെങ്കിലും പാകപ്പിഴകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് തിരുത്താൻ നമുക്ക് കഴിയണം. എമൗണ്ട് തീരുമാനിച്ചതിലോ മറ്റോ എന്തെങ്കിലും കുറവുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ആ കുറവ് പരിഹരിക്കാൻ അടിയന്തര ശ്രമം നടത്തണം. ഇപ്പോൾത്തന്നെ ആ തുറമുഖത്തിന്റെ പരിസരങ്ങളിലുള്ള ജനങ്ങളെല്ലാം ഒരു പ്രക്ഷോഭത്തിന്റെ പാതയിലാണ്. ഇന്നലെ പതിനായിര ക്കണക്കിന് ആളുകളാണ് തുറമുഖ നിർമ്മാണ പ്രദേശത്തേയ്ക്ക് പ്രക്ഷോഭവുമായി പോയത്. ഇത് അനന്തമായി നീളുകയാണ്. എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത് മുല്ലൂരിലായിരുന്നാലും വിഴിഞ്ഞത്തായിരുന്നാലും ഹാർബർ പ്രദേശത്തായിരുന്നാലും ഈ പാക്കേജിനെ സംബന്ധിച്ച് ഇനി ഒരിക്കലും ഒരു അനിശ്ചിതത്വവും ഉണ്ടാകാത്ത തരത്തിൽ വരുന്ന ഏതാനും ആഴ്ചകൾക്കുള്ളിൽ തന്നെ, ജനങ്ങൾക്ക് പൂർണ്ണമായും തൃപ്തി വരുന്ന തരത്തിൽ ഈ പാക്കേജ് അന്തിമമായി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണം. വിഴിഞ്ഞം പദ്ധതിയെ അട്ടിമറിക്കുന്നതിനുവേണ്ടി റിസോർട്ട് ലോബികളടക്കം രംഗത്തുവന്നപ്പോൾ,

തങ്ങളുടെ തൊഴിൽ നഷ്ടമായാലും വ്യക്തിപരമായി ഒരുപാട് നഷ്ടങ്ങളുണ്ടായാലും ഈ തുറമുഖം അവിടെ വരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പതിനായിരക്കണക്കിന് ആളുകൾ, സെക്രട്ടേറിയറ്റ് അടക്കമുള്ള ഭരണസിരാ കേന്ദ്രങ്ങളിൽ, നിരവധി സമരങ്ങൾ നടത്തി. തുറമുഖത്തിന്റെ വരവ് വളരെയധികം ആഗ്രഹിച്ച ആളുകളെല്ലാം ഇന്ന് അസംതൃപ്തിയിലാണ്. അതിനാൽ ആ പുനരധിവാസ പാക്കേജ് അടിയന്തരമായി നടപ്പിലാക്കണം. കഴിഞ്ഞ സർക്കാർ, അന്നത്തെ മുഖ്യമന്ത്രി ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ നിരവധി ചർച്ചകൾ നടത്തുകയും കാര്യങ്ങളിലെല്ലാം തീരുമാനമാകുകയും ചെയ്തതാണ്. ഇന്ന് പുതിയ സർക്കാർ വന്നു, എന്നാൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇതുസംബന്ധിച്ച ചർച്ചകൾ കാര്യമായി നടന്നിട്ടുണ്ടോ എന്ന് സംശയമാണ്. അതുകൊണ്ട് ഈ പാക്കേജ് അടിയന്തരമായി നടപ്പിലാക്കണം. ആ പ്രദേശത്ത് അദാനി ഗ്രൂപ്പ് തന്നെ സി.എസ്.ആർ. പ്രകാരം വിതരണം ചെയ്തുകൊണ്ടിരിക്കുന്ന കുടിവെള്ളം ജനങ്ങൾക്ക് ഉപയോഗിക്കാൻ പറ്റാത്ത തരത്തിലാണ്, അതും കൃത്യമായി കൊടുക്കുന്നില്ല. ഇതിനെല്ലാം ഒരു പരിഹാരമായില്ലെങ്കിൽ ജനങ്ങൾ ശക്തമായ പ്രതിഷേധത്തിലേയ്ക്കും പ്രക്ഷോഭത്തിലേയ്ക്കും പോകും. അങ്ങനെ പ്രക്ഷോഭത്തിലേയ്ക്ക് പോകുമ്പോൾ അവരുടെ പ്രതിനിധി എന്ന നിലയിൽ എനിക്കും ആ പ്രക്ഷോഭത്തിന്റെ മുൻനിരയിൽ നിൽക്കേണ്ടിവരും. അതുകൊണ്ട് ഗവൺമെന്റ് അടിയന്തരമായി ഇക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കണം. തുറമുഖവുമായി ബന്ധപ്പെട്ടുള്ള പോർട്ട് സിറ്റിയുടെ ഡെവലപ്മെന്റ് സംബന്ധിച്ച് പഠനം നടത്തുന്നതിന് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് CEPT യൂണിവേഴ്സിറ്റിയെ നിയോഗിച്ചുവെങ്കിലും അതിനെത്തുടർന്ന് യാതൊരു നടപടിയും ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. പദ്ധതിയുടെ 15 കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങൾക്ക് വികസനമുണ്ടാകുന്ന തരത്തിൽ പോർട്ട് സിറ്റിയുടെ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട്, സാഗർമാലാ പദ്ധതി, കേന്ദ്രഗവൺമെന്റിന്റെ അർബൻ ഡെവലപ്പ്മെന്റ് സ്കീമുകൾ ഇതിലെല്ലാം ഉൾപ്പെടുത്തി, ഗവൺമെന്റ് എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ എന്നതന്നെ സംശയമാണ്. ഇതിലെല്ലാം ഉൾപ്പെടുത്തി അവിടെ ഒരു ഇൻക്ലൂസീവ് ഡെവലപ്പ്മെന്റ് ഉണ്ടാക്കിയെടുക്കാൻ ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 90 ശതമാനവും ലാന്റ് അക്വിസിഷൻ പൂർത്തിയാക്കി, ഇനി 10 ശതമാനം മാത്രമേ പൂർത്തിയാക്കാനുള്ളൂ, ആ ലാന്റ് അക്വിസിഷനും എങ്ങുമെത്താതെ നിൽക്കുകയാണ്. എഗ്രിമെന്റ് പ്രകാരം ലാന്റ് അക്വിസിഷൻ നടത്തി അവരെ

ഏൽപ്പിക്കേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്, എന്നിട്ടും ഗവൺമെന്റ് ആ കാര്യത്തിൽ കാര്യമായ നടപടി സ്വീകരിച്ചിട്ടില്ല. ഈ പദ്ധതി പൂർത്തിയാകുമ്പോൾ വരേണ്ട റെയിൽ കണക്ടിവിറ്റിക്കാവശ്യമായ ലാന്റ് അക്വിസിഷൻ ഇതുവരേയും നടത്തിയിട്ടില്ല. എന്നാണ് ഈ കാര്യങ്ങൾ ചെയ്യാൻ പോകുന്നത്? വിവിധ തുറമുഖങ്ങളെ കണക്ട് ചെയ്തുകൊണ്ടുള്ള കോസ്റ്റൽ ഷിപ്പിംഗ് അനന്തമായ സാധ്യതകളുള്ളതാണ്, അത് നടപ്പിലാക്കാനും ഗവൺമെന്റ് അടിയന്തരമായി ശ്രദ്ധിക്കേണ്ടതാണ്. തുറമുഖ നിർമ്മാണം അദാനി നടത്തുന്നു, അതുകൊണ്ട് നമ്മൾ വെറുതെ ഇരിക്കുക എന്നുള്ളതല്ല, ശുഷ്കാന്തിയോടുകൂടി, അടിയന്തരമായി നടപടി സ്വീകരിക്കണം. ആ പ്രദേശങ്ങളിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന പ്രതിഷേധം ഗവൺമെന്റ് കാണണം എന്നാണ് എനിക്ക് പറയാനുള്ളത്.

ഈ ഗവൺമെന്റിൽ രണ്ട് മന്ത്രിമാർ രാജിവച്ചു. രാജിവച്ചുകൊണ്ട് മന്ത്രിമാർ പറഞ്ഞത് ഞങ്ങൾ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് രാജിവയ്ക്കുന്നു എന്നാണ്. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. എ. കെ. ശശീന്ദ്രൻ, അദ്ദേഹം ഫോണിൽ സംസാരിച്ചതുകൊണ്ടാണ് രാജിവച്ചത്, മൈക്കിൽ സംസാരിച്ചയാൾ ഇതുവരെയും രാജിവച്ചിട്ടില്ല. അദ്ദേഹത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ന്യായീകരിക്കുകയാണ്. മുഖ്യമന്ത്രി ഗ്രാമഭാഷയാണെന്ന് പറഞ്ഞുകൊണ്ടാണ് അദ്ദേഹത്തെ ന്യായീകരിച്ചത്. ഞാൻ ചോദിക്കട്ടെ, കേരളത്തിലെ മന്ത്രിമാർ കതകടച്ച് മറ്റേ പണിയാണെന്ന് ഞങ്ങൾ പറഞ്ഞാൽ അത് ഗ്രാമഭാഷയാണെന്ന് നിങ്ങൾ അംഗീകരിക്കുമോ? മുഖ്യമന്ത്രി പറഞ്ഞത് തെറ്റാണെന്ന് പാർട്ടി സംസ്ഥാന കമ്മിറ്റി കണ്ടെത്തി, പാർട്ടി സംസ്ഥാന കമ്മിറ്റി മന്ത്രിക്ക് പരസ്യശാസന വിധിച്ചു. മുഖ്യമന്ത്രി പറഞ്ഞതാണോ ശരി, പാർട്ടി പറഞ്ഞതാണോ ശരി എന്ന് ബന്ധപ്പെട്ടവർ വ്യക്തമാക്കണം. പരസ്യശാസന എന്ന് പറഞ്ഞാൽ ഇന്ന് ഒരു പരിഹാസ്യമായ വാക്കായി മാറുകയാണ്. പുത്തരിക്കണ്ടത്തു വച്ചാണോ, മുതലക്കുളത്ത് വച്ചാണോ, മറൈൻഡ്രൈവിൽ വച്ചാണോ, എവിടെ വച്ചാണ് ഈ പരസ്യശാസന പാർട്ടി നടപ്പിലാക്കിയത്? പരസ്യശാസന രഹസ്യമായി നടപ്പിലാക്കുന്ന ഒരു പാർട്ടിയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. ഇത്തരത്തിൽ ഒരു പരസ്യശാസന വന്നു എന്നു കേട്ടാൽത്തന്നെ അതിലെ കുറ്റവാളികൾ ഞങ്ങൾ രക്ഷപ്പെട്ടു എന്നാണ് പറയുന്നത്. ഇതോടുകൂടി എല്ലാ കാര്യങ്ങളും അവസാനിക്കുമല്ലോ. കുറ്റവാളികളേയും തെറ്റുചെയ്തവരേയും രക്ഷപ്പെടുത്താനുള്ള പാർട്ടിയുടെ ഒരു ഉപാധി മാത്രമാണ് പരസ്യശാസനയും രഹസ്യശാസനയും എന്നാണ് പറയപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞത് ചോദ്യപേപ്പർ ചോർന്നതുസംബന്ധിച്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു എന്നാണ്. ഈ അന്വേഷണം ഒരിക്കലും പൂർത്തിയാകും എന്ന വിശ്വാസവും ഞങ്ങൾക്കില്ല. കാരണം ഈ മന്ത്രിസഭയെ അധികാരത്തിലേറ്റിയവർ തന്നെയാണ് ഇതിന്റെ യഥാർത്ഥ കുറ്റവാളികൾ. കണക്കുപരീക്ഷ ചോദ്യപേപ്പർ ചോർന്നു, രണ്ടാമത് വീണ്ടും കണക്കുപരീക്ഷ നടത്തി, ആ കണക്കുപരീക്ഷയുടെ റിസൽട്ടും വന്നു, എന്നിട്ടും എങ്ങും കണ്ടെത്തുന്നില്ല. അവസാനം ചോദ്യം അച്ചടിച്ച പ്രസ്സിനേയും ചോദ്യപേപ്പർ കൊണ്ടുപോയ കവറിനേയും പ്രതിയാക്കി സർക്കാർ ഈ അന്വേഷണം അവസാനിപ്പിക്കും.

തീരദേശമേഖലയിലെ സർക്കാർ ആശുപത്രികൾ ഇന്ന് രോഗാതുരമായി കൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ദിവസേന 500-600 ഒ.പി.-യുള്ള വിഴിഞ്ഞം, പൂല്ലുവിള, പൂവാർ ആശുപത്രികളിൽ ഉച്ച കഴിഞ്ഞാൽ ഡോക്ടർമാരില്ല. വിഴിഞ്ഞം ആശുപത്രിയിൽ വർഷങ്ങളായി ഉണ്ടായിരുന്ന മെറ്റേണിറ്റി വാർഡ് നിർത്തലാക്കി. ഗവൺമെന്റ് അടിയന്തരമായി ഈ വിഷയങ്ങളിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീമതി സി. കെ. ആശ</u>: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഈ ആസുരകാലത്തിൽ ഏത് കുടില മാർഗ്ഗങ്ങളിലൂടെയും പണം സമ്പാദിക്കുക എന്നതാണ് ഭൂരിപക്ഷം പേരുടെയും ജീവിതലക്ഷ്യം. മൂല്യങ്ങൾക്ക് അടിമുടി ശോഷണം സംഭവിക്കുമ്പോഴാണ് ധനസമ്പാദനത്തിനുള്ള ദുര ഭ്രാന്തമായ വേഗത്തിലാകുന്നത്. നമ്മുടെ സമൂഹത്തെയാകെ ഇത് ഗ്രസിച്ചു കഴിഞ്ഞു. സദാ കരുണാർദ്രമാകേണ്ട ആതുര സേവന രംഗത്തേയും ഈ ദുര ആഴത്തിൽ ബാധിച്ചിരിക്കുന്നു. എതുകാലത്തും, ഏതു സമൂഹത്തിലും ഏറ്റവും നന്മയാർന്ന കർമ്മം ആതുര സേവനമാണ്. അത് അക്ഷമമായ സ്നേഹത്തിന്റെയും അനന്തമായ കാരുണ്യത്തിന്റെയും അനസ്യൂത പ്രവാഹമാണ്. അതുകൊണ്ടാണ് ആതുരാലയങ്ങൾക്കും ചികിത്സകർക്കും സമൂഹം ഉദാത്തമായ സ്ഥാനം കൽപ്പിച്ചിരിക്കുന്നത്. വിശക്കുന്ന ദരിദ്രന്റെ മുൻപിൽ ദൈവത്തിന് ആഹാരത്തിന്റെ രൂപത്തിൽ മാത്രമേ പ്രത്യക്ഷപ്പെടാനാകൂ എന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. അതുപോലെ കൊടിയ വ്യാധികളാൽ അനുനിമിഷം നിരാശ്രയരായ രോഗികളുടെ മുൻപിൽ ഡോക്ടർമാർക്ക് സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും രൂപത്തിൽ മാത്രമേ പ്രത്യക്ഷപ്പെടാനാകൂ. എങ്കിൽ മാത്രമേ ഈ മേഖല സേവനത്തിന്റെ ഉദാത്ത മാതൃകയാകൂ.

കേരളത്തിന്റെ ആരോഗ്യ സൂചകങ്ങൾ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മെച്ചപ്പെട്ടതാണ്. ഇതിനായി സ്വാതന്ത്ര്യത്തിന്റെ മുൻപും പിൻപും ഉള്ള ഭരണസംവിധാനങ്ങൾ വലിയ സംഭാവനകളും നല്കിയിട്ടുണ്ട്. സംസ്ഥാനം പുതിയ തരം പകർച്ച വ്യാധികളുടെയും വിവിധതരം ജീവിതശൈലീ രോഗങ്ങളുടെയും പിടിയിലമരുന്ന ഇക്കാലത്ത് ഈ രംഗത്തെ സർക്കാർ ഇടപെടലുകളുടെ പ്രാധാന്യം വളരെ വലുതാണ്. എന്നാൽ മതിയായ സർക്കാർ നടപടികളുടെയും ശക്തമായ ജനകീയ ഇടപെടലിന്റെയും അഭാവം കേരളത്തിന്റെ ആരോഗ്യമേഖലയെ മുരടിപ്പിലേയ്ക്ക് തള്ളിവിടുകയാണെന്ന ആക്ഷേപം കഴിഞ്ഞ ഏതാനും വർഷങ്ങളായി ഉയരുന്നുണ്ട്. പ്രാഥമികാരോഗ്യ മേഖലയ്ക്ക് കൂടുതൽ ഊന്നൽനല്കിക്കൊണ്ട് മാത്രമേ ജനങ്ങളുടെ ആരോഗ്യാവകാശങ്ങൾ നിറവേറ്റാൻ കഴിയൂ. അതിന് വലിയ തോതിലുള്ള ഒരു ചുവടുമാറ്റം ആവശ്യമാണ്. ഈ അടിസ്ഥാന ആശയം ഉൾക്കൊണ്ടുകൊണ്ടാണ് സംസ്ഥാന സർക്കാർ ആർദ്രം പദ്ധതിക്ക് രൂപം നല്കിയിരിക്കുന്നത്. സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും രോഗീസൗഹൃദ പരിചരണം സാധ്യമാക്കി, ഒ.പി. സേവനം കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുക വഴി രോഗികൾക്ക് ആശുപത്രികളിൽ ഒരു പുതിയ അനുഭവം നല്കുന്നതോടൊപ്പം നല്കുന്ന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്നതാണ് ഇതിന്റെ പ്രാഥമിക ലക്ഷ്യം. രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുക, ജില്ല-താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക, ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുക, ആവശ്യമെങ്കിൽ ഉയർന്ന തലത്തിലേയ്ക്ക് രോഗികളെ റഫർ ചെയ്യുക, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവയിൽ കാര്യക്ഷമമായി ഇടപെടുക, രോഗികൾക്ക് ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക, ഇലക്ട്രോണിക് ഹെൽത്ത് റിക്കോർഡ് എന്ന നൂതന സംവിധാനം തുടങ്ങിയവയൊക്കെ ആർദ്രം പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

വൈക്കത്തെ ഗവൺമെന്റ് താലൂക്ക് ആശുപത്രിക്ക് കഴിഞ്ഞ ബജറ്റിൽ 50 കോടി രൂപ അനുവദിച്ച് ആശുപത്രിയുടെ ഭൗതിക സാഹചര്യ വികസനത്തിന് വഴിയൊരുക്കിയത് നന്ദിയോടെ ഞാൻ ഈ അവസരത്തിൽ ഓർക്കുന്നു. വേമ്പനാട്ട് കായലിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന ആശുപത്രിയെ പുതിയ കെട്ടിടങ്ങൾ പണിയുമ്പോൾ ആതുര സേവന സ്ഥാപനമെന്ന നിലയിൽ തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം കടുത്ത സാമ്പത്തിക ഞെരുക്കത്തിലും 37 ലക്ഷത്തിലേറെ വരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക്, മാർച്ചിലെ പെൻഷൻ ഉൾപ്പെടെ അനുവദിച്ചു എന്നത് ഏറെ പ്രശംസനീയമാണ്. സാമൂഹ്യക്ഷേമ സുരക്ഷാ മിഷൻ മുഖേന സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന "സ്നേഹപൂർവ്വം" പദ്ധതിയിലൂടെ അമ്മയോ, അച്ഛനോ, അല്ലെങ്കിൽ ഇരുവരുമോ മരിച്ചുപോയാൽ ഇനി മക്കൾ അനാഥരല്ലാത്ത സാഹചര്യം സൃഷ്ടിക്കുന്നു. അനാഥാലയങ്ങളിലേയ്ക്ക് പോകാതെ, സ്വന്തം വീടുകളിൽ തന്നെ സുരക്ഷിതത്വത്തോടെ ഇവർക്ക് ജീവിക്കാൻ സാധിക്കും. ഡിമൻഷ്യ ബോധവത്ക്കരണത്തിനും രോഗികളെ സംബന്ധിച്ച് സർവ്വേ നടത്തുന്നതിനും രൂപംകൊടുത്ത പദ്ധതിയായ 'സ്മൃതിപഥം' കേരളത്തിൽ ആരംഭിച്ചതും 'തലോടൽ 'എന്ന സ്വാന്തനം പദ്ധതിക്ക് തുടക്കം കുറിക്കാൻ സർക്കാരിന് കഴിഞ്ഞതും നാം ഈ സന്ദർഭത്തിൽ ഓർക്കേണ്ടതുണ്ട്. കുടുംബാരോഗ്യ രംഗത്തും കേരളം ലോക നിലവാരത്തിലാണ് എന്നുള്ളത് പ്രശസ്തമാണ്. കേന്ദ്ര ആരോഗ്യമന്ത്രാലയം പുറത്തുവിട്ട ദേശീയ കുടുംബാരോഗ്യ സർവ്വേ പ്രകാരം രാജ്യത്തിനാകെ മാതൃകയാകുന്ന തരത്തിൽ കേരളം കുടുംബാരോഗ്യ രംഗത്തും അത്ഭുതപൂർവ്വമായ മുന്നേറ്റമാണ് നടത്തിയിരിക്കുന്നത്. ശിശു മരണ നിരക്ക്, സ്ത്രീ പുരുഷ അനുപാതം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലെല്ലാം കേരളത്തിന്റെ നേട്ടം വികസിത രാജ്യങ്ങൾക്ക് തുല്യമാണെന്നതിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാം. എന്നാൽ ചില കാര്യങ്ങളിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധ പതിയുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതായുണ്ട്.

ആരോഗ്യ സേവനം എന്നത് ഒരു വിശ്വാസത്തിന്റെ നിവർത്തനമാണ്. ഒരു വ്യക്തിയുടെ ജീവിതത്തിൽ പ്രത്യാശ പകരുന്ന പ്രവൃത്തിയുടെ ആദ്യ ചുവടുകളിലൊന്നാണ് ഇമ്മ്യൂണൈസേഷൻ. എന്നാൽ ഇൻഡ്യയിലെ ചികിത്സാരംഗം വളരെ അസുഖകരവും ഭയജനകവുമായ അവസ്ഥയിലാണ്. ഇൻഡ്യയിൽ കാണപ്പെടാത്ത രോഗങ്ങൾക്കുള്ള വാക്സിനുകൾ പോലും ധാരാളമായി വിറ്റഴിക്കപ്പെടുന്നുണ്ട്. ഇതിന് പിന്നിൽ പ്രവർത്തിക്കുന്നത് സ്വകാര്യ വാക്സിൻ കമ്പനികളും ചില സ്വകാര്യ ഡോക്ടർമാരും തമ്മിലുള്ള അവിശുദ്ധ ബാന്ധവമാണ്. സർക്കാർ ആശുപത്രികളിൽ നിർദ്ദേശിക്കുന്ന അവശ്യ വാക്സിനുകളുടെ എണ്ണം 10

ആണ്, എന്നാൽ സ്വകാര്യ മേഖലയിലെ ആശുപത്രികളിൽ ആവശ്യമില്ലാത്ത എന്നാൽ അവിടെയുള്ള ചികിത്സകർ നിർദ്ദേശിക്കുന്ന 15 വാക്സിനുകൾ നല്കുന്നുണ്ട്. അഴിമതിക്ക് സന്നദ്ധമാകുന്ന ദുഷിച്ച മനസ്സിനെതിരെ ഒരു വാക്സിനുമില്ല. അതുകൊണ്ട് കുഞ്ഞുങ്ങൾക്ക് രോഗപ്രതിരോധശേഷി ഉറപ്പുനൽകുന്ന സാർവ്വത്രിക പ്രതിരോധ കുത്തിവെപ്പ് പരിപാടി നിലനിൽക്കുന്ന ഒരു രാജ്യത്ത് അത്യാർത്തിക്ക് പ്രതിരോധം തീർക്കേണ്ടത് കാര്യക്ഷമതയുള്ള സർക്കാരാണ്. കേരളത്തിലെ ഇടതുപക്ഷ സർക്കാരിനും ആരോഗ്യ വകുപ്പിനും ഇത് സാധിക്കണമെന്ന് ആത്മാർത്ഥമായി ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം ജീവൻരക്ഷാ ഔഷധങ്ങളുടെ വില നിയന്ത്രണത്തിനായി സർക്കാരുകൾ കണിശമായ മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും വില നിയന്ത്രണാതീതമായി ഉയരുന്നത് സാധാരണക്കാരുടെ ജീവിതത്തെ അങ്ങേയറ്റം ക്ലേശകരമാക്കുന്നുണ്ട്. ഇതിന് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

രോഗത്തിന് നല്കുന്ന ചികിത്സ പോലെ തന്നെയാണ് രോഗനിർണ്ണയവും. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചില ലാബുകളിലും ആശുപത്രികളിലും നിശ്ചിത യോഗ്യതയില്ലാത്തവർ പ്രവർത്തിക്കുന്നുണ്ട്. ശരിയായ പരിശീലനവും ശാസ്ത്രീയ ബോധവുമില്ലാത്തവർ പ്രവർത്തിച്ചാൽ ദൂരവ്യാപകമായ പ്രത്യാഘാത മുണ്ടാകുമെന്നതിൽ യാതൊരു സംശയവുമില്ല. ആയതിനാൽ ഇത്തരം ചൂഷണങ്ങൾ അവസാനിപ്പിച്ച് രക്ത പരിശോധന, എക്സ്-റേ, സ്കാനിങ്, ശസ്ത്രക്രിയ തുടങ്ങിയവയിലെല്ലാം ഫീസ് നിരക്കുകൾ ക്ലാസിഫിക്കേഷനനുസരിച്ച് ഏകീകരിച്ചുകൊണ്ട് സ്വകാര്യ മേഖലയിൽ സാമൂഹ്യമായ ഇടപെടലിനും നിയന്ത്രണത്തിനും സർക്കാരിന് അവകാശമുണ്ടായിരിക്കണം.

'ലോകാ സമസ്താ സുഖിനോ ഭവന്തു', എല്ലാവരും ആരോഗ്യത്തോടെ ഇരിക്കണമെന്നതാണ് എക്കാലത്തെയും നമ്മുടെ പ്രാർഥന. ഏത് രാജ്യത്തിന്റേയും സമൂഹത്തിന്റേയും വലിയ സമ്പത്ത് ആരോഗ്യമുള്ള ജനതയാണ്. അതിനായി പുതിയ പദ്ധതികളിലൂടെ ഗവൺമെന്റിനും ആരോഗ്യ വകുപ്പിനും സാധ്യമാകട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം നീറ്റ് പരീക്ഷയ്ക്കെത്തിയ കുട്ടികളുടെ ആത്മാഭിമാനത്തിന് ക്ഷതമേൽപ്പിച്ചവരെ അടിയന്തരമായി അറസ്റ്റ് ചെയ്യണമെന്നു കൂടി അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ആരോഗ്യം ജനങ്ങളുടെ അവകാശം എന്ന മുദ്രാവാക്യമാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഉയർത്തിപ്പിടിച്ചത്. അതിൽ ആ സർക്കാർ 90 ശതമാനവും വിജയിച്ചുവെന്നത് വസ്തുതയാണ്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എസ്. ശിവകുമാറും വളരെ താൽപ്പര്യത്തോടുകൂടി ആരോഗ്യരംഗത്ത് പ്രവർത്തിക്കുകയുണ്ടായി. അതിന്റെ വിജയം അക്കാലത്ത് ഉണ്ടായി എന്നുള്ളത് തർക്കമറ്റ സംഗതിയാണ്. ഭയാശങ്കകൾ പടർത്തിയിരുന്ന പഴയ രോഗങ്ങളെ നമ്മൾ പടിയിറക്കുകയുണ്ടായി. എന്നാൽ എലിപ്പനി, പന്നിപ്പനി, എച്ച്.1എൻ.1., ഡെങ്കിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ രോഗങ്ങളെല്ലാം വീണ്ടും കേരളത്തിൽ കടന്നുകൂടിയിട്ടുണ്ട്. സർക്കാരിന്റെ കൈവശം ഇതിന്റെ കണക്കുകളുണ്ടാകും. ജനുവരി മുതൽ ഏപ്രിൽ വരെ ഈ രോഗങ്ങൾമൂലം കേരളത്തിൽ 75-ലധികം ആളുകൾ മരിച്ചിട്ടുണ്ട്. ഈ സഭയിലുള്ള എത്രയോ ആളുകൾക്ക് പകർച്ചപ്പനിയും മാരകരോഗങ്ങളും പിടിപെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സഭയിൽ വരാത്തതെന്താണെന്ന് ഞാൻ അന്വേഷിച്ചപ്പോൾ മന്ത്രിക്ക് പനി മാത്രമല്ല, ചിക്കൻപോക്സും പിടിപെട്ടിട്ടുണ്ടായിരുന്നു എന്ന് മനസ്സിലായി. സഭയിലുള്ള മിക്കവാറും അംഗങ്ങളെ ഒരു സമയത്ത് അല്ലെങ്കിൽ വേറൊരു സമയത്ത് പനി ബാധിച്ചിട്ടുണ്ട്. ഇത് എങ്ങനെ സംഭവിക്കുന്നു? നമ്മുടെ സംസ്ഥാനത്ത് ആറ് ലക്ഷം പേരാണ് പനി പിടിച്ച് ആശുപത്രികളിൽ ചികിത്സ തേടിയിരിക്കുന്നത്. ഇവരുടെ ചികിത്സയ്ക്കുവേണ്ടി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പ്രസംഗത്തിൽ വിശദീകരിച്ചാൽ നന്നായിരിക്കും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഞാൻ ഒരു മന്ത്രിയായിരുന്നതുകൊണ്ട് എനിക്ക് ഇക്കാര്യങ്ങളൊക്കെ നന്നായിട്ടറിയാം. കാലാവസ്ഥാ വ്യതിയാനംമൂലം ആളുകൾക്ക് അസുഖം ബാധിക്കുമ്പോൾ ഗവൺമെന്റ് പ്രത്യേകമായി ക്യാബിനറ്റ് കൂടി തീരുമാനമെടുക്കും. പതിനാല് ജില്ലകളിലും ഓരോ മന്ത്രിമാർക്കും മേയർ മുതൽ പഞ്ചായത്ത് പ്രസിഡന്റ് വരെയുള്ളവർക്ക് ചുമതല നൽകിക്കൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ആ പരിപാടികൾ വിജയിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. ഒരു പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിൽ അന്നത്തെ ഗവൺമെന്റ് 25,000 രൂപ ചെലവഴിക്കാൻ കൊടുക്കുമായിരുന്നു. ഒരു വർഷത്തിനിടയിൽ ഈ ഗവൺമെന്റ് ആ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചു? ഇക്കാര്യങ്ങളിലൊക്കെ കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും തമ്മിൽ ഒരു താരതമ്യപഠനത്തിനുള്ള അവസരമാണ് പകർച്ചവ്യാധികൾ പടർന്നു പിടിച്ചപ്പോൾ ജനങ്ങൾക്ക് കിട്ടിയിരിക്കുന്നത്. നമ്മുടെ

സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളെ എംപവർ ചെയ്യണം, സ്ട്രെങ്ത്തൺ ചെയ്യണം എന്ന് ബഹുമാനപ്പെട്ട ശ്രീ. ജോൺ ഫെർണാണ്ടസ് സൂചിപ്പിക്കുകയുണ്ടായി. വളരെ സ്വീകാര്യമായൊരു നിലപാടാണത്. നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകൾക്ക് എന്താണ് സംഭവിച്ചിരിക്കുന്നത്? പ്രൈമറി ഹെൽത്ത് സെന്ററുകൾ മുതൽ മെഡിക്കൽ കോളേജുകളിൽ വരെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും സൗജന്യ മരുന്ന് ലഭ്യമാക്കാനുള്ള സംവിധാനമുണ്ടായിരുന്നു. ഈ ഗവൺമെന്റ് അവതരിപ്പിച്ച ബജറ്റ് പ്രസംഗത്തിലും അതിനുള്ള പ്രൊവിഷനുണ്ട്. ഞാൻ അത് കണ്ടില്ല എന്ന് പറയുന്നില്ല. പക്ഷേ ആ പ്രൊവിഷൻ ഇപ്പോൾ പ്രൊവിഷനായിത്തന്നെ നിലനിൽക്കുകയാണ്. കഴിഞ്ഞ സർക്കാർ പാവപ്പെട്ടവർക്ക് ഒരു വർഷം സൗജന്യ മരുന്ന് നൽകാൻവേണ്ടി 300 കോടി രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഏൽപ്പിക്കുകയുണ്ടായി. ഇത്തവണ തുകയൊന്നും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകാത്തതിനാൽ മരുന്ന് വിതരണക്കാർ മരുന്ന് വിതരണം നിർത്തലാക്കിയിരിക്കുകയാണ്. പാവപ്പെട്ട സാധാരണക്കാരായ രോഗികൾക്കുപോലും ഈ സൗജന്യ മരുന്ന് ലഭിക്കുന്നില്ല. പണ്ട് നമ്മുടെ നാട്ടിൽ ഒരാൾക്ക് ഹാർട്ട് ഓപ്പറേഷൻ വേണ്ടിവന്നാൽ നമ്മൾതന്നെ മുൻകയ്യെടുത്ത് വലിയ കളക്ഷൻ നടത്തി അതിനുള്ള സംവിധാനങ്ങൾ ഒരുക്കുമായിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാധാരണക്കാർക്കും പാവപ്പെട്ടവർക്കുമൊക്കെ ഹൃദയസംബന്ധമായ അസുഖങ്ങൾ കാൻസർ തുടങ്ങിയ വയ്ക്കൊക്കെ ആവശ്യമായ ചികിൽസ ലഭ്യമാക്കിയിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ കാരുണ്യ ബെനവലന്റ് ഫണ്ട് എത്ര സജീവമായാണ് കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തിച്ചിരുന്നത്. ഇന്ന് അതിൽ എന്ത് പ്രവർത്തനമാണ് നടക്കുന്നത്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഇത്തരത്തിലുള്ള ചികിത്സ, സർജറി തുടങ്ങിയവ എത്ര നടത്തിയെന്നുള്ളത് വിശദമാക്കണം. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സാമൂഹ്യനീതി വകുപ്പിന്റെയും കൂടി ചുമതലയുള്ള മന്ത്രിയാണ്. കഴിഞ്ഞ കാലത്ത് സാമൂഹ്യനീതി വകുപ്പിന് ഏറ്റവും കൂടുതൽ പ്രശസ്തി ലഭിച്ചത് കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയിലൂടെയാണ്. പാവപ്പെട്ട അച്ഛനും അമ്മയ്ക്കും കേൾവിശേഷി നഷ്ടപ്പെട്ട ഒരു കുഞ്ഞ് ജനിച്ചാലുണ്ടാകുന്ന പ്രയാസം നമുക്കറിയാം. വളരെ സൗജന്യമായി വികസിത രാജ്യങ്ങൾക്ക് മാത്രം ലഭിക്കുന്ന ആ സൗകര്യം കഴിഞ്ഞ അഞ്ച് വർഷം കേരളത്തിന് ലഭിച്ചു. ഇപ്പോൾ എത്ര പേർക്ക് ഈ സൗജന്യ ചികിത്സ നടത്താൻ സാധിക്കുന്നുണ്ട്? സാമൂഹ്യനീതി വകുപ്പിന്റെ തന്നെ ഒരു പദ്ധതിയാണ്

"താലോലം". അതിന്റെയും സ്ഥിതി എന്താണ്? ആരോഗ്യ കിരണം പദ്ധതി-ഒരു കുട്ടി ജനിച്ച അന്നുമുതൽ 18 വയസ്സുവരെ എല്ലാവർക്കും കിട്ടുന്ന സൗജന്യചികിത്സാ പദ്ധതിയാണ് ആരോഗ്യ കിരണം പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം ഇപ്പോൾ എത്രപേർക്ക് സൗജന്യ ചികിത്സ നടത്തി എന്നുള്ളത് സംബന്ധിച്ച വിശദാംശം നൽകണം. ഗർഭാവസ്ഥയിലുള്ള അമ്മമാർ പ്രസവിച്ച് ആറുമാസം വരെ ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ ഇപ്പോൾ ലഭിക്കുന്നുണ്ടോ? എറണാകുളം ജനറൽ ആശുപത്രിയിൽ കാൻസർ ബാധിച്ച് വരുന്ന സാധാരണക്കാരായവർക്ക് ഇൻകം ടാക്സ് കൊടുക്കേണ്ട എന്ന സൗകര്യമുണ്ടായിരുന്നു. കേരളത്തിലെ മറ്റ് അഞ്ച് മെഡിക്കൽ കോളേജുകൾ, മലബാർ കാൻസർ സെന്റർ, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ തുടങ്ങിയ സ്ഥലങ്ങളിലുണ്ടായിരുന്ന എല്ലാ പദ്ധതികളും നിലച്ചു. ഒരാൾക്കും ഇതുപ്രകാരം ഇപ്പോൾ ചികിത്സ ലഭിക്കുന്നില്ല. പ്രമേഹം ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങളെ സംബന്ധിച്ച് അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. 'അമൃതം ആരോഗ്യം' പദ്ധതി ഇന്ന് നിലച്ചിരിക്കുകയാണ്. അതിനൊക്കെയുള്ള ഒരു ഒറ്റമൂലികൂടിയായ ഇൻഷ്വറൻസ് പാക്കേജിനെ സംബന്ധിച്ച് ബജറ്റിൽ പരാമർശിച്ചിട്ടുണ്ട്. പക്ഷേ ഇത് നടപ്പിലായിട്ടില്ല. ഗവൺമെന്റ് ആശുപത്രികളിലും കാൻസർ സെന്ററുകളിലും ഈ ഇൻഷ്വറൻസ് പാക്കേജ് എങ്ങനെ നടപ്പിലാക്കാൻ സാധിക്കും? സ്വകാര്യ ആശുപത്രികൾക്കാണ് അതിന്റെ ഗുണം ലഭിക്കുന്നത്. അവർക്ക് കൊയ്ത്ത് നടത്താനുള്ള സൗകര്യമാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളെ സംബന്ധിച്ച് സർക്കാർ കുറച്ചുകൂടി ശ്രദ്ധ കൊടുക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഇടുക്കി മെഡിക്കൽ കോളേജ് പൂട്ടി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പാരിപ്പള്ളി കോളേജിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട ചെയറിന് പ്രത്യേക താൽപ്പര്യമുണ്ടാകും. മെഡിക്കൽ കൗൺസിൽ ഇന്നുവരെ പ്രസ്തുത കോളേജിന് അനുവാദം നൽകിയിട്ടില്ല. മഞ്ചേരി മെഡിക്കൽ കോളേജിൽ മെഡിക്കൽ കൗൺസിൽ പറഞ്ഞ പ്രകാരം കറക്ട് ചെയ്യേണ്ട, റെക്ടിഫൈ ചെയ്യേണ്ട കാര്യങ്ങളൊന്നും ചെയ്തിട്ടില്ല. എന്റെ നിയോജക മണ്ഡലത്തിലെ എറണാകുളം മെഡിക്കൽ കോളേജിനെ സംബന്ധിച്ച് ശ്രീ. അൻവർ സാദത്ത് ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി നന്നായി മറുപടി നൽകുകയുണ്ടായി. ഇപ്പോൾ അതിന്റെ സ്ഥിതി അതല്ല. പ്രസ്തുത മെഡിക്കൽ കോളേജിൽ മാഫിയാസംഘം പ്രവർത്തിക്കുന്നുണ്ട്. ആ മാഫിയാ സംഘത്തെ പുറത്താക്കിയില്ലെങ്കിൽ ആ മെഡിക്കൽ കോളേജ് മാത്രമല്ല, ഈ സംസ്ഥാനത്തിന്റെ മെഡിക്കൽ വിദ്യാഭ്യാസവും മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള ആശുപത്രികളുടെയും ചരിത്രത്തിൽ ഒരു കറുത്ത അദ്ധ്യായം കൂടി എഴുതി ചേർക്കേണ്ടി വരുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

ഷംനയുടെയും ജെറിലിന്റെയും മരണം സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഹൃദയഭേദകമായ സ്ഥിതിവിശേഷമാണുണ്ടായത്. അതിൽപ്പോലും ഈ സർക്കാർ നടപടി സ്വീകരിക്കുന്നില്ല, അതിൽ രാഷ്ട്രീയ താൽപ്പര്യങ്ങൾ ഉണ്ടെന്നാണ് എല്ലാവരും പറയുന്നത്. എനിക്ക് വളരെ ഖേദമുണ്ട്. ജെറിൽ മൈക്കിളിന്റെ മരണത്തോടനുബന്ധിച്ച് അവിടത്തെ മെഡിക്കൽ കോളേജ് ഗേറ്റിൽ ഒരു ചാനൽ ചർച്ച നടത്തുകയുണ്ടായി. ശരിയാകാത്തതെല്ലാം ശരിയാകും എന്നാണ് ഇടതുപക്ഷത്തിന്റെ മുദ്രാവാക്യം. ശരിയാകാത്തതെല്ലാം ശരിയാക്കാൻ വന്ന ടീച്ചർ അതെല്ലാം ചെയ്യുണ്ടോ? 'കേപ്പ് '-ന്റെ ആഭിമുഖ്യത്തിലുള്ള ആ കോളേജിൽ നിയമിച്ച ആളുകളെ യു.ഡി.എഫ്. സർക്കാർ സ്ഥിരപ്പെടുത്തുകയുണ്ടായി. അവർക്ക് ഒരു കോഴ്സ് കൊടുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞപ്പോൾ മന്ത്രി ചൂടായി സംസാരിച്ചു. ഇക്കാര്യങ്ങളോടുള്ള ടീച്ചറിന്റെ സമീപനത്തിൽ എനിക്ക് വളരെ വിഷമം തോന്നി. ഷംനയുടെയും ജെറിലിന്റെയും കുടുംബത്തെ സഹായിക്കാൻ സർക്കാർ മുന്നോട്ടുവരണം. കളമശ്ശേരി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ മാഫിയാസംഘത്തെ തകർക്കാൻ സർക്കാർ തയ്യാറാകണം.

മി. ചെയർമാൻ : മുൻമന്ത്രിമാരും സീനിയർ അംഗങ്ങളും സമയത്തിന്റെ കാര്യത്തിൽ സഹകരിക്കണമെന്ന് പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്.

12.00 Noon]

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ആരോഗ്യ മേഖലയുടെ ഉത്തരവാദിത്വം ഏറ്റെടുത്തതിനു ശേഷം ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യുകയുണ്ടായി. ഗ്രാമപ്രദേശങ്ങൾക്കാണ് ഏറ്റവുമധികം പ്രയോജനം കിട്ടിയത്. അഞ്ഞൂറും അറുന്നൂറും രോഗികളാണ് താലൂക്ക് ആശുപത്രികളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലും പ്രതിദിനം ചികിത്സ തേടിവരുന്നത്. ആർദ്രം പദ്ധതിയിലൂടെ ആരോഗ്യരംഗത്ത് വലിയൊരു മാറ്റമാണ് പ്രകടമായത്; ഇത് വലിയ വിജയവുമായി. ആരോഗ്യ മേഖല പൂർണ്ണമായും ബഹുരാഷ്ട്രകുത്തകകളുടെ കയ്യിൽ അകപ്പെടാൻ പോവുകയാണ്. ഇതാണ് 2017-ലെ കേന്ദ്ര ഗവൺമെന്റിന്റെ ആരോഗ്യനയം. ഈ ആരോഗ്യനയം കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയാൽ ബഹുരാഷ്ട്ര കുത്തകകൾക്ക് സർക്കാർ ആശുപത്രികളിൽ പോലും കൈകടത്താനും ലാഭമുണ്ടാക്കാനുമുള്ള അവസരം ഉണ്ടാകുകയാണ്. എല്ലാ ആശുപത്രികളിലും സ്വകാര്യ ചികിത്സ എന്നുള്ളതാണ് കേന്ദ്ര ആരോഗ്യനയത്തിന്റെ രീതി. ഇതിന്റെ ഗുണദോഷഫലങ്ങളും അത് എങ്ങനെ ചെറുത്തുനിൽക്കുമെന്നതിനെക്കുറിച്ചും സംസ്ഥാന ഗവൺമെന്റ് വളരെ ഗൗരവതരമായി ആലോചിക്കണം. ആരോഗ്യമേഖലയിൽ പ്രത്യേക ശ്രദ്ധ

ചെലവഴിക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്; എന്നിരുന്നാലും ഉദ്ദേശിച്ച ഫലം കൈവന്നിട്ടുണ്ടോ എന്ന് പരിശോധിക്കണം. വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികൾ, പോഷകാഹാരക്കുറവുമൂലമുള്ള രോഗങ്ങൾ, കാൻസർ എന്നിവ ഇതിനുദാഹരണങ്ങളാണ്. ഇത്തരം രോഗങ്ങൾ ചികിത്സിക്കാനും നിയന്ത്രിക്കാനും നമുക്ക് എത്രത്തോളം കഴിയുന്നുണ്ടെന്ന കാര്യവും പരിശോധിക്കേണ്ടിയിരിക്കുന്നു. ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളിൽ പലപ്പോഴും മുൻതൂക്കം കൊടുക്കുന്നത് നഗരങ്ങൾക്കാണ്. ആശുപത്രി സംവിധാനമാണെങ്കിലും മറ്റ് അനുബന്ധ സേവനങ്ങളാണെങ്കിലും ആദ്യം തുടക്കം കുറിക്കുന്നത് നഗരങ്ങളിലും പട്ടണങ്ങളിലുമാണ്. ഗ്രാമങ്ങൾക്കായി അനേകം പദ്ധതികളുണ്ടെങ്കിലും പലതും പൂർത്തീകരിച്ചതായി കാണാൻ സാധിക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിപുലമായ മാറ്റങ്ങളാണ് ആരോഗ്യമേഖലയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നത്. എല്ലാതലത്തിലും രോഗീസൗഹൃദമാക്കുകയും ഗുണമേൻമയുള്ള ആരോഗ്യസേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി തുടങ്ങിയ ആർദ്രം പദ്ധതി ഏറെ അഭിനന്ദനാർഹമാണ്. സമഗ്രമായ ഒരു ആരോഗ്യനയം രൂപീകരിക്കുന്നതോടൊപ്പം ദേശീയ ആരോഗ്യ നയത്തിന്റെ ഗുണദോഷഫലങ്ങൾ പരിശോധിക്കുകയും വേണം. കേന്ദ്രസർക്കാർ 2010-ൽ പാസ്സാക്കിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് സംസ്ഥാനത്ത് നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. മറ്റ് സംസ്ഥാനങ്ങൾ അത് നടപ്പാക്കി. ഇനി പത്ത് പന്ത്രണ്ട് സംസ്ഥാനങ്ങൾ മാത്രമേ ബാക്കിയുള്ളൂ. ആർക്ക് വേണമെങ്കിലും ആരോഗ്യ സ്ഥാപനം തുടങ്ങാമെന്നുള്ള അവസ്ഥ മാറ്റിയെടുക്കാൻ ഈ ആക്ട് നടപ്പിലാക്കുന്നതോടൊപ്പം സംസ്ഥാനത്ത് ഏകീകൃത പബ്ലിക് ഹെൽത്ത് ആക്ട് നടപ്പിലാക്കാനും ശ്രമമുണ്ടാകണം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇതിന്റെ കരട് നിയമം തയ്യാറാക്കിയതാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ആശുപത്രികളിലും രോഗികൾക്കാനുപാതികമായി ഡോക്ടർമാരെയും മറ്റ് ജീവനക്കാരേയും നിയമിക്കണം. വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവിനനുസരിച്ച് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളുടെ തുക വർദ്ധിപ്പിക്കുന്നതിനും സർക്കാരിന്റെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിൽ ഉൾപ്പെടാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ അതിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം. ആശുപത്രികളും ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്നുള്ള തട്ടിപ്പുകൾ അവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് ലഭ്യമായ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. ഹോട്ടലുകളിലെ ഭക്ഷണങ്ങൾ കൃത്യതയോടെ പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ തൃപ്തികരമാണോ എന്ന് പരിശോധിക്കണം. കുടിവെള്ളത്തിലെ വിഷാംശങ്ങൾ പരിശോധിക്കാൻ ആധുനിക നിലവാരത്തിലുള്ള ലാബുകൾ താലൂക്കുതോറും സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന കുടിവെള്ളത്തിൽ അണുക്കളെ കൂടാതെ ലോഹത്തിന്റെ അംശങ്ങളുമുള്ളതായി പറയപ്പെടുന്നു. ഈ സാഹചര്യം തുടരുകയാണെങ്കിൽ പത്ത് വർഷത്തിനുള്ളിൽ കേരളത്തിലെ ജനങ്ങൾക്ക് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടേണ്ടിവരും. കുടിവെള്ളത്തിൽ ലോഹത്തിന്റെ അംശം വളരെ ശ്രദ്ധിക്കേണ്ട ഒന്നാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഏതെല്ലാം തരത്തിലുള്ള, എത്ര മലിനമായ വെള്ളം ഉപയോഗിച്ചാണ് ഹോട്ടലുകളിൽ ഭക്ഷണം ഉണ്ടാക്കുന്നത് എന്നതിനെക്കുറിച്ച് ഒരു ധാരണയുമില്ല. ചട്നിയൊക്കെ കഴിക്കുമ്പോൾ തിളപ്പിച്ചാറിയ വെള്ളം ഉപയോഗിക്കാൻ സാധ്യതയില്ല. മനുഷ്യരുടെ ആരോഗ്യത്തെ ഇത് വളരെ ഗുരുതരമായി ബാധിക്കുന്നു എന്നാണ് വ്യക്തമാകുന്നത്. ഇക്കാര്യം പരിശോധിക്കാനുള്ള ശക്തമായ സംവിധാനം സംസ്ഥാനത്തുണ്ടായിരിക്കണമെന്ന് പറയുന്നതിന്റെ പ്രാധാന്യം ശരിയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അതിനുള്ള സംവിധാനം ഉണ്ടാക്കണം. രോഗം വരാതെ പ്രതിരോധിക്കലാണ് പ്രധാനം. കുടിവെള്ളത്തിൽ ലോഹത്തിന്റെ അംശം കൂടുതലുള്ളത് കേരളത്തിലാണ്. ഇങ്ങനെ വന്നാൽ പത്ത് വർഷത്തിനുള്ളിൽ നമ്മൾ മാരകമായ രോഗങ്ങളുടെ അടിമകളാകാനുള്ള സാധ്യതയുണ്ട്. സംസ്ഥാനത്ത് ലഭ്യമാകുന്ന മരുന്നുകളുടെ നിലവാരത്തെക്കുറിച്ച് പരിശോധിക്കാനുള്ള ഒരു സ്ഥിരം സംവിധാനമുണ്ടാക്കണം. അതുപോലെ ആരോഗ്യവുമായി ബന്ധപ്പെട്ട പരിസ്ഥിതി നിയമം നടപ്പിലാക്കാൻ കഴിയണം. നിലവിലുള്ള പി.എച്ച്.സി.-കളിൽ ഒരു ഡോക്ടറുടെ സേവനമാണ് ലഭ്യമാകുന്നത്. ജില്ലാതല മീറ്റിംഗ്, ബ്ലോക്ക്തല മീറ്റിംഗ്, ബ്ലോക്ക്-പഞ്ചായത്തുതല മീറ്റിംഗ്, പ്രത്യേക പരിശീലന പരിപാടികൾ, ഞായറാഴ്ചകൾ എന്നിവ കഴിഞ്ഞാൽ ഡോക്ടർമാർ പി.എച്ച്.സി.-കളിൽ ഉണ്ടാകുന്നത് മാസത്തിൽ 14 ദിവസം മാത്രമാണ്. തുടർച്ചയായ ദിവസങ്ങളിൽ ഉണ്ടാകുകയുമില്ല. ഡോക്ടർ സ്വന്തമായി ലീവ് എടുത്താൽ ലഭ്യമാകുന്ന ദിവസങ്ങൾ പിന്നെയും കുറയും. ചുരുക്കത്തിൽ പി.എച്ച്.സി.-കളിൽ ചെന്നാൽ ഡോക്ടർ ഉണ്ടാകുമെന്നുറപ്പില്ല. എല്ലാ ദിവസവും ഡോക്ടർ ഉണ്ടാകുമെന്നുറപ്പുണ്ടെങ്കിൽ മാത്രമേ രോഗികൾ കിലോമീറ്ററുകൾ സഞ്ചരിച്ച് ആശുപത്രികളിൽ വരികയുള്ളൂ. ഈ പ്രയാസങ്ങൾ ബോധ്യപ്പെട്ടിട്ടാണ് എൽ.ഡി.എഫ്. പ്രകടനപത്രികയിൽ പി.എച്ച്.സി.-യിൽ രണ്ട് ഡോക്ടർമാരെങ്കിലും ഉണ്ടാകണമെന്ന് പറഞ്ഞത്. അത് അടിയന്തരമായി നടപ്പാക്കണം. നിലനിൽക്കുന്ന

ചില യാഥാർത്ഥ്യങ്ങൾ കാണേണ്ടതുണ്ട്. ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക്, ആയുർദൈർഘ്യം എന്നിവയാണ് ആരോഗ്യസൂചിക തയ്യാറാക്കുന്നതിന്റെ മാനദണ്ഡം. ഇക്കാര്യത്തിൽ വികസിത രാജ്യങ്ങൾക്കൊപ്പം നിൽക്കുന്ന കേരളത്തിൽ വികസിത രാജ്യങ്ങളിൽ ഇല്ലാത്ത പല രോഗങ്ങളും ഉണ്ട്. പകർച്ച വ്യാധികൾ, ഡെങ്കിപ്പനി, എച്ച്.1 എൻ1., ടൈഫോയ്ഡ്, കോളറ തുടങ്ങിയവ കൂടാതെ റ്റി.ബി, എച്ച്.ഐ.വി. എന്നിവയും ഉണ്ട്. എല്ലാ ഭാഗങ്ങളിൽ നിന്നും ചെറിയ ആവശ്യങ്ങൾക്കുപോലും ആളുകൾ ജില്ലാ ആശുപത്രിയെ ആശ്രയിക്കുമ്പോൾ ജില്ലാ ആശുപത്രിക്ക് ആവശ്യമായ സേവനങ്ങൾ നൽകാൻ കഴിയാതെ വരുന്നു. പലപ്പോഴും ജില്ലാ ആശുപത്രിക്ക് പി.എച്ച്.സി.-യുടെ സേവനങ്ങൾ മാത്രമേ നൽകാൻ കഴിയുന്നുള്ളൂ. ഓരോ ഒ. പി.-യിലും അഞ്ഞൂറിലധികം പേർ വരുമ്പോൾ എങ്ങനെയാണ് അവരെ നല്ല രീതിയിൽ ചികിത്സിക്കാൻ കഴിയുന്നത്. ഡോക്ടർക്ക് കൊടുക്കാൻ 50 രൂപ കയ്യിലുണ്ടെങ്കിൽ രോഗികൾ സ്വകാര്യ ആശുപത്രിയിലേ പോകുകയുള്ളൂ. എന്നാൽ പി.എച്ച്.സി.-യിൽ ദിവസവും 200 മുതൽ 600 വരെ രോഗികൾ വരുന്നു എന്നുപറയുമ്പോൾ പി.എച്ച്.സി.-യിൽ ഡോക്ടർമാരില്ലെങ്കിൽ രോഗികൾ രോഗത്തിന് അടിമപ്പെട്ട് മരിക്കുകയല്ലാതെ വേറെ മാർഗ്ഗമില്ലെന്ന് മനസ്സിലാക്കാം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തി, അങ്ങനെ സ്വാധീനമുള്ള സ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്ന സ്ഥിതിയാണുണ്ടായത്. അങ്ങനെ ചെയ്യാൻ പാടില്ല. ആരോഗ്യ മേഖലയിൽ ബ്ലാക്ക് സ്പോട്ട് കേന്ദ്രീകരിച്ചാണ് വികസന പ്രവർത്തനങ്ങൾ നടത്തേണ്ടത്. എന്റെ നിയോജക മണ്ഡലം ബ്ലാക്ക് സ്പോട്ടിൽ ഉൾപ്പെട്ട ടി.ബി. ഏറ്റവും കൂടുതലുള്ള പ്രദേശമാണ്, ഇതുസംബന്ധിച്ച് അന്വേഷണം നടത്താൻ അങ്ങുതന്നെ ഒരു ടീമിനെ നിയോഗിച്ചിരുന്നു. എം.ഡി.ആർ.ടി.ബി., മരുന്ന് കൊടുത്താൽ പോലും ഭേദമാകാത്ത ടി. ബി.യുള്ളത് എന്റെ മണ്ഡലത്തിലാണ്. ടി. ബി. ബാധിതരുടെ മരണനിരക്ക് 14 ആണ്. എന്റെ മണ്ഡലത്തിൽ എച്ച്. ഐ. വി. ബാധിതരുടെ എണ്ണവും കൂടുതലാണ്. ഇപ്രാവശ്യം കോളറ പടർന്നുപിടിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രിതന്നെ കോളറ നിയന്ത്രിക്കുന്നതിൽ വലിയൊരു ഇടപെടൽ നടത്തിയിരുന്നു. താലൂക്ക് ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാരുടെ എണ്ണം 12 മുതൽ 24 വരെയാണെങ്കിലും ഇപ്പോൾ അവിടെ 8 പേർ മാത്രമാണുള്ളത്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 8 ഡോക്ടർമാർ വേണ്ടിടത്ത് 3 പേർ മാത്രമേയുള്ളൂ. കൊഴിഞ്ഞാംപാറയിൽ രണ്ട് പേരാണുള്ളത്. ഇവിടെയുള്ള സ്റ്റാഫിന്റെ കാര്യവും ഇതുപോലെ തന്നെയാണ്. അതുകൊണ്ട് അടിയന്തരമായി ഈ കാര്യങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ജനജീവിതത്തിന്റെ സമസ്ത മേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന വകുപ്പുകളുടെ ധനാഭ്യർത്ഥനയാണ് ഇവിടെ നടക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ആരോഗ്യ വകുപ്പാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ആരോഗ്യ സൂചികകൾ പരിശോധിച്ചാൽ ദേശീയ സൂചികകളെക്കാൾ മുകളിലാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഈ കണക്കുകളിൽ മാത്രം ഒതുങ്ങിനിന്ന് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കില്ല. അടിസ്ഥാന ജീവിത സൗകര്യങ്ങളും അവകാശങ്ങളും നിഷേധിക്കപ്പെട്ട ജനവിഭാഗങ്ങളിലേയ്ക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ എത്തിക്കാൻ കഴിഞ്ഞാൽ മാത്രമേ നമ്മുടെ ആരോഗ്യ മേഖലയ്ക്ക് അഭിമാനിക്കാൻ സാധിക്കുകയുള്ളൂ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പല പ്രഖ്യാപനങ്ങളും നടത്തിയിട്ടുണ്ട്. ചില പദ്ധതികൾക്കൊക്കെ തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ചിലതെല്ലാം ഇപ്പോഴും പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ സാധിക്കാത്ത പദ്ധതിനിർവ്വഹണമാണ് നമ്മുടെ വലിയ പോരായ്മ എന്ന് തിരിച്ചറിയേണ്ടതായുണ്ട്. സബ്സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവയെല്ലാം ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ് പ്രകാരമുള്ള നിലവാരത്തിൽ പ്രവർത്തിപ്പിക്കാൻ നമ്മൾ ജാഗ്രത പുലർത്തേണ്ടതായുണ്ട്. എന്നാൽ ഈ മാനദണ്ഡങ്ങൾ നമ്മുടെ ആശുപത്രികളിൽ നിലവിലുണ്ടോയെന്ന് പരിശോധിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. സർക്കാർ ആശുപത്രികളിൽനിന്ന് രോഗികളെ അകറ്റിനിർത്തുന്ന ഘടകങ്ങൾ അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മയും മതിയായ ജീവനക്കാരുടെ അഭാവവുമാണ്. നമ്മുടെ ആശുപത്രികളിൽ ജീവനക്കാരെ നിയമിക്കുന്നത് 1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ്. 2008-ൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചുവെങ്കിലും അതനുസരിച്ച് തസ്തികകൾ സൃഷ്ടിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ആശുപത്രികളിൽ ഡോക്ടർമാരും മറ്റ് ജീവനക്കാരുമില്ലാത്ത സ്ഥിതിവിശേഷത്തിന് മാറ്റമുണ്ടാകണം. കെട്ടിടങ്ങൾ നിർമ്മിച്ചതുകൊണ്ടുമാത്രം ആ പ്രശ്നങ്ങൾക്ക് പരിഹാരമാവുകയില്ല. മൂന്ന് വർഷം കൊണ്ട് 5257 തസ്തികകൾ സൃഷ്ടിക്കുമെന്ന ബജറ്റ് പ്രഖ്യാപനം സ്വാഗതാർഹമാണ്. മൂന്ന് വർഷം വരെ കാത്തുനിൽക്കാതെ ഇക്കാര്യത്തിൽ പ്രയോറിറ്റി കൊടുക്കാൻ സംസ്ഥാന ഗവൺമെന്റ് പ്രത്യേകിച്ച് ധനകാര്യ വകുപ്പ് ശ്രദ്ധിക്കണം. സംസ്ഥാനത്തിന്റെ മൊത്തം വിഹിതത്തിന്റെ കേവലം

5 ശതമാനത്തിൽ താഴെ മാത്രമാണ് ആരോഗ്യ സംരക്ഷണത്തിനായി ചെലവഴിക്കുന്നത്. ആരോഗ്യ മേഖലയ്ക്ക് അർഹമായ പദ്ധതി വിഹിതം നീക്കിവയ്ക്കാൻ സാധിച്ചില്ലെങ്കിൽ ഇവിടെ പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കാൻ സാധിക്കുമോയെന്ന സംശയം നിഴലിക്കുകയാണ്. ഈ ഗവൺമെന്റിന് കഴിഞ്ഞ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച സമഗ്ര ആരോഗ്യ പദ്ധതി നടപ്പിലാക്കി മുന്നോട്ടുപോകാൻ സാധിക്കുന്നില്ല. 12-ാം പഞ്ചവത്സരപദ്ധതിയുടെ അവസാന ഘട്ടത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ ആരോഗ്യ മേഖലയ്ക്ക് നീക്കിവച്ചത് 101311 ലക്ഷം രൂപയാണ്. എന്നാൽ 2016 ഒക്ടോബർ വരെയുള്ള കണക്ക് പരിശോധിച്ചാൽ ചെലവഴിച്ചത് കേവലം 24.84 ശതമാനമാണെന്ന് കാണാൻ കഴിയും. പദ്ധതികൾ പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങി പദ്ധതിവിഹിതം ഫലപ്രദമായി ചെലവഴിക്കാതിരിക്കുന്നത് ഗൗരവമായി വിലയിരുത്തേണ്ടതാണ്. മറ്റൊരു പ്രധാന കാര്യം, ഗവൺമെന്റ് കൊണ്ടുവന്ന 'ആർദ്രം' പദ്ധതിയിൽ ലക്ഷ്യംവയ്ക്കുന്ന കാര്യങ്ങൾ വളരെ പ്രതീക്ഷയോടെയാണ് ജനങ്ങൾ നോക്കിക്കാണുന്നത്. ഇത് ഫലപ്രദമായി നടപ്പാക്കാൻ സാധിക്കണം. ആരോഗ്യ മേഖലയിലെ രണ്ടാം തലമുറ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള ഈ ബൃഹത് പദ്ധതി ശ്ലാഘനീയമാണ്. അതോടൊപ്പം ദേശീയ ആരോഗ്യനയം 2015-ന്റെ ചുവടുപിടിച്ച് പുതിയ സംസ്ഥാന ആരോഗ്യനയം രൂപീകരിക്കാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നത് വളരെയേറെ സ്വാഗതാർഹമാണ്. ആരോഗ്യ മേഖലയുടെ സംരക്ഷണത്തിൽ എല്ലാവരും ഒരുപോലെ ശ്രദ്ധിക്കുന്നുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ കൊണ്ടുവരുന്ന കാര്യത്തിൽ വീഴ്ചവരുത്തുന്നത് ആരോഗ്യ രംഗത്തെ പൊതുവായി ബാധിക്കും. ജനങ്ങൾ ഇക്കാര്യങ്ങളിൽ വലിയ മാറ്റങ്ങൾ ഗവൺമെന്റിൽനിന്ന് പ്രതീക്ഷിക്കുന്നുണ്ട്. ഇടുക്കിയിലെ മെഡിക്കൽ കോളേജ് മരവിപ്പിച്ചിരിക്കുന്നു എന്ന വാർത്ത ടി. വി. ചാനലിൽ കണ്ടിരുന്നു. 2011-12 സാമ്പത്തിക വർഷത്തെ ബജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയാണ് നിയമസഭയിൽ ബജറ്റ് പ്രസംഗത്തിലൂടെ ഇടുക്കി മെഡിക്കൽ കോളേജ് പ്രഖ്യാപിച്ചത്. 2014 സെപ്റ്റംബർ മാസം അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയാണ് ആ മെഡിക്കൽ കോളേജിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. 2014-15-ൽ അവിടെ 50 കുട്ടികൾക്ക് പ്രവേശനം നൽകി. ആ കുട്ടികൾ സമർത്ഥരായി പഠിക്കുകയും കേരളത്തിലെ 98 ശതമാനം വിജയം

കൈവരിച്ച ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ ലിസ്റ്റിൽ ആദ്യ പരിഗണന ഇടുക്കി മെഡിക്കൽ കോളേജിന് ലഭിക്കുകയും ചെയ്തു. 2015-16 വർഷത്തിൽ ഒന്നാം വർഷ വിദ്യാർത്ഥികൾ രണ്ടാം വർഷ വിദ്യാർത്ഥികളാവുകയും രണ്ടാം ബാച്ച് ആരംഭിക്കുകയും ചെയ്തു. എന്നാൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡമനുസരിച്ചുള്ള സൗകര്യങ്ങളുടെ പോരായ്മ കാരണം ഈ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചില്ല. അവിടെ പഠിച്ചിരുന്ന കുട്ടികളെ 5 മെഡിക്കൽ കോളേജുകളിലായി മാറ്റിയിരുന്നു. ആ കുട്ടികളെ തിരിച്ചുകൊണ്ടുവരാൻ കഴിയണം. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ വളരെയേറെ താല്പര്യമെടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന ദിവസം തന്നെ ഇതുസംബന്ധിച്ച് ഞാൻ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുമായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും സംസാരിച്ചു. ഇക്കാര്യത്തിൽ വളരെ അനുഭാവപൂർവ്വമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. വളരെ നല്ലനിലയിൽ റിവ്യൂ മീറ്റിംഗുകൾ നടത്താനും ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഇക്കാര്യം ഇടുക്കിയിൽവന്ന് പരിശോധിക്കാനും തയ്യാറാകുന്നതിൽ ഞങ്ങൾക്ക് സന്തോഷവും പ്രതീക്ഷയുമുണ്ട്. കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം ദ്രുതഗതിയിൽത്തന്നെ മുന്നോട്ടുകൊണ്ടു പോകാൻ സാധിക്കുന്നു. കഴിഞ്ഞ ബജറ്റിലും 50 കോടി രൂപ മാറ്റിവച്ചിരുന്നു. അതിന്റെ ഭരണാനുമതി ലഭിച്ച് നടപടികളിലേയ്ക്ക് വരുന്നതേയുള്ളൂ. ഈ സാമ്പത്തികവർഷവും തുക മാറ്റിവയ്ക്കാൻ തയ്യാറായിട്ടുണ്ട്. അതുപോലെ പാരിപ്പള്ളി മെഡിക്കൽ കോളേജിലേയ്ക്കും ഇതര മെഡിക്കൽ കോളേജുകളിലേയ്ക്കുമായി ഇടുക്കി മെഡിക്കൽ കോളേജിലുണ്ടായിരുന്ന ഉദ്യോഗസ്ഥരെ റീഡിപ്ലോയ് ചെയ്തിട്ടുണ്ട്. അവരെ തിരികെ കൊണ്ടുവന്നാൽ ലബോറട്ടറി സൗകര്യങ്ങളും അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണവും പൂർത്തിയാകുന്ന സാഹചര്യത്തിൽ അവിടെ പഠിച്ചിരുന്ന കുട്ടികൾക്കാവശ്യമായ സൗകര്യങ്ങൾ നൽകാൻ കഴിയും. അതോടൊപ്പം 2019-20-ഓടുകൂടി അവിടെ പുതിയ അഡ്മിഷൻ നൽകാൻ കഴിയുന്ന സാഹചര്യവും നിലവിലുണ്ട്. ഈ ആശങ്കകൾ പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സാമൂഹ്യനീതി വകുപ്പിൽ അനീതി കടന്നുവരാനും വിവേചനമുണ്ടാകാനും പാടില്ല. നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള അങ്കണവാടികളിൽ കുട്ടികൾക്ക് കൊടുക്കുന്ന ഭക്ഷണത്തിന്റെ അളവിലും മറ്റും അപാകതയുള്ളതായി റിപ്പോർട്ടുകളിൽ കാണുന്നുണ്ട്. അക്കാര്യം വളരെയേറെ ശ്രദ്ധിക്കണം. സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് പോകുന്ന സംസ്ഥാനമായി കേരളം മാറുന്ന അവസരത്തിലും അങ്കണവാടികളിൽ വൈദ്യുതി

ലഭ്യമല്ലാത്ത സ്ഥിതിവിശേഷം ഇപ്പോഴുമുണ്ട്. അവിടെ ശുദ്ധമായ കുടിവെള്ളം കൊടുക്കാൻ കഴിയുന്നില്ല. ഇന്ന് നമ്മൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ആരോഗ്യപ്രശ്നമാണ്. പിഞ്ചുകുഞ്ഞുങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ആവശ്യമായ സാമ്പത്തിക സ്ഥിതി കണ്ടെത്താൻ എം.എൽ.എ.-മാരുടെ അസറ്റ് ഡെവലപ്പമെന്റ് ഫണ്ട് പ്രയോജനപ്പെടുത്താൻ തയ്യാറാണ്. അതിനായി ഗൈഡ് ലൈൻസിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ അങ്ങനെ ചെയ്യണം. അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ശുചിത്വമുള്ള മേഖലയായി അവയെ മാറ്റണം. സർക്കാരിന്റെ വാഗ്ദാനം ലംഘിച്ച് അർബുദ രോഗികൾക്കുള്ള പെൻഷൻ ബാങ്ക് അക്കൗണ്ട് വഴി കൊടുക്കുന്നതിന് റവന്യൂ ഡിപ്പാർട്ട്മെന്റിൽനിന്ന് കണക്ക് ശേഖരിച്ചുവരികയാണ്. അത് ഒരിക്കലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. അർബുദബാധിതർക്ക് 1,000 രൂപയാണ് പെൻഷൻ കൊടുക്കുന്നത്. കഴിഞ്ഞ ഓണക്കാലത്ത് ഗവൺമെന്റ് സഹകരണ ബാങ്കുകൾ മുഖേനയും കുടുംബശ്രീ മുഖേനയും വീടുകളിൽ പെൻഷൻ എത്തിച്ചുകൊടുത്തു. അർബുദ രോഗികളുടെ കാര്യത്തിലെങ്കിലും അവർക്ക് കിട്ടുന്ന 1000 രൂപ വീട്ടിലെത്തിച്ചുകൊടുക്കാൻ ഗവൺമെന്റ് കർശന നിലപാട് സ്വീകരിക്കണം. ഇടുക്കിപോലുള്ള സ്ഥലത്ത് സുരക്ഷാ കവചം തീർക്കാൻ ഈ ഗവൺമെന്റിന് ബാധ്യതയുണ്ടെന്ന് മന്ത്രി തന്നെ അനൗൺസ് ചെയ്ത് മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ ആശങ്കയുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുമ്പോൾ ആ മെഡിക്കൽ കോളേജിന് ഊർജ്ജം പകർന്നുതരാനും പ്രതിജ്ഞാബദ്ധമായി ഇടുക്കിയിലെ ജനങ്ങളെ സംരക്ഷിക്കാനും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പുതിയ സർക്കാരിന്റെ നയങ്ങൾ, അതിന്റെ പ്രവർത്തന മാതൃകകൾ ഇതൊക്കെ എത്രത്തോളം സാമൂഹ്യ പ്രസക്തിയുള്ളതാണെന്ന് നമുക്ക് ബോദ്ധ്യമാകണമെങ്കിൽ മുൻ സർക്കാരിന്റെ ശൈലിയും കാഴ്ചപ്പാടുമായി താരതമ്യം ചെയ്യേണ്ടതായിവരും. ഏത് പദ്ധതി ആവിഷ്കരിക്കുമ്പോഴും നടപടി ഉണ്ടാകുമ്പോഴും ഇടതുപക്ഷ ഗവൺമെന്റ് ആഗ്രഹിക്കുന്നത് ചൂഷണരഹിത സമൂഹത്തിന്റെ സൃഷ്ടിയാണ്. സാമൂഹ്യ സുരക്ഷിതത്വവും തുല്യനീതിയും ഉറപ്പുവരുത്തുന്നതിനും സംരക്ഷിക്കുന്നതിനും സമൂഹത്തോടുള്ള ഉത്തരവാദിത്വത്തിനുമാണ് ഇടതുപക്ഷ ഗവൺമെന്റ് ശ്രമിക്കുന്നത്. പ്രതിപക്ഷത്തിന്റെ ചില പ്രസംഗങ്ങൾ കേൾക്കുമ്പോൾ

എപ്പോഴും വെറുപ്പിന്റെ രാഷ്ട്രീയമാണ് പ്രതിപക്ഷത്തിനുള്ളതെന്ന് തോന്നാറുണ്ട്. അതായത് കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ഭരണത്തിൽ രാഷ്ട്രീയ സദാചാരത്തിന്റെ താളബോധം അവർക്ക് നഷ്ടപ്പെട്ടുപോയിരുന്നു. ആ രാഷ്ട്രീയ സദാചാരത്തിന്റെ താളബോധം ഇടതുപക്ഷ ഗവൺമെന്റ് വീണ്ടെടുത്തപ്പോൾ അതിലുള്ള ശക്തമായ പ്രതിഷേധവും അസഹിഷ്ണുതയും വെറുപ്പിന്റെ രാഷ്ട്രീയമായി പലപ്പോഴും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും വരുന്നതായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഒരു വർഷമാകാൻ പോകുന്ന ഗവൺമെന്റ് എന്തുചെയ്തുവെന്ന് പരിഹാസ രൂപത്തിൽതന്നെ പലപ്പോഴും ചില അംഗങ്ങൾ പരാമർശിക്കുന്നത് കേൾക്കാം. പ്രതിപക്ഷം അവരുടെ ജോലി ചെയ്യുന്നതുകൊണ്ട് ഭരണപക്ഷം എന്നനിലയിൽ ഞങ്ങൾക്കാർക്കും എതിർപ്പില്ല. നിങ്ങൾ ജോലി ചെയ്തു കൊള്ളൂ, പക്ഷെ വസ്തുതാപരമായി കാര്യങ്ങൾ ബോദ്ധ്യപ്പെട്ടുകൊണ്ട് ചില കാര്യങ്ങളെങ്കിലും പറയാനുള്ള സൗമനസ്യം നിങ്ങളുടെ ഭാഗത്തുനിന്നുണ്ടാകണ മെന്നുകൂടി അഭ്യർത്ഥനയുണ്ട്. ഇവിടെ പാർശ്വവൽക്കരിക്കപ്പെടുന്ന സമൂഹത്തിലേയ്ക്ക് ഈ പതിനൊന്നുമാസക്കാലംകൊണ്ട് സാമൂഹ്യ സുരക്ഷയുടെ സത്ഫലമാണ് കടന്നുചെന്നിരിക്കുന്നത്. കേരളത്തിൽ ഉയർന്നുവന്നിരുന്ന വലിയൊരു പ്രശ്നമായിരുന്നില്ലേ വിദ്യാഭ്യാസ വായ്പയും അതുമൂലമുണ്ടാകുന്ന കടക്കെണിയും? പ്രതിപക്ഷം ഒന്നോർത്തെടുക്കാൻവേണ്ടി ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴിക്കോട് വിലങ്ങാട് ജോസഫിന്റെ മകൾ നഴ്സിംഗ് വിദ്യാർത്ഥിനിയായിരുന്ന ഷെറിന്റെ നഴ്സിംഗ് പഠനത്തിനുവേണ്ടി ഒന്നേകാൽ ലക്ഷം രൂപ വിദ്യാഭ്യാസ വായ്പ എടുത്തിരുന്നു. പഠനം കഴിഞ്ഞ് ആ കുട്ടിക്ക് ജോലി ലഭിച്ചെങ്കിലും 2,000 രൂപ വേതനം മാത്രമാണ് അന്ന് ലഭിച്ചുകൊണ്ടിരുന്നത്. ആ പെൺകുട്ടിയുടെ വായ്പാ തിരിച്ചടവ് മുടങ്ങി ബാങ്കുകൾ ജപ്തിക്ക് നീക്കം നടത്തിയപ്പോൾ ആ നിർധന കുടുംബം ഭയന്നുപോയി. അവർ ജനസമ്പർക്ക പരിപാടിയിൽ പോയി, സർക്കാരിനെ സമീപിച്ചു. എന്തു ഫലം; 21-2-2014-ൽ ഷെറിന്റെ 80 വയസ്സുള്ള പിതാവിനെ അറസ്റ്റ് ചെയ്തു, കണ്ണൂർ സെൻട്രൽ ജയിലിൽ മൂന്നുമാസം അദ്ദേഹം തടവിലായിരുന്നു. ആ സ്ഥാനത്താണ് ഇനി ഒരു സാധു പെൺകുട്ടിയുടെയും സുരക്ഷയും അന്തസ്സും ചോദ്യം ചെയ്യപ്പെടരുത് അല്ലെങ്കിൽ പഠിക്കാൻ പോയി എന്ന ഒറ്റക്കാരണത്താൽ അപമാനിതയായ ആ കുട്ടിയെ പോലുള്ളവർ ഇനി കേരള സമൂഹത്തിൽ ഉണ്ടാവരുതെന്ന് ആഗ്രഹിച്ചുകൊണ്ട് കഴിഞ്ഞ സർക്കാരിന്റെയും

ബാങ്കിന്റെയും പകപോക്കലിന് ഇരയായവർക്ക് സംരക്ഷണം നൽകാൻ 900 കോടി രൂപ ഈ സർക്കാർ മാറ്റിവച്ചത്. പക്ഷെ നിർഭാഗ്യവശാൽ മാധ്യമങ്ങളിൽ ഇത്തരം വാർത്തകൾക്ക് അധികം സ്ഥാനമില്ല എന്നുകൂടി പറയട്ടെ. ചരമക്കോളത്തിന്റെ അത്രയും പ്രാധാന്യത്തിൽ ഈ വാർത്ത റിപ്പോർട്ട് ചെയ്ത മാധ്യമങ്ങളുണ്ട്. ഇത്തരം ആനുകൂല്യങ്ങൾ ജനങ്ങൾക്കിടയിലേയ്ക്ക് എത്തിക്കുന്നതിനായി മാധ്യമ സമൂഹത്തിന്റെ സഹകരണം തീർച്ചയായും ഈ ഭരണത്തിനാവശ്യമാണെന്നുകൂടി ചൂണ്ടിക്കാണിക്കുകയാണ്. അതിന്റെ ഒരു കണക്ക് ഞാൻ പരിശോധിച്ചു നോക്കി. ഒരു കുട്ടിക്ക് ഒരു ലക്ഷം രൂപ വച്ച് നമ്മൾ കൊടുത്താൽത്തന്നെ ഏകദേശം ഒരു ലക്ഷം കുട്ടികളിൽ ആ സഹായമെത്തുകയാണ്. പഞ്ചായത്തുതലത്തിൽ വാർഡ് തിരിച്ച് നോക്കിയാൽ ഒരു വാർഡിൽ 5 കുട്ടികൾക്ക് സഹായം കിട്ടുകയാണ്. വലിയ രൂപത്തിലുള്ള സഹായ ഹസ്തവുമായിട്ടാണ് ഈ ഗവൺമെന്റ് എത്തിയിരിക്കുന്നത്. പതിനൊന്നുമാസ കാലയളവിലെ ഒരു കാര്യം മാത്രമാണ് ഞാൻ ഇവിടെ പറഞ്ഞിട്ടുള്ളത്. ബാങ്കിൽ ഇഴഞ്ഞും നീങ്ങിയും വലിഞ്ഞുമൊക്കെ പെൻഷൻ വാങ്ങാൻ പോകുന്ന ഒരുപാട് വൃദ്ധജനങ്ങളുണ്ടായിരുന്നു. കഴിഞ്ഞ വർഷം ഇതേ സമയം ഇവിടെയിരിക്കുന്ന അംഗങ്ങളെല്ലാം തെരഞ്ഞെടുപ്പ് കാമ്പയിനിലായിരുന്നു. ആ കാമ്പയിന് ചെല്ലുമ്പോൾ എല്ലാ അമ്മമാരും വീട്ടിൽ പെൻഷൻ എത്തിക്കണമെന്ന് ഞങ്ങളോട് പറഞ്ഞിരുന്നതാണ്. ഇവിടെ എല്ലാ അംഗങ്ങളും പറഞ്ഞതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ബാങ്കിലേയ്ക്ക് പോകുന്നത് വലിയ പ്രതിസന്ധിയായിരിക്കുന്ന ഈ കാലഘട്ടത്തിൽ വീട്ടിൽ കൊണ്ടുപോയി പെൻഷൻ നൽകാനുള്ള വലിയ മര്യാദയാണ് ഈ സർക്കാർ കാണിച്ചിട്ടുള്ളത്. ഏകദേശം 600 രൂപയായിരുന്ന പെൻഷൻ 1,100 രൂപയാക്കി വർദ്ധിപ്പിച്ചുകൊടുത്തു. ഈ വിഷുവിന് 1350 കോടി രൂപയാണ് സാധാരണക്കാരായ മാതാപിതാക്കളുടെ കൈകളിലേയ്ക്ക് പെൻഷൻ ഇനത്തിൽ ഗവൺമെന്റ് എത്തിച്ചുകൊടുത്തിരിക്കുന്നത്. പരിഹസിക്കുമ്പോൾ ഇത്തരം കാര്യങ്ങൾകൂടി ഓർക്കുന്നതിന് പ്രതിപക്ഷം തയ്യാറാകണമെന്ന ഒരോർമ്മപ്പെടുത്തൽ കൂടിയാണ് ഇതിലൂടെ ഞാൻ മുന്നോട്ടുവയ്ക്കുന്നത്. 18 ലക്ഷം ആളുകൾ, വാർഡുതലത്തിലുള്ള കണക്കെടുത്താൽ 100 ആളുകളാണ് ഒരു വാർഡിൽ ക്ഷേമ പെൻഷൻ വാങ്ങുന്നത്. കേരളത്തിൽ ഈ അധ്യയന വർഷത്തിൽ 43000 ക്ലാസ് മുറികൾ ഡിജിറ്റലാകാൻ പോകുന്നു. നീറ്റ്

പരീക്ഷയെഴുതാൻ പോയ കുട്ടികളുടെ വസ്ത്രമുരിഞ്ഞുകൊണ്ട് സി.ബി.എസ്.ഇ.-യുടെ മറ്റൊരു വികൃത മുഖത്തിനുകൂടി കേരളം സാക്ഷ്യം വഹിക്കുമ്പോൾ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളെ അൺ-എയ്ഡഡ് സ്ഥാപനങ്ങളിലെ സാഹചര്യങ്ങളെക്കാൾ മികച്ച നിലവാരത്തിലെത്തിക്കാനുള്ള ഗവൺമെന്റിന്റെ സമീപനം പുറത്തുവന്നിരിക്കുന്നു. ഇതിനുമുമ്പും സി.ബി.എസ്.ഇ. ഇത്തരം ഭീകരമായ നിലപാട് എടുത്തിട്ടുണ്ട്. മലയാളം പറഞ്ഞതിന് തല മൊട്ടയടിച്ചിട്ടുണ്ട്, മുണ്ട് ധരിച്ചുകൊണ്ട് വന്നതിന് വെയിലത്ത് നിർത്തിയിട്ടുണ്ട്. അങ്ങേയറ്റം അപലപിക്കുന്നു, എന്നാൽ കേരളത്തിലെ മുഖ്യമന്ത്രി കുറ്റക്കാർക്കെതിരെ ശക്തമായ നിലപാടെടുക്കുമെന്ന് പറഞ്ഞതിനെ സ്വാഗതം ചെയ്തുകൊണ്ട് ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല. 36047 പേർക്ക് പി.എസ്.സി. വഴി ഈ ഗവൺമെന്റ് നിയമനം നൽകിയിട്ടുണ്ട്. കണക്കെടുത്താൽ ഒരു ദിവസം 100 പേർക്കുവീതം ജോലി കൊടുക്കുകയാണ്. ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് പതിനൊന്ന് മാസമേ ആയിട്ടുള്ളൂ. അന്യ സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഈ ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുന്നു. ഇത് ഇൻഡ്യയിൽ മറ്റൊരു സ്ഥലത്തുമില്ല. പതിനൊന്നു മാസമല്ലേ ആയിട്ടുള്ളൂ, എന്താണ് ഇത് കാണാതെ പോകുന്നത്? അതുപോലെതന്നെ വർഷങ്ങളായി മുറവിളികൂട്ടുന്ന ആളുകളായിരുന്നു പ്രേരക്മാർ. ഞങ്ങൾക്കൊക്കെ അറിയാം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗമായി നിൽക്കുമ്പോൾ ആ പഞ്ചായത്തിലെ മുഴുവൻ കാര്യങ്ങളിലും ഇടപെട്ടുകൊണ്ട് സഹായിക്കുന്നവർ കൂടിയാണ് ഈ പ്രേരക്മാർ. അവരുടെ വേതനം വർദ്ധിപ്പിച്ചിരിക്കുന്നു. ലൈബ്രേറിയന്മാരുടെ വേതനം വർദ്ധിപ്പിച്ചിരിക്കുന്നു, നേഴ്സറി ടീച്ചർമാർ, അമ്മയുടെ മടിത്തട്ടിൽനിന്ന് കുഞ്ഞുങ്ങളെ കൊണ്ട് ഏൽപ്പിക്കുന്ന പാവപ്പെട്ട നേഴ്സറി ടീച്ചർമാരുടെ വേതനം വർദ്ധിപ്പിച്ചു നൽകാൻ ഈ ഗവൺമെന്റ് ഇടപെട്ടിരിക്കുന്നു. അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ പെൻഷൻ വർദ്ധിപ്പിച്ചിരിക്കുന്നു. ഒരു ലക്ഷം പേർക്കാണ് ഈ വർഷം തീരുമ്പോൾ സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ചു കൊടുക്കാൻ പോകുന്നത്. അതിനുള്ള പ്രാഥമികമായ വിവരശേഖരണം പൂർത്തിയാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇന്ന് ബഹുമാനപ്പെട്ട ചില അംഗങ്ങളുടെ ചോദ്യത്തിന് വകുപ്പുമന്ത്രി ഇവിടെ മറുപടി പറയുന്നത് ഞാൻ ശ്രദ്ധിച്ചു. അതായത് ആരെങ്കിലും അതിൽ ഒഴിവാക്കപ്പെട്ടാൽ കൃത്യമായി അവർക്കുകൂടി ആനുകൂല്യം നൽകിക്കൊണ്ട് കേരളത്തിൽ നീതി നിഷേധിക്കപ്പെട്ട

മുഴവൻപേർക്കും നീതി കൊടുക്കാൻ ഗവൺമെന്റ് മുന്നോട്ടുവന്നിരിക്കുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഒരു ലക്ഷത്തിലധികം പുതിയ കണക്ഷനുകൾ കൊടുക്കാൻ കഴിഞ്ഞിരിക്കുന്നു. ഒരു ലക്ഷത്തിലധികം പേർക്ക് സാനിട്ടറി സംവിധാനമുള്ള കക്കൂസുകൾ നിർമ്മിച്ചുകൊടുക്കാൻ കഴിഞ്ഞു. ആരെയാണ് ഈ ഗവൺമെന്റ് കാണാതെ പോയിട്ടുള്ളത്? എട്ട് ലക്ഷത്തോളം വരുന്ന ഭിന്നശേഷിക്കാർക്ക് 250 കോടി രൂപ ബജറ്റിൽ മാറ്റിവച്ചുകൊണ്ട് അവരുടെ ഇടയിലേയ്ക്കും ഗവൺമെന്റ് ഇറങ്ങിയിരിക്കുന്നു. കേരളത്തിൽ ട്രാൻസ് ജെൻഡേഴ്സിനും നീതി ലഭിച്ചിരിക്കുന്നു.

വ്യവസായ മേഖലയെടുത്താൽ, പരമ്പരാഗത വ്യവസായം, കയർ മേഖല, ചെറുകിട കയർ ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കൃത്യമായിത്തന്നെ ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് ഇടപെട്ടിരിക്കുന്നു. അതുപോലെ കശുവണ്ടി മേഖല, വർഷങ്ങളായി പൂട്ടിക്കിടന്ന കശുവണ്ടി ഫാക്ടറികൾ, ഈ ഗവൺമെന്റ് വന്ന് കുറച്ചുനാൾക്കകംതന്നെ അന്തസ്സോടെ തുറന്നുകൊടുത്തില്ലേ? പരമ്പരാഗത മേഖലയിലുണ്ടായിരുന്ന മുഴവൻ കശുവണ്ടി ഫാക്ടറികളും തുറന്നുകൊടുക്കുന്നതിന് ഗവൺമെന്റ് ഇടപെട്ടിരിക്കുന്നു. അതുപോലെ സ്കൂൾ യൂണിഫോമിന്റെ കാര്യത്തിൽ, എന്റെ മകൻ സർക്കാർ സ്കൂളിൽ വിദ്യാഭ്യാസം ചെയ്യുന്ന കുട്ടിയാണ്. ഞങ്ങളൊക്കെ പഠിക്കുമ്പോൾ സ്കൂളിൽ മ്യൂസിക് അദ്ധ്യാപകരും ക്രാഫ്റ്റ് അദ്ധ്യാപകരുമൊക്കെയുണ്ടായിരുന്നു. പക്ഷെ ഇപ്പോൾ കുറേക്കാലമായി അവർക്ക് വംശനാശം വന്നിരിക്കുന്നു. സ്കൂളിൽ മ്യൂസിക് അദ്ധ്യാപകരും ക്രാഫ്റ്റ് അദ്ധ്യാപകരും തിരിച്ചുവന്നിരിക്കുന്നുവെന്ന് എന്റെ മകൻ എന്നോട് പറഞ്ഞു. ഒരു കാലത്ത് എന്തൊക്കെയാണോ ഈ കേരളത്തിൽ ഇല്ലാതായത് അതിനെയെല്ലാം തിരിച്ചുകൊണ്ടുവരുന്നതിനായി കേരള ഗവൺമെന്റ് ശ്രമിക്കുന്നു. അതൊന്നും കാണാതെ പോകാൻ കഴിയുകയില്ല. 13 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായിരിക്കുന്നു, ചെറിയ കാര്യമാണോ, ഞാൻ കഴിഞ്ഞ ദിവസം കെ.എസ്.ഡി.പി.-യുടെ പരിപാടിയിൽ പങ്കെടുത്തു. അവിടെ ബീറ്റാലാക്ടം പ്ലാന്റിന്റെ ഇനാഗുറേഷന് ബഹുമാന്യനായ മുഖ്യമന്ത്രിയാണ് വന്നിട്ടുള്ളത്. ഔഷധ മേഖലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടന്നിരുന്ന കടുത്ത ചൂഷണത്തിന് അറുതി വരുത്തിക്കൊണ്ട് സാധാരണക്കാർക്ക് സൗജന്യമായി മരുന്ന് കൊടുക്കാൻ കഴിയുന്ന തരത്തിൽ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി. ഉത്പാദിപ്പിക്കുന്ന മരുന്ന് കേരളത്തിൽ മാത്രമല്ല, കേരളത്തിന് പുറത്തേയ്ക്കുകൂടി കൊടുക്കാൻ കഴിയുന്ന രൂപത്തിലേയ്ക്ക് അവിടെ

ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ തന്നെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് 56 കോടിയിലധികം രൂപ കൊടുത്തിരിക്കുന്നു. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുവേണ്ടി വലിയ തരത്തിലുള്ള ഫണ്ടിംഗാണ് നൽകിയിരിക്കുന്നത്. ജനസംഖ്യയിൽ 9.1 ശതമാനം വരുന്ന പട്ടികജാതിക്കാർക്കായി മൊത്തം പദ്ധതി തുകയുടെ 9.8 ശതമാനവും 1.45 ശതമാനം വരുന്ന പട്ടികവർഗ്ഗക്കാർക്കായി 2.83 ശതമാനവും ഫണ്ട് വകയിരുത്തിക്കൊണ്ട് അവിടെയും സാമൂഹ്യനീതി ഉറപ്പു വരുത്തിയിരിക്കുന്നു. 1.4 ലക്ഷം പിന്നോക്ക വിഭാഗം കുട്ടികൾക്ക് വിദ്യാഭ്യാസ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തു.

കേരളത്തിലെ ഏക ഗിരിവർഗ്ഗ കോളനിയായ ഇടമലക്കുടിക്ക് വേണ്ടി സമഗ്ര പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു. ഇത്തരത്തിൽ അറുപത് ലക്ഷത്തിലധികം പേർക്ക് നേരിട്ട് ആനുകൂല്യങ്ങൾ കൊടുക്കാൻ നമ്മുടെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ജനസംഖ്യയുടെ ഇരുപത് ശതമാനത്തോളം പേർക്ക് നേരിട്ട് ആനുകൂല്യങ്ങൾ എത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് അഭിനന്ദനാർഹമാണ്. ഇവിടെ ഞാൻ പറഞ്ഞത് ഒരു മേഖലമാത്രമാണ്. ഇതുപോലെ റോഡും പാലവും നിർമ്മാണ മേഖലയുമൊക്കെയുണ്ട്. റോഡുകൾ ഗതാഗതയോഗ്യമല്ലാതെ ദിനംപ്രതി അപകടങ്ങളിൽപ്പെട്ട് ഏറെപ്പേർ മരിക്കുന്ന നാടായി കേരളം മാറിയപ്പോൾ സുതാര്യമായി മോഡേൺ ടെക്നോളജി ഉപയോഗിച്ചുകൊണ്ട് മറ്റുള്ളവർക്ക് വലിയ ബുദ്ധിമുട്ടൊന്നും വരാത്ത രൂപത്തിൽ രാത്രികാലങ്ങളിൽ റോഡിന്റെ നിർമ്മാണം നടത്തിയിരിക്കുന്നു. ഇതെല്ലാംതന്നെ സാമൂഹിക സുരക്ഷിതത്വത്തിന്റെ ഭാഗമായി ചെയ്യുന്നതാണ്. കുടുംബത്തിലെ ആളുകൾ അപകടത്തിൽ മരണപ്പെടുമ്പോൾ അനാഥമാകുന്ന കുടുംബങ്ങളെ സഹായിക്കുക മാത്രമല്ല, എല്ലാ വിധത്തിലുള്ള ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തിക്കൊണ്ട് കേരളത്തിലെ ജനങ്ങളുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ നമ്മുടെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

ഇവിടെ പ്രതിപക്ഷത്തിന്റെ സ്വരം ഞാൻ പലപ്പോഴും ഓർക്കും. പുതിയ നിയമസഭാ സാമാജിക എന്ന നിലയിൽ ഞാൻ വന്നപ്പോൾ ഓരോരുത്തരുടെയും പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുകയും കൗതുകപൂർവ്വം വീക്ഷിക്കുകയും ചെയ്യുമായിരുന്നു. ആദ്യം ഭരണപരിഷ്കാര കമ്മീഷനുമായിട്ടാണ് പ്രതിപക്ഷം വന്നത്. അതിന്റെ പേരിൽ ഒരുമാസത്തോളം ഈ സഭയിൽ വലിയ കോലാഹലമാണുണ്ടാക്കിയത്. തൊട്ടടുത്ത സഭയിലും ഒരു കാര്യവുമില്ലാതെ

സ്വാശ്രയ വിദ്യാഭ്യാസ പ്രശ്നത്തിൽ സമരം നടത്തി. സ്വാശ്രയ കോളേജുകൾക്ക് മൂക്കുകയറിടുന്ന കരാറിൽ ഗവൺമെന്റ് ഒപ്പുവച്ചപ്പോൾ ആ അസഹിഷ്ണുതയിൽ ഇവിടെ സമരം നടത്തുകയാണ് ചെയ്തത്. പ്രൊഫ. കെ. വി. തോമസ് കൊണ്ടുവന്ന ഭക്ഷ്യസുരക്ഷാ നിയമം നമ്മുടെ ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കേണ്ടി വന്നപ്പോൾ അതിനെതിരെ വ്യാജമായി സമരം ചെയ്തിരിക്കുന്നു. ഏറ്റവും അവസാനം മന്ത്രി ശ്രീ. എം. എം. മണിക്കെതിരെയുള്ള അനാവശ്യമായിട്ടുള്ള വാദകോലാഹലങ്ങളായിരുന്നു. ഞങ്ങളുമൊക്കെ സ്ത്രീകളാണ്. സ്ത്രീപക്ഷ നീതിക്കുവേണ്ടി ഞങ്ങളെല്ലാവരും നിലപാടെടുക്കുന്നവരാണ്. എന്തുകൊണ്ടാണ് ഒരു സ്ത്രീപോലും നിങ്ങളുടെ ഭാഗത്ത് ഇല്ലാതെവന്നത്? ഒരാളെയെങ്കിലും നിങ്ങൾക്കിവിടെ കൊണ്ടുവരാൻ സാധിച്ചോ? ഒരവസരം വന്നിരിക്കുന്നു. വേങ്ങര മണ്ഡലത്തിലെങ്കിലും ഒരു സ്ത്രീയെ നിർത്തി ഇവിടേയ്ക്ക് കൊണ്ടുവരാനുള്ള ധൈര്യം കാണിക്കാൻ നിങ്ങൾക്ക് കഴിയുമോ? അങ്ങനെയെങ്കിലും സ്ത്രീകളോട് നീതിപുലർത്താൻ നിങ്ങൾ തയ്യാറാകണം. എനിക്ക് മുമ്പ് സംസാരിച്ച ഒരംഗം ആരോഗ്യ മേഖലയെക്കുറിച്ച് സംസാരിച്ചപ്പോൾ പറയുന്നതുകേട്ടു ഇവിടെ ആശുപത്രികളിൽ ഉച്ചകഴിഞ്ഞ് ചെന്നാൽ ഡോക്ടർമാരില്ലായെന്ന്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നതിനുശേഷം അസിസ്റ്റന്റ് സർജന്മാരടക്കം നിരവധി പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തിട്ടുണ്ട്. ഇത്രയധികം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തിട്ടും ഡോക്ടർമാരില്ലായെന്ന് പറയുമ്പോൾ കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് നമ്മുടെ സർക്കാർ ആശുപത്രികളുടെ അവസ്ഥ എന്തായിരുന്നിരിക്കും. മരണം ഉറപ്പാക്കിയിട്ടായിരുന്നു ആളുകളെ നമുക്ക് വീട്ടിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞിരുന്നത്.

അതുപോലെ 108 ആംബുലൻസ് സർവ്വീസിന്റെ കാര്യമെടുത്താൽ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സമർത്ഥമായിത്തന്നെ ആ മേഖലയിൽ ഇടപെടുന്നുണ്ട്. 108 ആംബുലൻസുകൾ ഇന്ന് ആലപ്പുഴയിലും തിരുവനന്തപുരത്തുമാണ് കൂടുതലുള്ളത്. അത് നല്ല സർവ്വീസാണ് കാഴ്ചവയ്ക്കുന്നത്. അതുവഴി മുപ്പത്താറായിരത്തിലധികം ആളുകളുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്ന തരത്തിലും കുറ്റമറ്റ രൂപത്തിൽ നടപ്പാക്കാൻ കഴിയുന്ന രീതിയിലുമുള്ള ഇടപെടലുണ്ടാകണം. വലിയ രീതിയിൽ അപകട മരണങ്ങൾ സംഭവിക്കുന്ന നമ്മുടെ നാട്ടിൽ നാഷണൽ ഹൈവേയുടെ സമീപമുള്ള എല്ലാ ആശുപത്രികളിലും പ്രത്യേകിച്ച് കായംകുളം മണ്ഡലമടക്കമുള്ള സ്ഥലങ്ങളിൽ അടിയന്തരമായിത്തന്നെ ട്രോമാ കെയർ സംവിധാനം നടപ്പിലാക്കണം. ആലപ്പുഴയിൽ ഏറ്റവും കൂടുതൽ ആളുകൾ അപകടത്തിൽ

മരിക്കുന്ന സ്ഥലം കായംകുളമാണ്. കാരണം, അവിടെ വാഹനങ്ങളുടെ പെരുപ്പവും റോഡിന്റെ പ്രശ്നവുമൊക്കെക്കൊണ്ട് ഒരുപാടുപേർ മരിക്കുന്നുണ്ട്. അവിടത്തെ ഒരു അനീതി കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ രണ്ട് സർജൻമാരുള്ളപ്പോൾ കായംകുളം ആശുപത്രിയിൽ സർജൻ ഇല്ല. കായംകുളത്തെ ആളുകളാണ് കൂടുതലായും ഹരിപ്പാട് ആശുപത്രിയിൽ വരുന്നത്. രണ്ടോ മൂന്നോ സർജൻമാരുള്ള സ്ഥലത്തുനിന്നും സർജൻമാരില്ലാത്ത ആശുപത്രികളിലേയ്ക്ക് ക്രമപ്പെടുത്താനുള്ള ഇടപെടൽ തീർച്ചയായും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ പതിനൊന്ന് മാസക്കാലമായി സമസ്ത മേഖലകളിലും ഇറങ്ങിച്ചെന്ന് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ മാധ്യമങ്ങൾ കണ്ടില്ലെന്ന് നടിക്കരുത്. ഇല്ലെങ്കിൽ ജനങ്ങളുടെ ഇടയിലേയ്ക്ക് ഗവൺമെന്റ് നടത്തുന്ന സദ്ഫലങ്ങൾ കാണിച്ചുകൊടുക്കാനുള്ള ബദൽ സംവിധാനങ്ങൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആർദ്രം പദ്ധതിയിലൂടെ എല്ലാ വിഷയങ്ങളും പരിഹരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റിന്റെ പ്രത്യാശ. ഈ സർക്കാരിന്റെ തുടക്കമായതുകൊണ്ട് ആർദ്രം പദ്ധതിയെക്കുറിച്ച് ഒരു പരിധിവിട്ടുള്ള വിമർശനത്തിന് ഞാൻ തയ്യാറാകുന്നില്ല. അടുത്ത ഡിമാന്റ് ഡിസ്കഷനിൽ ആ വിഷയത്തിലേയ്ക്ക് കടക്കാം. ആർദ്രം പദ്ധതിയിലൂടെ ആധുനിക നിലയിൽ ആശുപത്രികളെ മാറ്റിയെടുത്തുകൊണ്ട് സ്വകാര്യ ആശുപത്രികളിലേയ്ക്ക് പോകുന്ന രോഗികളെ തിരിച്ചെത്തിക്കുക എന്ന ലക്ഷ്യം ഗവൺമെന്റിനുണ്ടെങ്കിലും ആധുനിക രീതിയിലുള്ള സജ്ജീകരണങ്ങളിലൂടെ മാത്രം രോഗികൾക്കു നൽകുന്ന സേവനം മെച്ചപ്പെടുത്താൻ കഴിയുമെന്ന് ഞാൻ കരുതുന്നില്ല. ഇവിടെ മാറേണ്ടത് ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ സമീപനങ്ങളാണ്. മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികളടക്കം രോഗികൾക്ക് നല്ല രീതിയിലുള്ള ശ്രദ്ധ ബന്ധപ്പെട്ട ഡോക്ടർമാരുടെ ഭാഗത്തുനിന്നുണ്ടാകണമെങ്കിൽ എം.എൽ.എ.-യോ, എം.പി.-യോ, മന്ത്രിയോ വിളിക്കേണ്ട ഗതികേട് ഇന്നുമുണ്ട് എന്നുള്ളത് ആർക്കും വിസ്മരിക്കാൻ കഴിയുന്ന ഒന്നല്ല. ഞാൻ ഉൾപ്പെടെയുള്ള നിയമസഭാ സാമാജികർക്ക് സമാനമായ ഒരുപാട് അനുഭവമുണ്ട്. ഇത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല, പതിറ്റാണ്ടുകളായിട്ടുള്ള സമീപനമാണ്. ഇവിടെ ഏതെങ്കിലുമൊരു സ്കീം കൊണ്ടുവന്ന് മാറ്റങ്ങൾ വരുത്താമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടെങ്കിൽ അത് മൗഢ്യമാണ്. ജീവനക്കാരുൾപ്പെടെയുള്ളവരുടെ സമീപനത്തിൽ കാര്യമായ മാറ്റം ഉണ്ടാകണം, അതിനുള്ള ആർജ്ജവം ഈ ഗവൺമെന്റ് കാണിക്കേണ്ടതുണ്ട്.

കാരുണ്യ ഫാർമസികളിൽ എല്ലാ മരുന്നുകളും ലഭ്യമല്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞതാണ്. സാധാരണക്കാരുടെ ആശ്രയകേന്ദ്രമായ ഇത്തരം ഫാർമസികൾ ഇന്ന് നോക്കുകുത്തികളായി മാറിക്കൊണ്ടിരിക്കുകയാണ്.

മറ്റൊരു നോക്കുകുത്തിയായി മാറിക്കൊണ്ടിരിക്കുന്നത് ഭക്ഷ്യസുരക്ഷാ വകുപ്പാണ്. അതിന് പല്ലും നഖവും ഇല്ലാതെ മാറുന്നുവെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. അതിന് പല്ലും നഖവും ഉണ്ടെങ്കിൽ അത് പ്രയോഗിക്കാൻ കഴിയണം. പച്ചക്കറികൾ, മത്സ്യം, ഇറച്ചി ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളിൽ ധാരാളം കീടനാശിനികളും വിഷാംശവും അടങ്ങിയിരിക്കുന്നു എന്നത് വസ്തുതയാണ്. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? ആവശ്യത്തിനുള്ള പരിശോധനാ സംവിധാനം നമ്മുടെ ലാബുകളിലില്ല. എറണാകുളത്തും തിരുവനന്തപുരത്തും ലാബുണ്ട്, കോഴിക്കോടുള്ള ലാബ് കൂടുതൽ സജ്ജീകരണത്തിലേയ്ക്ക് കൊണ്ടുവരുന്നു എന്നുപറയുന്നു. രണ്ടോ മൂന്നോ മെട്രോ സിറ്റികളിൽ ലാബുകൾ കൊണ്ടുവന്നാൽ വിഷയങ്ങൾ പരിഹരിക്കപ്പെടുമോ?

ചെക്ക് പോസ്റ്റുകൾ നോക്കുകുത്തികളായി മാറിയിരിക്കുകയാണ്. കീടനാശിനികളടങ്ങിയ ധാരാളം പച്ചക്കറികൾ ഇന്ന് കടന്നുവരുന്നുണ്ട്. മത്സ്യത്തിലും മാംസത്തിലും പാലിൽപോലും മായം കലർന്നുവരുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇത് ഏതെങ്കിലും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ അല്ലെങ്കിൽ ഏതെങ്കിലുമൊരു പരമ്പര വരുമ്പോൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഉണർന്ന് പ്രവർത്തിക്കും. കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്? ഇത്തരം വിതരണക്കാരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ, അത്തരക്കാർ വീണ്ടും ഇതിലേയ്ക്ക് കടന്നുവരുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളിൽ ഗവൺമെന്റിന് എത്രമാത്രം ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിഞ്ഞു വെന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്.

പ്ലാസ്റ്റിക് ബോട്ടിലുകൾ കൊലയാളികളായി മാറുന്നു എന്നൊരു പരമ്പര കഴിഞ്ഞ രണ്ടുമാസം മുൻപ് മാതൃഭൂമി എഴുതുകയുണ്ടായി. പ്ലാസ്റ്റിക് ബോട്ടിലുകൾ ഉൾപ്പെടെ നമ്മൾ ഉപയോഗിക്കുന്ന ഉപകരണങ്ങളിൽ അപകടകരമായ രീതിയിൽ രാസസാന്നിദ്ധ്യങ്ങൾ ഉണ്ടാകുന്നുവെന്നുള്ള കാര്യം ഗവൺമെന്റ് അടിയന്തരമായി ശ്രദ്ധിക്കേണ്ടതാണ്.

അവയവദാനം ഇന്ന് സങ്കീർണ്ണമായി മാറിയിരിക്കുകയാണ്. അവയവദാനത്തിന്റെ പിന്നിൽ മാഫിയയുണ്ടെങ്കിൽ ഗവൺമെന്റ് നടപടിയെടുക്കണം. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. പക്ഷെ അതിന്റെ നൂലാമാലകളിൽപ്പെട്ട് ജനവിനായ രോഗികൾക്കുപോലും ഇന്ന് അവയവങ്ങൾ മാറ്റിവയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുണ്ട്. ഇതിന്റെ ഫലമായി പലപ്പോഴും അവയവദാനം യഥാസമയം നടക്കാതെപോകുന്നതുകൊണ്ട് ഒട്ടനവധിപേർ മരണത്തിന് കീഴടങ്ങേണ്ടിവരുന്ന ദുഃസ്ഥിതി കേരളത്തിൽ സംജാതമായിരിക്കുന്നുവെന്നത് വസ്തുതയാണ്. കഴിഞ്ഞ ഗവൺമെന്റിനെ നിങ്ങൾ കുറ്റം പറയുമ്പോഴും, കാരുണ്യ ചികിത്സാ പദ്ധതികൾപോലെ മാതൃകാപരമായ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിയ ഗവൺമെന്റായിരുന്ന കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് എന്നുള്ള കാര്യം വിസ്മരിക്കരുത്. ഒരു ലക്ഷത്തിൽപ്പരംപേർക്ക് 800 കോടി രൂപയിലധികം ധനസഹായം നൽകിയിട്ടുള്ള കാരുണ്യ പദ്ധതിയുടെ സ്ഥിതി എന്താണ്; ഇന്ന് അതിൽനിന്ന് തുക കിട്ടാൻ എത്രമാത്രം കാലതാമസമുണ്ടാകുന്നു? മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് സഹായം ലഭ്യമാകാനുള്ള സാഹചര്യങ്ങൾ ഇന്നെവിടെ എത്തിനിൽക്കുന്നു? ഇത്തരത്തിലുള്ള ഒട്ടനവധി വിഷയങ്ങളുണ്ട്. ചികിത്സാച്ചെലവ് വർദ്ധിക്കുന്ന സാഹചര്യത്തിൽ സാധാരണക്കാർക്ക് ഗവൺമെന്റ് കൊടുക്കുന്ന ചെറിയൊരു ആനുകൂല്യം പോലും കിട്ടുവാൻ മാസങ്ങളോളം കാത്തുനിൽക്കേണ്ട സന്ദർഭം ഇന്ന് കേരളത്തിലുണ്ട് എന്നത് വിസ്മരിക്കാൻ കഴിയുന്നതല്ല.

എം.സി. റോഡ്, ഹൈവേ തുടങ്ങിയ പ്രധാന നിരത്തുകളുടെ സൈഡിലുള്ള ആശുപത്രികൾക്ക് കൂടുതൽ പരിഗണന കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. എന്റെ നിയോജകമണ്ഡലമായ കുത്താട്ടുകുളത്ത് എം.സി. റോഡിനോട് ചേർന്നുള്ള പ്രദേശത്തെ ആശുപത്രിയിൽ ഒരു കാഷ്വാലിറ്റി ആവശ്യമാണെന്നത് സംബന്ധിച്ച് ഒരു നിവേദനം ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയിരുന്നു. ഇത്തരം അടിയന്തര വിഷയങ്ങളിൽ ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ സൂചിപ്പിക്കുന്നു. അതോടൊപ്പംതന്നെ കമ്മ്യൂണിക്കബിൾ ഡിസീസിന്റെ കാര്യത്തിൽ 2014 മുതലുള്ള കണക്കെടുത്ത് പരിശോധിച്ചപ്പോൾ ഒട്ടനവധി കാര്യങ്ങളുണ്ട്. ഹെപ്പറ്റൈറ്റിസ് ബി-യുടെ 2014 മുതൽ 2016 വരെയുള്ള കണക്കെടുത്തുനോക്കിയാൽ 14-നും 20-നും ഇടയ്ക്ക് പ്രായമുള്ളവർ ഈ രോഗം ബാധിച്ച് മരണപ്പെടുന്നുണ്ട്. അതിലൊക്കെ ഡെത്ത് കേസ്സുകൾ ഒരേ രീതിയിൽ നിൽക്കുന്നു. അതുകുറച്ചുകൊണ്ടുവരാനുള്ള നടപടികൾ സ്വീകാര്യമായ നിലയിൽ വരുന്നില്ല. ഇത്തരത്തിലുള്ള അനവധി വിഷയങ്ങൾ നമ്മുടെ മുന്നിലുണ്ട്. അക്കാര്യങ്ങളിൽ ഗവൺമെന്റിന് സജീവ ശ്രദ്ധചെലുത്താൻ കഴിയുന്നില്ല. അതിന്റെയൊക്കെ അടിസ്ഥാനത്തിൽ ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. കാരാട്ട് റസാഖ്:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനം ആരോഗ്യ രംഗത്ത് മാതൃകാപരമായ ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്നത് ശ്രദ്ധേയമാണ്. മുമ്പൊന്നും കേട്ടുകേൾവി പോലുമില്ലാത്ത വിധമുള്ള രോഗങ്ങളുടെ വൈറസുകളെ കണ്ടെത്താൻ ശാസ്ത്ര ലോകത്തിന് കഴിഞ്ഞിട്ടുണ്ട്. പക്ഷിപ്പനി, എലിപ്പനി, ചിക്കൻഗുനിയ തുടങ്ങിയ എത്രയെത്ര സാംക്രമിക രോഗങ്ങൾ അനുദിനം വർദ്ധിച്ചുവരുന്നു. ഇവയെല്ലാംതന്നെ ഒരു പരിധിവരെ നിയന്ത്രണവിധേയമാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 2006-ലാണ് പ്രധാന പകർച്ചവ്യാധിയായ ചിക്കൻഗുനിയ കണ്ടെത്തിയത്. കേരളമുൾപ്പെടെ ഏതാണ്ട് എട്ട് സംസ്ഥാനങ്ങളിലെ 150-ൽപ്പരം ജില്ലകളിൽ ഇത് ബാധിച്ചതായും ഓരോ വർഷവും ഇത് വർദ്ധിച്ചുവരുന്നതായും കണ്ടെത്തിയിട്ടുണ്ട്. പ്രായഭേദമെന്യേ എല്ലാ വിഭാഗം ജനങ്ങളെയും ബാധിക്കുന്ന ഒരു പ്രധാന രോഗമായ ക്യാൻസർ കേരളത്തിൽ അനുദിനം വർദ്ധിച്ചുവരികയാണ്. ഏറെ ഭാരിച്ച ചികിത്സാച്ചെലവ് ആവശ്യമായ പ്രസ്തുത രോഗം ബാധിച്ച് സാധാരണക്കാരും സാമ്പത്തികമായി ഏറെ പിന്നാക്കം നിൽക്കുന്നവരുമെല്ലാം ദുരിതമനുഭവിക്കുന്ന സാഹചര്യമാണുള്ളത്. ഇത്തരം രോഗികൾക്കായി ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങൾ എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കിയിട്ടുണ്ടെന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. സ്വകാര്യ ആശുപത്രികളിൽ കഴുത്തറുക്കുന്ന ഫീസ് ഈടാക്കി രോഗികളെ കൊള്ളയടിക്കുമ്പോൾ നമ്മുടെ തലസ്ഥാനമായ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന റീജിയണൽ ക്യാൻസർ സെന്ററും കണ്ണൂരിലെ മലബാർ ക്യാൻസർ സെന്ററും ഇക്കാര്യത്തിൽ ഏറെ ആശ്വാസം നൽകുന്നുണ്ട്. ഗവൺമെന്റ് തിരുവനന്തപുരം ആർ.സി.സി.-യിൽ പുതിയ കെട്ടിടം നിർമ്മിക്കാനുള്ള തീരുമാനം എടുത്തത് അഭിനന്ദനീയമാണ്. അർബുദ രോഗികളെ ചികിത്സിക്കാനുള്ള ആധുനിക സംവിധാനങ്ങൾ ഈ രണ്ടിടത്തുമുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ തെക്കും വടക്കും മാത്രമായി ഇവ നിലകൊള്ളുമ്പോൾ മറ്റ് ജില്ലകളിലെ രോഗികൾക്ക് ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് കൂടുതൽ സാമ്പത്തിക ബാദ്ധ്യത വരുന്നു. നമ്മുടെ സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും ഇതിന്റെ സൗകര്യം ലഭ്യമാക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ആരോഗ്യ രംഗത്ത് സർക്കാരിന്റെ സമയോചിതമായ ഇടപെടലുകൾ കാരണം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളം ആരോഗ്യ രംഗത്ത് മികച്ച മുന്നേറ്റം നടത്തിയതായി കാണാം.

'ആരോഗ്യ കിരണം' പദ്ധതി ഇതിൽ പ്രധാനമാണ്. 18 വയസ്സുവരെയുള്ള അർഹതപ്പെട്ട എല്ലാ രോഗികൾക്കും ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നുണ്ട്. സൗജന്യ ചികിത്സയും അനുബന്ധ സേവനവും നൽകിയതിലൂടെ ലക്ഷക്കണക്കിന് രോഗികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുണ്ടായി. ആരോഗ്യ രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ചെങ്കിലും ഇന്നും സ്വകാര്യ ആശുപത്രികളുടെ ചൂഷണം അവസാനിപ്പിക്കാൻ നമുക്ക് കഴിയുന്നില്ല. ജലദോഷവും പനിയുമായി വീടിനടുത്തുള്ള ഏതെങ്കിലും സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്ക് ചെല്ലുമ്പോൾ അവരുടെ പോക്കറ്റ് കൊള്ളയടിക്കുന്ന സമീപനമാണ് മിക്ക ആശുപത്രികളിലും കാണാൻ കഴിയുന്നത്. ഈ അവസ്ഥ അവസാനിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

നമ്മുടെ സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്ററുകളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും താലൂക്ക്, ജില്ലാ ആശുപത്രികളുമെല്ലാം നല്ല നിലയിൽ പ്രവർത്തിക്കുന്നുവെങ്കിലും ഇവിടങ്ങളിലെ ഡോക്ടർമാരുടെയും ഇതര ജീവനക്കാരുടെയും കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഒരു ഡോക്ടറാണ് സേവനമനുഷ്ഠിക്കുന്നത്. ഈ ഡോക്ടർമാർ ആഴ്ചയിൽ 2-3 ദിവസങ്ങളിൽ മാത്രമേ ആശുപത്രികളിൽ കാണപ്പെടുകയുള്ളൂ. സാധാരണക്കാരായ രോഗികൾ ഇത്തരം ആശുപത്രികളിലെത്തി അവിടെ ഡോക്ടർമാരില്ലാതെ തിരിച്ചുപോകുന്ന സാഹചര്യം നിലവിലുണ്ട്. ഇത്തരം പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ചുരുങ്ങിയത് രണ്ട് ഡോക്ടർമാരുടെ സേവനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്. അതോടൊപ്പം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും താലൂക്ക് ആശുപത്രികളിലും ആവശ്യത്തിന് പോസ്റ്റ് ക്രിയേറ്റ് ചെയ്തുകൊണ്ട് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തണം.

'ആർദ്രം പദ്ധതി' എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ മികച്ച പദ്ധതികളിലൊന്നാണ്. രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുന്നതാണ് ഈ പദ്ധതി. രോഗീ സൗഹൃദ ആശുപത്രി സംവിധാനമായ ആർദ്രം പദ്ധതിക്ക് തുടക്കംകുറിച്ച എൽ.ഡി.എഫ്. സർക്കാർ എന്നും ജനപക്ഷത്താണെന്ന് വ്യക്തമാക്കുന്നതാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്തെ വിവിധ ആശുപത്രികളിലായി 200-ൽപ്പരം അസിസ്റ്റന്റ് സർജന്മാർക്ക് നിയമനം നൽകിയത് ചെറിയ കാര്യമല്ല. അതുപോലെ ജില്ലാ/താലൂക്ക് ആശുപത്രികളിലെ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ ആരംഭിച്ചിരിക്കുന്നു. കൂടാതെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിന് 170 പഞ്ചായത്തുകളെ തെരഞ്ഞെടുത്തിരിക്കുന്നു. ഈ വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ 44.5 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ടെർഷ്യറി ക്യാൻസർ കെയർ സെന്ററിന്റെ നിർമ്മാണം, 8.4 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന 250 വിദ്യാർത്ഥിനികൾക്ക് താമസ സൗകര്യത്തിനുള്ള ലേഡീസ് ഹോസ്റ്റൽ എന്നിവ 2017 മേയ് മാസം അവസാനത്തോടെ പൂർത്തീകരിക്കാൻ കഴിയും. 10 കോടി രൂപ ചെലവിട്ട് നിർമ്മിച്ച ലക്ഷ്വറി തീയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരിച്ചിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് റോഡപകടങ്ങൾ മുഖാന്തരമുള്ള മരണങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ മരണ നിരക്ക് കുറയ്ക്കുന്നതിനും അതിവേഗ രോഗ നിർണ്ണയത്തിനും തീവ്ര പരിചരണത്തിനുമുള്ള ഉപകരണങ്ങൾ വിവിധ ആശുപത്രികളിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ട്രോമാ കെയർ പദ്ധതിക്ക് രൂപം നൽകി എന്നത് ശ്ലാഘനീയമാണ്.

അതുപോലെ 'അനുയാത്ര' പദ്ധതി, ആരോഗ്യ രംഗത്ത് നല്ലൊരു കാൽവയ്പാണ് കാണപ്പെടുന്നത്. സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണിത്. മാനസികാരോഗ്യത്തിന്റെ കാര്യത്തിൽ സംബന്ധിച്ച് പറയുമ്പോൾ, ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ നിരക്ക് വളരെ കൂടുതലാണ്. ശാരീരികാരോഗ്യത്തിന് നാം നൽകുന്ന പ്രാധാന്യം മാനസികാരോഗ്യത്തിന്റെ കാര്യത്തിൽ വേണ്ടതുപോലെ നൽകുന്നില്ലെന്ന് കാണാം. മാനസികാസ്വാസ്ഥ്യത്തിന്റെ ചികിത്സ തുടങ്ങേണ്ടത് പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിന്നാണ്. മനോരോഗങ്ങളെപ്പറ്റി പൊതുജനാവബോധം സൃഷ്ടിക്കുന്ന ബോധവത്ക്കരണ പദ്ധതിക്ക് പ്രാധാന്യം നൽകണം. ഇതിന് തയ്യാറായി വരുന്ന ഡോക്ടർമാർക്ക് സർക്കാർ സൗജന്യ പരിശീലനം നൽകാൻ തയ്യാറാകണം. 2013-ൽ ഇതുസംബന്ധിച്ച ഒരു നയത്തിന് രൂപം നൽകിയിട്ടുണ്ട്. മാനസിക രോഗികളുടെ പുനരധിവാസത്തിനും പരിചരണത്തിനുമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം സംസ്ഥാന മാനസികാരോഗ്യ നയത്തിൽ വിഭാവനം ചെയ്യുന്നുണ്ട്.

അർബുദം, പ്രമേഹം, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ തുടങ്ങിയ സാംക്രമിക രോഗങ്ങൾ മനുഷ്യ ജീവന് ഭീഷണിയാണ്. ഇത്തരം രോഗങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനുമുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ ഭാവിയിൽ നാം കനത്ത വില നൽകേണ്ടി വരും. ഇതിന്റെ കഷ്ടനഷ്ടങ്ങൾ വളരെ വലുതായിരിക്കും. താഴ്ന്ന വരുമാനക്കാരെ സംബന്ധിച്ചിടത്തോളം മരുന്നുകളുടെ ഉയർന്ന വിലയും ചികിത്സയ്ക്കാവശ്യമായ ദീർഘകാല ചെലവുകളും വമ്പിച്ച സാമ്പത്തിക ബാദ്ധ്യത വരുത്തുന്നതാണ്.

സ്വകാര്യ ആശുപത്രികളുടെ ചൂഷണം ഹൃദയ ശസ്ത്രക്രിയയുടെ കാര്യത്തിലും കാണാം. ലക്ഷങ്ങൾ വാങ്ങി സ്വകാര്യ ആശുപത്രികൾ ഇത്തരം ശസ്ത്രക്രിയകൾ നടത്തുമ്പോൾ കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഹൃദയശസ്ത്രക്രിയ വളരെ വിജയകരമായി നടത്തി എന്നുള്ളത് കാണാതെ പോകാൻ കഴിയില്ല. നമ്മുടെ ആരോഗ്യമേഖലയിൽ കുറഞ്ഞ ചെലവിലും ഇത്തരം ശസ്ത്രക്രിയകൾ നടത്താൻ കഴിയുമെന്ന് തെളിയിച്ചിരിക്കുന്നു. ഇത് പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇത് ഞാൻ പറയുമ്പോൾ സ്വകാര്യമേഖലയിലെ ആശുപത്രികളെല്ലാം കൊള്ളക്കാരാണെന്ന് നാം കാണേണ്ടതില്ല. സംസ്ഥാനത്തെ ആരോഗ്യരംഗത്ത് സ്വകാര്യ ആശുപത്രികളുടെ സേവനം കുറച്ചുകാണേണ്ടതില്ല. എന്നാൽ രോഗികളെ അനാവശ്യമായി സ്കാനിംഗിനും മറ്റ് ഇതര ടെസ്റ്റുകൾക്കും വിധേയമാക്കി അവരുടെ പോക്കറ്റുകൾ കൊള്ളയടിക്കുന്നത് വേദനാജനകമാണ്. ടെസ്റ്റുകൾ വേണ്ട എന്നല്ല; രോഗം കണ്ടെത്താൻ ഇത്തരം ടെസ്റ്റുകൾ ആവശ്യം തന്നെയാണ്. എന്നാൽ ഇതിന്റെ മറവിൽ നടത്തുന്ന കൊള്ള അവസാനിപ്പിക്കണം. ബ്ലേഡ് മാഫിയകളെപ്പോലെ സ്വകാര്യ ആശുപത്രികളും കൊള്ളയടിക്കുന്ന ഒരു സാഹചര്യം ഇവിടെ കാണപ്പെടുകയാണ്. ഇവിടത്തെ പ്രഗത്ഭരായ ഡോക്ടർമാരുടെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും സേവനം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ വിദേശത്ത് ജോലി തേടിപ്പോകുന്നതും അവിടെ സ്ഥിരതാമസ മാക്കുന്നതും സംസ്ഥാനത്തെ രോഗികൾക്ക് ലഭിക്കേണ്ടുന്ന സേവനം നഷ്ടമാക്കുന്നു. ഇത് നാം പരിശോധിക്കേണ്ടതുണ്ട് എന്നാണിവിടെ സൂചിപ്പിക്കുന്നത്.

ആരോഗ്യരംഗത്ത് മാത്രമല്ല, കുടുംബക്ഷേമരംഗത്തും ഈ സർക്കാർ അതിസാഹസികമായ ചുവടുവയ്പാണ് നടത്തിയിരിക്കുന്നത്. പതിറ്റാണ്ടുകളായി അങ്കണവാടികളിൽ വർക്കറായും ഹെൽപ്പറായും ജോലി ചെയ്ത് വിരമിച്ചവർക്ക് നൽകിവന്നിരുന്ന പെൻഷൻ യഥാക്രമം 500 രൂപയിൽ നിന്ന് 1,000 രൂപയായും 300 രൂപയിൽ നിന്ന് 600 രൂപയായും വർദ്ധിപ്പിച്ചു. 2016-17 ബജറ്റിൽ പ്രഖ്യാപിച്ച ഒരു വാഗ്ദാനമായിരുന്നു ഇത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ് ഈ ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തിയതെന്ന കാര്യവും സ്മരിക്കാതെ വയ്യ. ശാരീരികമായി അംഗപരിമിതരായ 5.83 ലക്ഷം പേർക്ക് ഏകീകൃത ഐ.ഡി. കാർഡുകൾ നൽകാനുള്ള നടപടി പുരോഗമിച്ചുവരുന്നു. അംഗപരിമിതരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇവരുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള പദ്ധതിയാണിത്.

സാമൂഹ്യസുരക്ഷാ മിഷൻ മുഖേന സംസ്ഥാന സർക്കാർ നടപ്പാക്കുന്ന 'സ്നേഹപൂർവ്വം' പദ്ധതിയനുസരിച്ച് അനാഥബാല്യങ്ങളെ അനാഥാലയത്തിലേയ്ക്ക് എത്തിക്കാതെ സ്വഭവനങ്ങളിലോ ബന്ധുഭവനങ്ങളിലോ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്ന പദ്ധതിയിലൂടെ, കുട്ടികൾക്ക് ഒന്നാം ക്ലാസ് മുതൽ ഡിഗ്രി തലം വരെയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്ന ഒരു സാഹചര്യം ഇവിടെ കാണപ്പെടുകയാണ്. കുഞ്ഞുങ്ങളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് സർവ്വസൗകര്യങ്ങളോടുംകൂടി അങ്കണവാടികളോട് ചേർന്ന് ക്രഷുകൾ തുടങ്ങാൻ സർക്കാർ തീരുമാനിച്ചത് പ്രോത്സാഹനജനകമാണ്. രാജ്യമൊട്ടാകെ സ്ത്രീകളുടെയും കൗമാരപ്രായക്കാരുടെയും സുരക്ഷയ്ക്ക് ഭീഷണി നേരിടുന്ന ഈ സാഹചര്യത്തിലാണ് കേരളത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും 24 മണിക്കൂറും ആശ്രയിക്കാവുന്ന ടോൾ ഫ്രീ നമ്പറായ-181 സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്.

തുറമുഖ വികസനത്തിന്റെ കാര്യത്തിലും എൽ.ഡി.എഫ്. സർക്കാർ ചരിത്രപരമായ മുന്നേറ്റമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ 2.5 കോടി ടണ്ണിന്റെ ചരക്കുനീക്കം കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ ലഭിച്ചിരിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്തേക്കാൾ 13.2 ശതമാനത്തിന്റെ വർദ്ധനവാണ് ഇവിടെ കാണുന്നത്. കണ്ടെയ്നർ ചരക്ക് നീക്കത്തിൽ 17 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. ഇങ്ങനെ ഏത് മേഖല പരിശോധിച്ചാലും വികസനത്തിന്റെ കാര്യത്തിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ നയമല്ല എൽ.ഡി.എഫ്. സർക്കാരിനുള്ളത് എന്ന് തെളിയിച്ചിരിക്കുന്നു. നിയമസഭയിൽ ബഹളം വയ്ക്കുന്ന യു.ഡി.എഫ്. അംഗങ്ങൾ ഒരു കാര്യം ഓർക്കണം. കേരളത്തിലെ ജനങ്ങളുടെ ആവശ്യങ്ങളും വേദനകളുമാണ് എൽ.ഡി.എഫ്. സർക്കാരിന്റെ മനസ്സിലുള്ളത്. വികസന മുന്നേറ്റം നടത്തുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ നിർവ്യാജം പിന്തുണയ്ക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് 11 മാസമായി. എല്ലാ വകുപ്പിലും ബഹുമാനപ്പെട്ട പിണറായിയുടെ ഭരണമാണെന്നാണ് എല്ലാവരുടെയും പരാതി. ഞാൻ അതിനെ എതിർക്കുന്നില്ല, അനുകൂലിക്കുന്നുമില്ല. പക്ഷെ വൈദ്യസഹായവും പൊതുജനാരോഗ്യവും വകുപ്പിൽ യൂണിയൻ ഭരണമാണ്. ബഹുമാനപ്പെട്ട പിണറായി വിജയൻ സഖാവ് വകുപ്പിന്റെ ഭരണം കൂടി ഏറ്റെടുക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. യൂണിയൻ ഭരണത്തിന്റെ മഹത്വത്തെക്കുറിച്ച് ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കാം. ഇങ്ങനെ പോയാൽ നമ്മുടെ രാജ്യം എവിടെ പോകും? ഈരാറ്റുപേട്ട പ്രൈമറി

ഹെൽത്ത് സെന്ററിലെ ഹെൽത്ത് ഇൻസ്പെക്ടർ ഈരാറ്റുപേട്ടയിൽ നിന്ന് 3 കിലോമീറ്ററിനപ്പുറം താമസിക്കുന്ന ഒരാളാണ്. അയാളെപ്പറ്റി ഒരു പരാതിയും ആർക്കുമില്ല. പാലാ നിയോജകമണ്ഡലത്തിലെ ഉഴവൂർ പ്രൈമറി ഹെൽത്ത് സെന്ററിലെ ഹെൽത്ത് ഇൻസ്പെക്ടർ അവിടെ നിന്ന് 4 കിലോമീറ്ററിനടുത്ത് താമസിക്കുന്നയാളാണ്. ഉഴവൂർകാരനെ ഈരാറ്റുപേട്ടയ്ക്കും ഈരാറ്റുപേട്ടക്കാരനെ ഉഴവൂരിലേയ്ക്കും മാറ്റി. ഇത് ന്യായമാണോ; എന്ത് മര്യാദയാണിതെന്ന് മന്ത്രിയോട് ഞാൻ ചോദിച്ചപ്പോൾ യൂണിയൻകാർ സമ്മതിക്കില്ലെന്നാണ് മന്ത്രിയുടെ മറുപടി. ഞാൻ ഈ ഹെൽത്ത് ഇൻസ്പെക്ടർമാരെ വിളിച്ച് നിങ്ങൾ ഏത് യൂണിയനാണെന്ന് ചോദിച്ചു. ഈരാറ്റുപേട്ടയ്ക്കടുത്തുള്ളയാളിനോട് യൂണിയൻ ഏതാണെന്ന് ചോദിച്ചപ്പോൾ കോൺഗ്രസുകാരനാണെന്നും ഉഴവൂർകാരനോട് ചോദിച്ചപ്പോൾ അദ്ദേഹം സി.പി.ഐ.(എം) അനുഭാവിയാണെന്നും പറഞ്ഞു. തന്നെ എന്തിനാണ് തന്റെ യൂണിയൻകാർ മാറ്റുന്നതെന്ന് ചോദിച്ചപ്പോൾ മാസവരി കൊടുത്തത് കുറവായതുകൊണ്ടാണെന്നാണ് പറഞ്ഞത് വേറെ കുഴപ്പമൊന്നുമല്ല. ഇത് നമ്മുടെ ആരോഗ്യ രംഗത്തിന് ഗുണകരമാണോ? കോട്ടയത്ത് ഒരു ഡി.എം.ഒ. ഇരിപ്പുണ്ട്; മണ്ണിനും ചുണ്ണാമ്പിനും കൊള്ളുകയില്ല. ബഹുമാന്യയായ കെ. കെ. ശൈലജ ടീച്ചർ സമ്മതിച്ചതാണ്. യൂണിയൻകാർ എഴുതിക്കൊടുക്കുന്ന കടലാസ്സിൽ ഒപ്പിടുന്ന വെറും ഒരു ഒപ്പിയാനാണ് അയാൾ. കൊള്ളാവുന്ന ഉദ്യോഗസ്ഥരെ പിടിച്ച് വയ്ക്കണ്ടേ; എന്തൊരു കഷ്ടമാണ്; ഇത് ആരോഗ്യരംഗമല്ലേ; ആരോഗ്യരംഗത്ത് പ്രവർത്തിക്കുമ്പോൾ ഒരു മര്യാദ വേണ്ടേ? തർക്കമൊന്നും വേണ്ട. പാലാ താലൂക്കിലെയും കാഞ്ഞിരപ്പള്ളി താലൂക്കിലെയും രണ്ട് ആശുപത്രികളും ജനറൽ ആശുപത്രികളാക്കിയാൽ മതി. അപ്പോൾ താലൂക്ക് ആശുപത്രിക്ക് എവിടെ പോകണം. മുണ്ടക്കയത്ത് പ്രസവ വാർഡും എയർകണ്ടീഷണിംഗ് ഓപ്പറേഷൻ തീയേറ്ററും ഉൾപ്പെടെ 5 നിലക്കെട്ടിടം പണി തീർത്തിട്ടിട്ടുണ്ട്. പാവപ്പെട്ട തൊഴിലാളികൾ മാത്രമുള്ള മേഖലയാണ്. വണ്ടിപ്പെരിയാർ മുതലുള്ള മുഴുവൻ രോഗികളും വരുന്ന സ്ഥലമാണ്. 700 ഒ.പി. ടിക്കറ്റുള്ള ആ ആശുപത്രി താലൂക്ക് ആശുപത്രിയാക്കാൻ പറഞ്ഞിട്ട് നടക്കുന്നില്ല. പിന്നെ നിങ്ങൾ ആർക്കുവേണ്ടിയാണ് ഭരിക്കുന്നത്? പാലാ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയുടെ ഗ്രേഡിലേയ്ക്ക് മാറ്റി. മീനച്ചിൽ താലൂക്കിന്റെ അടുത്ത നിയോജക മണ്ഡലമാണ് പൂഞ്ഞാർ. പൂഞ്ഞാറിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയാണിത്. നിങ്ങളുടെ ഭരണമല്ലേ; ആ ആശുപത്രിയെങ്കിലും താലൂക്ക് ആശുപത്രിയാക്കി

മാറ്റണ്ടേ; അവിടെയും ഈ പറഞ്ഞതുപോലെ കെട്ടിടം പണി തീർത്ത്; പ്രസവവാർഡുമുണ്ടാക്കി ചെയ്യാവുന്നതൊക്ക ചെയ്തുവച്ചിരിക്കുകയാണ്. എന്നാണ് നിങ്ങളുടെ കണ്ണ് തുറക്കുന്നത്? പാവപ്പെട്ട രോഗികളെ രക്ഷിക്കാൻ ഞാൻ ഏത് യൂണിയൻ നേതാവിന്റെ കാല് പിടിക്കണം. മനഃസാക്ഷിയോടെ പെരുമാറണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. മരുന്നിന്റെ വില എവിടെയാണ് നിൽക്കുന്നത്? മനുഷ്യൻ വിഷമിക്കുകയല്ലേ. എലിപ്പനി, മഞ്ഞപ്പിത്തം എന്നിവയ്ക്കുള്ള പ്രാരംഭമരുന്ന് ഡോക്സിസൈക്ലിൻ-100 ടാബ്‌ലറ്റിന് 65 രൂപയാണ് സ്വകാര്യ കമ്പനികൾ ഈടാക്കുന്നത്. ഇതേ മരുന്നിന്റെ കാപ്സ്യൂളൊന്നിന് 1.25 രൂപ മാത്രമാണ് നമ്മുടെ പൊതുമേഖലാ സ്ഥാപനം ഈടാക്കുന്നത്. ഈ 1.25 രൂപയുടെ മരുന്നിന് ആന്ധ്രാ പ്രദേശ് ഗവൺമെന്റ് ഇവിടെ വന്നിരിക്കുകയാണ്. എന്നാൽ നമ്മുടെ മെഡിക്കൽ ഡിപ്പാർട്ട്മെന്റ് 65 രൂപ ചെലവാക്കുകയാണ്. എന്താണ് ന്യായം? ബഹുമാനപ്പെട്ട മന്ത്രി അതിന്റെ വിഹിതം പറ്റുന്നുവെന്ന് പറയുകയില്ല; ഞാൻ വിശ്വസിക്കുന്നുമില്ല. പക്ഷെ നമ്മുടെ പൊതുമേഖലാ സ്ഥാപനത്തിനോട് നീതി ചെയ്യാൻ ആന്ധ്രാ പ്രദേശ് സർക്കാർ വന്നിട്ടും കേരള സർക്കാർ എന്തുകൊണ്ട് മടിക്കുന്നുവെന്നതിനെപ്പറ്റി ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ ഈ ഡിമാന്റുകളെ അനുകൂലിക്കുന്നുമില്ല, പ്രതികൂലിക്കുന്നുമില്ല. ഇവിടെ ആറുപേരുണ്ട്. അനുകൂലിക്കുന്നുവെന്നും പറയുകയില്ല; പ്രതികൂലിക്കുന്നുവെന്നും പറയുകയില്ല; വോട്ടും ചെയ്യില്ല. അവർ എവിടെയാണെന്നുകൂടി ഈ സഭ കണ്ടെത്തണം.

1.00 Pm]

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ഞാൻ ഈ ബജറ്റ് നിർദ്ദേശങ്ങളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് വളരെയധികം സംഭാവനകൾ നൽകിയവയാണ് കേരളത്തിലെ തുറമുഖങ്ങൾ. ചെറുകിട, ഇടത്തരം തുറമുഖങ്ങളാൽ സമ്പന്നമാണ് കേരളം. പണ്ട് കാലം മുതൽ തന്നെ പേരുകേട്ട വാണിജ്യകേന്ദ്രങ്ങളായിരുന്നു നമ്മുടെ തുറമുഖങ്ങൾ. അതോടൊപ്പം തുറമുഖങ്ങളെ ആശ്രയിച്ചുകൊണ്ട് തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് വലിയൊരു വിഭാഗം ജനങ്ങൾ ഉപജീവനം നടത്തുന്നുണ്ട്. അതുകൊണ്ട്തന്നെ കേരളത്തിലെ തുറമുഖങ്ങളുടെ വികസനം ഏറെ പ്രാധാന്യമർഹിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തുറമുഖ വകുപ്പിനെക്കുറിച്ചുള്ള ചർച്ചകളെല്ലാം വിഴിഞ്ഞം പദ്ധതിയെ ചുറ്റിപ്പറ്റിയാണുണ്ടായത്. വളരെ വിചിത്രമായ കരാറും അതിലെ വ്യവസ്ഥകളും കേരളം ചർച്ച ചെയ്യുകയുണ്ടായി. കേരളത്തിന്റെ വിഭവവും സമ്പത്തും ഉപയോഗിച്ച് തുറമുഖം നിർമ്മിച്ച് അതിന്റെ ലാഭം പൂർണ്ണമായി അദാനി ഗ്രൂപ്പിന് ലഭ്യമാക്കുന്ന

കരാറിൽ യു.ഡി.എഫ്. സർക്കാർ ഒപ്പുവയ്ക്കുകയുണ്ടായി. അഴിമതിയിൽ മുങ്ങിയ കേരളത്തെ കരകയറ്റാൻ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചുവെന്നുമാത്രമല്ല, ഒരു വർഷം തികഞ്ഞപ്പോൾ തന്നെ ഇന്ത്യയിലെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം മാറി. ടൈംസ് ഓഫ് ഇന്ത്യയുടെ സർവ്വേ അനുസരിച്ച് ഇന്ത്യയിൽ സമാധാന ജീവിതം നയിക്കാൻ കഴിയുന്ന സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്. എന്നാൽ ഈ നല്ല കാര്യങ്ങൾ ജനങ്ങളിൽ നിന്ന് മറച്ചുപിടിക്കാനുള്ള പുകമറ സൃഷ്ടിക്കലാണ് പ്രതിപക്ഷം ചെയ്യുന്നത്. മാധ്യമങ്ങൾ ഇതിന് കൂട്ടുനിൽക്കുന്നു. പുതിയ ബജറ്റിൽ കേരളത്തിലെ തുറമുഖ വികസനത്തിന് മുന്തിയ പരിഗണനയാണ് നൽകിയത്.

എന്റെ മണ്ഡലത്തിലെ ബേപ്പൂർ അടക്കമുള്ള തുറമുഖ വികസനത്തിന് 46 കോടി രൂപ വകകൊള്ളിച്ചതിനെ സ്വാഗതം ചെയ്യുന്നു. ബേപ്പൂരിൽ ഡ്രഡ്ജിംഗ് കൃത്യമായി നടക്കേണ്ടതുണ്ട്. മുൻകാലത്ത് തീരുമാനിച്ച കരാർ നൽകിയെങ്കിലും പ്രവൃത്തി നടക്കാത്തതിനാൽ കപ്പൽ വരുന്നതിന് തടസ്സമുണ്ടാക്കുന്നുണ്ട്. ഈ ബജറ്റിൽ 13 കോടി രൂപ ഡ്രഡ്ജിംഗിന് വകയിരുത്തിയ നടപടിയെ അഭിനന്ദിക്കുന്നു. പുതിയ സർക്കാർ വന്നതിനുശേഷം തുറമുഖ വകുപ്പിൽ ഇതുവരെ ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ പ്രതീക്ഷ നൽകുന്നുണ്ട്. മണൽ ഡ്രഡ്ജിംഗിന് പുതിയ നയം രൂപീകരിക്കാൻ തീരുമാനിച്ചതിൽ സന്തോഷമുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അന്നുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തിയിരുന്ന പ്രവർത്തനം മാറ്റിമറിച്ച് കടലാസ് സംഘങ്ങളുണ്ടാക്കി അഴിമതിയുടെ കൂത്തരങ്ങായി മാറുവൽ ഡ്രഡ്ജിംഗ് സമ്പ്രദായം മാറി. ഇപ്പോൾ ഇതിന് നിയന്ത്രണം ഏർപ്പെടുത്തി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ചുമതല ഏൽപ്പിക്കാൻ തീരുമാനിച്ചത് ജനങ്ങൾക്ക് ആശ്വാസപ്രദമാണ്. മലബാറിന്റെ വാണിജ്യ ചരിത്രം ബേപ്പൂരിന്റെ കൂടിയാണ്. ഇന്നത്തെ ബേപ്പൂർ തുറമുഖം പരിമിതികളാൽ ഞെരുങ്ങുകയാണ്. വാർഫിന്റെ നീളം കൂട്ടുന്നതിനായി 3.26 ഏക്കർ വരുന്ന ബേപ്പൂർ കോവിലകം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലിൽ അടിയന്തര തീർപ്പുണ്ടാകണം. സർക്കാർ ഒരു തീരുമാനം എടുത്താൽ അത് നടപ്പിലാക്കാൻ വേണ്ട നടപടിയൊന്നും ആരും സ്വീകരിക്കുന്നില്ല. ഇത് വികസന മുരടിപ്പിന് കാരണമാകുന്നു. കോവിലകം ഭൂമി ലഭ്യമാകുന്നതോടൊപ്പം സിൽക്കിന് ലീസിനായി നൽകിയതും കാലാവധി കഴിഞ്ഞതുമായ അഞ്ചര ഏക്കർ സ്ഥലം ഏറ്റെടുക്കണം. പ്രസ്തുത ഭൂമി കപ്പൽ പൊളിശാലയ്ക്ക് നൽകിയതായിരുന്നു; ഇപ്പോൾ അതിന്റെ പ്രവർത്തനം നടക്കുന്നില്ല, നടക്കാൻ സാധ്യതയും കാണുന്നില്ല. അവിടെയുള്ള പത്തോളം

തൊഴിലാളികൾക്ക് സംരക്ഷണം കൊടുത്തുകൊണ്ട് പ്രസ്തുത ഭൂമി പോർട്ടിന്റെ വികസനത്തിന് ഉപയോഗിക്കണം. ബേപ്പൂർ തുറമുഖത്തിൽ നിന്നാണ് ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുനീക്കം മുഖ്യമായും നടക്കുന്നത്. ഇതിനായി പ്രത്യേകം വാർഫ് നിർമ്മിക്കുന്നതിന് ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ ഏറ്റെടുത്ത പദ്ധതി ഏഴ് വർഷമായി ഫയലിൽ ഉറങ്ങുന്നു. ഈ പദ്ധതി അനന്തമായി നീളുന്നത് ഗുണകരമല്ല. അതിനാൽ പ്രസ്തുത പദ്ധതിക്ക് വച്ച സ്ഥലത്ത് ഗവൺമെന്റ് നേരിട്ട് വാർഫ് നിർമ്മിക്കാൻ നടപടിയുണ്ടാകണം. ഇപ്പോൾ തയ്യാറാക്കിയത് പ്രകാരം വാർഫിന്റെ നീളംകൂട്ടുന്ന പ്രവൃത്തി വേഗത്തിൽ നടത്താൻ നടപടിയുണ്ടാകണം. കപ്പൽ യാത്രക്കാർക്ക് വിശ്രമിക്കുന്നതിന് മാന്യമായ സൗകര്യമൊരുക്കണം. കപ്പൽ ചാൽ ഒരുക്കാൻ അടിയന്തര നടപടിയുണ്ടാകണം. പൊന്നാനിയിൽ നിന്ന് ശേഖരിക്കുന്ന മണൽ ശുദ്ധീകരിക്കുന്ന പ്രവർത്തനം അഭിനന്ദനാർഹമാണ്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം തുറമുഖ മേഖലയിൽ വളർച്ചയുടെ പുതിയ ചലനം സൃഷ്ടിക്കാൻ കഴിഞ്ഞു എന്നത് അഭിമാനകരമാണ്. കണ്ടെയ്നർ കപ്പൽ വന്നുതുടങ്ങിയത് ബേപ്പൂരിനെ ശ്രദ്ധേയമാക്കും. ഇക്കാര്യത്തിൽ മന്ത്രിയെ പ്രത്യേകമായി അഭിനന്ദനം അറിയിക്കുകയാണ്. ഇവിടെ 200-ഓളം തൊഴിലാളികൾ പ്രവൃത്തിയെടുക്കുന്നു. ഇവർക്ക് റെസ്റ്റ് റൂമുകളും ടോയ്‌ലെറ്റ് സൗകര്യങ്ങളും ഒരുക്കണം. കാലപ്പഴക്കം ചെന്നതും കാലഹരണപ്പെട്ടതുമായ ക്രെയിനുകൾക്ക് പകരം മൊബൈൽ ക്രെയിനുകൾ സ്ഥാപിക്കണം. ആവശ്യമായ ക്രെയിൻ ഓപ്പറേറ്റർമാരെ നിയമിച്ച് പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടിയുണ്ടാകണം.

ഇന്ത്യയിൽ ഇന്ന് ആരോഗ്യരംഗം വ്യവസായമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യം നിലനിൽക്കുകയാണ്. സാംക്രമികവും അല്ലാത്തതുമായ രോഗങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നു. കേന്ദ്രത്തിന്റെ പുതിയ ആരോഗ്യനയം സാധാരണക്കാരന്റെ ദുരിതം പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നു. ആരോഗ്യ പരിരക്ഷക്ക് വേണ്ടിവരുന്ന ചെലവ് സാധാരണക്കാരന് താങ്ങാൻ കഴിയാത്ത അവസ്ഥയിലെത്തിയിരിക്കുന്നു. എന്നാൽ കേന്ദ്ര നയത്തിന് ബദലായി കേരളത്തിൽ ആരോഗ്യ രംഗത്ത് തികച്ചും ജനോപകാരപ്രദമായ നടപടികളാണ് സ്വീകരിക്കുന്നത്. കേരളത്തിൽ മാറിമാറി ഭരിച്ച ഇടതുപക്ഷ സർക്കാരുകളാണ് കേരളത്തിന്റെ ആരോഗ്യ മേഖലയെ ലോകനിലവാരത്തിലെത്തിച്ചത്. കേരള സർക്കാരിന്റെ ആർദ്രം മിഷൻ ഈ മേഖലയിൽ ഭാവനാപൂർണ്ണമായ നിരവധി നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട ബജറ്റ് നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു.

അവയവമാറ്റ ശസ്ത്രക്രിയകൾ ഇന്ന് കേരളത്തിലും വ്യാപകമാണ്. വലിയ ചെലവ് വരുന്ന തുടർ ചികിത്സയാണ് അവയവ മാറ്റത്തിന് വിധേയരായവർക്ക് വേണ്ടിവരുന്നത്. ജീവിതകാലം മുഴുവൻ മരുന്ന് കഴിക്കേണ്ട അവസ്ഥ ഇവർക്കുണ്ട്. അവയവമാറ്റത്തിന് വിധേയരായി ചികിത്സ തുടരുന്നവർക്ക് ആവശ്യമായ മരുന്നുകൾ ഏറ്റവും വിലക്കുറവിൽ നൽകാൻ ബജറ്റിൽ തുക വകയിരുത്തിയ നടപടിയെ അഭിനന്ദിക്കുന്നു. അതോടൊപ്പം പ്രധാനപ്പെട്ടതാണ് ജീവിതശൈലി രോഗങ്ങൾ തടയുന്നതിനുള്ള പദ്ധതികൾ. നാം ഓരോരുത്തരും ഇന്ന് ജീവിതശൈലീ രോഗങ്ങളുടെ ഇരകളാണ്. പണ്ടുകാലത്ത് ജനങ്ങൾ പേടിച്ചിരുന്നത് പോളിയോ, ടി.ബി. തുടങ്ങിയ രോഗങ്ങളെയായിരുന്നു. എന്നാൽ ശക്തമായ വാക്സിനേഷൻ, ബോധവത്കരണ നടപടികൾ എന്നിവയിലൂടെ നമുക്ക് ഇത്തരം രോഗങ്ങളിൽ നിന്ന് ഏറെക്കുറെ പൂർണ്ണമായി മോചനം നേടാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ജീവിതശൈലിയുടെ ഭാഗമായി കൂടുതൽ ഗുരുതരമായ രോഗങ്ങൾക്ക് നാം അടിമപ്പെട്ടിരിക്കുന്നു. രക്തസമ്മർദ്ദം, കൊളസ്ട്രോൾ, ഷുഗർ തുടങ്ങി നിശ്ശബ്ദ കൊലയാളികളായ  ജീവിതശൈലി രോഗനിയന്ത്രണത്തിനുള്ള പദ്ധതികൾക്ക് ബജറ്റിൽ തുക നീക്കിവച്ചത് ഈ കാലഘട്ടത്തിന്റെ ആവശ്യം അറിയുന്ന സമീപനമാണ്. മുൻ സർക്കാരിന്റെ കാലത്ത് ആരോഗ്യ രംഗത്തെ വികസനമെന്ന് പറയുന്നത്, ആശുപത്രികളുടെ പേര് മാറ്റൽ എന്ന ചടങ്ങ് മാത്രമായിരുന്നു. ജില്ലാ ആശുപത്രികളുടെ പേര് മെഡിക്കൽ കോളേജ് എന്നാക്കിയും താലൂക്ക് ആശുപത്രികളുടെ പേര് ജില്ലാ ആശുപത്രി എന്നാക്കിയതുമല്ലാതെ  ഒരു മാറ്റവും സംഭവിച്ചില്ല. ഇപ്പോൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാകുന്നു. സാധാരണ ജനങ്ങൾക്ക് ആവശ്യം വേണ്ട എല്ലാ സേവനങ്ങളും മരുന്നും ചികിത്സയും ഇവിടെ ലഭ്യമാകുന്നു. ഏതൊരു സ്വകാര്യ ആശുപത്രിയോടും കിടപിടിക്കാവുന്ന തരത്തിലേയ്ക്ക് ആരോഗ്യരംഗം മാറുന്നു. ആരോഗ്യമേഖലയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഓരോ ആശുപത്രിയെയും സംബന്ധിച്ച് പരിശോധന നടത്തി അതാതിടങ്ങളിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കണമെന്ന തരത്തിലാകണം ഇത് നടപ്പിൽവരുത്തേണ്ടത്. എല്ലാ ആശുപത്രികൾക്കും ഒരേ നിലവാരത്തിലുള്ള തസ്തിക നിശ്ചയിക്കുന്നത് ശരിയല്ല. താലൂക്കാശുപത്രിയായാലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായാലും അവിടെയൊക്കെ എത്ര രോഗികൾ വരുന്നുണ്ടെന്നും അവിടത്തെ ആവശ്യമെന്താണെന്നും മനസ്സിലാക്കി അതിനാവശ്യമായ

സ്റ്റാഫ് പാറ്റേൺ പ്രത്യേകമായി തയ്യാറാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതോടൊപ്പം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ചികിത്സാ സമയം സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒരു കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്താനുണ്ട്. കടലോര മേഖലകളിലും മറ്റും അതിരാവിലെ ജോലിക്കുപോകുന്ന ആളുകൾ തിരികെ വരുമ്പോഴേയ്ക്കും ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം കഴിഞ്ഞുപോകുന്ന അവസ്ഥയുണ്ട്. എന്നാൽ സ്വകാര്യ ആരോഗ്യ കേന്ദ്രങ്ങളിൽ അങ്ങനെയല്ല. ആയതിനാൽ ഇത്തരം മേഖലകളിലെ ആരോഗ്യ കേന്ദ്രങ്ങൾ വൈകുന്നേരം വരെ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം.

പലപ്പോഴും സർക്കാർ ഡോക്ടർമാർ അവർക്ക് അർഹതപ്പെട്ട അവധി എടുക്കാറുണ്ട്. ഈ സമയങ്ങളിൽ പകരം ഡോക്ടർമാരുണ്ടാകാറില്ല. എന്നാൽ സ്വകാര്യ ആശുപത്രികളിൽ അങ്ങനെയല്ല. അതുകൊണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ അവധിയിൽ പ്രവേശിക്കുമ്പോൾ രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ജില്ലാതലത്തിൽ റിസർവ് ഡോക്ടർമാരുടെ ഗ്രൂപ്പുണ്ടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ആശുപത്രിയിൽ ഡോക്ടർമാരില്ലെന്നുപറഞ്ഞ് രോഗികളെ മടക്കിഅയയ്ക്കുന്നതിനുപകരം ഒരാൾ അവധിയെടുത്താൽ പകരം ഡോക്ടറെ അയയ്ക്കാനുള്ള സംവിധാനം ജില്ലാ കേന്ദ്രങ്ങളിലുണ്ടാകണം. എന്റെ മണ്ഡലത്തിലെ ഫറൂഖ് താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ അനുവദിച്ചുതന്ന ആരോഗ്യ വകുപ്പുമന്ത്രിക്ക് പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കുടിശ്ശിക വരുത്തിയ ക്ഷേമപെൻഷനുകൾ പാവപ്പെട്ടവന്റെ കൈകളിൽ എത്തിച്ചുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ സാമൂഹ്യക്ഷേമ രംഗത്ത് തുടക്കം കുറിച്ചത്. മനുഷ്യന്റെ വളർച്ചയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘട്ടമാണ് ബാല്യം. സമൂഹത്തിന്റെ ഭാവി രൂപപ്പെടുത്തുന്നത് നേഴ്സറികളിലും അങ്കണവാടികളിലുമാണ്. എന്നാൽ അങ്കണവാടികളിലും നേഴ്സറികളിലും ജോലി ചെയ്യുന്നവർ എന്നും അവഗണിക്ക പ്പെടുകയാണ്. ഈ വർഷത്തെ ബജറ്റിൽ അങ്കണവാടികൾക്ക് നല്ല പരിഗണന നൽകി അങ്കണവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറായിരിക്കുകയാണ്. അങ്കണവാടി ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിന് 350 കോടി രൂപ ബജറ്റ് വിഹിതമായി മാറ്റിവച്ചത് താഴ്ന്ന വരുമാനക്കാരായ ഈ വിഭാഗത്തിന് ആശ്വാസം നൽകി.എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് പല അങ്കണവാടി കെട്ടിടങ്ങളും വളരെ പരിതാപകരമായ

നിലയിലാണ്. തികച്ചും വൃത്തിഹീനമായതും സൗകര്യങ്ങൾ കുറഞ്ഞതുമായ അങ്കണവാടികൾക്ക് നല്ല കെട്ടിടമുണ്ടാകണം. ഇതിന് പല രൂപത്തിൽ ഫണ്ട് ലഭ്യമാക്കും. എന്നാൽ ഇപ്പോഴുള്ള ഏറ്റവും പ്രധാനപ്പെട്ട തടസ്സം സ്ഥലത്തിന്റെ ലഭ്യതയാണ്. സ്ഥലം സൗജന്യമായി ലഭിച്ചെങ്കിൽ മാത്രമേ കെട്ടിടം പണിയാൻ കഴിയൂ അതിനാൽ പഞ്ചായത്ത് ഫണ്ടും എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടുമെല്ലാം ഉപയോഗിച്ച് സ്ഥലം വാങ്ങാനാവശ്യമായ നിയമഭേദഗതി കൊണ്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആരോഗ്യ വകുപ്പിനെ സംബന്ധിച്ച ചർച്ചയായതു കൊണ്ടും ആരോഗ്യകരമായ ഒരു ചർച്ചയുണ്ടാകണമെന്നുള്ളതുകൊണ്ടും രാഷ്ട്രീയ വിഷയങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മരുന്ന് ലോബികളുടെ കടന്നുകയറ്റമാണ് ഇന്ന് ആരോഗ്യ മേഖലയെ ബാധിച്ചിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. ഇതുമായി ബന്ധപ്പെട്ട് പല വിഷയങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. ഒരേ പേരിൽ തന്നെ പല മരുന്നുകളും ഇന്ന് മാർക്കറ്റിൽ ലഭ്യമാണെന്നുള്ളത് അതീവ ഗുരുതരമായ പ്രശ്നമാണ്. ഉദാഹരണത്തിന് Parkinson രോഗത്തിന് ധാരാളമായി വിറ്റഴിക്കപ്പെടുന്ന മരുന്നാണ് Bexol. ഇതേ പേരിൽ മറ്റൊരു മരുന്ന് മെഡിക്കൽ സ്റ്റോറുകളിൽ സുലഭമാണ്. അത് നേത്ര രോഗികൾക്ക് കണ്ണിലൊഴിക്കാനായി കൊടുക്കുന്നതാണ്. അതുപോലെ Trigem എന്ന പേരിൽ രണ്ടുതരം മരുന്നുകളുണ്ട്. ഒന്ന് ഗർഭിണികൾക്ക് നൽകുന്ന മൾട്ടി വിറ്റാമിൻ ഗുളികയും മറ്റൊന്ന് ക്രോണിക് ഡയബറ്റിക് രോഗികൾക്ക് ഡോക്ടർമാർ ശിപാർശ ചെയ്യുന്നതുമാണ്. ഇത്തരത്തിൽ ഒരേ പേരിൽ പല രോഗത്തിനുപയോഗിക്കുന്ന നിരവധി മരുന്നുകൾ ഇന്ന് വിപണിയിൽ ലഭ്യമാണ്. ഈ കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും കർശനമായ ഒരു ഇടപെടൽ ഉണ്ടാകേണ്ടതാണ്.

നമ്മുടെ രാജ്യത്ത് വിതരണം ചെയ്യുന്ന നിലവാരമില്ലാത്തതും വ്യാജവുമായ മരുന്നുകൾ കണ്ടുപിടിക്കുന്നതിനുവേണ്ടി കേന്ദ്ര ആരോഗ്യ മന്ത്രാലയം ഒരു സർവ്വേ നടത്തുകയുണ്ടായി. ആ സർവ്വേയുടെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തുൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന കോടിക്കണക്കിന് രൂപയുടെ മരുന്നുകൾ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയതായി കഴിഞ്ഞ ദിവസങ്ങളിൽ പത്രങ്ങളൊക്കെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയത്തിലും സംസ്ഥാന സർക്കാരിന്റെ ഗൗരവമായ ഒരു

ഇടപെടലുണ്ടാകേണ്ടതാണ്. സ്വകാര്യ വാക്സിൻ നിർമ്മാണ കമ്പനികൾ അനാവശ്യമായിട്ടുള്ള വാക്സിനുകൾ കൊടുക്കുന്നതിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന അലോപ്പതി മരുന്നുകളിൽ നാലിലൊന്നും നമ്മുടെ സംസ്ഥാനത്താണ് വിറ്റഴിക്കപ്പെടുന്നതെന്ന് ശ്രീ. ജോൺ ഫെർണാണ്ടസ് സൂചിപ്പിച്ചു. ഏറ്റവും കൂടുതൽ ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്ന സംസ്ഥാനവും നമ്മുടേതാണ്. കുറച്ച് വർഷങ്ങൾക്കുമുമ്പ് അമേരിക്കയിൽ നടത്തിയ ഒരു പഠനത്തിൽ അവിടെ റോഡപകടങ്ങൾമൂലമുണ്ടാകുന്ന മരണത്തേക്കാളും കൂടുതൽ മരണങ്ങൾ സംഭവിക്കുന്നത് മരുന്നുകളുടെ അനാവശ്യവും അശാസ്ത്രീയവുമായ ഉപയോഗംമൂലമാണെന്ന് കണ്ടെത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ ശാസ്ത്രീയമായി ഉപയോഗിക്കുന്നതിനുവേണ്ടി അതിന്റെ പാർശ്വഫലങ്ങൾ, ഡ്രഗ്സ് ഇൻട്രാക്ഷൻ, ഓവർ ഡോസേജ്, അണ്ടർ ഡോസേജ് ഇവ പരിശോധിച്ച് പേഷ്യന്റ് കൗൺസിലിംഗ് ഉൾപ്പെടെ നടത്തി മാർക്കറ്റിൽ ലഭ്യമായ മരുന്ന് ശരിയായ അളവിൽ, ശരിയായ സമയത്ത്, ശരിയായ രോഗത്തിന് ലഭ്യമാക്കുക യെന്ന ഉദ്ദേശത്തോടുകൂടിയാണ് ക്ലിനിക്കൽ ഫാർമസിസ്റ്റുകളുടെ സേവനം യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലുമുൾപ്പെടെ വികസിത രാജ്യങ്ങളിൽ ലഭ്യമാക്കിയിരിക്കുന്നത്. പല സംസ്ഥാനങ്ങളിലും ഇന്ന് അത് ലഭ്യമാണെങ്കിലും അത് നമ്മുടെ സംസ്ഥാനത്ത് കാര്യമായി ലഭ്യമാക്കാൻ തയ്യാറായിട്ടില്ല. ക്ലിനിക്കൽ ഫാർമസിസ്റ്റുകളല്ലെങ്കിൽ ഡോക്ടർ ഓഫ് ഫാർമസി (Pharm D) എന്നറിയപ്പെടുന്ന ഡോക്ടർമാരുടെ സേവനം സംസ്ഥാനത്തെ ചില സ്വകാര്യ ആശുപത്രികളിൽ ഇന്ന് ലഭ്യമാണെങ്കിലും ഗവൺമെന്റ് ആശുപത്രികളിൽ അത് ലഭ്യമാക്കുവാൻ തയ്യാറായിട്ടില്ല. പ്രത്യേകിച്ച് പി.എസ്.സി. വഴി സർക്കാർ ആശുപത്രികളിൽ അവർക്ക് നിയമനം കൊടുക്കാനുള്ള സൗകര്യം ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലവിലില്ല. അതിനെക്കുറിച്ച് ഗൗരവമായി പരിഗണിക്കുകയും ഇന്ന് നിലവിലിരിക്കുന്ന ഉല്പന്ന കേന്ദ്രീകൃതമായ സംവിധാനത്തിൽനിന്നും രോഗീ കേന്ദ്രീകൃതമായ മരുന്ന് സംസ്കാരത്തിലേയ്ക്ക് ആരോഗ്യ മേഖലയെ കൊണ്ടുവരുന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കണമെന്നുമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ കോടിക്കണക്കിന് രൂപയുടെ യന്ത്രങ്ങളാണ് കൃത്യമായി മെയിന്റനൻസ് നടത്താത്തതുകൊണ്ടും ടെക്നീഷ്യൻമാരില്ലാത്തതു കൊണ്ടും ഉപയോഗശൂന്യമായി കിടക്കുന്നത്. അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ

ഉണ്ടെങ്കിലും റേഡിയോളജിസ്റ്റിനെ നിയമിക്കാത്തതുകൊണ്ട് ആ മെഷീനുകൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. എക്സ്റേ യൂണിറ്റുകൾ ഉണ്ടെങ്കിലും ടെക്നീഷ്യനില്ലാത്തതിനാൽ അവ പ്രവർത്തിക്കുന്നില്ല. മാമോഗ്രാം യൂണിറ്റുണ്ടെങ്കിലും മാമോഗ്രാം ടെക്നീഷ്യനെ നിയമിക്കാത്തതുകൊണ്ട് അത് പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ല.

ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്ന അതീവ ഗുരുതരമായിട്ടുള്ള ഒരു വിഷയമാണ് മരുന്നുകളുടെ ദൗർലഭ്യം. സർക്കാർ ആശുപത്രികളുമായി ബന്ധപ്പെട്ട് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ആശുപത്രികളിലായാലും എറണാകുളം ജനറൽ ആശുപത്രിയിലായാലും മരുന്നുകളുടെ ഷോർട്ടേജ് നിലനിൽക്കുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. സർക്കാർ ആ വിഷയത്തിൽ ഗൗരവമായി ഇടപെടണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

സർക്കാർ ആശുപത്രികളിൽ ഇപ്പോഴും പതിറ്റാണ്ടുകൾ പഴക്കമുള്ള സ്റ്റാഫ് പാറ്റേണാണ് നിലനില്ക്കുന്നത്. 1961-ലെ സ്റ്റാഫ് പാറ്റേൺ നിലനിർത്തി ക്കൊണ്ട് നമ്മുടെ സംസ്ഥാനത്ത് പൊതു ആരോഗ്യമേഖലയെ സംരക്ഷിക്കാനും മെച്ചപ്പെടുത്താനും സാധിക്കില്ല. പല പി.എച്ച്.സി.-കൾ സി.എച്ച്.സി.-കളായും സി.എച്ച്.സി.-കൾ താലൂക്കാശുപത്രികളായും ഉയർത്തിയെങ്കിലും അതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളോ സ്റ്റാഫ് പാറ്റേണോ നിലവിലില്ലാത്തതുകൊണ്ട് ബുദ്ധിമുട്ടുകയാണ്. എന്റെ നിയോജകമണ്ഡലമായ അങ്കമാലി താലൂക്കാശുപത്രി യിലുൾപ്പെടെ ഇത്തരം ഒരു സാഹചര്യം നിലനിൽക്കുകയാണ്. അവിടെ അടിസ്ഥാന സൗകര്യങ്ങളോ സ്റ്റാഫ് പാറ്റേണോ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ആവശ്യമായ കിടക്കകളോ ഡോക്ടർമാരോ നഴ്സുമാരോ ഇല്ലാതെ താലൂക്കാശുപത്രിക്ക് തുല്യമായ സേവനം എങ്ങനെയാണ് അവിടെ കൊടുക്കാൻ കഴിയുന്നത്? അതുകൊണ്ട് ആ വിഷയത്തിൽ ഗൗരവമായ ഒരു ഇടപെടലുണ്ടാകണം.

ഇന്ന് നമ്മുടെ സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എ.സി. അങ്കണവാടികൾ നിർമ്മിക്കുന്ന ഒരു പ്രവണത കണ്ടുവരുന്നുണ്ട്. ഇത് നമ്മുടെ സംസ്ഥാനത്തിന് ആരോഗ്യകരമാണോയെന്ന് ആലോചിക്കണം. എ.സി. അങ്കണവാടികളിൽ നിന്ന് കുഞ്ഞുങ്ങൾ പുറത്തേക്കിറങ്ങിയാൽ എയർകണ്ടീഷൻ ഇല്ലാത്ത സാഹചര്യവുമായി ഒത്തുപോകാൻ സാധിക്കാത്ത അവസ്ഥയുണ്ടാകും. പിന്നീട് അവർക്ക് എ.സി.ഉള്ള സ്കൂളിലേയ്ക്ക് മാത്രമേ പോകാൻ സാധിക്കുകയുള്ളൂ. അങ്ങനെ എ.സി. അങ്കണവാടികൾ നിർമ്മിക്കുന്നത് ആരോഗ്യകരമാണോ;

സംസ്ഥാന സർക്കാർ അതിന് അനുമതി കൊടുത്തിട്ടുണ്ടോ എന്നുകൂടി പരിശോധിക്കണം. ഗ്രീൻ അങ്കണവാടികൾ നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരാം. പക്ഷെ, എ.സി. അങ്കണവാടികൾ എത്രത്തോളം ആരോഗ്യകരമാണെന്ന് നമ്മൾ ആലോചിക്കേണ്ടതാണ്. ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ വളരെ യാഥാർത്ഥ്യബോധമുള്ള ഒരാളാണ്. എല്ലാം ശരിയാകുകയില്ലായെന്ന് ടീച്ചർക്കു തന്നെ വ്യക്തമായി അറിയാവുന്നതുകൊണ്ടും ടീച്ചർ തന്നെ പറഞ്ഞിട്ടുള്ളതുകൊണ്ടുമാണ് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നത്.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഒരു സമൂഹത്തിന്റെ, സാമൂഹ്യ വികസനത്തിന്റെ നിർണ്ണായക മേഖലകളിലൊന്നാണ് ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യ നിലവാരം. അടിസ്ഥാന ജീവിത സൗകര്യങ്ങളും അവകാശങ്ങളും നിഷേധിക്കപ്പെട്ട വിഭാഗങ്ങളിലേയ്ക്കുകൂടി മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ എത്തിക്കാൻ കഴിഞ്ഞാൽ മാത്രമേ ഇത് നേടിയെടുക്കാൻ കഴിയൂ. ഈ സാഹചര്യങ്ങളെല്ലാം ഇല്ലായ്മ ചെയ്ത് സ്വകാര്യ വിദേശ കുത്തകകൾക്ക് ആരോഗ്യമേഖലയെ അടിയറവച്ചുകൊണ്ട് മരുന്ന് ഉല്പാദിപ്പിക്കാനും അതിന്റെ വില വർദ്ധിപ്പിക്കാനുമുള്ള നടപടികളാണ് കഴിഞ്ഞ മൻമോഹൻ സിംഗ് സർക്കാരും ഇപ്പോഴത്തെ മോദി സർക്കാരും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതിന് ബദൽ നടപടികളാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ നേതൃത്വത്തിൽ വേഗതയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ടീച്ചറെ ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്.

ഇന്ന് സാധാരണ ജനവിഭാഗങ്ങൾ വരുമാനത്തിന്റെ 70 ശതമാനവും ഉപയോഗിക്കുന്നത് ചികിത്സയ്ക്കുവേണ്ടിയാണ്. വീട് വിറ്റും പറമ്പ് വിറ്റുമാണ് ചികിത്സയ്ക്കുവേണ്ടി പണം ചെലവഴിക്കുന്നത്. ഇതിന് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള സമഗ്ര ആരോഗ്യ പദ്ധതിയാണ് കേരളത്തിൽ നടപ്പിലാക്കേണ്ടത്. വൃക്ക രോഗങ്ങൾ, ക്യാൻസർ തുടങ്ങിയ മാരക രോഗങ്ങൾക്ക് ലക്ഷക്കണക്കിന് രൂപയാണ് ചെലവഴിക്കേണ്ടി വരുന്നത്. ഇത് സാധാരണ ജനവിഭാഗങ്ങൾക്ക് താങ്ങാൻ കഴിയാവുന്നതിലും അപ്പുറമാണെന്ന് മാത്രമല്ല, ക്യാൻസറോ വൃക്കരോഗമോ ആണെങ്കിൽ വീട്ടിൽപ്പോലും പറയാതെ ആത്മഹത്യയിലേയ്ക്ക് പോകുന്ന ജനങ്ങളുടെ എണ്ണം ഇന്ന് കേരളത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, മറ്റേതൊരു കാലഘട്ടത്തിലും ഇല്ലാത്ത രീതിയിൽ ആരോഗ്യ

മേഖലയിലെ വികസന പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കേരള സർക്കാരിന് സാധിച്ചിട്ടുണ്ട്. അതാണ് ഈ ബജറ്റിലൂടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രവർത്തനത്തിലൂടെയും നമുക്ക് കാണാൻ കഴിയുന്നത്. രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുന്ന 'ആർദ്രം' പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് ആധുനിക വൈദ്യശാസ്ത്രം ഉപയോഗിച്ച് സേവനം നടത്തുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ കമ്പ്യൂട്ടർവൽക്കരിച്ച് ഇ-ഗവേണൻസ് നടപ്പിലാക്കുന്ന ഇൻഡ്യയിലെ ആദ്യത്തെ പദ്ധതിയായി ഈ ആരോഗ്യ പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. ആരോഗ്യ സാമൂഹ്യനീതി വകുപ്പുകളിലായി 2256 തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്തി. 2073 തസ്തികകൾ പുതുതായി സൃഷ്ടിച്ചു. 719 അസിസ്റ്റന്റ് സർജന്മാർക്ക് നിയമനം നൽകി. 2 മെഡിക്കൽ കോളേജുകളിലും 8 ജില്ലാ ആശുപത്രികളിലും കാത്ത് ലാബും കാർഡിയാക് കെയർ യൂണിറ്റും 44 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളും ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങി. 65 വയസ്സിനുമുകളിലുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്ന 'വയോമിത്രം' പദ്ധതി നടപ്പിലാക്കി. 255 അംഗപരിമിതർക്ക് സ്ഥിരനിയമനം നൽകി. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികളാരംഭിച്ചു. ആശാ വർക്കർമാരുടെ ശമ്പളം 1,000-ൽ നിന്ന് 1,500 രൂപയായും 1,500-ൽ നിന്ന് 2,000 രൂപയായും വർദ്ധിപ്പിച്ചു. 'ആശ്വാസ കിരണം' പദ്ധതി പുനഃസ്ഥാപിച്ചു. ലൈംഗിക അതിക്രമത്തിന് ഇരയായ സ്ത്രീകളെ പരിശോധന നടത്തി തെളിവിനാവശ്യമായ സാമ്പിളുകൾ ശേഖരിച്ച് ശാസ്ത്രീയവും കുറ്റമറ്റതുമാക്കി തീർക്കാനുള്ള സംവിധാനം കേരളത്തിൽ ആദ്യമായി നടപ്പിലാക്കുകയുണ്ടായി.

സംസ്ഥാനത്ത് പ്രതിവർഷം രണ്ട് ലക്ഷത്തോളം ക്യാൻസർ രോഗികളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇവരെ ഉൾക്കൊള്ളാൻ ആർ.സി.സി.-ക്കോ മലബാർ ക്യാൻസർ സെന്ററിനോ കഴിയുന്നില്ലായെന്നുള്ള കാര്യം നമ്മൾ മനസ്സിലാക്കേണ്ടതാണ്. WHO-യുടെ സഹായത്തോടുകൂടി ഇതിന് സമഗ്രമായിട്ടുള്ള ഒരു പദ്ധതി തയ്യാറാക്കേണ്ടിയിരിക്കുന്നു. ഏറ്റവും വലിയ കാൽവയ്പായി കാണേണ്ടത് ഭിന്നശേഷിക്കാരായ കുട്ടികൾക്കും അവരുടെ അമ്മമാർക്കും വേണ്ടി നടത്തുന്ന 'അനുയാത്ര' പദ്ധതിയാണ്. സുസ്ഥിര പുനരധിവാസവും

ബോധവൽക്കരണവും ഓട്ടിസം സെന്റർ സ്ഥാപിക്കലുമുൾപ്പെടെയുള്ള കാര്യങ്ങൾ നടത്തിക്കൊണ്ട് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കുവേണ്ടി നടത്തുന്ന ഈ പ്രവർത്തനം ഏറ്റവും ശ്ലാഘനീയമാണ്. ഫിസിയോതെറാപ്പിയും സ്പീച്ച് തെറാപ്പിയും പി.എച്ച്.സി.-യേയും സി.എച്ച്.സി.-യേയുമെല്ലാം ബന്ധപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കണം. പഴയകാലത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് പ്രാധാന്യമുണ്ടായിരുന്നു. എന്നാൽ ആ പ്രാധാന്യമെല്ലാം നഷ്ടപ്പെട്ട രീതിയാണ് കഴിഞ്ഞ കാലഘട്ടങ്ങളിലെ പ്രവർത്തനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ളത്. സ്പെഷ്യാലിറ്റി കേഡർ വന്നതിനുശേഷമാണ് ഇത് കൂടുതലായി സംഭവിച്ചിട്ടുള്ളത്. അത് തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടിയുള്ള സമഗ്രമായ പദ്ധതികൂടി തയ്യാറാക്കേണ്ടതാണ്. ഈ വർഷം ആശുപത്രികളിൽ പോസ്റ്റ് ക്രിയേറ്റ് ചെയ്യുമെന്നുള്ള ബഡ്ജറ്റ് പ്രഖ്യാപനം സ്വാഗതാർഹമാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ പോസ്റ്റ് ക്രിയേറ്റ് ചെയ്യുമെന്ന് പറയുന്നതല്ലാതെ നടപ്പിലാക്കുന്ന സ്ഥിതി ഉണ്ടായിട്ടില്ല.

കേരളം ഇന്ന് ജീവിതശൈലി രോഗങ്ങളുടെ തലസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. ഭക്ഷണരീതികളും വ്യായാമം ഇല്ലാത്തതുമൊക്കെയാണ് ഇത്തരം രോഗങ്ങൾ വന്നു ചേരാൻ കാരണമായിട്ടുള്ളത് എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. കേരളത്തിൽ ക്യാൻസർ, കിഡ്നി, പ്രമേഹം, ഹാർട്ട് രോഗങ്ങൾ, സാംക്രമിക രോഗങ്ങളായ ഡെങ്കിപ്പനി, ചിക്കുൻഗുനിയ, എലിപ്പനി, പന്നിപ്പനി എന്നിവയും ആരോഗ്യ രംഗത്തെ പുത്തൻ ഭീഷണിയായ മാനസിക രോഗവും ആത്മഹത്യയുമുൾപ്പെടെ ഇന്ന് നാം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇവ നേരിടുന്നതിന് അതീവ ശ്രദ്ധയോടുകൂടിയ പ്രവർത്തനങ്ങളാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കുറേ രോഗങ്ങൾ നാംതന്നെ സൃഷ്ടിക്കുന്നതാണ്. മാലിന്യങ്ങളിൽ നിന്നും പരിസ്ഥിതിയിൽ നിന്നും നിരോധിക്കപ്പെട്ട മരുന്നുകളിൽ നിന്നും മദ്യപാനത്തിൽ നിന്നും പുകവലിയിൽ നിന്നുമെല്ലാം നാം സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന രോഗങ്ങളാണ് ഇന്ന് കൂടുതലായി വന്നുകൊണ്ടിരിക്കുന്നത്. ഇതിനെല്ലാം ബോധവൽക്കരണം ആവശ്യമാണ്. മരുന്നു കമ്പനികളും ഡോക്ടർമാരും മരുന്നു കച്ചവടക്കാരും തമ്മിലുള്ള അഴിമതി കൂട്ടുകെട്ട് നിയന്ത്രിക്കപ്പെടേണ്ടതുണ്ട്. രോഗിക്ക് ഏറ്റവും ചുരുങ്ങിയ ചെലവിൽ ഉന്നതമായിട്ടുള്ള മരുന്നു കുറിക്കലായിരിക്കണം ഡോക്ടറുടെ കടമയായി കാണേണ്ടത്. ഇതനുസരിച്ച് തന്റെ സ്റ്റോക്കിൽ നിന്ന് മരുന്ന് നൽകുക എന്നതാണ് ഒരു ഫാർമസിസ്റ്റിന്റെ കടമ. ഇതിനായി സർക്കാർ ഇടപെടേണ്ടതായിട്ടുണ്ടെന്നാണ് സൂചിപ്പിക്കുന്നത്.

ഒരു കമ്പനി തന്നെ ഒരേ രാസഘടകങ്ങളുള്ള മരുന്നുകൾ വിവിധ ബ്രാൻഡ് പേരുകളിൽ വ്യത്യസ്ത വില ഈടാക്കി വില്ക്കുന്ന വിചിത്ര സാഹചര്യമാണ് ഇൻഡ്യൻ വിപണിയിലും കേരളത്തിലുമുള്ളത്. ഇത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം. ഇത് സാധാരണ ജനവിഭാഗങ്ങൾ കൂടുതലായി ചൂഷണം ചെയ്യപ്പെടുന്നു എന്നുകൂടി നമ്മൾ തിരിച്ചറിയേണ്ടതായിട്ടുണ്ട്. ഡോക്ടർമാർ അനാവശ്യമായി സ്കാനിംഗ്, എക്സ്റേ ഉൾപ്പെടെയുള്ള ടെസ്റ്റുകൾ എഴുതുന്നതും സ്വകാര്യമേഖലയിൽ ഐ.സി.യു. അനാവശ്യമായ സാമ്പത്തിക ലാഭത്തിനു വേണ്ടി ഉപയോഗപ്പെടുത്തുന്നതും സാധാരണ ജനവിഭാഗങ്ങളെ തന്നെയാണ് ബാധിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇതുസംബന്ധിച്ച് വ്യക്തമായിട്ടുള്ള ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. സ്വകാര്യ ആശുപത്രി കളുടെയും ഡോക്ടർമാരുടെയും പരസ്യങ്ങളാണ് ദൃശ്യ-പത്ര-മാധ്യമങ്ങളിലൂടെ ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്നത്. ആരോഗ്യമേഖല സാമ്പത്തിക ശേഷിക്കുവേണ്ടിയുള്ള വളക്കൂറുള്ള മണ്ണായി ചൂഷണ ഉപാധിയായി മാറിക്കൊണ്ടിരിക്കുകയാണ്.

സംസ്ഥാന മെഡിക്കൽ കൗൺസിലിനെ ഉപയോഗിച്ച് എല്ലാ സ്വകാര്യ ആശുപത്രികളെയും നിരീക്ഷിക്കാനുള്ള സംവിധാനം കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഇന്ത്യയിൽ അവയവദാനം നിയമവൽക്കരിക്കുന്ന സുപ്രധാന നിയമമായ 1994-ലെ Organ Transplantation Act നിലനിൽക്കെ അവയവദാനം ഇന്ന് ഒരു വ്യാപാരമാക്കിക്കൊണ്ടിരിക്കുകയാണ്. സ്വകാര്യ മേഖലയിൽ നടക്കുന്ന ഇത്തരം ചൂഷണങ്ങളെ നിയന്ത്രിക്കേണ്ടതായിട്ടുണ്ട്. രോഗം വരുന്ന സാഹചര്യം മനസ്സിലാക്കാനും അധികം മരുന്ന് വേണ്ടിവരുന്നതിനെക്കുറിച്ചുമുള്ള ഗവേഷണമാണ് നമുക്കിന്ന് ആവശ്യമായിട്ടുള്ളത്. പാലിയേറ്റീവ് കെയർ യൂണിറ്റുകൾ കൊണ്ടു വരാനും ഓട്ടിസവും ബുദ്ധിമാന്ദ്യവും പഠന വൈകല്യവുമുള്ളവർക്ക് ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവ പി.എച്ച്.സി./സി.എച്ച്.സി.-കളിൽ നടപ്പാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ എത്തിച്ചുകൊടുക്കാനുമുള്ള സാഹചര്യങ്ങൾ ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട 50 ശതമാനം പേർക്കും ലിംഗപരമായ കാരണങ്ങളാൽ ചികിത്സ നിഷേധിക്കപ്പെട്ടതായി കാണുന്നുണ്ട്. അവരെയെല്ലാംതന്നെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും ചികിത്സയ്ക്ക് സാഹചര്യങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടി ഉണ്ടാകണം. ആരോഗ്യ രംഗത്ത് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമുക്ക് വളരെയധികം മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാവർക്കും ആരോഗ്യവും സൗജന്യ ചികിത്സാസൗകര്യവും ഒരുക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും നമുക്ക് കഴിഞ്ഞിട്ടുണ്ട്.

എങ്കിലും പൊതുമേഖലാ ആരോഗ്യകേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിൽ കഴിഞ്ഞ ഗവൺമെന്റ് കാണിച്ച വിമുഖതമൂലം 70 ശതമാനം ജനങ്ങളും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന സ്ഥിതിയിലേയ്ക്ക് വന്നുപെട്ടത് ജനങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിട്ടുണ്ട്. എങ്കിലും പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക്, ജില്ലാ ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിന് കേരള സർക്കാർ മുന്നോട്ട് വന്നിട്ടുണ്ട്.

ചരിത്ര പ്രാധാന്യമുള്ള തുറമുഖമായ കൊടുങ്ങല്ലൂരിനെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ തുറമുഖമാക്കി മാറ്റണമെന്ന് ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഒല്ലൂർ എം.എൽ.എ. തൃശ്ശൂർ ജില്ലയിൽപ്പെട്ട ഒരു വിഷയംകൂടി ഉന്നയിക്കാൻ പറഞ്ഞിട്ടുണ്ട്. അതുംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. എസ്.സി./എസ്.ടി. കോർപ്പറേഷന്റെ കീഴിൽ ഒല്ലൂരിൽ പ്രവർത്തിക്കുന്ന ഒരു പ്രധാന സ്ഥാപനമാണ് ആയൂർധാര. ആദിവാസികളിൽനിന്ന് നേരിട്ട് ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ഒട്ടേറെ ആയുർവ്വേദ മരുന്നുകൾ അവിടെ ഉൽപ്പാദിക്കുന്നുണ്ട്. കുറേക്കാലമായി പ്രവർത്തനരഹിതമായിരുന്ന ഈ സ്ഥാപനം എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം വീണ്ടും പ്രവർത്തനനിരതമായിരിക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഈ സ്ഥാപനം പരാമർശിക്കപ്പെടുകയും ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി നേരിട്ട് സ്ഥാപനം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ആയൂർധാരയുടെ ആയൂർവ്വേദ മരുന്നുകൾ സർക്കാർ ആയൂർവ്വേദ ആശുപത്രികളിൽ വാങ്ങാൻ തീരുമാനിച്ചാൽ ഈ സ്ഥാപനത്തെ രക്ഷപ്പെടുത്താൻ നമുക്ക് കഴിയുന്നതാണ്. അതിനുള്ള തീരുമാനമുണ്ടാകണം.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആരോഗ്യവകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഭാഗ്യവതിയാണ്. അവർക്ക് ഈയടുത്ത കാലത്ത് ചിക്കൻപോക്സ് ഉണ്ടായി. ചിക്കൻപോക്സ് ഉണ്ടായാൽ അമ്മ വിളയാട്ടമാണ്, ദേവിയുടെ അനുഗ്രഹമാണെന്നൊക്കെ പഴമക്കാർ പറയാറുണ്ട്. അതുകൊണ്ടുതന്നെ അവരെ വിമർശിക്കുന്നില്ല. ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അവർ നിഷ്കളങ്കയാണ് അതുകൊണ്ടാണ് എല്ലാം ശരിയാകുകയില്ലെന്ന് അവർ പറഞ്ഞത്. ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ ബംഗ്ലാവിന്റെ പേര് 'ഗ്രെയ്സ്' എന്നാക്കിയെന്ന് ഇന്നലെ പ്രസംഗിച്ചപ്പോൾ

ശ്രീ. എ. എൻ. ഷംസീർ പറഞ്ഞു. 'പാത്തുമ്മ' എന്നാക്കി മാറ്റിയാൽ, 'പാത്തുമ്മ' എന്ന പേര് മോശമാണോ; ഇതൊക്കെ പറയേണ്ട ആവശ്യം എന്താണ്? ഇവിടെ പച്ച ബ്ലൗസിനെക്കുറിച്ച് പറഞ്ഞു. ഇവിടെ ഇരിക്കുന്ന പല ആൾക്കാരുടെയും ഡ്രസ് പച്ചയാണ്. അതൊരു മനോഹരമായ ഡ്രസ്സാണ്, അത് നിങ്ങൾ മനസ്സിലാക്കണം. അത് സൗന്ദര്യം വർദ്ധിപ്പിക്കും. ടീച്ചർ ചാണക പച്ചയാണ് ഇട്ടിരിക്കുന്നത്. ശ്രീ. പ്രദീപ്കുമാറിന്റെ മണ്ഡലത്തിലെ സ്കൂളിനെക്കുറിച്ച് നിങ്ങൾ ആലോചിച്ചു നോക്കൂ- അതും പച്ചയാണ്. നിങ്ങളിൽ എത്രപേർക്ക് പച്ചയുണ്ട്. എന്തിനാണ് പച്ചയോട് നിങ്ങൾക്കിത്ര അലർജി; നിങ്ങൾ പറയുന്നില്ലേ ഹരിത കേരളം, അതും പച്ചയല്ലേ? അതിന്റെ മലയാള പരിഭാഷ അർത്ഥവും കാര്യങ്ങളുമൊക്കെ ശ്രീ. ജി. സുധാകരൻ പറഞ്ഞുകൊടുക്കണം, നിങ്ങൾക്കാണ് മലയാള ഭാഷയിൽ നൈപുണ്യമുള്ളത്. ശ്രീ. എ. എൻ. ഷംസീർ ഒരു കാര്യം മനസ്സിലാക്കണം, നിങ്ങളുടെ രാഷ്ട്രീയ ഗുരുവായ സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ കേരളത്തിന്റെ ആഭ്യന്തരമന്ത്രിയായിരുന്ന സമയത്ത് ജ്യോതിഷ പ്രകാരം മൻമോഹൻ ബംഗ്ലാവ് താമസിക്കാൻ പറ്റില്ലെന്ന് പറഞ്ഞ് അവിടെനിന്നും സ്വകാര്യ കെട്ടിടത്തിലേയ്ക്ക് പോയി. വാടകയിനത്തിൽ മാസം 35,000 രൂപ ഗവൺമെന്റ് ഖജനാവിൽ നിന്നുമാണ് കൊടുത്തത്. എന്നിട്ട് നിങ്ങളാണ് ഞങ്ങളെ പറയുന്നത്. വെറുതെ ലീഗ് വിരോധം കയറി 'പച്ച'യോടുകൂടി ദേഷ്യം ഉണ്ടാകേണ്ട. റെയിൽവേ സ്റ്റേഷനിൽ പോയാൽ പച്ച, പച്ച കണ്ടാൽ നീറ്റ് ആന്റ് ക്ലിയറാണ്. ചുവപ്പ് കണ്ടാൽ മനുഷ്യർക്ക് എന്തൊക്കെ പ്രശ്നങ്ങളുണ്ട്. ഞാൻ അതൊന്നും പറയുന്നില്ല. കാരണം നിങ്ങളോട് അതൊന്നും പറഞ്ഞിട്ട് കാര്യമില്ല.

ആരോഗ്യ വകുപ്പിലെ ജില്ലാ മാനസികാരോഗ്യ പരിപാടിക്കായി 341 ലക്ഷം രൂപ ബഡ്ജറ്റിൽ വിഹിതം ഉണ്ടായിരുന്നു. ഫെബ്രുവരി വരെ ഒന്നും ചെലവഴിച്ചിട്ടില്ല. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ ലഹരി വിമുക്ത കേന്ദ്രം ആരംഭിക്കുന്നതിന് 34 ലക്ഷം രൂപ 2016-ൽ വകയിരുത്തി. അത് എന്തായി; ലഹരി വിമുക്തമാണല്ലോ നിങ്ങളുടെ പ്രഖ്യാപിത ലക്ഷ്യം. എന്തെങ്കിലും നടന്നോ; കേരള എമർജൻസി മെഡിക്കൽ സർവ്വീസ് - ഇവിടെ ശ്രീമതി യു. പ്രതിഭ ഹരി 108 ആംബുലൻസിനെപ്പറ്റി പറഞ്ഞല്ലോ; 1,254 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി. എത്ര ലക്ഷം രൂപ ചെലവഴിച്ചു; അതിന്റെ സ്ഥിതി എന്താണ്; ബഹുമാനപ്പെട്ട മന്ത്രിയുടെ ഏറ്റവും നല്ല പദ്ധതിയാണ് 'ആർദ്രം'. ഞാൻ അതിന്റെ ഉള്ളടക്കത്തെ സ്വാഗതം ചെയ്യുന്നു. നിങ്ങൾ ഇങ്ങനെ

പ്രഖ്യാപിച്ചാൽ മതിയോ; അനങ്ങിയാൽ നിങ്ങൾ പറയും അഞ്ച് കൊല്ലത്തെ കഴിഞ്ഞ ഭരണമെന്ന്. ഒരു പെണ്ണിനെ കെട്ടിച്ചാൽ പത്തുമാസം കഴിയുമ്പോൾ പെണ്ണ് പ്രസവിക്കും. നിങ്ങൾ വന്നിട്ട് ഒരു കൊല്ലമായില്ലേ ഇതുവരെയായിട്ടും നിങ്ങൾ ഒരു പുതിയ പദ്ധതി ഉണ്ടാക്കിയോ?....... നിൽക്കട്ടെ ഒരു കൊല്ലമല്ലേ ആയിട്ടുള്ളൂ. നിങ്ങൾ എന്നും അവരെ വിമർശിക്കുകയാണ്. പിന്നെ എന്തിനാണ് നിങ്ങൾ അങ്ങനെ പറയുന്നത്? നിങ്ങൾ ആരോടെങ്കിലും മുഖ്യമന്ത്രിയെക്കുറിച്ചോ ആരോഗ്യ വകുപ്പുമന്ത്രിയെക്കുറിച്ചോ നല്ല വാക്ക് പറയുന്നുണ്ടോ? ഒന്നും പറയില്ല. ആർദ്രം പദ്ധതി, സർക്കാരിന് ആർദ്രം എന്ന വാക്കിന്റെ അർത്ഥംപോലും അറിയില്ലെന്നതാണ് സത്യം. ഓട്ടിസവും സെറിബ്രൽ പാൾസിയും ബാധിച്ച കുട്ടികൾ പഠിക്കുന്ന 33 സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് ആക്കാൻ സർക്കാർ ഉത്തരവ് വന്നിട്ട് ഒന്നര കൊല്ലമായി. എല്ലാ നിയമങ്ങളും പാലിച്ച് ഉത്തരവ് നടപ്പിലാക്കാൻ മനസ്സ് കാണിക്കാത്തതെന്താണ്; അതിൽ നിങ്ങൾക്ക് ആർദ്രതയുണ്ടോ; ഞാൻ പറയുന്നതിന്റെ കണ്ടൻസ് എന്താണെന്ന് മനസ്സിലാക്കിയാൽ മതി. നിങ്ങൾ പല പദ്ധതികളെക്കുറിച്ചും പറഞ്ഞു. നിങ്ങൾക്ക് എന്തുപറ്റിയെന്നാണ് സി.പി.ഐ. (എം.)-കാരോട് എനിക്ക് ചോദിക്കാനുള്ളത്; നിങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വലിയ കോത്താമ്പിയാക്കി വച്ചു. ഒന്നും മിണ്ടാൻ പാടില്ല, ഒരു ചർച്ചയില്ല, അദ്ദേഹത്തിനോട് ആർക്കും പോയി സംസാരിക്കാൻ സാധിക്കുകയില്ല. നിങ്ങൾ എം.എൽ.എ.-മാർ ആരെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടുത്ത് പോകുന്നത് ഞാൻ കണ്ടിട്ടില്ല. നിങ്ങൾ പാർട്ടി കൂട്ടം - ഒരു സ്വാഗതം, അനുശോചനം, റിപ്പോർട്ടിംഗ്- രണ്ടര മണിക്കൂർ റിപ്പോർട്ടിംഗ്. എന്ത് റിപ്പോർട്ടിംഗാണ്? ആ രണ്ടര മണിക്കൂർ കഴിഞ്ഞ് ഉച്ചയ്ക്ക് ചോറിന് പിരിഞ്ഞു. രണ്ടാമത് മൂന്ന് മണിക്ക് കൂടി. രണ്ട് കമ്മിറ്റി കഴിഞ്ഞു. 84 ആൾക്കാർ കൂടിയാൽ മൂന്നു ദിവസത്തെ ചർച്ച, 9 ആൾ കൂടിയാൽ സെക്രട്ടേറിയറ്റിൽ ഒരു ദിവസം മുഴുവൻ ചർച്ച. എന്നിട്ടാണെങ്കിലോ തെറ്റ് തിരുത്താനും സാധിക്കുന്നില്ല. ഞങ്ങളേയും കോൺഗ്രസുകാരെയും നോക്കിക്കേ, രണ്ട് മണിക്കൂർ, ഒരു മണിക്കൂർ ചർച്ച, പ്രശ്നം തീർന്നു. നിങ്ങൾ അതല്ലല്ലോ, ഏതെങ്കിലും ഒരു കാര്യത്തിന് എത്ര റിപ്പോർട്ടിംഗാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആൾ ഉഷാറാണ്, പഴയ കമ്മ്യൂണിസ്റ്റുകാരുടെ മുഖഭാവവും ആ ശൗര്യവുമൊക്കെ അദ്ദേഹത്തിനുണ്ട്. പക്ഷെ ആധുനിക കാലഘട്ടത്തിലെ കമ്മ്യൂണിസം അദ്ദേഹത്തിന് പറ്റുകയില്ല. ഈ മന്ത്രിമാർ എന്തിനാണ് മുഖ്യമന്ത്രിയെ പേടിച്ചിരിക്കുന്നത്? നിങ്ങൾക്ക് മുഖ്യമന്ത്രിയോട്

ഉള്ളുതുറന്ന് സംസാരിച്ചുകൂടേ. ആ മനുഷ്യനെ കൊണ്ടുപോയി നിങ്ങളെല്ലാവരും കുളത്തിലിറക്കി. ശ്രീ. പിണറായി വിജയൻ വന്നപ്പോൾ എല്ലാം ശരിയാകുമെന്ന് നമ്മൾ വിചാരിച്ചു. ഡി.ജി.പി.-യുടെ കാര്യം, ചീഫ് സെക്രട്ടറി ശ്രീമതി നളിനി നെറ്റോയുടെ ഉപദേശം കേട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് നടക്കാൻ സാധിക്കില്ല. അവിടെയാണ് അതിന്റെ തകരാറ്. ഒൻപത് പേജ് റിപ്പോർട്ട് വ്യാജമായി ഉണ്ടാക്കിയതാണെന്ന് ശ്രീ. ടി. പി. സെൻകുമാർ പറഞ്ഞില്ലേ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്തിനാണ് ഇത്രയധികം ഉപദേഷ്ടാവിന്റെ ആവശ്യം; ജീവിതത്തിൽ ഒരുപാട് അനുഭവസമ്പത്തുള്ള വ്യക്തിയല്ലേ; അത്യാവശ്യം ഹിന്ദിയിലോ മറ്റോ കത്തുകൾ വന്നാൽ വായിക്കാൻ അറിയില്ലെങ്കിൽ ട്രാൻസിലേറ്റ് ചെയ്യാൻ ഒരാൾ ആവശ്യമാണ്. അല്ലാത്ത കാര്യങ്ങൾക്കെന്തിനാണ് ഉപദേഷ്ടാവ്? ഇവിടെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്കോ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയ്ക്കോ മന്ത്രി ശ്രീ. ജി. സുധാകരനോ ഉപദേഷ്ടാവുണ്ടായിരുന്നോ; ശ്രീ. എ. കെ. ബാലന് ഉപദേഷ്ടാവുണ്ടോ; ഇല്ലല്ലോ, പുതിയ ആളായ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എ.സി. മൊയ്തീൻ, അദ്ദേഹം ജില്ലാ സെക്രട്ടറിയായിരുന്നു. റിപ്പോർട്ടിംഗ് എന്നുകേൾക്കുമ്പോൾ തന്നെ അദ്ദേഹത്തിന് ദേഷ്യമാണ്, കാരണം, പണ്ട് ഇതുപോലെ ജില്ലാ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്തതാണ്. ഒന്നും നടക്കുകയില്ല. ഒരു റിപ്പോർട്ട് ബ്രാഞ്ച് കമ്മിറ്റിയിൽ നിന്നും ലോക്കൽ കമ്മിറ്റിയിലേയ്ക്കും അവിടെ നിന്നും ഏരിയ കമ്മിറ്റിയിലേയ്ക്കും അതുകഴിഞ്ഞ് ജില്ലാ കമ്മിറ്റിയിലേയ്ക്കും സ്റ്റേറ്റ് കമ്മിറ്റിയിലേയ്ക്കും സ്റ്റേറ്റ് സെക്രട്ടേറിയേറ്റിലേയ്ക്കും കേന്ദ്രകമ്മിറ്റിയിലേയ്ക്കും അവിടെ നിന്നും പിബി.-യിൽ എത്തി ബാക്കിയുള്ള നടപടി കഴിയുമ്പോൾ എട്ട് മാസം കഴിയും. അപ്പോൾ നാട്ടിൽ നടക്കേണ്ടത് മുഴുവൻ നടന്നുകഴിയും. എന്നിട്ട് പി.ബി.-യിൽ നിന്നും റിപ്പോർട്ടിംഗ് വരും. ഞാൻ ചോദിക്കട്ടെ, മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവിന് ഇംഗ്ലീഷ് വായിക്കാനറിയില്ലേ; എൽ.എൽ.ബി. ബിരുദമുള്ള എന്റെ നാട്ടുകാരനാണ് ശ്രീ. എം. സ്വരാജ്. സുപ്രീം കോടതി പിഴയെപ്പറ്റി പറഞ്ഞിട്ടുണ്ടല്ലോ; 2010 ജൂലൈ 5-ന് ദിനേശ് സേത്തും ദേവീന്ദർ ബജാജുമായുള്ള കേസിൽ സുപ്രീംകോടതി നൽകിയ വിശദീകരണമുണ്ട്. വിധിയുടെ 23-ാം ഖണ്ഡികയിൽ അത് പറയുന്നുണ്ട്. അത് ഇംഗ്ലീഷിലാണ്. ഞാൻ ഇംഗ്ലീഷ് പറയുന്നില്ല. നിങ്ങൾ ഇതിനെയൊക്കെപ്പറ്റി പഠിക്കണം. മാപ്പ് ചോദിച്ചില്ല എന്നാണ് പറഞ്ഞത്. ഞാൻ ശ്രീ. സ്വരാജിനോടാണ് പറയുന്നത്, ശ്രീ. എ. എൻ. ഷംസീറിന് ഇതിനെക്കുറിച്ച് അത്ര വിവരമുണ്ടാകണമെന്നില്ല. ഇന്നലെ ചീഫ്

സെക്രട്ടറി ശ്രീമതി നളിനി നെറ്റോ എന്താണ് പറഞ്ഞത് I tender my unqualified apology for.... ആ വാക്കെന്താണ്; apology - എനിക്ക് നല്ല വിവരമുണ്ട്. നിങ്ങളൊക്കെ വിചാരിച്ചിരിക്കുന്നത് ഞാനൊരു പൊട്ടനാണെന്നാണ്. ഞാനൊരു പൊട്ടനൊന്നുമല്ല. ഞാൻ കോൺവെന്റിൽ പഠിച്ചയാളാണ്. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ പഠിച്ചതാണ്. എന്റെ അത്രയൊന്നും ഫ്ലുവന്റായി ഇംഗ്ലീഷ് പറയാൻ നിങ്ങൾക്ക് കഴിയില്ലെന്ന് എനിക്ക് നൂറ് ശതമാനം അറിയാം. ഇതൊന്ന് വായിച്ച് നോക്കു. Apology എന്നുപറഞ്ഞാൽ എന്താണ് അർത്ഥം; excuse me എന്ന് പറഞ്ഞാൽ മാത്രമേ നിങ്ങൾക്ക് മനസ്സിലാകുകയുള്ളൂ. ഞങ്ങൾക്ക് apology എന്ന വാക്കുകേട്ടാൽ മനസ്സിലാകും. അവിടെയാണ് പ്രശ്നം. നിങ്ങൾ ഇക്കാര്യങ്ങളൊക്കെ മനസ്സിലാക്കണ്ടേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പ് സി.പി.ഐ.(എം).-ന്റെ സംസ്ഥാന സെക്രട്ടറിയായിരുന്നപ്പോൾ ഒരു കാര്യം പറഞ്ഞിരുന്നു. ഈ ഗതികേട് പറ്റിയതെങ്ങനെയാണെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി മനസ്സിലാക്കണം. പാർട്ടി സെക്രട്ടറി പറയുന്നത് മുഴുവൻ പാർട്ടിയുടെ അഭിപ്രായമാണെന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞപ്പോൾ എന്തുകൊണ്ടാണ് നിങ്ങൾ നടപടിയെടുക്കാത്തത്; ശ്രീമതി സോണിയ ഗാന്ധി പറയുന്നത് മുഴുവൻ കോൺഗ്രസ്സിന്റെ അഭിപ്രായമാണെന്ന് പറഞ്ഞാൽ ശ്രീ. കെ. സി. ജോസഫോ ശ്രീ. കെ. സി. വേണുഗോപാലോ ശ്രീ. വി. ടി. ബൽറാമോ പാർട്ടിയിലുണ്ടാകുമോ; പാണക്കാട് ശിഹാബ് തങ്ങൾ പറയുന്നത് മുഴുവൻ ലീഗിന്റെ അഭിപ്രായമാണെന്ന് പറഞ്ഞാൽ ഞാൻ പാർട്ടിയിലുണ്ടാകുമോ; ഉണ്ടാകില്ലല്ലോ; അങ്ങനെയാണെങ്കിൽ എന്തിനാണ് പാർട്ടി; നിങ്ങളുടെ പാർട്ടി സെക്രട്ടറി പറയുന്നത് മുഴുവൻ പാർട്ടിയുടെ അഭിപ്രായമാണെന്ന് പറഞ്ഞ ആളിന്റെ പേരിൽ നിങ്ങൾ നടപടിയെടുത്തില്ല എന്നുമാത്രമല്ല അദ്ദേഹത്തെ അഡ്ജസ്റ്റ് ചെയ്ത് കൊണ്ടുപോയതുകാരണം പാർട്ടിയുടെ കെട്ടുറപ്പ് പോയി. ശംഖുംമുഖത്ത് വച്ചുനടന്ന സമ്മേളനത്തിൽ മുഖ്യമന്ത്രി ഒരു പ്രസംഗം നടത്തി. അന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ വന്നപ്പോൾ ശ്രീ. പിണറായി വിജയൻ വളരെ സ്ട്രോംഗായി നിന്നു. അദ്ദേഹത്തെ പറഞ്ഞിട്ട് കാര്യമില്ല. കാരണം ശ്രീ. വി. എസ്. അച്ചുതാനന്ദൻ അത്രയും ഇടങ്ങേറാക്കിയില്ലേ; അപ്പോൾ അദ്ദേഹം കടൽ കാണാൻ പോയ കുട്ടിയുടെ ഒരു കഥ പറഞ്ഞു. പ്രസ്ഥാനത്തിന്റെ ഭാഗമായി നിൽക്കാത്തവർ ബക്കറ്റിലെ കടൽവെള്ളം പോലെ ശക്തിയില്ലാത്തതാകുമെന്നാണ് അന്ന് നമ്മുടെ മുഖ്യമന്ത്രി സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയായിരുന്നപ്പോൾ പറഞ്ഞത്.

മുഖ്യമന്ത്രിയുടെ ഭാഗമായി നിന്നുകൊണ്ട് അദ്ദേഹത്തെ ഓർമ്മിപ്പിക്കേണ്ട ഒന്നാണിത്. ഒരു മുഖ്യമന്ത്രി ജനാഭിലാഷങ്ങളുടെ ഭാഗമായി നിൽക്കുമ്പോൾ അദ്ദേഹത്തിന് തിരയുടെ ശക്തിയും സ്വാധീനവുമുണ്ടാകും. അദ്ദേഹം കയ്യേറ്റക്കാരുടെ ഭാഗത്തുനിൽക്കുമ്പോൾ ബക്കറ്റിലെ വെറും വെള്ളമായി മാറും. ജിഷ്ണുവിന്റെ അമ്മയോട് 'നിങ്ങൾ എന്ത് നേടി' എന്ന് ചോദിച്ചപ്പോഴും മൂന്നാറിലെ കയ്യേറ്റം ഒഴിപ്പിക്കാനുള്ള നടപടികളെ തുരങ്കം വച്ചപ്പോഴും സമരസ്ഥലത്ത് നിന്നവരെ ജാമ്യമില്ലാത്ത വകുപ്പ് ചുമത്തി വ്യക്തിവിരോധം തീർത്തപ്പോഴും നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബക്കറ്റിലെ വെള്ളം പോലെ ചോർന്നുപോയി. മുഖ്യമന്ത്രി അതൊക്കെ ന്യായീകരിച്ചു. ഇനിയെങ്കിലും അങ്ങ് ഇത് തിരിച്ചറിയണം. എനിക്ക് മാർക്സിസ്റ്റ് പാർട്ടിയോട് പറയാനുള്ളത്, ഭാവിയുടെ വാഗ്ദാനങ്ങളായ ശ്രീ. എം. സ്വരാജും ശ്രീ. എ. എൻ. ഷംസീറുമൊക്കെ പാർട്ടി സെക്രട്ടറിയാകേണ്ട ആൾക്കാരാണ്. നിങ്ങൾ ഇക്കാര്യത്തിൽ ആ പാർട്ടി നേരെയാക്കാൻ, പണ്ടത്തെപ്പോലെ മൂന്നുനാല് ദിവസമുള്ള ചർച്ചയൊക്കെ മാറ്റി പ്രായോഗികമായ സമീപനം സ്വീകരിച്ച് മുന്നോട്ടുപോകണം.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരു വർഷക്കാലത്തെ സർക്കാരിന്റെ പ്രവർത്തനങ്ങൾ മറ്റെല്ലാ മേഖലയിലും വൻപുരോഗതി കൈവരിച്ചതുപോലെതന്നെ ആരോഗ്യ സാമൂഹ്യക്ഷേമ മേഖലയിലും തുറമുഖ വികസനത്തിലും ശ്രദ്ധേയമായ നേട്ടങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്. എൽ.ഡി.എഫ് സർക്കാർ ആരംഭിച്ച ജനക്ഷേമ പ്രവർത്തനങ്ങൾക്ക് വലിയ സ്വീകാര്യതയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. സർക്കാരിനെതിരെ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ചേർന്ന് നടത്തിയ ഒരു സമരം പോലും വിജയിച്ചിട്ടില്ല. ജനപിന്തുണ ആർജ്ജിക്കാതെ എല്ലാ സമരങ്ങളും പരാജയപ്പെടുകയാണുണ്ടായത്. യു.ഡി.എഫ്.-ബി.ജെ.പി. സംയുക്ത സമരത്തെ സർക്കാർ വിരുദ്ധ വാർത്തകൾ നൽകുന്നതിൽ താൽപ്പര്യമുള്ള മാധ്യമങ്ങൾ വലിയ വാർത്തയാക്കുന്നുണ്ടെങ്കിലും ജനപിന്തുണയൊന്നും ആർജ്ജിക്കുന്നില്ലെന്ന് നമുക്ക് കാണാം. പ്രതിപക്ഷം ഗീബൽസ്യൻ സിദ്ധാന്തം അനുസരിച്ചുള്ള രാഷ്ട്രീയ പ്രവർത്തനശൈലിയിൽ നിന്ന് ഇനിയെങ്കിലും പിൻവാങ്ങാൻ തയ്യാറാകണം. പ്രതിപക്ഷത്തിന്റെ അവകാശമാണ് ശൂന്യവേളയിൽ അടിയന്തരപ്രമേയം ഉന്നയിക്കുക എന്നത്. വിഷയദാരിദ്ര്യംമൂലം അതുപോലും ഫലപ്രദമായി ഉപയോഗിക്കാൻ അവർക്ക് കഴിയുന്നില്ല. ആദ്യത്തെ യു.ഡി.എഫ്. പ്രക്ഷോഭം സ്വാശ്രയ മെഡിക്കൽ കോളേജ് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടായിരുന്നു.

വിദ്യാർത്ഥികളും രക്ഷാകർത്താക്കളും കേരളത്തിലെ പൊതുസമൂഹവും സ്വാശ്രയ മെഡിക്കൽ കോളേജ് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് എടുത്ത നടപടി പൂർണ്ണമായി അംഗീകരിക്കുകയുണ്ടായി. ആ സമരത്തിൽനിന്ന് അവർക്ക് സ്വമേധയാ പിൻവാങ്ങേണ്ട അവസ്ഥയുണ്ടായി. ബഡ്ജറ്റ് ചോർച്ചയെന്ന കള്ളപ്രചരണം നടത്തി വലിയ പ്രക്ഷോഭവുമായി രംഗത്തുവന്നു; ആ സമരത്തിനും പഴയഗതി തന്നെയുണ്ടായി. മന്ത്രി ശ്രീ. എം. എം. മണിക്കെതിരെ ചില മാധ്യമങ്ങൾ പടച്ചുണ്ടാക്കിയ കള്ളവാർത്ത കേട്ടയുടൻ തന്നെ 'കാളപെറ്റു എന്ന് കേട്ടപ്പോൾ കയറെടുത്തതുപോലെയുള്ള അനുഭവം പ്രതിപക്ഷത്തിനുണ്ടായി. ആ സമരത്തിൽ നിന്നും അവർക്ക് പിൻവാങ്ങേണ്ടിവന്നു. മൂന്നാറിൽ ആരംഭിച്ച സമരത്തിന് കൂട്ടിരിക്കാൻ മഹിളാ കോൺഗ്രസ്സിന്റെ നേതാവും മഹിളാ മോർച്ചയുടെ നേതാവും ഒരുമിച്ചെത്തിയതും ഓടിപ്പോയതും കേരളം കണ്ടതാണ്. പ്രതിപക്ഷനേതാവും മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുമെല്ലാം ആ സമരസ്ഥലത്തേയ്ക്ക് ഓടി എത്തിയെങ്കിലും സമരത്തിന് യാതൊരുവിധ പുരോഗതിയുമുണ്ടാക്കാൻ കഴിഞ്ഞില്ല. മറ്റ് സമരങ്ങൾക്കുണ്ടായ ദുർഗതി തന്നെയാണ് ഈ സമരത്തിനുമുണ്ടായത്. നിയമപരമായി നേരിടുമെന്ന് പറഞ്ഞ് സമരങ്ങളിൽനിന്ന് പിന്മാറി. മൂന്നാറിൽ മൂവർ നടത്തുന്ന ആ സമരത്തെ അനാഥരാക്കി യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും നടത്തിയ ഒളിച്ചോട്ടം കേരളമാകെ കണ്ടതാണ്. യു.ഡി.എഫ്.-ലെ നേതൃത്വം മൂന്നാർ സമരം നടത്തുന്നവരെ സന്ദർശിച്ച് തങ്ങൾക്ക് പറ്റിയ അബദ്ധം ഏറ്റുപറയാൻ സന്നദ്ധമാകണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. എൽ.ഡി.എഫ്. ഒന്നാം വാർഷികം ആഘോഷിക്കുന്നത് വളരെ അഭിമാനത്തോടെയും സന്തോഷത്തോടെയുമാണ്. ഇതിനെ എതിർക്കുന്ന യു.ഡി.എഫ്. ഒരു വർഷം പിന്നിടുമ്പോൾ വളരെ ശോഷിച്ചുപോയി എന്ന് നമുക്ക് കാണാം. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഒരുമിച്ചുനിന്ന് മത്സരിച്ചവർ തമ്മിൽ വേർപിരിഞ്ഞു പോയിരിക്കുകയാണ്. യു.ഡി.എഫ്. ദുർബലപ്പെടുന്ന ലക്ഷണമാണ് ഒന്നാം വാർഷിക ആഘോഷത്തിൽ നമുക്ക് കാണാൻ സാധിക്കുന്നത്. കേരള കോൺഗ്രസ് മാണി വിഭാഗം യു.ഡി.എഫ്. വിട്ടപ്പോൾ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും കൂടുതൽ കൂടുതൽ സഹകരിക്കുന്ന കാഴ്ചയാണ് കേരളത്തിൽ കാണാൻ കഴിയുന്നത്. ഇത് രാഷ്ട്രീയ സദാചാരത്തിന് യോജിച്ചതല്ല. ഈ നടപടിക്ക് കേരളം ശക്തമായ മറുപടി നൽകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ്. ഗവൺമെന്റിന്റെ നേതൃത്വത്തിൽ ജനകീയമായ ഒരു ആരോഗ്യനയം അന്നുതന്നെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടായിരുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ലോകത്തിലെ വികസ്വര രാജ്യങ്ങൾ നേടിയെടുത്ത ആരോഗ്യരംഗത്തെ നേട്ടങ്ങളാണ് കേരളത്തിൽ നേടാൻ കഴിഞ്ഞിരിക്കുന്നത്. യു.ഡി.എഫ്. സർക്കാർ ആരോഗ്യ മേഖലയിലെ സംവിധാനങ്ങളെയാകെ തകർക്കുകയായിരുന്നു. സ്വകാര്യ മേഖലയോടായിരുന്നു അവർക്ക് ഏറ്റവും കൂടുതൽ താൽപ്പര്യം. അതിനാണ് അവർ പ്രാധാന്യം നൽകിയിരുന്നത്. കുത്തഴിഞ്ഞ ആരോഗ്യമേഖലയെ ശക്തിപ്പെടുത്താൻ, പൊതുജനാരോഗ്യ സംരക്ഷണത്തിനായി കേരളത്തിൽ പിണറായി സർക്കാർ നടത്തിയിട്ടുള്ള ഇടപെടലിന് വൻസ്വീകാര്യത നേടിയെടുക്കാൻ കഴിഞ്ഞിരിക്കുന്നു. സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ നിലപാട് സ്വീകരിച്ചു. കേരളത്തിൽ ആർദ്രം പദ്ധതി നല്ല രീതിയിൽ നടപ്പിലാക്കാൻ സാധിച്ചു. ഇതിന് നേതൃത്വം നൽകുന്ന രീതിയിലാണ് ആരോഗ്യമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പ്രവർത്തിക്കുന്നതെന്ന് രാഷ്ട്രീയത്തിനതീതമായി എല്ലാവരും അംഗീകരിക്കുന്നതാണ്. 1964-ലെ സ്റ്റാഫ് പാറ്റേണാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് 2005-ൽ പുതുക്കിയെങ്കിലും നടപ്പിലാക്കാനുള്ള യാതൊരു നടപടിയും പിന്നീട് സ്വീകരിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ മേഖലയ്ക്ക് മുന്തിയ പരിഗണനയാണ് കേരളത്തിലെ ഗവൺമെന്റ് നൽകുന്നത്. തസ്തിക സൃഷ്ടിക്കുന്നതിലുള്ള വിലക്കുകളെല്ലാം ഈ രംഗത്തുനിന്നും ഗവൺമെന്റ് എടുത്തുമാറ്റിയിട്ടുണ്ട്. 1967 പുതിയ തസ്തികകളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സൃഷ്ടിച്ചിട്ടുള്ളത്. 2137 പേരെ പി.എസ്.സി. വഴി നിയമിക്കുകയുണ്ടായി. 719 Assistant Surgeons-നെ നിയമിക്കുകയുണ്ടായി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രം 417 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയുണ്ടായി. സമീപകാലത്തെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ പേരെ ഡോക്ടർമാരായും പാരാമെഡിക്കൽ സ്റ്റാഫായും നിയമിച്ചുകൊണ്ട് ആരോഗ്യമേഖലയിൽ ശ്രദ്ധേയമായ ഇടപെടലുകളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. സർക്കാർ ആശുപത്രികളുടെ മുഖച്ഛായ തന്നെ മാറ്റാൻ ഈ നടപടികൾ സഹായകരമായിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് ഇക്കാര്യങ്ങൾ വിളിച്ചോതുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മെരിറ്റ് സീറ്റുകളുടെ എണ്ണം 800-ൽ നിന്നും 1150-ആയി വർദ്ധിപ്പിക്കുന്നതിനും തലവരി ഇല്ലാതാക്കുന്നതിനും നിയമനടപടി സ്വീകരിച്ചു. ഇതൊന്നും അംഗീകരിക്കാനുള്ള മാനസികാവസ്ഥയിലായിരുന്നില്ല കേരളത്തിലെ പ്രതിപക്ഷം. അതിനാൽ അതിനെതിരായി ആരംഭിച്ച സമരങ്ങൾ സ്വമേധയാ

കെട്ടടങ്ങുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടെത്തിക്കുകയുണ്ടായി. രോഗീ സൗഹൃദ ആശുപത്രിയെന്ന പദ്ധതി രോഗികൾക്ക് വലിയ ആശ്വാസമേകും. കിഡ്നി രോഗികൾക്ക് 44 ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കാൻ ഈ സർക്കാർ തീരുമാനിക്കുകയും അത് ഉറപ്പാക്കുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ കാത്ത് ലാബും കാർഡിയോളജിക് കെയർ യൂണിറ്റും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്താൻ തയ്യാറായി. വയനാട് ജില്ലാ ആശുപത്രിയിലും പ്രസ്തുത സൗകര്യങ്ങൾ ഒരുക്കണം എന്നാണ് ഞങ്ങൾക്ക് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. നിരവധി പേരാണ് അപകടങ്ങളിൽ പരിക്കേറ്റ് ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്നത്. വാഹനാപകടങ്ങൾ നിത്യ സംഭവമാണ്. AIIMS മോഡൽ ട്രോമാകെയർ പദ്ധതിക്ക് ഈ ഗവൺമെന്റ് രൂപം കൊടുത്തിരിക്കുകയാണ്. ക്യാൻസർ രോഗ ചികിത്സയ്ക്ക് ചെലവ് കുറയ്ക്കുന്നതിനു വേണ്ടി LAM സ്ഥാപിക്കാനും 170 പഞ്ചായത്തുകളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ലിനിക്കൽ ഫാർമസിസ്റ്റുകളെ നിയമിക്കുന്ന കാര്യത്തിലും ഡോക്ടർ ഓഫ് ഫാർമസി കോഴ്സുകൾ ആരംഭിക്കുന്ന കാര്യത്തിലും ശ്രദ്ധേയമായ ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ നിരവധി മെഡിക്കൽ കോളേജുകൾ പ്രഖ്യാപിച്ചെങ്കിലും പലതും വേണ്ടത്ര മുൻകരുതലും ആലോചനകളുമില്ലാതെയായിരുന്നു. പല ആശുപത്രികളുടെ മുമ്പിലും ബോർഡുകൾ മാറ്റി സ്ഥാപിച്ച് അപ്ഗ്രേഡ് ചെയ്ത നടപടികളാണ് കഴിഞ്ഞ കാലങ്ങളിലുണ്ടായിരുന്നത്. ഇത്തരം സമീപനങ്ങളിൽനിന്ന് പൂർണ്ണമായും പിൻവാങ്ങി ആശുപത്രികളുടെ നില മെച്ചപ്പെടുത്താനുള്ള നടപടികളാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടുള്ളത്. മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസനത്തിന് നടപടി സ്വീകരിച്ചു. ഇടുക്കി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുടെ ഭാവിപോലും തുലയ്ക്കുന്ന രീതിയാണ് യു.ഡി.എഫ്. സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടുള്ളത്. എന്നാൽ ഇതിന്റെ ശോച്യാവസ്ഥ പരിഹരിക്കാനാവശ്യമായ ശക്തമായ നടപടികളാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ഭാഗത്തുനിന്നും ആരംഭിച്ചിട്ടുള്ളത്. വയനാട് മെഡിക്കൽ കോളേജ് 2012-ൽ പ്രഖ്യാപിച്ചതാണ്. മെഡിക്കൽ കോളേജ് സ്ഥാപിക്കുന്ന സ്ഥലത്തുനിന്നും 20 കിലോമീറ്റർ അകലെ ഒരു സ്വകാര്യ സ്കൂൾ അങ്കണത്തിൽ അന്നത്തെ കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി തറക്കല്ലിട്ട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിച്ചുവെന്ന് പ്രഖ്യാപിച്ചതാണ്. ഒന്നും ചെയ്തില്ല. എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം അതിന്റെ റോഡ് നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. വയനാട് ജില്ല ആദിവാസികളും തോട്ടം തൊഴിലാളികളും

പാവപ്പെട്ട കർഷക വിഭാഗങ്ങളുമെല്ലാം തിങ്ങിതാമസിക്കുന്ന പ്രദേശമാണ്. മണിക്കൂറുകൾ സഞ്ചരിച്ചെങ്കിൽ മാത്രമേ തൊട്ടടുത്ത മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്ന കോഴിക്കോട് എത്താൻ കഴിയൂ. അതുകൊണ്ടുതന്നെ വയനാട് മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കേണ്ടതുണ്ട്. വയനാട് ജില്ലാ ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കാൻ ഈ സർക്കാർ സന്നദ്ധമായിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് നിരവധി ആദിവാസി സ്ത്രീകൾ ആംബുലൻസിൽ പ്രസവിക്കുന്ന വാർത്തയായിരുന്നു നമ്മൾ കേട്ടിരുന്നത്. അതിനെല്ലാം അറുതിവരുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് വളരെ പ്രധാനമാണ്. വയനാട്ടിൽ കുരങ്ങുപനി ബാധിച്ച് നിരവധി പേർ മരിക്കുന്ന സംഭവമുണ്ടായിട്ടുണ്ട്. അന്ന് രക്തസാമ്പിളുകൾ ബോംബെയിലേയ്ക്ക് അയച്ചാണ് രോഗനിർണ്ണയം നടത്തിയിരുന്നത്. എന്നാൽ ഇപ്പോൾ ബത്തേരി താലൂക്ക് ആശുപത്രിയിൽ അതിനാവശ്യമായ വൈറോളജി ലാബിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞു. കൽപ്പറ്റ ജനറൽ ആശുപത്രി പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി. വൈത്തിരി താലൂക്ക് ആശുപത്രിയിൽ ലേബർ വാർഡിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്ന രീതിയിൽ ഗൈനക് വിഭാഗത്തിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. വയനാട്ടിൽ അംബേദ്കർ ക്യാൻസർ ആശുപത്രി വികസനത്തിനായി ഒന്നരക്കോടി രൂപയാണ് ഈ സർക്കാർ അനുവദിച്ചിരിക്കുന്നത്. ഇത്തരത്തിൽ ജില്ലയിലെ ആരോഗ്യ മേഖലയിൽ സ്വീകരിച്ചിട്ടുള്ള നടപടികളെ ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുകയാണ്. അംബേദ്കർ ക്യാൻസർ സെന്ററിൽ ഓങ്കോളജി വിഭാഗത്തിൽ ഉൾപ്പെടെ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. താലോലം, ആരോഗ്യകിരണം പദ്ധതികൾ ശക്തിപ്പെടുത്തി. 7600042 പേർക്കാണ് ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ ആനുകൂല്യങ്ങൾ നൽകിയത്. എൻഡോസൾഫാൻ ദുരിത ബാധിതരുടെ പ്രശ്നങ്ങൾ ഗൗരവമേറിയതായിരുന്നു. യു.ഡി.എഫ്. ഭരണസമയത്ത് അവർ നിരന്തരമായ സമരത്തിലായിരുന്നു. കാസർഗോഡ് നിന്ന് തിരുവനന്തപുരത്തെത്തി സമരം ചെയ്തിട്ടും അവരോട് പറഞ്ഞ ഒത്തുതീർപ്പ് വ്യവസ്ഥകൾ ഒന്നുംതന്നെ നടപ്പിലാക്കാൻ യു.ഡി.എഫ്. സർക്കാർ തയ്യാറായിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നൽകുന്നതിനും മുന്തിയ പരിഗണനയാണ് നൽകിയത്. മുഖ്യമന്ത്രിതന്നെ പങ്കെടുത്ത് പദ്ധതികൾക്ക് തുടക്കംകുറിച്ചു.

ആദിവാസികളിലും വയനാട് ചെട്ടിമാരിലും കാണുന്ന, ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത ജനിതക രോഗമാണ് സിക്കിൾ സെൽ അനീമിയ അഥവാ അരിവാൾ രോഗം. അവരുടെ ജീവിതം ദുരിതപൂർണ്ണമായിരുന്നു. നേരത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സിക്കിൾസെൽ അനീമിയ രോഗികൾക്കു മാത്രമായിരുന്നു പെൻഷൻ നൽകിയിരുന്നത്. ഈ സർക്കാർ പട്ടികവർഗ്ഗക്കാർ അല്ലാത്തവരും അരിവാൾ രോഗത്തിന് ഇരയായ മുഴുവൻ ആളുകൾക്കും പെൻഷൻ നൽകാനുള്ള നടപടി ആരംഭിക്കുകയും പെൻഷൻ 2,500 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. അരിവാൾ രോഗികളുടെ പുനരധിവാസം, ചികിത്സ തുടങ്ങിയവയ്ക്കുവേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം. വിദ്യാർത്ഥികളായ അരിവാൾ രോഗികൾക്ക് അവരുടെ വീടിനടുത്തുള്ള വിദ്യാലയങ്ങളിൽത്തന്നെ പഠിക്കുന്നതിന് സ്പോട്ട് അഡ്മിഷൻ നൽകാൻ തയ്യാറാകണം. ഏത് സമയത്താണ് രോഗം വരുന്നതെന്ന് അറിയാൻ കഴിയില്ല. യാത്ര ചെയ്യാൻ അവർക്ക് ബുദ്ധിമുട്ടുണ്ട്. റേഷൻ കാർഡിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താനും അരിവാൾ രോഗികളെ പരിഗണിക്കേണ്ടതുണ്ട്.

2008-09 കാലഘട്ടത്തിൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതായിരുന്നു കിശോരി ശക്തിയോജന കൗൺസിലിംഗ്. പിന്നീടത് Psycho Social പദ്ധതിയാക്കി മാറ്റി. അന്ന് ഈ മേഖലയിൽ 163 പേരാണ് ഉണ്ടായിരുന്നത്, ഇപ്പോൾ 666 പേരാണ് ജോലി ചെയ്യുന്നത്. കൗമാരക്കാരായ പെൺകുട്ടികളുടെ മാനസിക പ്രശ്നമാണ് ഇവർ കൈകാര്യം ചെയ്യുന്നത്. മാനസികാരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഇവർ നടത്തുന്ന പ്രവർത്തനങ്ങൾ പെൺകുട്ടികൾക്ക് ആശ്വാസമേകുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബിരുദാനന്തര ബിരുദം നേടിയ ഇവർക്ക് 12,500 രൂപയാണ് വേതനമായി നൽകുന്നത്. വേതനം വർദ്ധിപ്പിക്കുന്ന കാര്യത്തിലും ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രസവാനുകൂല്യങ്ങൾ ഉൾപ്പെടെ നൽകുന്ന കാര്യത്തിലും ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണം.

ആശാവർക്കർമാരുടെ ശമ്പളം 1,000-ൽ നിന്ന് 1,500 രൂപയായി വർദ്ധിപ്പിക്കുന്നതിനും അർബുദ ചികിത്സാ കേന്ദ്രങ്ങളിൽ 105 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് 24 മണിക്കൂറും പ്രവർത്തിക്കുന്ന 181 വിമെൻസ് ഹെൽപ്പ്ലൈൻ പദ്ധതി ഉൾപ്പെടെ ഒട്ടേറെ നടപടികൾക്ക് ഗവൺമെന്റ് ആരംഭം കുറിച്ചിരിക്കുന്നു. 181 ടോൾ ഫ്രീ നമ്പറായി പ്രഖ്യാപിച്ചിരിക്കുകയാണ്.

ആദിവാസി ഊരുകളിൽ സാമൂഹ്യക്ഷേമ വകുപ്പ് വഴി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഊരുമിത്ര ആശ, ഹാംലെറ്റ് ആശ എന്ന പേരിൽ 250 പേരെ ആദിവാസികളുടെ ആരോഗ്യ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഏർപ്പെടുത്തുന്നതിനും ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഗർഭിണികളായ ആദിവാസികളുടെ പ്രശ്നങ്ങൾ, ഊരുകളിൽ രോഗം വന്ന് ബുദ്ധിമുട്ടനുഭവിക്കുന്ന ആദിവാസികൾ എന്നിവർക്കെല്ലാം ആവശ്യമായ സംരക്ഷണം ഒരുക്കുന്നതിനുവേണ്ടിയാണ് ഈ നടപടി പ്രഖ്യാപിച്ചിട്ടുള്ളത്.

വിഴിഞ്ഞം തുറമുഖവാസികളുടെ വികാരങ്ങൾകൂടി കണക്കിലെടുത്ത് വിഴിഞ്ഞം തുറമുഖ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം. അഴീക്കൽ തുറമുഖം പൂർത്തിയാകുന്നതോടുകൂടി വയനാട്ടിലെ നാണ്യവിളകളായ കാപ്പി, കുരുമുളക്, തേയില എന്നിവയെല്ലാം ആ തുറമുഖം വഴി കൊണ്ടുപോകാൻ കഴിയുമോ എന്ന് ആലോചിക്കണം. സംസ്ഥാനത്തെ ചരക്ക് നീക്കത്തിനും ഗതാഗതത്തിനും കടൽ വഴി പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിന് നടപടിയുണ്ടാകണം. കേരളത്തിലെ ഗവൺമെന്റ് വളരെ അഭിമാനത്തോടും സന്തോഷത്തോടുംകൂടിയാണ് ഒന്നാം വാർഷികം ആഘോഷിക്കാൻ പോകുന്നത്. യു.ഡി.എഫ്. ഏറ്റെടുത്തിട്ടുള്ള പ്രക്ഷോഭങ്ങൾക്കൊന്നും ജനകീയ പിന്തുണ ലഭിക്കാതെ എല്ലാം പരാജയപ്പെടുന്ന അവസ്ഥയാണുള്ളത്. യു.ഡി.എഫ്. ബി.ജെ.പി.-യുമായി ചേർന്ന് നടത്തുന്ന രാഷ്ട്രീയ സദാചാര വിരുദ്ധ പ്രവർത്തനങ്ങളിൽനിന്ന് പിൻവാങ്ങണമെന്നും എൽ.ഡി.എഫ്. സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ജനോപകാരപ്രദവും ജനക്ഷേമകരവുമായ എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണ നൽകാനാണ് തയ്യാറാകേണ്ടതെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

2.00 Pm]

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ആരോഗ്യ രംഗത്ത് വികസനോന്മുഖമായ പദ്ധതികളും സൗജന്യ ചികിത്സാപദ്ധതികളും നടപ്പിലാക്കി കേരളത്തെ ഒരു മാതൃകാ സംസ്ഥാനമാക്കി മാറ്റാനാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ശ്രമിച്ചത്. ആരോഗ്യം ഒരു അവകാശമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി സമഗ്രമായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ ഗവൺമെന്റ് നടപ്പിലാക്കിയത്. കഴിഞ്ഞ ഒരു വർഷം വിലയിരുത്തുമ്പോൾ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ചില

പദ്ധതികൾ ഉദ്ഘാടനം ചെയ്യതല്ലാതെ മറ്റെല്ലാം പ്രഖ്യാപനങ്ങളിൽമാത്രം ഒതുങ്ങിനിൽക്കുകയാണ്. ആ പ്രഖ്യാപനങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു. അത് നടപ്പിലാക്കുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 2011-ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ ആരോഗ്യ മേഖലയുടെ പദ്ധതി വിഹിതം 212 കോടി രൂപയായിരുന്നു. അത് 1,300 കോടി രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ടാണ് ഉമ്മൻ ചാണ്ടി സർക്കാർ അധികാരമൊഴിയുന്നത്. അതിലുപരിയായി, ആയിരം കോടിയോളം രൂപയാണ് ഒരു വർഷം സൗജന്യ ചികിത്സാ പദ്ധതികൾക്കായി ഗവൺമെന്റ് വിനിയോഗിച്ചത്. ഇവിടെ സൂചിപ്പിച്ചതു പോലെ നിരവധി പദ്ധതികൾ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവരികയുണ്ടായി. ഗർഭാവസ്ഥ മുതൽ വാർദ്ധക്യം വരെയുള്ള ഘട്ടത്തിൽ ഒരു വ്യക്തിക്ക് എല്ലാ ചികിത്സയും സൗജന്യമായി നൽകുന്ന സമഗ്രമായ പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആരംഭിച്ചു. 'അമ്മയും കുഞ്ഞും' പദ്ധതിയിൽ പ്രസവ ചികിത്സ സൗജന്യമാണ്. 'ആരോഗ്യകിരണം' പദ്ധതിയിൽ 18 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ സൗജന്യ ചികിത്സയാണ് നൽകിയിരുന്നത്. 'അമൃതം ആരോഗ്യം' പദ്ധതിയിൽ ജീവിതശൈലീ രോഗങ്ങൾക്ക് മാസങ്ങൾ നീണ്ടുനിൽക്കുന്ന ചികിത്സയ്ക്കുവേണ്ടി മരുന്ന് നൽകിയിരുന്നു. ഇപ്പോൾ മരുന്ന് കിട്ടുന്നില്ലെന്ന് വ്യാപകമായ പരാതിയുണ്ട്. 'സുകൃതം' പദ്ധതിയിൽ ബി.പി.എൽ.-കാരായ മുഴുവൻ ആളുകൾക്കും സൗജന്യ ചികിത്സയാണ് നൽകിയിരുന്നത്. കോക്ലിയർ ഇംപ്ലാന്റേഷൻ ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്. ആയിരം കോടിയോളം രൂപയാണ് കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ കേരളത്തിലെ ജനങ്ങൾക്ക് കൊടുത്തത്. മെഡിക്കൽ കോളേജ് മുതൽ പ്രൈമറി ഹെൽത്ത് സെന്റർ വരെ സൗജന്യ മരുന്ന് വിതരണം നടത്തുന്നതിന് കാരുണ്യ ഫാർമസികൾ മുപ്പത്തിയഞ്ചെണ്ണം തുടങ്ങുമെന്ന് പറഞ്ഞ സ്ഥാനത്ത് അൻപതെണ്ണം തുടങ്ങി. അത്തരത്തിൽ കേരളത്തിലെ എല്ലാ വിഭാഗം ആളുകൾക്കും സൗജന്യ ചികിത്സ കൊടുക്കുന്നതിന് ആയിരക്കണക്കിന് കോടി രൂപയുടെ പ്രവർത്തനങ്ങൾ നടത്താൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു. ഈ സർക്കാർ 'ആർദ്രം' പദ്ധതി തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അതോടൊപ്പം കഴിഞ്ഞ ഗവൺമെന്റ് പാവപ്പെട്ട ആളുകൾക്ക് കൊടുത്ത പരിധിയില്ലാത്ത ചികിത്സ നിർത്തലാക്കാൻ പോകുകയാണ്. ഇൻഷ്വറൻസ് സ്കീമിൽ പ്രീമിയം

അടച്ചാൽ മാത്രമേ ചികിത്സ ലഭിക്കുകയുള്ളൂ. രണ്ട് ലക്ഷം-മൂന്ന് ലക്ഷം രൂപ വരെ തുകയുള്ള ചികിത്സ മാത്രമേ കിട്ടുകയുള്ളൂ. ആളുകൾ ചികിത്സയ്ക്കായി കൂടുതൽ സൗകര്യങ്ങളുള്ള പ്രൈവറ്റ് മേഖലകളിലേയ്ക്ക് പോകും. അവിടെപ്പോയി ചികിത്സിക്കുന്ന ആളുകൾ ബില്ലുകൊടുക്കുമ്പോൾ ഇൻഷ്വറൻസ് കമ്പനികൾ അത് അംഗീകരിക്കണമെന്നില്ല. അപ്പോൾ പോക്കറ്റിൽനിന്നാകും തുക നൽകേണ്ടി വരുന്നത്. അത്തരത്തിൽ പ്രൈവറ്റ് മേഖലയെ സഹായിക്കുന്നതിനുള്ള ഒരു ഇൻഷ്വറൻസ് സ്കീമിലേയ്ക്ക് പോകരുത്. യു.ഡി.എഫ്. ഗവൺമെന്റ് തുടങ്ങി വച്ച, കേരളത്തിലെ കോടിക്കണക്കിന് ആളുകൾക്ക് പ്രയോജനകരമായ ആ സൗജന്യ ചികിത്സാപദ്ധതികൾ അതുപോലെ നിലനിർത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആന്ധ്രാപ്രദേശിൽ 'ആരോഗ്യശ്രീ' പദ്ധതി നടപ്പിലാക്കിയ സന്ദർഭത്തിൽ സ്വകാര്യ ആശുപത്രികൾക്കാണ് അതിന്റെ മുഴുവൻ പ്രയോജനവും ലഭ്യമായത്. വലിയ വിവാദമായതിനെത്തുടർന്ന് ആ പദ്ധതി നിർത്തേണ്ടിവന്നു. അക്കാര്യങ്ങളെല്ലാം ആലോചിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. പല പ്രഖ്യാപനങ്ങളും നടക്കുന്നുണ്ടെങ്കിലും പദ്ധതികൾ നടക്കുന്നില്ലെന്ന കാര്യം അറിയിക്കുകയാണ്. 2015-2016-ൽ കേന്ദ്ര ഫണ്ട് ലഭിച്ച എൻ.ആർ.എച്ച്.എം. പദ്ധതികൾ ഒന്നും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. എറണാകുളം ജനറൽ ആശുപത്രി, കോഴിക്കോട് ബീച്ച് ആശുപത്രി, ശബരിമല ആശുപത്രി എന്നിവയുടെയൊന്നും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഉദ്യോഗസ്ഥരോട് ഇതിനെപ്പറ്റി അന്വേഷിക്കണം. 2016-2017-ൽ മുപ്പത് കോടി രൂപ ഇനിഷ്യൽ തുക അനുവദിച്ചതിൽ ഒരു വർക്കും ഇതുവരേയും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഫണ്ട് എക്സ്പെൻഡിച്ചർ കാണിക്കുന്നതിലേയ്ക്കായി കരാറുകാർക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്ത് കൊടുത്തിരിക്കുകയാണ്. രണ്ടായിരം കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചതിനെ സ്വാഗതം ചെയ്യുന്നു. മുപ്പതുകോടി രൂപ ചെലവഴിക്കാൻ കഴിയാത്ത ആളുകൾ രണ്ടായിരം കോടി രൂപ എങ്ങനെ സ്വരൂപിച്ച് ചെലവഴിക്കും എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അസിസ്റ്റന്റ് സർജന്മാരുടെ 850 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. ഇപ്പോൾ 1900-ൽപ്പരം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ യു.ഡി.എഫ്., എൽ.ഡി.എഫ്. ഗവൺമെന്റുകളുടെ കാലത്ത് വെറും 90 പോസ്റ്റുകളാണ് ക്രിയേറ്റ് ചെയ്തിരുന്നത്. ഇവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഒരു അസിസ്റ്റന്റ് സർജന്റെയും പോസ്റ്റ് ക്രിയേറ്റ്

ചെയ്തിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. ആരാണ് മന്ത്രിക്ക് തെറ്റായ നിർദ്ദേശം നൽകിയതെന്ന് അന്വേഷിക്കണം. ഞാൻ ക്രമപ്രശ്നം ഉന്നയിച്ചിട്ടുണ്ട്. അതിന്റെ മറുപടി കിട്ടിയിട്ടില്ല. വ്യക്തമായ ധാരണയുടെ അടിസ്ഥാനത്തിൽ മുഴുവൻ റെക്കോർഡുകളും ബഹുമാനപ്പെട്ട സ്പീക്കറുടെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അയ്യായിരത്തോളം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. ആർദ്രം പദ്ധതി നടപ്പാക്കുമ്പോൾ 5257 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുമെന്നാണ് പറഞ്ഞിട്ടുള്ള തെങ്കിലും എന്റെയൊരു നിർദ്ദേശം ഐ.പി.എച്ച്.എസ്. (Indian Public Health Standards) അനുസരിച്ച് പതിനായിരം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആ റേഷ്യോ അനുസരിച്ചുള്ള പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം അയ്യായിരം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തിട്ടുണ്ട്. രോഗീസുരക്ഷ, അണുബാധ നിയന്ത്രണം, ക്വാളിറ്റി കൺട്രോൾ ഇവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികളാണ് ആർദ്രം പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. ഇതിൽ അധിഷ്ഠിതമായി വിഭാവനം ചെയ്യുന്ന പദ്ധതിയുടെ ഭാഗം പോലെയാണ് എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ. കേരളത്തിലെ എട്ട് സർക്കാർ ആശുപത്രികൾക്ക് അക്രെഡിറ്റേഷൻ ലഭിച്ചു. ആർ.സി.സി. അടക്കം എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ ലഭിച്ച എട്ട് ആശുപത്രികളിൽ ആറെണ്ണത്തിനും അത് നഷ്ടപ്പെട്ടുവെന്നുള്ള ദുഃഖകരമായ സ്ഥിതിവിശേഷമാണ് ഉള്ളത്. റീ-അക്രെഡിറ്റേഷൻ ലഭ്യമാക്കുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടു. തിരുവനന്തപുരം തൈക്കാട് ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, കോഴിക്കോട് W&C ആശുപത്രി, ചേർത്തല താലൂക്കാശുപത്രിയടക്കമുള്ള ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ നഷ്ടപ്പെട്ടുവെന്ന് ഇന്നലെ ശ്രീ. കെ. മുരളീധരന്റെ പ്രസംഗത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതോടൊപ്പംതന്നെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഏറ്റവും വലിയ ജീവകാരുണ്യ പദ്ധതിയാണ് മൃതസഞ്ജീവിനി പദ്ധതി. Cadaver Transplantation പദ്ധതിയെപ്പറ്റി മേയ് 7-ന് പുറത്തിറങ്ങിയ 'മലയാള മനോരമ' ദിനപത്രത്തിൽ പറഞ്ഞിരിക്കുന്നത് അതും നിശ്ചലാവസ്ഥ യിലാണെന്നാണ്. 2017-ൽ വെറും അഞ്ച് Cadaver Transplantation മാത്രമാണ് നടത്താൻ കഴിഞ്ഞത്. 2014-ൽ 58-ഉം, 2015-ൽ 76-ഉം, 2016-ൽ 72 എണ്ണവുമാണ് നടന്നത്. 600-ഓളം ആളുകളുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞ

ആ പദ്ധതിയും ഇപ്പോൾ നിശ്ചലാവസ്ഥയിലാണ്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ അടിയന്തരമായി ഇടപെടണം. 1900-ത്തോളം ആളുകൾ അവയവം മാറ്റിവയ്ക്കലിനായി കാത്തിരിക്കുമ്പോൾ സർക്കാർ ഈ കാര്യത്തിൽ അലംഭാവം കാണിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. Cadaver Transplantation കൂടുതൽ പ്രയോജനകരമായ രീതിയിൽ നടപ്പിലാക്കുന്നതിനു വേണ്ടി എയർ ആംബുലൻസ് പദ്ധതി യു.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിയതാണ്, ഇപ്പോൾ ആ പദ്ധതിയും നിർത്തലാക്കിയിരിക്കുന്നത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കണം. അതുപോലെതന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ലിവർ ട്രാൻസ്പ്ലാന്റേഷൻ, ഏറ്റവും കുറഞ്ഞ ചെലവിൽ കരൾ മാറ്റിവയ്ക്കുന്നതിനുവേണ്ടി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 10 കോടി രൂപ മുടക്കി ആരംഭിച്ച പദ്ധതിയാണ്. അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലോ മറ്റേതെങ്കിലും ആശുപത്രിയിലോ പോയാൽ ഇരുപത്തിയഞ്ച്-മുപ്പത് ലക്ഷത്തോളം രൂപ ചെലവുവരും. രണ്ട് ലക്ഷം രൂപയ്ക്ക് നടപ്പാക്കാൻ കഴിയുന്ന ലിവർ ട്രാൻസ്പ്ലാന്റേഷൻ പദ്ധതിയും ഇന്ന് സ്തംഭനാവസ്ഥയിലാണ്. എക്വിപ്മെന്റ് വാങ്ങി, സ്റ്റാഫിനെ നിയമിച്ചു, ഐ.സി.-യൂണിറ്റ് തുടങ്ങി, ഡോക്ടർമാർക്ക് ട്രെയിനിംഗും കൊടുത്തുവെങ്കിലും എന്തുകൊണ്ടാണ് ആ പദ്ധതിയും മുന്നോട്ട് പോകാത്തത്? ഒരു ലിവർ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുകയും ചെയ്തതാണ്. എന്തുകൊണ്ടാണ് ആ പദ്ധതി നടപ്പിലാക്കാത്തത് എന്നതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കണം.

നമ്മുടെ സംസ്ഥാനത്ത് ഒരു കാലഘട്ടത്തിലും ഇല്ലാത്ത വിധത്തിൽ പകർച്ചവ്യാധികൾ പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ദിവസം ഒരാൾ വീതം മരണപ്പെടുകയാണ്. ഏപ്രിൽ 30-ലെ ഹിന്ദു ദിനപത്രത്തിലെ വാർത്ത 59 പേർ മരിച്ചുവെന്നാണ്. ഇന്ന് 9-ാം തീയതി ആയപ്പോഴേയ്ക്കും 9 പേർ മരിച്ചു. ഗവൺമെന്റ് ഇതിനെക്കുറിച്ച് ആലോചിക്കണം. തലസ്ഥാന നഗരം ഡെങ്കിപ്പനിയുടെ തലസ്ഥാനമായി മാറിയിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 25,000 രൂപയാണ് ഓരോ വാർഡിന്റേയും ശുചീകരണത്തിന് കൊടുത്തത്. ഇതുവരെ ആ തുക ഈ ഗവൺമെന്റ് കൊടുത്തിട്ടില്ല, ആളുകൾ മരിച്ചുവീഴുകയാണ്. എൻ.ആർ.എച്ച്.എം.-ൽ നിന്നും ശുചിത്വ മിഷനിൽ നിന്നും പഞ്ചായത്തിൽ നിന്നും ഒരു വാർഡിന് 25,000 രൂപ കൊടുത്തു. ഈ ഗവൺമെന്റ് എന്തുകൊണ്ട് കൊടുത്തില്ല? 75-ഓളം ആളുകൾ മരണപ്പെട്ടു. 9-ാം തീയതി വരെ 9 മരണം ഈ സംസ്ഥാനത്ത് നടന്നുകഴിഞ്ഞിരിക്കുകയാണ്. അതിനെക്കുറിച്ച് ഗവൺമെന്റ്

ഗൗരവത്തോടുകൂടി ആലോചിക്കണം. മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് 1050 സീറ്റുകളുണ്ടായിരുന്നത് 1350 സീറ്റുകളായി വർദ്ധിപ്പിക്കാൻ കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചു. ഇപ്പോൾ 50 സീറ്റ് കുറയുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റ് എറണാകുളത്തും മഞ്ചേരിയിലും പുതിയ മെഡിക്കൽ കോളേജ് തുടങ്ങി, ഇടുക്കിയിൽ 50 സീറ്റും പാലക്കാട് 100 സീറ്റുമാണ്. പാലക്കാട് മെഡിക്കൽ കോളേജ് തുടങ്ങിയതിനെ ഒരുപാട് ആളുകൾ വിമർശിച്ചു. 100 സീറ്റിൽ 70 സീറ്റിലും എസ്.സി. വിഭാഗത്തിന് അഡ്മിഷൻ കൊടുക്കത്തക്ക രീതിയിൽ ഇന്ത്യയിൽ ആദ്യമായി ഒരു മെഡിക്കൽ കോളേജ് തുടങ്ങാൻ കഴിഞ്ഞു. അങ്ങനെയാണ് 1050 സീറ്റുണ്ടായിരുന്നത് 1350 സീറ്റായി വർദ്ധിപ്പിക്കാൻ കഴിഞ്ഞത്. ഇപ്പോൾ സംഭവിച്ചിരിക്കുന്നത് പാലക്കാട് മെഡിക്കൽ കോളേജ് പൂട്ടി, എന്താണ് കാരണം? പാലക്കാട് മെഡിക്കൽ കോളേജിന് 58 കോടി രൂപ നബാർഡിന്റെ ഫണ്ട് അനുവദിച്ചു, 25 കോടി രൂപ സംസ്ഥാന ഗവൺമെന്റ് അനുവദിച്ചു, അവിടെ ക്ലാസ്സ് തുടങ്ങി. പക്ഷേ സംസ്ഥാന സർക്കാർ തുടർ പ്രവർത്തനത്തിനുവേണ്ട നടപടികൾ സ്വീകരിച്ചില്ല എന്നുള്ളത് തന്നെയാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാത്തതിനാൽ കുട്ടികളെ നാലും അഞ്ചും മെഡിക്കൽ കോളേജുകളിലേയ്ക്ക് മാറ്റി. ഇടുക്കി മെഡിക്കൽ കോളേജിൽ 50 സീറ്റുകൾ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിരിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിനായി 138000 സ്ക്വയർ ഫീറ്റ് കെട്ടിടം നിർമ്മിച്ചു. ആരുടെ താൽപ്പര്യപ്രകാരമാണ് ആ മെഡിക്കൽ കോളേജ് തുടങ്ങാതിരിക്കുന്നത്, നാലോ അഞ്ചോ ഡോക്ടർമാരുടെ താൽപ്പര്യമാണോ. ഒരു കുട്ടിക്ക് 25,000 രൂപ ഫീസിൽ പഠിക്കാം, പത്തോളം എസ്.സി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഫീസില്ലാതെ പഠിക്കാം. സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസത്തിനെതിരെ ശബ്ദമുയർത്തുന്ന ആളുകളോട് ഞങ്ങൾക്ക് പറയാനുള്ളത്, എന്തുകൊണ്ടാണ് ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ നിങ്ങൾ തുടങ്ങാത്തത്? കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച തിരുവനന്തപുരം മെഡിക്കൽ കോളേജിനെ.....മെഡിക്കൽ കൗൺസിലുകാർ പറഞ്ഞതെന്താണ്? ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ഒരു മെഡിക്കൽ കോളേജിന് അംഗീകാരം ലഭ്യമായിട്ടും വേണ്ടാ എന്ന് എഴുതികൊടുത്ത ഒരു സർക്കാരാണ് കേരള സർക്കാർ എന്നാണ്. നൂറ് കുട്ടികൾക്ക് പഠിക്കാനുള്ള അവസരമുണ്ടായിരുന്നു, അത് നിഷേധിച്ചു. 138000 സ്ക്വയർ ഫീറ്റ് കെട്ടിടം പണിതീർത്തു. ആവശ്യമായ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു, എല്ലാ

സൗകര്യങ്ങളും ചെയ്തു. അവിടെ ബഹുമാന്യയായ മന്ത്രി ഒരു ദിവസം സന്ദർശിക്കണം. തിരുവനന്തപുരം മെഡിക്കൽ കോളേജിന് അനുവദിച്ച പോസ്റ്റും കോന്നി മെഡിക്കൽ കോളേജിന് അനുവദിച്ച പോസ്റ്റും കൂടി പാരിപ്പള്ളിയിലേയ്ക്ക് എടുത്ത് മാറ്റി. ആ രണ്ട് മെഡിക്കൽ കോളേജും പൂട്ടി, പാരിപ്പള്ളി മെഡിക്കൽ കോളേജ് തുടങ്ങിയില്ല. എന്തുകൊണ്ട് പാരിപ്പള്ളിയിൽ തുടങ്ങാൻ കഴിഞ്ഞില്ല. ആവശ്യമായ നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണ്ടേ? അത് സ്വീകരിക്കാതെ മുന്നോട്ടുപോയി. കഴിഞ്ഞ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ തുടങ്ങിയത് പിന്നോക്ക പ്രദേശങ്ങളിലെ പാവപ്പെട്ട കുട്ടികൾക്ക് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് പഠിക്കാനുള്ള അവസരമുണ്ടാകണം, പാവപ്പെട്ട ആളുകൾക്ക് ചികിത്സ ലഭ്യമാകണം എന്ന ലക്ഷ്യത്തോടെയാണ്. പല ഘട്ടങ്ങളിലായി മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം നിൽക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജ്, പാരിപ്പള്ളി മെഡിക്കൽ കോളേജ്, കോന്നി മെഡിക്കൽ കോളേജ്, വയനാട് മെഡിക്കൽ കോളേജ്, കാസർഗോഡ് മെഡിക്കൽ കോളേജ്, തുടങ്ങി വിവിധ സ്റ്റേജുകളിൽ നിൽക്കുന്ന മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ തുക അനുവദിച്ച് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ സർക്കാരിന് ലഭിക്കേണ്ട 50 സീറ്റുകളുണ്ട്. ഇപ്പോഴത്തെ ഗവൺമെന്റ് വന്നപ്പോൾ ഫീസ് ഒരു വർഷം കൊണ്ട് 50 ശതമാനം വർദ്ധിപ്പിച്ച് 65,000 രൂപയാക്കി, ഇത് എന്തൊരു നീതികേടാണ്? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 10,000 രൂപ വച്ചാണ് വർദ്ധിപ്പിച്ചിരുന്നത്. ഇത് തീർച്ചയായിട്ടും നീതിരഹിതമാണ്. അതിലേയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

നീറ്റ് പ്രവേശന പരീക്ഷയെഴുതാൻ പോയ കുട്ടികൾക്ക് ഉണ്ടായ അപമാനം, കുട്ടികളെ അപമാനിക്കുക, അടിവസ്ത്രം മാറ്റുക, കൈമുറിച്ചു മാറ്റുക, ശിരോവസ്ത്രം മാറ്റുക ഇങ്ങനെയൊക്കെ ചെയ്താൽ കുട്ടികൾക്ക് എങ്ങനെ പരീക്ഷ എഴുതാൻ കഴിയും? കേന്ദ്ര ഗവൺമെന്റാണ് നീറ്റ് പരീക്ഷ നടത്തിയത് എന്നുള്ള ഒരു ധാരണയിൽ നിൽക്കാതെ, നമ്മുടെ കുട്ടികളെ അപമാനിച്ച, മനുഷ്യാവകാശ ലംഘനം നടത്തിയവർക്കെതിരെ ക്രിമിനൽ കേസ്സെടുക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പതിനാറ് പേരാണ് ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചത്. ആരോഗ്യം, ആയുഷ്, സാമൂഹ്യനീതി, ഭക്ഷ്യസുരക്ഷ തുടങ്ങിയ മേഖലകളെക്കുറിച്ചാണ് ചർച്ച നടന്നത്. ഇതിനെല്ലാം പൂർണ്ണമായി മറുപടി പറയാൻ തുടങ്ങിയാൽ ഒരു മണിക്കൂറിലേറെ സമയമെടുത്താലും തീരുകയില്ല. കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ ഈ ഗവൺമെന്റ് ആരോഗ്യ മേഖലയിൽ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ അത്രയും വലുതാണ്. സമയക്കുറവ് കാരണം ഇവിടെ ഉയർന്നുവന്ന ചർച്ചയിലെ എല്ലാ പ്രധാനപ്പെട്ട കാര്യങ്ങൾക്കും എനിക്ക് മറുപടി പറയാൻ കഴിഞ്ഞുവെന്ന് വരില്ല. പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രം ഞാൻ സൂചിപ്പിക്കുകയാണ്. 16 പേർ ചർച്ചയിൽ പങ്കെടുത്തുവെങ്കിലും, ആരോഗ്യ മേഖലയിൽ ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങൾ വസ്തുനിഷ്ഠമായി പരിശോധിച്ച്, കൃത്യമായി ചർച്ചയിൽ പങ്കെടുക്കാൻ വേണ്ടത്ര സമയം ഉപയോഗിച്ചു എന്നുപറയാൻ എനിക്ക് സാധിക്കുകയില്ല. പക്ഷേ, നല്ല ചർച്ചയായിരുന്നു. ചർച്ചയിൽ ഗുണപരമായിട്ടുള്ള വിമർശനങ്ങൾ ഉണ്ട്, സർക്കാർ ചെയ്ത കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലെ ഇപ്പോഴത്തെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ചയിൽ പങ്കെടുത്ത ചില ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിക്കുകയുണ്ടായി. 1957 മുതൽ 2017 വരെയുള്ള ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ തുടർച്ചയാണ്. ഒരു ഗവൺമെന്റ് കഴിഞ്ഞ് മറ്റൊരു ഗവൺമെന്റ് വരുമ്പോൾ എല്ലാം ഫുൾസ്റ്റോപ്പ് ഇട്ടിട്ട് പുതുതായി ആരംഭിക്കുകയല്ല ചെയ്യുന്നത്. 1957 മുതലുള്ള ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ നമ്മൾ വിശകലനം ചെയ്യേണ്ടതുണ്ട്. 1957-ലെ ഗവൺമെന്റ് അടിസ്ഥാനപരമായി സാധാരണക്കാർക്ക് ചികിത്സ കിട്ടാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ആ ഗവൺമെന്റിലെ പ്രഗൽഭനായ ഡോക്ടർ എ. ആർ. മേനോന്റെ നേതൃത്വത്തിൽ നടത്തിയ ജനകീയ ആരോഗ്യപ്രവർത്തനങ്ങൾ വീണ്ടും പരിശോധിക്കേണ്ടതാണ്. 1970-കൾ വരെ ജനകീയ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നമ്മൾ മുൻഗണന കൊടുക്കുകയും, പ്രാഥമിക ആരോഗ്യ പ്രവർത്തനങ്ങൾക്ക് നല്ല ശ്രദ്ധയുണ്ടാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 1970-കൾക്കുശേഷം കേരളത്തിലെ ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ അല്പം വഴിമാറിപ്പോയി എന്നുള്ളത് ഈ മേഖല വസ്തുനിഷ്ഠമായി പരിശോധിക്കുന്ന ആർക്കും മനസ്സിലാക്കാൻ സാധിക്കും. സ്പെഷ്യാലിറ്റിക്ക് കൂടുതൽ ഊന്നൽ കൊടുത്തും ആരോഗ്യ വ്യവസായ മേഖലയെ പ്രോൽസാഹിപ്പിക്കുന്ന സമീപനം സ്വീകരിച്ചും മുന്നോട്ടുപോയാൽ ഒരു പ്രൈമറി കെയർ, രോഗപ്രതിരോധത്തിലൂന്നിയുള്ള പ്രവർത്തനം, മാനസികവും ശാരീരികവുമായി സമ്പൂർണ്ണ ആരോഗ്യം പ്രദാനം ചെയ്യാനുള്ള ഗവൺമെന്റിന്റെ ഇടപെടൽ, ഇതൊക്കെയാണ് വഴിമാറിപ്പോയത്. അതുകൊണ്ടുതന്നെ പുതിയ ജീവിതശൈലീ

രോഗങ്ങളും, പുതിയ തലമുറ രോഗങ്ങളുമൊക്കെ വന്നു. ഇവിടെ ബഹുമാനപ്പെട്ട മുൻമന്ത്രിയടക്കം പറഞ്ഞതുപോലെ ധാരാളം പകർച്ചവ്യാധികൾ കേരളീയ സമൂഹത്തെ വേട്ടയാടുന്നു. നാമിതുവരെ ചെയ്തിട്ടുള്ള എല്ലാ നല്ല കാര്യങ്ങളുടേയും ഫലമായി ചില ആരോഗ്യ സൂചികകളിൽ കേരളം വളരെ മുന്നിട്ട് നിൽക്കുന്നുണ്ട്. ഐ.എം.ആർ-ഉം എം.എം.ആർ.-ഉം കുറയ്ക്കാൻ നമുക്ക് സാധിച്ചു, അതേസമയം രോഗാതുരതയും ജീവിതശൈലീ രോഗങ്ങളും വർദ്ധിച്ചിട്ടുണ്ട്. വലിയതോതിലുള്ള പകർച്ചവ്യാധികൾ വരുന്നുണ്ട്. ഇത് പരിഹരിക്കുകയാണ് ഈ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ഉദ്ദേശം. സാധാരണ നടക്കുന്ന പാതയിലൂടെ നടക്കുന്നതിന് ഒരു പ്രയാസവുമില്ല. ബജറ്റിൽ ഒരു നിശ്ചിത തുക അനുവദിക്കുക, നിശ്ചിതമായിട്ടുള്ള കുറേ പരിപാടികൾ-പദ്ധതികൾ ചൂണ്ടിക്കാണിച്ച് അതിന് പണം വകയിരുത്തുക, ഇങ്ങനെ ചെയ്തുപോകുക എന്നത് താരതമ്യേന എളുപ്പമുള്ള കാര്യമാണ്. എന്നാൽ നാം നടക്കുന്ന പാതയിൽനിന്ന് അല്പം മാറിനടന്ന്, സമഗ്രമായ മാറ്റമുണ്ടാക്കാനുള്ള ഇടപെടൽ നടത്തുക എന്നുള്ളത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. പ്രത്യേകിച്ച് ഫെഡറൽ ഭരണഘടനയനുസരിച്ച് കേരളത്തിൽ നമുക്ക് നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങൾക്ക് പരിമിതിയുണ്ട്. ആരോഗ്യം സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ നിൽക്കുന്ന കാര്യമായതുകൊണ്ട്, നമുക്ക് കുറേ കാര്യങ്ങൾ ഇവിടെ ചെയ്യാൻ സാധിക്കും. അത്തരം കാര്യങ്ങളുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. ആരോഗ്യമേഖലയിൽ ഗവൺമെന്റിന്റെ ഇടപെടൽ വർദ്ധിച്ചേ മതിയാകുകയുള്ളൂ. അഖിലേന്ത്യാടിസ്ഥാനത്തിൽ ജി.ഡി.പി.-യുടെ രണ്ട് ശതമാനത്തിൽ താഴെയാണ് ഈ മേഖലയിലെ വകയിരുത്തൽ. നമുക്ക് അത് വർദ്ധിപ്പിക്കണം. ആരോഗ്യ മേഖലയിലെ പണം വകയിരുത്തൽ വർദ്ധിപ്പിക്കുക, ഹ്യൂമൻ റിസോഴ്സ് കൂടുതൽ വർദ്ധിപ്പിക്കുക, പോസ്റ്റ് ക്രിയേഷൻ അടക്കമുള്ള കാര്യങ്ങൾ ചെയ്യുക തുടങ്ങി സമഗ്രമായിട്ടുള്ള ഒരു പരിഷ്കരണ പദ്ധതിയാണ് ഈ ഗവൺമെന്റ് ആവിഷ്കരിച്ചത്. ആർദ്രം പദ്ധതിയെക്കുറിച്ച് വേണ്ടത്ര ചർച്ച നടന്നിട്ടില്ല. ഒരു വർഷം കൊണ്ട് പൂർത്തിയാകുന്ന പദ്ധതിയല്ല ആർദ്രം. ആരോഗ്യ മേഖലയിൽ ഗുണപരമായ മാറ്റം ഉണ്ടാക്കാനുള്ള ഒരു പദ്ധതിക്കാണ് തുടക്കം കുറിച്ചത്. ആർദ്രം പദ്ധതിയെക്കുറിച്ച് ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. ഏറ്റവും കൂടുതൽ ഊന്നൽ കൊടുക്കുന്നത് പ്രാഥമികാരോഗ്യ രംഗത്ത് നാം മറന്നുപോയ കാര്യങ്ങൾ പുനഃസ്ഥാപിക്കുക എന്നതിനാണ്. മാനസികവും ശാരീരികവുമായി സുസ്ഥിരമായ ആരോഗ്യമുള്ള പൗരന്മാരായി മാറ്റാൻ അവിടത്തെ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുക എന്നാണ് പറഞ്ഞത്. അത് പ്രാവർത്തികമായോ എന്നുചോദിച്ചാൽ ഇല്ല, അതിന്റെ പ്രവർത്തനം നമ്മൾ തുടങ്ങുന്നതേയുള്ളൂ.

തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുകയാണ്. ചില മെമ്പർമാർ അതിനെക്കുറിച്ച് സംസാരിച്ചു. ഒരു പി.എച്ച്.സി.-ക്ക് കീഴിൽ 30000-ഓളം കുടുംബങ്ങൾ വരും. അവരെ രജിസ്റ്റർ ചെയ്ത് ഓരോ കുടുംബാംഗത്തിനും വ്യക്തിപരമായി ശ്രദ്ധ കിട്ടുന്ന രീതിയിൽ ചികിത്സ ക്രമീകരിക്കുകയാണ്. അവർക്കെല്ലാം ജീവിതശൈലീരോഗങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് പരിശോധനയും തുടർചികിത്സയും ലഭിക്കും. 170 കേന്ദ്രങ്ങളിലേയും പഞ്ചായത്ത് പ്രസിഡന്റുമാരേയും മെഡിക്കൽ ഓഫീസർമാരേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയുമെല്ലാം വിളിച്ച് പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. വളരെ ഉത്സാഹത്തോടെയാണ് പഞ്ചായത്ത് പ്രസിഡന്റുമാരെല്ലാം തിരിച്ചു പോയത്. എല്ലാവരും സി.പി.ഐ.(എം.)-ന്റെ പഞ്ചായത്ത് പ്രസിഡന്റുമാരായിരുന്നില്ല, മുസ്ലീം ലീഗിന്റെയും കോൺഗ്രസ്സിന്റെയും പഞ്ചായത്ത് പ്രസിഡന്റുമാർ അതിലുണ്ടായിരുന്നു. ഫാമിലി ഹെൽത്ത് സെന്റർ എന്തായിരിക്കണമെന്നും എന്തെല്ലാം സേവനങ്ങൾ ലഭിക്കുമെന്നും ഏത് മാതൃകയിലായിരിക്കണം എന്നതിനെക്കുറിച്ചും അവർക്ക് അവബോധം നൽകാൻ സാധിച്ചിട്ടുണ്ട്. എല്ലാ എം.എൽ.എ.-മാർക്കും ഇത് സർക്കുലേറ്റ് ചെയ്യുന്നതാണ്. ക്വാറ്റേഴ്സ് കെട്ടിടങ്ങളുണ്ടെന്ന് ചിലർ സൂചിപ്പിച്ചു. ക്വാറ്റേഴ്സ് കെട്ടിടങ്ങൾ ആശുപത്രിയായി മാറില്ല, ആ കെട്ടിടങ്ങളെ രോഗീ-സൗഹൃദ-ജനസൗഹൃദ ആശുപത്രിയായി മാറ്റാനുള്ള എല്ലാ കാര്യങ്ങളും കുടുംബാരോഗ്യ കേന്ദ്രത്തിലുണ്ടാകണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. എം.എൽ.എ.-മാർ അതിന് താല്പര്യമെടുക്കണം. അവരോടുകൂടി ചോദിച്ചതിനുശേഷമാണ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ തെരഞ്ഞെടുത്തത്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ എം.എൽ.എ.-മാരോട് അഭിപ്രായം ചോദിച്ചിരുന്നു, അതിന് നന്ദി പറയുകയാണ്. എന്നാൽ അതുമായി ബന്ധപ്പെട്ട തുടർന്നുള്ള കാര്യങ്ങളിൽ എം.എൽ.എ.-മാരെ പങ്കെടുപ്പിക്കാതിരുന്നതുപോലെ തോന്നുന്നു. ഇപ്പോൾ വീണ്ടും യോഗം വിളിച്ചത് നല്ല കാര്യമാണ്. തുടർന്നുള്ള കാര്യങ്ങളിലും എം.എൽ.എ.-മാരുടെ പങ്ക് ഉറപ്പുവരുത്തണം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, തീർച്ചയായും അങ്ങനെ ഒരാശങ്ക ഇക്കാര്യത്തിൽ ആവശ്യമില്ല. കക്ഷി രാഷ്ട്രീയമില്ലാതെ എല്ലാ ജന പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം നടത്തുക. ഈ കേന്ദ്രങ്ങളിൽ തുടക്കത്തിൽ ചുരുങ്ങിയത് രണ്ട് ഡോക്ടർമാരെ നിയമിക്കും. തദ്ദേശസ്വയംഭരണ വകുപ്പുകൂടി ഒരു ഡോക്ടറെ നിയമിച്ചുതരാമെന്ന് വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. എല്ലാംകൂടി മൂന്ന്

ഡോക്ടർമാരെയെങ്കിലും നൽകുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർമാർ ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾ അറിയുന്നവരാണ്. ബഹുമാനപ്പെട്ട വി. കെ. ഇബ്രാഹിം കുഞ്ഞ് എം.എൽ.എ., വളരെ സാത്വികനും കാര്യങ്ങൾ വസ്തുനിഷ്ഠമായി പറയുന്നയാളാണെന്നുമാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. അദ്ദേഹം സാത്വികൻ തന്നെയാണ്, അതിൽ സംശയമില്ല. എന്നാൽ സംസാരിച്ച മിക്ക കാര്യങ്ങളും വസ്തുനിഷ്ഠമായിരുന്നില്ല, വെറും രാഷ്ട്രീയപ്രേരിതമായാണ് കാര്യങ്ങൾ അവതരിപ്പിച്ചത്. ഈ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ എന്തായിരുന്നു സ്ഥിതി? പ്രൈമറി ഹെൽത്ത് സെന്ററുകളിൽ കുറേക്കാലമായി ഉച്ചവരെ മാത്രമേ ഡോക്ടർമാർ ഉണ്ടായിരുന്നുള്ളൂ. അതിനെയാണ് കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റി മുഴുവൻ സമയവും ചികിത്സ കിട്ടുന്ന രൂപത്തിലാക്കിയത്. സി.എച്ച്.സി.-കളെ താലൂക്ക് ആശുപത്രികളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെങ്കിലും അവിടെ ഡോക്ടർമാരില്ലെന്നും പോസ്റ്റ് ക്രിയേഷൻ നടന്നിട്ടില്ലെന്നും ആവശ്യമായ നടപടി സ്വീകരിക്കണമെന്നുമുള്ള രൂപത്തിൽ എല്ലാ എം.എൽ.എ. മാരും, സബ്മിഷൻ തന്നിരുന്നല്ലോ. ബഹുമാനപ്പെട്ട മുൻമന്ത്രി, ഇത് ഞാൻ വെറുതെ പറയുന്നതല്ല, താങ്കളുടെ നിയോജകമണ്ഡലത്തിലടക്കം പോസ്റ്റ് ക്രിയേഷൻ നടക്കാത്തതിന്റെ ഭാഗമായി, അപ്ഗ്രേഡ് ചെയ്ത ബോർഡും വച്ച് ഉദ്ഘാടനം നടത്തിയ സ്ഥാപനങ്ങളിലൊന്നും ഡോക്ടർമാരില്ല. അതിന്റെ കൃത്യമായ ലിസ്റ്റ് നമുക്കെടുക്കാം, അതിലൊന്നും തർക്കമില്ല. ഒരു കൊല്ലം പൂർത്തിയാകുന്ന സമയത്ത് എല്ലാ പ്രശ്നവും പരിഹരിച്ചു എന്ന് ഞാൻ പറയുന്നില്ല. എല്ലാ പ്രശ്നവും പരിഹരിക്കാൻ കഴിയില്ല എന്ന് ഞാൻ പറഞ്ഞു എന്ന രീതിയിൽ എന്നെ ഇവിടെ കളിയാക്കിയല്ലോ, അത്രയൊന്നും സാധ്യമല്ലെങ്കിലും എല്ലാം ശരിയാക്കാനുള്ള പരിശ്രമമാണ് ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് ഫലം കണ്ടിട്ടുണ്ടല്ലോ, ബഹുമാനപ്പെട്ട സണ്ണി ജോസഫ് എം.എൽ.എ. പറയട്ടെ, എന്റെ പഴയ മണ്ഡലവും താങ്കളുടെ പുതിയ മണ്ഡലവുമായ ഇരിട്ടിയിലും പേരാവൂരുമൊക്കെ ഞാൻ വരുന്ന സമയത്ത് ഡോക്ടർമാരുടെ അഭാവം വളരെയധികം ഉണ്ടായിരുന്നു. ഇപ്പോൾ ഡോക്ടർമാർ വന്നില്ലേ? അവരവരുടെ മണ്ഡലങ്ങളിലെ ആശുപത്രികളിൽ പുതുതായി എത്ര ഡോക്ടർമാർ വന്നു എന്ന കാര്യം ഓരോരുത്തരും സ്വയം ആലോചിച്ചാൽ മതി. ക്രിയേറ്റ് ചെയ്ത പോസ്റ്റുകളും പി.എസ്.സി. മുഖേന നിശ്ചയിച്ചിട്ടുള്ള ഡോക്ടർമാരും കേരളത്തിലെ ആശുപത്രികളിലേയ്ക്കാണ് പോയിരിക്കുന്നത്. ഇത്രമാത്രം വിമർശനമൊന്നുമായിരുന്നില്ല ആരോഗ്യ വകുപ്പിനെക്കുറിച്ച് പ്രതീക്ഷിക്കേണ്ടിയിരുന്നത്. എല്ലാം ശരിയായി എന്ന് ഞാൻ പറയുന്നില്ലെങ്കിലും കഴിഞ്ഞ ഒരു വർഷം സാർത്ഥകമായിരുന്നു. ആരോഗ്യ വകുപ്പിൽ നന്നായി ഇടപെടാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

ആർദ്രം മിഷന്റെ ഭാഗമായി ആശുപത്രികളെ രോഗീ സൗഹൃദമാക്കുക, Primary, Secondary, Tertiary വിഭാഗങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്. പ്രൈമറി ഹെൽത്ത് സെന്ററുകളുടെ കാര്യം അനുസംബന്ധിച്ച് പിന്നീട് ഒരു പ്രസ്താവനയായി സഭയിൽ വയ്ക്കാമെന്നാണ് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞിട്ടുള്ളത്. ഈ രംഗത്ത് വലിയ മാറ്റമാണ് ഉണ്ടാകാൻ പോകുന്നത്. Secondary, Tertiary മേഖലകളെ ഇതുപോലെ ശ്രദ്ധിക്കണം. സി.എച്ച്.സി.-കളെ ശ്രദ്ധിക്കുന്നില്ല എന്ന് ചിലർ പറഞ്ഞു. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ നാം പ്രത്യേകിച്ച് ശ്രദ്ധിക്കണം. ആർദ്രം പദ്ധതിയുടെ ഭാഗമായി ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിയന്തരമായി ചെയ്തിട്ടുള്ളത് താലൂക്ക് ഹോസ്പിറ്റലുകളിൽ സ്പെഷ്യാലിറ്റി സേവനങ്ങൾ ഉറപ്പുവരുത്തുക എന്നതാണ്. പറയുക മാത്രമല്ല അതിനുള്ള സംവിധാനങ്ങൾ ചെയ്തിട്ടുമുണ്ട്. അതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങും. 44 ഡയാലിസിസ് യൂണിറ്റുകൾക്ക് കിഫ്ബിയിൽ നിന്ന് പണം കിട്ടുകയും അത് ടെൻഡർ ചെയ്യുകയും ചെയ്തു. കെ.എം.എസ്.സി.എൽ.(Kerala Medical Services Corporation Limited) മുഖേന സ്ഥാപിക്കാൻ നടപടിയെടുത്തശേഷമാണ് സംസാരിക്കുന്നത്. മാത്രമല്ല 2 മെഡിക്കൽ കോളേജുകൾക്കും 8 ജില്ലാ ആശുപത്രികൾക്കുമായി 10 കാത്ത് ലാബ് അനുവദിച്ചു. മെഡിക്കൽ കോളേജുകളിൽ തിരക്ക്, ക്യൂ നില്ക്കുകയാണ്, പലയിടത്തും ഓപ്പറേഷൻ നടത്താൻ സാധിക്കുന്നില്ല, സ്വകാര്യ ആശുപത്രികളിൽ അഭയം പ്രാപിക്കുന്നു എന്നൊല്ലാ മായിരുന്നില്ലേ പഴയ വാർത്തകൾ. എങ്ങനെയാണ് സ്വകാര്യ ആശുപത്രികളുടെ കൊള്ള അവസാനിപ്പിക്കുക? നിയമം പാസ്സാക്കിയതുകൊണ്ട് കൊള്ള അവസാനിപ്പിക്കാൻ സാധിക്കില്ല. സ്വകാര്യ ആശുപത്രികളിലേയ്ക്ക് പോകാൻ വിധിക്കപ്പെട്ട കേരളത്തിലെ രോഗികളെ ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് കൊണ്ടുവരിക, വെറുതെ വരാൻ പറഞ്ഞാൽ വരില്ല, അവിടെ സൗകര്യങ്ങൾ ഒരുക്കികൊടുക്കണം. എന്നാൽ മാത്രമേ അവർക്ക് വരാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ വലിയ മാറ്റം ഉണ്ടാക്കി. മുൻ ആരോഗ്യ വകുപ്പുമന്ത്രിയടക്കം ആലോചിക്കേണ്ട വിഷയമാണ്, കേരളത്തിലെ 67% ജനങ്ങൾ ഇപ്പോഴും ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. എന്തു കൊണ്ടാണെന്ന് ഭരണപക്ഷം മാത്രമല്ല പ്രതിപക്ഷംകൂടി ആലോചിക്കേണ്ടതുണ്ട്. പൊതു ആശുപത്രികളിൽ പാവപ്പെട്ടവർക്കുവേണ്ടിയുള്ള സൗകര്യം ഇനിയും ഒരുക്കിക്കഴിഞ്ഞിട്ടില്ല എന്നതാണ്. ഒരു കൊല്ലം കൊണ്ട് പൂർണ്ണമായും ഒരുക്കാൻ

കഴിയില്ല, ഞങ്ങൾ തുടങ്ങുകയല്ലേ? പന്ത്രണ്ട് കോടി രൂപയോളം ചെലവഴിച്ച്. ടെൻഡർ ചെയ്ത് ഇൻസ്റ്റാൾ ചെയ്യാനുള്ള നടപടിക്രമങ്ങൾ തുടങ്ങിയിരിക്കുന്നു. 2 വർഷം കഴിയുമ്പോൾ ഹൃദയസംബന്ധമായ ചികിത്സ ജില്ലാ ആശുപത്രികളിൽ സാധിക്കുമെന്ന കാര്യം ഉറപ്പുവരുത്തി. ഈ ആശുപത്രികളിലെ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നത് ഇപ്പോഴത്തെ ഗവൺമെന്റ് എടുത്തിട്ടുള്ള ഏറ്റവും ശരിയായ തീരുമാനമാണ്. തെരഞ്ഞെടുക്കപ്പെട്ട 170 കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ 680 പുതിയ പോസ്റ്റ് ക്രിയേറ്റ് ചെയ്യണം. നേരത്തെ പറഞ്ഞ പോസ്റ്റ് ക്രിയേഷനു പുറമേയാണിത്. ഈ ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിൽ എത്തിയിട്ടുണ്ട്. അടുത്ത ക്യാബിനറ്റിൽ ഇത് പാസ്സാകും എന്ന് എനിക്ക് ഉറപ്പുണ്ട്. അത് തീരുമാനിച്ചിട്ടുള്ള കാര്യങ്ങളാണ്. പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്ത് നിശ്ചയിച്ചുകൊണ്ടാണ് തുടങ്ങുന്നത്. നേരത്തേ ക്രിയേറ്റ് ചെയ്ത 2000-ലേറെയുള്ള പോസ്റ്റുകളെക്കുറിച്ച് ആദ്യം സൂചിപ്പിച്ചു കഴിഞ്ഞു. പ്രാഥമിക തലത്തിൽ തന്നെ, രോഗപ്രതിരോധം, എൻ.സി.ഡി. കൺട്രോൾ, ഡിപ്രഷൻ ക്ലിനിക്കുകൾ ഇതെല്ലാം സാധ്യമാക്കി. കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന സ്ഥാപനങ്ങളിൽ ഡിപ്രഷൻ ക്ലിനിക്കുകൾ തുടങ്ങി. ജില്ലാതലത്തിൽ ഒരു ടീമിനെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു. ഡിപ്രഷൻ പ്രാഥമിക തലത്തിൽ തന്നെ പരിശോധിച്ച് ചികിത്സിച്ച് ഭേദമാക്കാൻ സൈക്കോളജിസ്റ്റും സൈക്യാട്രിസ്റ്റും സോഷ്യൽ വർക്കറുമെല്ലാം അടങ്ങിയ ഈ ടീമിന് സാധിക്കും. പി.എച്ച്.സി.-കളിൽ ഡിപ്രഷൻ ക്ലിനിക്കുകൾ തുടങ്ങിക്കഴിഞ്ഞാൽ മാനസികാരോഗ്യ മേഖലയിൽ വലിയ മാറ്റം ഉണ്ടാക്കാൻ സാധിക്കും. ഒരു തരത്തിലുമുള്ള സ്റ്റാൻഡേർഡൈസേഷനും ഇല്ലാതെ കുഴഞ്ഞുമറിഞ്ഞു കിടക്കുകയായിരുന്നില്ലേ? ആരെങ്കിലും പറഞ്ഞാൽ അപ്ഗ്രേഡ് ചെയ്യുക എന്നതായിരുന്നു. ബഹുമാനപ്പെട്ട പി. സി. ജോർജ് എം.എൽ.എ. അപ്ഗ്രേഡ് ചെയ്ത് തന്നില്ലെന്ന് പറഞ്ഞു, ഈ ഗവൺമെന്റ് ഒരു സ്റ്റാൻഡേർഡൈസേഷൻ നടത്തിയിട്ടുണ്ട്. പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ, ഒരു കമ്മ്യൂണിറ്റി വികസന ബ്ലോക്കിൽ ഒരു സി.എച്ച്.സി, താലൂക്ക് കേന്ദ്രങ്ങളിൽ താലൂക്കാശുപത്രി, ജില്ലയിൽ ജില്ലാ ആശുപത്രി, ജനറൽ ഹോസ്പിറ്റൽ എന്നിങ്ങനെയാണ് അത്. ഈ പറയുന്ന സംവിധാനങ്ങളെ ഉദ്ദേശിക്കുന്ന സ്പെഷ്യാലിറ്റിയോടുകൂടി വികസിപ്പിച്ചാൽ അപ്ഗ്രേഡ് ചെയ്യേണ്ട ആവശ്യം വരുന്നില്ല. വെറുതെ അപ്ഗ്രേഡ് ചെയ്ത് ബോർഡ് മാറ്റുക, പോസ്റ്റ് ക്രിയേഷൻ നടത്താതെ ആ സ്ഥാപനങ്ങളെ നോക്കുകുത്തികളാക്കുക എന്ന രീതിയായിരുന്നു കഴിഞ്ഞ ഗവൺമെന്റിന്റേത്. അങ്ങനെ ചെയ്യാൻ ഞങ്ങൾ

തീരുമാനിച്ചിട്ടില്ല. ഏതായാലും നല്ലൊരു സ്റ്റാൻഡേർഡൈസേഷൻ ഈ മേഖലയിൽ ഉണ്ടാക്കിയിട്ടുണ്ട്, അതനുസരിച്ചാണ് ഇപ്പോൾ കാര്യങ്ങൾ മുന്നോട്ടു പോകുന്നത്. ജില്ലാ ആശുപത്രികളെ അപ്ഗ്രേഡ് ചെയ്യാൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കാൻ പറഞ്ഞു. പെട്ടെന്ന് തയ്യാറാക്കിയിട്ടുള്ളവർക്ക് പണം അനുവദിച്ചു കഴിഞ്ഞു. എറണാകുളം ജനറൽ ഹോസ്പിറ്റലിന് 76 കോടി രൂപ അനുവദിച്ചു. രണ്ട് വർഷം കഴിയുമ്പോൾ അതിന്റെ മുഖച്ഛായ തന്നെ മാറും. കണ്ണൂർ ജില്ലാ ആശുപത്രിയുടെ മാസ്റ്റർ പ്ലാൻ പെട്ടെന്ന് തയ്യാറാക്കി തന്നു, 76 കോടി രൂപ അനുവദിച്ചു. പുനലൂർ താലൂക്ക് ആശുപത്രിക്കും ഫണ്ട് അനുവദിച്ചിരിക്കുന്നു. ഇക്കാര്യങ്ങളിൽ എം.എൽ.എ.-മാരെല്ലാം മുൻകയ്യെടുക്കണം. ഗവൺമെന്റിന്റെ മാത്രം ചുമതലയല്ല, നമ്മളെല്ലാം കൂടിച്ചേർന്നതാണ് ഗവൺമെന്റ്. നിങ്ങളുടെ നാട്ടിലെ ജില്ലാ ആശുപത്രികളും താലൂക്ക് ആശുപത്രികളും മെച്ചപ്പെടുത്താനുള്ള പ്രവർത്തനത്തിന് ബഹുമാനപ്പെട്ട എം.എൽ.എ.-മാരെല്ലാം മുൻകയ്യെടുത്താൽ ആർദ്രം മിഷൻ വളരെ ഭംഗിയായി നടപ്പിലാകും.

ആർദ്രം മിഷന്റെ മറ്റൊരു ഭാഗമാണ് ആശുപത്രികളെ രോഗീ സൗഹൃദമാക്കുക എന്നുള്ളത്. ഒ.പി. ബ്ലോക്ക് ട്രാൻസ്ഫർമേഷൻ ചെറിയ കാര്യമല്ല. ആശുപത്രിയിലേയ്ക്ക് ആദ്യം കടന്നുവരുന്ന ഒരാൾക്ക് തോന്നുന്ന പ്രതികരണം - ക്യൂ ഒഴിവാക്കുക, മരുന്നിനും അഡ്മിഷനും വേണ്ടി നെട്ടോട്ടമോടുന്ന അവസ്ഥ അവസാനിപ്പിക്കുക മുതലായ കാര്യങ്ങൾ. മെഡിക്കൽ കോളേജുകളിൽ ആ പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി അതിന്റെ പ്രവർത്തനം ആരംഭിച്ചു. എസ്.എ.ടി.-യിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലും ആർ.സി.സി.-യിലും ഒരു മാസം കൊണ്ട് ഒ.പി. ബ്ലോക്ക് ട്രാൻസ്ഫർമേഷൻ പൂർത്തിയാകും. അതിന്റെ വ്യത്യാസം അപ്പോൾ അറിയാൻ സാധിക്കും. ഇലക്ട്രോണിക് സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്യാനും ചികിത്സ നേടാനും എളുപ്പമാർഗ്ഗത്തിൽ സഞ്ചരിക്കാനും വിശ്രമിക്കാനുമൊക്കെ സാധ്യമാകുമ്പോൾ നമ്മുടെ ആശുപത്രിയുടെ മുഖച്ഛായതന്നെ മാറുന്നു എന്നുള്ളതാണ്. ഈ കാഴ്ചകളൊക്കെ വലിയ കോർപ്പറേറ്റ് ആശുപത്രികളിൽ കാണാൻ സാധിക്കും. പക്ഷേ അവിടെ കയറണമെങ്കിൽ പണം കൊടുക്കണം. പണം കൊടുക്കാതെ സാധാരണക്കാർ കയറിവരുന്ന ഗവൺമെന്റ് ആശുപത്രികളിൽ പോയാൽ ഇരിക്കാനും കുടിവെള്ളത്തിനും ടി.വി. കാണാനും ഇലക്ട്രോണിക് രജിസ്ട്രേഷൻ വഴി പോകാനുമൊക്കെയുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് ഒ.പി. ബ്ലോക്ക് മാറുമ്പോൾ നിങ്ങൾക്ക് അതിന്റെ വ്യത്യാസം പൂർണ്ണമായി മനസ്സിലാക്കാൻ കഴിയും. അതിന്റെയെല്ലാം പണികൾ നടന്നുകൊണ്ടിരിക്കുകയാണ്.

മെഡിക്കൽ കോളേജുകളെക്കുറിച്ച് എല്ലാവരും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മൂന്നാമതായി ടെർഷ്യറി വിഭാഗം-ജില്ലാ ആശുപത്രി മാത്രമല്ല മെഡിക്കൽ കോളേജുകളും മെച്ചപ്പെടുത്തണം. ഈ ഗവൺമെന്റിന്റെ നയം ഞങ്ങൾ വ്യക്തമായി പറഞ്ഞിട്ടുണ്ട്. നിലവിൽ എസ്റ്റാബ്ലിഷ്ഡായിട്ടുള്ള 5 മെഡിക്കൽ കോളേജുകൾ സെന്റർ ഓഫ് എക്സലൻസായി മാറ്റണം. തോന്നുന്നിടത്തെല്ലാം മെഡിക്കൽ കോളേജുകൾ പ്രഖ്യാപിക്കുക എന്ന നയം ഈ ഗവൺമെന്റിനില്ല. എന്നാൽ മുൻ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ചില മെഡിക്കൽ കോളേജുകളിൽ, മലയോര മേഖലയിലുള്ളവയ്ക്ക് പ്രത്യേകത കൊടുത്തുകൊണ്ട് അവ കഴിയുന്നത്ര വേഗത്തിൽ യാഥാർത്ഥ്യമാക്കുക എന്നുള്ളതാണ് സർക്കാരിന്റെ തീരുമാനം. ഇടുക്കി മെഡിക്കൽ കോളേജിനെക്കുറിച്ച്, അവിടെ എന്താണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത് എന്ന് വളരെ ഭംഗിയായി ശ്രീ. റോഷി അഗസ്റ്റിൻ ഇവിടെ പറഞ്ഞു. അങ്ങനെ പറയുമ്പോൾ ആ വിമർശനം ഉൾക്കൊള്ളാൻ ഒരു സുഖമുണ്ടായിരുന്നു. ചെയ്തിട്ടുള്ള കാര്യങ്ങൾ അംഗീകരിച്ചുകൊണ്ട് നിങ്ങൾ ഉന്നയിക്കുന്ന ഏത് വിമർശനവും ഉൾക്കൊള്ളാൻ സാധിക്കും. ശ്രീ. റോഷി അഗസ്റ്റിൻ അതിൽ ഇടപെടുന്ന ഒരാളാണ്. അതുകൊണ്ടാണ് അദ്ദേഹത്തിന് അങ്ങനെ പറയാൻ കഴിഞ്ഞത്. ഇടുക്കി എം.എൽ.എ. ശ്രീ. റോഷി അഗസ്റ്റിനും എം. പി. ശ്രീ. ജോയിസ് ജോർജ്ജുമൊക്കെ വളരെ താൽപ്പര്യത്തോടുകൂടി അക്കാര്യത്തിൽ ഇടപെട്ടു. അതുകൊണ്ടാണ് സർക്കാരും അക്കാര്യത്തിൽ വളരെ താൽപ്പര്യത്തോടുകൂടി ഇടപെട്ടത്. ഇടുക്കി മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറയുകയുണ്ടായി. അതുകൊണ്ട് ഞങ്ങൾ അവിടെപോയി മീറ്റിംഗ് നടത്തി, അത് യാഥാർത്ഥ്യമാകും. അവിടെയുള്ള കുട്ടികളെ മാറ്റേണ്ട സാഹചര്യമുണ്ടായത് ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണം. ഇടുക്കി മെഡിക്കൽ കോളേജിലെ കുട്ടികളെ മാറ്റിയെന്ന് എത്ര എളുപ്പത്തിലാണ് നിങ്ങൾ പറഞ്ഞത്; എന്തിനാണ് മാറ്റിയത്? നിങ്ങൾ ഇടുക്കിയിൽ മെഡിക്കൽ കോളേജ് അനുവദിച്ചു. അവിടെ എന്തെങ്കിലും സൗകര്യം ഉണ്ടായിരുന്നോ? എം.ബി.ബി.എസ്.-ന് അവിടെ ലക്ചർ മെത്തേഡ് ആണെന്നാണ് കുട്ടികളും രക്ഷിതാക്കളും പറയുന്നത്. കുട്ടികളെ ഡസ്കിലും ബഞ്ചിലും ഇരുത്തി പഠിപ്പിക്കുകയാണ്. ക്ലിനിക്കൽ എക്സ്പീരിയൻസിന് എന്തെങ്കിലും സൗകര്യം ഒരുക്കിയിട്ടാണോ അവിടെ മെഡിക്കൽ കോളേജ് ആരംഭിച്ചത്? എല്ലാ സൗകര്യങ്ങളും ഒരുക്കിയശേഷം ക്ലാസ്സ് ആരംഭിക്കാൻ സാധിക്കുമോ എന്ന് നിങ്ങൾ ചോദിക്കും? ക്ലാസ്സ് ആരംഭിച്ച് മൂന്നാമത്തെ കൊല്ലം

ആകുമ്പോഴെങ്കിലും കുട്ടികൾക്ക് സൗകര്യമൊരുക്കണ്ടേ? അഷ്വറൻസ് കൊടുത്ത് എം.സി.ഐ.-യുടെ അംഗീകാരം നേടിയെടുക്കുന്നതാണോ മെഡിക്കൽ കോളേജ് ഉണ്ടാക്കൽ എന്ന് പറയുന്നത്? ഞങ്ങൾ അതുപോലെയല്ല അവിടെ ചെയ്തത്. ഞങ്ങൾ അവിടെ പോയി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴും അവിടെ പ്രത്യേക ബ്ലോക്കിനായി 76 കോടി രൂപ അനുവദിച്ച് നൽകി. അവിടെ മുടങ്ങിക്കിടന്നിരുന്ന പ്രവൃത്തികളാണ് ഞങ്ങൾ പുനരാരംഭിച്ചത്. കോളേജിന്റെ നിർമ്മാണപ്രവർത്തനം നടക്കുന്നുണ്ട്. പക്ഷേ ക്ലിനിക്കൽ എക്സ്പീരിയൻസും മറ്റ് സൗകര്യങ്ങളും പൂർണ്ണമായും ലഭിക്കണമെങ്കിൽ ഇനിയും സമയമെടുക്കും. ആ കുട്ടികളുടെ ഭാവി തുലയ്ക്കാതിരിക്കാൻ, നല്ല ഡോക്ടർമാരായി അവർ പുറത്തിറങ്ങാൻ അവരുടെ രക്ഷിതാക്കളടക്കമുള്ളവരുടെ നിർദ്ദേശപ്രകാരം കുട്ടികളെ മറ്റ് മെഡിക്കൽ കോളേജുകളിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഞങ്ങൾ ചെയ്തിട്ടുള്ള ഏറ്റവും നല്ല കാര്യമാണ് അതെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയണം.

നിങ്ങളുടെ ഭരണകാലത്ത് കളമശ്ശേരി മെഡിക്കൽ കോളേജ്, ഏറ്റെടുത്തതല്ലാതെ എന്താണ് അവിടെ ഉണ്ടായിരുന്നത്? അത്യാവശ്യത്തിനുള്ള ഒരു സക്ഷൻ പമ്പ് പോലുമില്ലാത്ത ഒരു കോളേജ്. ഏറ്റെടുത്താൽ ഗവൺമെന്റ് എന്തെങ്കിലും ചെയ്യണ്ടേ? 2013-ൽ നിങ്ങൾ ആ കോളേജ് ഏറ്റെടുക്കുകയുണ്ടായി. അതിനുശേഷം നിങ്ങൾ എന്തെങ്കിലും ചെയ്തോ? 2014-15 കാലഘട്ടത്തിൽ നിങ്ങളായിരുന്നല്ലോ ഭരിച്ചിരുന്നത്. അതിനുശേഷം കളമശ്ശേരി മെഡിക്കൽ കോളേജിന് എന്താണ് സംഭവിച്ചത്? അവിടെ ദുരന്തങ്ങൾ ഉണ്ടാകുന്നത് വെറുതെയൊന്നുമല്ല. ഞങ്ങൾ അതിൽ ഇടപെടുകയും ഒന്നരക്കോടി രൂപ ചെലവഴിച്ച് അത്യാവശ്യ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. പ്രസ്തുത മെഡിക്കൽ കോളേജിനെ കിഫ്ബിയിൽ ഉൾപ്പെടുത്തി ഇപ്പോൾ 310 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. 108 തസ്തികകൾ സൃഷ്ടിച്ച്, ഒ.പി.-യും, ഫാർമസിയുടെ പ്രവർത്തനവും 24 മണിക്കൂറാക്കി മാറ്റിയതടക്കമുള്ള ധാരാളം കാര്യങ്ങൾ പ്രസ്തുത മെഡിക്കൽ കോളേജിനെ സംബന്ധിച്ച് പറയാനുണ്ട്. സമയക്കുറവുമൂലം അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല.

തൃശ്ശൂർ മെഡിക്കൽ കോളേജിനെ സംബന്ധിച്ച് അവിടത്തെ എം.എൽ.എ. ശ്രീ. അനിൽ അക്കരെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം ആ മെഡിക്കൽ കോളേജിനെ ശ്രദ്ധിക്കുന്നുണ്ട്. വസ്തുതാപരമല്ലാത്ത ചില വിമർശനങ്ങൾ വരുന്നുണ്ടോയെന്ന് ഞാൻ അദ്ദേഹത്തോട് ചോദിക്കാറുണ്ട്. അങ്ങനെ വന്നാൽ അത് വസ്തുതാപരമല്ലെന്ന് പറയും. ഇപ്പോൾ തൃശ്ശൂർ മെഡിക്കൽ കോളേജിൽ

കാത്ത്ലാബ് അനുവദിച്ചിരിക്കുകയാണ്. ഞാൻ അവിടെ വരുമ്പോൾ ടെലി കോബാൾട്ട് മെഷീൻ കേടായി റേഡിയേഷൻ നടക്കുന്നുണ്ടായിരുന്നില്ല. ഒരു കോടി രൂപ ചെലവഴിച്ച് ആ മെഷീൻ നന്നാക്കിയിട്ടുണ്ട്. അതിന്റെ പാർട്ട്സ് വിദേശത്തുനിന്നും വരുത്തേണ്ടതാണ്. പ്രസ്തുത മെഡിക്കൽ കോളേജിൽ 2.25 കോടി രൂപ ചെലവഴിച്ച് പുതിയൊരു ടെലി കോബാൾട്ട് മെഷീൻ അനുവദിച്ചു. ലീനിയർ ആക്സിലറേറ്ററിന് 12 കോടി രൂപയും അനുവദിച്ചു. ഡെന്റൽ കോളേജിൽ 24 തസ്തികകൾ സൃഷ്ടിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സ്റ്റാഫ് നഴ്സിന്റെ 721 പുതിയ തസ്തികകൾ സൃഷ്ടിച്ചതിൽ 74 തസ്തികകൾ തൃശ്ശൂർ മെഡിക്കൽ കോളേജിന് നൽകി.

കോഴിക്കോട് മെഡിക്കൽ കോളേജിൽ മുടങ്ങിക്കിടക്കുകയായിരുന്ന പി.എം.ജി.എസ്.വൈ. പദ്ധതി പുനഃസ്ഥാപിച്ചു. 250 വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലിന് 14 കോടി രൂപ അനുവദിച്ചു. അതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. അവിടെ സ്റ്റാഫ് നഴ്സിന്റെ 232 തസ്തികകൾ സൃഷ്ടിച്ചു, 18 പുതിയ പി.ജി. സീറ്റുകൾ അനുവദിച്ചു, വികസന പ്രവർത്തനങ്ങൾക്കും മറ്റും പണം അനുവദിച്ചിട്ടുണ്ട്. ചെറിയ തുകയുടെ കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. അവിടേയ്ക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. മാതൃഭൂമി മിഷന്റെ ഭാഗമായി വലിയൊരു മിഷൻ പ്രവർത്തനം തന്നെയാണ് അവിടെ നടക്കുന്നത്. വലിയ മാറ്റമാണ് ആ മെഡിക്കൽ കോളേജിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

കോട്ടയം മെഡിക്കൽ കോളേജിൽ ലോ എനർജി ലീനിയർ ആക്സിലറേറ്ററിനായി 8 കോടി രൂപ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അനുവദിച്ചു. റിസർച്ച് ബ്ലോക്ക് നിർമ്മാണത്തിന് 15 കോടി രൂപ, ഫാർമസ്യൂട്ടിക്കൽ ബ്ലോക്കിന് 32 കോടി രൂപ തുടങ്ങിയ ചെറിയ തുകകളെല്ലാം ചേർത്ത് വലിയൊരു തുകയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത മെഡിക്കൽ കോളേജിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. അതും സെന്റർ ഓഫ് എക്സലൻസാക്കി ഉയർത്താനുള്ള പ്രവർത്തനം ഈ സർക്കാർ ആരംഭിച്ചുകഴിഞ്ഞു. സ്റ്റാഫ് നഴ്സിന്റെ 155 തസ്തികകൾ അനുവദിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ പബ്ലിക്ക് ഹെൽത്ത് ഡെന്റിസ്ട്രി (എം.ഡി.എസ്.) കോഴ്സിന് ഈ വർഷം മുതൽ ആരംഭം കുറിക്കുകയാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രതീക്ഷാവഹമായിട്ടുള്ള, അത്ഭുതകരമായിട്ടുള്ള മാറ്റത്തിനാണ് അടിത്തറയിട്ടത്. ഒരു മിഷൻ വർക്കാണ് അവിടെ നടക്കുന്നത്. അവിടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 11 കോടി രൂപയും

4 കോടി രൂപയുമൊക്കെയായി പണം അനുവദിച്ചിട്ടുണ്ട്. കൂടാതെ, മാസ്റ്റർ പ്ലാനിനായി കിഫ്ബി വഴി 400 കോടി രൂപ അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുകയാണ്. ആശുപത്രിയിലെ സൂപ്രണ്ടും, പ്രിൻസിപ്പാളുമൊക്കെ ചേർന്ന് നല്ലൊരു ടീം വർക്കാണ് അവിടെ നടക്കുന്നത്. സ്റ്റാഫ് നഴ്സിന്റെ 209 തസ്തികകളാണ് അവിടെ കൊടുത്തിട്ടുള്ളത്. 417 താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ ആദ്യമായി ഡി.എം. (എൻഡോക്രൈനോളജി) കോഴ്സിന് 2 പി.ജി സീറ്റുകൾ ലഭിച്ചിരിക്കുകയാണ്. കൂടാതെ 46 പുതിയ പി.ജി. സീറ്റുകൾ വിവിധ മേഖലകളിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന് കിട്ടിയിട്ടുണ്ട്. ഞാൻ ഓരോന്നായി എടുത്തുപറയുന്നില്ല. ഈ രീതിയിലുള്ള എല്ലാ വികസന പ്രവർത്തനങ്ങളും ആലപ്പുഴ മെഡിക്കൽ കോളേജിലും നടക്കുകയാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആവശ്യമായ സജ്ജീകരണങ്ങളൊന്നുമില്ലാതെ കരൾമാറ്റ ശസ്ത്രക്രിയ നടത്തി. ഇത് വളരെ ഡെഡിക്കേറ്റഡ് ആയിട്ടുള്ള, സങ്കീർണ്ണമായിട്ടുള്ള കാര്യമാണ്. കരൾമാറ്റ ശസ്ത്രക്രിയ്ക്ക് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഒരുക്കാതെ നടത്തിയതിന്റെ ഭാഗമായി അത് പരാജയപ്പെട്ടു. എല്ലാ സൗകര്യങ്ങളും ഒരുക്കിയതിനുശേഷം മാത്രമേ കരൾമാറ്റ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിക്കുകയുള്ളൂ എന്നാണ് ഞങ്ങൾ തീരുമാനിച്ചിട്ടുള്ളത്. സൗകര്യങ്ങളില്ലാതെ ഒരു ശസ്ത്രക്രിയ ആരംഭിച്ചിട്ട് കാര്യമില്ല.

മലബാർ ക്യാൻസർ സെന്ററിനേയും കൊച്ചിൻ ക്യാൻസർ സെന്ററിനേയും സംബന്ധിച്ച് ഇന്നലത്തെ ചോദ്യോത്തരവേളയിൽ ഞാൻ മറുപടി നൽകിയതാണ്. കാസർഗോഡ് മെഡിക്കൽ കോളേജ് പരിഗണനയിലുണ്ട്. കൊച്ചിൻ ക്യാൻസർ സെന്റർ യാഥാർത്ഥ്യമാകുന്നതോടുകൂടിയും മലബാർ ക്യാൻസർ സെന്റർ വിപുലീകരിക്കുന്നതോടുകൂടിയും ക്യാൻസർ ചികിത്സാ മേഖലയിൽ വലിയൊരു കുതിച്ചുചാട്ടമാണ് ഉണ്ടാകാൻ പോകുന്നത്. 'ആയുർദീപ്തം' പോലുള്ള പരിപാടികൾ ക്യാൻസർ മേഖലയിലുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 1399 തസ്തികകളാണ് സൃഷ്ടിച്ചിരിക്കുന്നത്. കൂടാതെ, 2256 നിയമനങ്ങൾ പി.എസ്.സി. വഴി നടത്തിയിട്ടുണ്ട്. ഇത് ഒരു ചരിത്ര നേട്ടമാണെന്ന് പറയാം. ആർദ്രം പദ്ധതി കൂടാതെ എസ്.ഡി.ജി. സുസ്ഥിര വികസന ലക്ഷ്യം പ്രഖ്യാപിച്ചുകൊണ്ട് ഐക്യരാഷ്ട്രസഭയുടെ നിർദ്ദേശം അനുസരിച്ച്, പ്രഖ്യാപനത്തിന് അനുയോജ്യമായി നമ്മുടെ ലക്ഷ്യം പ്രഖ്യാപിച്ചു. 2020-ലും 2030-ലും കൈവരിക്കേണ്ട ലക്ഷ്യം

പ്രഖ്യാപിച്ചിട്ടുണ്ട്. കുഷ്ഠം, മന്ത് തുടങ്ങിയ രോഗ നിർമ്മാർജ്ജനത്തിനാവശ്യമായ സമീപനം 18 എക്സ്പേർട്ട് ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ട് പ്രവർത്തിക്കുകയാണ്. അത് വീണ്ടും തുറക്കുന്നതാണ്. അതിന്റെ ലക്ഷ്യം പ്രഖ്യാപിച്ചിട്ടുണ്ട്. എൻ.സി.ഡി. കൺട്രോളിനാവശ്യമായ കാര്യങ്ങൾക്കായി WHO (World Health Organization) -ന്റെ സഹായമുണ്ട്. ആർദ്രം പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്ന ജനകീയ പ്രവർത്തനങ്ങൾ കണ്ട് ആകൃഷ്ടരായി നിങ്ങളെ ഞങ്ങൾ സഹായിക്കാം എന്നുപറഞ്ഞ് ലോകാരോഗ്യ സംഘടനയിൽനിന്നും ഇങ്ങോട്ട് നിർദ്ദേശം ഉണ്ടാകുകയാണ്. ക്വാളിറ്റി ഇംപ്രൂവ്മെന്റിന് ഇന്റർനാഷണൽ കൺസൾട്ടന്റിനെ ലഭ്യമാക്കാമെന്ന് ലോകാരോഗ്യ സംഘടന പറയുകയുണ്ടായി. ഗ്യാപ്പ് അനാലിസിസ് നടത്തിക്കൊണ്ട് പുതിയ നിർദ്ദേശങ്ങൾ നൽകാൻ അവർ കൺസൾട്ടന്റിനെ നിശ്ചയിക്കും.

നമ്മളെ സഹായിക്കാനായി സി.എം.സി. വെല്ലൂരിനെ ഡബ്ല്യു.എച്ച്.ഒ. ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹൈപ്പർ ടെൻഷൻ ട്രീറ്റ്മെന്റിന് ഒരു പ്രത്യേക മാർഗ്ഗരേഖയുണ്ടാക്കാൻവേണ്ടി ലണ്ടനിലെ ഇംപീരിയൽ കോളേജ് സഹായിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. മെന്റൽ ഹെൽത്തിന്റെ കാര്യത്തെ സംബന്ധിച്ച് ഞാൻ പറഞ്ഞിരുന്നു. സമ്പൂർണ്ണ ട്രോമാ കെയർ പദ്ധതിയുടെ എല്ലാ രൂപ രേഖയുമായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ചതുപോലെ ഹൈവേയിലുള്ള പ്രധാനപ്പെട്ട ആശുപത്രികളിൽ സമ്പൂർണ്ണ ട്രോമാ കെയർ സിസ്റ്റം ഏർപ്പെടുത്തും. എയിംസിലെ ജയപ്രകാശ് നാരായൺ ട്രോമാ കെയർ സെന്റർ ഞങ്ങൾ സന്ദർശിച്ചിരുന്നു. അവിടെനിന്ന് ഡോ. സജീവ് ബോയ് ഉൾപ്പെടെയുള്ള ആളുകൾ ഇവിടെ വന്ന് ഞങ്ങൾക്ക് നിർദ്ദേശം നൽകുകയും ട്രെയിനിംഗ് നടത്തുകയും ചെയ്തു. അതിന് ഫണ്ടും കണ്ടെത്തിയിട്ടുണ്ട്. സമ്പൂർണ്ണ ട്രോമാ കെയർ സിസ്റ്റം ആരംഭിക്കുന്നതിന് എയിംസുമായി എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ വളരെ വേഗത്തിൽത്തന്നെ നടപ്പിലാക്കുന്നതാണ്. ആശുപത്രികളെ ലെവൽ 1, ലെവൽ 2, ലെവൽ 3, ലെവൽ 4 ആയി തിരിച്ചുകൊണ്ടുള്ള പ്രത്യേക പദ്ധതിയാണ് നടപ്പാക്കുന്നത്. സമയക്കുറവുമൂലം ഇതുസംബന്ധിച്ച് വിശദമായി പറയുന്നില്ല. 'ഇ-ഹെൽത്ത്' പദ്ധതിയെപ്പറ്റി ഇവിടെ പറഞ്ഞു. കേരളത്തിന്റെ ചികിത്സാ മേഖലയിൽ ഈ പദ്ധതി വലിയ മാറ്റമുണ്ടാക്കുന്നതാണ്. ആരോഗ്യമേഖലയിലെ എല്ലാ കാര്യങ്ങളും വിശദമായി പറയാൻ സമയമില്ലാത്തതിനാൽ ഞാൻ വിശദമായ ഒരു പ്രമേയമായി അവതരിപ്പിക്കുന്നതാണ്.

സാമൂഹ്യനീതി വകുപ്പ് പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങളാണ് കൈകാര്യം ചെയ്യേണ്ടത്. സ്ത്രീകൾ, കുട്ടികൾ, പ്രായം ചെന്നവർ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് സുരക്ഷിതത്വം ഉറപ്പു വരുത്തുകയാണ് സാമൂഹ്യനീതി വകുപ്പിന്റെ പ്രധാന ലക്ഷ്യം. അതിനുവേണ്ടി വളരെ നൂതനമായ ഒട്ടേറെ പദ്ധതികളാണ് കഴിഞ്ഞ ഒരു വർഷം ഞങ്ങൾ അംഗീകരിച്ചത്. ഭിന്നശേഷിക്കാർക്കുവേണ്ടി 'അനുയാത്ര' എന്ന പദ്ധതി ആരംഭിച്ചു. 'അനുയാത്ര' പദ്ധതി എന്നാൽ അവരോടൊപ്പം സഞ്ചരിച്ചുകൊണ്ട് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുക എന്നതാണ്. ഏർലി ഇന്റർവെൻഷൻ മുതൽ പുനരധിവാസം വരെയുള്ള കാര്യങ്ങൾ ആ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'ശ്രുതി തരംഗം' പദ്ധതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റ് ചെയ്തതിനേക്കാൾ കൂടുതൽ ഓപ്പറേഷൻ ഇത്തവണ ശ്രുതി തരംഗം പദ്ധതിയിലൂടെ നടത്തിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ പെറ്റീഷൻ ഞങ്ങളുടെ കൈവശമുണ്ട്. അവരുടെയും ഓപ്പറേഷൻ നടത്തുന്നതാണ്. ശ്രുതി തരംഗത്തിന്റെ മുന്നോടിയായി 'കാതോരം' പദ്ധതി കൊണ്ടുവന്നിട്ടുണ്ട്. ഒരു കുട്ടി ജനിച്ചാൽ ഒന്നാം മാസവും മൂന്നാം മാസവും ആറാം മാസവും പതിനെട്ടാം മാസവും പരിശോധന നടത്തി ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്ന രോഗങ്ങൾ ഭേദമാക്കുകയും എയ്ഡ് കൊടുക്കേണ്ടതിന് എയ്ഡ് കൊടുക്കുകയും ചെയ്യും. ഒരു ലക്ഷം ഭിന്നശേഷിക്കാർക്ക് സ്വാവലംബൻ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കും. അതിന്റെ പ്രീമിയം ഗവൺമെന്റ് അടയ്ക്കും. ഭിന്നശേഷിക്കാർക്ക് യൂണിവേഴ്സൽ ഐഡന്റിറ്റി കാർഡ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി ബാരിയർ ഫ്രീയായി കേരളത്തെ മാറ്റാനുള്ള പ്രവർത്തനമാണ് നടത്തുന്നത്. ഈ വർഷം രണ്ട് ജില്ലകൾ ഏറ്റെടുക്കുന്നതിന് 15 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. 215 അംഗപരിമിതർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട്. പ്രായം ചെന്നവർക്കുവേണ്ടി 'സായംപ്രഭ' പ്രോജക്ട് കൊണ്ടുവന്നു. പ്രായം ചെന്ന ആളുകൾ ജനസംഖ്യയുടെ 13 ശതമാനമുണ്ട്. പകൽവീടുകളും വൃദ്ധസദനങ്ങളും പരിഷ്കരിച്ച് ആധുനികമാക്കി മാറ്റും. വളരുന്ന കേരളം വളർത്തിയവർക്ക് ആദരം എന്ന പേരിൽ ക്യാമ്പയിൻ നടത്തുന്നു. വൃദ്ധർക്ക് അൽഷിമേഴ്സ് പിടിപെടുന്നത് പ്രത്യേകമായി ശ്രദ്ധിക്കാൻ പദ്ധതിയുണ്ട്. അവർക്കുവേണ്ടി ഹെൽത്ത് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നുണ്ട്. കുട്ടികൾ ആക്രമിക്കപ്പെടുന്ന സാഹചര്യത്തിൽ കുട്ടികളുടെ കാര്യം വളരെയേറെ ശ്രദ്ധിക്കേണ്ടതായതിനാൽ ചെറിയ കുട്ടികൾക്കുവേണ്ടി 'ജനനി ജാതക് ' എന്ന പദ്ധതി തുടങ്ങിയിട്ടുണ്ട്. ആദ്യത്തെ ആയിരം ദിവസങ്ങൾ കുഞ്ഞിന് ശ്രദ്ധയും

സംരക്ഷണവും നൽകാൻ, പ്രത്യേകിച്ച് അട്ടപ്പാടി ആദിവാസി മേഖലയിൽ പ്രത്യേക പദ്ധതിയുണ്ട്. പുതിയ ചിൽഡ്രൻസ് ഹോമുകൾ (ഗേൾസ് ഹോമുകൾ) തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, വയനാട്, കാസർഗോഡ്, പാലക്കാട്, മലപ്പുറം ജില്ലകളിൽ ആരംഭിക്കും. അതിനായി തുക നീക്കിവച്ചിട്ടുണ്ട്. തുക നീക്കിവച്ചിട്ടുള്ള പദ്ധതികളാണ് പറയുന്നത്. മാനസികപീഡനം നേരിടുന്ന കുട്ടികളുടെ ചികിത്സയ്ക്കായി ബാലനിധി ഫണ്ട് രൂപീകരിക്കുന്നതാണ്. വിഷമകരമായ സാഹചര്യത്തിലുള്ള കുഞ്ഞുങ്ങളെ അധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങളുണ്ട്. 250 പുതിയ ക്രഷേകൾ ആരംഭിക്കും. അങ്കണവാടികൾക്ക് വലിയ പരിഗണനയാണ് ഈ ഗവൺമെന്റ് നൽകുന്നത്. 9000-ത്തോളം അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. ഈ വർഷം 2000 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് പ്രീസ്കൂളിന്റെ അന്തസ്സിൽ അങ്കണവാടികളെ മാറ്റണമെന്നാണ്. ആ രീതിയിലുള്ള പദ്ധതികളെല്ലാം തയ്യാറാക്കുന്നുണ്ട്. അങ്കണവാടി കുട്ടികൾക്ക് യൂണിഫോം കൊടുക്കും. ഇത് പ്രഖ്യാപനം മാത്രമല്ല, തുക നീക്കിവച്ചിട്ടാണ് പറയുന്നത്. പക്ഷേ അടുത്ത ഒരു വർഷം പൂർത്തിയാകുമ്പോഴാണ് അത് പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുന്നത്. 700 അങ്കണവാടികൾക്ക് സ്ഥലം ലഭിക്കുകയും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സമയക്കുറവുമൂലം ഈ വിഷയത്തിലും എല്ലാ കാര്യങ്ങളും പറയാൻ കഴിയുന്നില്ല.

വിധവകൾക്കുവേണ്ടി വനിതാവികസന കോർപ്പറേഷൻ പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ട്. വിധവകൾക്ക് തൊഴിൽ പരിശീലനം നൽകുകയും അവരുടെ പുനരധിവാസം നടപ്പാക്കുകയും ചെയ്യും. കേന്ദ്ര ഗവൺമെന്റിൽനിന്ന് വനിതാ വികസന കോർപ്പറേഷന് കുറച്ചധികം തുക ലഭിച്ചിട്ടുണ്ട്. ലോൺ മേള നടത്തി വിധവകളെ സഹായിക്കാനാണ് ഉദ്ദേശിക്കുന്നത്. 'മിത്ര 181 ഹെൽപ്‌ലൈൻ' വളരെ ഉപകാരപ്രദമാണ്. അവിടെ വിളിച്ചിട്ടുള്ള കേസ്സുകളുടെ കണക്ക് എന്റെ കൈവശമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അത് ഉദ്ഘാടനം ചെയ്തത്. അവിടെ വിളിച്ച കേസ്സുകളിലെല്ലാം ഇടപെടൽ നടന്നിട്ടുണ്ട്. ചില കേസ്സുകളിൽ പോലീസ് നടപടിയും പുനരധിവാസവും ഉണ്ടായിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി നിർഭയ ഷെൽട്ടർ ഹോം, വൺ സ്റ്റോപ്പ് ക്രൈസിസ് സെന്റർ ആദ്യ ഘട്ടത്തിൽ നാലെണ്ണം കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു. അതിന് 40 ലക്ഷം രൂപ വീതം ജില്ലാ കളക്ടർമാരുടെ പേരിൽ ലഭിച്ചു. ബാക്കിയുള്ള 9 സ്ഥലത്തും അനുവദിക്കാമെന്നാണ് കേന്ദ്രമന്ത്രി ശ്രീമതി മേനകാ ഗാന്ധി പറഞ്ഞിട്ടുള്ളത്. ഒരെണ്ണം നേരത്തെ തന്നെ തിരുവനന്തപുരത്തുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ വർഷത്തെ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് ധാരാളം ആശങ്കകൾ നിലനിൽക്കുകയാണ്. ഗവൺമെന്റ് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചില ആളുകൾ കോടതിയെ സമീപിക്കുകയും ചെയ്തിട്ടുമുണ്ട്. ഇതുസംബന്ധിച്ച ആശങ്ക ഇപ്പോഴും നിലനിൽക്കുന്നു. ഇന്നലെ നീറ്റ് പരീക്ഷ കഴിഞ്ഞു. ഇതുസംബന്ധിച്ച് എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇത്തവണ ഉയർന്ന ഫീസ് നൽകണമെന്ന നിലയിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കാര്യങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളുന്ന ആളാണെന്ന് എനിക്കറിയാം. കഴിഞ്ഞ തവണയാണ് നീറ്റ് നടപ്പിലാക്കിയത്. അതിനുമുമ്പ് കേരള മെറിറ്റായിരുന്നു. കഴിഞ്ഞ തവണ അലോട്ട്മെന്റിന് നീറ്റ് അപ്ലൈ ചെയ്യണമെന്ന് പറഞ്ഞപ്പോൾ കേരള ഗവൺമെന്റ് (Kerala Engineering Agricultural Medical)കീം പരീക്ഷ നടത്തി അതിൽനിന്ന് റാങ്ക് ലിസ്റ്റുണ്ടാക്കിയതുകൊണ്ട് ഇപ്രാവശ്യം ഇത് അനുവദിക്കണമെന്ന് കോടതിയോടും കേന്ദ്രഗവൺമെന്റിനോടും ആവശ്യപ്പെട്ടിരുന്നു. മാത്രമല്ല, സർക്കാരുമായി കരാറുമുണ്ടാക്കിയല്ലോ. ഇന്നലെ ശ്രീ. വി. ഡി. സതീശൻ സംസാരിച്ചപ്പോൾ കരാറിനെക്കുറിച്ച് പറഞ്ഞിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 45,000 രൂപ വർദ്ധിപ്പിച്ചപ്പോൾ ഞങ്ങൾ ഫീസ് വർദ്ധിപ്പിച്ചു എന്നാണ് പറഞ്ഞത്. പക്ഷേ അതിന്റെയെല്ലാം വ്യക്തമായ ഉള്ളടക്കം മനസ്സിലാക്കി സഭയിൽ പറയുന്നതാണ് നല്ലത്. അന്ന് 6 കോളേജുകളുമായാണ് കരാറുണ്ടാക്കിയത്. ഞങ്ങൾ 20 കോളേജുകളുമായി കരാറുണ്ടാക്കി. മെറിറ്റ് സീറ്റ് 800-ൽ നിന്ന് 1,150 ആയി വർദ്ധിപ്പിച്ചു. അത്രയും കുട്ടികൾക്ക് 25000-നും രണ്ടര ലക്ഷത്തിനും പഠിക്കാൻ കഴിഞ്ഞു. കരാറുണ്ടാക്കാൻ എങ്ങനെ സാധിച്ചു, കരാറുണ്ടാക്കിയപ്പോൾ അന്നുവച്ച വ്യവസ്ഥ എന്തായിരുന്നു? കേരള മെറിറ്റ് കഴിഞ്ഞ വർഷം അംഗീകരിച്ചതുകൊണ്ട് കേരള മെറിറ്റിൽ നിന്നെടുക്കുന്ന കുട്ടികൾക്ക് ഗവൺമെന്റ് മെറിറ്റ് 50%, നീറ്റ് മെറിറ്റിൽ നിന്നെടുക്കുന്ന കുട്ടികൾക്ക് മാനേജ്മെന്റ് സീറ്റ് 50% എന്ന കണക്കിലാണ് എടുത്തത്. കേരള മെറിറ്റിലുള്ള 50 ശതമാനം കുട്ടികൾക്കാണ് 25,000 -നും രണ്ടര ലക്ഷത്തിനും പഠിക്കാൻ സാധിച്ചത്. എന്നാൽ ഇത്തവണ കേരള മെറിറ്റ് അംഗീകരിക്കുന്നില്ല. നീറ്റ് മെറിറ്റിൽനിന്ന് മാത്രമേ അലോട്ട്മെന്റ് നടത്തുകയുള്ളൂ. നീറ്റ് മെറിറ്റിൽനിന്ന് മെരിറ്റോറിയസ്സായി എടുക്കുമ്പോൾ ഏത് സീറ്റാണ്

മാനേജ്മെന്റ് സീറ്റെന്നും മെരിറ്റ് സീറ്റെന്നും പറയുന്നത്. മാനേജ്മെന്റ്, മെരിറ്റ് സീറ്റുകൾക്ക് വേർതിരിവില്ലാത്ത അവസ്ഥ കൈവന്നിരിക്കുകയാണ്. അക്കാര്യത്തിൽ ഭരണപക്ഷമല്ല ഉത്തരവാദികൾ. ഇത് ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇടപെട്ട് പ്രതിപക്ഷനേതാവിനെ ഉൾപ്പെടെ വിളിച്ച് മീറ്റിംഗ് സംഘടിപ്പിച്ചിരുന്നു. അഭിപ്രായം ആരും പറഞ്ഞിട്ടില്ല. ഓർഡിനൻസ് ഇറക്കണമെന്നും മാനേജ്മെന്റിനെ വിളിച്ച് ചർച്ച ചെയ്യണമെന്നു മൊക്കെയുള്ള അഭിപ്രായങ്ങളുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ സഭാസമ്മേളനം അവസാനിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ചില തീരുമാനങ്ങളെടുക്കണം. എന്തായാലും ഓർഡിനൻസ് ഇറക്കിയിട്ടുണ്ട്. അത് മോശമാണെന്ന് ആരും പറയുമെന്ന് തോന്നുന്നില്ല. നമുക്ക് സാധ്യമായ എല്ലാപ്രവർത്തനങ്ങളും നടത്തുന്നതാണ്. എന്നാൽ അതുകൊണ്ടു മാത്രം ഫീസിന്റെ പ്രശ്നം അവസാനിക്കില്ല. ഫീസ് 25,000-ലും രണ്ടര ലക്ഷത്തിലും നിർത്താൻ ഇത്തവണ ബുദ്ധിമുട്ടായിരിക്കും. അതിന് മാനേജ്മെന്റുമായി ചർച്ച നടത്താൻ ഗവൺമെന്റ് തയ്യാറാണ്. മനസ്സിലാക്കേണ്ടത് മാനേജ്മെന്റ്, മെരിറ്റ് എന്ന വേർതിരിവ് ഇല്ലാതായിരിക്കുന്നു. നീറ്റിന്റെ നിർദ്ദേശമനുസരിച്ച് കോമൺ ഫീസ് മാത്രമേ ഈടാക്കാൻ സാധിക്കുകയുള്ളൂ. അതിൽ ക്രോസ് സബ്സിഡി അനുവദിക്കില്ല.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, മാനേജ്മെന്റും മെരിറ്റും ഇല്ലാതാകുമ്പോൾ ഫീസ് അമിതമായി വർദ്ധിപ്പിക്കരുത് എന്നാണ് പറഞ്ഞത്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, താങ്കൾ പറഞ്ഞതിന്റെ പോസിറ്റീവായ അംശത്തെ ഞാനുൾക്കൊള്ളുന്നു. പക്ഷെ പറയുമ്പോൾ എപ്പോഴും ഒന്ന് പിന്തിരിഞ്ഞ് നോക്കുന്നത് നല്ലതാണ്. ഞാൻ നേരത്തെ പറഞ്ഞില്ലേ, നിങ്ങൾ 6 കോളേജുകളുമായി മാത്രം കരാർ വച്ചു. ബാക്കിയുള്ള 14 കോളേജുകൾ അന്ന് എത്ര രൂപയാണ് ഫീസ് ഈടാക്കിയിരുന്നത്; യു.ഡി.എഫ്.-ന്റെ ധാർമ്മികരോഷം അന്നെവിടെ പോയിരുന്നു; കേരളത്തിൽ തോന്നിയതുപോലെ ഫീസ് വാങ്ങുകയായിരുന്നില്ലേ; മാനേജ്മെന്റിന്റെ കൊള്ളയായിരുന്നില്ലേ നടന്നിരുന്നത്? ആ കൊള്ള അവസാനിപ്പിച്ച ഗവൺമെന്റിനെ അഭിനന്ദിക്കുന്നതിന് ഒരക്ഷരം പറയാൻ തയ്യാറായില്ല എന്നുള്ളത് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. യാഥാർത്ഥ്യ ബോധത്തോടുകൂടിത്തന്നെ കാര്യങ്ങളെ കാണണം. അമിതമായി ഫീസ് വർദ്ധിപ്പിക്കരുതെന്ന് ഞങ്ങളോട് പറഞ്ഞാൽ ഞങ്ങളാണോ ഫീസ് അമിതമായി വർദ്ധിപ്പിച്ചത്? ഞങ്ങൾ ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന

ഫീസ് ചുമത്തണം എന്നാവശ്യപ്പെടുന്നവരാണ്. ഫീ റഗുലേറ്ററി എത്ര ഫീസാണ് നിശ്ചയിക്കുക എന്നുള്ളത് കമ്മിറ്റി ചേർന്ന് ചർച്ച ചെയ്താൽ മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. മാനേജ്മെന്റ് അവരുടെ കോളേജിന്റെ നടത്തിപ്പിന്റെ കാര്യം പറയുന്നുണ്ട്. പഴയതുപോലെ ക്യാപ്പിറ്റേഷൻ ഫീ വാങ്ങാൻ കഴിയാത്ത അവസ്ഥയായതിനാൽ കോളേജ് എങ്ങനെ നടത്തുമെന്ന് അവർ ചോദിക്കുന്നുണ്ട്. അതിനുവേണ്ടിയുള്ള ഡിസ്കഷനിൽ നല്ല മനസ്സോടെ ഭരണപക്ഷവും പ്രതിപക്ഷവും പങ്കെടുത്തിട്ട്, ഇത് ഭരണപക്ഷത്തെ ആക്രമിക്കാനുള്ള ഒരു പ്രശ്നമായി മാത്രം കാണേണ്ടതല്ല. അതിന് എങ്ങനെ പരിഹാരം കാണാൻ സാധിക്കും, സ്വാശ്രയ കോളേജ് അനുവദിച്ചത് ഞങ്ങളൊന്നുമല്ല, ആ സ്വാശ്രയ കോളേജുകളിൽ നടക്കുന്ന കൊള്ളയുടെ ഇടയിൽ സാധാരണക്കാരന്റെ കുട്ടിക്ക് കുറച്ചെങ്കിലും ആനുകൂല്യം നേടി എങ്ങനെ പഠിക്കാൻ സാധിക്കുമെന്നാണ് ഞങ്ങൾ നോക്കുന്നത്. അതിനെ സഹായിക്കുന്നതിനുപകരം കുറ്റം പറയാനാണ് നോക്കുന്നത്. അതൊരു ശരിയായ സമീപനമല്ലെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഇനിയും ചർച്ച നടക്കണം, പൊതു തീരുമാനത്തിലെത്തണം. അവസാന തീരുമാന മൊന്നുമായിട്ടില്ല. ഓർഡിനൻസ് എന്തായാലും ഇറക്കിയിട്ടുണ്ട്. ഓർഡിനൻസ് നിങ്ങൾക്കെല്ലാം കാണാൻ കഴിയുന്നതാണ്. സുപ്രീം കോടതിയിൽ നിൽക്കാൻ പറ്റിയ രീതിയിലുള്ള വകുപ്പുകളോടുകൂടിയ ഒരു ഓർഡിനൻസ് ഇറക്കിയിട്ടുണ്ട്. അത് അന്തിമ തീരുമാനമാണ്, അതിനകത്ത് എല്ലാം പരിഹരിക്കാനുള്ള കാര്യങ്ങളുണ്ടെന്ന് പറയാൻ കഴിയില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ഗവൺമെന്റ് ഇറക്കിയ ഓർഡിനൻസിനെ ചോദ്യം ചെയ്തുകൊണ്ടാണ് സുപ്രീം കോടതിയിൽ പോയിരിക്കുന്നത്. നല്ല നിലയിൽ സുപ്രീം കോടതിയിൽ കേസ് നടത്തിയില്ലെങ്കിൽ വലിയ തോതിലുള്ള തിരിച്ചടിയുണ്ടാകുമെന്നുള്ള വാർത്തകൾ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, തീർച്ചയായിട്ടും കേസ് നല്ല രീതിയിൽ വാദിക്കും. പക്ഷെ കോടതിവിധി എന്താണെന്ന് മുൻകൂട്ടി പറയാൻ നമുക്ക് സാധിക്കില്ല. കോടതിവിധി അനുകൂലമോ പ്രതികൂലമോ ആകും എന്നുവച്ച് നമുക്കൊരു തീരുമാനം എടുക്കാനോ എടുക്കാതിരിക്കാനോ പറ്റില്ല. ഏറ്റവും ശരിയായ ഒരു തീരുമാനം കേരള ഗവൺമെന്റ് എടുക്കുന്നു, ആ തീരുമാനം നടപ്പിലാക്കാൻ ശ്രമിക്കുന്നു. കോടതിയിൽ ഈ കേസ് വരുന്ന സമയത്ത് അവിടെ വാദിക്കാം. ഞങ്ങളുടെ എഗ്രിമെന്റിൽനിന്നും വ്യതിചലിച്ച് കഴിഞ്ഞ തവണ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ്, കരുണ മെഡിക്കൽ കോളേജ്,

കെ.എം.സി.റ്റി. എന്നിവർ കോടതിയിൽ പോയല്ലോ, 10 ലക്ഷം രൂപയല്ലേ ഹൈക്കോടതി ഫീസ് അനുവദിച്ചുകൊടുത്തത്. പിന്നീട് സുപ്രീം കോടതിയിൽ നിന്നൊരു വിധിയുണ്ടായി. അലോട്ട്മെന്റ് ഞങ്ങൾ നടത്തി. കണ്ണൂർ മെഡിക്കൽ കോളേജും കരുണ മെഡിക്കൽ കോളേജും പേപ്പർ ഹാജരാക്കിയില്ല. കരുണ മെഡിക്കൽ കോളേജ് ഹാജരാക്കിയ പേപ്പറിൽ 30 കുട്ടികൾക്ക് മാത്രമാണ് മെറിറ്റോറിയസ് അഡ്മിഷനുണ്ടായിരുന്നത്. അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ് ലിസ്റ്റ് തന്നില്ല. കാരണം അവർ തയ്യാറാക്കിവച്ചിട്ടുള്ള ലിസ്റ്റ് കോടതി അംഗീകരിക്കുമെന്നാണ് കരുതിയത്. അവസാനം സുപ്രീം കോടതി അത് തള്ളി. ഇപ്പോൾ കണ്ണൂർ മെഡിക്കൽ കോളേജിൽ കുട്ടികളുടെ കാര്യവും പറഞ്ഞ് ആളുകൾ ശിപാർശയ്ക്ക് വരികയാണ്. ഞങ്ങളെന്തു ചെയ്യും? ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല.

ഇതിൽ കെ.എം.എസ്.സി.എൽ.-നെക്കുറിച്ച് മരുന്നില്ല എന്ന് ചിലർ ആരോപണം പറഞ്ഞു. ഇത്തവണത്തെപ്പോലെ ഇത്ര കൃത്യമായി മരുന്ന് ശേഖരിക്കുകയും എത്തിക്കുകയും ചെയ്ത വർഷം ഏതാണ് മുമ്പ് ഉണ്ടായിട്ടുള്ളത്; ഈ കഴിഞ്ഞ ഒരു വർഷക്കാലം കേരളത്തിലെ ഏതെങ്കിലും ആശുപത്രികളിൽ മെഡിസിൻ ക്ഷാമമുണ്ടായോ; ഏപ്രിൽ മാസത്തിൽ സാധാരണ ഷോർട്ടേജ് ഉണ്ടാകുന്നതാണ്. ഏതെങ്കിലും ആശുപത്രിയിൽ മരുന്നില്ലെങ്കിൽ നിങ്ങൾ വിളിച്ചുപറഞ്ഞാൽ മതി, വളരെ കൃത്യമായി കഴിഞ്ഞ തവണത്തേക്കാൾ 25 ശതമാനം കൂടുതലാണ് ഇൻഡെന്റ് എടുത്ത് മരുന്ന് വാങ്ങിയിട്ടുള്ളത്. അതിന്റെ കണക്കെല്ലാം ഇവിടെയുണ്ട്. ഞാനതൊന്നും വിശദീകരിക്കുന്നില്ല. സിറിഞ്ച് ഇല്ലായെന്ന് ഇവിടെ ആരോ പറയുന്നത് കേട്ടു. ഇൻഡെന്റ് എടുത്തത് 175 ലക്ഷം സിറിഞ്ചിനാണ്. അതിന്റെ എല്ലാ കണക്കുകളും ഞാൻ പറയുന്നില്ല. കൃത്യമായി കെ.എം.എസ്.സി.എൽ. വഴി മരുന്ന് നീക്കം നടക്കുന്നുണ്ട്. ചിക്കൻപോക്സിനുള്ള മരുന്നെല്ലാം ഉണ്ട്. ഒരിടത്തും സ്റ്റോക്കില്ലാതില്ല. ഗവൺമെന്റ് ലിസ്റ്റ് ചെയ്യാത്ത ഏതെങ്കിലും മരുന്ന് കിട്ടാത്ത പരാതിയുണ്ടെങ്കിൽ ആ രീതിയിൽ പറയാം. ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞത് തീരെ വസ്തുതാപരമല്ലാത്ത കാര്യമാണ്. രോഗപ്രതിരോധത്തിന് തുക നൽകിയോ എന്നാണ് ചോദിച്ചത്, 19.52 ലക്ഷം കോടി രൂപ നൽകുന്നതിനാണ് ഈ വർഷം തീരുമാനിച്ചത്, കഴിഞ്ഞ വർഷം മുഴുവനും നൽകി. 25,000 രൂപ വീതം ഓരോ വാർഡിലും ഞങ്ങളും കൊടുക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ യോഗം വിളിച്ചുചേർത്ത് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ഓരോ വാർഡിലും 25,000 രൂപ വീതം നൽകുകയും കൂടുതൽ ആവശ്യമുണ്ടെങ്കിൽ

ഉപയോഗിക്കാനും പറഞ്ഞിട്ടുണ്ട്. അങ്ങനെ ചെലവാക്കിയാൽ പിന്നീട് കാര്യം ബോധ്യപ്പെടുത്തണം. കൃത്യമായി രോഗപ്രതിരോധ പ്രവർത്തനം നടത്തിയതു കൊണ്ടാണ് പകർച്ചവ്യാധി നിയന്ത്രിക്കാൻ സാധിച്ചത്. പകർച്ചവ്യാധി മരണങ്ങൾ പണ്ടത്തെക്കാൾ കുറഞ്ഞില്ലേ; ഇത്തവണ ഒരു ക്രൂഷ്യൽ ഇയർ ആണ്. എച്ച്.1 എൻ.1 സതേൺ സ്റ്റേറ്റിലാകെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ കൊല്ലം ഇല്ല. 2015-ലാണ് എച്ച്.1 എൻ.1 രോഗം ബാധിച്ച് ഏറ്റവുമധികം ആളുകൾ, 68 പേർ മരിച്ചത്. ആ മരണനിരക്കിലെത്താൻ പാടില്ല. 2015-16-ൽ എച്ച്.1 എൻ.1 ഉണ്ടായില്ല. സതേൺ സ്റ്റേറ്റിലുണ്ടായില്ല, നമുക്കും കുറഞ്ഞു. എന്നാൽ കാലാവസ്ഥയുടെ മാറ്റവും മറ്റു പലതും കാരണം ഇത്തവണ തമിഴ്നാടും ആന്ധ്രാപ്രദേശുമെല്ലാം എച്ച്.1 എൻ.1 റിപ്പോർട്ട് ചെയ്യുന്നു. നമ്മളിവിടെ രോഗം തുടങ്ങിയ ഉടനെതന്നെ നടപടിയെടുത്തില്ലേ; വളരെ വലിയ രോഗപ്രതിരോധ പ്രവർത്തനങ്ങളല്ലേ നടന്നുകൊണ്ടിരുന്നത്. പ്രതിരോധ പ്രവർത്തനങ്ങളെ കുറിച്ചെല്ലാം ഇപ്പോൾ പറയാൻ സാധിക്കില്ല. 'ആയുഷ് ' മേഖലയിലും വലിയ മാറ്റമാണ് വരുത്തുന്നത്. ഇന്റർനാഷണൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടിയായി. 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. 'ആർദ്രം' പദ്ധതിയുടെ ഭാഗമായി എല്ലാ ആയുർവേദ ജില്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി സൗകര്യമുണ്ടാക്കാനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ആ മേഖലയിലും പോസ്റ്റ് ക്രിയേഷൻ നടന്നിട്ടുണ്ട്. ആദ്യം ചെയ്തത് 41 ആയുർവേദ തെറാപ്പിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കലാണ്. അവിടെ കൂടുതൽ തസ്തിക വീണ്ടും സൃഷ്ടിച്ചിട്ടുണ്ട്. വമ്പിച്ച മാറ്റമാണ് ആയുർവേദ മേഖലയിൽ നടക്കുന്നത്. ഹോമിയോ രംഗത്ത് ചില പ്രത്യേക ചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാണെന്ന് കാണുന്നിടത്ത് ആ രീതിയിൽ ചെയ്യുന്നുണ്ട്, ഹോമിയോ ഡയറക്ടറേറ്റ് തുടങ്ങാനുള്ള പണം ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. യുനാനി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്, സെൻട്രൽ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. അത് അടിയന്തരമായി തുടങ്ങും. ഇതെല്ലാം ഈ ഗവൺമെന്റിന്റെ അഞ്ചുകൊല്ലം പൂർത്തിയാകുമ്പോൾ വലിയ സ്ഥാപനങ്ങളായി വരും. എം.എൽ.എ.-മാർ ചില ഗുളികകളുടെ വിതരണത്തെ സംബന്ധിച്ച് പറഞ്ഞു. എല്ലാം മറുപടി പറയേണ്ട വിഷയമാണ്. പക്ഷെ, കേരളത്തിന് പുറത്തുള്ള ചില കമ്പനികൾ നിർമ്മിക്കുന്ന ശ്രീ. റോജി എം. ജോൺ പറഞ്ഞ ചില ഗുളികകളുടെ പേരുണ്ട്. അത് നിരോധിച്ചിട്ടുണ്ട്. ഒരേ പേരിലുള്ള 'ബെക്സോൾ' തുടങ്ങിയ ഗുളിക നിരോധിച്ചിട്ടുണ്ട് അതിനെതിരെ നടപടിയെടുത്തിട്ടുണ്ട്.

ഭക്ഷ്യ സുരക്ഷ നിർജ്ജീവമാണെന്നാണ് പറഞ്ഞത്. ഭക്ഷ്യ സുരക്ഷാ മേഖലയിൽ 90 ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ തസ്തികകളാണ് ഈ ഗവൺമെന്റ് സൃഷ്ടിച്ചത്. അതിൽ 75 ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു മാസം ക്യാമ്പ് നടത്തി. 50 ഗ്രാമങ്ങൾ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമങ്ങളായി പ്രഖ്യാപിച്ച് അവിടത്തെ കുടിവെള്ള പരിശോധനയടക്കം ആ ഗ്രാമത്തിൽ പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്താനുള്ള പ്രവർത്തനം പൈലറ്റായി ആരംഭിച്ചു. അടുത്തവർഷം മുതൽ എല്ലാ ഗ്രാമങ്ങളെയും ഭക്ഷ്യ സുരക്ഷാ ഗ്രാമങ്ങളാക്കും. വൃത്തിഹീനമായ ഹോട്ടൽ റെയ്ഡ് ചെയ്ത് കേസ്സെടുത്തതിന്റെ കണക്കിവിടെയുണ്ട്. അത്തരത്തിലുള്ള ഹോട്ടലുകൾ പൂട്ടിച്ചു. റെയ്ഡ് നിരന്തരമായി നടത്തി. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ രണ്ട് മൊബൈൽ ലബോറട്ടറികൾ ആരംഭിക്കുകയും അവ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരു വർഷം കൊണ്ട് ധാരാളം കാര്യങ്ങൾ ചെയ്യാൻ സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ ആരോഗ്യ മേഖലയിൽ സമഗ്രമായ മാറ്റമുണ്ടാക്കും. ജനങ്ങൾക്ക് സൗജന്യ ചികിത്സയും രോഗീ സൗഹൃദ ആശുപത്രികളും ഉറപ്പുവരുത്തും. ആയുർവേദത്തിന് ഒരു പുതിയ മാനം പകർന്നുനൽകി ഔഷധി അടക്കം വളർത്തിക്കൊണ്ട് കേരളത്തിൽ ആയുഷിന്റെ സാധ്യത പൂർണ്ണമായും ചൂഷണം ചെയ്യാൻ കഴിയുന്ന രീതിയിൽ ആയുഷ് മേഖലയെ പ്രോൽസാഹിപ്പിക്കുന്നതാണ്. ആയുഷ് ഡിപ്പാർട്ട്മെന്റും കേന്ദ്രമന്ത്രിയും ആ കാര്യത്തിൽ എല്ലാ സഹായവും ചെയ്യാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികളടക്കം പുനഃസ്ഥാപിച്ചുകൊണ്ടും ഹോമുകൾ നവീകരിച്ച് സുരക്ഷ ഉറപ്പുവരുത്തിക്കൊണ്ടും വലിയ രീതിയിലുള്ള ശാസ്ത്രീയമായ മാറ്റത്തിനാണ് നേതൃത്വം നൽകുന്നത്. ഭക്ഷ്യസുരക്ഷയടക്കം ധാരാളം പദ്ധതികൾ സാമൂഹ്യനീതി മേഖലയിലുണ്ട്. അതൊക്കെ പിന്നീട് അവസരം കിട്ടുമ്പോൾ പറയാം. എനിക്ക് ഒരു അപേക്ഷയുള്ളത് പ്രാഥമികാരോഗ്യ സംരക്ഷണത്തിനും രോഗ പ്രതിരോധത്തിനും എൻ.സി.ഡി. കൺട്രോളിനും കേരളത്തിന്റെ പേര് ലോക രാഷ്ട്രങ്ങളിലുയർത്തി നമുക്കൊരു മാതൃകയായി മാറാൻ സാധിക്കുന്ന തരത്തിൽ ആരോഗ്യ മേഖലയിൽ നാം നടത്തുന്ന ഈ മാറ്റങ്ങളിൽ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ സകല എം.എൽ.എ.മാരുടെയും പിന്തുണയുണ്ടാകണം. ഞങ്ങൾ ആ പിന്തുണയെല്ലാം സ്വീകരിച്ചുകൊണ്ടാണ് ചെയ്യാനുദ്ദേശിക്കുന്നത്. വസ്തുതാപരമായി കാര്യങ്ങൾ കണ്ട് ഈ ചരിത്ര മാറ്റത്തിന്റെ കൂടെ നിൽക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: പറയാൻ വിട്ടുപോയ പദ്ധതികളുടെ വിശദാംശങ്ങളെല്ലാം ബഹുമാനപ്പെട്ട മന്ത്രിക്ക് സഭയെ അറിയിക്കാവുന്നതാണ്.

3.00 Pm]

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, നമ്മുടെ സംസ്ഥാനത്ത് 590 കി.മീ. ദൈർഘ്യമുള്ള തീരദേശവും 17 ചെറുകിട തുറമുഖങ്ങളും നിലവിലുണ്ട്. വിഴിഞ്ഞം, വലിയതുറ, കൊല്ലം, നീണ്ടകര, കായംകുളം, ആലപ്പുഴ, കൊടുങ്ങല്ലൂർ, പൊന്നാനി, ബേപ്പൂർ, വടകര, തലശ്ശേരി, മഞ്ചേശ്വരം, നീലേശ്വരം, കണ്ണൂർ, അഴീക്കൽ, കാസർഗോഡ്, കോട്ടയം (ഇൻലാൻഡ് പോർട്ട്സ്). കോട്ടയം തുറമുഖം ഒഴികെ മറ്റെല്ലാ ചെറുകിട തുറമുഖങ്ങളും സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ചെറുകിട തുറമുഖങ്ങളുടെയും ഫിഷിംഗ് ഹാർബറുകളുടെയും ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തുന്നതിനുള്ള സാങ്കേതിക വിഭാഗമായി ഹൈഡ്രോഗ്രാഫിക് സർവ്വേവിംഗ് പ്രവർത്തിച്ചുവരുന്നു. കേരള സ്റ്റേറ്റ് മാരിടൈം കോർപ്പറേഷൻ ലിമിറ്റഡ് ചെറുകിട തുറമുഖങ്ങളുടെയും ഫിഷിംഗ് ഹാർബറുകളുടെയും ഡ്രഡ്ജിംഗ് വർക്കുകൾ നിർവ്വഹിക്കുന്നതിന് അംഗീകാരമുള്ള ഏജൻസിയാണ്. ഈ സാമ്പത്തിക വർഷം വിവിധ തുറമുഖങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളുണ്ട്.

കൊല്ലം തുറമുഖം - കൊല്ലം തുറമുഖത്ത് 21 കോടി രൂപ ചെലവഴിച്ച് ഒരു പാസഞ്ചർ ടെർമിനൽ നിർമ്മാണം ഈ വർഷം പൂർത്തീകരിക്കും. കൊല്ലം തുറമുഖത്തുനിന്നും മാലി ദ്വീപിലേയ്ക്കും ലക്ഷദ്വീപിലേയ്ക്കും പാസഞ്ചർ ഷിപ്പുകൾ തുടങ്ങുന്നതിനുള്ള പ്രാഥമിക ചർച്ചകൾ പുരോഗമിച്ചുവരികയാണ്. ഈ വർഷംകൊണ്ട് കൊല്ലം തുറമുഖം ഒരു തിരക്കുള്ള തുറമുഖമായി തീരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ആലപ്പുഴ തുറമുഖം - ആലപ്പുഴ തുറമുഖത്ത് പാസഞ്ചർ ടെർമിനൽ-കം-മറീന നിർമ്മിക്കുന്നതിനുള്ള ഇ.ഐ.എ. പഠനം ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. ഉടനെതന്നെ അനുമതി കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 50 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പൊന്നാനി തുറമുഖം - കേരള ഗവൺമെന്റിന്റെ പുതിയ മണൽ നയപ്രകാരം പൂർത്തീകരിച്ച മണൽ ശുദ്ധീകരണശാലയുടെ ഉദ്ഘാടനം അങ്ങയുടെ സാന്നിദ്ധ്യത്തിൽ ഇന്നലെയാണ് നിർവ്വഹിക്കപ്പെട്ടത്. ഇതുമൂലം തദ്ദേശീയരായ മണൽ തൊഴിലാളികളുടെ ജീവനോപാധി സംരക്ഷിക്കപ്പെടുന്നു. സാധാരണ ജനങ്ങൾക്ക് അവരുടെ നിർമ്മാണത്തിനാവശ്യമായ ഉപയോഗപ്രദമായ മണൽ

മിതമായ വിലയിൽ ലഭിക്കും. മണൽ വാരുന്ന ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കും. മണൽ ശുദ്ധീകരിക്കുന്ന ചുമതല മാത്രം കമ്പനി നിർവ്വഹിച്ചാൽ മതി. ഈ പുതിയ നയം രൂപീകരിക്കുന്നതിലൂടെ സംസ്ഥാനത്തെ മണൽ മാഫിയ സംഘത്തിന്റെ അതിക്രമങ്ങളെയും പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നതിന് കർശന നടപടി സ്വീകരിക്കാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശങ്ങളും തക്കസമയത്തുള്ള ഇടപെടലുകളും കൊണ്ടാണ് പെട്ടെന്നുതന്നെ ഇത് പൂർത്തീകരിക്കാനും പൊന്നാനി മോഡൽ പരിപാടികളുടെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കാനും സാധിച്ചത്. തുറമുഖ വകുപ്പ് നേരിട്ട് വിപണനം നടത്തുന്നതുകൊണ്ട് കാര്യമാത്ര പ്രസക്തമായ നിലയിൽത്തന്നെ വിപണന സൗകര്യം വർദ്ധിപ്പിക്കാനും സുതാര്യത കൈവരുത്താനും സാധിക്കും. വില്പന വിലയുടെ 35 ശതമാനം ഗവൺമെന്റിന് ലഭിക്കുന്നു. മുടങ്ങിക്കിടന്നിരുന്ന 700 കോടി രൂപയുടെ മലബാർ പോർട്ടിന്റെ തുറമുഖ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു.

ബേപ്പൂർ തുറമുഖം - ബേപ്പൂർ തുറമുഖത്തേയ്ക്ക് കൂടുതൽ കണ്ടെയ്നർ കപ്പലുകളെ ആകർഷിക്കുന്നതിനുവേണ്ടി വിവിധ ഏജൻസികളുടെ ഒരു ശില്പശാല നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. വി.കെ.സി. മമ്മത് കോയ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ബേപ്പൂരിൽ ഈ അടുത്ത ദിവസമാണ് കണ്ടെയ്നർ ഷിപ്പ് ആദ്യമായി കൊണ്ടുവന്നത്. വികസന സാധ്യതകൾ ഏറെയുള്ളതാണ് ബേപ്പൂർ. പ്രത്യേകിച്ച് ലക്ഷദ്വീപുമായി വ്യാപാര വ്യാവസായിക യാത്രാബന്ധങ്ങൾ സ്ഥാപിക്കാൻ കഴിയുന്ന ഒരു തുറമുഖമെന്ന നിലയ്ക്ക് അവിടെ അടിയന്തര പ്രാധാന്യത്തോടുകൂടിത്തന്നെ പ്രവർത്തനം നടത്തുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി ഞാൻ ആഴ്ചകൾക്കുമുമ്പ് അവിടെ സന്ദർശനം നടത്തുകയും തുടർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുള്ളതാണ്.

അഴീക്കൽ തുറമുഖം-അഴീക്കൽ തുറമുഖത്ത് നിലവിലുള്ള 200 മീറ്റർ വാർഫിന്റെ ബേസിനും ചാനലിനും ആഴം വർദ്ധിപ്പിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. ഇതുമൂലം കൂടുതൽ കപ്പലുകൾ തുറമുഖത്ത് എത്തി ബർത്ത് ചെയ്യാൻ സാധിക്കും. ഒന്നാംഘട്ട ഡെവലപ്പ്മെന്റ് എന്ന രീതിയിൽ നിലവിലുള്ള പുലിമുട്ടിന്റെ ആരംഭ ഭാഗത്ത് 8.5 മീറ്റർ ആഴം കിട്ടുന്ന വിധത്തിൽ മൂന്ന് ബർത്തുകളുടെ നിർമ്മാണത്തിന് ലക്ഷ്യമിട്ടുകഴിഞ്ഞു. ഇതിന്റെ ഇ.ഐ.എ. പഠനം നടത്തുന്നതിന് 9 മാസമെങ്കിലും വേണ്ടിവരും. 2019 അവസാനത്തോടെ ഒന്നാംഘട്ട നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. രണ്ടാംഘട്ടത്തിൽ 14 മീറ്റർ ആഴത്തിലുള്ള 8 ബെർത്തുകളുടെ നിർമ്മാണവും ലക്ഷ്യമിടുന്നു.

മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്-കേരള മാരിടൈം സൊസൈറ്റിയുടെ കീഴിൽ കേരള സർക്കാർ കൊടുങ്ങല്ലൂരും നീണ്ടകരയിലും മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സ്ഥാപിച്ചിട്ടുണ്ട്. മാരിടൈം രംഗത്തെ തൊഴിലവസരങ്ങൾക്ക് ആവശ്യമായ ഉദ്യോഗാർത്ഥികൾക്ക് ഉന്നത നിലവാരമുള്ള പരിശീലനവും മറ്റ് അനുബന്ധ കോഴ്സുകളും നടത്താനാണ് ഈ സ്ഥാപനംകൊണ്ട് ഉദ്ദേശിക്കുന്നത്.

കേരള ഉൾനാടൻ ജലഗതാഗത നിയമം 2010-നദികളും കായലുകളും കൊണ്ട് സമൃദ്ധമായ ഭൂപ്രകൃതിയാണ് കേരളത്തിനുള്ളത്. കേരള സർക്കാരിന്റെ മുഖ്യവരുമാന സ്രോതസ്സുകളിൽ ഒന്നായ ടൂറിസത്തിൽ സുപ്രധാനമായ പങ്ക് ഉൾനാടൻ ജലഗതാഗതത്തിനുണ്ട്. കേരള സർക്കാരും ഐ.ഡബ്ല്യു.എ.ഐ.-ഉം ചേർന്ന് ഈ ജലപാതകൾ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉൾനാടൻ ജലഗതാഗത പാതയിലെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സർക്കാർ കെ.ഐ.വി. റൂൾസ്, 2010 നടപ്പാക്കിവരുന്നു. ഇതിന്റെ വിജയത്തിനായി ആവശ്യമായ അടിസ്ഥാന സൗകര്യവികസനം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഇരുവശങ്ങളിലും സംരക്ഷണ ഭിത്തികൾ, ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കൽ, ഡ്രഡ്ജിംഗ്, ഡ്രൈ ഡോക്ക് സംവിധാനം, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയവ ഈ നിയമത്തിന്റെ നടത്തിപ്പിന് ആവശ്യമാണ്. നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി വെസ്സലുകൾ സർവ്വേ നടത്തി രജിസ്ട്രേഷൻ നൽകുകയും ജീവനക്കാർക്കുവേണ്ടി പരിശീലനവും സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുന്ന ജോലികൾ തുറമുഖ വകുപ്പ് വളരെ കാര്യക്ഷമമായി നടത്തിവരികയും ചെയ്യുന്നു.

കേരള മാരിടൈം ബോർഡ് - കേരള നിയമസഭ പാസ്സാക്കിയതും കേന്ദ്ര ഗവൺമെന്റ് തിരിച്ചയച്ചതുമായ ബിൽ ഭേദഗതികളോടെ ഈ നിയമസഭയിൽ അവതരിപ്പിക്കാൻ കഴിയുമെന്ന് കരുതുന്നു. അനേകവർഷങ്ങളായി ഫലപ്രാപ്തിയിലെത്താത്ത ഈ നിയമനിർമ്മാണം സഭ അംഗീകരിച്ചുകൊണ്ട് ഒരു ചരിത്രസാക്ഷ്യമാക്കി മാറ്റുന്നതിനുള്ള പിന്തുണയും സഹായ സഹകരണങ്ങളും നൽകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ബോർഡിന്റെ ആവശ്യകതയും ഗുണങ്ങളും സംബന്ധിച്ച് ദീർഘമായി പറയുന്നില്ല. പ്രസക്തമായ ഒന്നുരണ്ട് കാര്യങ്ങൾ മാത്രമേ ഞാൻ ഇവിടെ സൂചിപ്പിക്കുന്നുള്ളൂ. തുറമുഖങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമെന്ന് ഗുജറാത്ത് മാരിടൈം ബോർഡും മഹാരാഷ്ട്ര മാരിടൈം ബോർഡും തെളിയിച്ചിട്ടുണ്ട്.

കേരളത്തിൽ മാരിടൈം ബോർഡ് വരുന്നതോടെ മാരിടൈം മേഖലയിൽ ഒരു വൻ കുതിച്ചുചാട്ടം സംഭവിക്കുമെന്ന് കരുതുന്നു. തുറമുഖ വകുപ്പ്, കേരള സ്റ്റേറ്റ് മാരിടൈം കോർപ്പറേഷൻ ലിമിറ്റഡ്, കേരള മാരിടൈം സൊസൈറ്റി എന്നിവ സംയോജിപ്പിച്ചാണ് കേരള മാരിടൈം ബോർഡ് ഉണ്ടാക്കുന്നത്. കേരള നിയമസഭ പാസ്സാക്കിയതും കേന്ദ്ര ഗവൺമെന്റ് തിരിച്ചയച്ചതുമായ ബില്ലിനു പകരം പുതിയ ബിൽ പാസ്സാക്കാനുള്ള നടപടി അന്തിമഘട്ടത്തിലാണ്. ഈ ബിൽ പാസ്സാക്കുന്നത് പോർട്ട് മേഖലയെ സംബന്ധിച്ച് ഒരു നാഴികക്കല്ലായിരിക്കും. നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. കൊടുങ്ങല്ലൂർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കേരളത്തിൽ കോസ്റ്റൽ ഷിപ്പിംഗ് ഡെവലപ്മെന്റിനുവേണ്ടി സാധനങ്ങൾ കയറ്റ്/ഇറക്കുമതി ചെയ്യുന്നതിന് ഇൻസെന്റീവ് സ്കീമുകൾ തുടർന്നു നൽകാനും ഉദ്ദേശിക്കുന്നുണ്ട്. ഹൈഡ്രോഗ്രാഫിക് സർവ്വേ ആസ്ഥാന മന്ദിരത്തിന്റെ ഉദ്ഘാടനം ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ നടത്തുന്നതാണ്. ആധുനിക രീതിയിലുള്ള സർവ്വേ ബോട്ടും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടി ഈ വർഷംതന്നെ സ്വീകരിക്കുന്നതാണ്. കേരള സ്റ്റേറ്റ് മാരിടൈം കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് പുതുതായി വാങ്ങിയ ആധുനിക കട്ടർസെക്ഷൻ ചന്ദ്രഗിരിയിൽ ഈ മാസം അവസാനത്തോടെ പ്രവർത്തിക്കുന്നതാണ്.

വിഴിഞ്ഞം തുറമുഖം - നമ്മുടെ സംസ്ഥാനത്തിന്റെ അഭിമാന പദ്ധതിയായ വിഴിഞ്ഞം-ആഴക്കടൽ തുറമുഖത്തിന്റെ പണി കരാറനുസരിച്ച് പുരോഗമിക്കുന്നുണ്ട്. തുറമുഖ നിർമ്മാണംമൂലം നഷ്ടം സംഭവിക്കുന്നവർക്കുള്ള ധനസഹായം നൽകുന്നതിൽ വളരെ പുരോഗതിയുണ്ട്. അവശേഷിക്കുന്നവർക്കുള്ള സഹായ വിതരണം അടിയന്തരമായി ചെയ്യുന്നതാണ്. സമീപ പ്രദേശത്തുള്ളവരുടെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതേക്കുറിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യും ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. സമീപവാസികൾ നൽകിയ നിവേദനം കൂടി കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഈ കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി ഈ മാസം 15-ാം തീയതി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം തുറമുഖത്തെക്കുറിച്ചാണ് എല്ലാവരും പറയുന്നത്. ചരക്ക് കപ്പലുകളും വള്ളങ്ങളും വന്നിരുന്ന വളരെ പുരാതനമായ ഒരു തുറമുഖമാണ് വലിയതുറ തുറമുഖം. അവിടെ എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ആമുഖമായി പറഞ്ഞപ്പോൾത്തന്നെ വിഴിഞ്ഞം, വലിയതുറ എന്നാണ് തുടങ്ങിയത്. ആമുഖമായി കുറേ തുറമുഖങ്ങളുടെ പേരുപറഞ്ഞതിന്റെ കൂട്ടത്തിൽ ഇത്തരം തുറമുഖങ്ങളുടെ വികസന പരിപാടികളാണ് ഉദ്ദേശിക്കുന്നതെന്നുകൂടി പറഞ്ഞിട്ടുണ്ട്. ദീർഘമായി പറഞ്ഞില്ലായെന്ന് മാത്രമേയുള്ളൂ.

ചിപ്പിത്തൊഴിലാളികൾ, കരമടി ഉടമകൾ, കരമടി തൊഴിലാളികൾ, റിസോർട്ട് തൊഴിലാളികൾ തുടങ്ങി വിവിധ തലങ്ങളിലെ ജനവിഭാഗങ്ങളുടെ കാര്യങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സബ് കളക്ടറുടെ നേതൃത്വത്തിൽ ഉപജീവന ആഘാത റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ കളക്ടർക്ക് എതാണ്ട് പതിനെണ്ണായിരം അപ്പീലുകളാണ് കിട്ടിയിട്ടുള്ളത്. പെട്ടെന്ന് അതിനൊരു തീരുമാനമെടുക്കാൻ സാധിക്കില്ല. പരിശോധിച്ചുമാത്രമേ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. ഇപ്പോൾ ഏതാണ്ട് 23.82 കോടി രൂപ നൽകിയിട്ടുണ്ട്. തുറമുഖ കമ്പനികൾ ചില സാമൂഹിക പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ജലവിതരണ പരിപാടികൾ, പദ്ധതി പ്രദേശത്തെ രണ്ട് സ്കൂളുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയാക്കി മാറ്റാനുള്ള ശ്രമങ്ങൾ, വിഴിഞ്ഞം പ്രദേശത്തെ ഭവനരഹിതരെ ലൈഫ് പ്രോജക്ട് കേരളയിൽ ഉൾപ്പെടുത്താനുള്ള പരിപാടികൾ എന്നിവയെല്ലാം സ്വീകരിച്ചിട്ടുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ച റെയിൽപ്പാതയുടെ കാര്യംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. വിഴിഞ്ഞത്തുനിന്നും ബാലരാമപുരം റെയിൽവേ സ്റ്റേഷനിലേയ്ക്കുള്ള 12 കി. മീറ്റർ നീളമുള്ള റെയിൽപ്പാതയുടെ പ്രോജക്ട് റിപ്പോർട്ട് റെയിൽവേ മന്ത്രാലയത്തിന്റെ അംഗീകാരത്തിന് നൽകിയിട്ടുണ്ട്. അംഗീകാരം കിട്ടുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടി കൈക്കൊള്ളുന്നതായിരിക്കും. ആർ.ബി.എൻ.എൽ. ആണ് ഇതിന്റെ നിർമ്മാണം നിർവ്വഹിക്കുന്നത്. സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള പ്രാഥമിക ചർച്ചകളും നടത്തിക്കഴിഞ്ഞിട്ടുണ്ട്. അധികം താമസിക്കാതെ പദ്ധതി ഷിപ്പിംഗ് മന്ത്രാലയത്തിന് സമർപ്പിക്കാൻ കഴിയും. ഇത്രയുമാണ് തുറമുഖ വകുപ്പിനെക്കുറിച്ചുള്ള ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് മറുപടിയായി വിശദീകരിക്കാനുള്ളത്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണ മെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ:</u> സർവ്വശ്രീ പാറക്കൽ അബ്ദുല്ല, ടി. എ. അഹമ്മദ് കബീർ, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, അൻവർ സാദത്ത്, എം. ഉമ്മർ, സണ്ണി ജോസഫ്, എൻ. ഷംസുദ്ദീൻ, കെ. എം. ഷാജി, എം. വിൻസെന്റ്, വി. എസ്. ശിവകുമാർ, വി. ടി. ബൽറാം, മഞ്ഞളാംകുഴി അലി, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ..................

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ആന്റണി ജോൺ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ

12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. വി. ജോയി
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. മുരളി പെരുനെല്ലി

36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ്കുമാർ
40. ശ്രീമതി യു. പ്രതിഭ ഹരി
41. ശ്രീ. പുരുഷൻ കടലുണ്ടി
42. ശ്രീ. പി. ടി. എ. റഹീം
43. ശ്രീ. എം. രാജഗോപാലൻ
44. ശ്രീ. കെ. രാജൻ
45. ശ്രീ. എസ്. രാജേന്ദ്രൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ

58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. ബി. സത്യൻ
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. ആർ. സുനിൽ കുമാർ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ശ്രീ. തോമസ് ചാണ്ടി
73. ഡോ. ടി. എം. തോമസ് ഐസക്
74. ശ്രീ. പി. ഉണ്ണി
75. ശ്രീമതി വീണാ ജോർജ്ജ്
76. ശ്രീ. കെ. വി. വിജയദാസ്
77. ശ്രീ. ഇ. കെ. വിജയൻ
78. ശ്രീ. പിണറായി വിജയൻ
79. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. അടൂർ പ്രകാശ്
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. അനിൽ അക്കര
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. ഹൈബി ഈഡൻ
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. മോൻസ് ജോസഫ്
16. ഡോ. എം. കെ. മുനീർ
17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. രമേശ് ചെന്നിത്തല
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. കെ. എസ്. ശബരീനാഥൻ

23. ശ്രീ. എൻ. ഷംസുദ്ദീൻ

24. ശ്രീ. വി. ഡി. സതീശൻ

25. ശ്രീ. ഷാഫി പറമ്പിൽ

26. ശ്രീ. കെ. എം. ഷാജി

27. ശ്രീ. വി. എസ്. ശിവകുമാർ

28. ശ്രീ. സണ്ണി ജോസഫ്

29. ശ്രീ. പി. ഉബൈദുള്ള

30. ശ്രീ. എം. ഉമ്മർ

31. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 79 |
| പ്രതികൂലിക്കുന്നവർ | - | 31 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | 1 |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ അബ്ദുൽ ഹമീദ്. പി., മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, എം. ഉമ്മർ, റോഷി അഗസ്റ്റിൻ, പാറക്കൽ അബ്ദുല്ല, എൻ. എ. നെല്ലിക്കുന്ന്, കെ. എം. ഷാജി, ടി. എ. അഹമ്മദ് കബീർ, എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങൾ കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി:)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ആന്റണി ജോൺ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി

14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. വി. ജോയി
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. മുരളി പെരുനെല്ലി

36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ്കുമാർ
40. ശ്രീമതി യു. പ്രതിഭ ഹരി
41. ശ്രീ. പുരുഷൻ കടലുണ്ടി
42. ശ്രീ. പി. ടി. എ. റഹീം
43. ശ്രീ. എം. രാജഗോപാലൻ
44. ശ്രീ. കെ. രാജൻ
45. ശ്രീ. എസ്. രാജേന്ദ്രൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ

59. ശ്രീ. വി. ശശി

60. ശ്രീ. ഐ. ബി. സതീഷ്

61. ശ്രീ. ബി. സത്യൻ

62. ശ്രീ. എ. എൻ. ഷംസീർ

63. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

64. ശ്രീ. ജി. സുധാകരൻ

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്

69. ശ്രീ. എം. സ്വരാജ്

70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

71. ശ്രീ. പി. തിലോത്തമൻ

72. ശ്രീ. തോമസ് ചാണ്ടി

73. ഡോ. ടി. എം. തോമസ് ഐസക്

74. ശ്രീ. പി. ഉണ്ണി

75. ശ്രീമതി വീണാ ജോർജ്ജ്

76. ശ്രീ. കെ. വി. വിജയദാസ്

77. ശ്രീ. ഇ. കെ. വിജയൻ

78. ശ്രീ. പിണറായി വിജയൻ

79. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. അടൂർ പ്രകാശ്
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. അനിൽ അക്കര
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. ഹൈബി ഈഡൻ
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. മോൻസ് ജോസഫ്
16. ഡോ. എം. കെ. മുനീർ
17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. രമേശ് ചെന്നിത്തല
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. കെ. എസ്. ശബരീനാഥൻ

23. ശ്രീ. എൻ. ഷംസുദ്ദീൻ
24. ശ്രീ. വി. ഡി. സതീശൻ
25. ശ്രീ. ഷാഫി പറമ്പിൽ
26. ശ്രീ. കെ. എം. ഷാജി
27. ശ്രീ. വി. എസ്. ശിവകുമാർ
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. പി. ഉബൈദുള്ള
30. ശ്രീ. എം. ഉമ്മർ
31. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 79 |
| പ്രതികൂലിക്കുന്നവർ | - | 31 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | 1 |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ കെ. എം. ഷാജി, വി. ഡി. സതീശൻ, അബ്ദുൽ ഹമീദ്. പി., വി. എസ്. ശിവകുമാർ, എം. വിൻസെന്റ്, എം. ഉമ്മർ, ടി. എ. അഹമ്മദ് കബീർ, മഞ്ഞളാംകുഴി അലി, സി. മമ്മൂട്ടി, എൻ. ഷംസുദ്ദീൻ, പാറക്കൽ അബ്ദുല്ല, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള എന്നീ അംഗങ്ങൾ ഉറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൻ. ഷംസുദ്ദീൻ, എം. ഉമ്മർ, പാറക്കൽ അബ്ദുല്ല, ടി. എ. അഹമ്മദ് കബീർ, റോജി എം. ജോൺ, കെ. സി. ജോസഫ്, വി. ഡി. സതീശൻ, സി. മമ്മൂട്ടി, കെ. എം. ഷാജി, അബ്ദുൽ ഹമീദ്. പി., എൻ. എ. നെല്ലിക്കുന്ന്, മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ആന്റണി ജോൺ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. വി. ജോയി

24. ശ്രീ. ജോൺ ഫെർണാണ്ടസ്

25. ശ്രീ. ഒ. ആർ. കേളു

26. ശ്രീ. സി. കൃഷ്ണൻ

27. ശ്രീ. കെ. കൃഷ്ണൻകുട്ടി

28. ശ്രീ. കോവൂർ കുഞ്ഞുമോൻ

29. ശ്രീ. വി. കെ. സി. മമ്മത് കോയ

30. ശ്രീ. മാത്യു ടി. തോമസ്

31. ശ്രീ. കെ. ജെ. മാക്സി

32. ശ്രീ. എ. സി. മൊയ്തീൻ

33. ശ്രീ. മുഹമ്മദ് മുഹസിൻ പി.

34. ശ്രീ. ഡി. കെ. മുരളി

35. ശ്രീ. മുരളി പെരുനെല്ലി

36. ശ്രീ. സി. കെ. നാണു

37. ശ്രീ. എം. നൗഷാദ്

38. ശ്രീ. യു. ആർ. പ്രദീപ്

39. ശ്രീ. എ. പ്രദീപ്കുമാർ

40. ശ്രീമതി യു. പ്രതിഭ ഹരി

41. ശ്രീ. പുരുഷൻ കടലുണ്ടി

42. ശ്രീ. പി. ടി. എ. റഹീം

43. ശ്രീ. എം. രാജഗോപാലൻ

44. ശ്രീ. കെ. രാജൻ

45. ശ്രീ. എസ്. രാജേന്ദ്രൻ

46. ശ്രീ. ആർ. രാജേഷ്

47. ശ്രീ. റ്റി. വി. രാജേഷ്

48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. ബി. സത്യൻ
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. ആർ. സുനിൽ കുമാർ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ

72. ശ്രീ. തോമസ് ചാണ്ടി
73. ഡോ. ടി. എം. തോമസ് ഐസക്
74. ശ്രീ. പി. ഉണ്ണി
75. ശ്രീമതി വീണാ ജോർജ്ജ്
76. ശ്രീ. കെ. വി. വിജയദാസ്
77. ശ്രീ. ഇ. കെ. വിജയൻ
78. ശ്രീ. പിണറായി വിജയൻ
79. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. അടൂർ പ്രകാശ്
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. അനിൽ അക്കര
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. ഹൈബി ഈഡൻ
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. മോൻസ് ജോസഫ്
16. ഡോ. എം. കെ. മുനീർ

17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. രമേശ് ചെന്നിത്തല
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. കെ. എസ്. ശബരീനാഥൻ
23. ശ്രീ. എൻ. ഷംസുദ്ദീൻ
24. ശ്രീ. വി. ഡി. സതീശൻ
25. ശ്രീ. ഷാഫി പറമ്പിൽ
26. ശ്രീ. കെ. എം. ഷാജി
27. ശ്രീ. വി. എസ്. ശിവകുമാർ
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. പി. ഉബൈദുള്ള
30. ശ്രീ. എം. ഉമ്മർ
31. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 79 |
| പ്രതികൂലിക്കുന്നവർ | - | 31 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | 1 |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.14-ന് പിരിഞ്ഞു.)